
UNIVERSITY OF TRAVANCORE

MALAYAḶAM SERIES No. 68.



TANTRASAMUCCAYA

with Malayāḷam commentary

(Part III—Paṭalas 9 to 12.)

AUTHOR :

Cēnnās Manakkal Nārāyaṇan Nampūtirippād.

COMMENTATOR :

Kuzhikkāṭṭu Mahēśvaran Bhaṭṭatirippad.

EDITED BY

Mīmāṁsakaratna, Mīmāṁsāviśārada, Vedaśiromaṇi

V. A. RĀMASWĀMI ŚASTRI, M. A.,

Professor of Sanskrit, University College,

and

Honorary Director, University Manuscripts Library,
Trivandrum.

TRIVANDRUM :

PRINTED BY THE SUPERINTENDENT, GOVERNMENT PRESS,

1945.

 [Price Rs. 4.

UNIVERSITY OF TRAVANCORE

MALAYĀḶAM SERIES No. 68.



TANTRASAMUCCAYA

with Malayāḷam commentary

(Part III—Paṭalas 9 to 12.)

AUTHOR :

Cēnnās Manakkal Nārāyaṇan Nampūtirippād.

COMMENTATOR :

Kuzhikkāṭṭu Mahēśvaran Bhaṭṭatirippad.

EDITED BY

Mīmāṁsakaratna, Mīmāṁsāviśārada, Vedaśiromaṇi

V. A. RĀMASWĀMI ŚASTRI, M. A.,

Professor of Sanskrit, University College,

and

Honorary Director, University Manuscripts Library,

Trivandrum.

TRIVANDRUM :

PRINTED BY THE SUPERINTENDENT, GOVERNMENT PRESS,

1945.

 [Price Rs. 4.

വിഷയസൂചിക

PREFACE.

The present volume completes *Tantrasamuccaya* of Cennās Nārāyaṇan Nampūtiri, with the Malayalam commentary of Kuḻikkāṭṭu Maheśvara Bhaṭṭatiri, the first two parts having been already published as Nos. 64 and 66 of the Trivandrum Malayalam Series. It is well-known that *Tantrasamuccaya* and its supplement the *Śeṣasamuccaya* are the two most authoritative, and hence the most popular, treatises on Tantra generally followed for the rituals in the numerous temples in Kerala. Therefore, the importance of an authoritative commentary on them in Malayalam, the language of this part of India, is quite obvious, though a Sanskrit commentary on it, *Vimarśinī*, by Śaṅkara, the son and disciple of the author, has already been published[1], and another commentary, *Vivaraṇa*, also in Sanskrit, by another disciple of the author is now being published[2]

The chronogram नन्दनयनेष्वम्भोधिसङ्ख्येषु in the śloka कल्यब्देषु etc., (paṭala XII, śloka 215), working out to Kali year 4529 (1428 A. D.) is the chief evidence for the date of the author of *Tantrasamuccaya*. But there has been some controversy in its interpretation, some scholars[3] connecting the words कल्यब्देषु, etc. with व्यधात् in the last *pāda*, thus taking this date as that of the composition of the work,

1. Trivandrum Sanskrit Series, Nos. 67 and 71.

2. The first four paṭalas have been published as No. 151 of the Trivandrum Sanskrit Series, and the rest are in preparation.

3. K. V. M. : *Cennās Nārāyaṇan Nampūtiri*, Kairali, Bk. XXIII, p. 67 ; C. Kunhan Raja : *Candrotsavam*, Mangalodayam, Bk. XIX, p. 347 ; K. Kunchunni Raja : *Mānavikramante kalam*, Mangalodayam, Bk. XIX, p. 592 ; R. Narayana Panikkar : *Bhāṣāsāhityacaritram*, Pt. I, p. 306.

and others[1] connecting कल्यब्देषु, etc., more naturally with यः सम्भूतः, and thus taking this date as that of the birth of the author. The present commentary, however, settles this controversy in favour of the latter interpretation[2]

The commentator, Maheśvara Bhaṭṭatiri was a Kerala Brahmin belonging to the Kuḻikkāṭṭu Illam in the present Tiruvalla taluq in Travancore, and lived between 970 and 1040 M. E. (1795—1865 A. D.). Besides this commentary he is also known as the author of: (1) a commentary on *Śeṣasamuccaya* of Śaṅkara; (2) an independent treatise on Tantra by name *Kuḻikkāṭṭu-pacca*; (3) an elucidative account of the *Tantrasamuccaya* in Malayalam by name *Tantrasamuccayārtha-tātparyam*[3]; and (4) *Jīrṇoddhāraṇa*, probably a work on the renewal of mutilated idols and temples[4]. He has also written a few works on Jyotiṣa[5]. The present commentary is elaborate and vivid and is based on both the earlier commentaries *Vimarśinī* and *Vivaraṇa* and the genuine tradition of the Tantrins of Kerala.

1. Ulloor S. Parameswara Aiyar: *Bhāṣācampukkaḷ*, p. 65; P. S. Anantanarayana Sastri: *Kokilasandeśa*, Intr. p. 4; K. V. Krishna Aiyar: *Zamorins of Calicut*, p. 301; K. Rama Pisharoti: *Vikrama the Great*, Bulletin of the Rama Varma Research Institute, Trichur, Vol. IX, p. 20; S. K. Ramanatha Sastri: *Spoṭasiddhi*, Intr. p. 17.

2. *vide* commentary under XII. 215.

3. There is a transcript of this work in this Library, No. 1078. The introductory and concluding verses are more or less the same as in the commentary now published, but the actual subject-matter is different in the sense that this one is more an account based on the text of *Tantrasamuccaya* than its commentary.

4. Fragment of a work on this subject is seen at the end of the transcript (No. 1078) mentioned above. Probably this is the same as Maheśvara Bhaṭṭatiri's work.

5. *vide* Trivandrum Malayalam Series No. 64, preface, p. 2-3.

This volume was mainly edited by Pandit E. V. Raman Namputiri of this Library. He has also written an Introduction, which, besides dealing with the author, sources, commentators, etc., of the work, also deals with the origin and development and the principles of the Tantra school in general, and of the Tantra of Kerala in particular. This is a pioneer attempt at giving a connected account of the Tantra school in Malayalam, and it is hoped that its results will be found useful by scholars interested in this branch of literature. Mr. Raman Namputiri was assisted by Pandits S. Sankararama Sastri and N. Raghavan Nair in the matter of reading the proofs and preparing the Index. To all these Pandits my thanks are due.

The present edition is based on a palm-leaf manuscript of the work supplied to the Library by Brahmasri M. P. Narayana Bhattatiri, Kulikkattillam, Tiruvalla, Travancore, (No. 492).

In fine, it is my very pleasant duty to record my deep sense of indebtedness to His Gracious Highness the Maharaja and the members of the Royal family of Travancore, and to Sachivottama Dr. Sir C. P. Ramaswami Aiyar, K. C. S. I., K. C. I. E., LL.D., the Dewan, for the high encouragement they are giving to the publication of ancient works. I am also thankful to Mr. H. C. Papworth, M. A., O. B. E., the Pro-Vice-Chancellor and Mahakavi, Rao Sahib, Ulloor S. Parameswara Aiyar, M. A., B. L., the Dean of the Faculty of Oriental Studies, University of Travancore, for their interest and guidance in our publications.

University Manuscripts Library, Trivandrum,
20th Dec., 1945.

V. A. RAMASWAMI SASTRI,
Honorary Director.

അവതാരിക.

നാലാമത്തേയും എട്ടാമത്തേയും പടലങ്ങളിൽ അവസാനിക്കുന്ന ഒന്നും രണ്ടും ഭാഗങ്ങളുടെ തുടർച്ചയായി പ്രസിദ്ധീകരിക്കുന്നതാണ്, ഭാഷാവ്യാഖ്യാനത്തോടുകൂടിയ തന്ത്രസമുച്ചയത്തിന്റെ ഈ മൂന്നാം ഭാഗം. പന്ത്രണ്ടാംപടലംകൊണ്ടവസാനിക്കുന്ന ഈ ഭാഗത്തോടുകൂടി, ഭാഷാവ്യാഖ്യാനസഹിതമായ തന്ത്രസമുച്ചയഗ്രന്ഥത്തിന്റെ പ്രകാശനവും സമഗ്രമായിത്തീരുന്നു. ഈയവസരത്തിൽ തന്ത്രത്തെ സംബന്ധിച്ച് പൊതുവേയും, കേരളത്തിൽ അതിനുള്ള സ്ഥാനത്തെയും, കേരളീയർ അതിൽ കൈകാര്യം ചെയ്തിട്ടുള്ള കഥകളെയും മൂലവ്യാഖ്യാനകാരന്മാരുടെ സ്ഥിതികളെയും മറ്റും പറ്റി ഒരു വിചാരണ ചെയ്യുന്നത് പലർക്കും ഉപകാരപ്രദവും, അത്യന്താപേക്ഷിതവും ആണെന്നു കരുതുന്നു. ജിജ്ഞാസുക്കൾക്ക് അതിൽനിന്ന് പല നൂതനാശയങ്ങളും സിദ്ധിക്കുവാൻ സംഗതിയുണ്ടല്ലോ.

I

വിദ്യാസ്ഥാനങ്ങളിൽ തന്ത്രത്തിന്റെ സ്ഥാനം.

"അംഗാനി, വേദാശ്ചത്വാരോ, മീമാംസാ, ന്യായവിസ്തരഃ,
ധർമ്മശാസ്ത്രം, പുരാണം ച വിദ്യാ ഹ്യേതാശ്ചതുർദ്ദശ;
ആയുർവ്വേദോ ധനുർവ്വേദോ ഗാന്ധർവ്വശ്ചേത്യനുക്രമാൽ
അർത്ഥശാസ്ത്രം പരം തസ്മാദ് വിദ്യാസ്ത്വഷ്ടാദശ സ്മൃതാഃ".

എന്ന പ്രമാണപ്രകാരമുള്ള വിദ്യാസ്ഥാനപരിഗണനയിൽ താന്ത്രികം, സ്പഷ്ടമായി പറയപ്പെട്ടു കാണുന്നില്ല. ഈ സ്ഥിതിയ്ക്ക്, പ്രാചീനഭാരതീയരുടെ വിദ്യാസ്ഥാനങ്ങളിൽ താന്ത്രികപ്രസ്ഥാനം അന്തർഭവിക്കുന്നില്ലെന്നാണ് വന്നുകൂടുന്നത്. ശരി; ഇല്ലെങ്കിൽ വേണ്ട; തന്ത്രമാർഗ്ഗം ഒരു പ്രാചീനപ്രമാണമല്ലെന്നും നവീനമാണെന്നും തന്നെ തീരുമാനിച്ചു വിട്ടേയ്ക്കുകയോ! വിലയിലുള്ള പല സിദ്ധാന്തങ്ങളുടേയും, പദ്ധതികളുടേയും വികലീകരണമായിരിയ്ക്കും ആ ഉദാസീനതയുടെ ഫലം.

ഈയൊരു വൈഷമ്യം ഭാരതീയരായ ശാസ്ത്രകാരന്മാരുടെ ചിന്തയ്ക്കും വിഷയീഭവിച്ചിട്ടുണ്ട്. സുപ്രസിദ്ധ ശാസ്ത്രജ്ഞവര്യനായ ശ്രീമധുസൂദനസരസ്വതി, അദ്ദേഹത്തിന്റെ 'പ്രസ്ഥാനഭേദം' എന്ന പ്രബന്ധത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:— "അത്ര ഉപപുരാണാനാമപി പുരാണേഷ്വന്തർഭാവഃ; വൈശേഷികശാസ്ത്രസ്യ ന്യായേ; വേദാന്തശാസ്ത്രസ്യ മീമാംസായാം, മഹാഭാരതരാമായണയോഃ സാംഖ്യപാതഞ്ജലപാശുപതവൈഷ്ണവാദീനാം ച ധർമ്മശാസ്ത്രേ;

ണ്ണവം മിളിത്വാ ചതുർദ്ദശ വിദ്യാഃ". ഇതിലെ "പാശുപതവൈഷ്ണവാദീനാം ച" എന്ന അംശംകൊണ്ടു്, തന്ത്രപ്രസ്ഥാനത്തെയും ആഗമങ്ങളെയും സംഹിതകളെയും മററും ഗ്രഹിക്കേണ്ടിയിരിക്കുന്നു. "തന്ത്രാണാം ധർമ്മശാസ്ത്രേഷ്വന്തർഭാവഃ—" എന്നു്, വരിവസ്യാരഹസ്യ'വ്യാഖ്യാനത്തിൽ, ശ്രീ ഭാസ്കരരായമഖി ഈ വസ്തുതയെ സ്പഷ്ടീകരിച്ചിട്ടുമുണ്ടു്.

II

തന്ത്രാഗമാദിവിവരണം

തന്ത്രങ്ങളും ആഗമങ്ങളും സംഹിതകളും എത്രയെത്ര ആണെന്നു് എണ്ണിത്തിട്ടപ്പെടുത്തുക എളുപ്പമല്ല. ഓരോ ശാഖയിലും അനു അധികം ഗ്രന്ഥങ്ങൾ ആവിർഭവിച്ചിട്ടുണ്ടു്. എല്ലാ ഇനത്തിലും വളരെ ഗ്രന്ഥങ്ങൾ ഇന്നു് ലുപ്തപ്രചാരങ്ങളുമാണു്. എന്നാൽ, ഇന്നു് പ്രചാരത്തിലിരിക്കുന്ന ഗ്രന്ഥങ്ങളുടെ സംഖ്യയും അത്ര ചെറുതൊന്നുമല്ല. ഭാരതവർഷത്തിന്റെ നാനാഭാഗങ്ങളിലായി, ആറായിരത്തൊണ്ണൂററിരണ്ടു (൬൦൯൨) തന്ത്രഗ്രന്ഥങ്ങൾ ഇന്നു് പ്രചാരത്തിലിരിക്കുന്നതായി അറിയപ്പെടുന്നു. തന്ത്രങ്ങൾ ശാക്തഗ്രന്ഥങ്ങളും, ആഗമങ്ങൾ ശൈവപ്രമാണങ്ങളും, സംഹിതകൾ വൈഷ്ണവപ്രഭാവിതങ്ങളും ആണെന്നു് പൊതുവെ ഒരു ഭേദം ഗ്രഹിക്കേണ്ടതുണ്ടു്.

തന്ത്രത്തിനു് താഴേ ചേർക്കുംപ്രകാരം ഒരു നിർവ്വചനം കാണപ്പെടുന്നു:—

"സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച മന്ത്രലക്ഷണമേവ ച
ദേവതാനാം ച സംസ്ഥാനം തീർത്ഥാനാം ചൈവ വർണ്ണനം;
തഥൈവാശ്രമധർമ്മശ്ച മന്ത്രസംസ്ഥാനമേവ ച
സംസ്ഥാനം ചൈവ ഭൂതാനാം യന്ത്രാണാം ചൈവ നിർണ്ണയഃ
ഉൽപത്തിർവിബുധാനാം ച തരൂണാം, കല്പസംജ്ഞിതം,
സംസ്ഥാനം ജ്യോതിഷാം ചൈവ പുരാണാഖ്യാനമേവ ച;
കോശസ്യ കഥനം ചൈവ വ്രതാനാം പരിഭാഷണം,
ശൗചാശൗചസ്യ ചാഖ്യാനം നരകാണാം ച വർണ്ണനം;
ഹരചക്രസ്യ ചാഖ്യാനം സ്ത്രീപുംസോശ്ചൈവ ലക്ഷണം,
രാജധർമ്മോ ദാനധർമ്മോ യുഗധർമ്മസ്തഥൈവ ച;
വ്യവഹാരഃ കഥ്യതേ ച തഥാ ചാധ്യാത്മവർണ്ണനം,
ഇത്യാദിലക്ഷണൈര്യുക്തം തന്ത്രമിത്യഭിധീയതേ".

(ശബ്ദാർത്ഥചിന്താമണി)

'ത്രിപദാത്മം ചതുഷ്പാദം മഹാതന്ത്രം' — എന്നു്, 'തന്ത്രലക്ഷണ'ത്തിൽ മഹാതന്ത്രമെന്നു് നാമകരണം ചെയ്തു, 'തത്ത്വപ്രകാശിക' വ്യാഖ്യാനത്തിൽ അഘോരശിവാചാര്യൻ ഉദ്ധരിക്കുന്നു. 'തന്ത്ര'ശബ്ദത്തിനു് മേദിനീകാരൻ പറയുന്ന അർത്ഥമാകട്ടെ;—

'തന്ത്രം കുടുംബകൃത്യേ സ്യാൽ, സിദ്ധാന്തേ, ചൌഷധോത്തമേ,
പ്രധാനേ, തന്തുവാനേ ച, ശാസ്ത്രഭേദേ, പരിച്ഛദേ,
ശ്രുതിശാഖാന്തരേ, ഹേതാവുഭയാർത്ഥപ്രയോജകേ.'

(മേദിനി)

എന്നു് പ്രമാണം. പ്രകൃതഗ്രന്ഥശാഖയെ ഇതിൽ അന്തർഭവിപ്പിച്ചിട്ടുണ്ടെന്നോ ഇല്ലെന്നോ സുനിശ്ചിതമായി നിർണ്ണയിക്കാവുന്നതല്ല. തന്ത്രഗ്രന്ഥങ്ങളെ ദേശഭേദമനുസരിച്ചു് പൊതുവെ മൂന്നായിട്ടു വിഭജിച്ചിരിക്കുന്നു. അതായതു്:—

൧. വിഷ്ണുക്രാന്തം.

൨. രഥക്രാന്തം.

൩. അശ്വക്രാന്തം — എന്നിങ്ങനെയാണു്.

നീലപതാകാതന്ത്രം, മൃത്യുഞ്ജയതന്ത്രം, തന്ത്രയോഗാർണ്ണവം, മായാതന്ത്രം, ഷഡാമ്നായതന്ത്രം, കാളികാതന്ത്രം, കാമേശ്വരീതന്ത്രം, തന്ത്രരാജം, പരമേശ്വരീതന്ത്രം, കുബ്ജികാതന്ത്രം, കാത്യായനീതന്ത്രം, പ്രത്യംഗിരാതന്ത്രം, മഹാലക്ഷ്മീതന്ത്രം, ത്രിപുരാതന്ത്രം, സരസ്വതീതന്ത്രം, യോഗിനീതന്ത്രം, വാരാഹീതന്ത്രം, ഇന്ദ്രാണീതന്ത്രം, നാരായണീതന്ത്രം, കുലാർണ്ണവതന്ത്രം, മഹാനിർവ്വാണതന്ത്രം, കുലചൂഡാമണിതന്ത്രം, ശക്തിസംഗമതന്ത്രം, മേരുതന്ത്രം, വാമകേശ്വരതന്ത്രം, ജ്ഞാനാർണ്ണവതന്ത്രം, പ്രപഞ്ചസാരതന്ത്രം, പാരമേശ്വരമതതന്ത്രം, ശാരദാതിലകതന്ത്രം, പ്രാണതോഷിണീതന്ത്രം, ഗൗതമീയതന്ത്രം, സാത്വതതന്ത്രം— ഇത്യാദിയാണു് ചില തന്ത്രഗ്രന്ഥങ്ങളുടെ നാമങ്ങൾ. വാമകേശ്വരതന്ത്രത്തിൽ അറുപത്തിനാലു (൬൪) തന്ത്രങ്ങളുടെ പേരുകൾ പ്രത്യേകം പറയപ്പെട്ടിരിക്കുന്നു.

"സർവ്വാർത്ഥാ യേന തന്യന്തേ ത്രായന്തേ ച ഭയാജ്ജനാഃ,
ഇതി തന്ത്രസ്യ തന്ത്രത്വം തന്ത്രജ്ഞാഃ പരിചക്ഷതേ".

എന്നു് നൈരുക്തരീതിയിൽ ഒരു തന്ത്രലക്ഷണം 'വിഷ്ണുസംഹിത'യിൽ കാണപ്പെടുന്നതും ഇവിടെ സ്മരണീയമാണു്

യാമളങ്ങൾ എന്നും, ഡാമരങ്ങൾ എന്നും ഉള്ള നാമങ്ങളിൽ തന്ത്രശാഖയോടിണങ്ങിയ ഓരോ ശാഖകൾ കൂടി ഇവിടെ ഗണനീയമായിട്ടുണ്ട്.

“സൃഷ്ടിശ്ച ജ്യോതിഷാഖ്യാനം നിത്യകൃത്യപ്രദീപനം
ക്രമസൂത്രം വർണ്ണഭേദോ ജാതിഭേദസ്തഥൈവ ച
യുഗധർമ്മശ്ച സംഖ്യാതോ യാമളസ്യാഷ്ടലക്ഷണം.” എന്ന് യാമളലക്ഷണവും പറയപ്പെട്ടു കാണുന്നു. പ്രധാനപ്പെട്ട യാമളങ്ങളാവിത്:— ആദിയാമളം, ബ്രഹ്മയാമളം, വിഷ്ണുയാമളം, രുദ്രയാമളം, ഗണേശയാമളം, ആദിത്യയാമളം. വാരാഹീതന്ത്രത്തിൽ ഇവയെപ്പററി പ്രസ്താവിച്ചിരിക്കുന്നതും കാണാം. വാമകേശ്വരതന്ത്രത്തിൽ,— ബ്രഹ്മയാമളം, വിഷ്ണുയാമളം, രുദ്രയാമളം, ലക്ഷ്മീയാമളം, ഉമായാമളം, സ്കന്ദയാമളം, ഗണേശയാമളം, ഗ്രഹയാമളം എന്ന് എട്ടുയാമളങ്ങളെ പരിഗണിച്ചു കാണുന്നുണ്ട്.

യോഗഡാമരം, ശിവഡാമരം, ദുർഗ്ഗാഡാമരം, സരസ്വതീഡാമരം, ബ്രഹ്മഡാമരം, ഗാന്ധർവ്വഡാമരം എന്ന് ആറാണ് ഡാമരങ്ങൾ.

ഇനി ആഗമങ്ങളെപ്പററി ചിന്തിക്കാം. ഇവ ശൈവപ്രധാനഗ്രന്ഥങ്ങളാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഈ ഇനത്തിൽ ഇരുപത്തെട്ടെണ്ണമാണ് പ്രസിദ്ധമായിട്ടുള്ളത്. അതാവിത്:— കാമികാഗമം, യോഗജാഗമം, ചിന്ത്യാഗമം, കാരണാഗമം, അജിതാഗമം, ദീപ്താഗമം, സൂക്ഷ്മാഗമം, സഹസ്രാഗമം, അംശുമദ്ഭേദാഗമം, സുപ്രഭേദാഗമം, വിജയാഗമം, നിശ്വാസാഗമം, സ്വായംഭുവാഗമം, അനിലാഗമം, വീരാഗമം, രൌരവാഗമം, മുകുടാഗമം, വിമലാഗമം, ചന്ദ്രജ്ഞാനാഗമം, ബിംബാഗമം, പ്രോദ്ഗീതാഗമം, ലളിതാഗമം, സിദ്ധാഗമം, സന്താനാഗമം, സർവ്വോക്താഗമം, പാരമേശ്വരാഗമം, കിരണാഗമം, വാതുലാഗമം*— ഇങ്ങനെ ഇരുപത്തെട്ട്.

---

* ‘ആ’ഗതം പഞ്ചവക്ത്രാത്തു ‘ഗ’തം ച ഗിരിജാനനേ,
‘മ’തം ച വാസുദേവസ്യ തസ്മാദാഗമമുച്യതേ.
സൃഷ്ടിശ്ച പ്രളയശ്ചൈവ ദേവതാനാം തഥാർച്ചനം,
സാധനം ചൈവ സർവ്വേഷാം പുരശ്ചരണമേവ ച.
ഷട്കർമ്മസാധനം ചൈവ ധ്യാനയോഗശ്ചതുർവ്വിധഃ—
സപ്തഭിർല്ലക്ഷണൈർയ്യുക്തം ത്വാഗമം തദ്വിദുർബ്ബുധാഃ.”
(പരസംഹിതാ പ്രസ്താവന)

"ദ്വിഷട്സഹസ്രപര്യന്തം സംഹിതാഖ്യം സമാഗമം,
യേ ചാന്യേ ചാന്തരാളാ വൈ... ...ശാസ്ത്രാർത്ഥനാധി-
[കാഃ ശതൈഃ
സർവ്വേഷാം സംഹിതാസംജ്ഞാം ബോദ്ധവ്യം കമലോ-
[ദ്ഭവേ!"

(പാദ്മസംഹിതാ.)

എന്നിങ്ങനെ സംഹിതകൾക്ക് ഒരു നിർവ്വചനം കാണപ്പെടുന്നു. ഇതിൻപ്രകാരം, പതിനാറായിരം ഗ്രന്ഥംവരെയുള്ള വൈഷ്ണവാഗമങ്ങൾക്കൊക്കെ സംഹിതാനാമമെന്ന് ഗ്രഹിക്കാം. ഇത്തരത്തിലുള്ള സംഹിതകൾ ആകെ എത്രയുണ്ടെന്ന് ഇതുവരെ ക്ലിപ്തപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. അവയിൽ പ്രകാശിതങ്ങളായിട്ടുള്ളവയുടെ പേരുകളാവിത്:—

അഹിർബുധ്ന്യസംഹിതാ, ഈശ്വരസംഹിതാ, കപിഞ്ജലസംഹിതാ, ജയാഖ്യസംഹിതാ, പരാശരസംഹിതാ, പാദ്മതന്ത്രം (സംഹിതാ), ബൃഹദ് ബ്രഹ്മസംഹിതാ, ഭാരദ്വാജസംഹിതാ, സാത്വതസംഹിതാ, ശ്രീപ്രശ്നസംഹിതാ, വിഷ്ണുസംഹിതാ, വിഷ്ണുതിലകസംഹിതാ, ലക്ഷ്മീതന്ത്രസംഹിതാ, മരീചിസംഹിതാ, അത്രിസംഹിതാ, പരമസംഹിതാ, പൗഷ്കരസംഹിതാ.

"പാഞ്ചരാത്രത്തിന്റെ ഉപോദ്ഘാതം" (Introduction to the Pāñcarātra) എന്ന പുസ്തകത്തിൽ, ഡാക്ടർ ഷ്രേഡർ (Dr. Schrader) എന്ന പാശ്ചാത്യപണ്ഡിതൻ ഇരുനൂറ്റിപ്പതിനഞ്ചു (215) സംഹിതകളുടെ നാമങ്ങളെ നിർദ്ദേശിച്ചുകൊണ്ട്, ഒരു 'സംഹിതാസൂചിക' ചേർത്തിട്ടുണ്ട്. ഏകദേശം മുപ്പതുകൊല്ലം മുൻപു തയ്യാറാക്കിയ ആ പട്ടികതന്നെ അപൂർണ്ണമാണെന്ന് അദ്ദേഹംതന്നെ സമ്മതിച്ചിരിക്കുന്നു. അതിനുശേഷം, ഗവേഷണരംഗങ്ങളിൽ നിന്ന് പലതും പുതുതായിക്കണ്ടെടുത്തിരിക്കുവാനും ഇടയുണ്ട്. ഈ നിലയ്ക്ക് സംഹിതാസാഹിത്യശാഖയുടെ പരപ്പും പ്രാധാന്യവും അനുമാനിയ്ക്കാനും കഴിയുമല്ലോ. അപ്രകാശിതങ്ങളായ ചില പ്രധാനസംഹിതകളുടെ പേരുകൾകൂടി ഇവിടെ കുറിച്ചുകൊള്ളാം:—

അഗസ്ത്യസംഹിതാ, അനിരുദ്ധസംഹിതാ, ഉപേന്ദ്രസംഹിതാ, കാശ്യപസംഹിതാ, കാശ്യപോത്തരസംഹിതാ, നാരദസംഹിതാ, പാരമേശ്വരസംഹിതാ, പ്രകാശസംഹിതാ, പ്രദ്യുമ്നസംഹിതാ, ബ്രഹ്മസംഹിതാ (ഋഷിരാത്രം), മഹാസനൽകുമാരസംഹിതാ, മാർക്കണ്ഡേയസംഹിതാ, ലക്ഷ്മീനാരായണസംഹിതാ, വസിഷ്ഠസംഹിതാ, വാസുദേവസംഹിതാ, വിശ്വാമിത്രസംഹിതാ, വിഷ്ണുതത്ത്വസംഹിതാ, വിഷ്ണുതന്ത്രം (ബ്രഹ്മവിഷ്ണുസംവാദം), വിഷ്ണുസംഹിതാ (സുമന്തുശൗനകസംവാദം), വിഷ്ണുരഹസ്യം, വിഷ്വക്സേനസംഹിതാ, വൈഖാനസതന്ത്രം, ശേഷസംഹിതാ, സനൽകുമാരസംഹിതാ, സുദർശനസംഹിതാ, ഹയശീർഷസംഹിതാ, ഹിരണ്യഗർഭസംഹിതാ ... ഇത്യാദി.

അടയാർ ഹസ്തലിഖിതഗ്രന്ഥശാലാ, തഞ്ചാവൂർ രാജകീയ ഹസ്തലിഖിതഗ്രന്ഥശാലാ, മദിരാശി പൗരസ്ത്യഹസ്തലിഖിതഗ്രന്ഥശാലാ, മൈസൂർസർക്കാർ വക ഹസ്തലിഖിതഗ്രന്ഥശാലാ, ബറോഡാ പൗരസ്ത്യഗ്രന്ഥശാലാ, കൽക്കത്താ സംസ്കൃതകോളേജുവക ഹസ്തലിഖിതഗ്രന്ഥസമുച്ചയം, ഇൻഡ്യാ ആഫീസ് വക ഹസ്തലിഖിതഗ്രന്ഥശേഖരം ഇത്യാദിസ്ഥാനങ്ങളിൽ പ്രസ്തുതഗ്രന്ഥങ്ങൾ സംരക്ഷിയ്ക്കപ്പെട്ടുവരുന്നു.

പരമശിവൻ ശ്രീപാർവ്വതീദേവിയോടു പറയുന്ന രീതിയിലുള്ള തന്ത്രങ്ങളെ 'ആഗമങ്ങൾ' എന്നും ശ്രീപാർവ്വതീദേവി പരമശിവനോടു പറയുംവിധമായി നിബന്ധിച്ചിട്ടുള്ള തന്ത്രങ്ങളെ 'നിഗമങ്ങൾ' * എന്നും ഗണിച്ചുവരുന്നു. ഇത്തരം ആഗമങ്ങൾക്കും നിഗമങ്ങൾക്കും, ഒട്ടേറെ ഉപാഗമങ്ങളും ഉപനിഗമങ്ങളും ഉണ്ടെന്നുള്ളതു ഓർമ്മിച്ചിരിക്കേണ്ടതത്രേ.

ഇനിയും തന്ത്രങ്ങൾക്കു പൊതുവേ ചില ഭേദങ്ങൾ ഇല്ലാതില്ല. സംഹിതാ — ആഗമം — രഹസ്യം ; സാത്ത്വികം — രാജസം — താമസം ; വൈദികം — അവൈദികം — ഇത്യാദിയാണ് ആ ഭേദങ്ങൾ. അവയിൽ പ്രധാനമായ സാത്ത്വികാദിഭേദത്തിന്റെ സ്വഭാവം "ഈശ്വരസംഹിത"യിൽ ഇപ്രകാരം നിർദ്ദേശിച്ചുകാണാം: —

* ഉദാഹരണം — [illegible]

ഋഷിഭിഃ പുണ്ഡരീകാക്ഷേണ - ഹൃത്സ്ഥജ്ഞാനം സമാസ്ഥിതം,
തദ്ബോധകം പ്രണീതം യച്ഛാസ്ത്രം തത് സാത്വികം സ്മൃ- [തം.

തസ്മാൽ ജ്ഞാനാർത്ഥജ്ഞാതേ തു കിഞ്ചിത്തദവലംബ്യ ച,
സമ്പൂർണ്ണമന്വേഷിതമസ്യൈവ ഹൃത്സ്ഥജ്ഞാനസ്യ ബോധകം;
ബ്രഹ്മാദിഭിഃ പ്രണീതം യത് തഥാ തദൃഷിഭിർദ്വിജാഃ!
ബ്രഹ്മാദിഭിഃ പരിത്യജ്യ തൽസംക്ഷേപാത്മനാ പുനഃ
സാത്വികല്പാൽ പ്രണീതം യത് തത് സർവ്വം രാജസം സ്മൃതം;
കേവലം സാത്വികല്പാദ്യൈഃ കൃതം യത് താമസം സ്മൃതം'

(സൂതസംഹിത [illegible])

വൈദികതന്ത്രങ്ങളെന്നാൽ, വൈദികാനുഷ്ഠേയപദാർത്ഥസംബന്ധങ്ങളായ തന്ത്രങ്ങളത്രേ. "സർവ്വജ്ഞാനോത്തരതന്ത്രം" മുതലായവയാണ്, ആ വകയിൽ പ്രമുഖങ്ങൾ.

തന്ത്രശാസ്ത്രപ്രസിദ്ധങ്ങൾ മാത്രമായ പദാർത്ഥങ്ങളോടു സംബന്ധങ്ങളാണ് അവൈദികതന്ത്രങ്ങൾ. 'മഹാമായാതന്ത്രം', 'ശംബരതന്ത്രം' മുതലായവ ആ ഇനത്തിൽ ഉൾപ്പെടുന്നു.

വൈദികതന്ത്രങ്ങൾക്ക് ദക്ഷിണമാർഗ്ഗതന്ത്രങ്ങൾ എന്നും, അവൈദികതന്ത്രങ്ങൾക്ക് വാമമാർഗ്ഗതന്ത്രങ്ങൾ എന്നും കൂടി പ്രസിദ്ധിയുമുണ്ട്.

ആഗമങ്ങളേയും സംഹിതകളേയും പററി സ്വല്പം പ്രസ്താവിച്ചു കഴിഞ്ഞുവല്ലോ. ഓരോ ദേവന്മാരെ അധികരിച്ചുള്ള ഗ്രന്ഥങ്ങൾ ആണ് 'രഹസ്യങ്ങൾ'. ശിവരഹസ്യം, ബ്രഹ്മരഹസ്യം, വിഷ്ണുരഹസ്യം മുതലായവയത്രേ അത്തരത്തിലുള്ള തന്ത്രങ്ങൾ.

'ആഗമങ്ങൾക്ക് ഉപാഗമങ്ങൾ എന്നൊരുപശാഖ, പുരാണങ്ങൾക്ക് ഉപപുരാണങ്ങൾ എന്നപോലെ, ഏകദേശം ഇതുപ്രശാഖതയോടെ സാമ്യം തഴപ്പമായി വിലസുന്നു. വൈഷ്ണവതന്ത്രങ്ങൾ 'വൈഖാനസ'മെന്നും 'പാഞ്ചരാത്ര'മെന്നും രണ്ടായി പിരിഞ്ഞു, രണ്ടിനത്തിലും വളരെ വർദ്ധിച്ചി

ഭേദത്തിലുള്ള ഗ്രന്ഥസമ്പത്തോടുകൂടിയും ശോഭിക്കുന്നു. ശൈവശാഖയ്ക്കു് പാശുപതം, ശൈവസിദ്ധാന്തം, ലാകുലം, സിദ്ധാന്തം, പ്രത്യഭിജ്ഞാപ്രസ്ഥാനം ഇങ്ങനെ പ്രധാനേന മൂന്നു പിരിവുകളും, ഓരോന്നിലും അനവധി മഹാഗ്രന്ഥങ്ങളും ഉണ്ടെന്നുള്ളതും സ്മരണീയമാണു്.

ശാക്തങ്ങളായ ആഗമങ്ങൾ—ശുദ്ധാഗമങ്ങൾ അഞ്ചു് (൫), കൌളാഗമങ്ങൾ അറുപത്തിനാലു് (൬൪); മിശ്രാഗമങ്ങൾ എട്ടു് (൮)—ഇങ്ങനെ, മൂന്നു വകയും കൂടി, എഴുപത്തേഴു് (൭൭) ആയി പരിഗണിക്കപ്പെട്ടിട്ടുണ്ടു്.

ഉപരിനിർദ്ദിഷ്ടങ്ങളായ ഗ്രന്ഥങ്ങളിൽ മിക്കവയ്ക്കുമെ എല്ലാങ്ങൾക്കും വ്യാഖ്യാനങ്ങൾ—ഒന്നിലധികവും—ഉണ്ടെന്നു മാത്രമല്ല, ഓരോ പ്രസ്ഥാനങ്ങളെ ഉപജീവിച്ചു്, പലതരം സ്വതന്ത്രഗ്രന്ഥങ്ങളും ഉളവായിട്ടുണ്ടെന്നുള്ളതും വിശിഷ്യ വിചാരണീയമാകുന്നു. അഭിനവഗുപ്ത'ന്റെ 'തന്ത്രാലോകം', 'ഭോജദേവ'ന്റെ 'തത്ത്വപ്രകാശം', 'വേദാന്തദേശിക'ന്റെ 'പാഞ്ചരാത്രരക്ഷ', 'ഭാസ്കരരായ'ന്റെ 'വരിവസ്യാരഹസ്യം' മുതലായവയും ഉദാഹരണത്തിനെടുക്കാവുന്നതാണു്. എല്ലാം കൂട്ടിക്കണക്കാക്കുമ്പോൾ സംസ്കൃതഭാഷയിലുള്ള ഒരു ശാഖാന്തരത്തെ അപേക്ഷിച്ചും വലുതാണു് ഈ തന്ത്രശാഖ എന്നു തെളിയുന്നതായിരിക്കും.

II

ചില വിപ്രതിപത്തികൾ.

തന്ത്രങ്ങളെല്ലാം തന്നെ 'ശ്രുതി'കളാണെന്നു 'ഹാരീതധർമ്മസൂത്ര'ങ്ങളെ മുൻനിർത്തി ചിലർ സിദ്ധാന്തിക്കുന്നു.* അവർക്കവലംബമായ ഹാരീതസൂത്രങ്ങൾ ഇവയാണു്:—"അഥാതോ ധർമ്മം വ്യാഖ്യാസ്യാമഃ; ശ്രുതിപ്രമാണകോ ധർമ്മഃ; ശ്രുതിശ്ച ദ്വിവിധാ—വൈദികീ താന്ത്രികീ ച." 'ഹാരീതധർമ്മസൂത്രം' അച്ചടിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമല്ല. മനുസ്മൃതി രണ്ടാമദ്ധ്യായത്തിന്റെ വ്യാഖ്യാനത്തിൽ കുല്ലൂകഭട്ടൻ—"അത ഏവ ഹാരീതഃ"—എന്നു പറഞ്ഞതിന്മേൽ ഉദ്ധരിച്ചിട്ടുള്ള സൂത്രങ്ങളാണു് ഇവിടെയും ഉദ്ധരിക്കപ്പെട്ടിരിക്കുന്നതു്. ഈ വ്യവസ്ഥയിൽ പ്രതിഷേധിച്ചും, പ്രസിദ്ധപാശ്ചാത്യപണ്ഡിതനായ മാണിയർ വില്യംസ്(M. A., C. I. E)

* "ഹാരീ[illegible] അ[illegible] [illegible]പശ്രുതി[illegible]മേയസമാ[illegible] തന്ത്രം ശ്രുതിമേകി" എന്നു 'പരമസംഹിത'യുടെ പ്രസ്താവനയിൽ.

എഴുതിയിട്ടുള്ള "Religious thought and life in India" (റിലിജിയസ്സ് താട്ട് ആൻഡ് ലൈഫ് ഇൻ ഇൻഡ്യാ) എന്ന പുസ്തകത്തിൽ, പൂർവ്വാംശത്തിലുള്ള * ചില പംക്തികളാണ് പണ്ഡിതന്മാരുടെ ശ്രദ്ധയെ ഈ വഴിക്കു തിരിച്ചതെന്നു തോന്നുന്നു. ഏതായാലും ഈ പാഠപംക്തിയെ പല പണ്ഡിതന്മാരും പ്രാമാണികമായി ഉദ്ധരിച്ചിട്ടുണ്ട് †. എന്നാൽ, ഈ ഹസ്തലിഖിതഗ്രന്ഥശാലയിൽ ഭാഗ്യവശാൽ സംഭരിക്കപ്പെട്ടിട്ടുള്ള 'ഹാരീതധർമ്മസൂത്ര'ഗ്രന്ഥത്തിൽ കാണപ്പെടുന്ന പാഠം മറ്റൊരു തരത്തിലാണ്. അതായത് —"വൈദികീ ലൌകികീ ച"-എന്നാണ്, 'താന്ത്രികീ'— എന്നല്ല. ഇതിൽ ഏതു പാഠമാണു ശരി—അഥവാ രണ്ടു പാഠവും ശരിതന്നെയോ, വേറെ വല്ല പാഠവും ഉണ്ടോ ഇത്യാദി പല പ്രശ്നങ്ങളും അപ്പോഴും ഉദിക്കുമല്ലോ. തദ്വാരാ, 'താന്ത്രികീ' എന്ന പാഠം വെച്ചുകൊണ്ട്, തന്ത്രപ്രസ്ഥാനത്തിനു കല്പിക്കുന്ന ഗൌരവവും പ്രാമാണ്യവും ‡ പ്രശ്നാസ്പദമായിത്തീരുകയും ചെയ്യുന്നു. അതിനും പുറമേ, 'താന്ത്രികീ' എന്നാണ് ശരിയായ പാഠമെന്നു സ്വീകരിക്കയാണെങ്കിൽതന്നെയും, തന്ത്രങ്ങളും ശ്രുതികളോ ശ്രുതിതുല്യങ്ങളോ ആണെന്ന് ഈ വചനംകൊണ്ടു സിദ്ധിക്കുന്ന കാര്യം സന്ദിഗ്ദ്ധമല്ലയോ? "ശ്രുതിയും രണ്ടു തരത്തിലുണ്ട്; വേദത്തെ വിഷയീകരിച്ചുകൊണ്ടും, തന്ത്രത്തെ വിഷയീകരിച്ചുകൊണ്ടും, അഥവാ ലോകത്തെ അധികരിച്ചുകൊണ്ടും". എന്നോ മറ്റോ അല്ലാതെ, ഹാരീതസൂത്രങ്ങൾക്ക് ഇവിടെ അർത്ഥം പറയുവാനുണ്ടോ? എന്നു തന്നെയുമല്ല; വൈദികമെന്നും താന്ത്രികമെന്നും ഉള്ള ഭേദം സുപ്രസിദ്ധവും പ്രമാണസമ്മതവും കൂടിയല്ലയോ? ഹാരീ

---

* That they are regarded by some as equal divine authority with the Puranas, and even as a kind of secondary revelation, is evident from a passage in Kulluka's Commentary on Manu II. I. There he asserts that divine truth is of two kinds, namely, 'that revealed in the Vedas and that found in the Tantras'."

(Religious thought and Life in India—p. 184.)

† അടയാറിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള 'പാഞ്ചരാത്രരക്ഷ' യുടെ ഇംഗ്ലീഷ് ഉപോദ്ഘാതവും, 'ഭൂമിക' യും, ബറോഡയിൽ പ്രസിദ്ധീകരണത്തിൽ പെട്ട 'പരമസംഹിത'യുടെ 'പ്രസ്താവന'യും History of Dharma Sastra Vol. I. p. 72-ൽ ഉദ്ധരിച്ചിട്ടുള്ള ഭാഗം, നോക്കുക.

‡ "അതഃ പരമ ഗായത്രീ പ്രമാണികീ ശ്രുതിർ [illegible] / പീഠി നിർവിവാദമവഗമ്യതാം [illegible]" (പരമസംഹിതാപ്രസ്താവന)

നവചനവും ആ ഭേദത്തെത്തന്നെ കാണിക്കയും ചെയ്യുന്നു. ഒന്നും വൈദികം എന്നല്ലയോ ഭേദാഭാവത്തിൽ വന്നുകൂടുക ! ഏവഞ്ച ശ്രുതിസംശീർഷകമായ് തന്ത്രം എന്നു സമർത്ഥിക്കുവാൻ വൈദികന്മാർക്കു വൈമനസ്യം തന്നെയുണ്ടെന്നു തോന്നുന്നു.

തന്ത്രങ്ങളെ സംബന്ധിച്ചു വൈദികപക്ഷപാതികൾക്കുള്ള സിദ്ധാന്തത്തിന്റെ ഒരു ശരിയായ രൂപം, തൈത്തിരീയസംഹിതയിൽപ്പെട്ട രുദ്രാധ്യായത്തിന് 'ഭട്ടഭാസ്കരാചാര്യർ' എഴുതിയിട്ടുള്ള ഭാഷ്യത്തിൽ ഒരിടത്തു കാണാൻ കഴിയുന്നുണ്ട്. ആ ഭാഗം ഇവിടെ ഉദ്ധരിക്കുന്നത് ബഹുധാ പ്രയോജനപ്രദമാകുമെന്നു കരുതുന്നു.

"നമഃ സസ്പിഞ്ജരായ ത്വിഷീമതേ
പഥീനാം പതയേ നമഃ"

എന്ന മന്ത്രത്തിൽ, "പഥീനാം പതയേ"—എന്നുള്ള അംശത്തിന്റെ ഭാഷ്യമാണ് ചുവടെ ചേർക്കുന്നത്.

"പഥീനാം പതയേ"—വൈദികതാന്ത്രികമാർഗ്ഗാണാം സ്വാമിനേ നമഃ, ഇത്യക്ഷരാർത്ഥഃ. അത്ര "ത്വിഷീമതേ" ഇത്യനേന ജ്ഞാനരൂപഃ പ്രകാശ ഉച്യതേ; അനേന ച ഇയം ശങ്കാ നിരസ്താ ഭവതി. ഏവം ഹ്യത്ര ശങ്കാ ഭവതി— കഥം പരമേശേന താന്ത്രികമാർഗ്ഗാഃ പ്രദർശിതാഃ?

"യാ വേദബാഹ്യാഃ സ്മൃതയോ യാശ്ച കാശ്ച കുദൃഷ്ടയഃ
സർവ്വാസ്താ നിഷ്ഫലാഃ പ്രേത്യ നിഷ്ഠാ തേഷാം ഹി താമസീ"

ഇതി തേഷാം നിന്ദിതത്വാത് ഇതി. അത്ര ബ്രൂമ ഉത്തരം— "സത്യമേവ താന്ത്രികമാർഗ്ഗാണാം നിന്ദിതത്വം; തത്തു വൈദികാൻ പ്രത്യേവ; വേദബാഹ്യാനാം തു താന്ത്രികമാർഗ്ഗാ ഏവോപകാരകാഃ. തദേതദാലോച്യ സർവ്വജ്ഞേന പരമേശേന തന്ത്രാണി പ്രണീതാനി; യദി ചൈതാനി ന സ്യുഃ, തതോ വേദബാഹ്യാഃ പാപിഷ്ഠാഃ സന്തോ വൈദികമാർഗ്ഗവിമുഖാഃ ശ്രേയസ്സാധനമന്യദപ്രജാനന്തഃ സ്വേച്ഛാചാരപ്രാവണ്യവിവശാഃ പ്രണഷ്ടാ ഏവ ഭവേയുഃ. അതസ്താന്ത്രികമാർഗ്ഗപ്രവർത്തനമുചിതമിതി." ഇങ്ങനെ, താന്ത്രികമാർഗ്ഗം വൈദികന്മാർക്ക് വർജ്ജ്യമാണെങ്കിലും അവൈദികന്മാരെ—വേദബാഹ്യന്മാരെ ഉദ്ദേശിച്ച് അത്യന്താപേക്ഷിതമാണെന്ന് പറഞ്ഞിട്ട്, അതിലേയ്ക്ക് പ്രമാണാന്തരത്തെ ആചാര്യൻ ഉദ്ധരിക്കുന്നു:—

തദേതത് കൂർമ്മപുരാണേ സ്പഷ്ടമുപബൃംഹിതം;

തത്ര ഹി—

"സ തേഷാം മായയാ ജാതാം ഗോവധ്യാം ഗൗതമോ മുനിഃ,
കേനാപി ഹേതുനാ ജ്ഞാത്വാ ശശാപാതീവ കോപനഃ
ഭവിഷ്യഥ ത്രയീബാഹ്യാ മഹാപാതകിനാം സമാഃ."

ഇതി വേദബാഹ്യത്വേന മഹാപാപിത്വേന ച ഗൗതമശപ്താൻ പ്രസ്തുത്യ,

"തേ സർവ്വേ പ്രാപ്യ ദേവേശം ശങ്കരം വിഷ്ണുമവ്യയം
അസ്തുവൻ വിവിധൈഃ [illegible] ഇവ സേവകാഃ."

ഇത്യാദിനാ തേഷാം ശങ്കരവിഷ്ണുസന്നിധൗ പ്രാർത്ഥനാമുപന്യസ്യ,

"തസ്മാദ് ദേവ വേദബാഹ്യാനാം രക്ഷണാർത്ഥം ച പാപിനാം,
വിമോഹനായ ശാസ്ത്രാണി കരിഷ്യാവോ വൃഷധ്വജ!
ഏവം സംബോധിതോ രുദ്രോ മാധവേന മുരാരിണാ,
ചകാര മോഹശാസ്ത്രാണി കേശവോഽപി ശിവേരിതഃ
കാപാലം, ലാകുളം, വാമം, ഭൈരവം, പൂർവ്വപശ്ചിമം,
പാഞ്ചരാത്രം, പാശുപതം,—തഥാഽന്യാനി സഹസ്രശഃ."

ഇത്യാദിനാ വേദബാഹ്യാനാം പാപിഷ്ഠാനാം രക്ഷണായ പാശുപതപാഞ്ചരാത്രാദിതന്ത്രമാർഗ്ഗാഃ പ്രവർത്തിതാ ഇത്യുക്തം. 'വിമോഹനായ' ഇത്യസ്യ ചായമർത്ഥഃ—സന്തി ച പാശുപതപാഞ്ചരാത്രാദിതന്ത്രേഷു വേദവിരുദ്ധാർത്ഥപ്രതിപാദനം;— യഥാ, കേവലനിമിത്തേശ്വരവാദഃ, ജീവോത്പത്ത്യാദിവർണ്ണനം, തദ്വിഷയം വേദനിന്ദാ ചേതി; തച്ച സർവ്വമപ്രമാണമേവ; വ്യവസ്ഥാപിതം ഹി തദംശേ തദപ്രാമാണ്യം ഉത്പത്ത്യസംഭവാധികരണേ; ഏതേഷു ച വേദനിന്ദാ[illegible] ച പ്രയോജനം— യേ വൈദികാ ഏവ സന്തഃ പാപവശാദ് വേദൈക[illegible] താൻ വിമോഹയിതും; തച്ച വിമോഹനം തേഷാമനുഗ്രഹായൈവ. തേ ഹി വേദ[illegible] വേദ[illegible] ബാഹ്യമന്യമാനാ വേദം വിഹായ താന്ത്രികമാർഗ്ഗമനുപ്രവിശ്യ തേന വിധിനാ പരമേശ്വരമാരാധ്യ തത്പുണ്യക്ഷത[illegible] ക്രമേണ [illegible] വേദനിഷ്ഠാം പ്രതിപദ്യ കൃതകൃത്യാ ഭവന്തി. അത ഏവ വൈദികസ്യൈവ സത

ശാണ്ഡില്യസ്യ വേദനിഷ്ഠാം വിഹായ പാഞ്ചരാത്രാദിദീക്ഷാ വിധിനാ വിഷ്ണുമാരാധിതവതഃ നിന്ദാപൂർവ്വകം തം പ്രതി ചിരായ "വേദമാർഗ്ഗം ഗമിഷ്യസീ"തി ഭഗവതാ വാസുദേവേന വരോ ദത്ത ഇതി "വാസിഷ്ഠലൈംഗേ" ശ്രൂയതേ:—

"മത്തന്ത്രോക്തഗുണോപേതാ മൽപൂജാ ച കൃതാ ത്വയാ
തയാ ന പ്രീതിമാപന്നസ്മി തവ ശാണ്ഡില്യ തേ പ്രിയഃ.
കുമാർഗ്ഗേണാപി ശാണ്ഡില്യ! കൃതാ പൂജാ മമ ത്വയാ
അതഃ കാലേന മഹതാ വേദമാർഗ്ഗം ഗമിഷ്യസി."

ഇതി. പാപിഷ്ഠവിഷയേ പരമേശ്വരസ്യ മോഹകത്വം തദ്വി-ഷയാ ദേവ ഇവ തദനുഗ്രഹൈകവ്യവസിതത്വാന്ന ദോഷമാവഹതി. അത ഏവ ച ബഹു ബുദ്ധാദ്യവതാരേഷു ഭഗവതോ നാരായണസ്യ മോഹകത്വം ബഹുശഃ പ്രഖ്യായതേ. നഹി തത്തസ്യ ദൂഷണം ഭവതീതി. തദേതത്സർവ്വമ് "വിമോഹനായ ശാസ്ത്രാണി"-ഇത്യേതദ് അദ്ഭുതം. ഏവമന്യാന്യപ്യസ്മിൻ വിഷയേ ബഹൂനി വചനാനി സന്തി; താനി ചാസ്മാഭിഃ 'പാഷണ്ഡഗജകേസരി'ണ്യുദാഹൃതാനി, തത്രൈവ ദ്രഷ്ടവ്യാനി. തദേവം വേദബാഹ്യാനാം രക്ഷണായ സർവ്വജ്ഞേന ഭഗവതാ താന്ത്രിക-മാർഗ്ഗഃ പ്രവർത്തിത ഇത്യേതത് 'ശിഷ്ടിമതേ' ഇത്യനേന പ്രദർശിതം."

വേദബാഹ്യന്മാർക്കു വേണ്ടിയാണു താന്ത്രികമാർഗ്ഗം ഉദ്‌ഭവിച്ചിട്ടുള്ളതെന്നു ഇവിടെ മുക്തകണ്ഠം തന്നെ പറഞ്ഞിരിക്കുന്നു. അഭിനവശങ്കരാചാര്യൻ കൊണ്ടുവന്നിട്ടുള്ള ഈ സിദ്ധാന്തം, സായണൻ, മഹീധരൻ, ഉവ്വടൻ തുടങ്ങിയ മറ്റു വ്യാഖ്യാതാക്കന്മാർ സമ്മതിച്ചിട്ടുള്ളതു തന്നെയോ എന്നുകൂടി ആലോചിക്കാം. സായണൻ പറഞ്ഞിട്ടുള്ളതിങ്ങനെയാണ്:—

'പഥീനാം — ശാസ്ത്രോക്തദക്ഷിണോത്തരവീഥീയമാർഗ്ഗാ-ണാം പതിഃ പാലകോ യോ രുദ്രഃ തസ്മൈ രുദ്രായ നമോഽസ്തു.'' ഈ 'ദക്ഷിണോത്തരവീഥീയമാർഗ്ഗ'ങ്ങളിൽ അഭിനവശങ്കരൻ്റെ സിദ്ധാന്തവും ഉൾപ്പെടുന്നുവെന്ന് തൽപക്ഷപാതികൾക്കു വാദിക്കുവാൻ കഴിയുമെന്നു തോന്നുന്നു.

"പഥീനാം—മാർഗ്ഗാണാം, പാലകായ നമഃ. പഥിശബ്ദോ മാർഗ്ഗവാചീ; ദക്ഷിണോത്തരവീഥീയാ മാർഗ്ഗാഃ ശ്രൗതാവൃത്തകാഃ.''

എന്നാണ് 'മഹീധര'ൻെറ വിവരണപ്രകാരം. ഇതു് സായണ പംക്തികളോട് ഏറെക്കുറെ യോജിച്ചതു തന്നെയാണല്ലോ.

“പാഠീനാം പതയേ നമഃ-പാഠാമിതി പ്രാപ്തേ ഛാന്ദസം” ഇത്രമാത്രമേ 'ഉവ്വടാചാര്യൻ' പറയുന്നുള്ളൂ. മാർഗ്ഗാന്തരത്തിലാണ് ഇവിടത്തെ പാഠിശബ്ദം എന്നു മാത്രമല്ലാതെ, ആ മാർഗ്ഗങ്ങളുടെ പ്രകാരങ്ങളെ പ്രദർശിപ്പിക്കുവാനൊന്നും അദ്ദേഹം ഒരുമ്പെടുന്നില്ല. എങ്കിലും, അതിനവാന്തരപക്ഷം തന്നെ ഇതും ഉൾക്കൊള്ളുന്നു എന്നു വാദിക്കുവാൻ പഴുതില്ലെന്നു പറവാനും വയ്യ. ഏതായാലും, ഈ പ്രകൃതത്തിലെ വ്യാഖ്യാനവിശേഷങ്ങൾ ഇത്തരത്തിലെല്ലാമാണ്.

എന്നാൽ, ഇത്രമാത്രംകൊണ്ട് തന്ത്രങ്ങളെല്ലാം അവൈദികങ്ങളും, വേദബാഹ്യന്മാർക്കുമാത്രം ഉപജീവ്യങ്ങളും ആണെന്നു നമുക്കു വിധിക്കാമോ, സിദ്ധാന്തിക്കാമോ? ആലോചിച്ചു നോക്കാം. 'പാഞ്ചരാത്ര'പ്രസ്ഥാനക്കാർ തങ്ങളുടെ സിദ്ധാന്തം വേദമൂലകമാണെന്ന് സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.* ഛാന്ദോഗ്യോപനിഷത്തിലുള്ളതായ—

“ഋഗ്വേദം ഭഗവോഽധ്യേമി യജുർവേദം സാമവേദമാഥർവണം ചതുർത്ഥമിതിഹാസപുരാണം പഞ്ചമം വേദാനാം വേദം പിത്ര്യം രാശിം ദൈവം നിധിം വാകോവാക്യമേകായനം ദേവവിദ്യാം ബ്രഹ്മവിദ്യാം ഭൂതവിദ്യാം ക്ഷത്രവിദ്യാം നക്ഷത്രവിദ്യാം സർപ്പദേവജനവിദ്യാമേതദ് ഭഗവോഽധ്യേമി. †” എന്ന വാക്യത്തിലെ

---

* ഈശ്വരസംഹിത, പാരമേശ്വരസംഹിത, പാഞ്ചരാത്രരക്ഷ മുതലായ പുസ്തകങ്ങളുടെ അവതാരികകളും, “ആഗമപ്രാമാണ്യം” എന്ന പുസ്തകവും നോക്കുക.

† “വേദാനാം വേദം = [illegible] വ്യാകരണം [illegible] പിത്ര്യം = [illegible] രാശിം = ഗണിതം. ദൈവം = ഉൽപാതജ്ഞാനം. നിധിം = [illegible]. വാകോവാക്യം = [illegible]. ഏകായനം = നീതിശാസ്ത്രം. ദേവവിദ്യാം = നിരുക്തം. ബ്രഹ്മവിദ്യാം = [illegible]. ഭൂതവിദ്യാം = ഭൂതതന്ത്രം. ക്ഷത്രവിദ്യാം = ധനുർവ്വേദം. നക്ഷത്രവിദ്യാം = ജ്യോതിഷം. സർപ്പദേവജനവിദ്യാം = സർപ്പവിദ്യാ — [illegible]; ദേവജനവിദ്യാം — [illegible]. ഏതത് സർവ്വം ഭഗോ! ഭഗവോഽധ്യേമി” [illegible] ശ്രീശങ്കരഭഗവൽപാദർ ഈ [illegible] മാർത്തിക [illegible] ഏകായനം [illegible] എന്നും [illegible] “ഏകായനം” ... നീതിശാസ്ത്രം” എന്ന [illegible] മണിയിലും,

"ഏകായന" ശബ്ദം പാഞ്ചരാത്രത്തിന്റെ മൂലമായ വേദശാഖയെ കുറിക്കുന്നു എന്നാണ് പാഞ്ചരാത്രികന്മാരുടെ പക്ഷം. (നാരദൻ സനൽകുമാരനോട്, ഋഗ്വേദാദികളെല്ലാം താൻ അദ്ധ്യയനം ചെയ്തിട്ടുണ്ടെന്നു പറഞ്ഞിരിക്കുകയാണ് ഈ വാക്യത്തിൽ.) അതിനും പുറമേ, ഒരു 'പാഞ്ചരാത്രശ്രുതി'യും 'പാഞ്ചരാത്രോപനിഷത്തും', ഉൽപലാചാര്യൻ 'സ്പന്ദപ്രദീപിക'യിൽ സ്മരിച്ചിരിക്കുന്നത് ഈ 'ഏകായനശാഖ'യിൽ പെട്ടതായിരിക്കുമെന്നും അവർ ഊഹിക്കുന്നു. സ്പന്ദപ്രദീപികാഭാഗം ഇങ്ങനെയത്രേ:—

"പാഞ്ചരാത്രശ്രുതാവപി — തദുക്തം ഭഗവതാ പ്രസാദമാരോഹൽ പൂർവ്വേ വാ ... ലീം തതേൽ തദ്വൽ ശാസ്ത്രേണ ഭഗവാൻ ശാസ്ത്രാ അനുഗന്തവ്യഃ"

"പാഞ്ചരാത്രോപനിഷദി ച — ജ്ഞാതാ ച ജ്ഞേയം ച വക്താ ച വാച്യം ച ഭോക്താ ച ഭോജ്യം ച"

(സ്പന്ദപ്രദീപിക—വിജയനഗരം ഗ്രന്ഥമാല)

ഇത്തരത്തിൽ, ഉൽപലാചാര്യന്റെ കാലമായ ഏ. ഡി ൧൦-ാം നൂറ്റാണ്ടുവരെ പാഞ്ചരാത്രവേദശാഖ നടപ്പിലിരുന്നുവെന്നും അനുമിക്കപ്പെടുന്നു. സംഹിതകളിൽ, ഈ ഏകായനശാഖയെപ്പറ്റി പ്രതിപാദനമുണ്ടെന്നുള്ളതും മറന്നുകൂടാത്തതാണ്. നോക്കുക:—

"വേദമേകായനം നാമ വേദാനാം ശിരസി സ്ഥിതം,
തദർത്ഥകം പാഞ്ചരാത്രം മോക്ഷദം തൽക്രിയാവതാം"

[ശ്രീപ്രശ്നസംഹിതാ]

"ഏഷ ഏകായനോ വേദഃ പ്രഖ്യാതഃ സർവ്വതോ ഭുവി."

[ഈശ്വരസംഹിതാ]

'ഈശ്വരസംഹിത' തന്നെ വീണ്ടും,

"ആദ്യമേകായനം വേദം രഹസ്യാമ്നായസംജ്ഞിതം
ദിവ്യമന്ത്രക്രിയോപേതം മോക്ഷൈകഫലലക്ഷണം;
പഞ്ചാപി പൃഥഗേകൈകം ദിവാരാത്രം ജഗൽപ്രഭുഃ
അദ്ധ്യാപയാമാസ യതസ്തേഭ്യോ മുനിപുംഗവാൻ,
തേനേദം സർവ്വജ്ഞൈർല്ലോകേ പാഞ്ചരാത്രമിതീര്യതേ"

എന്ന് പാഞ്ചരാത്രനിർവ്വചനപ്രസ്താവത്തിൽ ഏകായനവേദത്തെ ഉയർത്തിപ്പറഞ്ഞിരിക്കുന്നു. 'വിഷ്ണുതന്ത്ര'മെന്ന ഗ്രന്ഥത്തിലും പാഞ്ചരാത്രം ശ്രുതിമൂലകമാണെന്നു പറഞ്ഞിട്ടുണ്ട്. നോക്കുക—

“അഷ്ടോത്തരസഹസ്രാണി അഷ്ടോത്തരശതാനി ച
പഞ്ചരാത്രാണി തന്ത്രാണി സന്തി മേ കമലേക്ഷണേ!
ശ്രുതിമൂലാനി താന്യേവ പഞ്ചരാത്രാണി പത്മജേ!
ലോകേഷ്വനാമയുക്താനി മമ പ്രീതികരാണി ച.
വേദശ്ച പാഞ്ചരാത്രം ച സാംഖ്യയോഗം തഥൈവ ച
മയോദിതാശ്ച ചതുർവ്യൂഹ! ഭക്തിമുക്തിപ്രദാനി ച.”

വേദവിരുദ്ധമായ ജീവോൽപത്ത്യാദിപ്രസ്താവം പാഞ്ചരാത്രത്തിലില്ലെന്നും, ഉണ്ടെന്നുള്ള ധാരണ ഭ്രമമാണെന്നും പാഞ്ചരാത്രികന്മാർ സിദ്ധാന്തിക്കുന്നു. 'ഉൽപത്ത്യസംഭവാൽ' ഇത്യാദി വേദാന്തസൂത്രങ്ങളാൽ വേദവ്യാസഭഗവാൻ പാഞ്ചരാത്രമതത്തെ ഖണ്ഡിക്കുകയല്ല, പൂർവ്വപക്ഷസമാധാനങ്ങൾ കാണിച്ച് പാഞ്ചരാത്രപ്രാമാണ്യം സാധിക്കുകയാണു ചെയ്തതു് എന്നും അവർ സമർത്ഥിക്കുന്നു. വൈഷ്ണവസംഹിതകളുടെ അവതാരികാദികളും, യാമുനാചാര്യർ, വേദാന്തദേശികർ മുതലായവരുടെ ഗ്രന്ഥങ്ങളും, *'തന്ത്രശുദ്ധം' എന്ന പുസ്തകവും മററും പാഞ്ചരാത്രപ്രസ്ഥാനത്തെ വൈദികമെന്നു സമർത്ഥിച്ചു കീർത്തിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ തൽപക്ഷപാതികൾ,

“അരായി കാണേ വികടേ ഗിരിം ഗച്ഛ സദാനുവേ
ശിരിംബിഠസ്യ സത്വഭിസ്തേഭിഷ്ട്വാ ചാതയാമസി”
(ഋ. ൧൦-൧൫൫-൧)

എന്ന ഋങ്മന്ത്രത്തെ വേങ്കടഗിരിക്ഷേത്രത്തിലെ ശ്രീനിവാസഭഗവൽപ്രതിപാദകമായി വ്യാഖ്യാനിക്കുകകൂടി ചെയ്തിരിക്കുന്നു.† സായണനും സർവാനുക്രമണീകാരനും അലക്ഷ്മീനാശനാർത്ഥത്തിലാണു വ്യാഖ്യാനിച്ചിട്ടുള്ളതു്. പാഞ്ചരാത്രികന്മാർ ഇത്രയെല്ലാം പ്രയാസപ്പെടേണ്ടിവന്നതു് ഒരു കാരണമുണ്ടായിട്ടു തന്നെയാണ്. 'തന്ത്രവാർത്തിക'ത്തിൽ കുമാരിലഭട്ടൻ, “യാന്യേതാനി ത്രയീവിദ്ഭിർന്ന പരിഗൃഹീതാനി” ഇത്യാദിയായും, “തസ്മാദ്ധർമ്മം പ്രതി ത്രയീബാഹ്യമേവംജാതീയകം പ്രാമാണ്യേനാനപേക്ഷ്യം സ്യാത്” ഇത്യന്തമായും ഉള്ള ഗ്രന്ഥപങ്ക്തികളെക്കൊണ്ട്, വിരോധാധികരണപ്രകരണത്തിൽ പാഞ്ചരാത്രപ്രസ്ഥാനത്തെ പ്രത്യാഖ്യാനം ചെയ്തിരിക്കുന്നു. അപ്രകാരം തന്നെ,

* [illegible] ഒരു [illegible] ഉണ്ട്.
† ഇതിന്റെ വ്യാഖ്യാനത്തിനു [illegible] വ്യാഖ്യാനം നോക്കുക.

ബ്രഹ്മസൂത്രഭാഷ്യത്തിൽ ശ്രീശങ്കരഭഗവൽപാദരും പാഞ്ചരാത്രപ്രക്രിയകളേയും തൽപ്രസ്ഥാനത്തെയും പ്രതിഷേധിച്ചിട്ടുണ്ട്. 'ഉത്പത്ത്യസംഭവാധികരണ'ത്തിൽ— 'തത്ര ഭാഗവതാ മന്യന്തേ'' എന്നതുടങ്ങി, ''ക്ഷീണക്ലേശോ ഭഗവന്തമേവ പ്രതിപദ്യതേ ഇതി'' എന്നവരെയുള്ള ഭാഗം കൊണ്ട് പാഞ്ചരാത്രികസിദ്ധാന്തം സംഗ്രഹിച്ചതിനു ശേഷം- ഭഗവൽപാദർ പറയുകയാണ് ''തത്ര യത്താവദുച്യതേ യോഽസൗ നാരായണഃ പരോഽവ്യക്താൽ പ്രസിദ്ധഃ പരമാത്മാ സർവ്വാത്മാ, സ ആത്മനാഽഽത്മാനമനേകധാ വ്യൂഹ്യാവസ്ഥിത ഇതി— തന്ന നിരാക്രിയതേ; 'സ ഏകധാ ഭവതി ത്രിധാ ഭവതി' ഇത്യാദിശ്രുതിഭ്യഃ പരമാത്മനോഽനേകധാഭാവസ്യാധിഗതത്വാൽ; യദപി തസ്യ ഭഗവതോഽഭിഗമനാദിലക്ഷണമാരാധനമജസ്രമനന്യചിത്തതയാഽഭിപ്രേയതേ തദപി ന പ്രതിഷിദ്ധ്യതേ; ശ്രുതിസ്മൃത്യോരീശ്വരപ്രണിധാനസ്യ പ്രസിദ്ധത്വാൽ. യൽപുനരിദമുച്യതേ വാസുദേവാൽ സങ്കർഷണ ഉൽപദ്യതേ, സങ്കർഷണാച്ച പ്രദ്യുമ്നഃ, പ്രദ്യുമ്നാച്ചാനിരുദ്ധ ഇതി, അത്ര ബ്രൂമഃ— ന വാസുദേവസംജ്ഞകാൽ പരമാത്മനഃ സങ്കർഷണസംജ്ഞകസ്യ ജീവസ്യോൽപത്തിഃ സംഭവതി, അനിത്യത്വാദിദോഷപ്രസംഗാൽ; ഉൽപത്തിമത്ത്വേ ഹി ജീവസ്യ അനിത്യത്വാദയോ ദോഷാഃ പ്രസജ്യേരൻ; തതശ്ച നൈവാസ്യ ഭഗവൽപ്രാപ്തിർമ്മോക്ഷഃ സ്യാൽ, കാരണപ്രാപ്തൗ കാര്യസ്യ പ്രവിലയപ്രസംഗാൽ; പ്രതിഷേധിഷ്യതി ച ആചാര്യോ ജീവസ്യോൽപത്തിം— ''നാത്മാശ്രുതേർന്നിത്യത്വാച്ച താഭ്യഃ''— ഇതി. തസ്മാദസംഗതൈഷാ കല്പനാ'' എന്നിങ്ങനെ. ''ന ച കർത്തുഃ കരണം'', ''വിജ്ഞാനാദിഭാവേ വാ തദപ്രതിഷേധഃ'' 'വിപ്രതിഷേധാച്ച''- എന്നുള്ള അനന്തരസൂത്രങ്ങളുടെ ഭാഷ്യങ്ങളും പാഞ്ചരാത്രപ്രതിഷേധപരങ്ങൾ തന്നെയല്ലോ. ഇങ്ങനെ പ്രാചീനന്മാരായ വൈദികസൂത്രകാരന്മാരും, വൈദികമൂർദ്ധന്യന്മാരായ ഭാഷ്യകാരന്മാരും പ്രതിഷേധിച്ചു വച്ചിട്ടുള്ളതും, പുരാണാദികളിൽ അവൈദികത്വേന നിർദ്ദിഷ്ടവുമാണ് പാഞ്ചരാത്രമെന്നു വന്നാൽ, തൽപ്രാമാണ്യം പ്രശിഥിലമാകുമല്ലോ. അങ്ങനെ വരുത്തെന്നു വെച്ചാണ് മേൽപ്പറഞ്ഞവിധം പാഞ്ചരാത്രികന്മാർ സിദ്ധാന്തിച്ചിരിക്കുന്നത്. എന്നിട്ടും അനന്തരകാലികന്മാരായ ഗ്രന്ഥകാരന്മാരും പ്രസ്ഥാനക്കാരും അവരുടെ മതം, സൂത്രവ്യാഖ്യാനവിഷയത്തിൽ പോലും സമ്മതിച്ചിട്ടില്ലെന്നു വേണം പറയുവാൻ.

അനന്തരകാലികന്മാരിൽ ഒരു പ്രാമാണികനായ ശ്രീരാമാനുജാചാര്യർ, "ഉൽപത്ത്യസംഭവാൽ" ഇത്യാദി നാലു സൂത്രങ്ങൾ ശാക്തപ്രസ്ഥാനത്തെ ഖണ്ഡിക്കുന്നതായ ശാക്താധികരണമാണെന്നാണ് പറഞ്ഞുകാണുന്നത്. "ശക്തിപക്ഷോ ദൂഷ്യതേ" എന്ന അവതാരികയോടുകൂടിയത്രേ, ഉൽപത്ത്യസംഭവാദിസൂത്രങ്ങളെ ഉദ്ധരിച്ചിരിക്കുന്നതും. ആ "ശക്തിപക്ഷ"സൂത്രം തന്നെ, 'ദീപികാ'വ്യാഖ്യാതാവ്, "മഹാവാമദക്ഷവാമോത്തരവാമഭേദേന ത്രിവിധാനാം ശാക്താനാം മതമേവാധമത്വേനോപദിഷ്ടം പുനർദൂഷയത്യസ്മിന്നധികരണേ സൂത്രകൃദിത്യർഥഃ" എന്ന പംക്തികൊണ്ടു വിശദീകരിച്ചു കാണിക്കുകയും ചെയ്തിട്ടുണ്ട്. മധ്വാചാര്യരുടെ വൈഷ്ണവതാപരതയായിരിക്കാം, ഇങ്ങനെ അധികരണത്തെത്തന്നെ മാററിക്കല്പിക്കുവാൻ പ്രേരകമായത്.

ശ്രീ വല്ലഭാചാര്യരുടെ 'ശുദ്ധാദ്വൈത'പ്രസ്ഥാനത്തെ പ്രമാണിച്ചുകൊണ്ടുള്ളതാണ് 'ബ്രജനാഥഭട്ട'ന്റെ 'മരീചിക' എന്ന ബ്രഹ്മസൂത്രവൃത്തി. അതിലും, "അതഃ പരം പാഞ്ചരാത്രമതസ്യാപി വിരോധാംശനിരാകരണാർത്ഥമധികരണമാരഭതേ" എന്ന അവതാരികയോടുകൂടി, ആ മതത്തിലെ വിരോധാംശങ്ങളെ നിരാകരിച്ചു കാണിച്ചിരിക്കുന്നു. വൈദികത്വമില്ലെന്നു സമ്മതിക്കുന്നില്ല.

ശ്രീ സദാശിവബ്രഹ്മേന്ദ്രസരസ്വതിയുടെ 'ബ്രഹ്മതത്ത്വപ്രകാശിക' എന്ന വേദാന്തസൂത്രവൃത്തി ശാങ്കരഭാഷ്യാനുസാരിയാണെന്ന്, അതിന്റെ ആരംഭത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. തദനുസാരേണ എഴുതിയിരിക്കുന്ന വൃത്തിയിൽ,

"അതോ ഭ്രാന്തിമൂലകോ ഭാഗവതസിദ്ധാന്തഃ"

എന്ന് ഉൽപത്ത്യസംഭവാദിസൂത്രവ്യാഖ്യാനത്തിലും,

"തഥാ ച പരസ്പരവിപ്രതിഷേധാദപ്രാമാണികമിദം ഭാഗവതമതമിത്യർത്ഥഃ"—എന്ന്, "വിപ്രതിഷേധാച്ച" എന്ന സൂത്രത്തിന്റെ വ്യാഖ്യാനത്തിലും തുറന്നു പറഞ്ഞിരിക്കുന്നു.

"വർണ്ണയന്തി ച ഭാഗവതാഃ കർത്തൃജീവാൽ സങ്കർഷണസംജ്ഞകാൽ കരണം മനഃ പ്രദ്യുമ്നസംജ്ഞകമുൽപദ്യതേ; കർത്തൃജാച്ച തസ്മാദനിരുദ്ധസംജ്ഞകോഹംകാര ഉൽപദ്യത ഇതി; ന ചൈതദ് ദൃഷ്ടാന്തമന്തരേണാധ്യവസാതും ശക്നുമഃ; ന ചൈവം ശ്രുതിമുപലഭാമഹേ"—എന്നാണ് ശങ്കര

ഭഗവൽപാദർ പാഞ്ചരാത്രപ്രക്രിയയെ ഖണ്ഡിക്കുന്ന ഘട്ടത്തിൽ ഒരിടത്തു പറഞ്ഞിരിക്കുന്നതു്. ആ പ്രക്രിയയ്ക്കു യുക്തിയുക്തതയുമില്ല, ശ്രുതിപ്രാമാണ്യവുമില്ല— എന്നാണ് ഈ ഭാഗംകൊണ്ടു സിദ്ധിച്ചതു്. 'ഏകായന'വേദശാഖ പില്ക്കാലത്തു വെളിപ്പെട്ടതായിരിക്കുമോ? എന്നാൽ, 'ഏകായന'ശാഖാവാദം കേവലം പാഞ്ചരാത്രക്കാരുടെ കുസൃഷ്ടിയാണ് എന്നു കല്പിക്കുവാനും അവകാശമില്ല. ആനന്ദതീർത്ഥ(മധ്വ)ഭാഷ്യത്തിൽ ഒരിടത്തു്, 'ഏകായനശാഖ'യിൽ ഉള്ളതാണെന്നു കാണിച്ച് ഒരു പംക്തി ഉദ്ധരിച്ചിട്ടുണ്ട്. അതാവിതു്:— "ജ്ഞാനാത്മകോ ഭഗവാംസ്തദാത്മികാ വ്യക്തിഃ. കിമാത്മകോ ഭഗവാൻ? ജ്ഞാനാത്മക ഐശ്വര്യാത്മക (ഏകായന) ഇതി"—

(അനന്തതീർത്ഥഭാഷ്യം—അദ്ധ്യായം ൨, പാദം ൨, അധികരണം ൧൧, സൂത്രം ൪൨)

ശ്രുതിസ്മൃത്യാദികളെ ഇതുപോലെ മാധ്വന്മാർ കുറെയൊക്കെ സൃഷ്ടിക്കും എന്ന് ഒരു പ്രവാദമുള്ളതു്, ഇവിടെ ആരും ഓർമ്മിച്ചുപോകാം.

ഏതായാലും ഒരു കാര്യം അസന്ദിഗ്ദ്ധംതന്നെ— വൈഷ്ണവാരാധനം അവൈദികമാണെന്ന് ആർക്കും അഭിപ്രായമില്ല. ഋഗ്വേദത്തിൽതന്നെ വൈഷ്ണവസൂക്തങ്ങൾ ധാരാളമുണ്ടുതാനും. അപ്പോൾ വന്നുകൂടുന്നതെന്തെന്നാൽ, വൈഷ്ണവാരാധനപ്രധാനവിശേഷമായ പാഞ്ചരാത്രസിദ്ധാന്തത്തിലെ ചില പ്രക്രിയകൾക്കു മാത്രമാണ്, അവൈദികത്വവും ശ്രുതിവിപ്രതിപന്നത്വവും, വൈദികമതദ്വേഷ്യത്വവും ഉള്ളതെന്നാണ്. അതെന്തെങ്കിലുമായിക്കൊള്ളട്ടെ, എന്ന സാമാന്യന്മാർക്ക് ഉദാസീനവൃത്ത്യാ വിട്ടുകൊടുക്കാൻ വൈഷമ്യമൊന്നുമില്ലതാനും. 'വിഷ്ണുസംഹിത'യിലെ ചില വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട്, ഈ ചർച്ചയിൽനിന്നു നമുക്കു വിരമിക്കാം. അതാവിതു്:—

"വേദമൂലതയാ തന്ത്രമാപ്തമൂലതയാഥവാ
പുരാണവൽ പ്രമാണം സ്യാൽ തഥാ മന്വാദിവാക്യവൽ"
"വേദതന്ത്രാദിഭേദേന ശാസ്ത്രം തു ബഹുധാ സ്മൃതം"
"ആപ്തപ്രോക്തതയാ തന്ത്രം പ്രമാണമിതി യേ വിദുഃ
വേദപ്രാമാണ്യമപ്യാഹുരാപ്തമൂലതയൈവ തേ".

"ക്രിയാചാരവിശേഷൈശ്ച ഭിദ്യന്തേ തേ പൃഥക് പൃഥക്
തദ്രൂപാണി ച തന്ത്രാണി മുനിഭിർഭേദമാഗതൈഃ
ബഹുധാ സമ്പ്രണീതാനി ഭേദേന ബഹുധാ സ്മൃതം."

ശൈവാഗമക്കാരുടെ കഥയും മറ്റുള്ളവരുടെ ഇപ്രകാരമെല്ലാം തന്നെ. രുദ്രസൂക്താദികളും, ശൈവോപനിഷത്തുകളും, വിശിഷ്യ ശ്വേതാശ്വതരോപനിഷത്തും അവരുടെ സിദ്ധാന്തങ്ങൾക്കു മൂലശ്രുതങ്ങളായ വേദഭാഗങ്ങളാണെന്നു സാധിക്കുവാൻ കഴിയും. യജുർവേദത്തിൽ, ശ്രീരുദ്രം, ചമകം മുതലായവയും, അഥർവ്വവേദത്തിലെ അഥർവ്വശിരസ്സ് തുടങ്ങിയവയും വേറെയും ഉണ്ട്. മഹാമാഹേശ്വരാചാര്യവര്യനായ ശ്രീമദഭിനവഗുപ്തപാദർ, സുവിസ്തൃതമായ തന്റെ 'തന്ത്രാലോക'മെന്ന ശൈവാഗമസിദ്ധാന്തഗ്രന്ഥത്തിന്റെ ൩൫-ാം ആഹ്നികത്തിൽ ശൈവാഗമപ്രാമാണ്യം വിശദമായി വർണ്ണിക്കുകയും സാധിക്കുകയും ചെയ്തിട്ടും ഉണ്ട്. പക്ഷേ, ശ്രുതിമൂലകമായ പ്രാമാണ്യം അല്ല വിസ്തരിച്ചിട്ടുള്ളതെന്ന് അനുസ്മരിക്കുവാനുമുണ്ട്. തന്ത്രാലോകത്തിന്റെ വ്യാഖ്യാതാവ്, കാശ്മീരികനായ ജയരഥനാകുന്നു. അദ്ദേഹം സ്വവ്യാഖ്യാനത്തിൽ എടുത്തു പറയുന്നതു നോക്കുക — "യേന ശ്രീമന്വാദി സ്മൃതൗ ഉശനസാദ്യുപലബ്ധാർത്ഥാനുമിതാ മൂലശ്രുതാ ശ്രുതിഃ കല്പ്യതേ, തഥാ ഇഹാപി ഭേദേന ബഹുധാവിധാം ശ്രുതിമദൃഷ്ട്വാ സാക്ഷാത്കൃതനിഖിലശൈവാഗമന്ത്രതത്ത്വസ്വരൂപം ഉപദിശേയുഃ — ഇത്യലം മഹാഗുരുണാമുപജ്ഞശാസ്ത്രപരീക്ഷണദോശികയാ". ഈവിധത്തിൽ, പ്രത്യക്ഷത്തിൽ ശ്രുതിപ്രാമാണ്യമില്ലാത്തിടത്തെല്ലാം അനുമിതശ്രുതിപ്രാമാണ്യം കല്പിക്കയോ, മറ്റും ശ്രുതിമൂലകമെന്ന വരുത്തിക്കൂട്ടുവാൻ വല്ല വിഷമതയുമുണ്ടോ?

മററായ മഹാശൈവാചാര്യനായ സാക്ഷാൽ അപ്പയ്യദീക്ഷിതർ, പുരുഷസൂക്തം തന്നെ ശിവപരമാണെന്ന്, 'ശിവകർണ്ണാമൃതം' എന്ന ഗ്രന്ഥത്തിൽ "ഈശാന" പദംപിടിച്ചു വാദിക്കുകയും സാധിക്കുകയും ചെയ്തിട്ടുള്ളതു വിചാരിക്കുമ്പോൾ, തന്ത്രവും വേദമൂലകംതന്നെ എന്നു വന്നുകൂടുന്നു. പക്ഷേ, അതിലും — ആ പ്രസ്ഥാനങ്ങളിലും — വേദസമ്മതങ്ങളല്ലാത്ത ചില പ്രക്രിയ

കളും ചില സിദ്ധാന്തങ്ങളും ഉണ്ടെന്നും, അവയെ അവലംബി ച്ചാണു വൈദികന്മാർ ഈ പ്രസ്ഥാനങ്ങളോടു് അവൈദികത്വം സ്ഥാപിക്കുന്നതെന്നും ഉള്ളതാണു് ഇവിടെയത്തെ രഹസ്യം.

ഇത്തരത്തിൽ ശാക്തന്മാർക്കും, ഉപാസികന്മാർക്കും, സംഹി താനുയായികൾക്കും, ഈ പ്രസ്ഥാനത്തിന്റെ വൈദികപ്രാമാ ണ്യത്തെ സ്ഥാപിക്കുവാൻ ശ്രമിക്കാതിരുന്നിട്ടില്ല. വരിവസ്യാ രഹസ്യത്തിന്റെ വ്യാഖ്യാനത്തിൽ ശ്രീമാനായ ഭാസ്കരരായം, പരശു രാമകല്പസൂത്രത്തിന്റെ 'സൗഭാഗ്യോദയ'മെന്ന വ്യാഖ്യാനത്തിൽ രാമേശ്വരമഹാപണ്ഡിതനും തന്ത്രപ്രാമാണ്യത്തെ സമ ർത്ഥിച്ചിട്ടുണ്ട്. മാനുഷങ്ങൾ—'തേഷാം (തന്ത്രാണാം) പ്രാമാ ണ്യസമർത്ഥനം തു അസ്മദീയ ത്രിപുരസുന്ദരീബാഹ്യവരി വസ്യാവിധൗ ദ്രഷ്ടവ്യം'—എന്നും വരിവസ്യാരഹസ്യവ്യാഖ്യാ നത്തിൽ പ്രസ്താവിച്ചിരിക്കുന്നു. പക്ഷേ, താന്ത്രികന്മാർ, തന്ത്ര പ്രാമാണ്യം യഥാകഥഞ്ചിൽ സാധിക്കണം എന്നല്ലാതെ, അതു വൈദികം തന്നെയാണ് എന്നു സമർത്ഥിക്കുവാൻ, ഭാസ്കരരായാദി കൾക്കുംപോലും ധൈര്യം കാണപ്പെടുന്നില്ല. എന്നു മാത്രമല്ല, വേദത്തെക്കാളും തന്ത്രത്തിനു പ്രാമാണ്യമുണ്ടെന്നു്, തന്ത്രഗ്രന്ഥങ്ങളിൽ തന്നെ പറയുന്നതുമുണ്ട്. ഇതാ നോക്കുക:—

'കലികല്മഷദീനാനാം ദ്വിജാദീനാം സുരേശ്വരി! മേ
ധ്യാമേധ്യവിചാരാണാം ന ശുദ്ധിഃ ശ്രൗതകർമ്മണാ
ന സംഹിതാദ്യൈഃ സ്മൃതിഭിരിഷ്ടസിദ്ധിർനൃണാം
ഭവേൽ, ന
സത്യം സത്യം പുനഃസത്യം സത്യം സത്യം മയോച്യതേ;
വിനാ ഹ്യാഗമമാർഗ്ഗേണ കലൗ നാസ്തി ഗതിഃ പ്രിയേ! ശ്രു
തിസ്മൃതിപുരാണാദൗ മയൈവോക്തം പുരാ ശിവേ!
ആഗമോക്തവിധാനേന കലൗ ദേവാൻ യജേൽ സുധീഃ. ക
ലാവാഗമമുല്ലംഘ്യ യോഽന്യമാർഗ്ഗേ പ്രവർത്തതേ
ന തസ്യ ഗതിരസ്തീതി സത്യം സത്യം ന സംശയഃ.'' ൻ

(മഹാനിർവ്വാണതന്ത്രം—൨-ാമുല്ലാസം.)

ഇതു് പ്രാമാണികസമ്മതിയുള്ള സിദ്ധാന്തമാക്കിത്തീർക്ക വാൻ പ്രയാസമുണ്ടു്. ഇവരെ അപേക്ഷിച്ചുപാതികളായ ബ്രാഹ്മ ണികന്മാരെ സാക്ഷാൽസ്ഥാനത്തു ഇരിക്കേണ്ടവരായിരിക്കണം. ശ്രുത

സംഹിതയുടെ യജ്ഞവൈഭവഖണ്ഡത്തിൽ മാർഗ്ഗപ്രാമാണ്യ വർണ്ണനം ഒന്നാമദ്ധ്യായമാണ്. സകലപ്രമാണങ്ങളുടേയും വിവരണവും വിശദീകരണവും ആണ് അതിലടങ്ങിയിരിക്കുന്നത്. മാർഗ്ഗപ്രാമാണ്യത്തെ പറ്റാതിരിക്കുവാൻ ആശിക്കുന്നവർക്ക് ഒരു ഭാഗം വളരെ പ്രയോജകീഭവിക്കുന്നതാണ്. ആകയാൽ അതിവിടെ ഉദ്ധരിക്കേണ്ടതും അത്യാവശ്യം തന്നെ:—

„അഥാതഃ സമ്പ്രവക്ഷ്യാമി മാർഗ്ഗപ്രാമാണ്യനിർണ്ണയം;
ശൃണുധ്വം സംഹിതാ ഭൂയഃ ശ്രദ്ധയാ മുനിപുംഗവാഃ!
വേദോഽയം ധർമ്മശാസ്ത്രാണി പുരാണം ഭാരതം തഥാ
വേദാംഗാന്യുപവേദാശ്ച കാമികാദ്യാഗമാനപി.
കാപാലം ലാകുളം ചൈവ [illegible] ദ്വിജർഷഭാഃ!
തഥാ പാശുപതം സോമം ഭൈരവാദ്യാഗമാൻ
[illegible] ശതശഃ സ്ഥിതാഃ
[illegible] *[illegible]....
(താനും)

ലോകായതം തർക്കശാസ്ത്രം [illegible]
മീമാംസാമപി [illegible] സാംഖ്യയോഗൗ തഥൈവ ച.
അനേകജന്മജനിതാത് പുണ്യ [illegible] ച
നിർമ്മലെ ശങ്കരഃ സാക്ഷാൽ സർവ്വജ്ഞഃ [illegible].
പ്രസാദേന [illegible] സൂതഃ
സിദ്ധാ വിദ്യാധരാ യക്ഷാ [illegible] തഥൈവ ച;
മുനയശ്ച മനുഷ്യാശ്ച [illegible]
താന്യേവ [illegible] സംഗ്രഹേണൈവ [illegible]
കല്പിതാനി മാനാനി കഥിതാനി മനീഷിഭിഃ,

അധികാരിവിശേഷേണ [illegible] ദ്വിജാഃ!
[illegible] മാർഗ്ഗസ്യ [illegible] മനീഷിഭിഃ.
യഥാ തോയപ്രവാഹാണാം സമുദ്രഃ പരമായനഃ
തഥൈവ സർവ്വമാർഗ്ഗാണാം സാക്ഷാന്നിഷ്ഠാ [illegible]
യേനകേന പ്രകാരേണ [illegible]
തത്തന്മാർഗ്ഗാനുസാരേണ [illegible]
തൽപ്രസാദാൽ ക്രമാൻ മാർഗ്ഗാൻ [illegible] മാനവഃ
തത്ര തത്ര സ്ഥിതോ ദേവഃ പ്രസാദം കുരുതേ [illegible].

* [illegible] (ശ്ലോ. [illegible])

സോപാനക്രമതോ ദേവാ വേദമാർഗ്ഗസ്യ ഹേതവഃ
വേദമാർഗ്ഗസ്ഥിതോ ദേവഃ സാക്ഷാന്മുക്തേസ്തു കാരണം.

തത്രാപി കർമ്മമാർഗ്ഗസ്ഥോ ജ്ഞാനയോഗപ്രദോ *ഹി നഃ
ജ്ഞാനമാർഗ്ഗസ്ഥിതഃ ശംഭുർജ്ഞാനദ്വാരേണ മോക്ഷദഃ
ഏകരൂപാ പരാ മുക്തിസ്സതസ്തദ്വിഷയാ മതിഃ
ഏകരൂപാ ഭവേന്നൈവ നാനാരൂപാ ഭവിഷ്യതി.
വേദാന്തഃ ശങ്കരം സാക്ഷാന്നിർവ്വിശേഷാദ്വയാത്മനാ,
വക്തി മാർഗ്ഗാന്തരാൻ നൈവം; അതോ വിദ്യാ തു വേദജാ.
അതോ മാർഗ്ഗാന്തരാജ്ജാതാ ഭ്രമതോ † മതിമത്തമാഃ!
അവിദ്യാ നൈവ വിദ്യാസ്സ്യുരിതി സമ്യക് നിരൂപിതം.
അസ്മാന്മാർഗ്ഗാന്തരാണാം തു പ്രാമാണ്യം വേദവിത്തമാഃ!
മുക്തേരന്യത്ര നൈവാത്ര ക്രമേണൈവാത്ര മാനതാ.
അതോ വേദാന്തമാർഗ്ഗസ്ഥോ മഹാദേവോഽചിരേണ തു
മുക്തിം ദദാതി നാന്യത്ര സ്ഥിതഃ സോഽപി ക്രമേണ തു.
ദദാതി പരമാം മുക്തിമിത്യേഷാ ശാശ്വതീ ശ്രുതിഃ
അതോ വേദസ്ഥിതോ മർത്ത്യാ നാന്യമാർഗ്ഗം സമാശ്ര
വേദമാർഗ്ഗൈകനിഷ്ഠാനാം ന കിഞ്ചിദപി ദുർല്ലഭം [യേൽ.
അതഏവ ഭവേന്മുക്തിർമുക്തയോഽത്ര പുഷ്കലാഃ
അതോഽധികാരിഭേദേന മാർഗ്ഗാ മാനം ന സംശയഃ

ഈശ്വരസ്യ സ്വരൂപേ ച ബന്ധഹേതൗ തഥൈവ ച
ജഗതഃ കാരണേ മുക്തൗ ജ്ഞാനാദൗ ച തഥൈവ ച
മാർഗ്ഗാണാം യേ വിരോധാംശാ വേദാന്തേന വിചക്ഷണാഃ!
തേഽപി മന്ദമതീനാം ഹി മഹാമോഹാവൃതാത്മനാം
വാസനാമാത്രതസ്തേഷു പ്രവൃത്താഃ; ന യഥാർത്ഥതഃ.
ദർശയിത്വാ തൃണം മർത്ത്യോ ധാവന്തീം ഗാം യഥാ ഗൃ
ഹീൽ
ദർശയിത്വാ തഥാ തേഷാമിഷ്ടം പൂർവ്വം മഹേശ്വരഃ
പശ്ചാത് പാകാനുഗുണ്യേന ദദാതി ജ്ഞാനമുത്തമം.
തസ്മാദുക്തേന മാർഗ്ഗേണ ശിവേന കഥിതാ ഇമേ
മാർഗ്ഗാ മാനം ന ചാമാനം — മൃഷാവാദീ കഥം ശിവഃ!
മഹാകാരുണികോ ദേവഃ സർവ്വജ്ഞോ നിർമ്മലഃ ഖലു.

---

* 'ഹരഃ' (പാ. ഭേ.) † മുനിസത്തമാഃ (പാ. ഭേ.)

തഥാപി, വേദോ മാർഗ്ഗാണാമുത്തമഃ സർവസാധകഃ
സർവ്വമുക്തം സമാസേന മാർഗ്ഗപ്രാമാണ്യനിർണ്ണയം,
ഏവം ബുദ്ധ്വാ ശ്രുതൗ ഭക്ത്യാ കുർയാദ്ധർമ്മം യത്നതോ ദ്വിജഃ!''

(ബ്രഹ്മാണ്ഡപുരാണം, അദ്ധ്യായം [illegible])

ഇതിന്റെ സാരം, സകലവിധസിദ്ധാന്തങ്ങളും ഈശ്വരപ്രോക്തങ്ങൾ തന്നെ എന്നും, അതാതിന്റെ നിലയും അധികാരിഭേദവും അനുസരിച്ച് അവയെല്ലാം പ്രാമാണ്യമുണ്ടെന്നും, അവയെല്ലാം പരമ്പരാസംബന്ധേന ശ്രേയസ്സാധകങ്ങളാണെന്നും, ഒന്നിനെയും യുക്തിവാദമാശ്രയിച്ച് ഖണ്ഡിക്കരുതെന്നും, എന്നാൽ വൈദികമാർഗ്ഗത്തിന്നാണ് സർവ്വാതിശായിയായ പ്രാധാന്യവും പ്രാമാണ്യവും എന്നും, വേദമാർഗ്ഗനിഷ്ഠന്മാർക്ക് ദുർല്ലഭമായിട്ട് യാതൊന്നും തന്നെ ഇല്ലെന്നും, അവർ അന്യമാർഗ്ഗങ്ങളൊന്നും ആശ്രയിച്ചുപോകരുതെന്നും, വേദമാർഗ്ഗത്തിൽനിന്ന് വിലക്ഷണമായ മാർഗ്ഗങ്ങൾ മററുമാർഗ്ഗങ്ങളിൽ പറഞ്ഞിട്ടുള്ളത് മന്ദപ്രജ്ഞന്മാരെ ഉദ്ദേശിച്ചു മാത്രം ആണ് തത്ത്വരൂപേണയല്ല എന്നും സർവോത്തമവും സർവസാധകവും ആയിട്ടുള്ളത് വേദമാർഗ്ഗം തന്നെ എന്നും മററുമാണല്ലോ. ഇതുതന്നെയാണ് ശ്രീമധുസൂദനസരസ്വതി 'പ്രസ്ഥാനഭേദ'ത്തിന്റെ അവസാനത്തിൽ ഭംഗ്യന്തരേണ സിദ്ധാന്തിച്ചിട്ടുള്ളതെന്നും ധരിക്കേണ്ടതാണ്. എന്തെന്നാൽ:—

"സർവ്വേഷാം പ്രസ്ഥാനകർത്തൄണാം മുനീനാം വിവർത്തവാദപര്യവസാനേന അദ്വിതീയേ പരമേശ്വരേ പ്രതിപാദ്യേ താൽപര്യം. ന ഹി തേ മുനയോ ഭ്രാന്താഃ; സർവ്വജ്ഞത്വാൽ തേഷാം. കിന്തു, ബഹിർവ്വിഷയപ്രവണാനാമാപാതതഃ പുരുഷാർത്ഥേ പ്രവേശോ ന സംഭവതീതി നാസ്തിക്യവാരണായ തൈഃ പ്രകാരഭേദാഃ പ്രദർശിതാഃ. തത്ര തേഷാം താൽപര്യമബുദ്ധ്വാ വേദവിരുദ്ധേഽപ്യർത്ഥേ താൽപര്യമുൽപ്രേക്ഷമാണാഃ തന്മതമേവ ഉപാദേയത്വേന, ഗൃഹ്ണന്തോ ജനാഃ നാനാപഥജുഷോ ഭവന്തി''.

ഇവിടെ തന്ത്രാധികാരി ആര് എന്ന പ്രശ്നം ഉദിക്കുന്നു. ബ്രഹ്മാനന്ദഭാരതിമുനി''കൃതമായ 'പുരുഷാർത്ഥപ്രബോധം' എന്ന

ഗ്രന്ഥത്തിൽ മാർഗ്ഗാധികാരികളെ നാലായിട്ട് തരംതിരിച്ച് വിവരിച്ചുകാണിച്ചിട്ടുണ്ട്. എങ്ങനെയെന്നാൽ:—

"ശുദ്ധശൈവവൈദിക ഇത്യേകഃ, പരസ്താന്ത്രികവൈദികഃ,
ശുദ്ധതാന്ത്രിക ഇത്യന്യോ/പരോ വൈദികതാന്ത്രികഃ,
ഏതേ ചത്വാര ആത്മജ്ഞാഃ, സ്വസ്വകർമ്മാനുസാരതഃ
മാർഗ്ഗാധികാരിണഃ പ്രോക്താഃ ശിവേന പരമാത്മനാ."

ഇപ്രകാരം ശുദ്ധവൈദികൻ, താന്ത്രികവൈദികൻ, ശുദ്ധതാന്ത്രികൻ, വൈദികതാന്ത്രികൻ—എന്ന നാലു തരക്കാരുടെയും ലക്ഷണങ്ങളും അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നു. അതാവിത്:—

"തന്ത്രഗന്ധം ന സ്പൃശതേ യഃ സോ/യം ശുദ്ധവൈദികഃ
സതന്ത്രാംശസ്മൃതിപ്രീതഃ പ്രോക്തസ്താന്ത്രികവൈദികഃ;
വേദഗന്ധം ന സ്പൃശതേ യഃ സദാ ശുദ്ധതാന്ത്രികഃ
സവേദാംശാനുപ്രീതോ യോ/സൗ വൈദികതാന്ത്രികഃ."

പിന്നീട് ഈ നാലു തരക്കാർക്കും അധികരിക്കാവുന്ന മാർഗ്ഗങ്ങളെയും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അതിപ്രകാരമാണ്:—

"വേദവേദാന്തകർമ്മാധികാരീ ശുദ്ധവൈദികഃ;
തന്ത്രോപസക്തവേദാന്തേ ശാസ്ത്രേ/ധികൃത് താന്ത്രികവൈദികഃ;
വേദാസ്വാദേ തന്ത്ര്യ/ധികാരീ ശുദ്ധതാന്ത്രികഃ;
വേദോപസർഗ്ഗേ തന്ത്ര്യ/ധികൃത് വൈദികതാന്ത്രികഃ."

ഇതിൽനിന്ന്, ഏതേതുതരക്കാർക്ക് ഏതേതുമാർഗ്ഗം സ്വീകാര്യം എന്നു മനസ്സിലാക്കാവുന്നതാണല്ലോ. ഇത് ഗ്രന്ഥകാരന്റെ കപോലകല്പിതമതമല്ലെന്നും, പ്രാചീനമതമാണെന്നും,

"മാർഗ്ഗാധികാരിണശ്ചൈതേ പ്രോക്താ ദേവേന ശംഭുനാ,"

എന്ന അംശംകൊണ്ട് അദ്ദേഹം കാണിച്ചിട്ടും ഉണ്ട്.

ഈ നാലുതരം അധികാരികൾക്ക്, ഇതേ തരത്തിലുള്ള പ്രമാണഗ്രന്ഥങ്ങളെയും ആചാര്യൻ എടുത്തുപറയുന്നുണ്ട്. ജിജ്ഞാസുക്കൾക്ക് അതും വളരെ പ്രയോജനകരമായിരിക്കുമെന്നു കരുതി, ഇവിടെ ഉദ്ധരിച്ചു കാണിക്കാം:—

I. “സംസ്കൃതസംഹിതം പാരമേശ്വര്യം സ്യാച്ഛ്രൗതവൈദികം,
ശിവരാഘവസംവാദവായവീയാദികം ബുധൈഃ
വേദാഗമവിഭാഗജ്ഞൈഃ പ്രോക്തം താന്ത്രികവൈദികം,
ദേവീഗന്ധാസ്വച്ഛന്ദം തന്ത്രം സോമപാശുപതാദികം
ശുദ്ധതന്ത്രമിതി പ്രോക്തം വേദതന്ത്രാർത്ഥകോവിദൈഃ.
പാഞ്ചരാത്രം ഭാഗവതം ശൈവസിദ്ധാന്തസംജ്ഞിതം
സർവ്വമേതന്മഹാപ്രാജ്ഞൈഃ പ്രോക്തം വൈദികതാന്ത്രികം.

II. പാണിനീയം ജൈമിനീയം ശാസ്ത്രം വൈയാസികം തഥാ
ഭാഷ്യം ച ഭഗവത്പാദീയം പ്രോക്തം ശുദ്ധവൈദികം.
അക്ഷപാദീയകാണാദകാപിലാനി തഥൈവ ച
പാതഞ്ജലം ചൈതത് സർവ്വം പ്രോക്തം താന്ത്രിക- [വൈദികം
ശാരദാതിലകം തദ്വന്മന്ത്രദേവപ്രകാശികാ
പ്രപഞ്ചസാരം ചാശേഷം പ്രോക്തം വൈദികതാന്ത്രികം
നിത്യശാസ്ത്രം ശിവപ്രോക്തം ഷഡാമ്നായവിരാജിതം
ഹോമമന്ത്രഭയദ്രവ്യാമരൗഘാവാപ്തിസാധകം,
ജ്ഞാനനാശ്യാനാദിഭാവപ്രപാജ്ഞാനനിഷേധകം
ശുദ്ധതന്ത്രമിതിപ്രോക്തം പണ്ഡിതൈഃ സൂക്ഷ്മദർശിഭിഃ.

അസാങ്കര്യായ മാർഗ്ഗാണാം
മാർഗ്ഗിണാം ച പരസ്പരം
മയാ ശിവഭൃതിതേന
വിഭാഗോ,യം പ്രദർശിതഃ.”

തന്ത്രവിഷയകമായി വീണ്ടും അവിടവിടെ സിദ്ധാന്തിക്കുന്നത് അവൈദികന്മാർക്ക് തന്ത്രംകൊണ്ടു കൈകാര്യം ചെയ്തുകൂട എന്നതന്നെയാണ്. ഏതാനും പംക്തികൾ നോക്കുക:—

“ക്വചിൽ ക്വചിത് പുരാണാദൗ വേദമൂലേഽപി സർവ്വഥാ
സന്തി നിർമ്മൂലതന്ത്രാംശാസ്സ്തു ഗ്രാഹ്യാ ന വൈദികൈഃ.

പുരാണാദിസമതന്ത്രാംശാൻ തന്ത്രാണി ച ശിവാജ്ഞയാ,
വേദാപ്ത്യുപായഭൂതാന്യേവ ഗൃഹ്ണീയാത് താന്ത്രികോ
[ത്തമഃ.
വേദനിന്ദ്യോ/പി തന്ത്രാണി താന്ത്രികാംശ്ച ന ദൂഷയേൽ;
തന്ത്രനിഷ്ഠസ്തഥാ വേദാൻ വൈദികാംശ്ച ന ദൂഷയേൽ".

... ...

"പ്രവൃത്താന്യപ്രവൃത്താനി വചനാനി ശിവാജ്ഞയാ
താന്ത്രികാൻ പ്രതി; നോ ശുദ്ധവൈദികാനമലാൻ പ്രതി,"

... ...

"തന്ത്രാണി തന്ത്രനിഷ്ഠാനാം രക്ഷകാണ്യപി ച ക്രമാൽ;
ബോധകാനി വിശേഷേണ വേദമാർഗ്ഗൈകവർത്തിനാം.
അതഃ ശ്രുത്യുദിതം ധർമ്മം ഗൃഹ്ണീയാദേവ വൈദികഃ;
തന്ത്രസിദ്ധം ന ഗൃഹ്ണീയാന്മോഹാദ്യോ/പി കദാചന.
യത്തു തന്ത്രാന്തരോദ്ദേശേന കഥിതം തൽപരിത്യജേൽ."
"വേദബാഹ്യാഗമസ്പൃഷ്ടാൻ മനുഷ്യാനഖിലാനപി
ശ്രൗതസ്മാർത്തപരോ മർത്ത്യാ മോഹേനാപി ന സംസ്പൃ-
[ശേൽ.
വേദബാഹ്യാഗമസ്പൃഷ്ടാൻ മോഹേനാപി സ്പൃശേദ്യദി
ശ്രൗതസ്മാർത്തപരോ മർത്ത്യഃ സചേലസ്നാനമാചരേൽ."

... ...

"വേദമൂലതയാ നിത്യം പ്രവൃത്താ അപി സത്തമ!
ക്വചിൽ കദാചിൽ സ്മാർത്താസ്തന്ത്രാർത്ഥാംശ്ച ബ്രുവന്തി
[ഹി.
ക്വചിത് തന്ത്രാന്തരോദ്ദേശേന ധർമ്മം പൌരാണികാ അപി
വദന്തി താദൃശോ/ംശസ്തു ഗ്രാഹ്യസ്തന്ത്രാവലംബിഭിഃ.
പുരാണേ ധർമ്മശാസ്ത്രേ ച യോ/ംശഃ ശ്രുത്യാ വിരുദ്ധ്യതേ
സ തന്ത്രാർത്ഥസ്തു വിജ്ഞേയഃ സമാസേന മനീഷിഭിഃ."

... ...

"പാഞ്ചരാത്രാദിമാർഗ്ഗാണാം വേദമൂലത്വമാസ്തികേ!
നഹി; സ്വാതന്ത്ര്യാംശസ്തു തേന ഭ്രാന്തിമൂലാ നിരൂപണേ.
തഥാപി യോ/ംശോ മാർഗ്ഗാണാം വേദേന ന വിരുദ്ധ്യതേ,
സോ/ംശഃ പ്രമാണമിത്യുക്തം കേഷാഞ്ചിദധികാരിണാം.

അത്യന്തമലിനാനാം തു പ്രാണിനാം വേദമാർഗ്ഗതഃ
പാഞ്ചരാത്രാദയോ മാർഗ്ഗാഃ കാലേനൈവോപകാരകാഃ.

താന്ത്രികാണാമഹം ദേവി! ന ലഭ്യോ/വ്യവധാനതഃ;
കാലേന ദേവതാപ്രാപ്തിദ്വാരേണൈവാഹമാസ്തികേ!
ലഭ്യോ വൈദികനിഷ്ഠാനാമഹമവ്യവധാനതഃ,
തത്രാപി കർമ്മനിഷ്ഠേഭ്യോ ജ്ഞാനനിഷ്ഠസ്യ സുന്ദരി!"

(സൂതസംഹിതയിൽനിന്ന് ഉദ്ധൃതം)

ഈ ഉദ്ധൃതഭാഗങ്ങളിൽനിന്ന്, തന്ത്രമാർഗ്ഗത്തിന് പ്രാമാണ്യം കുറെയൊക്കെയുണ്ടെങ്കിലും, വൈദികമാർഗ്ഗത്തിനാണ് പ്രാധാന്യമെന്നും, അനധികാരികൾക്കാണ് പ്രാധാന്യേന തന്ത്രമാർഗ്ഗമെന്നും തെളിയുന്നുണ്ടല്ലോ. തന്ത്രഗ്രന്ഥങ്ങൾക്ക്, അഥവാ ഓരോ തരം തന്ത്രപ്രസ്ഥാനങ്ങൾക്ക്, വേദമൂലകത്വവും, പ്രാമാണ്യവും സമർത്ഥിക്കുന്നതിനായി അവിടവിടെ അതിപ്രയത്നം ചെയ്തുകാണുന്നതിന്റെ രഹസ്യവും ഇതിൽനിന്ന് അഭ്യൂഹനീയമായിരിക്കുന്നു എന്നു മാത്രവുമല്ല, ചില തന്ത്രമാർഗ്ഗങ്ങൾ വൈദികനിഷ്ഠയിൽത്തന്നെ തന്ത്രം നടത്തണമെന്ന് അനുശാസിച്ച്, സ്വയം വേദാധിഷ്ഠിതത്വമുദ്ഘോഷിച്ചുകാണുന്നതും, ഈയവസ്ഥയ്ക്ക് ഉചിതം തന്നെ. വൈഷ്ണവതന്ത്രവിഭാഗത്തിൽപെട്ടതായ വൈഖാനസപ്രസ്ഥാനക്കാരൻ പറഞ്ഞിരിക്കുന്നതു നോക്കുക:— "മരീചിം മഹാമുനിം ....നാനാലോകവാസിനോ ധർമ്മസംസക്താ ഋഷയഃ സമാഗമ്യ അഭിവന്ദ്യ "ഭഗവൻ കേന മാർഗ്ഗേണ വൈഷ്ണവാഃ ലോകം ദേവമർച്ചയന്തഃ കാൻ ഗമിഷ്യന്തീ"തി ഊചുഃ. മരീചിരുവാച — ശ്രൗതസ്മാർത്തക്രമമാർഗ്ഗേണ ചതുർവ്വേദോദ്ഭവൈർമ്മന്ത്രൈഃ ദേവം നാരായണമർച്ചയേൽ. തദ്വിഷ്ണോഃ സാലോക്യാദിപദാവാപ്തിർഭവതി — ഇതി നാരായണം പരം ബ്രഹ്മ പരം ജ്യോതിരക്ഷരം സർവ്വഭൂതാധാരം സർവാത്മകം സർവ്വാധാരം സനാതനം പരം പുരുഷമർച്ചയേൽ."

(വൈഖാനസ-സംഹിത — മരീചിപ്രോക്തം)

[പുറം ൧.]

ഇപ്രകാരം താന്ത്രികന്മാർ തന്ത്രത്തെ വേദത്തിലേയ്ക്കു തള്ളിക്കയറുന്നുണ്ടെങ്കിലും, വേദം തന്ത്രത്തെയത്രത്തോളം സ്വീകരിച്ചിട്ടില്ലെന്നുകൂടി വിചാരിച്ചുനോക്കേണ്ടത് ആവശ്യകമാണല്ലോ. ഉപാസനാമാർഗ്ഗം വേദത്തിൽ സിദ്ധവും പ്രസിദ്ധവുമാണെന്നു

ള്ളതിന്നു സംശയമില്ല. ഉപനിഷത്തുകളിൽ പലതും തന്ത്രമാർഗ്ഗങ്ങളെ അനുഗ്രഹിക്കുന്നവയെന്നും എടുത്തുകാണിക്കുന്നു. പക്ഷേ ഉപനിഷത്തുകൾക്കെല്ലാം സാക്ഷാത്തായ വേദത്വം എത്ര മാത്രം അനുവദിച്ചുകിട്ടും എന്നു് ആലോചിക്കണം. ഭഗവദ്ഗീത'കൂടി ഉപനിഷത്തെന്ന പ്രസിദ്ധമാണെന്നു പറയേണ്ടതില്ലല്ലോ. ആ വകുപ്പിൽ ഉൾപ്പെടുകയും ചെയ്യും. പുരുഷസൂക്താദികൾ, ഉപനിഷത്സംഗ്രഹപുസ്തകങ്ങളിൽ ചേർത്തുകാണാറില്ലെങ്കിലും, വൈദികന്മാരുടെ ഇടയിൽ ഉപനിഷത്തെന്ന തന്നെയാണു് അവയെ ഗണിച്ചുവരുന്നതു്. സംഹിതോപനിഷത്തു്, ബ്രാഹ്മണോപനിഷത്തു്, പുരാണോപനിഷത്തു് ഇത്യാദി വിഭാഗവും ഉപനിഷത്തുകൾക്കു് പ്രസിദ്ധമായിട്ടുണ്ടല്ലോ. ഇപ്പോൾ വെളിപ്പെട്ടിട്ടുള്ള ഉപനിഷത്തുകൾക്കു മുഴുവൻ വേദാന്തർഭൂതത്വം സമർത്ഥിക്കുക സുശകമാണോ എന്നോ! അപ്പോൾ, ഉപനിഷത്സൂചനകൊണ്ടുമാത്രം തന്ത്രങ്ങൾക്കു വൈദികത്വം വാദിക്കാൻ പുറപ്പെട്ടാൽ, തക്ക മറുപടിയും കിട്ടിയേക്കാം. "മന്ത്രബ്രാഹ്മണയോർവേദനാമധേയം" എന്നുള്ളതു സുവിദിതമാണു്. അതു സംഹിതകളേയും ബ്രാഹ്മണങ്ങളേയും ആണു് ഉൾക്കൊള്ളുന്നതു്. സംഹിതകളിൽ 'തന്ത്ര'ത്തെ പറ്റി പരാമർശിക്കുന്നഭാഗം വിരളമാണെന്നു തോന്നുന്നു. ഋക്സംഹിതയിൽ തന്ത്രശബ്ദം ഒരിടത്തേ പ്രയോഗിക്കപ്പെട്ടിട്ടുള്ളു. അതു് — 'ഇമേ യേ നാർവാങ്ന'— ഇത്യാദി ഋക്കിൽ "സിരീസ്തന്ത്രം തന്വതേ അപ്രജജ്ഞയഃ" എന്നുള്ളതാണു്. യജുസ്സംഹിതയിലും ഒരിടത്തു മാത്രമാണത്രേ തന്ത്രശബ്ദപ്രയോഗം. അതായതു് — "സീസേന തന്ത്രം മനസാ മനീഷിണഃ" എന്ന മന്ത്രത്തിൽ അന്തർഭവിച്ചിരിക്കുന്നതു്. സാമവേദസംഹിതയിൽ ഒരിടത്തും 'തന്ത്ര'പദമില്ലെന്നാണു് പരിശോധകമതം. അഥർവ്വവേദത്തിൽ ഉണ്ടു്; അതും ഒരിടത്തു മാത്രം. അതായിതു്:—

"തന്ത്രമേകേ യുവതി വിരൂപേ
അഭ്യാക്രാമം വയതഃ ഷണ്മയൂഖം"

എന്ന ഭാഗത്തു് കാണപ്പെടുന്നതു്. ഇങ്ങനെ മൂന്നു വേദത്തിലും ഓരോ ദിക്കിൽമാത്രം പ്രയോഗിക്കപ്പെട്ടുകാണുന്ന 'തന്ത്ര'പദം തന്ത്രപ്രസ്ഥാനങ്ങൾക്കു് അനുകൂലമായ തരത്തിലർത്ഥത്തെത്തന്നെയും

ദാഹിക്കുന്നതായി ഭാഷ്യങ്ങളിൽ പറയുന്നില്ല. കേവലം 'തന്ത്രവർണ്ണം' (ടെൿസ്റ്റ്) എന്ന മാത്രമാണ് ഈ മൂന്ന ഭാഗത്തും പറയപ്പെട്ടുകാണുന്നത്. അതാത്ത ഭാഗങ്ങളിലെ പ്രകൃതവും (പ്രകരണവും) മാതിരിയാകുന്നു. ആസ്തികമായിച്ചിന്തിക്കയാണെങ്കിലോ— മന്ത്രങ്ങൾ മുഴുവനും തന്ത്രങ്ങളിൽ ഉപയോഗപ്പെടുന്നവ. ഏതുവരെ ഉപയോഗപ്പെട്ടതായുണ്ടെന്നുള്ളത് "ഋഗ്വിധാന"ാദികളും, ശ്രൗതസൂത്രാദികളും, തന്ത്രഗ്രന്ഥങ്ങളും തെളിയിക്കുന്നുണ്ട്*. അഥർവവേദത്തിലും, ബ്രാഹ്മണങ്ങളിലും ഉപനിഷത്തുകളിലും തന്ത്രത്തിന്റെ കാലടികൾ തന്നെ അവിടവിടെയുണ്ടെന്നും ആധുനികന്മാർ അഭിപ്രായപ്പെടുന്നു. അഥർവവേദം ദുർമന്ത്രവാദങ്ങളുടെ ഇരിപ്പിടമാണെന്നുള്ള പ്രഥയും, ശ്രുതിയിൽനിന്ന ഭിന്നമായിട്ട് അതിനെ ഗണിച്ചുവരുന്നതും, തദനുയായികളുടെ സംഖ്യ ഇപ്പോഴും വിരളമായിരിക്കുന്നതും, തൽപ്രയോഗ്യമായ ശ്യേനയാഗാദി അധർമ്മമായി ഗണിക്കപ്പെട്ടുവരുന്നതും മററും ഇവിടെ അനുസന്ധേയങ്ങളാണ്. ഇതുകൊണ്ടു വന്നുകൂടുന്നതെന്ത്? വൈദികമായാൽത്തന്നെയും, അധാർമ്മികവും പാപഹേതുകവും ലോകഗർഹിതവും ആയ കാര്യം ചെയ്യരുതെന്നും, നിഷിദ്ധാചരണം അനിഷ്ടഫലകമാകുമെന്നും അല്ലയോ? കാമനാനുഗുണമായിട്ടുള്ള സിദ്ധികളും അവയുടെ സാധ്യതകളും ശാസ്ത്രങ്ങളിൽ പറയപ്പെട്ടു. അതുകൊണ്ടുള്ള ഉദ്ദിഷ്ടഫലവും, അനിഷ്ടഫലവും, കർമ്മാനുഷ്ഠാതാവ് കൈക്കൊള്ളേണ്ടതായും വരും. "ഗ്രന്ഥത്തിൽ കണ്ടതൊക്കെ പട്ടേരി ചെയ്യണമെന്ന പറഞ്ഞിട്ടുണ്ടോ?" എന്നുള്ള പ്രസിദ്ധമായ അശരീരിവചനം ഓർമ്മിച്ചുനോക്കുക. അതുകൊണ്ട്, ഒന്നിന്റെ പ്രാമാണ്യമോ, പ്രാധാന്യമോ, സാഫല്യമോ, വൈഫല്യമോ, ഇഷ്ടസിദ്ധിയോ, അനിഷ്ടപ്രാപ്തിയോ ഒക്കെ, അധികാരിഭേദം അനുസരിച്ചു നിശ്ചയിച്ചുകൊള്ളണം എന്നുതന്നെയാണ് പരമാർത്ഥ്യമായി ധരിക്കേണ്ടത്.

IV. താന്ത്രികസൂത്രങ്ങൾ.

സംഹിതകൾ, ആഗമങ്ങൾ, തന്ത്രങ്ങൾ— എന്നിവയ്ക്കു പുറമെ സൂത്രരൂപേണയും തന്ത്രഗ്രന്ഥങ്ങൾ ഉണ്ടെന്നുള്ളത്

---

* "On the other band, some essential traits of the Tantras can be found as far back as in the Atharva Veda, as well as in the Brāhmaṇas and Upaniṣads" (A History of Indian literature, by Winternity, Vol 3. I, p, 605)

ഗ്രഹിച്ചിരിക്കേണ്ടതാണ്. വൈഖാനസസൂത്രം, നാരദഭക്തിസൂത്രം ഇത്യാദി വൈഷ്ണവപ്രസ്ഥാനത്തിലും; പാശുപതസൂത്രം, ശ്രുതിശാസനം മുതലായവ ശൈവപ്രസ്ഥാനത്തിലും; പരശുരാമകല്പസൂത്രം, ശക്തിസൂത്രം ഇങ്ങിനെയവ ശാക്തപ്രസ്ഥാനത്തിലും ഉള്ള മുഖ്യതരം താന്ത്രികസൂത്രങ്ങൾ ആകുന്നു. പല പ്രചണ്ഡപണ്ഡിതന്മാരുടേയും വ്യാഖ്യാനാദികൾകൊണ്ട് ഇവ സാമാന്യം വളർന്നിട്ടുമുണ്ട്. എങ്കിലും, സംഹിതാഗമതന്ത്രാദികളുടെ പരപ്പും പടർപ്പും സൂത്രപ്രസ്ഥാനത്തിനില്ലെന്നുവേണം പറയുവാൻ.

V. തന്ത്രപ്രസ്ഥാനവും നവീനലോകവും.

നവീനവിദ്യാഭ്യാസത്തിന്റെ വളർച്ചയും വ്യാപ്തിയും, തന്ത്രപ്രസ്ഥാനത്തോട് വളരെ വെറുപ്പും നിന്ദയും ഉളവാക്കിയിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. പാശ്ചാത്യവിദ്യാസിദ്ധാന്തത്തിൽക്കൂടി താന്ത്രികപ്രസ്ഥാനത്തെ പര്യവേക്ഷിയ്ക്കാനും പരിശോധിക്കാനും തുടങ്ങിയതിന്റെ ഫലമായിരിക്കാം അത്. ഹേതു ഏതായാലും, ഇപ്രകാരം വലിയ വെറുപ്പും നിന്ദയുമാണ് അത് ഉളിപ്പിച്ചിരിക്കുന്നതെന്നുള്ളത് വളരെ സ്പഷ്ടമാണ്. പാശ്ചാത്യരും തദനുയായികളായ ഭാരതീയരും മതപ്രസ്ഥാനക്കാരും എത്ര കടുത്ത ശകാരവർഷമാണ് തന്ത്രങ്ങളുടെമേൽ ചൊരിഞ്ഞിട്ടുള്ളതെന്നു പറയവയ്യ. സ്വല്പം ചില ഉദാഹരണങ്ങൾ നോക്കുക:— "മുഹമ്മദീയരുടെ കാലത്തെ ഹിന്ദുസാഹിത്യങ്ങൾ മേല്പറഞ്ഞവയേക്കാളും അധഃകൃഷ്ടങ്ങളായിരിക്കുന്നു. അവയിൽ പ്രധാനമായവ അറുപതിനാലു തന്ത്രഗ്രന്ഥങ്ങളാകുന്നു. ഐശ്വര്യസിദ്ധിയ്ക്കുള്ള സങ്കല്പിച്ച ക്രിയകളും അനാര്യങ്ങളുമായ ചില ആചാരങ്ങളെ ആകുന്നു ഈ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. യോഗശാസ്ത്രത്തിലെ ഉൽകൃഷ്ടതത്വങ്ങൾ ഹിന്ദുക്കളുടെ അധോഗതിയിൽ ഇങ്ങനെയാകുന്നു പരിണമിച്ചത്."

[അദ്ധ്യായം ൭.]

പ്രസിദ്ധഭാരതീയപണ്ഡിതനായ രമേശചന്ദ്രദത്തന്റെ 'പ്രാചീനഭാരതവർഷ'മെന്ന പുസ്തകത്തിൽ പ്രതിപാദിച്ചു കാണുന്നതാണ് ഇത്. ഇനി, 'ബ്രഹ്മസമാജ'ചരിത്രമെന്ന ഗ്രന്ഥത്തിൽ, തൽകർത്താവായ 'ശിവനാഥശാസ്ത്രി എം. ഏ.'

പറഞ്ഞിരിക്കുന്നതും ഇവിടെ പരിഭാഷപ്പെടുത്തിപ്പകർത്തിക്കാണിക്കാം:— “മൂർത്തിപൂജാപ്രധാനസാധകമായ ‘തന്ത്രശാസ്ത്രം’ വളരെ നവീനമായിട്ടുള്ളതാണ്. ബുദ്ധമതത്തിന്റെ ശേഷം ഉണ്ടായതുമാണ്. മദ്യപാനം, വ്യഭിചാരം മുതലായവയെ അതു ശ്ലാഘിക്കയും, പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു. മദ്യപാനവും വ്യഭിചാരവും ഈ പ്രസ്ഥാനക്കാർ തുടന്നു നടത്തുന്നതുകൊണ്ട്, നാട്ടിൽ മുഴുവൻ, ഇവരുടെ നാനാവിധത്തിനു വ്യാപ്തിയും വന്നിട്ടുണ്ട്. സാധാരണ ഹിന്ദുക്കൾ വൈദികധർമ്മമെന്തെന്നറിവില്ലാത്തവരാണ്; അതുകൊണ്ട് അവർക്ക് ഒരാമർശവും ഇല്ലാതെപോയി. മുസൽമാന്മാരുടെ ഭരണകാലത്ത് ഹിന്ദുക്കൾക്ക് സാമൂഹികവും, മതപരവുമായ അധഃപതനം സംഭവിച്ചു. അതിൽനിന്നു രക്ഷനേടാൻ ബ്രാഹ്മണർക്കു കഴിഞ്ഞില്ല. ഇന്ന് ഹിന്ദുക്കളുടെ ഇടയിൽ അല്പമായ പരിഷ്കാരമെങ്കിലും വ്യാപിച്ചിട്ടുള്ളത്, ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ പ്രഭാവത്താൽ മാത്രമാണു.”

ഇനി ചില ആംഗ്ലേയപണ്ഡിതന്മാരുടെ അഭിപ്രായങ്ങൾകൂടി, ചുവടെ കാണിക്കാം. പ്രസിദ്ധപണ്ഡിതനായ സർ മാണിയർ വില്യംസ് പറയുന്നു:— “അമാനുഷസിദ്ധികൾ നേടുന്നതിനു വേണ്ട മന്ത്രോപാസനാസമ്പ്രദായങ്ങളല്ലാതെ, മറ്റൊന്നാതന്നെ, യാതൊരു തന്ത്രവും പഠിപ്പിക്കുന്നില്ല.”*

(Page 206)

“വിവേകികളായ എല്ലാപേരും മാന്ത്രികന്മാരോട് ഇങ്ങനെ പറയണം:— ‘നിങ്ങളുടെ മന്ത്രങ്ങൾകൊണ്ട് ഞങ്ങൾ ഒട്ടേറെ ക്ലേശിച്ചു; നിങ്ങൾ ഞങ്ങളെ ധാരാളം വിഷമിപ്പിച്ചു. കൂടാതെ, നിങ്ങളുടെ ക്രൂരകൃത്യങ്ങളുടെ ഫലങ്ങളിൽ നിങ്ങൾ ഞങ്ങളെ അകപ്പെടുത്തുകയും ചെയ്തു. നിങ്ങളുടെ പൂർവ്വഗാമികൾക്ക് പല ശാസ്ത്രങ്ങളെക്കുറിച്ചും അറിവുണ്ടായിരുന്നു എന്നും, അതിൽ ചിലത് ഞങ്ങൾക്കു പ്രദാനംചെയ്തു എന്നും ഉള്ളതു വാസ്തവമാണ്. ഈ പ്രയോജനങ്ങൾക്കു പ്രതിഫലമായി, നിങ്ങൾക്കു ധാരാളം തന്നിട്ടുണ്ട്, അവലംബവും നല്കിയിട്ടുണ്ട്; പുറമെ, നിങ്ങ

---

*“Whole Tantras teach nothing but various methods of making use of spell for acquiring magical power.” (p. 206)

ളുടെ അഭിരുചികളെ ഉന്നമിപ്പിച്ചിട്ടും ഉണ്ട്; നിങ്ങളുടെ അധികാരശക്തി ഞങ്ങളുടെ മേൽ സ്ഥാപിച്ചുകഴിഞ്ഞു എന്നു നിങ്ങൾക്കു ബോധപ്പെട്ടതു മുതൽ, നിങ്ങൾ വിജ്ഞാനാന്വേഷണം ഉപേക്ഷിച്ച്, ദ്രോഹം വികൃതികൾ മാത്രം ചെയ്യുവാൻ തുടങ്ങി. നിങ്ങളുടെ ഉപദേശം ഇപ്പോൾ നിങ്ങളുടെ അജ്ഞാനത്തിന്റെയും, അല്പത്വത്തിന്റേയും, ബുദ്ധിശൂന്യതയുടേയും, കാപട്യത്തിന്റേയും, പ്രതിഫലനം മാത്രമാണ്. നിങ്ങൾ ഞങ്ങളെ പല പല വിധത്തിലും, വിഷമിപ്പിക്കയും ഉപദ്രവിക്കയും നശിപ്പിക്കയും ചെയ്യുന്നു; ഞങ്ങളുടെ വിജ്ഞാനം വർദ്ധിക്കുന്ന പക്ഷം, ഉള്ളുകള്ളികൾ കണ്ടുപിടിക്കാൻ ഞങ്ങൾ ശ്രമിക്കുന്ന പക്ഷം, നിങ്ങളുടെ വിദ്യ വിലപ്പോകാതാകുമെന്നു ഭയന്ന്, നിങ്ങൾ അവയെ തടയുവാൻ ശ്രമിക്കുന്നു. ഞങ്ങൾ നിങ്ങളുടെ കൃത്രിമങ്ങളുടെ ഉള്ളുകള്ളികൾ കണ്ടുതുടങ്ങി; പൊയ്ക്കൊൾവിൻ നിങ്ങൾ ഓരോരുത്തരും–നിങ്ങളാരും ഇനിമേൽ ഞങ്ങളെ വഞ്ചിക്കുവാൻ ശ്രമിക്കേണ്ട." *

(Page 208)

ആധുനികപാശ്ചാത്യപണ്ഡിതന്മാരിൽ ഒരു പ്രമാണിയായിരുന്ന "വിൻറർനിസ്" എന്ന ഉത്തമ പ്രാച്യവിദ്യാവിശാരദൻ പറഞ്ഞിരിക്കുന്നതാവിത്:—

"പുരാണങ്ങളും തന്ത്രങ്ങളും വായിക്കാൻ സുഖമുള്ളവയല്ലെന്നുവേണം പറയുവാൻ; തന്ത്രങ്ങളെസ്സംബന്ധിച്ച്, തികച്ചും അങ്ങനെ തന്നെ പറയണം. അവ ക്ഷുദ്രഗ്രന്ഥകാരന്മാരുടെ

---

* "All sensible people ought to say to the Mantra-Sāstries: We have suffered much misery through your deceit, we have been taxed very heavily by you, and have involved us in the results of all your wickedness. It is true your ancestors had some knowledge of different sciences and imparted some of that knowledge to us. In return for these benefits we have fed you and supported you and promoted your interests. When you found your power established over us you abandoned the duty of seeking after knowledge, and worked only mischief. Your teaching is now a mere reflection of your ignorance, wickedness, folly, and hypocrisy. You harass and injure us in a thousand ways. If our knowledge increases, you try to prevent it, thinking that, if enquiry is encouraged, your customers will decrease. We begin to see through your artifices. Begone, every one of you, and don't attempt to deceive us any more."

(Page 208)

(Religious thought and Life in India)

കൃതികളാകുന്നു; പലതും, പലേടത്തും, കഷ്ടിപിഷ്ടി സംസ്കൃതത്തിൽ, വ്യാകരണാനുസരണമൊന്നും കൂടാതെ എഴുതപ്പെട്ടിരിക്കുന്നവയും ആണ്. എന്നാൽ, സാഹിത്യചരിത്രകാരന്മാർക്കോ, മതപരിപാഠകന്മാർക്കോ മൗനമായിട്ടവയെ അതിക്രമിച്ച് കടന്നുകളയാവുന്നതല്ല. കാരണം:— അനേകലക്ഷം ഭാരതീയരുടെ ആത്മീയഭോജ്യം, അനവധി നൂററാണ്ടുകളായും, ഇക്കാലത്തു കൂടിയും ഈവക കൃതികളായിരിക്കുന്നുതന്നെ. * '

... ...

....

+ "സാഹിത്യം സംബന്ധിച്ചും, മതത്തെ അധികരിച്ചും, സദാചാരം പ്രമാണിച്ചും തന്ത്രങ്ങളുടെ വിലയും നിലയും എന്തു തന്നെ ആയിരുന്നാലും, ഭാരതീയമതചരിത്രകാരന്മാർക്കും, ഭാരതീയസംസ്കാരചരിത്രകാരന്മാർക്കും, അവയെ ഒരിക്കലും കൈവെടിയുവാൻ വയ്യതന്നെ; എന്നുമാത്രവുമല്ല, മതതാരതമ്യപഠനരൂപമായ വീക്ഷണകേന്ദ്രത്തിൽ നിന്നു നോക്കുമ്പോൾ, വിലപിടിച്ച പല സാമഗ്രികളും അവ ഉൾക്കൊള്ളുന്നതായി നിസ്സംശയം തെളിയുന്നതുമാണ്."

നവീനജനങ്ങൾക്കിത്ര വെറുപ്പും അറപ്പും വളർത്തത്തക്കവിധം തന്ത്രഗ്രന്ഥങ്ങളിലെന്തുണ്ട്? പൂജാസേവാദികളെയും പ്രതിഷ്ഠാകലശാദികളെയും അല്ലയോ തന്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നതു്?

---

* "Neither the Purāṇas nor the Tantras make enjoyable reading, and this is much more applicable to the latter. They are the work of inferior writers, and are often written in barbarous and ungrammatical Sanskrit. On the other hand, neither the literary historian nor the student of religion can afford to pass them by in silence, for during centuries and even at the present time these writings are the spiritual food of millions of Indians."

† "Whatever also may be our opinion of the literary, religions and moral value of the Tantras, the historian of Indian religion and culture cannot afford to neglect them, and from the point of view of comparative religion, too, they contain valuable material."

(Indian Literature, page, 606)

അവക വിഷയങ്ങളോടുള്ള വൈരത്തിന്റെ ഉപോൽബലം മാത്രമല്ലയോ ഇത്തരമഭിപ്രായങ്ങൾ? എന്നും മററും, കേരളത്തിലെ ഇന്നത്തെ തന്ത്രിസാമാന്യത്തിന് സംശയിക്കാനിവിടെ അവകാശമുണ്ട്. എന്നാൽ, വസ്തുത മറെറാവിധത്തിലാകുന്നു. ശാക്തതന്ത്രങ്ങളിലും, ശൈവതന്ത്രങ്ങളിലും, കാമനാപ്രധാനങ്ങളായ പല സാധനകളും പറയപ്പെടുന്നുണ്ട്. കുമാരീപൂജാ, അഥവാ സ്വാത്തരം ശക്തിപൂജ മുതലായവയും വിധിക്കപ്പെട്ടിട്ടുണ്ട്. മദ്യമാംസാദിസഹിതമായ ആരാധനാസമ്പ്രദായങ്ങളും ആ കൂട്ടത്തിൽ ഉൾപ്പെടുന്നു. പോരെങ്കിൽ,—

"മാരണം, മോഹനം, സ്തംഭം,
വിദ്വേഷോച്ചാടനം, വശം,
ആകർഷണം, യക്ഷിണീ ച,
രസായനകരം തഥാ
പ്രയോഗൈരന്വമിശ്രകം തന്ത്രം".

[മഹാനിർവാണതന്ത്രം — പുറം ൭.]

ഇത്യാദിനിർവചനങ്ങൾ കാണുമ്പോൾ തന്ത്രങ്ങളെ ആരാധിക്കാനല്ലല്ലോ, അവഹേളിക്കാനാണല്ലോ പരിഷ്കൃതമനഃസ്ഥിതിക്കാർക്ക് തോന്നുന്നതും. അതിനും പുറമേ,

"പഞ്ചാചാരേണ ദേവേശി! കുലശക്തിം പ്രപൂജയേത്;
നടീ, കാപാലികീ, വേശ്യാ, രജകീ, നാപിതാംഗനാ,
ബ്രാഹ്മണീ, ശൂദ്രകന്യാ ച തഥാ ഗോപാലകന്യകാ,
മാലാകാരസ്യ കന്യാ ച നവ കന്യാഃ പ്രകീർത്തിതാഃ.
വിശേഷവൈദഗ്ദ്ധ്യയുതാഃ സർവ്വാ ഏവ കുലാംഗനാഃ
രൂപയൌവനസമ്പന്നാഃ ശീലസൌഭാഗ്യശാലിനീഃ.
പൂജനീയാഃ പ്രയത്നേന തതഃ സിദ്ധിർഭവേദ് ധ്രുവം;
സത്യം സത്യം മഹാദേവി! സത്യം സത്യം ന സംശയഃ"

[ഗുപ്തസാധനതന്ത്രം — പടലം ൭.]

ഇത്യാദിയും,

"സ്വശക്തിം പരശക്തിം വാ ദീക്ഷിതാം യൌവനാന്വിതാം,
വിദഗ്ദ്ധാം ശോഭനാം ശുദ്ധാം ഘൃണാലജ്ജാവിവർജ്ജിതാം;

ആനീയ താം സാധകേന്ദ്രോ മദ്യാൽ പാദ്യാദികം ശുഭം,
പഞ്ചോപചാരേണ താം ശക്തിം പൂജയിത്വാ യഥാവിധി,
ശതം ശീർഷേ, ശതം ഫാലേ, ശതം സിന്ദൂരമണ്ഡലേ,
ശതം മുഖേ, ശതം കണ്ഠേ, ശതം ഹൃദയമണ്ഡലേ,
ശതയുഗ്മം സ്തനദ്വന്ദ്വേ, ശതം നാഭൌ ജപേൽ സുധീഃ,
യോനിപീഠേ ശതം ജപ്ത്വാ സാധകഃ സ്ഥിരമാനസഃ;
ഏവം സഹസ്രം സഞ്ജപ്യ ദേവീം തത്ര വിചിന്തയേൽ;
സ്വയം ശിവസ്വരൂപശ്ച ചിന്തയേൽ സാധകോത്തമഃ.

ശിവമന്ത്രേണ ദേവേശി! സ്വലിംഗം പൂജയേദഥ
താംബൂലം തന്മുഖേ ദത്വാ സാധകോ ഹൃഷ്ടമാനസഃ.
തദന്തജ്ജ്ഞാം സമാദായ യോ...ൗ ലിം...വിനിക്ഷിപേൽ,
ധർമ്മാധർമ്മഹവിർദ്ദീപ്തേ സ്വാത്മാഗ്നൗ മനസാ സ്രുചാ,
സുഷുമ്നാവർത്മനാ നിത്യമക്ഷവൃത്തിർജ്ജുഹോമ്യഹം.

സ്വാഹേത്യനേന മന്ത്രേണ ഹുനേൽ സർവ്വസമൃദ്ധയേ,
തതോ ജപേൽ സഹസ്രം വൈ ശക്തിയുക്തോ ഭവേന്നരഃ.
ശതം വാഽപി പ്രജപ്തവ്യം തതോ ന്യൂനം ന കാരയേൽ
പൂർണ്ണാഹുതിം തതോ ദദ്യാന്മന്ത്രേണാനേന സാധകഃ.
പ്രകാശാകാശമന്ത്രാഢ്യാമവലംബ്യോന്മനീസ്രുചാ
ധർമ്മാധർമ്മകലാസ്നേഹപൂർണ്ണമഗ്നൗ ജുഹോമ്യഹം.
സ്വാഹേത്യനേന മന്ത്രേണ പൂർണ്ണാഹുതിമഥാചരേൽ,
ശുക്രോത്സാരണകാലേ ച ദേവ്യൈ ശുക്രം സമർപ്പയേൽ.
ഏവം കൃതേ മന്ത്രസിദ്ധിർന്നാത്ര കാര്യാ വിചാരണാ;
യം യം പ്രാർത്ഥയതേ കാമം തം തം പ്രാപ്നോതി നിശ്ചിതം.
രോഗീ രോഗാൽ പ്രമുച്യേത, ധനേന ച ധനാധിപഃ;
വായുതുല്യബലോ ലോകേ ദുർജ്ജയഃ ശത്രുമർദ്ദനഃ
കാമതുല്യശ്ച നാരീണാം, രിപൂണാം ശമനോപമഃ,
ഏതൽകല്പേന ദേവേശി! കിം ന സിദ്ധ്യതി ഭൂതലേ?
അനൈശ്വര്യമവാപ്നോതി സ ഏവ ശ്രീസദാശിവഃ."

[ഗുപ്തസാധനതന്ത്രം—പടലം ൪.]

ഇത്യാദിയും,

"ഗംഗാ കാശീ പ്രയാഗാദിഃ പുഷ്കരന്നൈമിഷം തഥാ
ബദരീ ച തഥാ രേവാ ഉൽകലം ഗണ്ഡകീ തഥാ

സ്വന്ധ്യ: സരസ്വതീ ചൈവ പീഠാനി വിവിധാനി ച.
സർവ്വം ത്യക്ത്വാ മഹേശാനി! സ്ത്രീസംഗം യത്നതശ്ചരേൽ
സ്ത്രീസംഗേ സിദ്ധിമാപ്നോതി മമ വാക്യം ന ചാന്യഥാ".

[ഗുപ്തസാധനതന്ത്രം-പടലം-൭.]

ഇത്യാദിയും ആയ ഭാഗങ്ങൾ "ആഭാസ"ങ്ങളല്ലല്ലെന്നോ, അന്ന വർണ്ണിതങ്ങളാണെന്നോ ആക്ഷേപം തോന്നുവാൻ ഇടയില്ലല്ലോ.

എന്നാൽ ഈ അടുത്ത കാലഘട്ടത്തിൽ തന്നെ, തന്ത്രപ്രസ്ഥാനത്തിനു വലിയ ഉജ്ജീവനവും ഉണ്ടായിട്ടുണ്ടെന്നുള്ളത് സവിശേഷം ശ്രദ്ധേയമാകുന്നു. ആ ഉജ്ജീവനത്തിന് നിദാനഭൂതനായ മഹാത്മാവ് കല്ക്കത്താഹൈക്കോർട്ടിൽ ജഡ്ജിയായിരുന്ന സർ ജോൺ വുഡ്രോഫ് എന്ന പാശ്ചാത്യപണ്ഡിതനത്രേ. ശാക്തപ്രസ്ഥാനത്തിലുള്ള പല തന്ത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ആധിപത്യത്തിൽ, പരിഷ്കരപരിപൂർണ്ണതയോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ടുകഴിഞ്ഞപ്പോൾ, തന്ത്രശാഖയുടെ മാററും മഹിമയും നവീനലോകവും അറിയാൻ തുടങ്ങി. യുക്തിയ്ക്കും അനുഭവത്തിനും അനുഗുണമാംവണ്ണം സർ ജോൺ താന്ത്രികസിദ്ധാന്തങ്ങളെ മണ്ഡനം ചെയ്തു കാണിച്ചപ്പോൾ ആ ശാഖയോട് നവീനലോകത്തിനുണ്ടായിരുന്ന അറപ്പും വെറുപ്പും അന്തർദ്ധാനം ചെയ്തു എന്നുതന്നെ പറയാം. പല തന്ത്രഗ്രന്ഥങ്ങളെയും അദ്ദേഹം ഇംഗ്ലീഷിലേയ്ക്കു തർജ്ജമചെയ്ത് പ്രസിദ്ധീകരിക്കുകയും ഉണ്ടായി. മഹാനിർവാണതന്ത്രം, തന്ത്രതത്ത്വം, കലാർണ്ണവതന്ത്രം മുതലായവ അക്കൂട്ടത്തിൽ പ്രധാനങ്ങളാണ്. 'തന്ത്രതത്ത്വം' (Principles of Tantra) എന്ന പുസ്തകത്തിന് അദ്ദേഹമെഴുതിയിട്ടുള്ള 'അവതാരിക'യും (introduction) 'മുഖവുര'യും (preface) വളരെ വിലയേറിയ പ്രബന്ധങ്ങളാകുന്നു. ശാസ്ത്രത്തിനല്ല അതുകൊണ്ടു കൈകാര്യം ചെയ്യുന്ന സാധകന്മാർക്കാണ് യഥാർത്ഥത്തിൽ കുററമുള്ളതെന്ന്, അദ്ദേഹം സുനിപുണം സമർത്ഥിച്ചിട്ടും ഉണ്ട്.

"പീത്വാ പീത്വാ പുനഃ പീത്വാ പീത്വാ പതതി ഭൂതലേ
ഉത്ഥായ ച പുനഃ പീത്വാ പുനർജ്ജന്മ ന വിദ്യതേ"

"മാതൃയോനിം പരിത്യജ്യ
വിഹരേൽ സർവ്വയോനിഷു"

ഇത്യാദി പംക്തികളുടെ ശരിയായ അൎത്ഥം ഇന്നതെന്നറിയാതെ, അൎത്ഥാഭാസത്തെ സിദ്ധാന്തമായി ധരിച്ച് അപകടത്തിൽ ചാടുന്ന സാധകന്മാർ മാത്രമാണ് ശാസ്ത്രത്തെ ദുഷിപ്പിക്കുന്നതെന്നും, അവയുടെ മുഖ്യമായ അൎത്ഥം ഇന്നതാണെന്നും മററും ആ പ്രബന്ധങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. നവീനജനതയുടെ ഉപരിപ്ലവബുദ്ധിയാണ് ഇതിനെല്ലാം ഉത്തരം പറയേണ്ടതെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു.

സുപ്രസിദ്ധവും സുസമ്മതവുമായ "ദേവീമാഹാത്മ്യം" ഒരു വിശിഷ്ടശാക്തഗ്രന്ഥമാണല്ലോ. അതിന്റെ ൮-ാമദ്ധ്യായത്തിൽ,

"ഇഷ്ടാസ്മി സ്തോത്രമുഖ്യേന തഥൈവാരാധനേന ച
സുരാമാംസോപഹാരേണ ഭക്ത്യാ ചാനന്യപൂൎവ്വയാ."

[[illegible]]

എന്നൊരു ശ്ലോകം, ഭഗവതി ദേവകളോടു പറയുന്നതായിട്ടുണ്ട്. ഇതിൽ ആദ്യരേഖയോടു കൂടിയ ഭാഗം സവിശേഷം ശ്രദ്ധേയമത്രെ. ആ വിശേഷം കാണിക്കുവാൻ, ശ്രീചിത്തിര തിരുനാൾ മഹാരാജാവു തിരുമനസ്സിലെ കല്പനപ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രാചീന ഭാഷാവ്യാഖ്യാനം തന്നെ ഇവിടെ പകൎത്താം;—

"ഇങ്ങനെ അരുളിച്ചെയ്യുന്നു ഭഗവതി— സുരാഃ അഹം സ്തോത്രമുഖ്യേന ഇഷ്ടാ അസ്മി—എന്റെ ദേവകളേ! ഞാൻ സ്തോത്രമുഖ്യം—മുഖ്യമായിരിക്കുന്ന സ്തോത്രം = സ്തുതികൊണ്ട് സന്തുഷ്ടയായി ഭവിക്കെ. ഉപഹാരേണ ആരാധനേന ച – പൂജാസാധനങ്ങളോടു കൂടിയിരിക്കുന്ന പൂജകൊണ്ടും സന്തുഷ്ടയായി ഭവിക്കെ.

അതെന്നിയെ ഇങ്ങനെയാകയുമാം ഇതിനൎത്ഥം.—സുരാമാംസോപഹാരേണ ആരാധനേന ഇഷ്ടാസ്മി—എന്റെ ദേവകളേ! ഞാൻ, സുരാപാനം മാംസം ഇതുകളാകുന്ന ഉപഹാരങ്ങളോടു കൂടിയിരിക്കുന്ന ആരാധനകൊണ്ട് സന്തുഷ്ടയായി ഭവിക്കെ. മാം പ്രതി അനന്യപൂൎവ്വയാ ഭക്ത്യാ ച – എന്നെക്കുറിച്ച് അനന്യപൂൎവ്വയായിരിക്കുന്ന ഭക്തികൊണ്ട് സന്തുഷ്ടയായി ഭവിക്കെ."

[പേജ് - ൧൭൨, ൧൭൩]

ഇങ്ങനെ അനേകാർത്ഥനിബിഡങ്ങളായ താന്ത്രികഭാഗങ്ങളെ സാധുക്കന്മാർ ഓരോ തരത്തിൽ ധരിക്കുകയും അനുസരിക്കയും ആചരിക്കയും ചെയ്യുന്നതുകൊണ്ടാണ് അപകടം വന്നുകൂടുന്നത്. അതിന്ന് ശാസ്ത്രത്തെ പഴിക്കുന്നത് അനുചിതം തന്നെയാണ്.

മുമ്പ്, മൂന്നുവകയായി തിരിച്ചിട്ടുള്ള തന്ത്രങ്ങളുടെ ഒരു പട്ടിക താഴെ കാണിക്കാം. അതാവിത്:—

൧. വിഷ്ണുക്രാന്താതന്ത്രങ്ങളാവിത്:— ൧ സിദ്ധീശ്വരം, ൨ കാളീതന്ത്രം, ൩ കുലാർണ്ണവം, ൪ ജ്ഞാനാർണ്ണവം, ൫ നീലതന്ത്രം, ൬ ഫേൽക്കാരി, ൭ ദേവ്യാഗമം, ൮ ഉത്തരം, ൯ ശ്രീക്രമം, ൧൦ സിദ്ധയാമളം, ൧൧ മത്സ്യസൂക്തം, ൧൨ സിദ്ധസാരം, ൧൩ സിദ്ധിസാരസ്വതം, ൧൪ വാരാഹി, ൧൫ യോഗിനി, ൧൬ ഗണേശവിമർശിനി, ൧൭ നിത്യാതന്ത്രം ൧൮ ശിവാഗമം, ൧൯ ചാമുണ്ഡാതന്ത്രം, ൨൦ മുണ്ഡമാല, ൨൧ ഹംസമഹേശ്വരം, ൨൨ നിരുത്തരതന്ത്രം, ൨൩ കുലപ്രകാശകം, ൨൪ ദേവീകല്പം, ൨൫ ഗന്ധർവ്വതന്ത്രം, ൨൬ ക്രിയാസാരം, ൨൭ നിബന്ധം, ൨൮ സ്വതന്ത്രം, ൨൯ സമ്മോഹനം, ൩൦ തന്ത്രരാജം, ൩൧ ലളിതാതന്ത്രം, ൩൨ രാധാതന്ത്രം, ൩൩ മാലിനി, ൩൪ രുദ്രയാമളം, ൩൫ ബൃഹച്ഛ്രീക്രമം, ൩൬ ഗവാക്ഷം, ൩൭ സുകുമുദിനി, ൩൮ വിശുദ്ധേശ്വരം, ൩൯ മാലിനീവിജയം, ൪൦ സമയാചാരം, ൪൧ ഭൈരവീതന്ത്രം, ൪൨ യോഗിനീഹൃദയം, ൪൩ ഭൈരവം, ൪൪ സനൽകുമാരം, ൪൫ യോനിതന്ത്രം, ൪൬ തന്ത്രാന്തരം, ൪൭ നവരത്നേശ്വരം, ൪൮ കുലചൂഡാമണി, ൪൯ ഭാവചൂഡാമണി, ൫൦ ദേവപ്രകാശം, ൫൧ കാമാഖ്യാതന്ത്രം, ൫൨ കാമധേനു, ൫൩ കുമാരീതന്ത്രം, ൫൪ ഭൂതഡാമരം, ൫൫ യാമളം, ൫൬ ബ്രഹ്മയാമളം, ൫൭ വിശ്വസാരം, ൫൮ മഹാകാലം ൫൯ കുലോഡ്ഡീശം, ൬൦ കുലാമൃതം, ൬൧ കുബ്ജികാ, ൬൨ യന്ത്രചിന്താമണി, ൬൩ കാളീവിലാസം, ൬൪ മായാതന്ത്രം.

൨. രഥക്രാന്താതന്ത്രങ്ങളാവിത്:— ൧ ചിന്മയതന്ത്രം, ൨ മത്സ്യസൂക്തം, ൩ മഹിഷമർദ്ദിനി, ൪ മാതൃകോദയം

൫ ഹംസമഹേശ്വരം, ൬ മേരുതന്ത്രം, ൭ മഹാനീലതന്ത്രം ൮ മഹാനിർവ്വാണം, ൯ ഭൂതഡാമരം, ൧൦ ദേവഡാമരം, ൧൧ ബീജചിന്താമണി, ൧൨ ഏകജടാതന്ത്രം, ൧൩ വാസുദേവരഹസ്യം, ൧൪ ബൃഹദ്ഗൗതമീയം, ൧൫ വർണ്ണോദ്ധൃതി, ൧൬ ഛായാനീലം, ൧൭ ബൃഹദ്യോനി, ൧൮ ബ്രഹ്മജ്ഞാനം, ൧൯ ഗാരുഡം, ൨൦ വർണ്ണവിലാസം, ൨൧ ബാലാവിലാസം, ൨൨ പുരശ്ചരണചന്ദ്രിക, ൨൩ പുരശ്ചരണോല്ലാസം, ൨൪ പഞ്ചദശീതന്ത്രം, ൨൫ പിച്ഛിലാതന്ത്രം, ൨൬ പ്രപഞ്ചസാരം, ൨൭ പരമേശ്വരതന്ത്രം, ൨൮ നവരത്നേശ്വരം, ൨൯ നാരദീയം, ൩൦ നാഗാർജ്ജുനം, ൩൧ യോഗസാരം, ൩൨ ദക്ഷിണാമൂർത്തിതന്ത്രം, ൩൩ യോഗസ്വരോദയം, ൩൪ യക്ഷിണീതന്ത്രം, ൩൫ സ്വരോദയതന്ത്രം, ൩൬ ജ്ഞാനഭൈരവം, ൩൭ ആകാശഭൈരവം, ൩൮ രാജരാജേശ്വരി, ൩൯ രേവതി, ൪൦ സാരസതന്ത്രം, ൪൧ ഇന്ദ്രജാലതന്ത്രം, ൪൨ കൃകലാസദീപകം, ൪൩ കങ്കാളമാലിനി, ൪൪ കാലോത്തമം, ൪൫ യക്ഷഡാമരം, ൪൬ സരസ്വതീതന്ത്രം, ൪൭ ശാരദാതന്ത്രം, ൪൮ ശക്തിസംഗമതന്ത്രം, ൪൯ ശക്തികാഗമസർവ്വസ്വം, ൫൦ സമ്മോഹിനീ, ൫൧ ആചാരസാരം, ൫൨ ചീനാചാരം, ൫൩ ഷഡാമ്നായം, ൫൪ കരാളഭൈരവം, ൫൫ ശോധതന്ത്രം, ൫൬ മഹാലക്ഷ്മീ, ൫൭ കൈവല്യം, ൫൮ കുലസദ്ഭാവം, ൫൯ സിദ്ധിതദ്ധരി, ൬൦ കൃതിസാരം, ൬൧ കാലഭൈരവം, ൬൨ ഉഡ്ഡാമരേശ്വരം, ൬൩ മഹാകാലം, ൬൪ ഭൂതഭൈരവതന്ത്രം.

൩. ‘‘അശ്വക്രാന്താ’’തന്ത്രസൂചി.— ൧ ഭൂതശുദ്ധി, ൨ ഗുപ്തദീക്ഷാ, ൩ ബൃഹത്സാരം, ൪ തത്ത്വസാരം, ൫ വർണ്ണസാരം ൬ ക്രിയാസാരം, ൭ ഗുപ്തതന്ത്രം, ൮ ഗുപ്തസാരം, ൯ ബൃഹത്തോഡളം, ൧൦ ബൃഹന്നിർവ്വാണതന്ത്രം, ൧൧ ബൃഹത്കങ്കാളിനീ, ൧൨ സിദ്ധാതന്ത്രം, ൧൩ കാലതന്ത്രം, ൧൪ ശിവതന്ത്രം, ൧൫ സാരാത്സാരം, ൧൬ ഗൗരീതന്ത്രം, ൧൭ യോഗതന്ത്രം, ൧൮ ധർമ്മകതന്ത്രം, ൧൯ തത്ത്വചിന്താമണി, ൨൦ ബിന്ദുതന്ത്രം, ൨൧ മഹായോഗിനീ, ൨൨ ബൃഹദ്യോഗിനീ, ൨൩ ശിവാർച്ചനാ, ൨൪ സംവരതന്ത്രം, ൨൫ ശൂലിനീതന്ത്രം, ൨൬ മഹാ

മാലിനീ, ൨൭ മോക്ഷതന്ത്രം, ൨൮ ബ്രഹ്മമാലിനീ, ൨൯ മഹാമോക്ഷം, ൩൦ ബ്രഹ്മമോക്ഷം, ൩൧ ഗോപീതന്ത്രം, ൩൨ ഭൂതലിപി, ൩൩ കാമിനീതന്ത്രം, ൩൪ മോഹിനീ, ൩൫ മോഹനം, ൩൬ സമീരണതന്ത്രം, ൩൭ കാമകേസരം, ൩൮ മഹാവീരതന്ത്രം, ൩൯ ചൂഡാമണി, ൪൦ ഗുർവ്വർച്ചനം, ൪൧ ഗോപ്യതന്ത്രം, ൪൨ തീക്ഷ്ണതന്ത്രം, ൪൩ മംഗളാതന്ത്രം, ൪൪ കാമരത്നം, ൪൫ ഗോപലീലാമൃതം, ൪൬ ബ്രഹ്മാണ്ഡം, ൪൭ ചീനം, ൪൮ മഹാനിരുത്തരം, ൪൯ ഭൂതേശ്വരം, ൫൦ ഗായത്രീതന്ത്രം, ൫൧ വിശുദ്ധേശ്വരം, ൫൨ യോഗാർണ്ണവം, ൫൩ ഭേരുണ്ഡതന്ത്രം, ൫൪ മന്ത്രചിന്താമണി, ൫൫ യന്ത്രചൂഡാമണി, ൫൬ വിദ്യുല്ലതാ, ൫൭ ഭുവനേശ്വരീ, ൫൮ ലീലാവതീ, ൫൯ ബൃഹച്ചീനം, ൬൦ കുബ്ജതന്ത്രം, ൬൧ ജയരാധാമാധവം, ൬൨ ഉജ്ജാസകം, ൬൩ ധൂമാവതീ, ൬൪ ശിവാതന്ത്രം.

ഇവയിൽ പലതും നാമമാത്രമായിട്ടേ നാമറിയുന്നുള്ളൂ. ഗ്രന്ഥങ്ങൾ കണ്ടുകിട്ടേണ്ടവയായിട്ടാണിരിക്കുന്നതെന്നർത്ഥം. ഇവയെ മാനിച്ചുകൊണ്ട്, കേരളീയഗവേഷകന്മാർ ഗ്രന്ഥപ്പുരകളിൽ പെരുമാറുന്നത് അഭിലഷണീയമാണല്ലോ. ആ ആവശ്യം കൂടി പ്രാധാന്യേന പുരസ്കരിച്ചുകൊണ്ടാണ്, പ്രസ്തുത പട്ടികകളെ സംപൂർണ്ണമായും ഇദംപ്രഥമമായും ഇവിടെ അവതരിപ്പിച്ചതും.

VI. തന്ത്രപ്രസ്ഥാനത്തിലെ പ്രമാണങ്ങൾ.

ചാർവാകൻ മുതല്ക്കുള്ള ഓരോ മതക്കാരനും പ്രമാണങ്ങൾ — പ്രമാകരണങ്ങൾ — ഓരോതരത്തിലാണ്, ഒരേതരത്തിലല്ല എന്ന് ശാസ്ത്രഗന്ധമുള്ളവർക്കൊക്കെ അറിയാവുന്നതാണല്ലോ. ചാർവാകൻ തുടങ്ങി പൌരാണികൻ വരെയുള്ള മതക്കാർക്ക് എട്ടുതരം പ്രമാണങ്ങൾ — പ്രമാകരണങ്ങൾ — ആണ്. പറയപ്പെട്ടിരിക്കുന്നത്. ആ എട്ടു പ്രമാണങ്ങൾ — ൧. പ്രത്യക്ഷം, ൨. അനുമാനം, ൩. ശബ്ദം, ൪. ഉപമാനം, ൫. അർത്ഥാപത്തി, ൬. അനുപലബ്ധി (അഭാവം), ൭. സംഭവം, ൮. ഐതിഹ്യം — എന്നിവയാകുന്നു. ഏതേതു മതക്കാർക്ക് ഏതേതു പ്രമാണമാണെന്ന് താഴെച്ചേർക്കുന്ന പദ്യങ്ങളാൽ സ്പഷ്ടമത്രേ.

"പ്രത്യക്ഷമേകം ചാർവ്വാകാഃ, കണാദസുഗതൗ പുനഃ
അനുമാനം ച, തച്ചാപി സാംഖ്യാഃ ശബ്ദം ച, തേ [അപി
ന്യായൈകദേശിനോപ്യേവമുപമാനം ച കേചന,
അർത്ഥാപത്ത്യാ സഹൈതാനി ചത്വാര്യാഹ പ്രഭാകരഃ
അഭാവഷഷ്ഠാന്യേതാനി ഭാട്ടാ വേദാന്തിനസ്തഥാ.
സംഭവൈതിഹ്യയുക്താനി താനി പൗരാണികാ ജഗുഃ".

[illegible]

മിക്കവാറും ഈ ആശയം തന്നെ മഹാകവി മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാട്,

"ചാർവ്വാകാസ്താവദേകം ദ്വിതയമപി പുനർ-
ബൗദ്ധവൈശേഷികൗ ദ്വൗ
ഭാസർവ്വജ്ഞോഥ സാംഖ്യസ്ത്രിതയമുദയനാ-
ദ്യാശ്ചതുഷ്കം വദന്തി
പ്രാഹുഃ പ്രാഭാകരാഃ പഞ്ചകമപി ച, വയം
തേƒപി വേദാന്തവിജ്ഞാഃ
ഷട്കം, പൗരാണികാസ്ത്വഷ്ടകമഭിദധിരേ
സംഭവൈതിഹ്യയോഗാത്."

[illegible]

എന്നിങ്ങനെ ഒരു ശ്ലോകമാക്കിപ്പറഞ്ഞിരിക്കുന്നതും കാണാം. ഇക്കൂട്ടത്തിലൊന്നും താന്ത്രികന്മാരെ ഗണിച്ചു കാണുന്നില്ലെങ്കിലും, ഈ പ്രമാണങ്ങളിലൊന്നിനോടും അവർക്കു വിപ്രതിപത്തിയില്ല. ഈ എട്ടിനും പുറമെ, 'ചേഷ്ട'യെക്കൂടി പ്രമാണകോടിയിൽ അവരുൾപ്പെടുത്തിയിട്ടും ഉണ്ട്.

ഇതിലേയ്ക്കുള്ള അഭിജ്ഞവചനമാകട്ടെ:—

"സംഭവൈതിഹ്യാഭ്യാം സഹ പ്രമാണാഷ്ടകം പൗരാണികാനാമഭിമതം. ചേഷ്ടാപി പ്രമാണാന്തരമിതി താന്ത്രികാ വദന്തി."

[illegible]

എന്നല്ല ഇതന്നെ സ്വീകരിക്കാം. എന്നാൽ, ദ്വൈതവാദികളായ മാധ്വന്മാരും, വിശിഷ്ടാദ്വൈതികളായ രാമാനുജീയ

ന്മാരും ഒരു വക താന്ത്രികന്മാരായിപ്പറയപ്പെടുന്നവരാണെങ്കിലും, മേൽ കാണിച്ചവിധം 'പ്രമാണ'ങ്ങളെ ഒൻപതാക്കി പെരുപ്പിച്ചിട്ടില്ല. പ്രത്യക്ഷവും ശബ്ദവും, ഈ രണ്ടുംകൊണ്ടുതന്നെ മാധ്വന്മാർ തൃപ്തിപ്പെടുന്നു. അനുമാനം അവർക്ക് പ്രമാണമാണെങ്കിലും, അതിനെ ശബ്ദത്തിൽ അന്തർഭവിപ്പിച്ചിരിക്കയാണ്. വേർപെടുത്തിയെടുത്തിട്ടില്ല. രാമാനുജീയന്മാർക്ക് പ്രത്യക്ഷവും അനുമാനവും ശബ്ദവും — മൂന്നും പ്രമാണങ്ങൾ തന്നെ. ഉപമാനാദികളെ ഒന്നും പ്രത്യേകം പ്രമാണമെന്ന ഗ്രഹിക്കുന്നതുമില്ല. ഇനിയൊരു വിശേഷവും വിശേഷിച്ചവധാരണീയമാണല്ലോ. 'ലേശം' എന്നിട്ട് തത്വഗ്രന്ഥാദികളെ ആശ്രയിച്ച് പരിക്കണമെന്നും പറഞ്ഞുകൊള്ളട്ടെ.

VII. താന്ത്രികവ്യാപ്തി

താന്ത്രികസിദ്ധാന്തങ്ങളുടെ സത്ത കേവലം തന്ത്രഗ്രന്ഥങ്ങളിൽ മാത്രമേ ഉള്ളൂ എന്നു പറകവയ്യ. വേറെയും പല ശാഖകളിൽ വ്യാപിച്ചുകിടക്കുന്നുണ്ട്. അഥർവ്വവേദഭാഗങ്ങളിലും, ഉപനിഷത്തുകളിലും ധാരാളം താന്ത്രികാംശമുണ്ടെന്ന് മുൻപുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അതിനു പുറമെ, പുരാണങ്ങളിലും താന്ത്രികമതങ്ങൾ ഒട്ടേറെ വ്യാപിച്ചിട്ടുണ്ട്. ചില രൂപഭേദങ്ങളും, പ്രകാരഭേദങ്ങളും കണ്ടേക്കുമെന്നേ ഉള്ളൂ. ഹോരാ, മന്ത്രശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, ശില്പശാസ്ത്രം മുതലായവയിലും താന്ത്രികവ്യാപ്തി ധാരാളമാണ്. മന്ത്രസാമ്രാജ്യത്തിൽ പ്രാധാന്യവും, പ്രാഥമ്യവും വേദത്തിനാണെന്നുള്ളത് പറയാതെതന്നെ ഓർമ്മിക്കാൻ കഴിയുമല്ലോ. ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ മുതൽ ക്ഷുദ്രമന്ത്രങ്ങൾ വരെയുള്ള അദൃശ്യദേവശക്തികളെ എല്ലാം പ്രസാദിപ്പിക്കുവാനുള്ള വഴിയും കർമ്മവും മറ്റും വേദഭാഗത്തിൽത്തന്നെ ഉണ്ടുതാനും. വിശിഷ്യ, പ്രാണപ്രതിഷ്ഠാപനംമുതൽ നിത്യനൈവേദ്യാദി വരെയുള്ള സകലതാന്ത്രികകർമ്മങ്ങളിലും വേദമന്ത്രങ്ങൾക്ക് പ്രവേശനമുണ്ട്. ഈ വസ്തുതയിൽ നിന്നുതന്നെ, വേദപാരമ്പര്യത്തോടു തന്ത്രശാസ്ത്രവും എത്രമാത്രം ബന്ധപ്പെട്ടുകിടക്കുന്നു എന്ന് ഊഹിക്കാൻ കഴിയും. വേദമന്ത്രങ്ങളാകട്ടെ, തന്ത്രോപാസനാദികളുമായിപ്പോയി. മന്ത്രത്തിന്റെയും തന്ത്രത്തിന്റെ വ്യാപ്തിക്ക് ഇതിലധികം പ്രമാണം ആവശ്യമില്ലല്ലോ.

ജ്യോതിശ്ശാസ്ത്രത്തിലെയും ഏതേതു രൂപത്തിൽ താന്ത്രിക സിദ്ധാന്തങ്ങൾ പ്രവേശിച്ചിട്ടുണ്ടെന്നതിന്, 'സാരാവലി' 'പ്രശ്നമാർഗ്ഗം' മുതലായവ തന്നെ തെളിവുതരുന്നതാണ്.

ഓരോ താന്ത്രികമാർഗ്ഗക്കാരുടേയും കാരണന്മാരും അധിപന്മാരും ആയിത്തീരുന്നു ഏതേതു ഗ്രഹങ്ങളാണെന്നും മറ്റും, വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട് ഈ ഗ്രന്ഥങ്ങളിൽ. ഏതാനും പദ്യങ്ങൾ ഉദ്ധരിച്ച്, ഈ പരമാർത്ഥം ഉദാഹരിച്ചു കാണിക്കാം. ആദ്യമേ 'സാരാവലി'യെത്തന്നെ എടുത്തു നോക്കുക:—

ശൃംഗിണാം ഫലമൂലാശകാ ഗിരിനദീതീരാശ്രമേ താപസാഃ
സൂര്യാരാധനതൽപരാ ഗണപതേർഭക്താ ഉമായാശ്ച യേ
ഗായത്രീം ജപതാം വനേ നിയമിനാം ഗംഗാഭിഷേകാർത്ഥിനാം,
കൗമാരവ്രതനിഷ്ഠിതാമധിപതിസ്തേഷാം സദാ ഭാസ്കരഃ.

വൃദ്ധശ്രാവകനിഷ്ഠപൂജിരതയഃ ശൈവവ്രതേ യേ സ്ഥിതാ,
ബൗദ്ധ്യാഃ പാതകിനാം ഗതാ ഭഗവതീഭക്താശ്ച നിസ്സംഗിനഃ,
സിദ്ധാന്തേ ച മഹാവ്രതേ നിരതാഃ കാപാലികാ നിഷ്ഠുരാ-
സ്തേഷാം നായകതാം ഗതഃ ശശധരഃ ഷട്പാദ്ഗപാണിവ്രതിഃ.

ഉപാസകാ ബുദ്ധസമാശ്രയം ഗതാഃ
ശിഖാം വിനാ പാഷണ്ഡരക്ഷകാശ്ച യേ
സ്വധാമശൗചാ കടപാടജിതേന്ദ്രിയാഃ
സ്ത്രീളഃ സർവ്വേഷാം ക്ഷിതിജഃ പ്രകീർത്തിതഃ.

അബ്ജീവിനാം കനകിനാം വൈദ്യാധികാരര-
താ ദീക്ഷിതാസ്ത്വഗ്നിതൃപ്താഃ [illegible] [illegible]
തന്ത്രേ തന്ത്രാപിശിതാശനേ [illegible] യുക്താ-
സ്തേഷാം [illegible] ധിപതിസ്ത്രികോണഃ

പാഷണ്ഡപതനാദ്യാശ്രിതാ-
ഭ്രഷ്ടേഷു ച നിത്യമേവ സംയുക്താഃ,
കൈലാസവാസകോണാമപി
തേഷാം മതാ പ്രകീർത്തിതാ ശ്ലോകാഃ.

പാഷണ്ഡവ്രതനിരതാ
ദിഗംബരാ ഭിക്ഷവോ യേ ച
തേഷാമധിപതിരാർക്കിഃ
ശ്രാവകതന്ത്രമൂലിനാഥോ ദ്രുഗുപാസഃ.[17]

[സാരാവലി— ൨. ൧ പദ്യദ്വയം.]

പ്രശ്നമാർഗ്ഗത്തിലെ ൧൪-ാമദ്ധ്യായത്തിൽ ദൈവാനുകൂല്യാദി നിരൂപണമാണ് വിഷയം. അതിന്റെ ആരംഭത്തിൽ,

“ദൈവാനുകൂല്യം പ്രതികൂലതാം വാ
വിചാര്യ സത്യാം പ്രതികൂലതായാം
തദാനുകൂല്യായ വിധിർവിധേയോ-
ഽതസ്സൂത്രതഃ സംപ്രതി കഥ്യതേ തത്[17].

[ശ്ലോകം — ൧.]

എന്നുള്ള പദ്യത്താൽ തന്ത്രങ്ങളെ ദൈവാനുകൂല്യേന സ്വീകരിക്കുന്നതെന്നതന്നെ പറയുന്നു. ഇതിനു ശേഷം, ഏതേതു ഗ്രഹങ്ങളെക്കൊണ്ട് ഏതേതു മൂർത്തികളെ ഗ്രഹിക്കണമെന്നും മറ്റും വിശദമായി പ്രതിപാദിക്കുന്നു. അതിൽ, പൊതുവേ അറിഞ്ഞിരിക്കേണ്ടതായ ചില ചില പ്രധാനസംഗതികളെ പ്രമാണപ്രകാരം തന്നെ ഇവിടെയും പ്രതിപാദിക്കാം, അതാവിത്:—

“സർവ്വേശാനാം ധിഷണോഽസ്തി നിത്യം
സാന്നിദ്ധ്യമസ്മാദിഹ ഷഷ്ഠേഽനുകൂലേ
പ്രായോഽനുകൂലാസ്സകലാശ്ച ദേവാ-
സ്തത് പ്രാതികൂല്യേ സതി നാനുകൂലാഃ[17].

എന്നുള്ളതുകൊണ്ട്, ബൃഹസ്പതി സർവ്വദേവപ്രതിനിധിയാണെന്നും തദാനുകൂല്യത്തിൽ സർവ്വദേവാനുകൂല്യം സിദ്ധമാണെന്നും, പ്രാതികൂല്യം വന്നാൽ സർവ്വപ്രാതികൂല്യം തന്നെ ഉറപ്പാണെന്നും ഉപദേശിക്കുന്നു. ബൃഹസ്പതി കേന്ദ്രസ്ഥിതനാകയാലാണ്,

ഈ അവസ്ഥ ലഭിച്ചതും. ശൈവാദിസ്മൃതിപ്രീതി സർവ്വപ്രീതിയാണെന്നുള്ളതിന്,

"സഹസ്രശീർഷാദ്യൈരപി ച ത്രിപാദ്ഭിഃ ച ബിന്ദോ ബിന്ദോ
വിഷ്ണ്വാദിസർവ്വദേവാനാം സർവ്വാത്മകമപി ലഭേത്."

(പുറം ൭)

മല്ലാൽ പുരുഷസൂക്തേന സം പൂജ്യാണ്യപി ഏവ ച
അർച്ചിതം സ്യാജ്ജഗത് സർവ്വം തേനൈവ സ ചരാചരം."

(പുറം ൭)

എന്ന് ശൗനകൻെറ "ഋഗ്വിധാന"ത്തിലും മററും പറഞ്ഞിരിക്കുന്നതു്, പ്രമാണമായിട്ടുള്ളതാകുന്നതുമാകുന്നു. വൈദികന്മാർക്കും സമ്മതമാണ് ഈ സിദ്ധാന്തം എന്നു സാരം. അനന്തരം, ശിവൻ മുതലായ മൂർത്തികളെ എങ്ങനെ ധ്യാനിക്കണമെന്നും തൽപീഠങ്ങളെ എങ്ങിനെ കല്പിക്കേണ്ടതാണെന്നും കാണിച്ചിരിക്കുന്നതും കാൺക. *

"ശങ്കരഃ ശംഖമാലാസ്ഥിതേജോമില ധ്യാനേ,
ഷഡക്ഷരസ്ഥിതോ പീഠാദേ
ചക്രഹസ്തേ ച പദ്മേ ഗ്രഹേന്ദ്ര കല്പിതോ
വിഷ്ണുശക്തോ മധ്യമേ;
ഊർദ്ധ്വാ ശീതകരോ ബലീ, സ ധിബലഃ
ഫാളീ, സ ദ്വിഗുണബല-
ചാമുണ്ഡീപ്രമുഖാസ്തഥോഗ്രഗണാശ്ച
ഭൈമാലയ സ്ഥിതാ ഇതി.

കുമാരോ ഭൈരവാദിർവാ സപാത്രിതരക്ഷാവശാൽ കുജഃ
ചാമുണ്ഡീ ഭദ്രകാള്യാദ്യാഃ സ കോട്യംശമസമസ്ത്രിതഃ
ശ്രീരാമാദ്യവതാരവിഷ്ണുരിതരഃ ക്ഷേത്രേഷു ചന്ദ്രത്മജോ-
പ്യന്യത്ര്യംശഗതഃ സ്ഥിതേ ഗുരുവനേ യക്ഷേഷു ഗോ-
[പാലകഃ
ത്ര്യംശേന്ദ്യേത്ര സ വിഷ്ണുരേവ ഹി പുനർജ്ജീവോ-
[മഹാവിഷ്ണുര-
പ്യർക്കോ യഃ ഹൃദി ലേശപാദേഷു ഇ ബിംബ ബ്രഹ്മാ-
[ഗ്രഹർക്ഷാദേപ്യഥാൽ.

ജന്മപുഷ്ണോതി, ദംഷ്ട്രിഭക്ഷീ വാ ജ്ജ്വലനേന വാ;
മന്ദഃ ശാസ്ത്രോദിതം കർമ്മ ചൈവം, താസ്മാൽ സർപ്പഗണാഃ സ്മൃതാഃ.
ജാത്യന്തരശതാന്യേതോ യദി സൂര്യാദിലോചനാഃ
ലോചനാനാം നിജകരാണാം പീഡാം ഉപൈത്യനിഷ്ടഗാഃ.

(പുരം ൧. ൧. ൫, ൧. ൧. ൪)

ജ്യോതിശ്ശാസ്ത്രം സർവ്വദേവമൂർത്തികളേയും, തൽപ്രസാദന പ്രകാരങ്ങളേയും സ്വീകരിച്ചിട്ടുണ്ടെന്നു മാത്രം ചൂണ്ടിക്കാണിപ്പാനേ ഇനി ഇവിടെ നിവൃത്തിയുള്ളൂ. ജിജ്ഞാസുക്കൾക്കു വിസ്തൃതമായ പ്രസ്തുതാദ്ധ്യായം തന്നെ നോക്കി അധികവിവരം ഗ്രഹിക്കാവുന്നതുമാണ്.

ദേവാലയനിർമ്മാണം, ബിംബനിർമ്മാണം മുതലായ വിഷയങ്ങളാൽ ശില്പശാസ്ത്രവും തന്ത്രശാസ്ത്രത്തോടു ബന്ധപ്പെടുന്നു. 'അനന്തശയനസംസ്കൃതഗ്രന്ഥാവലി'യിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 'ശില്പരത്ന'ത്തിന്റെ പൂർവ്വഭാഗം, ഉത്തരഭാഗം മുതലായവ ഉദാഹരണീയങ്ങളാണ്. വിസ്തരഭയത്താൽ ഉദ്ധരണം ചുരുക്കുന്നു എന്നു മാത്രം.

സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുമ്പോൾ വൈദ്യശാസ്ത്രത്തിലും താന്ത്രികമതം വ്യാപിച്ചു കിടക്കുന്നുണ്ടെന്നറിയാം. ഭൂതബാധ, ഗ്രഹപീഡ മുതലായവ രോഗകാരണങ്ങളായി വൈദ്യശാസ്ത്രം സ്വീകരിക്കുകയും, വിധിവിഹിതമായ പരിഹാരവും ചികിത്സയും അനുശാസിക്കുകയും ചെയ്തിരിക്കുന്നതുതന്നെ ഇതിൽ തെളിവ്. സുശ്രുതം, ചരകം, അഷ്ടാംഗഹൃദയം മുതലായവയിൽ, ഓരോ തരത്തിൽ, ഏതൽപ്രതിപാദനം ദർശനീയവുമാണ്. ഉദാഹരണാർത്ഥം,

"ഹിംസാവിഹാരാണി ഹി മഹാവീര്യാണി തേജാംസി പശുപതികുബേരകുമാരാനുചരാണി മാംസശോണിതപ്രിയത്വാൽ ക്ഷതജനിമിത്തം വ്രണിനമുപസർപ്പന്തി സൽകാരാർത്ഥം, ജിഘാംസവോ വാ കദാചിൽ. ഭവതി ചാത്ര,

തേഷാം സൽകാരകാമാനാം പ്രയതേതാന്തരാത്മനാ,
ധൂപബല്യുപഹാരാംശ്ച ഭക്ഷ്യാണ്യേവോപഹാരയേൽ.

[സു. ഉ.

"ഋത്വിക്സ്വാമാഹവിഃ സ്വാമിനിയെതൽപ്രകാരശ് ചാശീർവിധാ നന്തരം പാദ്യാദ്യൈ ർവിധിപൂർവ്വം ഗൃഹേഷു കുര്യാൽ"

(സ്വച്ഛന്ദസംഗ്രഹം സൂത്രസ്ഥാനം ൧൫-ാമദ്ധ്യായം)

ഇത്യാദി ഭാഗങ്ങളും, സുശ്രുതം ഉത്തരതന്ത്രത്തിലെ ബാല ഗ്രഹവിജ്ഞാനീയാദ്ധ്യായം (൨൭-ാമദ്ധ്യായം)മുതൽക്കുള്ള രണ്ടുമൂന്ന ദ്ധ്യായങ്ങളും മററും സ്വീകരിക്കാവുന്നതാണു. ഇവയും, ഇവയ്ക്കു പുറമേ,

"അർച്ചയേദ്ദേവഗോവിപ്രവൃദ്ധവൈദ്യനൃപാതിഥീൻ"

(അഷ്ടാംഗഹൃദയം ച. ൩.)

ഇത്യാദികളും അഷ്ടാംഗഹൃദയത്തിൽ പോലും കാണാവുന്നതുമാണ്.

'പുരുഷാർത്ഥപ്രബോധ'ത്തിൽ നിന്ന് ഉദ്ധരിച്ചിട്ടുള്ള പങ്ക്തികളിൽ ഉൾപ്പെട്ടതായ—

"വേദമൂലത്വാ നിത്യം പ്രവൃത്താ അപി സന്തതം!
കാലേ കലൌ ക്ഷീണവീര്യാസ്തന്ത്രാർത്ഥാസംശ്രയം പ്രയാന്തി
[ഹി."

(പുരുഷാർത്ഥ — പേജ് ൫൩)

എന്ന പദ്യത്തിൽ നിന്ന്, സ്മൃതികളിലും താന്ത്രികവ്യാപ്തി ധാരാളമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നു. പുരാണാദികളിലെ കഥ വീണ്ടും പറയേണ്ടതില്ലല്ലോ. ഇതിഹാസങ്ങളിലും അപ്രകാരം തന്നെയാണ്. ഉദാഹരണമായി, അദ്ധ്യാത്മരാമായണം ശ്രീരാമേതിഹാസത്തിന്റെ താന്ത്രികരൂപമാണെന്നുള്ള വിമർശകമതം തന്നെ ഇവിടെ സന്ദർഭോചിതമാകുന്നു. ഭാരതത്തിലും തന്ത്രസ്പർശമുണ്ട്. ഇങ്ങനെ വേദംമുതൽ ഇതിഹാസഗ്രന്ഥങ്ങൾ വരെയുള്ള ഭാരതീയ സാഹിത്യവൈജ്ഞാനികശാഖകളിലും തന്ത്രപ്രസ്ഥാനം വ്യാപിച്ചും വ്യാപരിച്ചും ഇരിക്കുന്നു എന്നുള്ളതത്രേ വസ്തുസ്ഥിതി. അപ്രകാരം, അനാർഷലോകങ്ങളിലും തന്ത്രം പ്രചരിക്കാതിരുന്നിട്ടില്ല. ബുദ്ധമതക്കാർക്കും ടിബെത്തുകാർക്കും, ചൈനക്കാർക്കും ചില തന്ത്രസാഹിത്യശാഖയുണ്ട്. ബൌദ്ധതന്ത്രത്തിലെ ഒരു മാതൃക ആണ് "അനംഗവജ്രന്റെ പ്രജ്ഞോപായാവലി" ഇംഗ്ലീഷിൽ പ്രസിദ്ധപ്പെട്ട ലോകത്തെ വിസ്മയിപ്പിച്ച "ആര്യമഞ്ജുശ്രീമൂലകല്പം" എന്ന മഹാഗ്രന്ഥം. ക്രൈസ്തവരുടെ താന്ത്രികവും മാന്ത്രികവുമായ ചില

ചടങ്ങുകളടങ്ങിയ ഒന്നോ രണ്ടോ ഗ്രന്ഥങ്ങൾ (താളപത്രമാതൃകകൾ) ഈ ഹസ്തലിഖിതഗ്രന്ഥശാലയിൽത്തന്നെ സംഭൃതങ്ങളായിട്ടുമുണ്ട്. സർ ജോൺ വുഡ്റോഫ് അത്രമാത്രം താന്ത്രികപക്ഷപാതിയായിരുന്നില്ല, സ്വന്തം താന്ത്രികസിദ്ധികളെ പുരസ്കരിച്ചായിരുന്നുവെന്നും, തന്റെ നിഷ്കൃതിയുടെ ഉല്പത്തിലാണ് തന്ത്രപ്രസ്ഥാനത്തെ പ്രസാധനപ്രകാശനപ്രചാരണാദികൾകൊണ്ട്, ഉജ്ജീവിപ്പിക്കുകയും ഉജ്ജ്വലിപ്പിക്കുകയും ചെയ്തുവെന്നും അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ശ്രീശങ്കരഭഗവൽപാദരുടെ സമകാലികനായി വംഗദേശത്ത് ഒരു "അഭിനവഗുപ്തൻ" ഉണ്ടായിരുന്നു എന്നും, അദ്ദേഹം വേദാന്തസൂത്രങ്ങൾക്കു താന്ത്രികമതാനുസാരേണ 'ശക്തിഭാഷ്യം' എന്നപേരിൽ ഒരു ഭാഷ്യം നിർമ്മിച്ചിട്ടുണ്ടെന്നും ഗവേഷകന്മാർ കണ്ടുപിടിച്ചിരിക്കുന്നു. ഈയിടെ കാലധർമ്മം പ്രാപിച്ച സുപ്രസിദ്ധപണ്ഡിതൻ ത്ര്യക്ഷമഹാമഹോപാദ്ധ്യായപദൻ ശ്രീപഞ്ചാനനതൎക്കരത്നം, വേദാന്തസൂത്രങ്ങൾക്ക് ഒരു 'ശക്തിഭാഷ്യം' നിർമ്മിച്ചു പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇവിടെ സ്മരണീയമാണ്. ചുരുക്കിപ്പറഞ്ഞാൽ, തന്ത്രത്തിന്റെ വിളയാട്ടം സാചാരഗോചരം തന്നെയാണ്. ഭേദകനായി പ്രകാരഭേദേന ദിക്കു, ദ്രവ്യങ്ങളിലും, ദിക്കു, വാങ്മയങ്ങളിലും, ദിക്കു, സമുദായങ്ങളിലും, ദിക്കു, കാലങ്ങളിലും, മിന്നിയും മങ്ങിയും, ഒളിഞ്ഞും തെളിഞ്ഞും, താഴ്ന്നും ഉയർന്നും തന്ത്രം വ്യാപ്തമാണെന്നും കൂടിപ്പറയാം. അത്രതന്നെയുമല്ല, ഒരു കണക്കിന്, വർണ്ണമാലയുടെ പരമപ്രയോജനം തന്നെ തന്ത്രത്തിനാണെന്നും കാണാം. ഇപ്പോൾ നിലവിലിരിക്കുന്ന 'മാതൃകാവർണ്ണമാല' തന്ത്രപ്രസ്ഥാനാനുസൃതമാണെന്നും പറയാം. അനാദികാലം മുതൽ പ്രവാഹരൂപേണ നിലനിന്നുവരുന്ന വർണ്ണമാലാരൂപം ഇന്നും അവ്യാകലിതമായിത്തന്നെ ഇരിക്കുന്നത് തന്ത്രത്തിന്റെ വൈഭവം കൊണ്ടായിരിക്കുമെന്നും തോന്നുന്നു. തന്ത്രത്തിൽ പ്രസിദ്ധമായ 'കല'യേയും, വർണ്ണമാലയ്ക്കും കലയ്ക്കും തമ്മിലുള്ള നിത്യസംബന്ധത്തെയും ഈ ലേഖനത്തിൽ സ്പഷ്ടീകരിച്ചു കാണിക്കാം. അതോടുകൂടി താന്ത്രിക'മായ 'കല'യുടെ ഒരു വിവിക്തമായ ഭാവനയും ധാരണയും വായനക്കാർക്ക് കിട്ടുകയും ചെയ്യുമല്ലോ. താന്ത്രികപദ്ധതിയിൽ അതേററവും പ്രധാനമായ ഒരു വിഷയവുമാണ്.

VIII. തന്ത്രശാസ്ത്രത്തിലെ കലകളും മാതൃകാക്ഷരങ്ങളും.

താന്ത്രികപ്രക്രിയ അനുസരിച്ച്, ശിവ—ശക്തി—ബിന്ദു രൂപേണ ഉള്ള തത്വത്രയത്തിൽ സമസ്തജഗത്തും അന്തർഭവിക്കുന്നു. ഈ മൂന്നു തത്വങ്ങളിൽ ഉൾപ്പെടാതെ, യാതൊരു തത്വാന്തരവും ഇല്ല. മറ്റു സമസ്തതത്വങ്ങളുടെയും അധിഷ്ഠാനവും ഉപാദാനവും ഈ തത്വത്രയം തന്നെ. 'ശിവൻ' ശുദ്ധജഗത്തിന്റെ കർത്താവും, 'ശക്തി' കരണവും, 'ബിന്ദു' ഉപാദാനവും ആകുന്നു. പാഞ്ചരാത്രാഗമത്തിൽ 'വിശുദ്ധതത്വം' എന്ന നാമത്തിൽ അറിയപ്പെട്ടുവരുന്ന തത്വത്തിന്റെ ദ്യോതകമാണ് "ബിന്ദു" എന്നിവിടെ പറയപ്പെടുന്നത്. ഇതിന്റെ തന്നെ നാമാന്തരമത്രേ "മഹാമായാ" എന്നത്. ശബ്ദബ്രഹ്മമായും, 'കുണ്ഡലിനീ'ശക്തിയായും, വിദ്യാശക്തിയായും, വ്യോമരൂപമായും, വിചിത്രഭുവനരൂപേണയും, വിവിധഭോഗ്യരൂപേണയും, പരിണമിച്ച് ശുദ്ധജഗത്സൃഷ്ടി നടത്തുന്നത് ഈ "ബിന്ദു"തത്വമാകുന്നു. ശക്തിയുടെ ആഘാതത്താൽ ഈ 'ബിന്ദുവിൽ' സ്ഫുരണമുണ്ടാകുമ്പോൾ, അതിൽനിന്ന് കല ഉദീയമാനമാകുന്നു. 'കലാ' ശബ്ദത്തിന്റെ അർത്ഥം, അവയവം... അംശം—ഭാഗം എന്നൊക്കെയാകുന്നു. അപ്പോൾ, ശക്തിയുടെ ആഘാതം നിമിത്തം, സൃഷ്ടികാലത്ത് ബൈന്ദവാകാരം തന്നെത്തന്നെ പലതായി വിഭജിച്ചുണ്ടാകുന്ന അവയവങ്ങളാണ് 'കലാ' എന്നു വന്നുകൂടുന്നു. സൃഷ്ടികാലത്ത് മൂലപ്രകൃതി, ഭിന്നഭിന്നരൂപാദി വ്യക്തികളെ ഭജിക്കുകയും ചെയ്യുന്നു. ആ രൂപാദിവ്യക്തികളാകട്ടെ, അംശരൂപിണിയായും, കലാരൂപിണിയായും, കലാംശരൂപിണിയായും പറയപ്പെട്ടുവരാം. ദുർഗ്ഗാ, ലക്ഷ്മീ, സരസ്വതീ ഈ മൂന്നും അംശരൂപിണികൾ. പുഷ്ടിയും, തുഷ്ടിയും, അന്യദേവികളും കലാരൂപിണികൾ. ജഗത്തിലെ സ്ത്രീസമുദായം മുഴുവൻ കലാംശരൂപിണികളും ആകുന്നു.* ഇങ്ങനെ മഹാമായയുടെ സാക്ഷാത്തായ അഭിവ്യക്തി സ്ത്രീകളിൽ വിളങ്ങുന്നതു നിമിത്തമാണ്, സ്ത്രീകൾക്ക സവിശേഷാദരണീയത സർവ്വത്ര സിദ്ധിച്ചിരിക്കുന്നത്. ഈ കലകളുടെ ഉൽപത്തി വർണ്ണങ്ങളിൽ നിന്നാണ്. ആകയാൽ, വർണ്ണവിഷയകമായും ഒരു ചെറിയ ചിന്ത ഇവിടെ വേണ്ടിയിരിക്കുന്നു.

---

* "സ്ത്രിയഃ സമസ്താഃ സകലാ ജഗത്സു"—(സപ്തശതീ—[illegible])

വർണ്ണമാലയെ സൃഷ്ടിച്ചു വിടുന്നത്, മൂലാധാരത്തിൽ സ്ഥിതിചെയ്യുന്ന ശബ്ദബ്രഹ്മമയിയും വിമർശസ്വഭാവിനിയും ആയ കുണ്ഡലിനീശക്തിയാണ്. തന്ത്രഗ്രന്ഥങ്ങളിൽ ഈ വിഷയത്തിന്റെ വിസ്തൃതവിവേചനം കാണാം. 'ശാരദാതിലകം' ഒന്നാംപടലത്തിലും രണ്ടാംപടലത്തിലും, 'മാതൃകാചക്രവിവേക' മെന്ന ഗ്രന്ഥത്തിലും നോക്കുക. സാങ്ഗോപാങ്ഗമായ വർണ്ണനം കാണാൻ കഴിയും. കുണ്ഡലിനി എങ്ങനെ വർണ്ണമാലാസൃഷ്ടി നടത്തുന്നു, എന്നാണെങ്കിൽ—ആദ്യമേ ശക്തിയെ ഉൽപാദിപ്പിക്കുന്നു. ഈ ശക്തി, മൂലകാരണമായ ശബ്ദത്തിന്റെ ഉന്മുഖീകരണാവസ്ഥയാണെന്നാണ് 'ശബ്ദാർത്ഥദീപികാ'കാരന്റെ മതം.* ഈ ശക്തിയിൽനിന്ന് ധ്വനി ഉളവാകുന്നു; ധ്വനിയിൽനിന്ന് നാദവും, നാദത്തിൽനിന്ന് "നിരോധിക"യും, അതിൽനിന്ന് "അർദ്ധചന്ദ്ര"നും, അതിൽനിന്ന് "ബിന്ദു"വും, ബിന്ദുവിൽനിന്ന് "പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ"—എന്ന ചതുർവിധശബ്ദങ്ങളും ഉളവാകുന്നു. 'പര'യുടെ ഉൽപത്തിസ്ഥാനം മൂലാധാരം തന്നെ. അത് 'സ്വാധിഷ്ഠാന'ചക്രത്തിലെത്തുമ്പോൾ, 'പശ്യന്തീ' എന്ന അവസ്ഥയെ പ്രാപിക്കുന്നു. ഹൃദയത്തിലെത്തുമ്പോൾ 'മദ്ധ്യമാ'—ത്വത്തെയും, കണ്ഠതാല്വാദിമാർഗ്ഗേണ വെളിപ്പെട്ടു വന്നുകഴിഞ്ഞാൽ 'വൈഖരീ'ത്വത്തെയും അവലംബിക്കുന്നു. 'ശാരദാ—തിലക'ത്തിന്റെ ടീകയിൽ ശ്രീരാഘവഭട്ടൻ ഈ വിഷയത്തിൽ ഉദ്ധരിച്ചിരിക്കുന്ന പ്രമാണശ്ലോകങ്ങളും നോക്കുക:—

"ആത്മേച്ഛാശക്തിഘാതേന പ്രാണവായുസ്വരൂപതഃ
മൂലാധാരേ സമുൽപന്നഃ "പരാ"ഖ്യോ നാദ ഉത്തമഃ.
സ ഏവോർദ്ധ്വം തയാ നീതഃ സ്വാധിഷ്ഠാനേ വിജൃംഭിതഃ,
"പശ്യന്ത്യാ"ഖ്യാമവാപ്നോതി തഥൈവോർദ്ധ്വം ശനൈഃ
[ശനൈഃ.
അനാഹതേ ബുദ്ധിതത്ത്വസമേതോ "മദ്ധ്യമാ"ഭിധഃ
തഥാ തയോർദ്ധ്വം നുന്നഃ സൻ വിശുദ്ധൗ കണ്ഠദേശതഃ,
"വൈഖര്യാ"ഖ്യസ്തതഃ കണ്ഠശീർഷതാല്വോഷ്ഠദന്തഗഃ,
ജിഹ്വാമൂലാഗ്രപൃഷ്ഠസ്ഥസ്തഥാ നാസാഗ്രതഃ ക്രമാൽ.
കണ്ഠതാല്വോഷ്ഠകണ്ഠൗഷ്ഠൗ ദന്തോഷ്ഠൗ ദ്വയതസ്തഥാ

* "ശക്തിർനാമ മൂലകാരണസ്യ ശബ്ദസ്യ ഉന്മുഖീകരണാവസ്ഥാ". ഇതി ശബ്ദാർത്ഥദീപികാകാരഃ.

സമുൽപന്നാന്യക്ഷരാണി ക്രമാലാ,,ദിക്ഷകാവധി
ആലിക്ഷാന്തരതേത്ര്യഷ്ടാമക്ഷരതാമുദീരിതം.”

(ശാരദാതിലകടീക — പുറം ൩൦)

ആരകക്രട്ടിയുള്ള വർണ്ണങ്ങളെ മൂന്നുതരമായിത്തിരിച്ചിട്ടുണ്ട്. ൧. സൗമ്യം (ചന്ദ്രസംബന്ധി), ൨. സൗരം, ൩. ആഗ്നേയം. അകാരം മുതൽക്കുള്ള ൧൬ സ്വരങ്ങളും സൗമ്യവർണ്ണങ്ങളാണ്. പ്രപഞ്ചസാരം ൩-ാംപടലം ൪ മുതൽ ൭ വരെയുള്ള ശ്ലോകങ്ങളിൽ,—ഹ്രസ്വങ്ങളായ അ, ഇ, ഉ ഇവയും അനുസ്വാരവും പുല്ലിംഗങ്ങളാണെന്നും, ദീർഘങ്ങളായ ആ, ഈ, ഊ ഇവയും വിസർഗ്ഗവും സ്ത്രീലിംഗങ്ങളാണെന്നും, ഋ, ൠ, ഌ, ൡ ഈ നാലും നപുംസകങ്ങളാണെന്നും പറയപ്പെട്ടിരിക്കുന്നു. ഹ്രസ്വസ്വരങ്ങളുടെ സ്ഥിതി പിംഗളാനാഡിയിലും, ദീർഘസ്വരസ്ഥിതി ഇഡാനാഡിയിലും, നപുംസകസ്വരസ്ഥിതി സുഷുമ്നാനാഡിയിലും ആണത്രെ.

‘ശാരദാതിലക’ശ്ലോകം നോക്കുക:—

“പിംഗലായാം സ്ഥിതാ ഹ്രസ്വാ ഇഡായാം സംഗതാഃ
[പരേ
സുഷുമ്നാമധ്യഗാ ജ്ഞേയാശ്ചത്വാരോ യേ നപുംസകാഃ.”

(൨ — ൭)

ക-മുതൽ, മ-വരെയുള്ള “സ്പർശ”ങ്ങൾ ആണ് ‘സൗര’ വർണ്ണങ്ങൾ.

യ-ര-ല-വ-ശ-ഷ-സ-ഹ-ള-ക്ഷ—ഇവ ആഗ്നേയവർണ്ണങ്ങളുമാണ്. ഈ മൂന്നുതരം വർണ്ണങ്ങളിൽനിന്നാണ്, മുപ്പത്തെട്ടു കലകളുടെ ഉൽപത്തി. സ്വരങ്ങളിൽനിന്ന് ‘സൗമ്യ’കലകൾ ൧൬; ‘സ്പർശ’യുഗളങ്ങളിൽനിന്നു സൂര്യകലകൾ ൧൨; യകാരാദി പത്തിൽനിന്ന് അഗ്നികലകൾ പത്ത്.

“താൽ ത്രിംശസമുദ്ഭൂതാ അഷ്ടാത്രിംശൽകലാ മതാഃ;
സ്വരൈഃ സൗമ്യാഃ, സ്പർശയുഗ്മൈഃ സൗരാ യാദ്യാശ്ച
[വഹ്നിജാഃ. ൧൧
ഷോഡശ, ദ്വാദശ, ദശ-സംഖ്യാഃ സ്യുഃ ക്രമശഃ കലാഃ.”

(പടലം—൩.)

എന്നുള്ള പ്രപഞ്ചസാരവചനം നോക്കുക.

സൗമ്യകലകളും ആഗ്നേയകലകളും ഒററയൊററ വർണ്ണത്തിൽനിന്നാണ് ഉളവാകുന്നത്. ആഗ്നേയകലകൾ യുഗളാക്ഷരങ്ങളിൽനിന്നു വരാൻ കാരണം ചിന്തിപ്പാനുണ്ട്. രവി സ്വതവേ അഗ്നീഷോമസ്വരൂപനാണ്. ശിവശക്തിസാമരസ്യമാണ് രവിയിലുള്ളത്. അതായത്, സാമ്യാവസ്ഥയിൽ സൂര്യനും, വൈഷമ്യാവസ്ഥയിൽ അഗ്നീഷോമന്മാരും ആയിരിക്കുന്നത് ഒരേ വസ്തുവത്രേ. സൂര്യനിൽ ക്ഷോഭമുണ്ടാകുമ്പോൾ, അഗ്നിരൂപമായിച്ചമയും ഒരുകരു; അതുപോലെ അപരതു സോമരൂപമായും ചമയും. 'യോഗിനീഹൃദയ'തന്ത്രത്തിന്റെ 'ദീപിക'യിൽ (പുറം ൯൦) 'അമൃതാനന്ദനാഥൻ' ഈ വസ്തുത സ്പഷ്ടമാക്കിക്കാണിച്ചിട്ടുണ്ട്.

“അഗ്നീഷോമാത്മകഃ കാമാഖ്യോ രവിഃ ശിവശക്തി സാമരസ്യ-വാച്യാത്മാ ജ്ഞേയഃ. തഥോക്തം 'ചിദ്ഗഗനചന്ദ്രികാ'യാം—

“ഭോക്തൃഭോഗമയഗോ വിമർശനാദ്
ദേവി! മാം ചിദുദയൗ ദ്രുഢാം ദശാം
അപ്പ്യയന്നനലസോമമിശ്രണം
തദ്വിമർശ ഇഹ ഭാനുജൃംഭണം.”—ഇതിൽനിന്ന്, സൗരകലകളിൽ ആഗ്നേയകലകളുടേയും സൗമ്യകലകളുടേയും മിശ്രണമുണ്ടെന്നു സിദ്ധിക്കുന്നു. അപ്പോൾ, രണ്ടു സ്പർശങ്ങൾ ചേർന്ന് ഓരോ സൂര്യകലകൾ ഉണ്ടാകുന്നത് ഇതിലാം യുക്തിയുക്തമായിത്തീരുന്നു. ചകാരം സ്വതവേ രവിരൂപമാണ്. “തമന്ത്ര്യഖ്യാത്മാ രവിഃ സ്മൃതഃ”—എന്ന് “പ്രപഞ്ചസാര”(3-8)ത്തിൽ പറഞ്ഞിരിക്കുന്നു. അപ്പോൾ, ൨൪-സ്പർശങ്ങളിൽനിന്ന്, ൧൨ സൂര്യകലകൾ ഉണ്ടാവുന്നതും സങ്ഗതം തന്നെ. എന്നാൽ, ഇവിടെ യുഗളാക്ഷരങ്ങൾ ക്രമപ്രകാരമല്ല, ഓരോ കലയ്ക്കും ഉൽപത്തിസ്ഥാനമായി ലഭിക്കുന്നത്. ആദ്യത്തെ ഒരക്ഷരവും (ക) ഒടുക്കത്തെ ഒരക്ഷരവും (ഭ) കൂടിയാണ് ഒരു സൂര്യകലയെ ഉദിപ്പിക്കുന്നത്. ഈ ക്രമത്തിൽ ൧൨ കലകളേയും കണ്ടുകൊള്ളണം.

'ശാരദാതിലക'ത്തിലും (പടലം-൨-ശ്ലോ. ൧൩-൧൬) “പ്രപഞ്ചസാര”ത്തിലും (3-15-20) ഈ കലകളെ വിവരിച്ചു കാണിച്ചിരിക്കുന്നതനുസരിച്ച് ഇവിടെയും വിവരിക്കാം.

൧. ചന്ദ്രകലകൾ—൧൬—(കാമദായിനികൾ)

൧. അ—അമൃതാ.
൨. ആ—മാനദാ.
൩. ഇ—പൂഷാ.
൪. ഈ—തുഷ്ടി.
൫. ഉ—പുഷ്ടി.
൬. ഊ—രതി.
൭. ഋ—ധൃതി.
൮. ൠ—ശശിനീ.
൯. ഌ—ചന്ദ്രികാ.
൧൦. ൡ—കാന്തി.
൧൧. ഏ—ജ്യോത്സ്നാ.
൧൨. ഐ—ശ്രീ.
൧൩. ഓ—പ്രീതി.
൧൪. ഔ—അംഗദാ.
൧൫. അം—പൂൎണ്ണാ.
൧൬. അഃ—പൂൎണ്ണാമൃതാ.

൨. സൗരകലകൾ—൧൨—(വസുദകൾ).

൧. കം ഭം—തപിനീ.
൨. ഖം ബം—താപിനീ.
൩. ഗം ഫം—ധൂമ്രാ.
൪. ഘം പം—മരീചി.
൫. ങം നം—ജ്വാലിനീ.
൬. ചം ധം—രുചി.
൭. ഛം ദം—സുഷുമ്നാ.
൮. ജം ഥം—ഭോഗദാ.
൯. ഝം തം—വിശ്വാ.
൧൦. ഞം ണം—ബോധിനീ.
൧൧. ടം ഢം—ധാരിണീ.
൧൨. ഠം ഡം—ക്ഷമാ.

൩. ആഗ്നേയകലകൾ—൧൦—(ധൎമ്മപ്രദകൾ).

൧. യം—ധൂമ്രാൎച്ചിസ്സ്.
൨. രം—ഊഷ്മാ.
൩. ലം—ജ്വലിനീ.
൪. വം—ജ്വാലിനീ.
൫. ശം—വിസ്ഫുലിംഗിനീ.
൬. ഷം—സുശ്രീ.
൭. സം—സുരൂപാ.
൮. ഹം—കപിലാ.
൯. ളം—ഹവ്യവഹാ.
൧൦. ക്ഷം—കവ്യവഹാ.

ശ്രീവിദ്യാൎണ്ണവതന്ത്രത്തിലും (ശ്വാസം ൨. പുറം-൨൯൪) ഈ കലകളുടെ നാമരൂപങ്ങളെ ഉല്ലേഖനം ചെയ്തിരിക്കുന്നതു കാണാം. അതിനും, ഇവിടെ കാണിച്ചതിനും തമ്മിൽ വ്യത്യാസമൊന്നും ഇല്ലതാനും.

IX. തന്ത്രത്തിന്റെ കാലം.

ഉപരിനിർദ്ദിഷ്ടങ്ങളായ വിഷയങ്ങളിൽനിന്നും, മാച്ചുകളിൽനിന്നും തന്നെ, തന്ത്രത്തിന്റെ കാലപരമായ നിർണ്ണയവും ബുദ്ധിമാന്മാർക്കു നിർദ്ധരിക്കാവുന്നതാണ്. അതായത്, അനാദികാലം- അഥവാ വേദകാലം മുതൽക്കുതന്നെ തന്ത്രപ്രസ്ഥാനവും നിലനിന്നുപോരുന്നു എന്നുള്ളതുതന്നെ. എന്നാൽ, പാശ്ചാത്യപണ്ഡിതന്മാരും, തദനുയായികളും ഈ അഭിപ്രായത്തോട് അത്ര യോജിക്കുന്നവരല്ല. പ്രസിദ്ധപൌരസ്ത്യവിദ്യാപണ്ഡിതനായ വിൻറർനിസ് പറഞ്ഞിരിക്കുന്നത്, 'മഹാഭാരതത്തിന്റെ അവസാനഭാഗങ്ങളിൽ പോലും തന്ത്രത്തെപ്പററി പരാമർശമില്ലെന്നും, തദനന്തരജാതങ്ങളാണ് തന്ത്രഗ്രന്ഥങ്ങളെന്നും ആകുന്നു.* എന്നാൽ എ. ഡി. രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന 'തിരുമൂലർ' എന്ന ദ്രാവിഡസിദ്ധൻ ചില ശൈവാഗമങ്ങളെ അനുസ്മരിച്ചിട്ടുള്ളതുകൊണ്ട്, ആ കാലത്തിനു മുമ്പ് അവ ഉണ്ടായിരുന്നെന്നും കരുതുന്നു. വൈഷ്ണവസംഹിതകളിൽ ഏററവും പ്രാചീനം 'അഹിർബുധ്ന്യസംഹിത' ആണെന്നും, അതിന്റെ കാലം എ. ഡി. ൪-ാം നൂററാണ്ടാണെന്നും, പിന്നത്തെ പല ശതാബ്ദികളിലായി പല വൈഷ്ണവതന്ത്രങ്ങളും രൂപവല്ക്കൃതങ്ങളാണെന്നും വിൻറർനിസ് പ്രഭൃതികൾക്ക് അഭിപ്രായമുണ്ട്. ശാക്തതന്ത്രങ്ങൾ കുറേക്കൂടി നവീനങ്ങളാണെന്നും, എ. ഡി. ൧൦-ാം നൂററാണ്ടു മുതൽക്കാണ് അവയുടെ വളർച്ച എന്നും, ൧൮-ാം നൂററാണ്ടുവരെ ആ വക കൃതികൾ ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ടെന്നും മററും ഓരോരുത്തർ പറഞ്ഞിട്ടുമുണ്ട്. ഇവരുടെ ഈ പ്രതിപാദനങ്ങൾക്കൊക്കെ എത്ര വില കല്പിക്കാം? ചില ചില ഹേതുക്കൾ പിടിച്ച്, ചില ചില അനുമാനങ്ങളെ ആവിഷ്കരിച്ചിരിക്കുന്നു എന്നതിലധികം ഇവയ്ക്കു വിലകല്പിക്കുന്നതു സാഹസമാണ്.

---

* History of Indian Literature P. 604-- നോക്കുക.
"Even in the latest portions of the Mahabharata........there is mention of Tantras......" ഇത്യാദി.

മഹാഭാരതത്തിൽ താന്ത്രിക പരാമർശമില്ലെന്നാണല്ലോ ആ മൂലഹേതു. അതുതന്നെ ശരിയല്ലെന്ന് ആദ്യമേ പറകയേ ണ്ടിയിരിക്കുന്നു. മഹാഭാരതം ശാന്തിപർവ്വത്തിൽ അന്തർഭവിച്ചു കിടക്കുന്ന രാജധർമ്മപ്രകരണത്തിൽ, വിദ്യാസമുദ്ദേശം ചെയ്യുന്ന ഒരു പ്രകരണത്തിൽ, തന്ത്രങ്ങളെപ്പററി പ്രസ്പഷ്ടമായിത്തന്നെ പ്രതിപാദിച്ചു കാണമാനുണ്ട്. എങ്ങനെയെന്നാൽ:—

ഭൂയഃ സ ഭഗവാൻ ധ്യാത്വാ ചിരം ശൂലധരഃ പ്രഭുഃ
അസൃജൽ സർവ്വശാസ്ത്രാണി മഹാദേവോ മഹേശ്വരഃ
ദണ്ഡനീതേഃ പ്രയോഗാർത്ഥം പ്രമാണാനി ച സർവ്വശഃ.
വിദ്യാശ്ചതസ്രഃ കൃതവാംസ്താസാം ഭേദവികല്പനാഃ.
അംഗാനി വേദാശ്ചത്വാരോ മീമാംസാ ന്യായവിസ്തരഃ
പുരാണം ധർമ്മശാസ്ത്രം ച വിദ്യാഹ്യേതാശ്ചതുർദ്ദശ.
ആയുർവ്വേദോ ധനുർവ്വേദോ ഗാന്ധർവ്വശ്ചേതി തേ ത്രയഃ
അർത്ഥശാസ്ത്രം ചതുർത്ഥം ച വിദ്യാഹ്യഷ്ടാദശൈവ തു.
ദശ ചാഷ്ടൗ ച വിഖ്യാതാ ഏതാ ധർമ്മസ്യ സംഹിതാഃ
ഏതാസാമേവ വിദ്യാനാം വ്യാസമാഹ മഹേശ്വരഃ.
ശതാനി ത്രീണി ശാസ്ത്രാണാം, മഹാതന്ത്രാണി സപ്തതിം
വ്യാസ ഏവ തു വിദ്യാനാം മഹാദേവേന കീർത്തിതഃ.
തന്ത്രം പാശുപതം നാമ, പാഞ്ചരാത്രം ച വിശ്രുതം,
യോഗശാസ്ത്രം ച, സാംഖ്യം ച, തന്ത്രം ലോകായതം തഥാ,
തന്ത്രം ബ്രഹ്മമയം നാമ, തദ്വിദ്യാ ശിവരകസാം,
സൃഷ്ടിഃ സ്ഥിത്യർജ്ജീവാനാം കാരണം ചേതി വിശ്രുതം.
തദ്വിദ്യാസ്തഥാ ചാഷ്ടൗ സമ്പ്രോക്താ ന്യായവിസ്തരഃ
ദശ ചാഷ്ടൗ ച വിജ്ഞേയാഃ പുരാണാ ധർമ്മസംഹിതാഃ.
പുരാണാശ്ച പ്രണീതാശ്ച താവദ്ദേവേന സാഹിതാഃ
ധർമ്മശാസ്ത്രാണി തദ്വച്ച ഏകാർത്ഥാനി ച താന്യഥാ.
ഏകാർത്ഥാനി പുരാണാനി വേദാശ്ചൈകാർത്ഥസംഹിതാഃ
നാനാർത്ഥാനി ച സർവ്വാണി തതഃ ശാസ്ത്രാണി ശങ്കരഃ
പ്രോവാച ഭഗവാൻ ദേവഃ കാലജ്ഞാനാനി യാനി ച

ചതുഷ്ഷഷ്ടി പ്രമാണാനി ആയുർവ്വേദം ച സോത്തരം
അഷ്ടാദശ വികല്പാം താം ദണ്ഡനീതിം ച ശാശ്വതീം,
ഗാന്ധർവ്വമിതിഹാസം ച നാനാവിസ്തരമുക്തവാൻ.
ഇത്യേതാഃ ശങ്കരപ്രോക്താ വിദ്യാഃ ശബ്ദാർത്ഥസംഹിതാഃ
പുനർദ്ദശസഹസ്രം തു താസാമേവ തു വിസ്തരഃ.
ഋഷിഭിർദ്ദേവഗന്ധർവ്വൈഃ സവികല്പഃ സവിസ്തരഃ
ശശ്വദഭ്യസ്യതേ ലോകേ വേദ ഏവ തു സർവ്വശഃ.
വേദാർത്ഥതത്ത്വഃ സംക്ഷിപ്യ വേദവാദാശ്ച തേ സ്മൃതാഃ
ഏതാസാം പാരഗോ യശ്ച സ ചോക്തോ വേദപാരഗഃ.
വേദാനാം പാരഗോ രുദ്രോ വിഷ്ണുരിന്ദ്രോ ബൃഹസ്പതിഃ.
ശുക്രഃ സ്വായംഭുവശ്ചൈവ മനുഃ പരമധർമ്മവിൽ.
ബ്രഹ്മാ ച പരമോ ദേവഃ സദാ സർവ്വൈഃ സുരാസുരൈഃ
സർവ്വസ്യാനുഗ്രഹാച്ചൈവ വ്യാസോ വൈ വേദപാരഗഃ.

ഭീഷ്മ ഉവാച—

അഹം ശാന്തനവോ ഭീഷ്മഃ പ്രസാദാന്മാധവസ്യ ച
ശങ്കരസ്യ പ്രസാദാച്ച ബ്രാഹ്മണാനാം കുരൂദ്വഹ!
വേദപാരഗ ഇത്യുക്തോ യാജ്ഞവല്ക്യശ്ച സർവ്വശഃ.
കല്പേ കല്പേ മഹാഭാഗൈർഋഷിഭിസ്തത്ത്വദർശിഭിഃ
ഋഷിപുത്രൈർഋഷിഗണൈർഭിദ്യന്തേ മിശ്രകൈരപി
ശിവേന ബ്രഹ്മണാ ചൈവ വിഷ്ണുനാ ച വികല്പിതാഃ
ആദികല്പേ പുനശ്ചൈവ ഭിദ്യന്തേ സാധുഭിഃ പുനഃ
ഇദാനീമപി വിച്ഛിദ്യന്തേ ച വികല്പകൈഃ
പൂർവ്വജന്മാന്തസാരേണ ബുദ്ധ്യുദയം സമശ്നുതി
ഭൂയഃ സ ഭഗവാൻ ധ്യാത്വാ ചിരം ശൂലവരായുധഃ
തസ്യ തസ്യ നികായസ്യ ചകാരൈകൈകമീശ്വരം."

(രാജധർമ്മപർവ്വം, അദ്ധ്യായം [illegible], ശ്ലോകം [illegible])

എന്നാൽ, ബോംബേ 'നിർണ്ണയസാഗര' മുദ്രാലയത്തിൽ അച്ചടിച്ചിട്ടുള്ള മഹാഭാരതം ശാന്തിപർവ്വത്തിൽ നിന്നാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. അത് പ്രാമാണികമായിട്ടുള്ള

'എഡിഷൻ' (പതിപ്പ്)ആണെന്നുള്ളതിലും സന്ദേഹത്തിനവകാശമില്ല. വിൻറർനിറ്റ്സിൻറെ ജർമ്മൻമൂലകൃതിയുടെ ഈ ഭാഗം (ഇതിഹാസ-പുരാണാദിഭാഗം) ൧൯൦൮-ലും, അതിൻറെ സാവ്ത്തികമായ പരിശോധനവും, പരിഷ്കരണവും കഴിച്ചുകൊണ്ടുള്ള ഇംഗ്ലീഷ്തർജ്ജമ ൧൯൨൭-ലും ആണ് അച്ചടിക്കപ്പെട്ടിരിക്കുന്നത്. എന്നിട്ടും, ഈ ഭാഗം അദ്ദേഹത്തിൻറെ ദൃഷ്ടിയിൽപ്പെടുവാൻ ഇടയാകാതെ പോയിരിക്കുന്നു. ഉദ്ധൃതഭാഗത്തിൽ "മാഹാതന്ത്രാണി സപ്തതിം" എന്നു സ്പഷ്ടമായി പറഞ്ഞു കാണുന്നതിൽനിന്ന്, ഭാരതകാലത്ത് എഴുപതു തന്ത്രങ്ങളുടെ സത്ത സമ്മതിക്കപ്പെടാതെ നിർവാഹവുമില്ല. ഈ പ്രബന്ധത്തിൻറെ ൧൯-ാം വശത്ത് ഉദ്ധരിച്ചിരിക്കുന്ന—

"പ്രതന്ത്രാണി ച തന്ത്രാണി മുനിഭിർദ്ദേവമാനവൈഃ
ബഹുധാ സംപ്രണീതാനി, തേഷാമം ബഹുധാ സ്മൃതഃ"

എന്നുള്ള "വിഷ്ണുസംഹിതാ"വചനത്തിൽ, പല ദേവർഷിമുനികളും കൂടി തന്ത്രങ്ങളെ നിർമ്മിച്ചിട്ടുണ്ടെന്നു പറഞ്ഞുകാണുന്നതിനാൽ, ഭാരതാന്തർഗതതന്ത്രങ്ങളുടെ കൃത്യമായ ഗതി കല്പിക്കുവാൻ വഴിയുമായി. വീണ്ടും ഇവിടെ ഒരു ശങ്കയുള്ളത്, ഈ ഭാഗം പ്രക്ഷിപ്തവും അർവാചീനവും അപ്രമാണവുമായിരിക്കാമെന്നു മാത്രമാണ്. ഏതെങ്കിലും പ്രതികളിൽ കാണാത്ത ഭാഗമെല്ലാം ഇത്തരം അനുമാനത്തിനു വിഷയമാക്കാമെന്നും, എന്നാൽ പ്രമാണാന്തരസഹായമില്ലാതെ അങ്ങനെ അനുമിക്കുന്നത് അയുക്തമായിരിക്കും എന്നും, ഇത്തരം അനുമാനങ്ങൾക്കു കൂടുതൽ ശക്തിയായിരിക്കുക, ഈ മാതിരി ഭാഗങ്ങൾ ഇല്ലാത്ത മാതൃകകൾക്കും പ്രസിദ്ധീകരണങ്ങൾക്കും പാഠവൈകല്യമുണ്ടെന്നു സമ്മതിക്കുക ആണെന്നും, പ്രസ്തുതശങ്കയ്ക്കു നല്ല സമാധാനവും പറയാം. അങ്ങനെ പാഠവൈകല്യം വരാനുള്ള ഹേതുക്കൾ, ലേഖകപ്രമാദം, പൂർവമാതൃകകളിലെ ന്യൂനത, മുദ്രാപണപ്രമാദം തുടങ്ങി പലതുമാകാവുന്നതാണ്. ആ നിലയ്ക്കു ആ വികലപാഠമാതൃകകളെ അപ്രമാണീകരിക്കുകയും, സകലപാഠമാതൃകകളെ പ്രമാണീകരിക്കുകയും ആണ് ന്യായ്യം; സാകല്യത്തെ പ്രക്ഷിപ്തമാണെന്നു കല്പിക്കുകയും, വൈകല്യത്തെ വന്ദനീയകോടിയിലിടുകയും അല്ല.

എന്നാൽ, അങ്ങനെ ഈ ഭാഗത്തെ (ഉദ്ധൃതഭാഗത്തെ) പ്രാചീനന്മാരായ പ്രാമാണികന്മാർ പ്രമാണമായി സ്വീകരിച്ചിട്ടുണ്ടോ, എന്നാണെങ്കിൽ, ഉണ്ടെന്നും പറഞ്ഞുകൊള്ളുന്നു.

ഉദാഹരണമായി, പ്രസിദ്ധമഹാകവിയും പണ്ഡിതമൂർദ്ധന്യനും ശ്രുതിസ്മൃതികുശലനും ആയ സാക്ഷാൽ നീലകണ്ഠദീക്ഷിതരുടെ നാമംതന്നെ നിർദ്ദേശിച്ചുകൊള്ളട്ടെ. അദ്ദേഹത്തിന്റെ "ശിവതത്ത്വരഹസ്യം" എന്ന ഗ്രന്ഥത്തിൽ, ൬-ം, ൭-ം, ശ്ലോകങ്ങളിലായി ഉദ്ധരിച്ചിരിക്കുന്നതു നോക്കുക. ൭-ാം ശ്ലോകത്തു്, "മഹാതന്ത്രാണി സപ്തതിം" എന്ന ഭാഗത്തിനു്, "പ്രാഹ തന്ത്രാണി സപ്തതിം" എന്ന പാഠഭേദംകൂടി കാണാനുണ്ടെന്നുള്ള പരമാർത്ഥവും മറച്ചുവെയ്ക്കുന്നില്ല. എന്നാൽ വിന്റർനിസ് പ്രഭൃതികളുടെ പ്രാമാണികഗ്രന്ഥങ്ങളിൽ ഇങ്ങനെയൊരു പ്രസ്താവം കടന്നുകൂടുവാനുള്ള കാരണമെന്തു്? അതിതാണു് — കൽക്കത്തായിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഭാരതത്തിൽ ഈ ഭാഗം ഇല്ല. അതു് അധികം മാതൃകകൾ വെച്ചു പരിശോധിച്ചതിനുശേഷം അവികലരൂപേണ നടന്ന പ്രസിദ്ധീകരണവും അല്ല. ആ പ്രസിദ്ധീകരണമോ മററാ ആയിരിക്കണം വിന്റർനിസ് പ്രഭൃതികളുടെ പ്രസ്താവനയ്ക്കു് ആസ്പദമായ ഭാരതം. എന്നാൽ ഭാരതത്തിന്റെ സംശോധിതസംസ്കരണം പുറപ്പെട്ടു പലതരകാലം കഴിഞ്ഞതിനുശേഷം സമൂലം പരിഷ്കരിച്ചു് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തപ്പെട്ട "ഹിസ്റ്ററി ആഫ് ഇൻഡ്യൻ ലിറററേച്ചർ" (History of Indian Literature) എന്ന പ്രാമാണികഗ്രന്ഥത്തിലും ഇങ്ങനെ തന്നെ പ്രസ്താവിക്കപ്പെട്ടുപോയിരിക്കുന്നതു് ആശ്ചര്യം തന്നെ! ബഹുസഹസ്രം വായനക്കാർ—വിദ്യാർത്ഥികൾ—ഇതു നിമിത്തം, തന്ത്രകാലം സംബന്ധിച്ചു്, സ്ഥിരതരമായി തെററിദ്ധരിച്ചിരിക്കുമല്ലോ. അതു ശോചനീയമല്ലയോ? പൂനായിലുള്ള ഭണ്ഡാർകർ സ്മാരകഗവേഷണശാലയിൽ (ഇൻസ്റ്റിട്ട്യൂട്ടിൽ)നിന്നു്, പ്രായേണ സർവ്വദേശീയമാതൃകകളേയും വെച്ചു പരിശോധിച്ചുകൊണ്ടു്, ഒരു പ്രസിദ്ധീകരണം, ഭാരതത്തിനു നിലവിലുണ്ടു്. അവിടെനിന്നു 'ശാന്തിപർവ്വം' ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. അവിടത്തെ പ്രസിദ്ധീകരണം പൂർണ്ണരൂപേണ പുറത്തു വന്നിട്ടു പരിശോധിച്ചാൽ, ഭാരതത്തിന്റെ മററു ഭാഗങ്ങളിലും താന്ത്രികപ്രതിപാദനം കാ

ഞാൻ കഴിയും എന്ന [illegible], പാഞ്ചരാത്രം, പാശുപതം മുതലായവയെപ്പറ്റി മോക്ഷധർമ്മാദിപ്രകരണങ്ങളിലും പറഞ്ഞു കാണുന്നതുകൊണ്ട്,* ശാക്തതന്ത്രോൽക്കർഷം ഭാരതത്തിൽ സ്ഥാനം ലഭിക്കുന്നതു സമുചിതവുമാണ്. പാശുപതം, പാഞ്ചരാത്രം, ശാക്തം മുതലായവയെല്ലാം (ആഗമം, സംഹിത, തന്ത്രം) തന്ത്രസമുദായങ്ങളാണെന്നു വിന്റർനിറ്റ്സ് തന്നെ സമ്മതിച്ചിട്ടുള്ളതുമാകുന്നു. പിന്നെ, വേറെ ഒട്ടേറെ വിദ്യാപ്രസ്ഥാനങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്നതും തന്ത്രസമ്പ്രദായങ്ങളാണ്. അതിനും പുറമേ, "യദിഹാസ്തി തദന്യത്ര യന്നേഹാസ്തി ന തത് ക്വചിത്" എന്നല്ലേ വ്യാസഭഗവാൻ ഭാരതത്തിനു പതിച്ചിരിക്കുന്ന മുദ്രാവാക്യം? ഭാരതം സ്പർശിക്കാത്ത പൌരസ്ത്യവിജ്ഞാനശാഖ യാതൊന്നും ഇല്ലെന്നതു തന്നെയാണ് ഇതുകൊണ്ടും കരുതേണ്ടിയിരിക്കുന്നത്. ഈ വഴിക്കും അതിൽ തന്ത്രപ്രസ്താവം സംഗതമാണെന്നു സാരം.

ഭാരതകാലത്തു മാത്രമല്ല, രാമായണകാലത്തും തന്ത്രപൂജകൾ പ്രചരിച്ചിരുന്നു എന്നതിനു തെളിവില്ലായ്കയില്ല. ഉദാഹരണത്തിന്, ശുക്രാചാര്യൻ ഇന്ദ്രജിത്തിന് ഉപദേശിച്ചുകൊടുത്തതും, ഇന്ദ്രജിത്ത് അന്ത്യ വശ്യവാടത്തിൽ നടത്തി ഫലം നേടിയതുമായ നികുംഭിലാഹോമം തന്നെ എടുക്കാം. വാല്മീകിരാമായണം—യുദ്ധകാണ്ഡം ൮൫-ാം അദ്ധ്യായത്തിൽ ഇക്കഥ പറയപ്പെട്ടിട്ടുണ്ട്. "നികുംഭിലായാം ദേവീം ഹോമം സമാപ്യ"—ഇത്യാദിയാണ് സുപ്രസിദ്ധമായ 'തിലക'വ്യാഖ്യാനം ൮൫-ാം ശ്ലോകത്തിന് വിവരണം നല്കിയിരിക്കുന്നത്. ൮൪-ാം ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ, "നികുംഭിലാ നാമ ഗുഹാവി മഹാകാളീക്ഷേത്രം അലക്ഷ്യന്യഗ്രോധമൂലഗുഹ" എന്നും "അകൃതാഗ്നിം—അഹുതാഗ്നിപാർശ്വഹോമം" എന്നും പറഞ്ഞു

* "സാംഖ്യം യോഗം പാഞ്ചരാത്രം വേദാഃ പാശുപതം തഥാ
ജ്ഞാനാന്യേതാനി രാജർഷേ വിദ്ധി നാനാമതാനി വൈ" (ഭാ. ശാ. മോ. 350-63)

** "പാഞ്ചരാത്രസ്യ കൃത്സ്നസ്യ വക്താ നാരായണഃ സ്വയം" (ഭാ. ശാ. മോ. 350-67) ഇത്യാദി നോക്കുക.

കാണുന്നതും പരിഗണിച്ചു നോക്കുക. ഉത്തരകാണ്ഡം ൨൫-ാം സർഗ്ഗത്തിൽ, ശുക്രാചാര്യൻ ഇന്ദ്രജിത്തിനെക്കൊണ്ട് പലതരം യജ്ഞങ്ങളെല്ലാം നടത്തിച്ചതായി പ്രസ്താവിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ വൈഷ്ണവമായ ഗോമേധവും, മാഹേശ്വരമായ [illegible] യജ്ഞത്തെയും കൂടി നടത്തപ്പെട്ടതായും കാണുന്നു. മഹേശ്വരയജ്ഞത്തിന്റെ ഫലമായിട്ടാണ്, പശുപതിയിൽനിന്ന് ഇന്ദ്രജിത്തിന് —

"കാമഗം സ്യന്ദനം ദിവ്യമന്തരിക്ഷചരം ധ്രുവം
മായാം ച താമസീം നാമ യയാ സംപദ്യതേ തമഃ.
ഏതയാ കില സംഗ്രാമേ മായയാ രാക്ഷസേശ്വര!
പ്രയുക്തയാ ഗതിഃ ശക്യാ നഹി ജ്ഞാതും സുരാസുരൈഃ.
അക്ഷയാവിഷുധീ ബാണൈശ്ചാപം ചാപി സുദുർജ്ജയം
അസ്ത്രം ച ബലവദ് രാജൻ! ശത്രുവിധ്വംസനം രണേ".

(ഉത്തരകാണ്ഡം സ. ൨൫ ശ്ലോ. ൯ മുതൽ)

എന്നീ ശ്ലോകങ്ങളിൽ പറയുന്ന വസ്തുക്കളും സിദ്ധികളും [illegible] ന്നതും. ഈ വക കൃതികളിൽനിന്ന്, രാമായണകാലത്തും താന്ത്രികവ്യാപാരങ്ങൾ പ്രചരിച്ചിരുന്നു എന്നു സമ്മതിക്കാതെ തരമില്ലല്ലോ.

എല്ലാററിനും പുറമെ ഭാരതകാലത്തിനും, രാമായണകാലത്തിനും വളരെ മുമ്പാണ് 'ഹരപ്പാ'-'മോഹൻ ജൊ ദരൊ'* മുതലായ സിന്ധുതീരപ്രദേശങ്ങളിൽ സമീപകാലത്ത് ഖനനം ചെയ്ത് കണ്ടുപിടിക്കപ്പെട്ട ചരിത്രാതീതകാലസംസ്കാരലക്ഷ്യങ്ങളുടെ [illegible] എന്നും, അതേകദേശം ബി. സി. അയ്യായിരം വർഷങ്ങൾക്കപ്പുറമാണെന്നും അഭിജ്ഞന്മാർ നിർണ്ണയിച്ചിട്ടുണ്ട്. ആ സംസ്കാരലക്ഷ്യങ്ങളിൽ ഒന്നാണ് ചിത്രരൂപ

---

* 'സിന്ധി' ഭാഷാശബ്ദമാണ് 'മോഹൻ-ജൊ-ദരൊ' എന്നതു്. മൃതന്മാരുടെ [illegible] എന്നാണ് ഈ ശബ്ദത്തിന്റെ അർത്ഥം. [illegible] "പ്രാഗൈതിഹാസിക മോഹൻ-ജൊ-ദരൊ" എന്ന [illegible] പുസ്തകം നോക്കുക. (Calcutta University publication)

ലിപി എന്നത്. ആ ചിത്രരൂപലിപികൾ താന്ത്രികലിപികൾ തന്നെ. കൽക്കത്ത രാമകൃഷ്ണവേദാന്തമഠത്തിൽ നിന്ന് പുറപ്പെട്ടിരിക്കുന്ന "ഋഗ്വേദിക് കൾച്ചർ ഓഫ് ദി പ്രീ-ഹിസ്റ്റോറിക് ഇൻഡസ്" (Rgvedic Culture of the Pre Historic Indus) എന്ന പുസ്തകത്തിന്റെ രണ്ടാം വാല്യത്തിൽ ശ്രീ സ്വാമി ശങ്കരാനന്ദ എന്ന പണ്ഡിതശ്രേഷ്ഠൻ പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ, വേദകാലമെന്ന് നവീനപണ്ഡിതന്മാർ നിർണ്ണയിച്ചുവച്ചിട്ടുള്ള കാലത്തിനും മുമ്പല്ല ഈ താന്ത്രികകാലമെന്നും വേദാനന്തരകാലം തന്നെയാണതെന്നും കൂടി അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്*. ഈ മതം പ്രമാണീകരിക്കപ്പെടുകയാണെങ്കിൽ, താന്ത്രികകാലം അതിപുരാതനം തന്നെ എന്നും വന്നുകൂടുന്നു. ഇനി, വേദകാലം അനാദി അഥവാ അജ്ഞാതാദി എന്നു സ്വീകരിക്കുന്ന പക്ഷത്തിൽ, താന്ത്രികപ്രസ്ഥാനത്തിന് കുറെക്കൂടിപ്പഴക്കം കല്പിയ്ക്കുവാനും അവകാശമുണ്ട്. എന്നാൽ വേദസമകാലികം തന്നെയാണ് തന്ത്രവും എന്ന്, ഈ പ്രകരണത്തിന്റെ ആരംഭത്തിൽ പറഞ്ഞത് ശരിയല്ലാതാകുന്നില്ല എന്നാണെങ്കിൽ, ഇല്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അഥർവ്വവേദഭാഗങ്ങളിലും മറ്റും താന്ത്രികാംശങ്ങളുണ്ടെന്നുള്ളതിനെ പുരസ്കരിച്ചാണ്, വേദസമകാലികത്വം തന്ത്രത്തിനും ഉണ്ടെന്നു കാണിച്ചിട്ടുള്ളത്. തന്ത്രഗ്രന്ഥപ്രതിപാദിതങ്ങളായ ലിപിരൂപങ്ങളെ അവലംബിച്ചുകൊണ്ടാണ് വേദാനന്തരകാലികത ശ്രീശങ്കരാനന്ദസ്വാമിയ്ക്ക് അഭിമതമായിരിക്കുന്നതും.

---

*From the above process of division of sounds according to the Tantras it is evident that the Tantric literature was of a later date than the Vedas. All the theories of the pre-Vedic origin of the Tantric cult are nullified by this findnig. The assumption of Sir John Marshall of the Tantric origin of rites and deities in the pre-historic cities of the Indus Valley, therefore, does not go against our conclusion because we have shown not only that the origin of the Tantric cult took place in a later period of history, but also the fact that the Tantras were actually based on the early Vedic conception. Thus we have given conclusive proof about the post-Vedic origin of the Tantric cult" (The Rgvedic culture of the Pre-Historic Indus, P. 52.)

നിഷ്കർഷത്തിൽ, തന്ത്രഗ്രന്ഥനിർമ്മാണകാലം വേദാനന്തരം എന്നും സിദ്ധിക്കുന്നു. അപ്പുറം, പൂർവ്വാപരപ്രതിപാദനങ്ങൾ അന്യോന്യവിരോധമററവ തന്നെ സ്വീകാര്യങ്ങളായിത്തീരുന്നുള്ളതാണല്ലോ.

പ്രസ്തുതപുസ്തകത്തിൽ, ശ്രീശങ്കരാനന്ദസ്വാമി തന്ത്രസംബന്ധമായി വേറെയും പല സാരമേറിയ കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളത്, തന്ത്രവിദ്യാർത്ഥികൾക്ക് വിശേഷതഃ ശ്രദ്ധേയമാണ്. താന്ത്രികപ്രതിമകൾക്കും, വൈദികദേവതകൾക്കും തമ്മിലുള്ള സംബന്ധം, ഉപനിഷദ്ഗീതാദിപ്രതിപാദിതമായ ഊർദ്ധ്വമൂലാശ്വത്ഥവൃക്ഷം, യാജ്ഞികകാണ്ഡങ്ങളിൽ യൂപമായും, തന്ത്രങ്ങളിൽ അചലമായും, ശിവലിംഗമായും പരിണമിച്ചിരിക്കുന്ന പ്രകാരം, ഷട്ചക്രം, തന്ത്രം മുതലായവയ്ക്ക് വൈദികമായിട്ടുള്ള മൗലികത്വം മുതലായവ അക്കൂട്ടത്തിൽ പ്രാധാന്യമേറിയവയാണ്.

അദ്ദേഹം പൊതുവേ തന്ത്രത്തെപ്പററി പറഞ്ഞിരിക്കുന്നതു തന്നെ വളരെ പ്രത്യേകം ശ്രദ്ധേയമായിട്ടാണ് കാണുന്നത്. നോക്കുക:—

*താന്ത്രികാനുഷ്ഠാനങ്ങൾ ജാതി, മതം, സ്ത്രീപുംസഭേദം എന്നിവയ്ക്കു വിധേയങ്ങളായി നിൽക്കുന്നില്ല. അദ്വൈതവേദാന്തികളൊഴിച്ചുള്ള എല്ലാ ദ്വൈതികളും അദ്വൈതികളും സ്വമതാനുഷ്ഠാനാദികളിൽ താന്ത്രികവിധികളെ അനുസരിച്ചുവരുന്നു. പൊതുവേ പറഞ്ഞാൽ താന്ത്രികമതഗന്ധം സാമുദായികവും, മതപരവും, രാജകീയവും ആയ എല്ലാ വിഭാഗങ്ങളിലും അധിവ്യാപിച്ചുകിടക്കുന്നുണ്ട്. ഇന്നത്തെ ഹൈന്ദവമതമാകട്ടെ മിക്കവാറും എല്ലാക്കാര്യങ്ങളിലും താന്ത്രികവിധികൾക്ക് വിധേയമായിട്ടാണ് കാണപ്പെടുന്നത്. ഈ നിലയ്ക്ക് ഇന്നത്തെ ഹൈന്ദവസമുദായത്തിൽ തന്ത്രങ്ങൾക്ക് പ്രധാനസ്ഥാനമുണ്ടെന്നുള്ളത് അത്യന്തം സ്പഷ്ടവുമാണ്.

---

*"The observance of the Tatnric rites is not restricted to caste, creed or sex. All the qualified non-dualists and dualists except the non dualist Vedantins, follow the injunctions of the Tantras in their religious practices. Practically speaking, Tantricism has saturated all the spheres, social, religious and political. Nearly all rites of the modern Hinduism are enjoined by the Tantric injunctions. Thus we see that the Tantras are still dominant in the modern Hindu society." (Chapter II, P. 43)

X. കേരളദേശവും തന്ത്രവും.

കേരളദേശത്തിന്റെ ഉൽപത്തിയോടുകൂടിത്തന്നെ തന്ത്രവും കേരളത്തിൽ പ്രചരിച്ചിരിക്കുന്നു എന്നാണ് പുരാണപ്രകാരം പറയപ്പെട്ടിരിക്കുന്നത്. ആധുനികപ്രസ്ഥാനത്തിലും ആഗമികപ്രസ്ഥാനത്തിലും ആയി കേരളദേശത്തിനു രണ്ടുതരം ചരിത്രങ്ങൾ ഉണ്ടെന്നു പറയാം. ആദ്യത്തേതു് പുതിയതരം ഭൂഗർഭശാസ്ത്രങ്ങൾ, സമുദ്രശാസ്ത്രങ്ങൾ, നരവംശശാസ്ത്രങ്ങൾ, മറ്റുംകൂടി അനുമാനമാർഗ്ഗേണ പടുത്തിട്ടുള്ളതാണ്. രണ്ടാമതു പറഞ്ഞതു്, പൗരാണികവും ഏതദ്ദേശീയരചിതവും, പാരമ്പര്യപ്രതിഷ്ഠിതവും, പ്രത്യക്ഷാനുഭവാംശങ്ങളോടുകൂടിയതും ആകുന്നതാകുന്നു. രണ്ടാമതു പറഞ്ഞ പക്ഷപ്രകാരമുള്ള ഗ്രന്ഥങ്ങളാണ് 'കേരളചരിതം', "കേരളമാഹാത്മ്യം" മുതലായവ. "ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി"യിൽ ൧൫-ാം സംഖ്യയായി പ്രസിദ്ധീകരിച്ചിട്ടുള്ള "കേരളചരിതം" എന്ന പുസ്തകത്തിൽ "ഭൂമിക്കു രക്ഷാർത്ഥമെന്നു കല്പിച്ചു് ആറുറ്റെട്ടു ദുർഗ്ഗാപ്രതിഷ്ഠ ചെയ്തു" (വശം ൧) എന്നും, "ഇവിടെ അനേകം പരദേവതമാരെ സങ്കല്പിച്ചു; വിളക്കും പൂജയും കല്പിച്ചു; സമുദ്രതീരത്തിങ്കൽ ദുർഗ്ഗാദേവിയെയും പ്രതിഷ്ഠിച്ചു; മലയത്തിൽ ശാസ്താവിനേയും പ്രതിഷ്ഠിച്ചു; നാഗവും, ഭൂതവും പ്രതിഷ്ഠിച്ചു; കനകചൂർണ്ണം വിതറി; രാശിപ്പണം അടിപ്പിച്ചു, നിധിവച്ചു—ഭൂമിയിളക്കം തീർത്തിരിക്കുന്നതിന്റെ ശേഷം" എന്നും മറ്റും കാണപ്പെടുന്നു.

തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടതും, കൊല്ലവർഷം ൯-ാമത്തെയാണ്ടിനിടയ്ക്കു പകർത്തിയെഴുതിയതും ആയ ഒരു 'കേരളോല്പത്തി'യിൽ—

"ഭൂമി ഉണ്ടാക്കി മലയാളമെന്നു പേരുമിട്ടു് അതിനെ രക്ഷിപ്പാനായിട്ടു് ആറുറ്റെട്ടു ദുർഗ്ഗാപ്രതിഷ്ഠയും ചെയ്തു" (വശം ൧) എന്നും ഉണ്ടു്. ആ പുസ്തകത്തിന്റെ തന്നെ മൂന്നും നാലും വശങ്ങളിൽ, "അതിന്റെ ശേഷം പരിഷയിൽ ചിലർക്കു തന്ത്രപ്രവൃത്തിയും കൊടുത്തു. നാലു ഗ്രാമത്തിലുള്ള ഇരിങ്ങാടിക്കുടഗ്രാമത്തിലും തരണനെല്ലൂരും കൈപട്ടുക എടുത്തുതുടങ്ങിയതു്." എന്നു പറഞ്ഞിരിക്കുന്നു. അതിന്റെതന്നെ ൨൫-ാംവശത്തു് "പര

മാൻകൂട്ട തുററപ്പതുകാതം വഴിനാട്ടും, തൊണ്ണൂററാറു നഗരവും, നാലായിരത്തി നാനൂററി നാല്പത്തെട്ടു (൪൪൪൮) പ്രതിഷ്ഠയും, തൊററെട്ടു ദുർഗ്ഗാലയവും, ആയിരത്തെട്ടു നാല്പത്തിരടിയും, അറുപത്തിനാലു ഗ്രാമവും — ഇങ്ങനെ അത്രെ ചേരമാൻ നാട്ടിലെ അവസ്ഥ." എന്നും കാണുന്നുണ്ടു്. മഹാത്മാവായിരുന്ന വിദ്വാൻ പാച്ചുമൂത്തതു നിർമ്മിച്ചിട്ടുള്ള "കേരളവിശേഷനിയമം" എന്ന ഭാഷാഗദ്യഗ്രന്ഥത്തിൽ രണ്ടാമദ്ധ്യായത്തിൽ,

"പരശുരാമനിയോഗംകൊണ്ടു് തന്ത്രം സ്വീകരിച്ച തരണനല്ലൂർനമ്പൂരിപ്പാട്ടു് തന്ത്രികൾ ഏററവും പ്രസിദ്ധനാകുന്നു" എന്നും, മൂന്നാമദ്ധ്യായത്തിൽ, "ഞാല്ലൂർകാവ്, ഭദ്രകാളിവട്ടം, വേട്ടയ്ക്കൊരുമകൻ കോവിൽ, സുബ്രഹ്മണ്യൻ, ദുർഗ്ഗാ ഇങ്ങനെ കാമ്യപ്രതിഫലം കൊടുക്കുന്ന ദൈവങ്ങളേയും, ശിവവിഷ്ണുബിംബങ്ങളേയും പ്രതിഷ്ഠിച്ചു" എന്നും പറഞ്ഞിരിക്കുന്നു. ഇതിലെ പ്രതിഷ്ഠാകർത്താവു് പരശുരാമനാണെന്നു് പ്രത്യേകം പറയുവാനുണ്ടു്. ഇതുമാത്രവുമല്ല, "യഥാശക്തി പൂജകളും, പാട്ടു്, തീയാട്ടു്, കാന്തി, കൂത്തു്, വിളക്കു്, വേല, താലപ്പൊലി, കളംപൂജ, കാളിയൂട്ടു്, ഉത്സവം, പൂരം മുതലായി തന്ത്രങ്ങളോടുകൂടെ അപൂർവ്വാധാരങ്ങളും, മഹാഘോഷങ്ങളും കല്പിച്ചു. ഇങ്ങനെ ധനം, ധാന്യം ഉത്സവാദിഘോഷങ്ങൾ ഇവകളെക്കൊണ്ടും, സമ്പൽസമൃദ്ധികൊണ്ടും കേരളം സ്വർഗ്ഗസദൃശമായിരിക്കട്ടെ എന്നും കല്പിച്ചു." എന്നിങ്ങനെ പരശുരാമസ്വാമി കല്പിച്ച ഏർപ്പാടുകളെ വീണ്ടും വിവരിച്ചിട്ടുണ്ടു്. ബ്രഹ്മാണ്ഡപുരാണാന്തർഗ്ഗതമെന്നു കാണപ്പെടുന്നതും, ഗർഗ്ഗയുധിഷ്ഠിരസംവാദാത്മകവും, നൂറദ്ധ്യായത്തോടുകൂടിയതും, രണ്ടായിരത്തി മുന്നൂറോളം ശ്ലോകങ്ങളുള്ളതും ആയ ഒരു വലിയ കൃതിയാണു് സംസ്കൃത'കേരളമാഹാത്മ്യം'. ആ ഗ്രന്ഥത്തിലും, ദേവാലയപ്രതിഷ്ഠ—തന്ത്രപ്രദാനം മുതലായവ ശ്രീപരശുരാമകൃതമെന്നുതന്നെ കാണപ്പെടുന്നുണ്ടു്. അതിൽനിന്നും ചില ചില ഭാഗങ്ങൾ ഉദാഹരണത്തിനായി ഉദ്ധരിക്കാം.

"ഇത്യുക്ത്വാ വിരതേ ശംഭൗ ഭഗവാൻ വിഷ്ണുരബ്രവീൽ—

"ഏതത് ശ്രുത്വാ തു ഭൂപാലം ഭവാംസ്തു മമ ശാസനാൽ
ചതുർവിംശസഹസ്രാണി ക്ഷേത്രാണി കുരു ഭാർഗ്ഗവ!

"ത്രയസ്ത്രിംശാദിഭിർദ്ദേവൈശ്ച ബ്രഹ്മണാ ശങ്കരേണ ച
സാകം സമേത്യ തത്ക്ഷേത്രേ വസത്യദ്യ ഹരിർവര!
യാവൽകാലം ഭുവനേസ്മിൻ ശ്രൗതധർമ്മസ്യ സംസ്ഥിതിഃ
താവൽകാലം ശ്രീക്ഷേത്രേഽസ്മിൻ മത്സാന്നിദ്ധ്യം ഭവിഷ്യതി"

(അദ്ധ്യായം [illegible] പുറം [illegible])

"തച്ഛ്രുത്വാ വചനം ദേവഃ ശങ്കരപ്രമുഖാസ്സുരാ
പ്രത്യൂചുഃ പരമപ്രീതാ ഭാർഗ്ഗവം മുനിപുംഗവം:—
"യത്ര യത്ര ച ദേവാനാമാലയം കാരയിഷ്യസി
തത്ര തത്ര സദാസ്മാകം സാന്നിദ്ധ്യം ച ഭവിഷ്യതി.
ബ്രാഹ്മണൈർവേദവിദ്ഭിശ്ച ശൈവവൈഷ്ണവതന്ത്രപാരഗൈഃ
പൂജനം പ്രത്യഹമസ്മാകം കാരയ ത്വം ഭൃഗൂത്തമ."

(അദ്ധ്യായം [illegible] പുറം [illegible])

"ഉത്തരാദ്രിൻ ദ്വിജാനത്ര ഗോദാവര്യാസമാചിതാൻ
കല്പയാമാസ ദേവാനാം പൂജാർത്ഥം ഭൃഗുസത്തമഃ
തന്ത്രിണോ ദ്വാദശ ശ്രേഷ്ഠാൻ പ്രതിഷ്ഠാർത്ഥമകല്പയൽ
ചതുസ്ത്രിംശസഹസ്രം ച ദേവാലയമകല്പയൽ."

(അദ്ധ്യായം [illegible] പുറം [illegible])

"തതഃ കേരളദേശസ്യ രക്ഷാർത്ഥം ഭൃഗുനന്ദനഃ
ഘടപുര്യാം മഹാഗ്രാമേ സമന്താദ് വിചാരൻ പ്രഭുഃ
മന്ത്രശാസ്ത്രസ്യ തത്വജ്ഞാൻ ഷട്കർമ്മകുശലാനപി
ഷണ്മന്ത്രവാദിനോ വിപ്രാൻ ന്യായസ്ഥാപയൽ പ്രഭുഃ"

(അദ്ധ്യായം [illegible] പുറം [illegible])

'തന്ത്രപ്രമാണം' എന്ന ഒരു പുസ്തകത്തിൽ 'തരണനല്ലൂരിന്' തന്ത്രം നൽകിയ കഥയും പറയപ്പെട്ടിട്ടുണ്ട്. കാഞ്ചീപുരത്തുനിന്നാണ് 'തരണനല്ലൂരി'നെ സമ്പാദിച്ചത്. കരകവിഞ്ഞു കിടന്ന കാവേരീനദിയെ തപോബലംകൊണ്ടു വഴി തരണം ചെയ്യുക നിമിത്തം,

"തേന ത്വം 'തരണോ' നാമ്നാ ഭവിഷ്യസി"

എന്നു ഭാർഗ്ഗവരാമൻ അരുളിച്ചെയ്തതാണത്രെ. തുടർന്ന്,

"കേരളീയദ്വിജാതീനാം ശ്രേഷ്ഠശ്ചാപി ഭവിഷ്യസി"

എന്നും കല്പിച്ചിട്ട്,

"സംഗമേശപുരേ തസ്യൈ സ്ഥാനം ച പ്രദദൌ പ്രഭുഃ"

അതായത്, ഇരിങ്ങാലക്കുടയിൽ താമസിപ്പിച്ചു എന്നും പറഞ്ഞിരിക്കുന്നു. ഗ്രന്ഥകാരൻ തുടരുന്നു:—

"ഗൃഹസ്ഥധർമ്മം ചാശ്രിത്യ സ്ഥാതവ്യം ഭവതാ ദ്വിജ!
ചതുർവിംശസഹസ്രാണാം ബ്രാഹ്മണാനാം തന്ത്രമസ്തു തേ.

ഇത്യുക്ത്വാ ഭാർഗ്ഗവോ രാമോ ദീപസ്തംഭം ച ശാശ്വതം
ദ്വാദശ ബ്രാഹ്മണാൻ ശിഷ്യാനാചാര്യാംശ്ച ദ്വിജോത്തമഃ

സർവൈശ്ചൈകാദശജനാം ഭൂമിം ദത്വാൽ സ്വകസ്വമാലകം,
ക്ഷേത്രാണാം ത്രിംശൽപട്ടശ്ച കല്പയിത്വാ ഗതോ മുനിഃ"

(അദ്ധ്യായം ൫൦ പുറം ൭൭)

ചക്രപാണേഃ പ്രതിഷ്ഠാം ച കൃത്വാ വിധിവദുത്തമാം
ശ്രോത്രിയേഭ്യോ ദ്വിജേന്ദ്രേഭ്യസ്തൽപൂജാർത്ഥമകല്പയൽ
തസ്മായ ദ്വിജേന്ദ്രായ തന്ത്രം ച പ്രദദൌ പ്രഭുഃ"

എന്നു വീണ്ടും ൫൮-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു.

പണ്ഡിതനായ മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കേരളത്തിന്റെ പ്രാചീനചരിത്രത്തിൽ ഉല്ലോലശ്രദ്ധാലുവും, വിശിഷ്ടവിചാരകനും ആയിരുന്നു. കേരളചരിത്രസംബന്ധമായി ഗദ്യത്തിലും പദ്യത്തിലും അവിടുന്നെഴുതിയിട്ടുള്ള പ്രബന്ധങ്ങൾ അനവധിയാണ്. 'കേരളം' എന്ന പേരിൽ ഒരു ചരിത്രമഹാകാവ്യം അവിടുന്ന് എഴുതാൻ തുടങ്ങുകയും, ഏതാനും സർഗ്ഗങ്ങൾ അച്ചടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐതിഹ്യങ്ങളെ ചരിത്രലക്ഷ്യങ്ങളോടും അനുഭവങ്ങളോടും യുക്തിപൂർവം തട്ടിച്ചിണക്കി നിർമ്മിച്ചിരിക്കുന്ന പ്രസ്തുതകൃതിയിലും, കേരളത്തിലെ ദേവദേവീപ്രതിഷ്ഠകൾ അതിപുരാതനകാലികങ്ങളാണെന്നു സ്വീകരിച്ചിട്ടുണ്ട്. ആ പുസ്തകത്തിൽനിന്ന് ഏതാനും ഭാഗം ഇവിടെ കാണിക്കാം—

"ആവുന്നതും നദികൾതൻ പാർശ്വങ്ങളിലുള്ളിടത്തും വന-
ദൈവതങ്ങൾ
മേവുന്നിടത്തും പതിവായ് വണങ്ങിപ്പോവുന്നമട്ടായവരാ-
ചരിച്ചു."

(സർഗ്ഗം ൪ ശ്ലോകം ൨൪)

കാവ്യകം.

"കോട്ടകളെവന്നിരയെ ക്രമത്തിലായ്
കൂട്ടുചേൻ കലശമോദമോടന്നോർ
നീട്ടുമാത്മനായനവശ്യതാൽ
നാട്ടുകാർക്കുപഹാരമാം വിധം. ൩

കാളി, ചാത്തൻ, കണ്ടൻ, മഹാകൊട്ട-
ക്കാളി, നാഗർ, മണിക്കൊഴിമിക്കതും
കോളിലിന്നിതെന്ന്യേ ദൈവതാ-
പാളിയുണ്ടു ചെറുമർക്കുപാസ്യമാം. ൪

[illegible]
[illegible]
[illegible]
[illegible] ൫

ഗോപാലന്മാർ.

ഉൾക്കുഴിന്തു ശിവവിഷ്ണുഭക്തരാ-
യുള്ള ഗോപർക്കധ്യം [illegible]
[illegible]
[illegible] ൯

വന്മലച്ചിലണയാപ്പുടിക്ക ന-
[illegible]
[illegible]
[illegible] ൰

... ...
... ...

കണ്ടതാം [illegible] മാർഗ്ഗവൻ തരം-
കണ്ടവരവർ ചമച്ചുതന്നമായ്
ഉണ്ടസംഖ്യമിഹ ദേവതാലയം
പണ്ടനേകർ തപമാനിലുന്നിടം. ൧൧

[illegible] നാലമാ-
[illegible] ഗിരിശൃംഗമാലയിൽ;
[illegible] മാരിവിടെ [illegible]
[illegible] പണ്ടുപോൽ. ൧൨

ദേവദേവഗൃഹമായിരുന്നിതു മു-
മ്പേവമേ പരിനിവാസമന്ദിരം;
കേവലം പലതരത്തിലിന്നതും
ദേവതാന്തരവിശേഷമെന്തഹോ! ൫൩

ക്ഷേത്രനിർമ്മിതി പരിഷ്കൃതിക്രമം
മാത്രമാണു ചില തക്ഷയുക്തിയാൽ;
അത്ര ദൈവഗണപ്രതിഷ്ഠകൾ-
ക്കെത്രയോ പഴമയെന്നുമാം ചിലർ. ൫൪

പൂതമാകുമൊരു ബോധിസത്വജീ-
മൂതവാഹമതതത്വമാദ്യമേ
സ്വീതമാണിവിടെയെന്നു ബൌദ്ധരിൽ
പ്രീതരായി മലയാളിലോകർ പോൽ. ൫൫

എന്തിനീവക വിചാരം, മുള്ളുഴി-
ക്കുന്നതിന്നും തനിമയേറ്റു മന്നവർ
മുന്തിടും ഗുണമൊടമ്പലങ്ങളെ-
പ്പുന്തിയാമ്പടി പണിതു നിശ്ചയം. ൫൬

ദേശമുള്ളിടമടച്ചു നാട്ടുകാ-
ർക്കീശമന്ദിരമസംഖ്യമിങ്ങനെ
ആശപോലെ പണിയിച്ചിതേവനും
ക്ലേശമററു വിളസേവ ചെയ്യുവാൻ." ൫൭

[കേരളം - സർഗ്ഗം ൫]

ആയില്യം തിരുനാൾ, വിശാഖം തിരുനാൾ, ശ്രീമൂലം തിരുനാൾ എന്നീ മഹാരാജാക്കന്മാരുടെ ആശ്രിതനായി, വിദ്വാൻ രാപ്പിള്ളത്തിരുമുല്പാട് എന്ന പ്രസിദ്ധിയോടെ, 'നാരായണീയ' വ്യാഖ്യാനം മുതലായ പ്രൗഢഗ്രന്ഥങ്ങളുടെ കർത്താവായി, കുഞ്ഞിപ്പുരത്തു വടക്കേക്കോവിലകത്തു ഗോപാലൻ കേരളവർമ്മൻ തിരുമുല്പാട് എന്നൊരു മഹാൻ കഴിഞ്ഞ ശതവർഷത്തിൽ ജീവിച്ചിരുന്നു. ആയില്യംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ കല്പനയോടുകൂടി ബഹുമാനപ്പെട്ട സർക്കാർട്ടിൽ ഒന്നാം ജഡ്ജിയായിരുന്ന എം. സദാശിവൻ പിള്ള അവർകൾ ... ... സർക്കാർട്ടു പണ്ഡിതരായിരുന്ന ബ്രഹ്മശ്രീ അപ്പു അയ്യങ്കാര

ശാസ്ത്രികളേക്കൊണ്ടു്, ധൎമ്മശാസ്ത്രം, പുരാണം, സദാചാരം മുതലായ പ്രമാണങ്ങളെ പരിശോധിപ്പിച്ചും, തന്ത്രിമാർ മുതലായവരുടെ രേഖകളെ അവലംബിച്ചും, കോടതി ആവശ്യത്തിനു കൂടി ഉതകത്തക്കവിധത്തിൽ എഴുതിച്ചുവന്ന 'കേരളാചാരക്രമം' എന്ന ഭാഷാഗദ്യഗ്രന്ഥം പൂൎത്തിയാവുംമുമ്പ്, പ്രസ്തുത ശാസ്ത്രികൾ ദിവംഗതനായിപ്പോയി; പിന്നെ ആ പുസ്തകം പൂൎത്തിയാക്കി അച്ചടിപ്പിച്ചതു് പ്രസ്തുത മാപ്പിളത്തിരുമുല്പാടാകുന്നു. എട്ടദ്ധ്യായങ്ങളും, ആകെ ഇരുന്നൂറോളം പുറങ്ങളും ഉള്ള ആ പുസ്തകം, സംഗതിവശാൽ ഒരു കാലത്തു വലിയ ചെല്പ്പാടുള്ളവയാക്കിയിട്ടുള്ളതത്രെ. "കേരളാചാരക്രമ"ത്തിന്റെ മൂന്നാമദ്ധ്യായത്തിൽ, "ക്ഷേത്രങ്ങളേയും ഉത്സവങ്ങളേയും കുറിച്ചു" ആണു് വിവരിച്ചിരിക്കുന്നതു. അതിൽ ൧൫൦-ാം വകുപ്പിൽ: "എല്ലാറ്റേയും ക്ഷേത്രങ്ങൾ ക്രമപ്രകാരം മലയാളത്തിൽ നാലു പ്രകാരം ക്ഷേത്രങ്ങളും നാലു പ്രകാരം ഉത്സവങ്ങളും ഉള്ളതാകുന്നു. ഒന്നാമതു് - പരശുരാമൻ പ്രതിഷ്ഠ ചെയ്ത ക്ഷേത്രങ്ങൾ -" എന്നു പറഞ്ഞു കാണുന്നുണ്ടു്. ഇത്തരം പ്രാമാണികഗ്രന്ഥങ്ങളിൽ നിന്നും, ആധുനികരായ ആപ്തവചനങ്ങളിൽ നിന്നും, അതിപുരാതനകാലം മുതല്ക്കുതന്നെ - കേരളപ്രതിഷ്ഠയോടുകൂടിത്തന്നെ - ക്ഷേത്രങ്ങളും ഉത്സവങ്ങളും കേരളത്തിൽ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു എന്നു നമുക്കു മനസ്സിലാക്കാൻ കഴിയുന്നു.

അങ്ങനെ ഒരു ചരിത്രാതീതകാലത്തു് ക്ഷേത്രങ്ങൾ ഉണ്ടെന്നു സമ്മതിക്കുവാൻ നവീനചരിത്രജ്ഞന്മാൎക്കു് വലിയ വൈഷമ്യം വരാമെന്നുള്ളതു വാസ്തവം തന്നെ. ഇവിടെ, പരേതനായ പണ്ഡിതമൂൎദ്ധന്യൻ പി. കെ. നാരായണപിള്ള അവർകളുടെ "ചെമ്പകശ്ശേരി രാജാവിന്റെ കാലത്തെ അമ്പലപ്പുഴ ഉത്സവം" എന്ന ഉപന്യാസം ആരംഭിക്കുന്നതു ഒന്നു ഓൎക്കേണ്ടതാണു്. അദ്ദേഹം പറയുന്നതാവിതു :—

"വൈദികകാലത്തിന്റെ ചരമദശയിൽ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നില്ലെന്നു വാദിക്കുവാൻ നിവൃത്തിയില്ലാത്തവിധം ലക്ഷ്യങ്ങൾ സ്പഷ്ടമായിരിക്കുന്നു.

"ദേവതായതനാനി കമ്പന്തേ, ദൈവതപ്രതിമാ ഹസന്തി, ഗായന്തി, നൃത്യന്തി, സ്ഫുടന്തി, ഖിദ്യന്തി, ഉന്മീലന്തി, നിമീലന്തി" — ഇത്യാദി 'അത്ഭുത'ബ്രാഹ്മണത്തിലും,[1] "അഥ യദൈതാ ദൈവതാനി നൃത്യന്തി ശ്ച്യോതന്തി ഹസന്തി ഗായന്തി വാ സ്ഫാടി രൂപാണി കുർവന്തി" എന്നു കൗശികസൂത്രത്തിലും കാണുന്ന ഭാഗങ്ങൾ ഇതിലേയ്ക്കു പ്രബലങ്ങളായ പ്രമാണങ്ങളാകുന്നു. ഗൗതമന്റെയും ആപസ്തംബന്റെയും ധർമ്മസൂത്രങ്ങളിലും, പുരാണങ്ങളിലും ദേവതാപ്രതിമകളെപ്പറ്റിയുള്ള പ്രസ്താവനകളുടെ ആധിക്യം ബിംബാരാധനയുടെ പ്രചുരമായ പ്രചാരത്തെ വിശദീകരിക്കുന്നു." വൈദികകാലത്തുതന്നെ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നുവെന്നതിന് ഈ വിധത്തിൽ പ്രമാണങ്ങളുണ്ട്. തൃപ്പൂണിത്തുറ, തിരുവല്ലാ, തിരുവനന്തപുരം മുതലായ മഹാക്ഷേത്രങ്ങൾ എല്ലാം പ്രാചീനപ്രതിഷ്ഠകളാണെന്നുള്ളതിന് അവയെ സംബന്ധിച്ച കലിവാക്യങ്ങളും മറ്റും പ്രമാണങ്ങളാകുമല്ലോ. എന്നു മാത്രവുമല്ല, കേരളത്തിലെ മഹാക്ഷേത്രങ്ങളിൽ ഒട്ടധികവും ഓരോതരം ദിവ്യമാഹാത്മ്യത്തോടുകൂടിയവയാണെന്നുള്ളതിന്, ഓരോ സ്ഥലപുരാണഗ്രന്ഥങ്ങളും, ക്ഷേത്രമാഹാത്മ്യഗ്രന്ഥങ്ങളും, ഐതിഹ്യങ്ങളും തെളിവുകളായിട്ടും ഉണ്ട്. ഇതെല്ലാം ചേർത്താലോചിക്കുമ്പോൾ, കേരളത്തിലെ ക്ഷേത്രതന്ത്രത്തിന് ഏകദേശം കേരളത്തോളം തന്നെ പഴക്കമുണ്ടെന്നു നമുക്കു ഗണിക്കേണ്ടതായും വരുന്നു.

XI. കേരളത്തിലെ ക്ഷേത്രങ്ങൾ.

കന്യാകുമാരിമുതൽ കാഞ്ഞിരോട്ടുപുഴവരെ അഥവാ ഗോകർണ്ണംവരെ എത്ര വളരെ ക്ഷേത്രങ്ങൾ ഉണ്ടെന്നു പറയുവാനില്ലല്ലോ. ഇവയിൽ ദക്ഷിണകേരളക്ഷേത്രങ്ങൾ പലതും പല നിലകളിൽ പ്രസിദ്ധങ്ങളും, സ്വന്തം പ്രത്യേകതകളെ ഇപ്പോഴും പുലർത്തിപ്പോരുന്നവയും ആകുന്നു എന്നു പറയാം. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നു മൂന്നു ഖണ്ഡങ്ങളിലായിക്കിടക്കുന്ന ഈ മഹാക്ഷേത്രങ്ങളെ മലയാളികളെല്ലാവരും ഒരുപോലെ ആദരിച്ചുവരുന്നതുമുണ്ട്. ഇവയിൽ പ്രധാനപ്പെട്ട ചില ക്ഷേത്രങ്ങളുടെ പേരുകൾ ചുവടേ ചേർക്കാം:—

൧. തിരുവിതാംകൂറിൽ:— കന്യാകുമാരി, ശുചീന്ദ്രം, നാഗർകോവിൽ, തിരുപ്പതിസാരം, മണ്ടയ്ക്കാട്ട്, കുമാരകോവിൽ,

1. ഷഡ്വിംശബ്രാഹ്മണത്തിന്റെ അവസാനഭാഗം.

പത്മനാഭപുരം, തിരുവട്ടാർ, മുഞ്ചിറ, നെയ്യാററിൻകര, മലയിൻകീഴ്, തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രം, തിരുവല്ലം, ഉള്ളൂർ, തൃപ്പാപ്പൂർ, ആററുങ്ങൽ, വർക്കല, നാവായിക്കുളം, ആനന്ദവല്ലീശ്വരം, ആര്യങ്കാവ്, അച്ചൻകോവിൽ, ശബരിമല, ചെങ്ങന്നൂർ, പുലിയൂർ, അതി[illegible]ാട്ട്, മാവേലിക്കര, തൃക്കുന്നപ്പുഴ, കണ്ടിയൂർ, ആറന്മുള, കവിയൂർ, തിരുവല്ല, തിരുക്കൊടിത്താനം, പെരുന്ന, അമ്പലപ്പുഴ, തകഴി, മുല്ലയ്ക്കൽ, തിരുവിഴ, ചേർത്തല, തുറവൂർ, പറൂർ, തിരുവാർപ്പ്, തിരുനക്കര, വാസുദേവപുരം, ആർപ്പൂക്കര, കുമാരനല്ലൂർ, കിടങ്ങൂർ, ഏററുമാനൂർ, തിരുവാഴിയ്യൂർ, വൈക്കം, ഉദയനാപുരം, കടുത്തുരുത്തി, ആയാംകുടി, പാഴൂർ, രാമമംഗലം, മൂവാററുപുഴ, കല്ലിൽ, ആദിത്യപുരം *, ഉദയൻപേരൂർ, തിരുവാലൂർ, തിരുമൂഴിക്കുളം, തൃക്കാക്കര, തൃക്കാരിയൂർ, കൈകനിക്കര, ആലുവാ, ഇടപ്പള്ളി— ഇത്യാദി.

"ഈ സംസ്ഥാനത്തിൽ ആകപ്പാടെ പതിനായിരം ക്ഷേത്രങ്ങളും, പതിനയ്യായിരം മററു ചെറുതരം ദേവസ്ഥാനങ്ങളും ഉണ്ട്. ഇവയുടെ വകയായി ഒന്നുകോടി രൂപ വിലപിടിക്കുന്ന ഭൂമികളും ഉണ്ട്." എന്നു ശ്രീനാഗമയ്യാമഹാശയന്റെ തിരുവിതാംകൂർ ചരിത്രത്തിന്റെ സംഗ്രഹത്തിൽ ൨൫-ാം വശത്തു് പറഞ്ഞിരിക്കുന്നു. പ്രധാനപ്പെട്ട സർക്കാർ ക്ഷേത്രങ്ങൾ അയ്മ്പത്തൊൻപതെന്നും, അതിൽ പട്ടികചേർത്തു പറഞ്ഞിട്ടുണ്ട്.

൨. കൊച്ചിസ്സംസ്ഥാനത്ത്:— തൃപ്പൂണിത്തുറ, ചോററാനിക്കര, എറണാകുളം, [illegible]മന്നൂർ, ചിററൂർ, ചേരാനല്ലൂർ, ഇളംകുന്നപ്പുഴ, തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂർ, അന്നമനട, തിരുവൈരാണിക്കുളം, ഇരിങ്ങാലക്കുട, പെരുവനം, ഊരകം, മുളങ്കുന്നത്തുകാവ്, [illegible], തൃശ്ശിവപേരൂർ, തൃപ്രയാർ, തിരുവില്വാമല, കടവല്ലൂർ, ചേന്ദമംഗലം, തൃക്കൂർ, വെങ്ങാനല്ലൂർ, കമ്പളം, തലപ്പിള്ളിയിൽ നളി— ഇത്യാദി.

---

* ഇത് കടുത്തുരുത്തിക്കു സമീപത്തുള്ള ഒരു പ്രധാനപ്പെട്ട ആദിത്യക്ഷേത്രമാണ്. ആദിത്യപ്രതിഷ്ഠയുള്ള ഒരു ക്ഷേത്രം കൂടി 'കാശ്മീര'ത്തു ചെന്നാണ് [illegible] കണ്ടുപിടിച്ചു [illegible]. അല്ലാതെ, തിരുവിതാംകൂറിൽ തന്നെ, [illegible] - കീർത്തിപ്പെട്ടുകൊണ്ട് [illegible] പാദ്യങ്ങളാണല്ലോ.

൩. മലബാറിൽ:— ഗുരുവായൂർ, മൂക്കോല (മുക്തിസ്ഥലി), വേലാരണ്യം, തിരുനാവായ, തൃപ്പിറങ്ങോട്ട്, ചമ്രവട്ടം, ആലത്തൂർ, തൃക്കണ്ടിയൂർ, തൃച്ചെറുമന്നം (കൊട്ടിയൂര), തിരുമാന്ധാംകുന്ന്, തിരുനെല്ലി, ശ്രീപോർക്കലി, തിരുവങ്ങാട്ട്, തൃച്ചംബരം, തളിപ്പറമ്പ് (പെരിഞ്ചെല്ലൂർ), തൃച്ചെറുകുന്നം, കോഴിക്കോട്ടുതളി, കാച്ചാംകുറിച്ചി, കല്ലായ്ക്കുളങ്ങര, കൊങ്ങാട്ട്, കിള്ളിക്കുറിശ്ശി, തൃത്താല, തിരുവേഗപ്പുറ, തൃക്കഴിക്കാട്ട്, കൊടിക്കുന്ന്, പന്നിയൂര, കരിമ്പുഴ, ഇന്ത്യന്നൂര്, പന്തല്ലൂര്, വെൺകോട്ട, പൊന്മള, തൃക്കളയൂർ, മണ്ണൂർ, നല്ലൂർ, കേരളാധീശ്വരപുരം, വെട്ടത്തുവിഷ്ണു, നാറാണത്ത, വള്ളൂർക്കാവ്, തൃക്കരങ്ങോട്ട്, നീലേശ്വരം— ഇത്യാദി അസംഖ്യം.

സപ്തം ഭേദപ്പെട്ട ഓരോ ദേശത്തും ഓരോ പ്രധാന ക്ഷേത്രങ്ങൾ കേരളത്തിലുണ്ടെന്നുള്ളത് നമുക്കിന്നും അനുഭവസിദ്ധമാണല്ലോ. അവയിൽ എത്രയോ കുറച്ചെണ്ണം മാത്രമേ ഇവിടെ സ്മരിക്കപ്പെട്ടിട്ടുള്ളൂ.

XII. കേരളക്ഷേത്രങ്ങളിലെ മൂർത്തികൾ.

ക്ഷേത്രങ്ങളെന്നപോലെ ക്ഷേത്രസ്ഥമൂർത്തികളും കേരളത്തിൽ സംഖ്യാതീതങ്ങളാണ്. ഓരോ മൂർത്തികൾക്കും ധ്യാനഭേദേന ഉള്ള വൈവിധ്യവും അപരിമിതമത്രെ. ഉദാഹരണത്തിന്ന ശിവനെത്തന്നെ എടുക്കാം. ദക്ഷിണാമൂർത്തി, ശങ്കരനാരായണൻ, അർദ്ധനാരീശ്വരൻ, കിരാതരുദ്രൻ, സോമാസ്കന്ദൻ, ചന്ദ്രശേഖരൻ, വൃഷാരൂഢൻ, ഗംഗാധരൻ, ത്രിപുരാന്തകൻ, മൃത്യുഞ്ജയൻ, കാലാന്തകൻ, അഘോരൻ — ഇത്യാദിയായി അമ്പതിൽപരം ശിവഭേദം പറയപ്പെട്ടു കാണുന്നുണ്ട് *. വിഷ്ണുഭേദമൂർത്തികളും, ദേവീഭേദമൂർത്തികളും, ഇതിൽ കുറവല്ലാതെയും ഉണ്ട്. ‡. ഇവയെല്ലാം പുറമെ, അഷ്ടദിക്പാലന്മാർ, ബ്രഹ്മാവ്, സൂര്യൻ, ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവ്, കാമദേവൻ, ഹനുമാൻ, ഗരുഡൻ, അശ്വികൾ, പിതൃക്കൾ, അപ്സരസ്സുകൾ, സപ്തർഷികൾ, നാഗങ്ങൾ, യക്ഷികൾ, അസുര-

* ശില്പരത്നം ഉത്തരഭാഗം ൨൨-ാമദ്ധ്യായം നോക്കുക.

‡ ൨൩-ം ൨൪-ം അദ്ധ്യായം നോക്കുക.

ദാനവ-പിശാച - വേതാള - നവഗ്രഹ - ഗന്ധർവാദികൾ ആദിയായി അസംഖ്യമസംഖ്യം മൂർത്തികൾ ഉപാസിക്കപ്പെട്ടുവരുന്നതായും കാണാം.* എന്നാൽ ഇപ്പറഞ്ഞതരം മൂർത്തികൾക്കെല്ലാം ക്ഷേത്രങ്ങൾ നിർദ്ദേശിച്ചുകാട്ടുക എളുപ്പമായ കാര്യമല്ല. എങ്കിലും, ശിവൻ, വിഷ്ണു, ഭദ്രകാളി, ദുർഗ്ഗ, ഗണപതി, സുബ്രഹ്മണ്യൻ, സരസ്വതി, ശാസ്താവ്, ശങ്കരനാരായണൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, നരസിംഹം, ശ്രീഭഗവതി, ശ്രീപാർവതി — മുതലായ മൂർത്തികളുടെ ക്ഷേത്രങ്ങൾ ധാരാളമാണെന്നു പറയാം. ആദിത്യക്ഷേത്രങ്ങൾ ദുർല്ലഭമായിട്ടുണ്ട്. ഹനുമത്ക്ഷേത്രങ്ങളും, ധന്വന്തരിക്ഷേത്രങ്ങളും, വരാഹമൂർത്തിക്ഷേത്രങ്ങളും, കുറേക്കൂടി സുലഭമായിട്ടുണ്ടെന്നും പറയാം. ബ്രഹ്മാവിന്റെ ക്ഷേത്രങ്ങൾ ധാരാളമില്ല. മലബാറിൽ തിരൂർ തീവണ്ടിസ്റ്റേഷനടുത്ത് വെങ്ങരിമനവകയായി ശ്രീകുബേരക്ഷേത്രമൊന്നുണ്ടെന്നറിയാം. തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ വേദവ്യാസഭഗവാനും, തിരുവല്ലത്ത് ശ്രീപരശുരാമനും പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത് പ്രസിദ്ധമാണല്ലോ. ബ്രഹ്മൻകോവിലുകളിൽ ഒന്ന് തിരുവനന്തപുരത്താണെന്നുള്ളതും പറയേണ്ടതായിട്ടില്ല. ആലുവായ്ക്കു സമീപം കാലടിയിൽ ശ്രീശങ്കരാചാര്യസ്വാമികളെ പ്രതിഷ്ഠിച്ചിട്ടുള്ളത് ഇവിടെ അനുസ്മരിക്കേണ്ടതാകുന്നു. തിരുവഞ്ചിക്കുളത്ത് ചേരമാൻപെരുമാളെ പ്രതിഷ്ഠിച്ചിട്ടുള്ള കഥ പ്രത്യേകം പറയേണ്ടതുമാണല്ലോ. ഈ പ്രതിഷ്ഠകളെല്ലാം പ്രാചീനമാണെന്നുള്ളതും എടുത്തു പറയുവാനുണ്ട്. നാഗപ്രതിഷ്ഠ നാടൊട്ടുക്കുതന്നെ കേരളത്തിൽ കാണാൻ കഴിയുമല്ലോ; മിക്കവാറും വീട്ടുതോറുംതന്നെ ഉണ്ടെന്നും പറയാവുന്നതാണ്. ഇരിങ്ങാലക്കുടക്ഷേത്രത്തിലെ മൂർത്തി ഭരതനാണെന്നാണ് പ്രസിദ്ധി. മൂഴിക്കുളം ക്ഷേത്രത്തിൽ ലക്ഷ്മണനും, പടിയൂർ ക്ഷേത്രത്തിൽ ശത്രുഘ്നനുമാണത്രെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്. കാഞ്ഞിരക്കോട്ട് ബലഭദ്രമൂർത്തിയാണ് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്.

ചുരുക്കിപ്പറഞ്ഞാൽ, കേരളീയർ കേരളംകൊണ്ടുതന്നെ കഴിഞ്ഞുകൂടുവാനുള്ള നിലയിൽ പുണ്യസ്ഥലങ്ങളും കൂടി ഈ ക്ഷേത്രപ്രതിഷ്ഠദ്വാരാ സിദ്ധിച്ചിട്ടുമുണ്ട്. ഉത്തരകേരളീയർക്കു തിരുനെല്ലിയും, ദക്ഷിണകേരളീയർക്കു തിരുവല്ലവും ഗയയോ

---

* ശില്പരത്നം ഉത്തരഭാഗം ൨൭-ാം അദ്ധ്യായം നോക്കുക.

രാമേശ്വരത്തോ പോലെയുള്ളതാണ്. തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രം ദക്ഷിണകൈലാസമെന്നു കേൾവിപ്പെട്ടതുമാണല്ലോ. ഇളച്ചൂരമന്നോ അഥവാ കൊട്ടിയൂർ (വടക്കെമലയാളത്തിൽ), ദക്ഷിണകാശിയായിട്ടും ഗണിയ്ക്കപ്പെട്ടും വണ്ണിയ്ക്കപ്പെട്ടും വരുന്നു. നിള, ചൂർണ്ണി, പമ്പ, ചാമ്പ മുതലായ നദികൾക്ക്, ഗംഗായമുനാദിനദീമാഹാത്മ്യവും കല്പിച്ചു കണ്ടിട്ടുള്ളതാകുന്നു. എന്നാൽ ഈ നദികളെ ഗംഗാദികളെപ്പോലെ മൂർത്തിരൂപേണ ആരാധിച്ചുവരുന്നതായിട്ടറിവില്ല. എങ്കിലും, മേല്പറഞ്ഞ വിധത്തിലുള്ള ശൈവികവിഗ്രഹങ്ങൾക്കു മാത്രമേ ക്ഷേത്രങ്ങളിൽ സ്ഥാനമുള്ളു എന്നും ഖണ്ഡിതമായിപ്പറയാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, ഖഡ്ഗം, ശൂലം, ചക്രം മുതലായ ആയുധങ്ങൾ കൂടിയും ചില സ്ഥലങ്ങളിൽ പൂജ്യമാനങ്ങളായിരുന്നുവരുന്നുണ്ട്. എന്നാൽ അവിടെയും ദേവതാസങ്കല്പം സിദ്ധമാണുതാനും.

XIII. *കേരളക്ഷേത്രങ്ങളുടെ പ്രത്യേകതകൾ.

യഥാർത്ഥകേരളക്ഷേത്രങ്ങൾക്ക് പലതരം പ്രത്യേകതകൾ അകത്തേയും പുറത്തേയും ഉള്ളതാകുന്നു. അകത്തെ ഉള്ള പ്രത്യേകതകളായി പൂജാവിധാനപദ്ധതി, നിത്യനിദാനസമ്പ്രദായം, പ്രതിമാനിർമ്മാണശൈലി, ശുദ്ധാശുദ്ധവ്യവസ്ഥ, വർജ്ജ്യാവർജ്ജ്യനിയമം മുതലായവയേയും, പുറമെത്തെ പ്രത്യേകതകളായി ക്ഷേത്രനിർമ്മാണരീതി, ക്ഷേത്രഭരണവിധം, ക്ഷേത്രസമാശ്രിതസ്ഥിതി, ഉത്സവാദ്യാഘോഷവിശേഷം മുതലായവയേയും ഗണിയ്ക്കാം. പരദേശപ്രസ്ഥാനത്തിൽനിന്നു സ്വവ്യക്തവും സ്വതന്ത്രവുമായ പാർത്ഥക്യവും പ്രത്യേകതയും വഹിക്കുന്ന ഈവക വിഷയങ്ങൾ, സവിസ്തരമായ വിവരണത്തിനും സംക്ഷിപ്താവിമർശനത്തിനും വിധേയമാക്കേണ്ടതാണെങ്കിലും തൽക്കാലം അധികം വിസ്തരിക്കാതെ സംക്ഷിപ്തചർച്ചക്കു മാത്രമേ മുതിരുന്നുള്ളു. പൂജാപ്രസ്ഥാനം പൊതുവെ തന്നെ കേരളീയർക്കും അന്യർക്കും ഭിന്നിച്ചാണിരിക്കുന്നതെന്ന് അറിയാമല്ലോ. *ഒരിക്കൽ നിവേദിച്ചതു വീണ്ടും നിവേദിക്കുക മുതലായ സമ്പ്രദായം അന്യദേശത്തു നടപ്പുള്ളത് കേരളത്തിൽ നിശ്ശേഷം നിഷിദ്ധമാണ്. അരുണോദയത്തിൽ ശംഖനാദാദി വാദ്യഘോഷപുരസ്സരം പള്ളിയുണർത്തുന്നതു മുതൽ അത്താഴശ്ശീവേലി കഴിഞ്ഞു നട അടയ്ക്കുന്നതുവരെയുള്ള നിത്യാ

---

* നിവേദിതാന്നദ്രവ്യാണാം പുനർനൈവേദനം തഥാ,
ദേവാലയേഷു ക്ഷേത്രാണാം പ്രതിഷ്ഠാം കേരളേ ത്യജേത്,
ശൂദ്രാദിസ്പർശനം കേവലപ്രതിമാസ്വപിവർജ്ജയേൽ" ഇത്യാദി ശങ്കരസ്മൃതി (226) കാൺക. ആചാരസമ്പ്രദായവും സ്മരണീയമാണ്.

ത്സവപരിപാടി, മെച്ചപ്പെട്ട കേരളീയക്ഷേത്രങ്ങളിലെല്ലാം നിയതവും നിഷ്കൃഷ്ടവുമാണല്ലോ. പരദേശങ്ങളിൽ ഇത്തരത്തിലില്ല. കേരളക്ഷേത്രങ്ങളിലെ പ്രതിമാശില്പവൈഭവം ലോകത്തിന്റെതന്നെ അത്ഭുതത്തെ സമാർജ്ജിച്ചിട്ടുള്ളതും സുപ്രസിദ്ധമായിട്ടുള്ളതും ആകുന്നു. ഇക്കാര്യത്തിലും പരദേശം പിന്നണിയിലാണു നില്ക്കുന്നതെന്നു നമുക്കഭിമാനിക്കാം. ശാസ്ത്രീയവും പ്രാമാണികവും പാരമ്പര്യസിദ്ധവുമായ ശുദ്ധാശുദ്ധവ്യവസ്ഥയും വർജ്ജ്യാവർജ്ജ്യനിയമവും കേരളക്ഷേത്രങ്ങളിൽ പാലിക്കപ്പെടുന്നതുപോലെ അന്യദേശക്ഷേത്രങ്ങളിൽ പാലിച്ചുവരുന്നതായി കാണുന്നില്ല. ഇതവകയുള്ള ഗുണമായി, കേരളക്ഷേത്രമൂർത്തികൾക്ക് നിഗ്രഹാനുഗ്രഹശക്തിയും അഭീഷ്ടപ്രദാനക്ഷമതയും ധാരാളത്തിലധികമുണ്ടെന്നും ഏതന്യദേശ്യക്ഷേത്രങ്ങളേക്കാൾ കുറഞ്ഞിരിക്കുന്നില്ല. കേരളക്ഷേത്രങ്ങൾക്ക് പൊതുവേയും പ്രാതിസ്വികമായും ഒരു മഹത്വവും മേന്മയും ഉണ്ടെന്നും എടുത്തുപറയുവാനുണ്ട്. അതെന്തെന്ന ഇല്ലാതെ പോകുമോ? ഇന്ത്യയിലെ സുപ്രസിദ്ധപുണ്യക്ഷേത്രങ്ങളിൽ പലതും [1]ഇവിടെയായിപ്പോയി; വൈഷ്ണവരുടെ വിശിഷ്ടക്ഷേത്രങ്ങളിലും ഒട്ടേറെയെണ്ണം [2]കേരളക്കരയിൽതന്നെയായിപ്പോയി; കേരളീയരെപ്പോലെതന്നെ കേരളക്ഷേത്രമൂർത്തികളും ഔദാര്യപാരമ്യസ്ഥരും ഭക്താനുഗ്രഹവ്യഗ്രരും ആകാതെ തരമുണ്ടോ? അപ്പോൾ! പിന്നെ, ഗ്രാമക്ഷേത്രങ്ങൾ, ദേശക്ഷേത്രങ്ങൾ കുടുംബക്ഷേത്രങ്ങൾ — ഇത്തരത്തിലാണ് കേരളത്തിലെ ക്ഷേത്രങ്ങളുടെ നില. അതനുസരിച്ച്, അതാതു ഗ്രാമക്കാരും, ദേശക്കാരും, കുടുംബക്കാരും തങ്ങൾക്ഷേത്രമൂർത്തികളെ സേവിച്ചു സേവിച്ച്, വിളിച്ചാൽ വിളി കേൾക്കുന്ന പാകത്തിലാക്കിവെയ്ക്കുക പണ്ടുപണ്ടേ കഴിഞ്ഞിട്ടുമുണ്ട്. അതുംപോരെങ്കിൽ, പല ക്ഷേത്രങ്ങളും നിത്യാന്നദാനനിരതങ്ങളും, സർവ്വരോഗചികിത്സാകേന്ദ്രങ്ങളും, നിത്യോത്സവാഘോഷസമന്വിതങ്ങളും, നൈരന്തര്യേണ നിരതിശയദൈവശക്തിപ്രഭാപ്രസ്രോതസ്സുകളും, ശുദ്ധികാരകങ്ങളായ സകലമഹാസിദ്ധികൾക്കും പ്രസിദ്ധി പെററ പരമമഹത്തരപുണ്യസ്ഥാനങ്ങളും ആയിട്ടാണ് ഇതിഹാസകാലം മുതല്ക്കേ വിളങ്ങിവരുന്നതും. ക്ഷേത്രങ്ങളെക്കൊണ്ടുതന്നെ ഇത്ര വളരെകാര്യങ്ങൾ നേടുന്നവർ കേരളീയരല്ലാതെ മററുള്ള രാജ്യക്കാരാണ് ഇന്ത്യയിലുള്ളത്? കേരളീയക്ഷേത്രങ്ങളുടെ അത്യന്ത

1. കുമാരി, ശുചീന്ദ്രം, അനന്തശയനം, ജനാർദ്ദനം മുതലായവ.
2. ആഴ്‌വാരുടെ പാട്ടുകൾ പരിശോധിക്കുക.

മാഹാത്മ്യത്തിന്റെ ഒരു ഉപലക്ഷണമായിട്ടുതന്നെ എണ്ണപ്പെടാവുന്നതല്ലയോ?

ക്ഷേത്രനിർമ്മാണരീതിക്ക് ദ്രാവിഡമെന്നും, നാഗരമെന്നും മററും വകഭേദം[1] ഉള്ളതിൽ നാഗരരീതിയാണ് കേരളത്തിൽ സാമാന്യേന സ്വീകരിക്കപ്പെട്ടിട്ടുള്ളത്. നാലുകെട്ടും (ചുററമ്പലവും), തിരുമുററവും, ശ്രീകോവിലും, മണ്ഡപവും, വിളക്കുമാടവും, ബലിക്കൽപ്പുരയും, ഗോപുരവും, [illegible] മതിൽക്കെട്ടും, കൊടിമരവും, ഊട്ടുകൊട്ടിലും, മതിലും ചേർന്നതാണല്ലോ സാധാരണ കേരളക്ഷേത്രം. ഇവയിൽ ചിലത് ചിലേടത്ത് ഇല്ലാതെയും, ഇവയ്ക്കു പുറമേ കൂത്തമ്പലം, ഓത്തമ്പലം എന്നിവയോടുകൂടിയും ക്ഷേത്രങ്ങളുണ്ട്. ഇവയിൽ ഓത്തമ്പലം എന്നത് വേദാധ്യാപനം നടത്തപ്പെട്ടുവന്ന ക്ഷേത്രവിശേഷം (പ്രത്യേകക്ഷേത്രം) തന്നെയായിരുന്നു.[2] ഓത്തമ്പലം പ്രധാനക്ഷേത്രത്തിന്റെ സമീപത്തായിരിക്കയും ചെയ്യും. കൂത്തമ്പലം പ്രധാനക്ഷേത്രത്തോടു ചേർന്നും, വേറെ പ്രത്യേകമായും രണ്ടു വിധത്തിലുമുണ്ട്. പക്ഷേ, ഓത്തമ്പലംപോലെ പ്രത്യേകം ക്ഷേത്രമായിട്ടല്ല, ആ ക്ഷേത്രമതിൽക്കകത്തു തന്നെയാണ് കൂത്തമ്പലം; ചാക്യാർ കൂത്തിനുള്ള രംഗം നിലകൊള്ളുന്നത്.[3] "കൂത്തമ്പലങ്ങളിൽ കൂത്തില്ല" എന്നൊരു പ്രസ്താവവും ക്ഷേത്രകാര്യമായിട്ടറിയുവാനുണ്ട്. ഇങ്ങനെയുള്ള ഭേദങ്ങളല്ലാതെ, വിജാതീയശൈലിയിൽ പല ക്ഷേത്രങ്ങളും ഇല്ലാതെയില്ല. നാഗർകോവിൽ, ചിതറാൽ, കല്ലിൽ—മുതലായ ക്ഷേത്രങ്ങളാണവ. പണ്ടു ജൈനബൌദ്ധമതക്കാരുടെ വിഹാരങ്ങളായിരുന്ന ഇവ പ്രായേണ, കാലാന്തരത്തിൽ ഹൈന്ദവക്ഷേത്രങ്ങളാക്കിത്തീർത്തതാണ് എന്നും ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതായാലും തൽക്ഷേത്രശില്പശൈലി വിജാതീയമാണെന്നുള്ളതു സ്പഷ്ടം.

ഭരണസംബന്ധമായിട്ടുള്ള പ്രത്യേകതകളിൽ, യതീശ്വരപ്രാധാന്യം, മേലാണ്മപ്രാധാന്യം, ഊരാണ്മപ്രാധാന്യം എന്നി

---

1. "മൂലാദ്യാഗ്രാന്തലിംഗം [illegible] ചതുരശ്രം [illegible]
ശ്രീ [illegible] ദ്രാവിഡം"

(തന്ത്രസമുച്ചയം—പടലം ൨)

2. 'കേരളത്തിലെ ദേവാലയങ്ങൾ'—(മദ്രാസ് [illegible] പു. ൩൦, ൫) നോക്കുക.

3. 'ഗുരുവായൂർ' മുതലായ ക്ഷേത്രങ്ങൾ ഉദാഹരിക്കപ്പെടാവുന്നതാണ്.

ങ്ങനെ മൂന്നെണ്ണം വിശേഷിച്ചു പറയുവാനുണ്ട്. ശക്തിശാക്തപ്രാധാന്യവും, മേലാണ്മപ്രാധാന്യവും സ്ത്രീപദങ്ങളെ [illegible]മാണെന്ന കാരണങ്ങളെക്കൊണ്ട് [illegible] ഗണിക്കപ്പെടണം. ദേവന്റെ പൂജകന്മാർ, ഉത്സവാദികളുടെ ദേവൻ ഇത്യാദികളെപ്പറ്റി വ്യവസ്ഥകളും ഇവിടെ സ്മരണീയങ്ങളല്ലോ. ഇപ്രകാരം [illegible], [illegible]ചേർന്നിരിക്കുന്ന ജനങ്ങൾ എന്നും, ജനാധിപന്മാർക്കു ചേർന്ന മന്ത്രങ്ങൾ എന്നും മററും ഇനിയും വകഭേദങ്ങളുണ്ട്. ഇവയിൽ ചിലതിനെപ്പറ്റിയുള്ള വിശേഷവിവരണം, മുൻപറഞ്ഞ 'ക്ഷേത്രാചാരക്രമം' മുതലായവയെ നോക്കി മനസ്സിലാക്കാവുന്നതാണ്.

ക്ഷേത്രങ്ങളുടെ സ്ഥാപിതകാലത്തിന്, ഉത്ഭവചരിത്രവും ആയ വിശേഷങ്ങൾ മുതലായ [illegible] കഴിവുള്ളതാകകൊണ്ട് ഇവിടെ വിസ്തരിക്കുന്നില്ല. എന്നാൽ ഈ വിഷയങ്ങളിലെല്ലാം [illegible] കൂടി ഉന്നയിപ്പാൻ [illegible] കഴിവില്ലായ്കയുണ്ട്.

XIV തന്ത്രത്തിലെ പ്രസ്ഥാനത്രയവും കേരള പ്രസ്ഥാനമാഹാത്മ്യവും.

തന്ത്രചരിത്രസംബന്ധികളായ വിദ്വാന്മാർ തന്ത്രത്തിന് മൂന്നു പ്രസ്ഥാനവിശേഷങ്ങളെ കണ്ടുപിടിച്ചിട്ടുണ്ട്. കാശ്മീരപ്രസ്ഥാനം, ബംഗാൾപ്രസ്ഥാനം, കേരളപ്രസ്ഥാനം എന്നാണ് ആ മൂന്ന്. ഇന്ന് ഇന്ത്യയിൽ നടപ്പിലിരിക്കുന്ന സർവവിധതന്ത്രഗ്രന്ഥങ്ങളെയും കുലങ്കഷമായി പരിശോധിച്ച് സൂക്ഷ്മമായി വിവേചിച്ചിരിക്കുന്ന ഒരു തീരുമാനം ആണ് ഇത്. ഇവയിൽ കാശ്മീരപ്രസ്ഥാനവും, ബംഗാൾപ്രസ്ഥാനവും വാമമാർഗ്ഗപ്രാധാന്യമുള്ളവയും, കേരളപ്രസ്ഥാനം ദക്ഷിണമാർഗ്ഗപ്രാധാന്യത്തോടുകൂടിയതും ആകുന്നു. വാമമാർഗ്ഗം അവൈദികപ്രധാനവും, ശൈവശാക്തമതൈകതാനവും, തമോഗുണബഹുലവും, വൈദികവിഗീതവും ആകുന്നു. ദക്ഷിണമാർഗ്ഗം അങ്ങനെയല്ല; വൈദികപ്രധാനം, [illegible], [illegible], സർവദേവസമതാപ്രതിപാദകം, ഐഹികാമുഷ്മികശ്രേയസ്സാധകം, [illegible]

[illegible], ഭൂതബലി, നരബലി മുതലായവയും കുമാരീപൂജ മുതലായവയും വാമമാർഗ്ഗത്തിൽ പെടുന്നതാണ്. ദക്ഷിണമാർഗ്ഗം ആഭാസങ്ങളും [illegible] ഇല്ലാതെ, വൈദികപദ്ധതിയിലൂടെ സൌഷ്ഠവത്തിലൂടെ [illegible] പാരമ്പര്യമനുസരിച്ച ആവാഹിക്കപ്പിച്ച്, സാത്ത്വികവിധിയിൽ ഉപാസിക്കുകയും പ്രീണിപ്പിക്കുകയും ചെയ്യുന്നതാണ്. [illegible] ഉപാസിക്കുന്നതും, ഉത്തേജിപ്പിക്കുന്നതും [illegible] പരിപാടികൾക്കതിൽ സ്ഥാനമേ ഇല്ല. [illegible] വിശ്വാസത്തിന് [illegible] ഇതിൽ സ്ഥാനം [illegible], [illegible] [illegible] ഉപചാരങ്ങൾ [illegible] മാത്രമേ ഗണിക്കപ്പെടാവൂ. ഹിംസാദൂഷിതവും [illegible] മലിനസംസർഗ്ഗങ്ങളൊന്നും ഇതിൽ ഇല്ല. കേരളത്തിൽ നിലവിലിരിക്കുന്ന ഉയർന്നതരം തന്ത്രപ്രധാനമായിട്ടുള്ള കാര്യമാണ് ഇവിടെപ്പറഞ്ഞത്.

എന്നാൽ [illegible] ഒരു പുരാതനകാലത്ത് മറ്റുതരം തന്ത്രപ്രയോഗവും കേരളത്തിൽ നടപ്പുണ്ടായിരുന്ന എന്നതിന് ധാരാളം തെളിവുണ്ട്. നാടികൾ, പിടാരന്മാർ എന്നീ രണ്ടു ജാതികളുടെ ഉത്പത്തിതന്നെ ആ തരം തന്ത്രം [illegible] ഫലമായിട്ടാണെന്ന് പ്രാമാണികഗ്രന്ഥങ്ങളിൽ കാണുന്നു.[1]

ഇതുപോലെ [illegible] ആചാര്യൻ മുതിന്ന് [illegible] 'മേഴത്തോൾ അഗ്നിഹോത്രി' എന്ന മഹർഷിപ്രവരന്റെ കാലത്തിനു[2] മുമ്പു കേരളത്തിൽ ശ്രൗതകർമ്മങ്ങൾക്കല്ല, താന്ത്രികകർമ്മങ്ങൾക്കാണ് പ്രാധാന്യമുണ്ടായിരുന്നതെന്നും, അഗ്നിഹോത്രി വന്ന ശ്രൗതയാഗങ്ങൾ നടപ്പാക്കിയതെന്നും പ്രസിദ്ധമാണ്. അദ്ദേഹത്തിന്റെ അനുജൻ ഒരാൾ വാമമാർഗ്ഗതന്ത്രപ്രയോക്താവായിരുന്നുവെന്നു കാണുന്നു.

"പൂജാർഹനീയതിരിസ്കാരം [illegible] [illegible]
പൂജാവിധിയ്ക്കു മധുമാംസനിവേദനത്താൽ

1 '[illegible]' എന്നാദ്യമായ, '[illegible]' എന്നു തുടങ്ങുന്ന [illegible] നോക്കുക.

2. 'പൂർവ്വാഹ്ന[illegible]' എന്നത് അഗ്നിഹോത്രിയുടെ ജനനകാലത്തെ കുറിക്കുന്ന കലിദിനവാക്യമാണ്.

സാമ്രാജ്യമററടികളൊന്നു തിരിശ്ശതു, ററക്രം-
ഒരവകാശ്യമററടികളെട്ടന്നായ ജാതി തീണ്ട്."

(കേരള- സന്ദേ- ശം. ശ്ലോകം ...)

ഇതുപോലെതന്നെ ശക്തിപൂജാപ്രസ്ഥാനത്തിൽ സിദ്ധനായിരുന്ന മറെറാരു സുപ്രസിദ്ധനാണ് പുളിയാമ്പിള്ളി നമ്പൂതിരി. കറുത്തവാവുന്നാൾ അർദ്ധരാത്രിക്ക് അക്കാലത്തെ ഒരു മഹാരാജാവിനു പൂർണ്ണചന്ദ്രനെക്കാണിച്ചുകൊടുത്ത് തന്റെ ദിവ്യത്വത്തെ വിശ്വസിപ്പിച്ച ആ മഹാന്റെ കഥകൾ[1] ആർക്കും അജ്ഞാതങ്ങളല്ലല്ലോ. തന്ത്രംവഴിക്കോ മന്ത്രംവഴിക്കോ എന്ന് തീരുമാനപ്പെടുത്തുവാൻ ക്ലേശമുണ്ടെങ്കിലും, പ്രസിദ്ധനായ ഒരു ചിറവൂർ നമ്പൂതിരിപ്പാട് മാതംഗീദേവിയുമായി പ്രത്യക്ഷത്തിൽ സഹവസിച്ചിരുന്നുവെന്നും, അസൂയാലുക്കളായ ജനങ്ങൾ അദ്ദേഹത്തിന് ഒരു ചെറുമിയുമായി കൂട്ടുകെട്ടുണ്ടെന്നു പറഞ്ഞുപരത്തിയതും, രാജാവു അദ്ദേഹത്തിന് അഗ്നിപ്രവേശശിക്ഷ വിധിച്ചതും, ഒടുവിൽ ശ്രീമാതംഗിയുടെ സഹായത്തോടുകൂടി രാജാവു മാതംഗീദേവിയെ അഗ്നിജ്വാലാമദ്ധ്യത്തിൽ ദർശിച്ച് സംഭ്രാന്തനായി ആ സിദ്ധാഗ്രേസരനോടു മാപ്പപേക്ഷിച്ചതും മററും ശ്രദ്ധേയങ്ങളായ ഐതിഹ്യങ്ങളാണ്. അടികൾ, പിടാരന്മാർ എന്നിവർ ഇന്നും ചില ചില ക്ഷേത്രങ്ങളിൽ മദ്യമാംസാദിനിവേദ്യവും മററും നടത്തിവരുന്നില്ലെന്നും ഖണ്ഡിതമായിപ്പറയാവുന്നതല്ല. ഈ വക സംഗതികളിൽനിന്ന്, വാമമാർഗ്ഗതന്ത്രത്തിന് പ്രാചീനകാലം മുതല്ക്ക് ഇവിടെ സ്ഥാനമില്ലായ്കയില്ലെന്നും, ഇപ്പോഴും മുക്കിലും മൂലയിലും അതു ജീവിക്കുന്നില്ലെന്നു പറവാൻ പാടില്ലെന്നും കാണാവുന്നതാണ്. മുസ്ലിങ്ങൾ, പാശ്ചാത്യസമ്പ്രദായം, തദ്ദേശീയജനതാസംസ്കാരം മുതലായവയായിരിക്കാം ഈ പ്രസ്ഥാനത്തെ ഇപ്പോഴും ജീവിപ്പിച്ചുകൊണ്ടുപോകുന്നത്. എന്നാൽ ഈ പ്രസ്ഥാനത്തിനു കേരളത്തിൽ അത്യന്തം ഗുപ്തതമമായ ഒരു സ്ഥാനമേ ഉള്ളു എന്നു പ്രത്യേകം മനസ്സിലാക്കുവാനുണ്ട്. പ്രാധാന്യവും പ്രാമാണ്യവും പരക്കെ പ്രചാരവുമുള്ള തന്ത്രപ്രസ്ഥാനം ഇവിടെ ദക്ഷിണമാർഗ്ഗം തന്നെയാ

1. 'ഐതിഹ്യമാല' എന്ന പുസ്തകം ഒന്നാംഭാഗം നോക്കുക.

ക്കുന്നതും, തൽപരിഷ്കൃതിയിൽ മററായ ദേശവും കേരളത്തെ അതിശയിക്കുന്നില്ലെന്നു നമുക്ക് അഭിമാനപൂർവ്വം ഉൽഘോഷിക്കാവുന്നതാണ്.

XV. കേരളത്തിലെ തന്ത്രാചാര്യന്മാർ.

രണ്ടുതരം തന്ത്രാചാര്യന്മാർ കേരളത്തിലുണ്ട്. ഒന്ന കർമ്മികൾ (തന്ത്രിമാർ); മറെറാന്ന തന്ത്രഗ്രന്ഥകാരന്മാർ. ഈ വിഭജനംകൊണ്ടു കർമ്മികൾ (തന്ത്രിമാർ) ഗ്രന്ഥകാരന്മാരായിരുന്നിട്ടില്ലെന്നൊ, ഗ്രന്ഥകാരന്മാർ തന്ത്രികളായിരുന്നിട്ടില്ലെന്നൊ വിവക്ഷിക്കുന്നില്ല. എന്നല്ല മിക്കവാറും തന്ത്രഗ്രന്ഥകാരന്മാർ തന്ത്രം നടത്തിയിരുന്നവർ തന്നെയാണെന്നും നിശ്ചയിക്കാം. കൂട്ടത്തിൽ, തന്ത്രം നടത്താത്ത ഗ്രന്ഥകാരന്മാരും ഉണ്ടായിരുന്നിരിക്കാമെന്നേ ഉള്ളു അഭിപ്രായം. പിന്നെ തന്ത്രികളെല്ലാവരും ഗ്രന്ഥകാരന്മാരായിരുന്നിട്ടുമില്ലല്ലൊ. എന്തായാലും ഗ്രന്ഥകാരഗണന ഇവരെ കൂടാതെ കഴികയുമില്ല. അവർ ആചാര്യന്മാരുമാണല്ലൊ.

കർമ്മികളായ ആചാര്യന്മാരിൽ സർവ്വപ്രധാനൻ ശ്രീ നെടുമ്പള്ളി തരണനല്ലൂർ നമ്പൂതിരിപ്പാടാണെന്നുള്ളത് ചരിത്രംകൊണ്ടും ചാരിത്രംകൊണ്ടും അത്യന്തം അവാര്യമായിട്ടുള്ളതാണ്. ശ്രീപരശുരാമൻ കല്പിച്ചുകൊടുത്ത പ്രധാനതന്ത്രി തരണനല്ലൂർ തന്നെ. എന്നാൽ [illegible],

> “തന്ത്രിണോ ഭാർഗ്ഗവശ്രേഷ്ഠാൻ
> പ്രതിഷ്ഠാർത്ഥമകല്പയൽ”

എന്നുള്ള വചനവും അനുസ്മരിക്കേണ്ടിയിരിക്കുന്നു. തരണനല്ലൂരിനെക്കൂടാതെ എട്ടു തന്ത്രിമാരെ ആണ് പരശുരാമൻ നിയമിച്ചതെന്നും വിചാരിക്കണം. പിന്നെ ഇവരിൽനിന്നു തന്ത്രം വാങ്ങിയവർ എത്രയോ അസംഖ്യം. എങ്കിലും ചില പ്രധാനപ്പെട്ട തന്ത്രിമാരെ ഇവിടെ കുടുംബനാമപുരസ്സരം നിർദ്ദേശിക്കാം:—

മണലിക്കരപ്പോററി, ക്രൂരപ്പോററി, കല്ലൂക്കാട്ടപ്പുണ്ണാരനഗിൽ, താഴമൺപോററി, കുഴിക്കാട്ടു ഭട്ടതിരി, പറമ്പൂർ ഭട്ടതിരി, കുഞ്ഞിപ്പക്കോൽ നമ്പൂതിരി, മനയത്താററ നമ്പൂതിരി, പുലിയന്നൂർ നമ്പൂതിരി, ഇടപ്പള്ളി നമ്പൂതിരി,

ചെകനിക്കര നമ്പൂതിരി, വെമ്പിളിയത്തു നമ്പൂതിരി, കൂററാലക്കാട്ടു നമ്പൂതിരി, മറപ്പിള്ളി നമ്പൂതിരി, കന്നത്തുഭട്ടതിരി, ചേന്നാസ്സ് നമ്പൂതിരിപ്പാട് (പല കുടുംബങ്ങൾ-പല ദേശങ്ങളിൽ), കല്ലൂർ നമ്പൂതിരിപ്പാട്, കാട്ടുമാടസ്സ് നമ്പൂതിരി, പാമ്പുമേയ്ക്കാട്ടു നമ്പൂതിരി, ഞണ്ടലാടി നമ്പൂതിരിപ്പാട്, ശ്രീധരമംഗലത്തു നമ്പൂതിരി, കാരുളത്തു നമ്പൂതിരി, പൊടയൂർ നമ്പൂതിരിപ്പാട്.

ഇനി ഗ്രന്ഥകാരന്മാരായ ആചാര്യന്മാരെ എടുത്തുനോക്കാം. നാറാണത്തുഭ്രാന്തൻ അഥവാ നാരായണമംഗലത്തുണ്ടായ ഒരു ദിവ്യൻ ആണ് ഏററവും കൂടുതൽ പഴക്കത്തിൽ അറിയപ്പെടുന്ന കേരളീയനായ തന്ത്രഗ്രന്ഥകാരൻ. ഇദ്ദേഹം മേഴത്തോളഗ്നിഹോത്രിയുടെ ഒരു സഹോദരനായിരുന്നു. തന്ത്രപ്രസ്ഥാനപരിപോഷകനായിരുന്നു ഇദ്ദേഹം.

"നാരായണത്തു മനയാണു മഹാൻ പിറന്നു-
ച്ചാരാമഹീസുരവരിഷ്ഠനു തമ്പിയായവൻ,
നേരായ താന്ത്രികമഹാജനസമ്പ്രദായം
പേരാർന്ന യോഗി പരിചോടു പരത്തി നാട്ടിൽ".

(സർഗ്ഗം ൭. ശ്ലോകം ൩൩.)

എന്ന് ഇദ്ദേഹത്തെപ്പററി "കേരളം"ത്തിൽ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക; ഈ മഹാൻ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ ഇന്നിന്നവയാണെന്ന് ഇതുവരെ നിർണ്ണയിക്കപ്പെട്ടിട്ടില്ല. ആയിരത്തെഴുനൂറോളം സംവത്സരങ്ങൾക്കു മുമ്പാണ് ഈ ദിവ്യൻെറ ജീവിതകാലമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്.

രണ്ടാമതായി ഇവിടെ ഗണിക്കേണ്ടതു ശ്രീശങ്കരാചാര്യസ്വാമികളെ ആകുന്നു. ശങ്കരഭഗവൽപാദർ സൂത്രഭാഷ്യവും ഉപനിഷദ്ഭാഷ്യങ്ങളും മാത്രമേ രചിച്ചിട്ടുള്ളു എന്നും, തൽകർത്തൃകങ്ങളായി പറയപ്പെട്ടുവരുന്ന ഇതരഗ്രന്ഥങ്ങൾ മറെറതോ ശങ്കരൻെറയോ ശങ്കരാചാര്യൻെറയോ ആയിരിക്കാമെന്നും മററും പലതരം തർക്കങ്ങൾ ഈ വിഷയത്തിൽ ഇല്ലായ്കയില്ല. എന്നാൽ അതൊന്നും സിദ്ധാന്തദശയിൽ എത്തിയിട്ടുള്ള മതങ്ങൾ അല്ലാത്തതുകൊണ്ടും, വ്യാഖ്യാതാക്കളും മേല്പത്തൂർ ഭട്ടതിരി മുതലായ കേരളീയപണ്ഡിതപ്രകാണ്ഡങ്ങളും 'പ്രപഞ്ചസാരം' മുത

* '[illegible]'— എന്ന [illegible] ഗ്രന്ഥം നോക്കുക.

ഇവയെ ഭഗവത്പാദ (ശങ്കരാചാര്യ)കൃതികളായി പ്രമാണിച്ചു കണ്ടിട്ടുള്ളതുകൊണ്ടും 'പ്രപഞ്ചസാരം' ശ്രീശങ്കരഭഗവൽപാദകൃതമായിട്ടുതന്നെയേ ഇവിടെയും കണക്കാക്കാൻ പാടുള്ളൂ. എന്നു മാത്രമല്ല, 'പ്രപഞ്ചസാരം' ഭഗവൽപാദകൃതമല്ലെന്നുള്ള നവീനമതത്തെ, കാശി ഹിന്ദുവിശ്വവിദ്യാലയത്തിൽ സംസ്കൃതപാലീവിഭാഗത്തിന്റെ പ്രൊഫെസ്സർ ആയിരിക്കുന്ന പണ്ഡിത ബലദേവ ഉപാദ്ധ്യായൻ എം. എ. അവർകൾ, മാധവാചാര്യരുടെ 'ശങ്കരദിഗ്വിജയ'ത്തിന് ഹിന്ദിപരിഭാഷ പ്രസിദ്ധീകരിച്ചിട്ടുള്ളതിന്റെ 'അവതാരിക'യിൽ സുനിപുണമായി ഖണ്ഡിക്കുകയും പ്രമാണപ്രദർശനപുരസ്സരം ഭഗവൽപാദകൃതം തന്നെ എന്നു സമർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടും ശ്രീശങ്കരഭഗവൽപാദരുടേതുതന്നെ ഇവിടെ കണ്ടമതമായി ഗണിക്കേണ്ടിയിരിക്കുന്നു. 'സൗന്ദര്യലഹരി'യും 'പ്രപഞ്ചസാര'വും ആണ് ആചാര്യസ്വാമികളുടെ പ്രധാനതാന്ത്രികകൃതികളായി കണക്കാക്കിയിരിക്കുന്നത്. തിരുവനന്തപുരത്തു വലിയകൊട്ടാരം ഗ്രന്ഥപ്പുരവക ഗ്രന്ഥങ്ങളുടെ പട്ടികയിൽ, 'കലശപാതുസൂചികളും' തുടങ്ങി വേറെയും ശങ്കരാചാര്യവിരചിതഗ്രന്ഥങ്ങൾ തന്ത്രപരമായിട്ട് കാണ്മാനുള്ളതും സ്മരണീയമാണ്.

ആചാര്യസ്വാമികൾ ശ്രീവിദ്യോപാസകനായിരുന്നുവെന്നു കൂടി ശ്രീമാൻ ഉപാദ്ധ്യായജി തെളിയിച്ചിട്ടുണ്ട്.

'ഈശാനശിവഗുരുദേവപദ്ധതി' എന്ന വിപുലഗ്രന്ഥം ങ്കളിലൊന്ന് ഇതുവരെ പ്രസിദ്ധീകരിച്ചുവരുന്ന ഒരു താന്ത്രികസാഹിത്യമാണ്. ഇതിന്റെ കർത്താവ് കേരളീയനായിരിക്കുമോ എന്ന്, മിത്രശർമ്മദർശനവശാൽ ശ്രീഗണപതിശാസ്ത്രികൾ ശങ്കിച്ചുവന്നിരുന്നിട്ടുണ്ട്. ചെങ്ങന്നൂർ ശ്രീഹരിപ്രസാദശാസ്ത്രികളാകട്ടെ, അർക്കാഡ് ഗ്രന്ഥകർത്താവിനെന്നോ, ഏ. ഡി. ൧൧-ാം ശതാബ്ദം മുതൽ ൧൩-ാം ശതാബ്ദംവരെ മുന്നൂറുകൊല്ലത്തോളം അദ്ദേഹത്തിന്റെ കുലം നിലനിന്നിരുന്നുവെന്നും മറ്റും പ്രസ്താവിച്ചിട്ടുണ്ട്. 'ഈശാനശിവഗുരുദേവപദ്ധതി' ഗ്രന്ഥാവലിയുടെ ഉപോദ്ഘാതത്തിൽ കാണാം. എന്നാൽ, ഈശാനശിവഗുരുവിന്റെ ജീവിതകാലമിന്നതെന്ന് അതിൽ ക്ലിപ്തപ്പെടുത്തിക്കാണിച്ചിട്ടില്ല. 'ശൈവശേഖരൻ' എന്ന 'പ്രത്യക്ഷാപ്പ്രണ'ഗ്രന്ഥകാരൻ ഈശാനശിവഗുരുവിന്റെ ശിഷ്യനായി

ന്നു എന്നു ഹരപ്രസാദശാസ്ത്രികൾ അതിൽ എഴുതിയിട്ടുണ്ട്. "ക്രിസ്തുവിനു പിമ്പ്, ൮൮൦-ൽ അദ്ദേഹത്തിന്റെ ശിഷ്യനായ വൈരോചനൻ പ്രതിഷ്ഠാലക്ഷണം എന്ന ഗ്രന്ഥം നിർമ്മിച്ചു" എന്നു് ശ്രീഹരപ്രസാദശാസ്ത്രികൾ പ്രസ്താവിച്ചിട്ടുള്ളതായി, മഹാകവി ഉള്ളൂർ പരമേശ്വരയ്യരവർകൾ, 'വില്വമംഗലത്തു സ്വാമിയാർ' എന്ന പരിഷൽത്രൈമാസിക (൬-ാം വാല്യം) ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു് ശരിയാണെന്നു വരികയാണെങ്കിൽ, ഈശാനശിവഗുരുവിന്റെ കാലവും വൈരോചനന്റെ കാലമായ ഒമ്പതാം നൂററാണ്ടിലായിരിക്കണമെന്നു് സിദ്ധിക്കുന്നുണ്ട്. എട്ടാം നൂററാണ്ടിലേയ്ക്കും ഈശാനശിവഗുരുക്കളുടെ കാലം വ്യാപിച്ചുകിടക്കാം. പക്ഷേ, അതു ഹരപ്രസാദശാസ്ത്രിയുടെ ബുദ്ധിസന്ധിയ്ക്കും, വംശപരമ്പരാവിവരണക്രമത്തിനും വിരുദ്ധമായിത്തീരുമെന്നു തോന്നുന്നു. അതിനും പുറമേ, ഉവരെയും ചില വിഷമതകൾ വന്നുകൂടും. 'ഈശാനശിവഗുരുദേവപദ്ധതി'യിൽ ഭോജദേവഗ്രന്ഥങ്ങളിൽ നിന്ന് ധാരാളം പംക്തികൾ ഉദ്ധരിയ്ക്കപ്പെട്ടിട്ടുണ്ട്. ആറാമത്തേയും, ഏഴാമത്തേയും, പതിനൊന്നാമത്തേയും ശതാബ്ദി (എ. ഡി.) കളിലാണ് ഭോജനാമധേയന്മാരുടെ വാഴ്ചയെന്നാണ് അഭിജ്ഞമതം. അവയിൽ ൧൧-ാം ശതാബ്ദിയിലെ ഭോജനാണ് സർവ്വതന്ത്രസ്വതന്ത്രനും, വിവിധങ്ങളായ വിപുലഗ്രന്ഥങ്ങളുടെ നിർമ്മാതാവും, പരമമാഹേശ്വരനും ആയിരുന്നതു്. 'ഉത്തുംഗശിവാചാര്യൻ' എന്ന ശൈവാചാര്യപ്രവരന്റെ ശിഷ്യനും ഈ ഭോജദേവൻ തന്നെ ആയിരിക്കണം. ഗൌഡോത്തമശിവാചാര്യൻ എന്ന മഹാത്മാവു് സ്വകൃതമായ പദ്ധതിയിൽ—

'തതോഽഭ്യുദ ഉത്തുംഗശിവോ നിരസ്യ ശ്രുതിശാസനഃ,
കല്യാണനഗരീവാസീ ഗ്രന്ഥഃ പദ്ധതികൃത് സുധീഃ.
സർവ്വവിദ്യാധിപോ യസ്യ കനീയാനഭൂദ്ഭോജഃ
സർവ്വാഗമാർത്ഥനിഷ്ണാതഃ ശ്രീഭോജനൃപതേർഗ്ഗുരുഃ'.
(ഗോത്രവിധിനിർണ്ണയപടലം)

എന്നിങ്ങനെ 'ഉത്തുംഗ'ശിവ'ഭോജരാജ'ന്മാരുടെ ഗുരുശിഷ്യഭാവത്തെ സ്പഷ്ടീകരിച്ചിട്ടും ഉണ്ട്. ൧൧-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഭോജദേവനെ എട്ടോ ഒൻപതോ പത്തോ ആയ നൂററാണ്ടുകളിൽ ജീവിച്ചിരുന്ന ഗ്രന്ഥകാരൻ സ്മരിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ നിരക്കുന്ന കാര്യമല്ലല്ലോ. ൧൧-ാം നൂററാണ്ടിൽ ഭോജ

ശേഷം അഥവാ ഭോജപ്രബന്ധപ്രചാരത്തിനുശേഷം മാത്രമേ ഈശാനശിവഗുരുദേവപദ്ധതി നിർമ്മിതമായിരിക്കാൻ പാടുള്ളു എന്ന് ഈ വഴിക്കും സിദ്ധിക്കുന്നു. ഈശാനശിവഗുരുവിന്ന് അത്രയും അർവ്വാചീനത്വം, ശ്രീഹരപ്രസാദശാസ്ത്രിയുടെ ഈശാനശിവഗുരുപരമ്പരാവർണ്ണനപ്രകാരം അനുവദിച്ചുതരുന്നതുമല്ല. ഇതാണൊരു വിഷമത.

ഈശാനശിവഗുരുദേവപദ്ധതിയിൽ "പ്രയോഗമഞ്ജരി" എന്നൊരു ഗ്രന്ഥത്തെ അടിക്കടി അനുസ്മരിക്കുകയും, അതിൽ നിന്ന് ഒട്ടേറെപ്പദ്യങ്ങൾ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രയോഗമഞ്ജരിയുടെ കർത്താവ് ഒരു രവിയും, തൽപിതാവ് അച്യുതമൂർത്തിയും, തൽപിതാമഹൻ ദേവശർമ്മാവും ആണെന്നും, ശിവപുരഗ്രാമക്കാരനാണെന്നും, ("ശിവപുരസദ്ഗ്രാമജോ") മറ്റും കാണിക്കുന്ന ഒന്നു രണ്ടു പദ്യങ്ങളും പ്രയോഗമഞ്ജരിയുടെ ഒടുവിൽ ഉണ്ട്. ആ പദ്യങ്ങളെ വ്യാഖ്യാനിക്കുന്നേടത്ത്, "പ്രദ്യോതം" എന്ന പേരുള്ള പ്രയോഗമഞ്ജരീവിവരണത്തിന്റെ കർത്താവായ ത്രിവിക്രമൻ, ആ വ്യാഖ്യാനത്തിൽ, ശിവപുരഗ്രാമം കേരളദേശത്ത് "ചൊവ്വര" എന്നു പറയുന്ന ഗ്രാമമാണെന്നും, കാശ്യപഗോത്രക്കാരനും, "കോട്ടമന" എന്ന കുല (ഇല്ല)ത്തിലെ അംഗം കപാലിപ്രേഷിതയായ ചാമുണ്ഡയിൽ നിന്ന് "[illegible]" ശാസ്താവിനാൽ രക്ഷിക്കപ്പെട്ടവനും ആണ് രവി എന്ന കവി എന്നും മറ്റും വിശദമാക്കിപ്പറഞ്ഞിട്ടുണ്ട്. ഈ രവി ഒരു "ബൌദ്ധയാജി"യാണെന്നുകൂടി മൂലാധികമായി വിവരിച്ചിട്ടും ഉണ്ട്. അതുകൊണ്ട് വ്യാഖ്യാതാവായ ത്രിവിക്രമൻ നേരിട്ടറിയുന്ന ആളാണ് പ്രയോഗമഞ്ജരീകർത്താവെന്നു തോന്നിക്കുന്നു. അപ്പോൾ ആ ആളും കേരളീയനാകണമല്ലോ താനും. ഇങ്ങനെ വ്യാഖ്യാതൃപ്രാമാണ്യത്താൽ കേരളീയകൃതമെന്നു സ്ഥാപിതമാകുന്ന "പ്രയോഗമഞ്ജരി" [illegible] നൂറ്റാണ്ടിനുമുമ്പോ, ആ നൂറ്റാണ്ടിലോ തന്നെ ഉണ്ടായി, മദ്ധ്യഭാരതത്തിന്റെ അങ്ങേയറ്റത്തിരുന്ന ഈശാനശിവഗുരുവിന്ന് പ്രമാണതയാ ഉദ്ധരിക്കത്തക്കവണ്ണം [illegible] ചെന്നുചേർന്നു എന്നു കരുതേണ്ടി വരുന്നതു് മറ്റൊരു വിഷമത.

'പ്രദ്യോത'വ്യാഖ്യാനം പറയുന്നതു് ശരിയായിരിക്കയില്ല, 'പ്രയോഗമഞ്ജരി'കാരൻ ഔത്തരാഹൻതന്നെ ആയിരിക്കണം എന്നു കല്പിക്കുവാനും വഴിയില്ല. പ്രദ്യോതവ്യാഖ്യാനത്തിൽ, 'വിദ്യാചന്ദ്രിക' മുതലായ പല അപൂർവ്വഗ്രന്ഥങ്ങളെയും സ്മരിച്ചു കാണുന്നതും, കേരളചരിത്രം സംബന്ധിച്ച പല വിവരങ്ങളും പ്രദ്യോതത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നു് തിരുവിതാംകൂർ പൗരസ്ത്യഗ്രന്ഥപ്രകാശനശാലയിലെ 'ഡിസ്ക്രിപ്റ്റീവ് ക്യാറ്റലോഗി'ൽ രേഖപ്പെടുത്തിയിരിക്കുന്നതും മറ്റും പ്രദ്യോതകാരനായ ത്രിവിക്രമന്റെ ബഹുശ്രുതത്വത്തെയും കേരളീയത്വത്തെയും, പ്രാമാണ്യത്തെയും, വിശ്വസനീയതയെയും ഉദ്ഘോഷിക്കുന്നതാണ്. അതുകൊണ്ടു് ഈ വക കുഴപ്പങ്ങളിൽ മുഴുകി അമിതം നിഷ്പ്രയോജനമായി ചിന്തിച്ചു നോക്കാതെ, ഈശാനശിവഗുരുദേവപദ്ധതിയുടെ കർത്താവു് പിന്നെ ഏതു ദേശക്കാരനായിരുന്നു എന്നാണ് കണ്ടുപിടിക്കേണ്ടിയിരിക്കുന്നതു്. അദ്ദേഹം കേരളീയനായിരുന്നു എന്നു് നമുക്കു് ബലമായി സ്ഥാപിക്കുവാൻ കഴിയും.

എന്നാലു്, കേരളീയരുടെ ശ്രൗതസ്മാർത്തതാന്ത്രികക്രിയകൾക്കു് പ്രമാണങ്ങളായി അവർ സ്വീകരിച്ചുകാണുന്നതു്, കേരളീയഗ്രന്ഥങ്ങളെത്തന്നെയാണു്. അധികവും സംസ്കൃതത്തിലും ഭാഷയിലുമായി അനേകം കൃതികൾ അങ്ങനെ ഉണ്ടാവാനുള്ള കാരണവും ഇതുതന്നെയാണ്. പ്രസ്തുതപദ്ധതിയാകട്ടെ, താന്ത്രികന്മാരുടെ വലിയ പ്രമാണമായും, കേരളത്തിൽ സുലഭവും ആയിരിക്കുന്നതു നോക്കുക. കേരളത്തിൽ സർവ്വത്ര പ്രചാരമുള്ളതും, കേരളീയകൃതിയെന്നു് വ്യാഖ്യാനത്തിന്റെ പ്രാമാണ്യപുരസ്സരം നിർണ്ണീതവും ആയിരിക്കുന്ന 'പ്രയോഗമഞ്ജരി'യെയും, കേരളത്തിൽ സുലഭവും കേരളീയകൃതിയായിരിക്കുവാൻ സാംഗത്യമുള്ളതും, കേരളീയതാന്ത്രികന്മാർക്കു് സുപ്രസിദ്ധപ്രമാണവും ആയിരിക്കുന്ന 'ദേവോദ്ഭവം' എന്ന ഗ്രന്ഥത്തെയും മറ്റും ഈശാനശിവഗുരുദേവപദ്ധതിയിൽ ബഹുധാ പ്രമാണഭാവേന ഉദ്ധരിച്ചു കാണിച്ചിട്ടുള്ളതു് പ്രസ്തുതപദ്ധതിയുടെ കേരളീയകർത്തൃകത്വത്തെ തെളിയിക്കുന്നതല്ലയോ?

“ഈശാനൻ” എന്ന നാമധേയം കേരളീയബ്രാഹ്മണരുടെ ഇടയിൽ പണ്ടേ നടപ്പുള്ളതും, ഇന്നും പ്രചാരത്തിലിരിക്കുന്നതും ആകുന്നു. ‘ശിവഗുരു’ എന്ന സ്ഥാനവും കേരളീയബ്രാഹ്മണരുടെ ഇടയിലുണ്ടായിരുന്നു എന്നതിന് തെളിവില്ലായ്കയില്ല. ജഗദ്ഗുരു ശ്രീ ശങ്കരഭഗവൽപാദരുടെ പിതാവിന്റെ നാമധേയം ‘ശിവഗുരു’ എന്നായിരുന്നു എന്ന് ഭഗവൽപാദചരിത്രങ്ങളിൽ കാണുന്നുണ്ടല്ലോ. അത് ആചാര്യത്വാനുബന്ധമായ നാമമായിട്ടല്ലാതെ, നാമകരണക്രിയാസിദ്ധമായിരിക്കുവാൻ ഇടയുള്ളതല്ല. അപ്പോൾ ഈശാനൻ എന്ന് പേരുള്ള ശിവഗുരു ദേവവിഷയമായിട്ട് എഴുതിയിട്ടുള്ള പദ്ധതിയാണ് ‘ഈശാനശിവഗുരുദേവപദ്ധതി’ എന്ന് സിദ്ധിക്കുന്നുണ്ടല്ലോ. എന്തിന് പോരാ, ഈ ഈശാനശിവഗുരു വേറെയും പല വിഷയങ്ങളിൽ ഗ്രന്ഥനിർമ്മാണം ചെയ്തിട്ടുണ്ടെന്നും അനുമിക്കുമാറാകുന്നു.

എല്ലാററിനും ഉപരിയായി, ‘ഈശാനശിവഗുരുദേവപദ്ധതി’യിൽ, ‘തിമില’ എന്ന ശബ്ദം ഒരു വാദ്യവിശേഷപര്യായമായി പ്രയോഗിച്ചുകാണുന്നതും, അതിന്റെ കേരളീയകർതൃകതയ്ക്ക് പരമപ്രമാണമാണെന്നു കരുതുന്നു. ഇത് സംസ്കൃതകോശങ്ങളിൽ കാണപ്പെടാത്ത ശബ്ദമാണുതാനും. ‘തിമില’ എന്താണെന്ന് കേരളീയരോട് പറയേണ്ടതുമില്ലല്ലോ. ആ പ്രയോഗം:—

“സംഗീതനൃത്തനാദൈരപി ശംഖകാഹളഗോമുഖൈഃ
തിമിലാനകഭേര്യാദ്യൈർന്നിനദദ്ഭിരനാരതം”

(ക്രിയാപാദം, പടലം ൫൦. പദ്യം ൩൪൩.)

ശ്രീ ഹേമാദ്രിയുടെ ‘ചതുർവ്വർഗ്ഗചിന്താമണി’യിൽ ഈ പദം പ്രയോഗിക്കപ്പെട്ടിട്ടുണ്ടെന്നും, അത് ഈ പ്രശസ്തഗ്രന്ഥത്തിന്റെ പ്രചാരത്തിനുശേഷമായിരിക്കണമെന്നും ഇവിടെത്തന്നെ പറയേണ്ടിയിരിക്കുന്നു. പദ്ധതി കേരളസന്താനമാണെന്നുള്ളതിന് വലിയ ആഭ്യന്തരലക്ഷ്യമാണല്ലോ ഈ സങ്ഗതി. സൂക്ഷിച്ചു പരിശോധിച്ചാൽ, ഇനിയും ഈ വക തെളിവു ശേഖരിക്കാൻ കഴികയും ചെയ്യും.

ഇനി നോക്കേണ്ടതു്, ഇങ്ങനെ കേരളീയനായിട്ടു് ഒരു ഈശാനശിവഗുരുമഹോദയൻ ഉണ്ടായിരുന്നുവെന്നതിനു വല്ല തെളിവും സമ്പാദിയ്ക്കുവാൻ കഴിയുമോ എന്നാണല്ലോ. ശ്രീ ശങ്കരഭഗവൽപാദരുടെ പിതാവു് ശിവഗുരുനാമധാരിയാണെന്നുള്ളിടത്തോളം തെളിവുള്ളതാണു്; ഈശാനൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേരെന്നുള്ളതിനു് പ്രമാണം ഉപലബ്ധമല്ല. എന്നുമാത്രമല്ല, ശങ്കരഭഗവൽപാദരുടെ പിതാവിനു് എ. ഡി. എട്ടാം നൂററാണ്ടിനിപ്പുറം കാലം കല്പിയ്ക്കുന്നതും സംഗതമായിരിയ്ക്കയില്ല. പിന്നെ നമുക്കു കണ്ടുപിടിയ്ക്കാനുള്ളതു് ശ്രീ വില്വമംഗലത്തു സ്വാമിയാരുടെ ആചാര്യനായ ഒരു ഈശാനനെ ആണു്. കർണ്ണാമൃതഗ്രന്ഥത്തിന്റെ ഒന്നാമാശ്വാസത്തിൽ:—

"ഈശാനദേവചരണാഭരണേന നീവീ-
ദാമോദരസ്ഥിരയശസ്തബകോദ്ഗമേന
ലീലാശുകേന രചിതം തവ ദേവ! കൃഷ്ണ-
കർണ്ണാമൃതം വഹതു കല്പശതാന്തരേപി."

എന്നൊരു ശ്ലോകം കാണുന്നതു കൂടാതെ വില്വമംഗലത്തിന്റെ തന്നെ മറെറാരു കൃതിയായ "ബാലകൃഷ്ണസ്തോത്ര"ത്തിലും ഈ 'ഈശാനദേവ'നെ

'ഈശാനദേവ ഇത്യാസീദ്ദേശികോത്തമോ മുനിതല്ലജഃ'

ഇത്യാദിപദ്യത്തിൽ അനുസ്മരിച്ചു കാണുന്നുണ്ടു്.

"ശൈലാത്മജാങ്ഗണേ നിത്യം നമന്തേ തന്ത്രവിസ്തരാഃ"

എന്നു വില്വമംഗലത്തിനെപ്പററിപ്പറയുന്നതുകൊണ്ടു് (ബാലകൃഷ്ണസ്തോത്രത്തിൽത്തന്നെ) വില്വമംഗലം വലിയ താന്ത്രികനായിരുന്നുവെന്നും സിദ്ധിയ്ക്കുന്നു. ഈ മഹാതാന്ത്രികത്വം ഈശാനശിവഗുരുവിൽ നിന്നു് സമ്പാദിച്ചിരിയ്ക്കുന്നതാണെന്നു കരുതാം. ഈശാനശിവഗുരു ശൈവനാണല്ലോ, വില്വമംഗലം വൈഷ്ണവാവതംസമല്ലേ?—എന്നാണെങ്കിൽ അതിനും സമാധാനമുണ്ടു്. വില്വമംഗലത്തിന്റെ വൈഷ്ണവത്വം വ്യക്തിപരമാണു്; കുലപാരമ്പര്യമനുസരിച്ചു് അദ്ദേഹം ശൈവൻതന്നെയായിരുന്നു. ഈ വസ്തുത ഗ്രഹിയ്ക്കുവാൻ:—

"ശൈവാ വയം ന ഖലു തത്ര വിചാരണീയം
പഞ്ചാക്ഷരീജപപരാ നിതരാം തഥാപി
ചേതോ മദീയമതസീകുസുമാവഭാസം
സ്മേരാനനം സ്മരതി ഗോപവധൂകിശോരം."

എന്ന കർണ്ണാമൃതപദ്യം പരിശോധിയ്ക്കുക. അതിലെ 'വയം' എന്നും, 'മദീയം' എന്നും ഉള്ള പ്രയോഗങ്ങളുടെ സാരം മേൽ പറഞ്ഞവിധത്തിലല്ലാതെ വ്യാഖ്യാനിയ്ക്കപ്പെടുക വയ്യ. അങ്ങനെ ഈശാനദേവനിൽനിന്ന് സമ്പാദിച്ച മഹാതാന്ത്രികത്വം, 'ഗോപാലകാനുഷ്ഠാനക്രമദീപിക' മുതലായ താന്ത്രികഗ്രന്ഥങ്ങളുടെ നിർമ്മാണത്തിനു കൂടി വില്വമങ്ഗലത്തിനെ ശക്തനാക്കിത്തീർത്തു.

"ഫുല്ലാത്തമായാലവകാന്തമൂർത്തിഃ
കളക്വണദ്വേണുനിനാദരമ്യഃ
ശ്രിതോ ഹൃദി വ്യാകുലയംസ്ത്രിലോകീം
ശ്രിയേഽസ്തു ഗോപീജനവല്ലഭോ വഃ."

എന്ന അതിലെ മങ്ഗളപദ്യവും,

'കരാരവിന്ദേന പദാരവിന്ദ'മെന്ന സുപ്രസിദ്ധകർണ്ണാമൃതപദ്യത്തോടുകൂടിയ ഗ്രന്ഥാവസാനവും, അത് വില്വമങ്ഗലത്തിന്റേതു തന്നെ എന്നതിന് ആഭ്യന്തരലക്ഷ്യമാകുമല്ലോ.

'രഹസ്യഗോപാലതന്ത്രചിന്താമണി'യുടെ കർത്താവായ വാസുദേവൻ നമ്പൂതിരി:—

'ശ്രീ ഗുരൂണാം ശിവാഖ്യാനാം
....
പ്രണമാമി ചരണാവലിം.'

എന്ന് വന്ദിച്ചിരിയ്ക്കുന്നതും ഈ 'ഈശാനശിവഗുരു'വിനെ ആയിരിയ്ക്കണം. 'ഭവത്രാതഗുരോഃ പാദനഖചന്ദ്രാൻ പ്രണൗമ്യഹം' എന്ന് അദ്ദേഹം വന്ദിച്ചിരിയ്ക്കുന്നതു്, 'പദ്ധതി'യിൽ പ്രമാണത്തേന ഉദ്ധരിയ്ക്കുന്ന 'പ്രയോഗമഞ്ജരി'യുടെ കർത്താവായ 'രവിയുടെ' പിതാമഹനെ ആയിരിയ്ക്കുമെന്നും അനുമിയ്ക്കാൻ കഴിയും. തൽപിതാമഹൻ ഭവത്രാതനാണെന്ന് ത്രിവിക്രമൻ പ്രദ്യോതവ്യാഖ്യാനദ്വാരാ നമ്മെ ധരിപ്പിയ്ക്കുന്നുണ്ടല്ലോ.

'ഈശാനദേവൻ ചിദംബരത്തുകാരന്റെ ശിഷ്യൻ തന്നെയാണു്. അതു തന്ത്രപദ്ധതി? അഥവാ ഈശാനശിവഗുരുദേവപദ്ധതി എന്നു പറയുന്ന തന്ത്രഗ്രന്ഥത്തിന്റെ പ്രണേതാവായിരിക്കുമോ? (മംഗളമാസികം—പു-൧൦-ല-൨.) എന്നും, 'ഈശാനശിവഗുരു പക്ഷേ ഒരു കേരളീയൻ തന്നെ ആയിരിക്കാം; ചെറുപ്പമായ അദ്ദേഹം ചിദംബരത്തു പോയി താമസിച്ചിരിക്കുവാൻ പാടില്ലായ്കയില്ലല്ലോ' (മംഗളമാസികം തന്നെ) എന്നു് മെമ്പർ ഗസററിയറിലെ പ്രസ്താവനയെ പ്രമാണിച്ചും മഹാകവി ഉള്ളൂർ 'വിലാമംഗലത്തു സ്വാമിയാർ' എന്ന മഹാപ്രബന്ധത്തിൽ പ്രതിപാദിച്ചിട്ടുള്ളതും ഇവിടെ അനുസന്ധേയങ്ങളായ ഗ്രന്ഥപങ്ക്തികളാകുന്നു.

രഹസ്യഗോപാലതന്ത്രചിന്താമണീകാരനായ വാസുദേവൻ, ശിവഗുരുവിനെക്കൂടാതെ, ചിദംബരകൻ, ഭവത്രാതൻ, ശിവാനന്ദൻ, മാധവൻ, ശങ്കരൻ, നാരായണാചാര്യൻ എന്നിവരെക്കൂടി വന്ദനീയകോടിയിൽ ഉൾപ്പെടുത്തിക്കാണുന്നുണ്ടു്. ഇതിലെ നാരായണാചാര്യൻ 'സ്ഥലദൈവത്യ'ത്തിന്റെ കർത്താവായ നാരായണനായിരിക്കുവാനും യുക്തിയുണ്ടു്. അങ്ങനെ, ഈശാനശിവഗുരു, ചിദംബരകൻ, ഭവത്രാതൻ, നാരായണാചാര്യൻ (മാതിരിക്കാൻ-അഥവാ തന്ത്രി) എന്നിവർ മഹാതന്ത്രികളായി അക്കാലത്തു് തെളിയുന്ന സ്ഥിതിക്കു് ശൈവ—മാധവ—ശങ്കരന്മാരായി പ്രസ്താവിക്കപ്പെട്ടുകാണുന്ന വന്ദ്യന്മാരും തന്ത്രസമ്പ്രദായപ്രവർത്തകന്മാരായിരുന്നിരിക്കണം — കേരളീയരും ആയിരിക്കണം.

ശങ്കരഭഗവൽപാദർക്കു ശേഷം ൧൪-ാം നൂററാണ്ടുവരെയുള്ള കേരളീയമഹാതന്ത്രികളായിട്ടു് ഇങ്ങനെ പത്തോളം ആചാര്യന്മാരാണു് അവശ്യം അനുസ്മരണീയരായി കാണപ്പെടുന്നതു്. ആ പരമ്പരയെ കാലക്രമേണ കണക്കാക്കിയാൽ, ഇങ്ങനെ ഒരു പട്ടിക നമുക്കെടുക്കാം:—

ശങ്കരഭഗവൽപാദർ, ഭവത്രാതൻ, രവി, ഈശാനശിവഗുരു, വിലാമംഗലം, ത്രിവിക്രമൻ, നാരായണാചാര്യൻ, ശിവാനന്ദൻ, മാധവൻ, വാസുദേവൻ എന്നു് ൧൦ പേർ. ഇതു കേരളീയർക്കു് ഏററവും അഭിമാനകരമായ ഒരു ആചാര്യപരമ്പര

മാലികയാണെന്നതു് പ്രത്യേകം പറയുവാനില്ലല്ലോ. എന്നാൽ ഇതു് മദ്ധ്യകാലികമായ ഗുരുപാരമ്പര്യമാലയായി മാത്രമേ ഗണിയ്ക്കപ്പെടാവൂ. ഇതുപോലെ തന്നെ എന്നു പറയത്തക്ക മാഹാത്മ്യമുള്ള ഒരു നവീനപാരമ്പര്യം നമുക്കു വേറെയും ഉണ്ടു്. അതു് തന്ത്രസമുച്ചയകാരനോടുകൂടിത്തുടങ്ങുന്നതാവണം എന്നു നമുക്കു സങ്കല്പിയ്ക്കാം. ആധുനികമായുള്ള ഘടന അദ്ദേഹത്തിൽനിന്നിരിയ്ക്കട്ടെ.

തന്ത്രസമുച്ചയകാരാദികൾ ആരെല്ലാമെന്നു തിട്ടപ്പെടുത്തുന്നതു് വളരെ പ്രയാസമായ ജോലിയാണു്. എന്തുകൊണ്ടെന്നാൽ, പൊതുവേ വലുതും അതി ഈ ഇനങ്ങളിൽ അത്ര ഏറെ ഗ്രന്ഥങ്ങൾ ഭാഷയിലും സംസ്കൃതത്തിലും ഉളവായിക്കാണ്മാനുണ്ടു്. വളരെക്കുറച്ചു ഗ്രന്ഥങ്ങൾ മാത്രമേ കർത്തൃനാമഘടിതങ്ങളായിക്കാണപ്പെടുന്നുള്ളു താനും. അറിയപ്പെടാൻ കഴിഞ്ഞിട്ടുള്ള ഏതാനും പ്രധാനഗ്രന്ഥകാരന്മാരുടെ വിവരം ഇവിടെ കാണിയ്ക്കാമെന്നു മാത്രം വിചാരിയ്ക്കുന്നു:—

തന്ത്രസമുച്ചയകാരൻ ചേന്നാസ്സു നാരായണൻ നമ്പൂതിരിപ്പാടു്, തന്ത്രസമുച്ചയകാരശിഷ്യനായ 'വിവരണ'വ്യാഖ്യാനകാരൻ (കൈനിക്കര നമ്പൂതിരിപ്പാടു്), സമുച്ചയകാരന്റെ മകൻ വിമർശിനീവ്യാഖ്യാകാരൻ ചേന്നാസ്സു ശങ്കരൻനമ്പൂതിരിപ്പാടു്, പരമേശ്വരാനന്ദാശ്രമക്കുട്ടിപ്പുറത്തുള്ളതായ 'അനുഷ്ഠാനപദ്ധതി'യുടെ കർത്താവായ പരമേശ്വരൻ നമ്പൂതിരി, അനന്തരം അപരവാ താന്ത്രികക്രിയ എന്ന കൃതിയുടെ കർത്താവായ കുരുതപാറ (കൃഷ്ണപാമ്പാണൊവിട്ടൻ) നമ്പൂതിരി, തൊഴുവാനൂരെന്നുള്ളതെന്നു കൂടിച്ചേർന്നുള്ള 'അനുഷ്ഠാനസമുച്ചയ'ത്തിന്റെയും 'തന്ത്രപ്രായശ്ചിത്ത'ത്തിന്റെയും മറ്റും കർത്താവായ തൊഴുവാനൂർ നാരായണൻ നമ്പൂതിരി, 'ശോഭിനി' എന്ന വിഷ്ണുസംഹിതാവ്യാഖ്യ, ക്രിയാസാരവ്യാഖ്യ, ക്രിയാക്രമം എന്ന ഭാഷാപദ്യകൃതി, വൈഷ്ണവനവീകരണം മുതലായ തന്ത്രഗ്രന്ഥങ്ങളുടെയും, ഭാഷാമാധവീയം, സന്താനഗോപാലം, സപ്തസാഗരജലനം, ഇപ്പുണ്ണിയൂര വിശേഷം എന്നീ സാഹിത്യകൃതികളുടെയും കർത്താവായി, തന്ത്രസമുച്ചയവിമർശിനീകാരന്റെ ശിഷ്യനായി, കൊല്ലവർഷം ഏഴും എട്ടും ശതാബ്ദികളിലായി ജീവിച്ചിരുന്ന പുലിയന്നൂർ നാരായണൻ നമ്പൂതിരിപ്പാടു് (വ്യാഘ്രഗ്രാമനാരായണൻ ഷഷ്ഠാ-തരക്കു ഗ്രാമാലയൻ-വൈദ്യുതീകാരനെന്നു ചിലർ പറയാറുണ്ടായതു് പിശക്-വ്യാഘ്രശബ്ദമാം), വിഷ്ണുസംഹിതയുടെ 'അർത്ഥപ്രദീപി

കാ"വ്യാഖ്യാനം നിർമ്മിച്ച നാഗസ്വാമിനമ്പൂതിരി, ശിവചന്ദ്രികാകാരൻ വാസുദേവൻ നമ്പൂതിരി, വൈഷ്ണവാനുഷ്ഠാനകലാപസംഗ്രഹം, ക്രിയാസംഗ്രഹം മുതലായവയുടെ കർത്താവായ 'ഗർത്താരണ്യ' (കുഴിക്കാട്ട്) ശങ്കരഭട്ടതിരി, ഗുണാനുഷ്ഠാനസംഗ്രഹകാരൻ കുഴിക്കാട്ട് ഭട്ടതിരി, ശ്രീകൃഷ്ണതന്ത്രാദികർത്താവായ കുബേരൻ നമ്പൂതിരി, ലളിതാദീപികാകാരൻ നാരായണൻ നമ്പൂതിരി, തന്ത്രസാരകർത്താവായ 'അന്തരചിദ്ഗേഹ'ജനായ സുബ്രഹ്മണ്യൻ നമ്പൂതിരി, പ്രയോഗസാരകാരൻ ഗോവിന്ദൻ നമ്പൂതിരി, ഉത്തരംഗജീർണ്ണോദ്ധാരക്രമകർത്താവായ കുഴിക്കാട്ട് ഭട്ടതിരി, ക്രിയാലേശസ്മൃതികർത്താവായ നീലകണ്ഠൻ നമ്പൂതിരി, ക്രിയാക്രമമെന്നും, ക്രമദീപിക എന്നും പേരുള്ള 'പൊട്ടൂർഭാഷ'യുടെ കർത്താവായ പൊടവൂർ നമ്പൂതിരി, 'കുഴിക്കാട്ട് ഭാഷ'യുടെ കർത്താവായ കുഴിക്കാട്ട് ഭട്ടതിരി, തന്ത്രസമുച്ചയത്തിനും, ശേഷസമുച്ചയത്തിനും ഭാഷാവ്യാഖ്യാനങ്ങളും എഴുതിയിട്ടുള്ള കുഴിക്കാട്ട് മഹേശ്വരൻ ഭട്ടതിരി മുതലായവരെ ആണ് മേല്പറഞ്ഞ പട്ടികയിൽ ഉൾപ്പെടുത്തുവാനുള്ളതു്. 'തന്ത്രരത്നാകര'കാരൻ അമലബ്രഹ്മയതി, 'തന്ത്രചൂഡ'കർത്താവായ ഭട്ടാരകശ്രീവരോത്തമൻ, 'നാരദീയപദ്ധതി'കാരനും, 'ലക്ഷ്മീസുധ'ശിഷ്യനും ആയ പത്മാനന്ദയതി, 'രത്നാവലി'കാരൻ വിമലസ്വാത്മയോഗി, 'ശൈവപരിഭാഷാമഞ്ജരി'കാരൻ നിഗമജ്ഞാനദേവൻ മുതലായവർ കേരളീയരായിരിക്കുവാൻ സാംഗത്യം കാണുന്നുണ്ടെങ്കിലും അവരുടെ കാലനിർണ്ണയം കൂടുതൽ ഗവേഷണത്തോടെ നടത്തേണ്ടതാകുന്നു. കർത്തൃനാമം കണ്ടുകിട്ടാത്തവയായി, ആവഹന്തീവ്യാഖ്യ, ഉപഹാരപ്രകാശികയും തദ്വ്യാഖ്യാനങ്ങളും, സപത്ന്യാസസ്പൃക വ്യാഖ്യാനമായ 'സംബോധാകരി', ക്രിയാസംഗ്രഹം (ഗർത്താരണ്യകൃതമല്ലാത്തതു), ക്രിയാസാരം, ജീർണ്ണോദ്ധാരം, തന്ത്രനിർണ്ണയം, ധ്വജപ്രതിഷ്ഠ, ക്ഷേത്രപാലജീർണ്ണോദ്ധാരം, തന്ത്രസിദ്ധി, തന്ത്രാനുഷ്ഠാനകലാപസംഗ്രഹം, തന്ത്രാനുഷ്ഠാനക്രമം, ഷോഡശ്യാരാധന, പ്രയോഗരത്നമാല, മന്ത്രാനുഷ്ഠാനകലാപസംഗ്രഹം, നാരായണാത്മകം, കുമാരബലി, കാളീതന്ത്രം, പ്രതിഷ്ഠാസംഗ്രഹം, പുഷ്പാഞ്ജലിവിധാനം, ത്രിഷ്ടുബ് വിനിയോഗക്രമം, പൂജാകലശോത്സവപ്രകാരം, ബിംബലക്ഷണം, ബ്രഹ്മതാന്ത്രികം, ഭക്തിചിന്താ

മണി, ബലിപക്രിയ, മണ്ഡലചതുഷ്കലക്ഷണം, മഹാഗണപതികല്പം, മഹാസമ്മോഹനതന്ത്രം, മാതൃസദ്ഭാവം, ബലികല്പം, കർക്കിടകകല്പം, വിജയബലികല്പം, സ്കന്ദസദ്ഭാവം, സാരസമുച്ചയം, വൈഷ്ണവപൂജാദ്യോനാളി — എന്നിങ്ങനെയുള്ള അനവധി കൃതികൾ കേരളീയങ്ങളായിട്ടുണ്ടെന്നും ഇവിടെ രേഖപ്പെടുത്തുവാനുള്ളതാകുന്നു. ഇവയിൽ പലതിന്റെയും കർത്താവിനെ എന്നപോലെ കാലത്തെയും കണ്ടുപിടിക്കേണ്ടതായിട്ടിരിക്കുകയും ആകുന്നു. കേരളത്തിലെ തന്ത്രാചാര്യന്മാരെപ്പററിയും, തന്ത്രഗ്രന്ഥങ്ങളെപ്പററിയും ഇത്രയുമാണ് ചുരുക്കി പൊതുവെ പറയുവാനുള്ളത്.

XVI. തന്ത്രസമുച്ചയത്തിന്റെ കാലം

സമുച്ചയകാരന്റെ ജീവിതകാലത്തെപ്പററിയും ഇവിടെ സ്വല്പം പ്രസ്താവിക്കാതെ തരമില്ലെന്നു വന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ജനനം 'കല്യബ്ദേഷ്വചതിയത്സു' ഇത്യാദിയായ 'സമുച്ചയാന്തിമപദ്യ'പ്രകാരം ൧൪൨൭ ക്രിസ്ത്വബ്ദത്തിനു സമമായ ൬൦൨-ാമാണ്ട് ആണെന്നുള്ളത് വളരെപ്പേർ അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതാകുന്നു. തന്ത്രസമുച്ചയം ഇദംപ്രഥമമായി പ്രസിദ്ധീകരിച്ച ഡാക്ടർ ഗണപതിശാസ്ത്രികൾ ഈ ശ്ലോകം ഉദ്ധരിച്ച് ഇതു് ഗ്രന്ഥകാരന്റെ കാലത്തെ (ഗ്രന്ഥരചനാകാലത്തെ അല്ല) കാണിക്കുന്നു എന്ന് ഉപോദ്ഘാതത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. എങ്കിലും ഇതു് ഗ്രന്ഥരചനാകാലമായിരിക്കുമെന്ന് ചിലർ തെററിദ്ധരിക്കുന്നു, അങ്ങനെ രേഖപ്പെടുത്തിപ്പോകുവാനും സംഗതിവന്നു. എന്നാൽ, അങ്ങനെ ചെയ്തുപോയ വിമർശകർ, വസ്തുത ഗ്രഹിച്ചപ്പോൾ അതു് ഗ്രന്ഥരചനാകാലസൂചിയല്ലെന്നും, ഗ്രന്ഥകർത്തൃകാലസൂചകമാണെന്നും ബഹുധാ ബഹുത്ര തിരുത്തിപ്പറയുകയും കഴിഞ്ഞിരിക്കുന്നു.

എന്നാൽ, ഇതിനിടെവെച്ച് (൧൧൧൯-ൽ) മദിരാശി സർവ്വകലാശാലയിൽ പ്രൊഫെസ്സർ ആയിരിക്കുന്ന ഡോക്ടർ സി. കുഞ്ഞൻ രാജാ, എം. ഏ., പിഎച്ച്. ഡി. അവർകളും അദ്ദേഹത്തിന്റെ അന്തേവാസിയായി കെ. കുഞ്ഞുണ്ണിരാജാ, എം. ഏ.

ന്മാർക്കും ഈ വിഷയത്തെക്കുറിച്ചു വിചിന്തനം ചെയ്യു കയുമാണുണ്ട്. ൧൧൧൩-ലെ ചില 'മംഗളോദയ'മാസികാസഞ്ചികകളിലും, 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ലും (൧. ൨. ൨-൮-൨൦) ഇവരുടെ ഗ്രന്ഥവിഷയകലേഖനങ്ങൾ പുറപ്പെട്ടിരിക്കുന്നു. "കല്യബ്ദേഷ്വബ്ധിരതനസു നന്ദനായന്മഷാംശാദിസംഖ്യേഷു" എന്നുള്ള ഭാഗം ഗ്രന്ഥരചനാകാലത്തെക്കാണിക്കുന്നതാക്കിത്തീർക്കുവാനുള്ള ശ്രമമാണ് ഇവർ ചെയ്തിരിക്കുന്നത്. എന്നാൽ അങ്ങനെ ആക്കിത്തീർക്കുമ്പോഴുള്ള വൈഷമ്യങ്ങളെപ്പറ്റി അവർ ചിന്തിച്ചുകാണുന്നില്ല. "തന്ത്രസമുച്ചയകാരന്റെ കാലവും ദേശവും" എന്നൊരു ഉപന്യാസം, ൧൧൧൨ കന്നിമാസത്തെ 'ഉന്നായകൻ' മാസികയിൽ, പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിൽ പ്രസ്തുതകലിദിനത്തെ ഗ്രന്ഥരചനാകാലമായിട്ടെടുത്താൽ വന്നുകൂടുന്ന ചില അനുപപത്തികളും ചൂണ്ടിക്കാണിച്ചിരിക്കുന്നതോടുകൂടിത്തന്നെ പ്രസ്തുതവാദികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചതായും കാണുന്നില്ല. തന്ത്രസമുച്ചയഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെടുന്നതിന് എത്രയോ വർഷങ്ങൾക്കു മുമ്പ് 'മംഗളോദയം' എട്ടാം പുസ്തകത്തിൽ (൧൦൮൫ കന്നി ലക്കത്തിൽ) "ഒരു വയോധികന്റെ ഡയറി" എന്ന പേരിൽ ഒരു ലേഖനം പ്രകാശിതമായിട്ടുണ്ട്. ചില ചില കലിവാക്യങ്ങൾ കാണിച്ച്, ചില വിഷയങ്ങളുടെയും കാലം കാണിച്ചിരിക്കയാണ് അതിൽ. അക്കൂട്ടത്തിൽ, "നന്ദനായനാ"ദി കലിവാക്യവും എടുത്തിട്ടുണ്ട്.

തന്ത്രസമുച്ചയകാരന്റെ ജനനകാലം എന്താണ്. സമുച്ചയം എഴുതിത്തീർന്ന കാലം എന്നല്ല, അതിലും പറഞ്ഞിരിക്കുന്നത്. 'സമുച്ചയകാരജനനദിനമോ, സമുച്ചയം നിർമ്മിച്ചു തീർന്ന ദിവസമോ അല്ല' എന്ന വാദം ഉളവാകാനിടയുള്ള ഒരു രേഖയാണതെന്നും ഓർമ്മിക്കണം. വടക്കുംകൂർ രാജരാജവർമ്മ രാജാവവർകളുടെ "കേരളീയസംസ്കൃതസാഹിത്യചരിത്രം" ൧-ാം ഭാഗത്തിൽ, പ്രസ്തുതകലിവാക്യം ഗ്രന്ഥരചനാകാലമായി പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, അതേ പുസ്തകത്തിലുള്ള ശുദ്ധപത്രത്തിൽ, ഗ്രന്ഥകാരജന്മദിനമായിത്തിരുത്തിക്കാണിച്ചിട്ടുണ്ടെന്നും ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. ഇതിനെല്ലാം മുൻപ്, കൊല്ലം

൧൦൪൦-ാമാണ്ടിൽ ദിവംഗതനായ കുഴിക്കാട്ടു മഹേശ്വരൻ ഭട്ടതിരി എന്ന മഹാത്മാവ്, തന്ത്രസമുച്ചയത്തിന്നെഴുതിയിട്ടുള്ള ഭാഷാവ്യാഖ്യാനത്തിൽ, ഈ ഭാഗത്തിന്റെ വ്യാഖ്യാനവും ഗ്രന്ഥകാരകാലമായിട്ടാണ് ഗണിക്കപ്പെട്ടുകാണുന്നതെന്നും ഇവിടെ നിർദ്ദേശിക്കേണ്ടിയിരിക്കുന്നു. തന്ത്രസമുച്ചയം ഭാഷാവ്യാഖ്യാനത്തിന്റെ മൂന്നാം ഭാഗം — ൨൩൭-ാം വശം പരിശോധിക്കുക. അതിവിടെ ഉദ്ധരിക്കുകയും ചെയ്യാം:— "നാരായണിത്തി അഞ്ഞൂറ്റി ഇരുപത്തു കലിയുഗസംവത്സരം കഴിഞ്ഞിരിക്കുമ്പോൾ കൊല്ലവർഷം ൬൦൨-ാമതു മകരമാസത്തിൽ.....യാതൊരു ഗ്രന്ഥകർത്താവ് ഉണ്ടായി, യാതൊരു ഗ്രന്ഥകർത്താവിന്നു ജയന്തമംഗലം എന്നുള്ള പേരുകൊണ്ടു പ്രസിദ്ധമായിരിക്കുന്ന ഗ്രാമവും ഭവിക്കുന്നു, അങ്ങനെ പ്രസിദ്ധനായിരിക്കുന്ന ഈ നാരായണാചാര്യർ ഈ തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തെ ഉണ്ടാക്കി". ഈ മഹേശ്വരൻ ഭട്ടതിരി ൯൯൦-ൽ ജനിച്ചു ആളും, പരമ്പരോപദേശപ്രകാരം തന്ത്രസമുച്ചയഗ്രന്ഥം മുഴുവൻ പഠിച്ചയാളും, തന്ത്രത്തിൽ പല സ്വതന്ത്രഗ്രന്ഥങ്ങളും ചമച്ചയാളും സർവ്വഥാ ബഹുശ്രുതനും ആയിരുന്നു. സമുച്ചയകാരന്റെ ശിഷ്യപാരമ്പര്യത്തിൽപ്പെട്ട ആൾതന്നെയും ആണെന്നും തോന്നുന്നു. ഇതും ഡാക്ടർ കുഞ്ഞൻരാജാവ് മുതൽപേർക്ക് പ്രാമാണികമാകുന്നില്ലയോ? സമുച്ചയകർത്താവിന്റെ പുത്രനായ വിമർശിനീകാരൻ ശങ്കരൻനമ്പൂതിരിപ്പാട്, ഈ ഭാഗത്തെ വ്യാഖ്യാനിച്ചിരിക്കുന്നതും കലിദിനം ഗ്രന്ഥകർത്തൃജന്മദിനമാണെന്നു കാണിച്ചുകൊണ്ടുതന്നെയാണുതാനും. ശ്രീ കുഞ്ഞുണ്ണിരാജാവവർകൾ മംഗളോദയം ലേഖനത്തിൽ (വാല്യം ൭, ൧൦-൧൧) "വിമർശിനീകാരൻ ഇതിനൊന്നും വഴിയും നിർദ്ദേശിക്കുന്നില്ല"....എന്നു പറഞ്ഞിരിക്കുന്നതു ഒരു "ഉപേക്ഷാർഹമായ കണ്ടുപിടുത്ത"മാണ്. എന്തുകൊണ്ടെന്നാൽ, വ്യാഖ്യാനം എപ്പോഴും അന്വയാനുഗുണമാണ് ചെയ്യേണ്ടതും, ചെയ്യുന്നതും, വിമർശിനീകാരൻ ചെയ്തിട്ടുള്ളതും. മൂലം, അതായതു് 'കല്യബ്ദേഷു ...' ഇത്യാദിശ്ലോകം, പദ്യവാക്യമായിപ്പോയതുകൊണ്ടാണല്ലോ, അങ്ങനെയും ഇങ്ങനെയും ഒക്കെ അന്വയിക്കാം എന്നു, ചിലർക്ക് ഇഷ്ടം പോലെ പറയാനിടകൊടുത്തതു. വസ്തുതഃ ആ പദ്യം യാതൊരു സന്ദേഹവും

ല്ലാത്തതുമാണ്. അതുകൊണ്ടുതന്നെയാണ് വ്യാഖ്യാതാവായ ശങ്കരൻ നമ്പൂതിരിപ്പാട് വിശേഷവിധിയായിട്ടൊന്നും പറയാത്തതും. നിർദ്ദിഷ്ടകലിദിനവാചകത്തെ, ഡോക്ടർ രാജാവു മുതൽപേരുടെ മതം പോലെ, 'വ്യധാൻ' എന്ന ക്രിയയോടന്വയിക്കുന്നതാണെന്നാണ് വ്യാഖ്യാതാവിന്റെ വിവക്ഷയെങ്കിൽ, ആ ക്രിയാപദത്തിനു മുമ്പിൽത്തന്നെ (പൂർവ്വംതന്നെ) ഗ്രഹിച്ചർത്ഥം പറയുമായിരുന്നു; പറയണം. അങ്ങനെ ചെയ്യാതെ, 'സംസ്കൃതഃ' എന്നതിന്റെ പൂർവ്വംതന്നെ ചേർത്തിരിക്കുന്നതു്, അപ്പദത്തോടുതന്നെ ആ കലിദിനവാചകത്തെ ചേർത്തേ കഴിയൂ എന്നുള്ളതുകൊണ്ടുതന്നെയാണ്. 'വ്യധാൻ' എന്നതിനോടാണ് ചേർക്കേണ്ടിയിരുന്നതെങ്കിൽ, അതിന്നുമുമ്പുള്ള സംബന്ധക്രിയയോട് സംബന്ധിക്കുന്നതല്ലാത്ത വിധത്തിൽത്തന്നെ നിബന്ധിക്കുമായിരുന്നു എന്നും നിബന്ധിക്കാമെന്നും നിശ്ചിതമാണല്ലോ. ഈ സ്ഥിതിക്കു് വിമർശിനീകാരൻ മറ്റെന്തൊരു യുക്തിയാണ് നിർദ്ദേശിച്ചതെന്നുള്ളതു്? 'ഗ്രന്ഥസമ്പൂർത്തികാലമെന്നും 'സംസ്കൃതഃ' എന്നതിൽ അന്വയിക്കുന്നതിൽ അല്പം ക്ലിഷ്ടതയുണ്ട്' എന്ന് ലേഖകൻ പറയുന്നു. എന്താണ് ക്ലിഷ്ടത എന്നു പറയുന്നുമില്ല. 'കലിസംഖ്യ ഗ്രന്ഥനിർമ്മാണകാലത്തെ കുറിക്കുന്നതാണെന്നതാണ് അക്ലിഷ്ടമായമാർഗ്ഗം' എന്നും ലേഖകൻ പറഞ്ഞുവെച്ചിട്ടുണ്ട്. ഗ്രന്ഥരചനാസമാപ്തികാലത്തെ എന്നല്ല 'ഗ്രന്ഥനിർമ്മാണകാലത്തെ' എന്നുതന്നെയാണ് ഈ നിരൂപകൻ എഴുതിയിരിക്കുന്നതു്! തന്ത്രസമുച്ചയത്തിലെ [illegible] പ്രസ്തുതനിരൂപകന്റേയും, വായനക്കാരുടേയും ശ്രദ്ധയെ ഇവിടെ സാദരം ക്ഷണിച്ചുകൊള്ളട്ടെ! ആരും പരിശോധിച്ചാൽ ഗ്രഹിക്കാൻ കഴിയും ഗ്രന്ഥരചനാസമാപ്തികാലത്തെ ഏതുവിധത്തിൽ ഗ്രന്ഥകർത്താവ് കാണിക്കുമായിരുന്നു എന്ന്.

ഈ വിഷയത്തിൽത്തന്നെ ഇനിയും ഒരു പ്രമാണം നമുക്കു ലഭ്യമായിട്ടുണ്ട്. അതായതു് 'വിവരണം' എന്ന തന്ത്രസമുച്ചയവ്യാഖ്യാനത്തിന്റെ അഭിപ്രായം. വിവരണകാരൻ സമുച്ചയകർത്താവിന്റെ ശിഷ്യനായിരുന്നുവെന്ന് വളരെ പ്രസിദ്ധവുമാണ്. വിവരണാരംഭത്തിൽ തദ്രൂപമായ വചനപ്രമാണവും ഉണ്ട്. അതു് ഇവിടെ ഉദ്ധരിക്കുന്നു:—

“അഥ ഗ്രന്ഥകാരോ ഗ്രന്ഥാവതാരണേ കലൌ കാമാരേഃ വംശജഃ സഹ ഉത്തമം ഗ്രന്ഥം നിബധ്നാതി ആനുഷംഗികം ഗ്രന്ഥയോഗ്യാദികാലം സമ്പാദയതി”— എന്ന് വിവരണകാരൻ ആദ്യമേ ‘അവതാരിക’ ചെയ്യുന്നു. ഇതിൽ കീഴ്‌വരയിട്ട ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. “കലൌ കാമാരേർവംശജഃ സഹ”— എന്ന ഭാഗംതന്നെ. ഗ്രന്ഥരചനാകാലമല്ല, ഗ്രന്ഥകാരജന്മകാലമാണ് ഇതിൽ കാണിച്ചിരിക്കുന്നത് എന്ന് “കലൌ” ശബ്ദപ്രയോഗംകൊണ്ട് അത്യന്തം സ്പഷ്ടം അല്ലയോ? അതും പോരെങ്കിൽ അടുത്തശ്ലോകവും ഉദ്ധരിക്കാം— “അതിയത്സു പൂർവേഷു സഹവർഷേഷ്വനേഹസാ സംശ്രിതഃ ഇതി സംബന്ധഃ സഹവർഷനാമ കലൌ പ്രവർത്തിതപൂർവകേ.” എന്നാണ് അത്. ഇതിൽ കലിശബ്ദത്തെ ‘സംശ്രിതഃ’ എന്ന സ്വപദത്തോടുകൂടി സംബന്ധിപ്പിക്കുന്നതെന്ന് ഇതാ അദ്ദേഹവും വിളിച്ചുപറഞ്ഞു തന്നിരിക്കുന്നു. ഇനിയും വല്ല സംശയത്തിനും അവകാശമുണ്ടോ? ശിഷ്യരും, മകനും, മറ്റുപണ്ഡിതന്മാരും അവതരിപ്പിച്ചതെന്നും പറഞ്ഞിരിക്കുന്നതെന്ന് കരുതിയിട്ട് എന്താണൊരു കാര്യം ഉള്ളത്? ഈ വിവരണഗ്രന്ഥഭാഗം അച്ചടിച്ചിട്ടുമുണ്ട്. [illegible] അദ്ദേഹം [illegible] പ്രസിദ്ധീകരിച്ചിട്ടുള്ള A Descriptive catalogue of Sanskrit manuscripts in the Curator's office Library, Trivandrum (തിരുവനന്തപുരം ക്യൂറേറ്റരാപ്പീസു വക സംസ്കൃതഹസ്തലിഖിതഗ്രന്ഥസൂചി) എന്ന പുസ്തകത്തിന്റെ [illegible] പുറം പരിശോധിക്കുക. ഇത്രയും പ്രബലപ്രമാണങ്ങൾ കണ്ടെടുത്തുകഴിഞ്ഞ സ്ഥിതിക്ക് ഇനി ഇക്കാര്യത്തിൽ എന്തൊരു സംശയത്തിനും വകയില്ലെന്നു വിശ്വസിക്കാം. എങ്കിലും ഡാക്ടർ രാജാവവർകൾ [illegible]-കർക്കടകം [illegible]-ാം-തീയതി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ “തന്ത്രസമുച്ചയത്തിന്റെ കാലം” എന്ന തലവാചകത്താൽ എഴുതിയിട്ടുള്ള ലേഖനത്തെ ഒന്നു നിരൂപണം ചെയ്യാതെ പോകുന്നതു ശരിയല്ലാത്തതുമുണ്ട്. തന്ത്രസമുച്ചയത്തിന്റെ വ്യാഖ്യാനമായ ‘വിമർശിനി’ എഴുതിവെച്ചിട്ടുള്ള ഒരു ഗ്രന്ഥത്തിന്റെ (താലപത്രമാതൃകയുടെ) ഒടുവിൽ ഉദ്ധരിക്കുന്ന വിമർശിനീകാരന്റെ

'[illegible] ശുദ്ധ്യാ [illegible] കീർത്തിഃ' — ഇത്യാദി [illegible] പദ്യം കഴിഞ്ഞു്,

“[illegible]”—

ഇത്യാദിയായി ഒരു പദ്യം കാണാനുണ്ടെന്നും, അതൊരു '[illegible]'ന്റെ [illegible]ണെന്നു സ്പഷ്ടമാണെന്നും, തന്ത്രസമുച്ചയത്തിലെ കലിസൂചകവാക്യങ്ങളിലും, വിമർശിനീകാരന്റെ തദ്വ്യാഖ്യാനത്തിലും [illegible] പാഠഭേദം ചൊല്ലാൻ [illegible] തന്ത്രസമുച്ചയകാരന്റെ ജനനകാലമായിട്ടുകാണുന്നതു് [illegible] മെന്നും, [illegible] മേൽപ്പുത്തൂർ ഭട്ടതിരിയുടെ നാരായണീയ നിർമ്മാണത്തിന്റെ ശേഷം [illegible] കൊല്ലത്തോളം കഴിഞ്ഞപ്പോഴാണു് സമുച്ചയ[illegible], എന്നു കിട്ടുമെന്നും അതു തനിയ്ക്കു വളരെ [illegible], ഇതിൻപ്രകാരം, സമുച്ചയകാരൻ ജനിച്ചു എന്നു പറയുന്ന കലിദിനാപേക്ഷയാ ൧൭൦ വർഷം കഴിഞ്ഞാണു് [illegible] സിദ്ധിയ്ക്കുന്നതു [illegible]. ആലോചനത്തിൽ [illegible] ഇതുവെച്ചുകൊണ്ടു വിചാരിച്ചു് തന്ത്രസമുച്ചയകാരനു ൧൭൦ കൊല്ലത്തെ അർവ്വാചീനത്വം സമ്പാദിച്ചാലല്ലാതെ [illegible] എന്നു് മനസ്സിലാകുന്നില്ല. മേൽപ്പുത്തൂരിനേക്കാൾ [illegible] വയസ്സു് കുറവാണു് ചേന്നാസ്സിനെന്നു കരുതുന്ന ഡാക്ടർ രാജാവിനു ഒരു പ്രമാണവുമില്ലെന്നോ? [illegible] — വിമർശിനീ എന്നീ വ്യാഖ്യാനമാലകളിൽ [illegible] ആറായിരത്തെക്കാളധികം ഇടയ്ക്കു എഴുതപ്പെട്ടിട്ടുള്ള [illegible] ഇവിടെ കിട്ടുകയില്ലെന്നായിരിയ്ക്കണം ഒരു [illegible], ചേന്നാസ്സിനോ [illegible] സമുച്ചയത്തിനോ ആറായിരത്തെക്കാളധികത്തിനിടയ്ക്കു് [illegible] ആരും ഒന്നും എഴുതീട്ടില്ലെന്നും ഒരു ധൈര്യം [illegible]. ചേന്നാസ്സിന്റെ തന്നെ [illegible] ഗ്രന്ഥത്തിലും [illegible] അദ്ദേഹം ചെയ്തിട്ടില്ലെന്നും [illegible] കഴിഞ്ഞിരിയ്ക്കണം. മാത്രമല്ല, ചേന്നാസ്സും മേൽപ്പുത്തൂരും അല്ലാതെ [illegible] നാരായണ[illegible]” ന്മാർ ആരും [illegible]ിട്ടില്ല [illegible] എന്നും നിശ്ചയമായി ഉറപ്പിച്ചു ധരിച്ചിരിയ്ക്കണം. എന്നാൽ വസ്തുസ്ഥിതി അങ്ങനെയാകുന്നുവോ എന്നു് [illegible] സംശയിയ്ക്കുവാനുണ്ടു്. “[illegible]”ശ്ലോകം അടങ്ങിയ [illegible] ആരുടെ വകയാണെന്നോ [illegible] അന്വേഷിയ്ക്കുയായിരുന്നു, ആ ശ്ലോകം വച്ചു

ത്തുകൊണ്ടു മൊഴു വ്യാഖ്യാനങ്ങൾക്കൊക്കെ പ്രാമാണ്യവും ഉപകാരകത്വവും ഉണ്ടാകുമായിരുന്നതായി എനിക്കു തോന്നുന്നുണ്ടു്.

എന്തുകൊണ്ടെന്നാൽ, "അഴതൊറ നാരായണൻകാണിദേവ"ന്റെ ജാതകമാണെന്നുള്ളതു് അനിഷേധ്യം. നമുക്കു വളരെ "നാരായണൻകാണിദേവ"നെപ്പറ്റി കൂടുതലറിയേണ്ടതായിട്ടിരിക്കുന്നുണ്ടല്ലോ. മനോരമയോരത്തിലെ യോഗകർത്താവായ നാരായണനെപ്പറ്റി നമുക്കു കൂടുതലറിയാമോ? 'തൊഴുവാനൂർസ്ഥാനം' അല്ലെങ്കിൽ 'ജ്ഞാനവ്യാഖ്യാനസമുച്ചയം' എന്ന ഗ്രന്ഥം നിർമ്മിച്ച തൊഴാന്തൂർ നാരായണൻ നമ്പൂരിയെപ്പറ്റി നമുക്കു കൂടുതൽ അറിയുവാനില്ലേ? ജാതകത്തിന്റെ ഒരു കൃതിയിലെ ഒരു വന്ദനശ്ലോകം കൊണ്ടു് മേല്പുത്തൂരിന്റെ സമകാലികതയെ അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. 'ഹോരിണി' വ്യാഖ്യാകരണം, ക്രിയാക്രമം, ക്രിയാസാരവ്യാഖ്യ മുതലായവയുടെ കർത്താവും ആയ "തൊഴാന്തൂരാനായൻ" (പുതിയേടത്തു്) നാരായണൻ നമ്പൂതിരിയും എട്ടാംശതകത്തിൽ ജീവിച്ചിരുന്ന ആളാണെന്നതിനു തെളിവുണ്ടു്. ഈ വക ഗ്രന്ഥത്തിലും ഒരു നാരായണന്റെ ജാതകമാണു് ആ പദ്യത്തിലെന്നു് കണ്ടാലെന്തു വൈചിത്ര്യമുണ്ടു്? ഗ്രന്ഥസാമീപ്യത്തിൽ ഇതിനൊക്കെ ശരിയായിട്ടുള്ള കണ്ടുപിടിക്കുവാനും കഴിയുമല്ലോ. തൊഴാന്തൂർ വ്യാഖ്യാനകർത്താവിന്റെ ജാതകമായിരിക്കാമെന്നു, ഒരു ഗ്രന്ഥരചനത്തിൽ കാണുന്നതു നിമിത്തവും, 'അതയുരാരോഗ്യസൗഖ്യ'കാലത്തിനു് അല്പം മുമ്പായിരിക്കുന്നതു പരിഗണിച്ചും മറ്റും എനിക്കൊരൂഹം തോന്നുന്നുണ്ടു്.

സമുച്ചയകർത്താവായ ചേന്നാസ്സ നമ്പൂതിരിപ്പാടു് ഉദ്ദണ്ഡാദികളുടെ സമകാലികനായിരുന്നുവെന്നും, സാമൂതിരിയുടെ സമസ്യനായിരുന്നുവെന്നും മറ്റുമുള്ളതു് അത്യന്തം ദുർബലമായിട്ടുള്ള ഐതിഹ്യങ്ങളാകുന്നു. ആ സാമൂതിരിയുടെ ജീവിതകാലം മുതലായവയെപ്പറ്റി പ്രാമാണികങ്ങളല്ലാത്ത രേഖകളും ഉപലബ്ധങ്ങളാണു്. അതെല്ലാംതന്നെ, ഏതോ ഒരു ജാതകശ്ലോകം വച്ചുംകൊണ്ടു് അട്ടിമറിച്ചു തട്ടിക്കളയുവാനും സമുച്ചയകാരനെ നൂററിയമ്പതു കൊല്ലങ്ങൾക്കിപ്പുറത്തു നിർത്തുവാനും, അത്ര എളുപ്പത്തിലൊന്നും സാധ്യമാവുമെന്നു് തോന്നുന്നില്ല. അതുകൊണ്ടു്, തന്ത്രസമുച്ചയകാരൻ, മഹേശ്വരൻ ഭട്ടതിരിപ്പാട്

പറഞ്ഞിരിക്കുന്നതുപോലെ, കൊല്ലവർഷം അറുനൂററിമൂന്നാമാണ്ടു മേടമാസത്തിൽ ജനിച്ച് വാർദ്ധക്യമാവും വരെ ജീവിച്ചിരുന്നതായി നമുക്ക് ഗണിക്കാം. വിമർശിനീവ്യാഖ്യാനം തീരുമ്പോഴും സമുച്ചയകാരൻ ആയുഷ്മാനാണെന്ന കരുതുവാൻ, തൽപ്രണേതാവു വഴിവച്ചു തന്നിട്ടുള്ളതു് വിസ്മരണീയമല്ലല്ലോ.

XVII. സമുച്ചയകാരന്റെ ദേശം.

ഉത്തരതിരുവിതാംകൂറിൽ, ഇപ്പോഴും രണ്ടു ചേന്നാസ്സമനക്കൾ ഉണ്ട്. ആ രണ്ടു കുടുംബക്കാരും 'തന്ത്രി'മാരും, മന്ത്രവാദികളും, കർമ്മികളും ആണുതാനും. ഇവരിൽ ഒരു കുടുംബക്കാരിൽ പെട്ട ആളാണ് സമുച്ചയകാരൻ എന്നാണ് മഹാമഹോപാദ്ധ്യായൻ ഡാക്ടർ ഗണപതിശാസ്ത്രികൾ, വിമർശിനീവ്യാഖ്യാനസഹിതമായ തന്ത്രസമുച്ചയം പ്രഥമഭാഗത്തിന്റെ ഉപോദ്ഘാതത്തിൽ പ്രസ്താവിച്ചിരുന്നതു്. മുൻപറഞ്ഞ ഗ്രന്ഥനാഥൻ മാസികയിലെ ലേഖനത്തിൽ ഈ അഭിപ്രായത്തിൽ വിപ്രതിപത്തി പ്രദർശിപ്പിച്ചു 'വേറെയും ചേന്നാസ്സനമ്പൂതിരിപ്പാടന്മാർ' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മതവിരോധം കണ്ടിട്ടാണ്, തന്ത്രസമുച്ചയം ഭാഷാവ്യാഖ്യാനം പ്രഥമഭാഗം പ്രസിദ്ധീകരിക്കാറായപ്പോൾ മലബാറിൽ ചിലർക്കെഴുതയച്ചു വിവരം ശേഖരിച്ചതു. ആ വിവരങ്ങൾ ഈ പുസ്തകത്തിന്റെ ഒന്നാംഭാഗത്തിൽത്തന്നെ ഉദ്ധരിച്ചുകാണിച്ചിട്ടുണ്ടുതാനും. അതിൻപ്രകാരം 'വന്നേരി' (മലബാറിൽ- പൊന്നാനിത്താലൂക്കിൽ) യിലാണ് സമുച്ചയകാരന്റെ ഇല്ലം എന്നറിയാം. ഇപ്പോഴും ചേന്നാസ്സ് എന്ന പേരിൽ രണ്ടില്ലങ്ങൾ അവിടെ ഉണ്ടെങ്കിലും, സമുച്ചയകാരൻ ജനിച്ചതു് അതിലൊന്നിലല്ല എന്നും, അദ്ദേഹം ജനിച്ചകുടുംബം 'കുററിയററ' (ആളില്ലാതെ നശിച്ചു്) പോയിരിക്കുന്നവെന്നും ആ കത്തിൽത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ആ ചേന്നാസ്സില്ലത്തെ എന്തൊരുതരം വിശേഷണം കൊണ്ടാണ് പൃഥക്കരിച്ചിരുന്നതെന്നും മറ്റും അതിൽ നിന്ന് അറിയുവാൻ കഴിയുന്നില്ല. അതറിയാൻ കഴിയുമോ എന്നു പരിശോധിച്ചുനോക്കിയതിൽ, ഒരു രേഖ ലഭിച്ചിട്ടുള്ളതു് ഇവിടെ പ്രസ്താവിക്കാം. ൧൦൮൦-ാമാണ്ടിലെ 'രസികരഞ്ജിനി' മാസികയിൽ പ്രസ്തു

കം—ഠ൨—ലക്കം—൭) "തിരുനാവായയോഗം" എന്നൊരു ഉപന്യാസം ഉണ്ടു് പ്രധാനമുഖപത്രമായിച്ചേർത്തിരിയ്ക്കുന്നതാണു്. ലേഖകന്റെ പേർ കാണിച്ചിട്ടില്ല. എങ്കിലും, അതിന്റെ ശൈലിയും ചിട്ടയും മറ്റും കണ്ടാൽ, പാണ്ഡിത്യം വഹിച്ചിരുന്ന മഹാകവി കണ്ടിയ്ക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ വകതന്നെയാണെന്നും എന്നാണു മനസ്സിലാവുക. തിരുനാവായയോഗത്തിൽ പെട്ട പ്രാമാണികന്മാരെ പരിഗണിയ്ക്കുന്ന കൂട്ടത്തിൽ, "തന്ത്രസമുച്ചയകാരനായ പെരിഞ്ചിരി ചേന്നാസ്സ് നാരായണൻ നമ്പൂതിരിപ്പാട്" (Page 350) എന്നു് അതിൽ പറഞ്ഞിരിക്കുന്നു. ബഹുശ്രുതനും, ഗവേഷകധുരന്ധരനും ആയ അവിടുന്നു് സൂക്ഷ്മാന്വേഷണം ചെയ്തു് രേഖപ്പെടുത്തിയ വസ്തുതയായിരിക്കും അതെന്നു്, നമുക്കു് ന്യായമായി വിശ്വസിക്കാവുന്നതാണല്ലോ. എന്നാൽ അതു മുടിഞ്ഞ കുടുംബമോ നിലവിലുള്ളതോ എന്നു നിഷ്കർഷിച്ചറിയാൻ സാധിച്ചിട്ടില്ല. സൗകര്യം സിദ്ധിക്കുന്നവർ അതുകൂടി അന്വേഷിച്ചറിയേണ്ടതു്, പലതുകൊണ്ടും അത്യാവശ്യകം തന്നെയാകുന്നു. ഈ സന്ദർഭത്തിൽ സൂചിപ്പിക്കട്ടെ. നിലവിലുള്ള മനയാണെങ്കിൽ, വല്ല രേഖകളും അവിടെ നിന്നു്, ഈ മഹാപുരുഷനെസ്സംബന്ധിച്ചു് ലഭിയ്ക്കുവാൻ സാദ്ധ്യതയുണ്ടല്ലോ.

XVIII സമുച്ചയകാരന്റെ സമകാലികന്മാർ.

കോഴിക്കോട്ട് മാനവിക്രമനെന്ന സാമൂതിരിയുടെ സദസ്സിലെ സാമാജികന്മാരായ "പതിനെട്ടരക്കവികളിൽ" ഉൾപ്പെട്ട ആളാണു് സമുച്ചയകാരൻ എന്നതു് അതിപ്രസിദ്ധമാണല്ലോ. നവഗ്രാമത്തിലുള്ള പയ്യൂർഭട്ടതിരിമാർ ഒമ്പതുപേർ, തിരുവേഗപ്പുറ നമ്പൂരിമാർ അഞ്ചുപേർ, കാക്കശ്ശേരി ഭട്ടതിരി, മുല്ലപ്പള്ളി ഭട്ടതിരി, ചേന്നാസ്സു നമ്പൂതിരിപ്പാട്, ഉദ്ദണ്ഡൻ, പുനം — ഇങ്ങനെയാണു് ആ പതിനെട്ടരക്കവികളുടെ ഒരു പട്ടിക. ഇവരെല്ലാവരും മഹാപണ്ഡിതന്മാരും മഹാകവികളും ആയിരുന്നിരിക്കണം എന്നു് നിശ്ചയം തന്നെ. ശാസ്ത്രങ്ങളിൽ വളരെ വലിയ വ്യുൽപത്തി (വ്യാകരണാദികളിലും തർക്കശാസ്ത്രങ്ങളിലും പരിനിഷ്ഠിതത്വം) ഇല്ലാത്ത നിമിത്തമായിരിക്കും പുനം അരക്കവിയായിട്ടും, മലയാളകവിയായിട്ടും മാത്രം ഗണിക്കപ്പെട്ടതു്.

ശ്ലോകവ്യുൽപത്തിയില്ലാത്തവർ പണ്ട് ഭാഷാകവിതയ്ക്കുപോലും കയ്യുകെട്ടാറില്ലല്ലോ. (പ്രൌഢകവികളെ ഉദ്ദേശിച്ചാണ്, ചില്ലറപ്പാട്ടുകളെഴുതുന്നവരെ ഉദ്ദേശിച്ചല്ല ഈ പ്രസ്താവന). 'അരക്കവി'ത്വത്തിന് വേറെയും ഒരുപപത്തി കാണിപ്പാനുണ്ട്. അതായതു്— 'ആയിരം ശ്ലോകം എഴുതിയാൽ അരക്കവിയായി!' എന്നൊരു വൃദ്ധോക്തി ഇന്നും കേരളത്തിൽ നടപ്പുണ്ട്; പഴമക്കാർ പറഞ്ഞുവരാറുണ്ട്. ഇതു് ഒരു പഴയ കണക്കായിട്ടാണ് ഗണന. പുനം കുട്ടിക്കാലത്തു തന്നെ കോഴിക്കോട്ടു ചെന്നു ചേർന്നതിന്നു രേഖയുണ്ടല്ലോ. കോഴിക്കോട്ടു ചെന്നിട്ട്, മുൻപറഞ്ഞ കണക്കനുസരിച്ച് ശ്ലോകനിർമ്മാണം ചെയ്തു വഴിയ്ക്കു സിദ്ധിച്ചതായിരിക്കാൻ ഇടയുണ്ട് പുനത്തിന്റെ ഈ 'അരക്കവി'സ്ഥാനം. അല്ല പിന്നെ 'മുഴുക്കവി'ത്വത്തിലേയ്ക്കോ 'കവി'ത്വത്തിലേയ്ക്കോ കയറാതെ ആ അരക്കവിനാമത്തിൽത്തന്നെ കവി പ്രഖ്യാതനായ്ത്തീർന്നിരിക്കാം. അതു പിൽക്കാലത്തു 'അരയനല്ല'പോലെ മാഹാത്മ്യസൂചകമായോ, 'അരക്കവി'ത്വമായിട്ടോ ഒക്കെ വ്യാഖ്യാനിക്കപ്പെട്ടതാവെന്നേ വിചാരിക്കാനുള്ളു.. അല്ലാതെ, പുനത്തിന്റെ പൂർണ്ണാവസ്ഥയിലും 'അരക്കവി'ത്വമേ അംഗീകാരത്തിന് അനുവദിച്ചിരുന്നുള്ളൂ എന്നർത്ഥമില്ല. "വധൂമൗലി! പുനമെന്നാം നൽക്കവീന്ദ്രനെ സാരസ്യപ്രതിപത്തിമൂലമെല്ലാം...." "പുനമാം നൽക്കവീന്ദ്രന്നരുളും" ഇത്യാദി പിൽക്കാലത്തെ പ്രയോഗങ്ങളും ഇതിലേയ്ക്കു തെളിവുകളാണ്. പുനം, കാക്കശ്ശേരിഭട്ടതിരി മുതലായവർ ചേന്നാസ്സിനേക്കാൾ വളരെ പ്രായം കുറഞ്ഞവരായിരുന്നിരിക്കുന്നു. തിരുവേഗപ്പുറക്കാരിൽ ചിലരും, പയ്യൂർഭട്ടതിരിമാരിൽ ചിലരും, ചേന്നാസ്സിനേക്കാൾ പ്രായമേറിയവരും ആയിരുന്നിരിക്കണം. അങ്ങനെ തിരുവേഗപ്പുറക്കാരായ ബ്രാഹ്മണരിൽ വെച്ചു നമുക്കിപ്പോഴും സർവ്വഥാ സ്മരണീയനായിരിക്കുന്നതു് 'സുഭദ്രാഹരണ'മെന്ന ശാസ്ത്രകാവ്യത്തിന്റെ കർത്താവായ നാരായണനോമ്പിയേല്ലത്ത് നമ്പൂതിരിയാണെന്നും ഇവിടെ പ്രസ്താവിച്ചുകൊണ്ടിരിക്കുന്നു.

'സുഭദ്രാഹരണ'കാവ്യകർത്താവു് തിരുവേഗപ്പുറക്കാരനാകുന്നതുകൊണ്ടു വളരെ പ്രസിദ്ധമാണ്. ഈ പുസ്തകം പരേതനായ മഹാമഹിമശ്രീ കൊച്ചി രാജവംശ അപ്പൻ തമ്പുരാൻ തിരുമ

നസ്യങ്ങൾക്കുണ്ട്, അവിടത്തെ 'രസികരഞ്ജിനി' മാസികയുടെ ൨-ാം വാള്യത്തിൽ, 'സാമൂതിരിപ്പാടും പതിനെട്ടരക്കവികളും,' എന്ന വിശിഷ്ടപ്രബന്ധത്തിൽ ചേർക്കപ്പെട്ടിട്ടുമുണ്ട്. വളരെക്കാലമായിട്ട് ആ ഉപാഖ്യാനത്തിലെ അഭിപ്രായങ്ങൾക്കൊന്നും പറയത്തക്ക ഒരു ചാഞ്ചല്യവും ഉണ്ടായതുമില്ല. എന്നാൽ, അടുത്തകാലം മുതൽക്ക് പ്രസ്തുതസുഭദ്രാഹരണകാരനെപ്പററി ഒരഭിപ്രായഭേദം ഉദിച്ചിരിക്കുന്നു. ഗവേഷണാഗ്രണിയായ മഹാകവി ഉള്ളൂർ എസ്സ്, പരമേശ്വരയ്യർ അവർകളാണ് ഭിന്നാഭിപ്രായത്തിന്റെ ഉപജ്ഞാതാവ് എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ 'വിജ്ഞാനദീപിക' ൪-ാം-ഭാഗത്തിൽ, സാമൂതിരിക്കോവിലകവും സാഹിത്യവും'' എന്ന ശീർഷകപ്രബന്ധത്തിലന്തർഭവിക്കുന്ന ൧൬൭-൭൦-പുറത്ത് ഇപ്രകാരം കാണാനുണ്ട്: "ഭട്ടികാവ്യത്തിന്റെ രീതി പിടിച്ച് പാണിനീയസൂത്രങ്ങൾക്ക് ഉദാഹരണങ്ങൾ കാണിക്കുന്നതും, ഇരുപതു സർഗ്ഗങ്ങളുള്ളതുമായ സുഭദ്രാഹരണം കാവ്യത്തിന്റെ പ്രണേതാവ്, വ്യാകരണപാണ്ഡിത്യത്തിനു കേളികേട്ട കൂടല്ലൂർ മനയ്ക്കലെ ബ്രഹ്മദത്തപുത്രനായ നാരായണൻ നമ്പൂതിരിപ്പാടാണെന്നുള്ളതിനു തെളിവുണ്ട്. അദ്ദേഹവും മാനവിക്രമന്റെ സമകാലികനും സദസ്യനും ആയിരുന്നിരിക്കണം. ആ കവി തന്നെപ്പററി ഗ്രന്ഥാന്തത്തിൽ താഴെ കാണാവുന്നപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"വിശ്വാമിത്രസ്യ ഗോത്രേ ദ്വിജമണിരഭവദ്
ബ്രഹ്മദത്താഭിധാനഃ
ശ്രീമാൻ സ്വാദ്ധ്യായപൂതഃ സകലഗുണനിധിഃ
ശാസ്ത്രവിൽ കാവ്യബന്ധുഃ
[illegible]-
[illegible]-
സ്സൽസൂനുഃ കാവ്യമേതദ്വ്യധിത ബുധമുദേ
ഽനാരായണാഖ്യഃ".

ഗ്രന്ഥത്തിന്റെ ഉപക്രമത്തിൽ,

"നിർല്ലോപകണ്ഠോമമണാലചിനീതാദ്
യോ ബ്രഹ്മദത്താജ്ജനി ചിജ്ജലാൽ,
രാമോദരാചാര്യപിതൃവ്യപുത്രോ-
നാരായണോƒസൗ കവിരസ്യ കർത്താ."

എന്ന പദ്യവും കാണുന്നു. 'വിശാഖവിജയോത്തമനാണ് കൂടല്ലൂർമനക്കാരായ ആഢ്യന്മാർ എന്ന് പറയേണ്ടതില്ലല്ലോ. നാരായണന്റെ ശിഷ്യന്മാർ മാതൃദത്തൻ, അഷ്ടമൂർത്തി എന്നീ നമ്പൂതിരിമാരായിരുന്നു."

മഹാകവിയായ ഈ പണ്ഡിതൻ, തിരുവനന്തപുരക്കാരായ നമ്പൂരിമാരിൽ ഒരാൾ സുഭദ്രാഹരണം മഹാകാവ്യവും ... ... രചിച്ചു എന്ന് കവികളെക്കുറിച്ചിൽ ... ... പ്രസ്താവിച്ചുകാണുന്നത് ശരിയല്ല' എന്നോ? പൂർവ്വപ്രസ്താവനയുടെ സമർത്ഥനത്തിനായിട്ടുള്ള തെളിവുകൾ വിസ്തരിച്ചുകാണുന്നുമില്ല. ഈ പ്രസ്താവനയെ പ്രമാണിച്ചിട്ടായിരിക്കണം, മഹാകവി വടക്കുംകൂർ രാജരാജവർമ്മരാജാ അവർകൾ 'കേരളീയസംസ്കൃതസാഹിത്യചരിത്രം' എന്ന പുസ്തകത്തിലും (വാല്യം ഒന്ന്) ശ്രീമതി ... കുഞ്ഞിക്കുട്ടൻവർകൾ എം.ഏ. എൽ. റ്റി. 'സാഹിത്യചരിത്രം' എന്ന തന്റെ ഇംഗ്ലീഷ് പുസ്തകത്തിലും (വാല്യം ഒന്ന്) സുഭദ്രാഹരണകാരൻ കൂടല്ലൂർ നമ്പൂതിരിപ്പാടാണ് എന്ന് അനുമാനിച്ചുകാണുന്നത്. ഇതൊന്നും ശരിയായ അഭിപ്രായമല്ല. സുഭദ്രാഹരണകാരനായ നാരായണൻ നമ്പൂതിരിയുടെ ശിഷ്യന്മാർ മാതൃദത്തൻ, അഷ്ടമൂർത്തി എന്നീ നമ്പൂതിരിമാരായിരുന്നു' എന്നു പറഞ്ഞുകാണുന്നതും ശരിപ്പെടുത്തുവാൻ കഴിയുന്നില്ല. മാതൃദത്തൻ നമ്പൂതിരിയും, അഷ്ടമൂർത്തി നമ്പൂതിരിയും ബ്രഹ്മദത്തൻ നമ്പൂതിരിയുടെ ശിഷ്യന്മാരായിരുന്നു എന്ന്, 'വിശാഖവിജയസ്യ ശിഷ്യോ' ഇത്യാദി പദ്യത്തിൽനിന്ന് ആർക്കും തന്നെ സ്പഷ്ടമാണല്ലോ. സുഭദ്രാഹരണകാരന്റെ ഗുരുക്കന്മാർ 'ബ്രഹ്മദത്തനുദയനൻ' ആണെന്ന്, 'ശ്ലോകങ്ങളാൽ' ഇത്യാദിപദ്യങ്ങളാൽ സിദ്ധവുമാണ്. സുഭദ്രാഹരണകാവ്യത്തിന് കവി തന്നെ എഴുതിയിട്ടുള്ള വ്യാഖ്യാനത്തിൽ, ഈ ശ്ലോകം വ്യാഖ്യാനിച്ച സന്ദർഭത്തിൽ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുമുണ്ട്. 'ബ്രഹ്മദത്തശ്ശ്യാമോപാധ്യായോ തസ്യാത്മജ പിതൃവ്യാഖ്യം' എന്നാണ് ആ വ്യാഖ്യാനപങ്ക്തി. ബ്രഹ്മദത്തനും ഉദയനനും നാരായണന്റെ ആചാര്യന്മാരും അച്ഛന്മാരും ആണെന്ന് ഇതുകൊണ്ട് സുസ്പഷ്ടവും ആകുന്നു. 'കൂടല്ലൂർ മന വ്യാകരണപാണ്ഡിത്യത്തിനു കേളികേട്ട' താകയാൽ മാത്രം സുഭദ്രാഹരണകാരൻ അതു തന്നെയായിരിക്കണമെന്നി

ല്ലല്ലോ. അദ്ദേഹത്തിന്റെ പിതാമഹൻ, [illegible] നമ്പൂതിരി യെ [illegible] പോലും, അദ്ദേഹം വ്യാകരണ പ്രവീണനായിരുന്നു എന്ന് സമുദാഹരണകാരൻ നമ്മെ ധരിപ്പി ക്കുന്നില്ല. ശാസ്ത്രത്തിൽ എന്നു പറഞ്ഞാൽ വ്യാകരണ പണ്ഡിതനെന്നർത്ഥമാകയില്ലല്ലോ. കൂടല്ലൂർമനയ്ക്കലെന്നപോലെ വേറെയും പല [illegible] പണ്ഡിതന്മാരുണ്ടായിരുന്നുവെന്നു ള്ളതിന്* [illegible] കേരളീയകൃതികളും ഉദാഹരണങ്ങളാണ്. [illegible] ആ കാരണത്താൽ, സമുദാ ഹരണകാരൻ കൂടല്ലൂർ നമ്പൂതിരിപ്പാട്ടുതന്നെ എന്നു പറയുവാൻ വയ്യ. [illegible] കൂടല്ലൂർമനക്കാർ വിശ്വാ മിത്രഗോത്രക്കാരാണെന്നുള്ള മാത്രമാണ്. കൂടല്ലൂർമനക്കാർ മാത്രമല്ല, [illegible] ഗ്രഹങ്ങളിലും ധാരാ ളം [illegible] കേരളത്തിൽ പണ്ടേ ഉണ്ട്; ഇന്നും ഉണ്ട്. [illegible] സമുദാഹരണകാ രനെ കൂടല്ലൂർ [illegible] ഇല്ലല്ലോ. സമുദാഹ രണകാരനെ [illegible] [illegible] പ്രസ്തുതകവി നിളാ നദീതീരവാസ്തവ്യനാണെന്ന് [illegible] ആണല്ലോ. കൂടല്ലൂർ മന [illegible] പുറപ്പെട്ടു കിടക്കു ന്നതും [illegible] ഇല്ലാത്തതും ആകുന്നു. എന്നാൽ, പണ്ടു നിളാനദീതീരത്തായിരുന്നു എന്നു പറയാനും [illegible] കൂടല്ലൂർമനക്കാർ എന്നു ചരിത്രപ്രസിദ്ധമല്ല.

[illegible] കൂടല്ലൂരെ പാണ്ഡിത്യപ്രശ സ്തി [illegible] അത് വളരെ പ്രാചീനകാല ത്തല്ലെന്നും ഉള്ളതാണ്. ഏറിയാൽ ഒരു മൂന്നു കൊല്ലത്തോ ളമേ വരൂ അതിന് പഴക്കം. കൂടല്ലൂർമനയിലുള്ള സകല [illegible] [illegible] മൂന്നു [illegible] ജനിച്ച

* [illegible]

എന്നും, സന്താനം, സമ്പത്തു്, വിദ്യ എന്നീ മൂന്നെണ്ണമാണ് ആ ഉദ്ദേശ്യങ്ങൾ എന്നും, ആ സന്താനത്തിന്റെ പോഷകമാണ് കൂടല്ലൂരെ സർവാംഗീണമായ ഉയർച്ച എന്നും പറയാം. കൂടല്ലൂർ കുഞ്ഞൻ നമ്പൂതിരിപ്പാടിന്റെയും, നാരായണൻ നമ്പൂതിരിപ്പാടിന്റെയും ശിഷ്യനായി പല ഉന്നതപണ്ഡിതന്മാരും വളരെക്കാലം കൂടല്ലൂർതന്നെ താമസിച്ച് ശാസ്ത്രപഠനം ചെയ്തിട്ടുള്ള വാസ്തവവും, ഭാരതോദ്ഗാമികളിലും വിശിഷ്യ വ്യാകരണശാസ്ത്രത്തിലും ഏറെ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള സാത്വികകവിയോന്നിയും, ഒരു മഹനീയ ഐതിഹ്യമത്രെ. ആയ ബ്രഹ്മശ്രീ എഴുവേടത്തു നമ്പൂതിരി അവർകൾ, കൂടല്ലൂർ താമസിച്ചിരുന്ന കാലത്ത് അവിടെ നിന്ന് തന്നെ ഇതിഹാസങ്ങൾ പറഞ്ഞുകേട്ടിട്ടുള്ള കഥകൾ അങ്ങളെ പറ്റി പ്പിച്ചുകൊണ്ടിരുന്നപ്പോൾ പറഞ്ഞിട്ടുണ്ട്. ഋഷികല്പനായ അദ്ദേഹത്തിന്റെ വചനങ്ങളെ വിശ്വസിക്കാതിരിക്കാൻ ഒരു നിവൃത്തിയുമില്ല. ഇനി വേറൊന്ന്; കൂടല്ലൂർ നമ്പൂതിരിപ്പാടന്മാർ മഹാപണ്ഡിതന്മാരാകാവുന്നതെങ്കിലും, ഗ്രന്ഥകാരന്മാരായി വളരെ അപൂർവമാണ മാണ്. ശാകുന്തളത്തിന് അവർ ഉണ്ടാക്കിയ ഒരു വ്യാഖ്യാനം, ഒരു കഥകളിക്കുള്ള ആട്ടക്കഥ നാടകം, ഒരു ചമ്പുപ്രബന്ധപ്രായമായ ഒരു ഗ്രന്ഥം–ഇങ്ങനെ ചിലതേ കൂടല്ലൂരെ പല നമ്പൂതിരിപ്പാടന്മാരുടെ കൃതികളായിട്ട് അറിവുള്ളൂ. കേരളത്തിലെ പേരുകേട്ട പണ്ഡിതപ്രവരന്മാരിൽ ഈ ഗ്രന്ഥകാരന്മാർക്ക് ഒരു നല്ല സ്ഥാനമില്ലതാനും. വാസുദേവൻ നമ്പൂതിരിപ്പാട്, കുഞ്ഞുണ്ണി നമ്പൂതിരിപ്പാട്, പരമേശ്വരനെന്നറിയുന്ന കുഞ്ഞിക്കാവു നമ്പൂതിരിപ്പാട്, കുഞ്ഞൻനമ്പൂതിരിപ്പാട്, നാരായണൻനമ്പൂതിരിപ്പാട് എന്നിവരാണ് കഴിഞ്ഞ നൂറ്റാണ്ടിലും ഇപ്പുറവും ആയി അവിടെ ഉണ്ടായിട്ടുള്ള പണ്ഡിതശ്രേഷ്ഠന്മാർ. അവർ ശാസ്ത്രീയസദസ്സുകളിൽ അപ്രതിഹതന്മാരായ മഹാമല്ലന്മാരായിരുന്നെങ്കിലും കവിതാപഥത്തിലോ ഗ്രന്ഥനിർമ്മാണത്തിലോ കച്ചകെട്ടിയിരുന്നില്ല. അവർ പരിഷ്കർത്താക്കളായിരുന്നില്ല, പരിശോധകന്മാരായിരുന്നിട്ടേ ഉള്ളൂ. ഏറെക്കുറെ പരമ്പരയായ്ക്കും പണ്ടേ ഉള്ള പാരമ്പര്യമാണ് ഇത്. ഇങ്ങനെയിരിക്കെ, ഈ കുടുംബത്തിൽ നിന്ന് സുഭദ്രാഹരണമെന്ന പരിഷ്കാരകവിതാരീതിപ്പോലെയുള്ള ഒരു ഉത്തമോത്തമഗ്രന്ഥകാരനെ ഉണ്ടാക്കിക്കൊടുക്കാൻ കഴിവുള്ളതാണോ എന്ന് നല്ലവണ്ണം ചിന്തിക്കേണ്ടതുതന്നെയാണ്.

മേല്പുത്തൂരിന്റെ 'പ്രക്രിയാസർവ്വസ്വ'ത്തിൽ 'സുഭദ്രാഹരണ'ത്തിൽ നിന്ന് ഒട്ടേറെ ഭാഗങ്ങൾ അവിടവിടെ പ്രമാണത്തോടെ ഉദ്ധരിച്ചിരിക്കുന്നതു് നമുക്കിന്നും കാണാവുന്നതാണു്. പ്രക്രിയാസർവ്വസ്വംപോലുള്ള ഒരു പ്രൗഢഗ്രന്ഥത്തിൽ പ്രാമാണികമായിട്ടുദ്ധരിക്കത്തക്ക ഒരു നില ഒരു ഗ്രന്ഥത്തിനു കിട്ടുക, പ്രചാരപ്രാചുര്യവും, പ്രാചീനതയും, പ്രസിദ്ധിയും, പ്രമാണകോടിപ്രവിഷ്ടതയും സിദ്ധിച്ചതിനുമേൽ മാത്രമേ സംഭവിക്കൂ. പ്രക്രിയാസർവ്വസ്വനിർമ്മാണകാലത്തു്, ഈ അവസ്ഥയെല്ലാം സുഭദ്രാഹരണത്തിനു സിദ്ധിച്ചിരിക്കണം. സമകാലികഗ്രന്ഥങ്ങളുടെ സമീപകാലികഗ്രന്ഥങ്ങളെയോ പ്രക്രിയാസർവ്വസ്വത്തിൽ സ്മരിച്ചു കാണുന്നില്ലതാനും. പ്രക്രിയാസർവ്വസ്വം ഉണ്ടാവുന്നതിനു് ഒരു നൂറ്റാണ്ടെങ്കിലും മുമ്പെങ്കിലും ആയിരിക്കണം സുഭദ്രാഹരണത്തിന്റെ ആവിർഭാവം. അതു് കൊല്ലം ഏഴാം ശതാബ്ദിയുടെ ആദ്യപകുതിയിലാകണം. [illegible]— [illegible] കാലവുമതുതന്നെ. അക്കാലത്തു് കൂടല്ലൂർ നമ്പൂതിരിപ്പാടന്മാർ ഉണ്ടായിരുന്നുവെന്നോ, ഗ്രന്ഥകർത്താക്കളായിരുന്നുവെന്നോ [illegible] സാധനവും [illegible] കൂടല്ലൂർ [illegible]മെന്നും, അവിടെനിന്നു് പ്രസിദ്ധരായ [illegible] ഉള്ള കവികൾ [illegible]. [illegible], അക്കാലത്തുതന്നെ അവിടെയുള്ള ഒരാൾ ആയിരിക്കണം [illegible] സിദ്ധിക്കയില്ലല്ലോ. പാരമ്പര്യം [illegible] ഇല്ലങ്ങളിൽ വരുകയും, അവരെ [illegible], യോഗ്യതാധികമായിട്ടുകൂടിയും, മാനിക്കയും [illegible] ഇന്നും [illegible] ആണല്ലോ. ഇങ്ങനെ എല്ലാവശവും ചിന്തിച്ചുനോക്കിയാലും, സുഭദ്രാകാരൻ കൂടല്ലൂർനമ്പൂതിരിപ്പാടുതന്നെയാണെന്ന് സിദ്ധിക്കുന്നതു്.

കൂടല്ലൂർ നിലകണ്ഠൻ നമ്പൂതിരിപ്പാട്ട് 'കമലിനീകളഹംസം' എന്നൊരു നാടകം എഴുതിയിട്ടുണ്ടു്. അപ്രകാശിതമായ ആ കൃതിയിൽനിന്നു് സ്വല്പം ഭാഗം ഇവിടെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു:—

"സൂത്ര:—അസ്തി കേരളേഷു സംഗ്രാമഗ്രാമം നാമ ഗ്രാമം; തത്ര-

"അഭൂവൻ ഗാധികുലജാഃ കുശലാഃ സർവ്വകർമ്മസു
ദ്വിജാ ഹരിപദാംഭോജസ്മരണാഹതകില്ബിഷാഃ
ആസീന്മഹാത്മനസ്തേഷാം നീലകണ്ഠ ഇതി ശ്രുതഃ
തൃതീയസ്തസ്യ തനയോ നീലകണ്ഠഃ കവിസ്ത്വിഹ.

... ...

സൂത്ര:—അർദ്ധോപാധിമധിഷ്ഠിതസ്യ അനന്താസനമലങ്കുർവ്വാണസ്യ ഭഗവതോ ലക്ഷ്മീപതേഃ യാത്രാപ്രസംഗേന സമാസാദിതസർവ്വശാസ്ത്രപരിശീലിതാന്തഃകരണാ അതിവിദഗ്ദ്ധഗർവ്വമഹാഗർഭോദാഃ നാഗരികാശ്ചൈവ ഉർവ്വീദേവാഃ സമുപേതാഃ. തത് സാമാജികൈരിദം രൂപകപ്രയോഗേണൈഷാമസ്മത്പരിഷദാം പ്രസാദമാപാദയിതുമിച്ഛാമി."

നീലകണ്ഠൻനമ്പൂതിരി തന്റെ വംശത്തെ സ്മരിക്ക യോഗം, ഗ്രന്ഥകാരന്മാരായിട്ടുള്ളതോ, അവതരിപ്പിക്കയോ, സ്മരിക്കയോ ചെയ്തിട്ടില്ലെന്നുള്ളത് ശ്രദ്ധേയമാണ്. കൂടല്ലൂരെ [illegible] വിഷ്ണു [illegible] മാധവൻ, കർമ്മ നാണം, വിഷ്ണു [illegible] ആശാനെന്ന് പറഞ്ഞിരിക്കുന്നത്; കവിയുടെ അച്ഛനായ നീലകണ്ഠൻ നമ്പൂതിരിയെ അല്ലാതെ ആരെയും കവി ഇതിൽ സ്മരിക്കുന്നില്ല താനും; നീലകണ്ഠൻനമ്പൂതിരി അധികം പ്രസിദ്ധനല്ല. ഇന്നേക്കു [illegible] വർഷങ്ങൾക്കുമേ ഈ കൃതിക്ക പഴക്കമുള്ളൂ. എന്നിരുന്നാലും ഒരു ഗ്രന്ഥകാരനെ ഇങ്ങനെ അനുസ്മരിപ്പിക്കുന്നത് പ്രത്യേകം ശ്രദ്ധേയമല്ലയോ? എനിക്ക തോന്നുന്നത്, ഇതും കൂടല്ലൂർക്കാർ വലിയ ഗ്രന്ഥകാരന്മാരായിരുന്നില്ല എന്നുള്ളതിന് ഒരു തെളിവാകുന്നു എന്നാണ്.

സുഭദ്രാഹരണകാരൻ, ഗണപതി, സരസ്വതി ഇവരെ വന്ദിച്ചു ഉടനെ ദേവീസഹിതനായ ശിവനെ ആണ് വന്ദിച്ചു കാണുന്നത്. ആ ശ്ലോകം താഴെ:—

"ശൈലാധിരാജസുതികാകമലോദയേന
വിചികിതകൈലാസശൃംഗസൈധം
അപൂർവ്വയോഗേന സുഖായമാനൗ
ശിവാവുപാസേ പിതരൗ പുരാണൗ."

(സുഭദ്രാഹരണം ൧. ശ്ലോകം ൩.)

ളത്തിൽനിന്ന്, സുഭദ്രാഹരണകാരന്റെ പരദേവത ശിവനാണെന്നും, ശിവപരദേവതാകനാണ് അദ്ദേഹമെന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്. എന്തുകൊണ്ടെന്നാൽ, 'സുഭദ്രാഹരണ'കാവ്യത്തിലെ നിർവ്വഹണനായകനായ ശ്രീകൃഷ്ണനെ,

"ദൈവാദ്ഗവീനാം മഷിതാം വനേശ്വന്ന–
ന്നാപാഗതാം ദൃഷ്ടിപഥോർമ്മിധാരകാം
ഗോപാങ്ഗനാം മങ്ഗലമാവഹേദ് ഭവോ
വാസോ വിഷ്ണുർ വസുദേവസൂനുഃ"

(സുഭദ്രാഹരണം ൧. ശ്ലോകം ൧.)

എന്ന ശ്ലോകത്തിൽ അവതരിപ്പിച്ചിരിക്കുന്ന രീതിയും, "ഭവോ മങ്ഗലമാവഹേദ്" (ന ള ത) എന്നുള്ള ആശംസയും, സുഭദ്രാഹരണകാരന്റെ ശൈവാരാധനയ്ക്ക് സാധകങ്ങളാണ്; അവൈഷ്ണവത്വത്തിന് നിദർശനവുമാണ്. ഈ ഗ്രന്ഥപ്രമാണങ്ങളാൽ തന്നെ ശുകപുരത്തുകാരനല്ല സുഭദ്രാഹരണകാരൻ എന്ന് വന്നുകഴിഞ്ഞാൽ പിന്നെ, അദ്ദേഹത്തെ തിരുവേഗപ്പുറയ്ക്കു തന്നെ അയയ്ക്കുവാൻ ആർക്കും വൈമനസ്യമരുതല്ലോ. തിരുവേഗപ്പുറക്കാരനാണ് സുഭദ്രാഹരണകാരൻ എന്ന് അപ്പൻതമ്പുരാൻ തിരുമനസ്സിലെ ലേഖനത്തിലെ 'പ്രസ്താവം' വരുത്തിയ അന്വേഷണവും ആലോചനയും കൈയെഴുത്തിന്മേൽതന്നെ വന്നിട്ടുള്ളതാവണം; സമീചീനമായവയും ആയിരിക്കണം.

എന്നിരിക്കിലും ഇവിടെ മുഖ്യമായി പ്രസ്താവിക്കുവാനുള്ളത്, കാക്കശ്ശേരിഭട്ടതിരിയുടെ ഗുരുനാഥനായ നാരായണജ്യോതിഷ്ക്കാൻ (നാരായണാചാര്യൻ) തന്നെയാണ് 'സുഭദ്രാഹരണ'കാരൻ എന്നതാണ്. 'വസുമതീ(മാന)വിക്രമ'ത്തിൽ കാക്കശ്ശേരിഭട്ടതിരി ഈ നാരായണാചാര്യനെപ്പറ്റി പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടല്ലോ.

"അസ്ത്യത്ര ശ്രീകൃഷ്ണപദാബ്ജപീഠീ-
വിദ്യേഷ്ടമാനാശവിപണ്ഡിതൈഃ
നാരായണാചാര്യ ഇതി പ്രസിദ്ധിം
പ്രാപ്തഃ പദം പ്രാജ്ഞശിരസ്സു പുരോഗഃ"

എന്നുള്ള പദ്യം തിരുവേഗപ്പുറക്കാരൻ നാരായണാചാര്യനെ അധികരിച്ചുള്ളതാണെന്ന് മഹാകവി ഉള്ളൂർ തന്നെ (വിജ്ഞാന

ഭിഷിക വശം (നന്ത) സങ്കല്പിച്ചിട്ടുള്ളതാണു്. സാമൂതിരിപ്പാട്, ഈ ആചാര്യനെക്കൊണ്ടാണു് കാക്കശ്ശേരിയെ കുട്ടിക്കാലംമുതൽക്കേ 'വൈപശ്ചിതീ'ന്ന വൃത്തിയിൽ ഏർപ്പെടുത്തി പഠിപ്പിച്ചുവരെ എത്തിച്ചതു്—എന്നു് അന്യ വ്യാഖ്യാതാവിദ ......' ഇത്യാദി ഗദ്യത്തിലെ, 'സമൂഹനായകേനൈവ അനേന' എന്ന ഭാഗംകൊണ്ടു് സ്ഫുടമാകുന്നു. ഈ 'അനേന'യ്ക്കു 'സോമൻ' എന്ന അർത്ഥം യോജിക്കാവുന്നതല്ല. ഇങ്ങനെ സാമൂതിരി തിരുവേഗപ്പുറക്കാരനായ നാരായണാചാര്യനെക്കൊണ്ടു് കാക്കശ്ശേരിയെ പണ്ഡിതസാർവ്വഭൗമനാക്കിത്തീർത്തു എന്നുള്ളിടത്തോളം, കാക്കശ്ശേരിയുടെ ഗ്രന്ഥത്തിൽ നിന്നു തന്നെ തെളിയുന്ന എന്നുള്ളതിൽ വാദാവകാശംപോലുമില്ല. അല്ലാതെ, ഈ നാരായണാചാര്യൻ സാമൂതിരിസദസ്യനായിരുന്നുവെന്നും നിശ്ചയമായിരിക്കുന്നു. അതുപ്രകാരം തിരുവേഗപ്പുറക്കാരൻ ഒരാളുടെ വ്യക്തിത്വം നമുക്കു നിശ്ചയിക്കാം. സുഭദ്രാഹരണകാരൻ ശിവനെ വന്ദിച്ചിട്ടുള്ളതു്, 'കൈലാസാദിരജതനാഥഗൃഹകേദാരകചാകട മൗലിപീഠിതാരാസോമം'' എന്നു കാക്കശ്ശേരി വർണ്ണിക്കുന്ന 'അംഗലോകപുരസൈ''ന്നോരാരാധനാഭിഷേകങ്ങളും വർണ്ണിക്കുന്നു. തിരുവേഗപ്പുറത്തെയും അവിടെയുള്ള അശ്ലേഷം സൂചിപ്പിക്കുന്ന ആ''ങ്ങളും ആരാധനയും പറയാം. 'തിലൂസസാരചന്ദ്രൻ' എന്നാണല്ലോ കാക്കശ്ശേരിയുടെ പ്രയോഗവും. വിശ്വാമിത്രഗോത്രക്കാരായ നമ്പൂതിരികുടുംബക്കാർ ഇപ്പോഴും അവിടെത്തന്നെ ഉണ്ടുതാനും. കേളികേട്ട വാളുകാരനും (കേരളത്തിലെ പ്രസിദ്ധഭാഗവതൻ) അഴകപ്പുറ മതവാദ കുടുംബക്കാർ വിശ്വാമിത്രഗോത്രക്കാരത്രേ. പല കുടുംബങ്ങളും അവിടെ കുറ്റിയടിച്ചു'' (സന്തതിയറ്റു്) അന്യകുടുംബങ്ങളിലേയ്ക്കു ലയിച്ചിട്ടുള്ളതായും അറിയാം. അഴകപ്പുറക്കുടുംബത്തിലേയ്ക്കു 'കിഴവപ്പുറം' എന്നൊരു കുടുംബം ലയിച്ചിട്ടുണ്ടെന്നും ഞാൻ അന്വേഷിച്ചറിഞ്ഞിരിക്കുന്നു. 'നിമ്ലോചകസ്തോമകേണേഷ് വിനീതേഷ്' എന്ന പാഠത്തിലെ 'വിനീത' പദം കുടുംബവാചിയായി ഗ്രഹിക്കയും, അതു 'കിഴവപ്പുറ'ത്തിന്റെ സംസ്കൃതീകൃതരൂപമാവാമെന്നു സമ്മതിക്കുകയും ചെയ്യുമെങ്കിൽ, നമ്മുടെ സുഭദ്രാഹരണകാരൻ ആ 'കിഴവപ്പുറ'ത്ത നാരായണൻ നമ്പൂതിരിതന്നെ ആയിരിക്കണം എന്നു വിശ്വസിക്കാം. ഭോജരാജൻ ഗാഢമിത്രമായിരുന്നു, മറു

കുടുംബക്കാരുടെ ഷോഡശക്രിയാദികൾ കഴിപ്പിച്ചുകൊടുക്കുന്നവരും ആണ് 'മാതിക്കോൻമാർ' എന്നു പറയപ്പെടുന്നവർ. കാക്കശ്ശേരി 'നാരായണാചാര്യൻ' എന്നു പറഞ്ഞുകാണുന്നതിലും ആ നാരായണഭട്ടതിരി (സുഭദ്രാഹരണകാരൻ) "രാമോദയാചാര്യപിതൃവ്യമുഖ്യ"വാണെന്നു കാണുന്നതിലും നിന്ന്, അവർക്ക് (ആ കുടുംബക്കാർക്കു) 'മാതിക്കോൻ' എന്നു സ്ഥാനമുണ്ടായിരുന്നുവെന്ന് ഊഹിക്കേണ്ടതാണ്. തിരുവേഗപ്പുറക്കാരനായാലുമില്ലാതെ കൂടല്ലൂർനമ്പൂതിരിപ്പാടാണ് 'സുഭദ്രാഹരണ'കവി എന്നു വന്നാൽ, അദ്ദേഹത്തിനു സാമൂതിരിസദസ്സിൽ സഭ്യത ലബ്ധമാകാൻ കുറെ വൈഷമ്യമുണ്ടെന്നും കൂടെ പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ, യോഗ സമ്പ്രദായ യോഗക്രമു എന്നുള്ളത് ഇന്നും നമ്പൂതിരിമാരുടെ ഇടയിലും രാജാക്കന്മാരുടെ ഇടയിലും അന്തർഹിതമായി നിലനില്ക്കുന്നതും, പണ്ട് അതിസ്പഷ്ടമായി പ്രകടീഭവിച്ചിരുന്നതും ആകുന്നു. തൃശ്ശിവപേരൂർയോഗമെന്നും, തിരുനാവായ യോഗമെന്നും രണ്ടു യോഗമായിട്ടാണല്ലോ അടിയാധാരം നമ്പൂതിരിമാരുടെ സ്ഥിതി. അതിൽ തിരുനാവായ യോഗം സാമൂതിരിയുടെ ഭാഗത്തിലും തൃശ്ശിവപേരൂർ യോഗം കൊച്ചി മഹാരാജാവിന്റെ ഭാഗത്തിലും ആണ് കഴിഞ്ഞുകൂടിയിട്ടുള്ളതും കഴിയുന്നതും. ഈ ചേരിപ്പിരിവു, കേരളരാജാക്കന്മാരുടെ യോഗങ്ങളും പല പ്രധാനസംഭവങ്ങൾക്കും ഇടയാക്കിയിട്ടുള്ളതുമാണ്. ഇപ്പോഴത്തെ കോവിലകത്തു 'കൂട്ടിരിപ്പ്' ഇന്നും തൃശ്ശൂർയോഗക്കാരായിരിക്കണമെന്ന് ഒരു സാമാന്യനിയമം നിലനിൽക്കുന്നുണ്ട്. അതുപോലെ രണ്ടു യോഗത്തിലും ചേരാത്ത ചിലർ വേറിട്ടുള്ളവരെപ്പോലെയുമുണ്ടായിരിക്കണം. തിരുനാവായ യോഗക്കാർക്കു സ്വല്പമല്ല. സാമൂതിരിക്കോവിലകത്തിന്റെ ശാഖയായ കോട്ടയ്ക്കലും മററും തിരുനാവായയോഗക്കാരും ആയിരിക്കണം. ഇതുപോലെ മറ്റു അംശങ്ങളിലും ഓരോ നിർബന്ധവും പക്ഷപാതവും സാമൂതിരിക്കോവിലകവും, ഗോശ്രീശകുടുംബവും നിലനിർത്തിപ്പോന്നിരുന്നു. പയ്യൂർഭട്ടതിരിമാർ, മുല്ലപ്പിള്ളിഭട്ടതിരി, തിരുവേഗപ്പുറക്കാർ, ചേന്നാസ്സു നമ്പൂതിരിപ്പാട് ഇടങ്ങിയവരൊക്കെ തിരുനാവായ യോഗക്കാർ ആണുതാനും. കൂടല്ലൂർകുടുംബം തൃശ്ശൂർ യോഗത്തിൽപെട്ടതും ആണ്. അവരൊക്കെ ഇപ്പോഴത്തെ വിദ്വൽസദസ്സിലാണ് സന്നിധാനം ചെയ്യുവാൻ; സജ്ജരായിരുന്നതു്—കോഴിക്കോട്ടല്ല.

ഇങ്ങനെ, സ്വർഗ്ഗാരോഹണകാരനോ സാമൂതിരിസദസ്യനാകാതിരിക്കണമെങ്കിലും, അദ്ദേഹം കൂടല്ലൂർനമ്പൂതിരിപ്പാടല്ലാതിരിക്കണമെന്നാണ് വന്നുകൂടുന്നത്.

ഈ സംഗതികളെ പുരസ്കരിച്ച്, അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു പറഞ്ഞതുപോലെ, "സ്വർഗ്ഗാരോഹണകാരൻ തിരുവേഗപ്പുറക്കാരൻ നമ്പൂതിരിതന്നെ" എന്നു തീർച്ചപ്പെടുത്തുകയും ചെയ്യാം. ഉദ്ദണ്ഡനെ ജയിക്കാൻ മഹാപ്രയാസപ്പെട്ടു സൃഷ്ടിച്ചെടുത്ത കാക്കശ്ശേരിയെ പറ്റിപ്പറയുന്നതിന് സാമൂതിരിയാൽ നിയുക്തനായ ഈ പണ്ഡിതകവിസാർവ്വഭൗമൻ സാമൂതിരിയുടെ പതിനെട്ടരക്കവിസംഘത്തിലെ പ്രധാനാംഗമായിരുന്നിരിക്കണമെന്നും, ചേന്നാസ്സ നമ്പൂതിരിപ്പാടിന്റെ സമകാലികൻ തന്നെ എന്നും ഇനി നിഗമനം ചെയ്യാമല്ലോ.

ഇനി, 'ലക്ഷ്മീമാനവേദ'കാരൻ ഉദ്ദണ്ഡനോട്ടും, മാനവേദചമ്പു (പൂർവ്വഭാരതചമ്പു) എന്നിവയുടെ കർത്താവായി കൊല്ലം ൯-ാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന ഭഗവൽഭക്തമാനവേദന്റെ ശേഷം, കൃഷ്ണഗീതിയുടെ 'വിലാസിനി' എന്ന വ്യാഖ്യാനമെഴുതി 'വിദ്യാഗുരുവോ മാനവേദ' എന്ന് സ്വയം നിർദ്ദേശിച്ചിരിക്കുന്ന മാനവേദൻ ജീവിച്ചിരുന്നു എന്നും, അദ്ദേഹം തന്നെ ആയിരിക്കണം 'ലക്ഷ്മീമാനവേദം' എന്നും മഹാകവി ഉള്ളൂർ 'വിജ്ഞാനദീപിക' ൪-ാം ഭാഗത്തിൽ (പേജ്-൧൬൭-൧൬൮) പറഞ്ഞിട്ടുണ്ട്. ഈ മാനവേദൻ ഭോജചമ്പുവിനും വ്യാഖ്യാനമെഴുതിയിട്ടുണ്ടെന്ന് മഹാകവി കാണിച്ചിട്ടുണ്ട്. [വിലാസിനീ വ്യാഖ്യാനത്തിന്റെ, കൊല്ലം ൭൬൬-ൽ എഴുതിയ പകർപ്പ് വെന്നിമല പിഷാരത്ത് ഇരിപ്പുണ്ട്"

കേരളചരിത്രം vol. I ഭാഗം II, പേജ് 18-19]

"ഈ മാനവേദന്റെ സദസ്യനായിരുന്നു ലക്ഷ്മീമാനവേദം നാടകത്തിന്റെ കർത്താവായ ചിദംബരകവി. നിശ്ചയമില്ല" (൧൬൮) ഇത്യാദി പംക്തികളും നോക്കുക. "ചിദംബരകവിയുടെ കവിതയും ഉദ്ദണ്ഡന്റേതുപോലെ ഉത്തമമാകുന്നു" എന്നും മഹാകവി ഉള്ളൂർ തുടർന്നു പറയുന്നു. ൧൬൯-ാം പേജത്തിൽ, "ചിദംബരകവിയുടെ ജന്മസ്ഥലം ചോളദേശത്തിലുള്ള ശ്രീവല്ലഭപുരം ആയിരുന്നു" എന്നും, "ചിദംബരകവി, ഈ മാനവേദൻ തളിയിൽക്ഷേത്രം പുതുതായി

ചരിതകഥ ഉപ്പിച്ചു എന്നു പ്രസ്താവിക്കുന്നുണ്ടല്ലോ" (പുറം [illegible]) എന്നും, [illegible] ഭാഗത്തിൽ, "പ്രീതിഭക്തോഭോജവരദാകര പാരിജാതസ്യ" എന്നു ചിദംബരകവിയും, വർണ്ണിക്കുന്നതിൽ നിന്ന് സാമൂതിരിപ്പാടന്മാർ [illegible]ക്ഷത്രിയന്മാർ ആരെന്ന് വന്നുകൂടുന്നു" എന്നും, വീണ്ടും വീണ്ടും മഹാകവി ഉള്ളൂർ ചിദംബരകവിയെപ്പറ്റി പറഞ്ഞിട്ടുണ്ട്. എന്നാൽ, ലക്ഷ്മീമാന വേദത്തിന്റെ പ്രസ്താവനാഭാഗം ഉദ്ധരിച്ചു കാണിച്ചിട്ടുള്ളതിൽ (ചിത്രശാലാദീപികതന്നെ) "......സദ്ഗൃഹീതനാമാ വിജയതേ ദിവാകരോ നാമ. തേന കവിനാ ശ്രീമാനവേദസ്യ മഹീപതേഃ ചരിതമുപാദായ .... കൃതം കിമപി നാടകം ഭരതശാസ്ത്രാനുവിധായകം" ([illegible]) എന്ന് കവിനാമം ദിവാകരൻ എന്നാണ് കാണിച്ചിട്ടുള്ളത്. "ലക്ഷ്മീമാനവേദ നാടകത്തിന്റെ നിർമ്മാതാവ് ഉള്ളൂരിനെപ്പോലെ വിദേശത്തു നിന്നു വന്ന ദിവാകരകവിയാകണം. അദ്ദേഹത്തെപ്പറ്റി മേൽ പ്രസ്താവിക്കാം". ([illegible]) എന്നും ശ്രീ പരമേശ്വരയ്യരവർകൾ തന്നെ പറഞ്ഞിട്ടുണ്ട്. രണ്ടു നാമങ്ങളും കൂടി ശരിപ്പെടുത്തുക എളുപ്പമല്ലല്ലോ. എന്തെങ്കിലും ഒന്ന് ഭ്രമജന്യമായിരിക്കണം. ചിദംബരകവി എന്നുള്ളത് ശ്ലോകശ്രവണത്താലും, ദിവാകരനാമം, പ്രസ്താവനാഭാഗവുംകൂടെ രണ്ടു തവണയും ഞാൻ ഗ്രഹിച്ചു കണ്ടതാണ്. "ഭൂയോവ്യവഹാര"ന്യായേന ചിദംബരകവി എന്നും, പ്രസ്താവനാപ്രാമാണ്യമോർത്താൽ ദിവാകരകവി എന്നും ഗ്രഹിക്കേണ്ടതായി വരുന്നു. നിശ്ചയിക്കാൻ നിവൃത്തിയില്ല. ദിവാകരൻ എന്നാണ് കവിനാമമെങ്കിൽ, നമ്പൂതിരിയാകാൻ ഔചിത്യമുണ്ട്. അവരുടെ ഇടയിൽ ദിവാകരന്മാർ ധാരാളമാണ്. 'ചോളേശ്വ' എന്ന് പ്രസ്താവനാഭാഗത്തിൽ ഉദ്ധരിച്ചു കാണപ്പെടുന്നത് 'കേരളേശ്വ' എന്നതിന്റെ വികാരമോ മറ്റോ അല്ലെന്നും നിശ്ചയിക്കാവതല്ല. ശ്രീവല്ലഭസംജ്ഞ പഴയ വെള്ളാട്ടിരിരാജാക്കന്മാർക്കുണ്ടായിരുന്നതാവാനും തോന്നുന്നു. തന്നാമകരാജസ്ഥാപിതഗ്രാമം കേരളബ്രാഹ്മണഗ്രാമവും ആയിവരാം. 'ഉദ്ബോധസുന്ദരൻ' എന്ന കവിപിതൃനാമം വിചിത്രമായിരിക്കുന്നു. അത് വല്ല ഇല്ലപ്പേരിന്റെയും സംസ്കൃതീകൃതരൂപമാക്കാൻ കഴിയുമെന്നു തോന്നുന്നു. ഒരായിരിക്കും ഉചിതവും. 'അത്ര നാമ

ഇരാന്നാമ' എന്ന പ്രമാണപ്രകാരം ഇരുന്നാമം ഇല്ലപ്പേരാക്കിക്കല്പിച്ചിരിക്കയാവരുതേ? പുനത്തിന്റെതായ സുപ്രസിദ്ധമായ 'ജംഭപ്രദ്വേഷിമുഖിൽ' ഇത്യാദി ഭാഷാപദ്യത്തിലേ, 'കേബരി തിങ്കിനാരം മേനകാ മാനവേദ!' എന്ന പ്രയോഗമനുസരിച്ച്, ഒരു മാനവേദൻ പുനത്തിന്റെ സമകാലികനായി, സാമൂതിരിയായി വേണം. അത് ഏഴാം നൂറ്റാണ്ടിൽ ആയിരിക്കണംതാനും. മാനവിക്രമന്റെമേൽ മാനവേദൻ ഉണ്ടായിരുന്നു എന്നാണിപ്പോൾ വരുന്നത്. ൬൪൭൪ മുതൽ ൬൪൯൬ വരെ ഒരു മാനവേദന്റെ കാലമായി ശ്രീ. കെ. വി. കൃഷ്ണയ്യരവർകൾ 'കോഴിക്കോട്ടെ സാമൂതിരിമാർ' എന്ന ഇംഗ്ലീഷ്പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ടല്ലോ. അദ്ദേഹത്തെ വിഷയീകരിച്ചുള്ള 'ലക്ഷ്മീമാനവേദം' എന്നതിന് പ്രമാണമൊന്നും കാണ്മാനില്ല. അങ്ങനെ അദ്ദേഹത്തെത്തന്നെ വിഷയീകരിച്ചാണെങ്കിൽ, ലക്ഷ്മീമാനവേദകാരനും ചേന്നാസ്സിന്റെ (തന്ത്രസമുച്ചയകാരന്റെ) സമകാലികനാവണം; അഥവാ, ആയിരുന്നിരാം. അപ്പൻതമ്പുരാൻ പറഞ്ഞിട്ടുള്ളത് നിരാധാരമാകണമെന്നില്ലെന്ന് അഭിപ്രായം.

'സാഹിത്യമല്ലൻ' എന്ന് ഉദ്ദണ്ഡനിൽ നിന്ന് ബിരുദനാമം ലഭിച്ച യോഗ്യനും, 'മൂക്കോല'ദേശക്കാരനും, 'വിദഗ്ധസാലഭഞ്ജിക'യ്ക്കും 'അനർഘരാഘവ'ത്തിന്നും വ്യാഖ്യാനമെഴുതിയ ആളും ആയ വാസുദേവൻനമ്പൂതിരിയും ചേന്നാസ്സിന്റെ സമകാലികൻ തന്നെ. 'ചിക്രമീഢം' എന്നാണല്ലോ ആ അനർഘരാഘവവ്യാഖ്യയുടെ പേരും. ഇതുപോലെ, വൃത്തരത്നാകരവ്യാഖ്യാനമായ 'കവിചിന്താമണി'യുടെ കർത്താവും, ഉദ്ദണ്ഡനേ ആശ്ചര്യപ്പെടുത്തിയ മഹാകവിയും ആയ കരുണാകരമാരാർ (മൂക്കോലക്കാരൻ) മുതലായവരും, സമുച്ചയകാരന്റെ സമകാലികരായ പണ്ഡിതകവീന്ദ്രന്മാരായിരുന്നു എന്ന് ഗ്രഹിച്ചിരിക്കേണ്ടതാണ്. ഈ സമകാലികന്മാരെപ്പറ്റിയുള്ള വിചിന്തനം വളരെ ഉപയോഗിയാണെങ്കിലും, തൽക്കാലം അധികം വിസ്തരിക്കുവാൻ സൗകര്യമില്ലായ്കയാൽ, ചുരുക്കുന്നു. എങ്കിലും, ഒരു കവിയുടെ കഥ കൂടി നമുക്കു വിചാരിക്കാം.

'പൂർണ്ണപുരുഷാർത്ഥചന്ദ്രോദയം' എന്ന് ആമുഖത്തിൽ, വൈരാഗ്യചന്ദ്രോദയത്തിന്റെ രീതിയിൽ ഒരു നാടകമുണ്ട്.

അതിന്റെ കൎത്താവ്, 'തെക്കേപ്പാട്ട്' എന്ന് ഇല്ലപ്പേരുള്ള (പൂൎവ്വാശ്രമസ്ഥാനനാമമുള്ള) ഒരു സ്വാമിയാർ തിരുമനസ്സു കൊണ്ടാണെന്നുള്ളതിനു രേഖയുണ്ട്. അദ്ദേഹം വിശ്വാമിത്ര ഗോത്രക്കാരൻ തന്നെയായിരുന്നു താനും. തിരുവേഗപ്പുറദേശത്ത് ഇപ്പോഴുള്ള 'പടിഞ്ഞാറേപ്പാട്ട്' എന്ന ഇല്ലത്തേയ്ക്ക് ഒരു 'തെക്കേപ്പാട്ട്' കാററിമുടിഞ്ഞ് ഒതുങ്ങിയിട്ടുണ്ടെന്നുള്ളതിനു തെളിവുകൾ ഉണ്ട്. അവിടത്തെ—ആ തെക്കേപ്പാട്ടെ ആയിരിക്കാം ഈ സ്വാമിയാർ. തുര്യാശ്രമനിവിഷ്ടനായിട്ടും സാഹിത്യാദി രുചി ശമിച്ചിട്ടില്ലാതിരുന്ന ആ മഹാനുഭാവൻ, സാമൂതിരി സദസ്സിലെ അംഗങ്ങളിൽ ഒരാളായിരുന്നിരിക്കാൻ ഇടയുണ്ട്. തദ്വാരാ നമ്മുടെ സമുച്ചയകൎത്താവിന്റെ സമകാലികനാണെന്നും കാണാൻ കഴിയും. അപ്പോൾ, തിരുവേഗപ്പുറക്കാരായി പേരും കൃതിയും അറിയാതെ കിടക്കുന്ന പണ്ഡിതകവികളിൽ ഒരാളെക്കൂടി നമുക്ക് കിട്ടുകയും ചെയ്യുമല്ലോ. അദ്ദേഹം, പൂൎവ്വാശ്രമത്തിൽ സാമൂതിരി സദസ്യനായിരിക്കണമെന്നേ ഇവിടെ വിവക്ഷിച്ചിട്ടുള്ളൂ എന്ന്, പ്രത്യേകം തന്നെ പറയട്ടെ.

വില്വമംഗലത്തു സ്വാമിയാർ തളിയിൽത്താനയോഗത്തിനു ചെല്ലാറുണ്ടായിരുന്നു എന്നും,

"തൎക്കേഷു കൎക്കശധിയോ വയമേവ ഭൂമൌ,
കാവ്യേഷു കോമളധിയോ വയമേവ ഭൂമൌ,"

എന്നിങ്ങനെ ഓരോ വരി ചൊല്ലി കിഴിയെടുക്കാൻ തുടങ്ങുമ്പോഴും "നഹി, നഹി" എന്നു പറഞ്ഞ് മററു പണ്ഡിതന്മാർ വലിച്ചു മടക്കുമെന്നും, ഒടുക്കം അദ്ദേഹം:—

"കൃഷ്ണേ സമൎപ്പിതധിയോ വയമേവ ഭൂമൌ"

എന്നു ചൊല്ലിയപ്പോൾ, ആരും വാദിക്കാനുണ്ടായില്ലെന്നും ആ കിഴി—ഭക്തിയ്ക്കുള്ള കിഴി—അവിടുന്നെടുത്തു എന്നും മററും ശ്രുതമൂലമായ ഐതിഹ്യമുണ്ട്. ഇനി ഒരു പക്ഷേ, ആ സ്വാമിയാർ വില്വമംഗലമല്ല, തെക്കേപ്പാട്ടു സ്വാമിയാരാണ് എന്നും വരാം. കൂടുതൽ ഗവേഷണം ഈ വക വിഷയങ്ങളിൽ ആവശ്യകം തന്നെ. പൂൎണ്ണപുരുഷാൎത്ഥചന്ദ്രോദയകാരന്റെ ചില പംക്തികൾ കണ്ടുകൊൾക:—

“പക്ഷിണാം സംഗ്രഹഃ സോഽഥ ജാതവേദാ ഹി നാമതഃ;
സോമയാഗം കൃതവതസ്തസ്യ ജായാ ച പാർവ്വതീ
തല്പാദാനമ്മേഹസ്യ പരമേശകനീയസഃ
... ...ബാല... ...ശൈവയാജിതാശ്രമസമ്പദാ
ഇത്യാശ്രമനിവിഷ്ടേന കൃതിരേഷാ യഥാബലം” ഇത്യാദി.

XIX ‘സമുച്ചയ’കാരശിഷ്യപ്രശിഷ്യന്മാർ

വിവരണവ്യാഖ്യാകാരനും വിമർശിനീവ്യാഖ്യാനകർത്താവും ‘സമുച്ചയ’കാരന്റെ ശിഷ്യന്മാരാണെന്ന് അറിയുന്നുണ്ട്. വിവരണകാരൻ ഗുരുവായൂർക്ക് സമീപമുള്ള കൈനിക്കരെക്കാലടി എന്ന മനയ്ക്കലെ കൃഷ്ണശർമ്മാവ് എന്ന നമ്പൂതിരിയാണത്രെ. തന്ത്രി നമ്പൂതിരിമാരുടെ ഇടയിലുള്ള പരമ്പരാധാരണയാണ് ഇത്. ഇപ്പോഴം ‘കൈനിക്കര’ എന്ന പറഞ്ഞുവരുന്ന ആ മനയുടെ കുറിച്ചു പഴയപേർ ‘കഴവികര’ എന്നാണെന്നും കാണുന്നു. ആ മനക്കാർക്ക് തന്ത്രിമാരുടെ വൈദികത്വം കൂടി ഉണ്ടെന്നു അറിയാൻ സാധിച്ചിട്ടുണ്ട്. ‘അനുഷ്ഠാനസമുച്ചയം’ അല്ലെങ്കിൽ ‘തൊഴുന്നൂരനുഷ്ഠാനം’ എന്ന പറഞ്ഞുവരുന്ന ഗ്രന്ഥത്തിന്റെ കർത്താവായ തൊഴുന്നൂർ നാരായണൻ നമ്പൂതിരി (മുക്കോലയ്ക്കൽ സമീപം) വിവരണകാരന്റെ ശിഷ്യനായിരുന്നുവെന്നും പറയപ്പെടുന്നു. അതിലെ ചില പദ്യങ്ങൾ ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നതുമുണ്ട്. ചില പദ്യങ്ങൾ ഉദ്ധരിച്ചു പരിശോധിക്കാം:—

“ഭുക്തിമുക്തിഫലകാങ്ക്ഷിഭിർജ്ജനൈ-
ർഭക്തിപൂർവ്വഹൃദയാളിതാങ്ഘ്രിണേ,
മുക്തിഗേഹനിയതാസിനേ നമോ
ഭക്തിലോചമനസേഽസ്തു തേജസേ.
സുസമാഹിതധീനേത്രമജ്ഞാനപടലം മഹൽ
കൃപയാ യഃ ക്ഷതി തം വന്ദേ കൃഷ്ണാഭിധം ഗുരും.

ശ്രീമാതൃദത്തതനയം കരുണാംബുരാശിം
നിഷ്പന്നധർമ്മമധുസൂദ്രമൊരവിന്ദം
നാരായണം നളിനനാഭപദാരവിന്ദ-
മാധ്വീമധുവ്രതമഹം ശരണം വ്രജാമി.

ശ്രീപാർവ്വതീനന്ദന ഏഷ കശ്ചി-
ന്നാരായണാഖ്യോ ദ്വിജപുംഗവോഽഭൂൽ
വിഷ്ണ്വാദിദേവാർച്ചനലാലസോ യോ
ലിഖത്യശേഷം ധരണാമികാൻ.

യോ വാ രാമായണാഖ്യം മധു മധുരതരം പായയന്നേവ ലോകാൻ മാരാഗാരാഭിരാഗാദ്യന്തപരമമഹാവ്യാധിഭീതം വിധൂയ സ്വാനന്ദേ വാ //തനോതി പ്രവിപുലകരുണാപാരിധേസ്തസ്യ സോഽഹം
സ്വാന്നാരായണസ്യ കൃതം ചെയ്യു ന മനോ ഗോചരേ തസ്യ ശാസ്ത്രം."

ഈ തൊഴൂരാന്തർ നാരായണൻ നമ്പൂതിരി തന്നെ എഴുതിയിട്ടുള്ള മറെറാരു വിശിഷ്ടഗ്രന്ഥമാണ് "തന്ത്രപ്രായശ്ചിത്തം" എന്നത്. അതിൻെറ പ്രാരംഭികപദ്യങ്ങളിൽ ഒന്ന്, ഇവിടെ ഉദ്ധരിച്ച "സ്വാപമോഹിതധീനേത്ര" ഇത്യാദിയാണ്. ആ കൃത്യത്തിൽ മേൽപുത്തൂരിനെ, "ശ്രീമാതൃദത്തതനയം സാക്ഷാന്നാരായണം പരം" എന്ന് സാക്ഷാൽ ഭഗവാനായിത്തന്നെ സ്മരിച്ചുകാണുന്നുണ്ട്. മേൽപുത്തൂരിനെയും ഒരു മാതൃദത്തനെയും ഗുരുന്നെയും ഗുരുഭൂതന്മാരായി വന്ദിച്ചിട്ടും ഉണ്ട്.

"ശ്രീമാതൃദത്തതനയം സാക്ഷാന്നാരായണം പരം,
ഭ്രാതൃദത്താഭിധാനം ച ഗുരുകാരുണ്യഭാജനം,
ഉണ്ണ്യാഖ്യം മാതൃജാതാഖ്യാപാപപൂഗവിദാരണം
നമാമി നമനീയാംഘ്രീൻ ഗുരൂനന്യാനഹർന്നിശം."

എന്നിങ്ങനെയാണ് ആ പംക്തികൾ. ഈ ഗുരുവർഗ്ഗം പുറമെ സമുച്ചയകാരന്റെ ശിഷ്യന്മാരായി ആരെല്ലാം ഉണ്ടായിരുന്നു എന്ന് അന്വേഷിച്ചറിയേണ്ടതായിട്ടാണിരിക്കുന്നത്. ഈ രണ്ടു വിശിഷ്ടശിഷ്യന്മാരിൽ വെച്ച്, വിമർശിനീകാരൻ ശങ്കരൻ നമ്പൂതിരിപ്പാട് സമുച്ചയകാരന്റെ പുത്രനാണെന്ന്, വിമർശിനീവ്യാഖ്യാനത്തിന്റെ അവസാനത്തിലുള്ള ശ്ലോകംകൊണ്ടു സുസ്പഷ്ടവും, സർവ്വസമ്മതവും ആണല്ലോ. വിവരണം ഒരു പ്രൗഢപ്പണിയായിരുന്നതുകൊണ്ട്, സാമാന്യബുദ്ധികൾക്ക് സമുച്ചയാർത്ഥഗ്രഹണത്തിൽ പിന്നെയും സന്ദേഹം വന്നേക്കാമെന്നതിനാലാകണം, അനായാസേന സാധിയായ ഒരു അന്വപദവ്യാഖ്യാനം

തന്നെ ശങ്കരൻനമ്പൂതിരിപ്പാട് എഴുതിയത്. അല്ലാതെ, 'വിവരണം' അതിന്ന് അദൃഷ്ടചരവും അജ്ഞാതവും ആയിരുന്നു എന്നു തോന്നുന്നില്ല. എന്നാൽ, വിവരണകാരനും വിമർശിനീകാരനും സതീർത്ഥ്യരെന്നല്ലാതെ, സബ്രഹ്മചാരികളായിരുന്നുവെന്നും തോന്നുന്നില്ല. വിവരണകാരന് സമുച്ചയകാരനേക്കാൾ വളരെ പ്രായം കുറവുമായിരുന്നു എന്നും തോന്നുന്നില്ല. തന്ത്രം മാത്രമായിരിക്കണം രണ്ടുപേരും ചേന്നാസ്സിന്റെ അടുക്കൽ പഠിച്ചതും. അന്നു വിമർശിനീകാരൻ ഉണ്ടോ, ഉണ്ടായതോ ആവോ. വിവരണകാരനോ വിമർശിനീകാരൻ ഒട്ടെങ്ങും സ്മരിച്ചുകാണാത്തതും, വിവരണത്തിലും വിമർശിനിയിലും ചില മതഭേദങ്ങൾ കാണുന്നതും കണക്കാക്കി നോക്കുമ്പോൾ, അവർ അടുപ്പമുള്ളവരായിരുന്നില്ലെന്നാണ് തോന്നിക്കുന്നത്. എന്നു മാത്രമല്ല, വിവരണപാഠപ്രകാരമുള്ള മൂലവും, വിമർശിനീപാഠപ്രകാരമുള്ള മൂലവും തമ്മിൽ ചിലേടത്തൊക്കെ ഭിന്നങ്ങളാണെന്നു പറയാം. വിവരണപാഠപ്രകാരം മൂലശ്ലോകങ്ങൾ കുറച്ചധികമുണ്ടു താനും. മതഭേദത്തിന്നു കാരണം തെക്കൻ സമ്പ്രദായവും വടക്കൻ സമ്പ്രദായവും എന്നുള്ളതായിരിക്കാം. വിവരണകാരൻ തെക്കനും, വിമർശിനീകാരൻ വടക്കനും ആണല്ലോ. ചില മന്ത്രപ്രതീകങ്ങളെ പൂരണം ചെയ്തു കാണിക്കുമ്പോൾ, രണ്ടിലും ഭിന്നമന്ത്രങ്ങളായിട്ടുപോലും ദീർഘപാഠമായിട്ടുമെല്ലാം കണ്ടിരിക്കുന്നു. സമ്പ്രദായഭേദമാകണമല്ലോ ഇതിന്റെ നിമിത്തം. ഒരു പക്ഷേ, തെക്കൻ ദിക്കിലിരുന്ന് ഒരു സതീർത്ഥ്യൻ സമുച്ചയഗ്രന്ഥത്തിന്ന് ഒരു ടിപ്പണി എഴുതിയിട്ടുള്ളത് വിമർശിനീകാരൻ അറിഞ്ഞിട്ടില്ല, കണ്ടിട്ടില്ല എന്നു തന്നെയും വന്നുകൂടായ്കയില്ല. അഥവാ അറിഞ്ഞാലും, കണ്ടാലും, സ്വന്തം സമ്പ്രദായത്തിന്നും, ഉപദേശത്തിന്നും പ്രാധാന്യവും പ്രാമാണ്യവും കല്പിച്ചുകൊണ്ടേ ഈ വക വിഷയങ്ങളിൽ പ്രവർത്തിക്കുകയുള്ളു താനും. ഇത്തരത്തിലായിരിക്കാം മൂലത്തിന്നുതന്നെ പാഠഭേദം വന്നതും, വ്യാഖ്യാനങ്ങളിൽ മതഭേദം കടന്നതും എന്നു കരുതാം.

വിമർശിനീകാരന്റെ ശിഷ്യനായിരുന്നു വിഷ്ണുസംഹിതയ്ക്കു ഹാരിണീവ്യാഖ്യാനവും, ക്രിയാക്രമവും മറ്റും എഴുതിയ പ്രൌഢകവി പുലിയന്നൂർ നാരായണൻ നമ്പൂതിരിപ്പാട് എന്നറിയുന്നുണ്ട്. 'ക്രിയാക്രമം' എന്ന കൃതിയുടെ ഒടുവിൽ "ത്രിവർഗ്ഗഫല

സിദ്ധ്യൈ" എന്നു പ്രയോഗിയ്ക്കപ്പെട്ടു കാണുന്നതു് കലിദിനവാചി കൂടിയാണെന്നും പറഞ്ഞുവരുന്നു.

XX സമുച്ചയകാരന്റെ ഇതരകൃതികൾ

സാമൂതിരിസദസ്സിലെ കവിമണിമാലയിൽ കലർന്നിരിയ്ക്കുന്ന സമുച്ചയകാരൻ 'തന്ത്രസമുച്ചയ'ത്തിനു പുറമേ വേറെയും പല കൃതികൾ നിർമ്മിച്ചിരിക്കണമെന്നുള്ളതു നിർവ്വിവാദമാണല്ലോ. അവ എന്തെല്ലാമെന്നു കണ്ടുപിടിക്കുവാൻ ഇനിയും വളരെക്കാലം ചെല്ലേണ്ടതായിരിയ്ക്കുന്നു. "പ്രക്രീഡൽകാന്താവീത്യാദി" പദ്യങ്ങൾ പോലും സമുച്ചയകാരന്റെ കൃതിയല്ലെന്നുള്ള ഒരഭിപ്രായം ചിലർ കാണിച്ചിട്ടുണ്ടല്ലോ. എന്നാൽ, "മനുഷ്യാലയചന്ദ്രിക" എന്ന കൃതികൂടി സമുച്ചയകർത്താവിന്റേതാണെന്നുള്ളതിന്നു പ്രാമാണികസമ്മതിയും യുക്തിയും ഉണ്ടു്. മനുഷ്യാലയചന്ദ്രിക പലമുള്ളതിൽ "പ്രണമ്യ വിശ്വസ്ഥപതിം പിതാമഹം" ഇത്യാദി പദ്യാരംഭത്തോടുകൂടിയ ശില്പശാസ്ത്രകൃതിയാണ് ഇഗ്രന്ഥത്തിന്റേതു് അതിന്റെ ഒരു സംസ്കൃതവ്യാഖ്യാനത്തിൽ വ്യാഖ്യാതാവു പറയുന്നുണ്ടു്, അതു സമുച്ചയകാരന്റെ തന്നെ കൃതിയാണെന്നും, സമുച്ചയനിർമ്മാണാനന്തരം ആണു് തൽപ്രണയനം നടന്നതെന്നും മററും. ആ പംക്തി നോക്കുക:—'അയം കവിഃ, മയാ തന്ത്രസമുച്ചയേ ദേവാലയലക്ഷണമുക്തം, മനുഷ്യാലയലക്ഷണം ത്വപി നോക്തം ച. തസ്മാദിദാനീം തന്ത്രസമുച്ചയാൽ കതിപയപദ്യാനി യഥാവ്യാകാംക്ഷമുദ്ധൃത്യ തൈഃ സഹ ചതുശ്ചത്വാരിംശദ്ഭിഃ ശ്ലോകൈഃ മനുഷ്യാലയലക്ഷണം വക്ഷ്യാമീതി നിശ്ചിത്യ തത്രാദൌ പ്രഥമേന ശ്ലോകേന ഇഷ്ടദേവതാനമസ്കാരം ചികീർഷിതപ്രതിജ്ഞാം ച ആഹ—'പ്രണമ്യ വിശ്വസ്ഥപതിം പിതാമഹം ... ..."ഇതി—"

ഇതു തന്നെയാണു് പ്രാമാണികസമ്മതിയായിപ്പറയാനുള്ളതു്. സമുച്ചയത്തിലെ പല പദ്യങ്ങളും ആ ഗ്രന്ഥത്തിൽ പകർത്തിച്ചേർത്തു പ്രകൃതപൂരണം ചെയ്തിട്ടുണ്ടെന്നുള്ളതാണു അതിനുള്ള പ്രധാനയുക്തി. അന്യഗ്രന്ഥമെന്ന നിലയിലല്ല സ്വകൃതിയെന്ന നിലയിലാണു് പകർത്തിക്കാണുന്നതും. ഈ മനുഷ്യാലയചന്ദ്രിക ഒരു പഴയ ഭാഷാവ്യാഖ്യാനത്തോടുകൂടി അച്ചടിയ്ക്കപ്പെട്ടും കണ്ടിട്ടുണ്ടു്. ഒരു പഴയ പ്രസിദ്ധീകരണ

മാണതു്. ആ ഭാഷാവ്യാഖ്യാനത്തിന്റെ കൎത്താവും സമുച്ചയകാരൻ തന്നെയെന്നാണു് ഊഹിക്കേണ്ടിയിരിക്കുന്നതു്. ഇതു സമുച്ചയത്തിലുള്ളതു്, ഇന്നതുമുതൽ ഇന്നതുവരെ സമുച്ചയത്തിലുള്ള പദ്യങ്ങൾ, ഇന്നതു് സമുച്ചയത്തിൽ പറഞ്ഞിട്ടുണ്ടു്— എന്നും മറ്റും അതിൽ പലേടത്തും അവിശേഷണ സമുച്ചയഗ്രഹണം ചെയ്തിരിക്കുന്നതു് ഏകകർത്തൃകതാബോധകമായിട്ടാണു് തോന്നുന്നതു്. ആ കർമ്മൈകകൃത്യത്തിനനുഗുണമായ പഴക്കം ഭാഷയ്ക്കും ഉണ്ടുതാനും. പ്രസിദ്ധീകരണം കുറേ പ്രമാദജടിലമായിപ്പോയി എന്നൊരു കുറവുമേ അതിനു പറയാനുള്ളൂ. എങ്കിലും, ആ ഭാഷാവ്യാഖ്യാനം സമുച്ചയകാരന്റേതെന്ന മതം അവിസംവാദിയാകുമെങ്കിൽ, ഭാഷാകൃതികർത്താക്കളുടെ കൂട്ടത്തിലും സമുച്ചയകാരനൊന്നാമതു സ്ഥാനം സിദ്ധിക്കാതെയും, ഭാഷാസാഹിത്യചരിത്രകാരനു് ആ കൃതിയേയും തൽകർത്താവിനേയും ആദരപൂർവ്വം അനുസ്മരിക്കാതെയും കഴികയില്ലെന്നതുകൊണ്ടു് വളരെ അഭിമാനാർഹമായി ഭവിച്ചിരിക്കുന്നു.

XXI സമുച്ചയകാരന്റെ കവിത്വം

രസികരഞ്ജിനീ'ലേഖനത്തിൽ (സാമൂതിരിപ്പാട്ടും ഏവൂർ കവികളും) സഹൃദയസാർവ്വഭൗമനായിരുന്ന അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു്, തന്ത്രസമുച്ചയകാരന്റെ കവിത്വത്തെ വളരെ ആദരപൂർവ്വം കൊണ്ടാടിയിട്ടുണ്ടു്. ആ ഭാഗം ഇവിടെ ഉദ്ധരിക്കാം:—

"ഈ തന്ത്രശാസ്ത്രഗ്രന്ഥത്തിൽ നമ്പൂരിപ്പാട്ടിലേയ്ക്കുള്ള കവിതാവൈദഗ്ദ്ധ്യവും ചുരുക്കിപ്പറവാനുള്ള സാമർത്ഥ്യവും നല്ലവണ്ണം പ്രകാശിച്ചിട്ടുണ്ടു്. ചുരുക്കിപ്പറക എന്ന വിഷയത്തിൽ സാക്ഷാൽ ഉദ്ദണ്ഡശാസ്ത്രികൾക്കുപോലും അദ്ദേഹത്തിനോടു് മടക്കമായിരുന്നു. നമ്പൂരിപ്പാടു് ഈ ഗ്രന്ഥമുണ്ടാക്കിക്കൊണ്ടിരിക്കുന്നതിനിടയ്ക്കൊരിക്കൽ യദൃച്ഛയായി ഉദ്ദണ്ഡശാസ്ത്രികൾ അവിടെച്ചെന്നപ്പോൾ, താനും രണ്ടു ശ്ലോകമുണ്ടാക്കാമെന്നും, അതിൽ അടങ്ങേണ്ടതായ കാര്യങ്ങൾ ഇന്നിന്നവയാണെന്നു പറയേണമെന്നും നമ്പൂരിപ്പാട്ടിലോടു് ആവശ്യപ്പെട്ടപ്രകാരം നമ്പൂരിപ്പാടു് സമ്മതിച്ചു്, വിഷയം പറഞ്ഞുകൊടുക്കുകയും, ശാസ്ത്രികൾ തന്റെ വാഗ്വിലാസത്തെ പ്രകടിപ്പിച്ചുകൊണ്ടു് ശ്ലോകമുണ്ടാ

ക്കാനാരംഭിയ്ക്കുകയും ചെയ്തു. ഒന്നരശ്ലോകം കഴിഞ്ഞിട്ടും പറവാനുള്ള കാര്യങ്ങൾ വളരെ ശേഷിച്ചിരുന്നതിനാൽ, പിന്നെ അരശ്ലോകംകൊണ്ട് അതുമുഴുവനും പറഞ്ഞുതീർക്കാൻ തന്നാലസാദ്ധ്യമാണെന്നുകണ്ട്, നമ്പൂരിപ്പാട്ടിലെയ്ക്കുതന്നെ കഴിഞ്ഞുകൊടുക്കുകയും, നമ്പൂരിപ്പാട് ബാക്കിയുള്ള അരശ്ലോകംകൊണ്ടുതന്നെ പറയേണ്ടകാര്യങ്ങളെ മുഴുവൻ വിസ്തരസമേതംപറഞ്ഞ് അവസാനിപ്പിയ്ക്കുകയുംചെയ്തു എന്നു പ്രസിദ്ധമാണ്."

(രസികരഞ്ജിനി, പു. ൪. ല. ൭. വരുംനമ്പ ൯—നാ. ഫ.)

ഈ പ്രസ്താവന—"തന്ത്രസമുച്ചയം— ഇതു സാമൂതിരികോവിലകത്തെ പ്രധാനതന്ത്രിയായ ചേന്നാസ്സ നമ്പൂരിപ്പാട്ടിലെ കൃതിയാകുന്നു. എല്ലാം സംസ്കൃതമാണ്. കവിതാരീതി അന്യാദൃശംതന്നെ"—എന്നു വളരെക്കാലംമുമ്പുതന്നെ, ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാരവർകൾ സ്വന്തം ഭാഷാചരിത്രപുസ്തകത്തിൽ പ്രശംസിച്ചു പറഞ്ഞിട്ടുള്ളതിന്റെ ഒരു വിവരണപ്രായത്തിലുള്ളതാകുന്നു. എന്നാൽ, ചിലർക്ക് അദ്ദേഹത്തിന്റെ (സമുച്ചയകാരന്റെ) കവിത്വം അത്ര രമണീയമായിട്ടല്ല തോന്നിയിട്ടുള്ളതെന്നും പറയേണ്ടതായിട്ടുണ്ട്. 'വിജ്ഞാനദീപിക' ൪-ാം ഭാഗത്തിന്റെ ൧൫൯-ാം വശത്ത്, "ശംഖചക്രേ ചട്ടുലവരദേ" ഇത്യാദി ൫൯-ാം പടലത്തിലുള്ള* പദ്യം ഉദ്ധരിച്ചുംകൊണ്ട് എഴുതിയിരിയ്ക്കുന്നതു നോക്കുക— "ശാസ്ത്രജ്ഞനായ ചേന്നാസ്സിനു ശബ്ദസുന്ദരമായ മേലുദ്ധരിച്ച ശ്ലോകം രചിയ്ക്കുവാൻ സാധിയ്ക്കുകയില്ലെന്നുള്ളതിനു, സമുച്ചയത്തിലെ ഇതരശ്ലോകങ്ങൾ ഓരോന്നും ഉദാഹരണങ്ങളാകുന്നു."

ഇതൊന്നല്ലാതെ, തന്ത്രസമുച്ചയത്തിൽ "ശബ്ദസുന്ദര"മായ മറ്റൊരു ശ്ലോകവും ഇല്ലെന്നാണല്ലോ ഈ വാചകത്തിന്റെ അർത്ഥം. ഈ കവിതാശൂന്യനായ ചേന്നാസ്സിന്, സാമൂതിരിപ്പാട്ടിലെ ൧൮½ കവിസദസ്സിൽ സ്ഥാനം കിട്ടിയതും, ഉദ്ദണ്ഡപ്രഭൃതി മഹാകവികൾ അതനുവദിച്ചുകൊണ്ടിരുന്നതും എങ്ങനെയെന്നു തോന്നിപ്പോകുന്നു. ശബ്ദഭംഗിപിടിച്ച ശ്ലോകം, ഒരു ശ്ലോകം, ചേന്നാസ്സെഴുതുകയില്ലെന്ന ഈ ദൃഢധാരണതന്നെയായിരിയ്ക്കണം, "പ്രക്രീഡൽകാന്തവീര്യാജ്ജ്വലനജ" ഇത്യാദിപദ്യം,

*വിജ്ഞാനദീപികയിൽ ഈ പദ്യം ൫൯-ാം പടലത്തിലേതായിട്ടാണ് കാണിച്ചിരിക്കുന്നത്. T. S. തന്ത്രസമുച്ചയം രണ്ടാംഭാഗം—൫൯-ാം വശം നോക്കുക.

ചേന്നാസ്സിന്റെ ചെറുപ്പമായി, "ശാസ്ത്രികൾ (ഉദ്ദണ്ഡൻ) മുൻകൂട്ടി ഉണ്ടാക്കിക്കൊണ്ടുവന്നു" എന്നൊക്കെയാണല്ലോ അതിൽ എഴുതപ്പെട്ടിരിക്കുന്നതു്. എന്നാൽ ആ പദ്യം ചേന്നാസ്സിന്റെതന്നെ എന്നാണു്, ശാസ്ത്രികളുടെതന്നല്ല പലരും ധരിച്ചിരിക്കുന്നതു്. അപ്പൻതമ്പുരാൻ ആണല്ലോ ആ പദ്യം ആദ്യമായി അച്ചിൽപ്പെടുത്തിയതു്. അവിടുന്നു ഉദ്ധരിച്ചിരിക്കുന്നതു് "തവ ബല വിഷയേ ഫണിധരതൊള്ളായിരപ്പോൾ" എന്നും, "വിക്രമകേസരിവര!" എന്നും ഉള്ള പാഠത്തോടുകൂടിയും, വിജ്ഞാനദീപികയിൽ, "വിഷയേ ഫണിധരത്തൊള്ളായിരപ്പോൾ" എന്നും, "കേസരനൃപ!" എന്നും ഉള്ള പാഠഭേദത്തോടുകൂടിയും ആകുന്നു. 'ഫണിധരത' എന്ന അത്യാവശ്യകമായ ക്രിയയെ, 'ഫണിധരിത' എന്നു് കർമ്മമാക്കി സമാസഘടിതമാക്കിയാൽ ശരിയാകയില്ലെന്നും, 'കേസരനൃപൻ' അവര കവിതയാണെന്നും ഉദ്ദണ്ഡനു ശീലമില്ലാത്തതാണോ! എന്റെ അഭിപ്രായത്തിൽ, ഉദ്ദണ്ഡന്റെ കവിതാം ഇതിൽ സ്പർശിച്ചു കാണുന്നില്ലെന്നും, അതു ചേന്നാസ്സിന്റെ സ്വന്തം കവിതതന്നെയാകുന്നതു് ഒട്ടും അസംഭാവ്യമല്ലെന്നാണു് പറയുവാനുള്ളതു്.

തന്ത്രസമുച്ചയം സഹൃദയന്മാർ വായിച്ചു രസിക്കുവാനുള്ള ഒരു കാവ്യമല്ല. കാവ്യദോഷങ്ങളെ മുഴുവനുംകൊണ്ടു്, അതിൽ കണ്ടു പരിശോധിക്കുന്നതും വ്യർത്ഥംതന്നെ. സങ്കേതബഹുലിതമായ തന്ത്രാഗമത്തെ സംഗ്രഹിച്ചുപറകയാണു് സമുച്ചയരചനയുടെ ഉദ്ദേശ്യം. ഗാഢിയോ ലളിതയോ ആയ കുറെ ശ്ലോകങ്ങളും എഴുതിവയ്ക്കുകയല്ല. വൃത്തബന്ധത്തിൽ കാര്യം ഒതുക്കിനിർത്തണമെന്ന നിയമം നിശ്ചയിച്ചു ഇരുന്നുവെങ്കിലും, ശബ്ദസൗന്ദര്യം നോക്കിയടങ്ങാൽ, ഉദ്ദേശ്യം നിറവേറുകയില്ലല്ലോ. എങ്കിലും, ശബ്ദാഡംബരവും മനോഹരിതയുമുള്ള പല ശ്ലോകങ്ങളും സമുച്ചയത്തിൽ ഇല്ലാതില്ലതാനും. ഏതാനും ഉദാഹരണങ്ങൾ ഇവിടെത്തന്നെ കാണിക്കാം:— 'ശംഖബ്രഹ്മപുഷ്പതുലപാമഹം'ഖി പദ്യത്തെ തുടർന്നുള്ള ചില പദ്യങ്ങൾതന്നെ ആദ്യം കാണുക:—

"പ്രോഞ്ചദ്ബാല്യതമോവാതാളംഗമാലാംവിതം—
പുഞ്ചദ്വാഗ്ഗ്രിമ പാതാള ത്രൈലോക്യതിലക

ഛത്രചാമരശിഖാരിജന്യാദിതഃ
പ്രസ്ഥിതോ ജയജയാദിവാദിനഃ.

അനുസാര്യ നല്ലാരി വിശിഷ്ടതീർത്ഥം
തത്സമ്മുഖം ന്യസ്യ സമിഷ്ടപീഠേ
സാംഗീക്രിയാഭിം പ്രവിധായ തത്ര
മൂർത്ത്യാഖ് ഷഡ്വിംശതീയാം ചതുരന്താവസാനം.

വിശോധിതേ തീർത്ഥജലേ ജലേശാ-
ദിമ്പ്യാന്തർവാഹ്യന്തിജാഷ്യസിദ്ധേ
ത്രിദ്വന്ദ്വതോയങ്ങളസംഗൃഹീതം
മേവം സ്വധീഃ കൈസ്ഥാല പഞ്ചമന്ത്രൈഃ."

ഇനി ഈ പടലത്തിൽതന്നെ ശംഖപ്രോക്ഷണച്ഛേദമാദി പദ്യത്തിന്റെ പൂർവമുള്ള ചില പദ്യങ്ങളും നോക്കുക:—

പ്രത്യുന്നയം ത്രിഷവണാർച്ചിതദേവദേവ-
ഭൂദേവദേവഭവനത്തിപ്രകരാദിഭാമം
ആനന്ദപൂർവപര്യകപൂർവ്വഭക്ഷണം ഗമീചമിപ്രം
കർപ്പൂരീത സർവ്വവിവരണസ്യ വിതാവിതാരം."

ശ്ലോ. ൧൪

പ്രാതഃ ശുദ്ധിവാമയ്യ മൂർത്ത്യം
മേവം സംക്രമംകാരണവിധാനഷംഖം
പ്ലവന്തി ധിയഃ സംക്രമണം സ്വരക്ഷ്യ
സംപൂജ്യ ദേശേന ഷിവചന്ദ്ര ഭക്തിം പ.

ശ്ലോ. ൨൭

പഞ്ചഷോഡശമൽ കടിതമാമയി കമ്പമാനം
കാന്തം ച ലോർദ്ദിനീമഹാബലമഘ്യാർശക്യകന്യാ
പ്രക്ഷാളയേൽ കയ്യും പ്രാഗേത്യ തത-
ലകാന്തമായ്കമസ്യ ക തസ്യ പ്രഥേയ."

ശ്ലോ. ൧൬

"പ്രാകാരാന്തഃ സമന്താദുപചിതതരവിതാ-
നാദിഭിർഭൂഷയിത്വാ
പൂഗസ്രങ്മാലികേക്ഷുക്രമുകബിരചിതതിലി-
ഷ്വന്തരീപാദികൈശ്ച
സംമാർജ്ജ്യാലിപ്യ ഗോമയൈർബ്ബഹളപരിമളൈർ-
മണ്ഡയിത്വാ വിശോദ്ധ്യ
ഗ്രാമേ സർവ്വത്ര സംസ്ഥാപയതു ശുഭപതാ-
കോജ്ജ്വലാൻ കേതുദണ്ഡാൻ."

ശ്ലോ. ൯

എന്തിനധികം ഉദ്ധരിയ്ക്കുന്നു? ഈ പടലം തുടങ്ങുന്നതുതന്നെ,

അഥ പ്രതിഷ്ഠാസ്നപനാദ്യനന്തരം
സമാചരേൽ സദ്ധ്വജപർവ്വസൂത്സവം;
തതോഽബ്ദസംവത്സരമുഖ്യവാസര-
വ്യവസ്ഥയാ ചാഭിമതസമാപ്തയേ."

ശ്ലോ. ൧

എന്ന് ശബ്ദമംഗീകരണത്തോടുകൂടിയ വാക്യംകൊണ്ടാകുന്നു. ഇതുപോലെ മറ്റുപടലങ്ങളിലും ധാരാളം കാണാവുന്നതുമാണ്. എട്ടാംപടലത്തിൽനിന്നു ചില വാക്യങ്ങളും കാൺക:—

"ധാത്രീം രാത്രീം പിഷ്ടമാചാമമർദ്ദ്യം
കൗശം കാശം സ്വാപ്യകം ദൗർവ്വ്യകം ച
ന്യസ്യേദ്ദിക്ഷ്വാശാക്രമാന്മദ്ധ്യഭാഗേ
പഞ്ചന്യാമിഷോപകഗോശൃങ്ഗരാമ്യേ."

ശ്ലോ. [illegible]

"ഉത്തമമുത്തമമുത്തമമദ്ധ്യം
മദ്ധ്യമമദ്ധ്യമമധമമദ്ധ്യം
ബാഹ്യമപ്യൻകനിയോജിതചക്രം
പ്രാഹുരമും നവധാ ബുധോത്തമാഃ."

ശ്ലോ. [illegible]

‘‘കുടിലകുടിലവൃക്ഷത്താന്തരീഷം സുമേരും
മസിതമിഹ സമൃദ്ധം ദ്രഷ്ടുമിഷ്ടോഹരീശേ
ഇഹ മഹിഷനിഹന്ത്ര്യാം ഖാദിതാകൽപമേ തു
ചിജവരതരുകല്പം യോജനീയം വദന്തി.’’

മുദ്രാ. വൃന്ദ

അധികം ഉദാഹരണം ആവശ്യമില്ലല്ലോ. ഇതുപോലെ തന്നെ ഇതരപടലങ്ങളിലും,

‘‘ദേവീപാദസവിധാഹിതശംഖ-
പ്രേംഖദാഹരതു വാരി വധീയഃ’’

(പടലം ൧. പദ്യം ൫൬)

‘‘നിവേദ്യ ഹൃദ്യം ബഹുപായസാദ്യം
ദേവായ സന്തൃപ്ത തദഗ്നിരൂപം’’

(പടലം ൩. പദ്യം ൭)

‘‘ഗുരുലോഭ്യമപഥപ്രസാരിപരമാത്മാച്ഛിഷ്ടലാപാതജ-
ന്യാദേത്മാമ് ബോധവശോയിതോഹനമിഷൽവാസനാപാനതം’’

(പടലം ൪. പദ്യം ൭)

‘‘ഹവ്യാദകാലായ നിധായ നാദേ
ക്രവ്യാദഭാഗം നിരൃതേ നിരസ്യേൽ’’

(പടലം ൮. പദ്യം ൩൩)

‘‘ശ്രുത്വാത്വാം ശയിതസ്യ ശർവ്വഹരയോർ-
ബിംബസ്യ മദ്യാദ് ബലിം
... ...’’

(പടലം ൯. പദ്യം ൧൮)

‘‘ക്ഷീരിദ്രുബകൃത്തൃപാദകപാലാ-
ശാദശോകനീപാജ്ജ്ഞ-
പ്രോത്ഥാന്യത്ര തു പല്ലവാന്തി കലശേ
കാർശ്യനവാശാദല്ലേ’’

(പടലം ൧൦. പദ്യം ൫൬)

"ശ്രീമദ്രത്നകിരീടകാന്തിമധുര-
ഭ്രൂവ്യാപാരാഭിരാമ-
ശ്രേണീകങ്കണനാദപാവിതമനോ-
വാരസൗധശ്രീജുഷാലികം"

(പടലം ൧. പദ്യം ൧൭)

"വ്യാത്തവ്യാളാസ്യമധ്യപ്രസൃമരനിജമൃ-
ഷോജ്ജ്വലം ശോണിതം ത-
ന്മുക്താദാമാളിവല്ലീവലയപരിഗതം
ഷ്ഷുണ്ഡൈർമ്മണ്ഡിതം ച."

(പടലം ൧൦. പദ്യം ൩൪)

"കുരപ്രസൂനാക്ഷതവാരിഹാരവൃ-
ന്ദീരഃ കിരൽഭാന്നു ചതുർമ്മുഖാദ്യാഃ
സകൃൽ സകൃൽ തത് പതിതാ പരേഭ്യോ
ബഹിർഗ്ഗ്രഹേഭ്യോ ദ്വിജപുംഗവൈശ്ച."

(പടലം ൧൨. പദ്യം ൧൮)

"പ്രേക്ഷന്ത്യഗ്രാമനീകം ... നാവകൂലകലാ-
സ്ഥാനസന്താനകാന്തിഷ്ഠപാ-
ചാരാകോലൈഃ ശൗലമാലതീചമ്പകതിലകാദിഭിഃ
കോമളാവതംസിതാ വാ,
ഭൂമിഷ്ഠാ ഭ്രമരായിതാപരശിഖരിഗതാ,
പാർശ്വസംസ്ഥാ ഫലവല്ലീ
പൂർണ്ണാ സാ പുഷ്പിതാഗ്രീ സ്വകനിലയസമാ-
കല്പിതേ സപല്ലവേതോയാ."

(പടലം ൧൮. പദ്യം ൩൭)

ഇത്യാദികളായി ധാരാളം ഉദാഹരണങ്ങൾ കാണാവുന്നതാണ്. പക്ഷേ എല്ലാ സ്ഥലത്തും ഒരുപോലെ ശബ്ദസൗന്ദര്യം ദീക്ഷയ്ക്കു സൗകര്യമുള്ളതല്ലാത്തവിധത്തിലായിട്ടാണ് ഇദ്ദേഹമെടുത്തിരിയ്ക്കുന്ന വിഷയം എന്നേ ഉള്ളൂ. അക്കാര്യത്തിൽ ഗ്രന്ഥകാരൻ അനന്യസാധാരണനായിട്ടുള്ളതാണ്. നേരെമറിച്ച്, ഈ വൈഷമ്യമേറിയ വിഷയമെടുത്തിട്ടുകൂടിയും, യഥാസ്ഥാനം യഥോചിതം ശബ്ദനിർഝരം പൊഴിയ്ക്കുവാൻ ഇദ്ദേഹം ശ്രമി

ച്ചതിൽ, ഇദ്ദേഹം അതിഗംഭീരങ്ങളായും കാണുന്നുണ്ട്. ഈ ശബ്ദസൗന്ദര്യപരിപാകം അദ്ദേഹത്തിന്റെ സഹജകവിതാസമ്പ്രദായമാണെന്നും കരുതണം. കേവലം കവിതാമാത്രസാധകമായി ഇദ്ദേഹത്തിന്റെ ഏതെങ്കിലും കൃതി കണ്ടുകിട്ടുവാനിടവന്നാൽ, അപ്പോഴേ ഇതു സർവ്വഥാ പ്രത്യക്ഷീഭവിക്കുവാനും അവസരമാവും താനും.

XXII തന്ത്രസമുച്ചയത്തിന്റെ വ്യൽപാദകത്വം

വിഷ്ണു, ശിവൻ, ശങ്കരനാരായണൻ, ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവ്, ദുർഗ്ഗാഭഗവതി എന്നീ ഏഴുമൂർത്തികളുടെ സർവ്വവിധതാന്ത്രികക്രിയകളും സമുച്ചയത്തിലന്തർഭവിക്കുന്നതുകൊണ്ട് തജ്ജ്ഞന്മാരും ഈ സമുച്ചയംകൊണ്ട് പ്രാധാന്യേന സംശ്ലിഷ്ടവും, ഗ്രന്ഥാന്തരാപേക്ഷയെ അത്യന്തം സുലഭവും ആണെന്നുള്ളത് വിശേഷിച്ചു പറയുന്നില്ലെങ്കിലും കൂടിയതന്നെ, ആഗമങ്ങളുകളിലും അന്യാദൃശങ്ങളായ ആ ആഗമവിഷയങ്ങളുടെ വ്യൽപത്തിയും ഇതിൽനിന്ന് സിദ്ധിക്കുന്നതാകുന്നു. മൂർത്തിപൂജാരഹസ്യമന്ത്രങ്ങളും ഇതിൽ തന്നെ ഉൾക്കൊള്ളിച്ചിരിക്കുന്നതും നിരീക്ഷണപടുക്കൾക്കു പ്രത്യക്ഷീഭവിക്കാൻ കഴിയുന്നതാണ്. വിഗ്രഹാരാധനാപ്രസ്ഥാനത്തിനു സിദ്ധിച്ചിരിക്കുന്ന ഇക്കാലത്ത് ഏതാദൃശവിഷയങ്ങളുടെ വിജ്ഞാനം ആസ്തികജനങ്ങൾക്കെല്ലാം അത്യന്താപേക്ഷിതവും അനുപേക്ഷണീയവും ആയിരിക്കുമെന്നുള്ളതിനും ലേശവും സംശയമില്ല.

"പ്രതിമൻ ഷഡംഗുലോത്സേധം മധ്യുപരിവ്യാസം"

എന്നാരംഭിക്കുന്ന പ്രഥമപദ്യത്തിൽതന്നെ, സാക്ഷാൽ സച്ചിദാനന്ദസ്വരൂപനായിരിക്കുന്ന പരമാത്മാവിന്റെ പരിണാമഭേദങ്ങളാണ്, ഷഡ്ഗുണസമ്പന്നമായ ഷൾപുരസ്സിനെ അധിഷ്ഠാനം ചെയ്യുന്ന സകലമൂർത്തികളും എന്നു കാണിച്ചിരിക്കകൊണ്ട്, ദ്വൈതാദ്വൈതവിശിഷ്ടാദ്വൈതങ്ങൾ അനുസരിച്ചുള്ള ഒരു സർവ്വാന്തരജ്ഞാനസിദ്ധാന്തം ഗ്രന്ഥകാരൻ സ്ഥാപിക്കുകയും, എല്ലാത്തരം സാമ്പ്രദായികന്മാരെയും അനുനയിപ്പിച്ച് ആകർഷിക്കുകയും ചെയ്തിരിക്കുന്നതു് ഇദ്ദേഹം പക്ഷാതീതനായിരുന്നതാണെന്നു. കേരളത്തിൽ നിലനിന്നുവന്ന സർവ്വമതമൈത്രിയുടെ പരമകാരണവും ഈ സിദ്ധാന്തമല്ലാതെ മറ്റൊന്നുമാണെന്നു പറയുവാനില്ല.

ഇതരമതവിദ്വേഷം കൂടാതെയുള്ള സ്വമതപ്രതിപത്തി ആണു് ഉത്തമമായ ഈശ്വരഭക്തി എങ്കിൽ, അതുതന്നെയാണു് എല്ലാവരോടും ഈ ഗ്രന്ഥം ഉപദേശിച്ചുകൊണ്ടിരിക്കുന്നതെന്നു്, വീണ്ടും വീണ്ടും ഊന്നിപ്പറയാൻ കഴിയും. അതിന്റെ വ്യുൽപത്തിലാഭമാണല്ലോ, ജീവിതത്തിലെ ആദ്യത്തേതായ ഒരു വലിയ നേട്ടംതന്നെ. വിഷയപരമായ ഈ ഗുണങ്ങളൊന്നിനു പുറമേ, സംസ്കൃതഭാഷാപരമായും സംഖ്യാസങ്കേതാദിപരമായും, ഒട്ടേറെ വ്യുൽപത്തിയെ ഈ ഗ്രന്ഥം പ്രദാനം ചെയ്യുന്നതാകുന്നു. കാവ്യങ്ങളിൽ ഏതാനും സർഗ്ഗങ്ങളും, അല്പം ചില ശാസ്ത്രഭാഗങ്ങളും പഠിച്ചു് വ്യുൽപത്തി സമ്പാദിക്കുവാൻ ശ്രമിക്കുന്നതിലും വളരെ അധികം ഫലപ്രദമാണു് സമുച്ചയപാഠംകൊണ്ടു സാധിക്കുവാൻ കഴിയുന്ന വ്യുൽപത്തി.

ഏതെല്ലാംതരത്തിലുള്ള വിശേഷവിജ്ഞാനങ്ങളാണു് ഇതിലൊതുങ്ങിയിരിക്കുന്നതെന്നു്, ഇതിലെ സൂക്തികൾ സൂക്ഷിച്ചു പരീക്ഷിച്ചുനോക്കിയാലേ അറിയാനാകൂ; എണ്ണത്തിലും വണ്ണത്തിലും അത്ര അധികമുണ്ടു് താളശബ്ദപ്രയോഗവിശേഷങ്ങളും. 'ഏറ്റനേൽ' ഇത്യാദി അപാണിനീയങ്ങളെന്നോ, അവൈദികങ്ങളെന്നോ പറയേണ്ടുന്ന അപൂർവ്വ പദങ്ങളുടെ പ്രയോഗങ്ങളും ഇക്കൂട്ടത്തിൽ [illegible]. ഇവയ്ക്കും പുറമേ വിശേഷിച്ചു പറയേണ്ടതാകുന്നു പ്രത്യേകവ്യുൽപത്തി പ്രസിദ്ധങ്ങളും അപ്രസിദ്ധങ്ങളും ആയ ഒട്ടേറെ വൃത്തങ്ങളും ഇതിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ടു്. സംഗീതജ്ഞരിൽ പ്രചാരമുള്ള വൃത്തങ്ങളും കൂടി, സാധാരണ പോലെ അവിടവിടെ പ്രയോഗിക്കുന്നതു്, ശിഷ്യവ്യുൽപത്തിയെ ഉദ്ദേശിച്ചുകൊണ്ടുതന്നെ ആയിരിക്കുമെന്നു് ന്യായമായിട്ടനുമിക്കാം. കൂട്ടത്തിൽ, അവിടവിടെ ഉപമാലികളായ പ്രസിദ്ധോദാഹരണങ്ങളും ഇല്ലാതില്ല. ഇതിന്റെ ഇടയിൽ ആളും പറഞ്ഞുകൊള്ളട്ടെ — ഏതു ഭാഗിക്കുന്ന പുസ്തകത്തിൽ, ഒരു ഖണ്ഡികയിൽ ഇവിടെ കാണിക്കാം:—

"[illegible]
[illegible]
[illegible]
[illegible]."

[illegible]

"കസ്ത്യാൽ കിരീടം ധീമതാം നൃപമതം
ത്രിപഞ്ചാസ്യപൂർവ്വമിതൈത്യധാർഢ്യം,
അണ്ഡോപമം വാ, കമലോപമം വാ,
മന്ത്രോപമം വാ, കമഠോപമം വാ."

(പടലം ൧. ശ്ലോകം ൫൬)

എന്നാൽ, ഈവക വിഷയങ്ങളൊന്നും കവിസംരംഭഗോചരങ്ങളല്ലെന്നും, വെറും ഗുണാരോപണങ്ങളാണെന്നും കരുതുന്നവരുണ്ടെങ്കിൽ, ഇതുമാത്രമല്ല, യഥാർത്ഥകാവ്യതത്ത്വം ഭാഷാവ്യാഖ്യാതാവായ ശ്രീമഹോദയപുരത്തെതിരി ഇതിനു നൽകിയിട്ടുണ്ടെന്ന് അവരറിയേണ്ടിയിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ പംക്തി കണ്ടാൽ കാണുക.— "അന്ത്യമല്ല, "ഏൽകമലോദരസാദൃശ്യം" എന്നു പ്രയോഗിക്കയാൽ, ഈ തന്ത്രസാദൃശ്യങ്ങൾ മധുരതാരോപണം സിദ്ധിക്കയാൽ, ആസ്വാദകന്മാർക്ക് ആനന്ദകരമാവുക എന്നുള്ള ധർമ്മവും സിദ്ധമായി. ഉദ്ഭിദ്യാകരത്ത്യാദി രൂപകാലങ്കാരപ്രയോഗംകൊണ്ടും, ലിഖിതയാമി, ഗുണനികാ ഈ വ്യാകരണപ്രയോഗംകൊണ്ടും, ഈ പ്രബന്ധത്തിൽ അലങ്കാരപ്രയോഗവും വ്യാകരണപ്രയോഗവും ഉണ്ടെന്നുകൊണ്ട്, പഠിക്കുന്നവർക്ക് വ്യുൽപത്തിക്കു ദൃഢതയും, പണ്ഡിതന്മാർക്ക് ഏറെയാഹ്ലാദവും വരുമെന്നു വ്യഞ്ജനാപൂരണം അറിയിക്കപ്പെട്ടു. വ്യഞ്ജനകൊണ്ട് ഉത്തമകാവ്യതയും സിദ്ധമായി.

"ഇദമുത്തമമതിശയിനി
വ്യംഗ്യേ വാച്യാദ് ധ്വനിർബുധൈഃ കഥിതഃ."

എന്ന വചനമുണ്ട്."

(കാവ്യപ്രകാശം ൧ ഉല്ലാസം ൪ ...)

കാവ്യോചിതമായ ശബ്ദാലങ്കാരത്തിലും കവി ശ്രദ്ധാവധാനനായിരുന്നിട്ടു ശബ്ദാലങ്കാരത്തെത്തന്നെ ലക്ഷീകരിച്ചുംകൊണ്ടുള്ള പ്രയോഗങ്ങൾ അവിടവിടെ അതിസുലഭങ്ങളല്ലോ. തദനുസാരേണ രചനാഭംഗിയുള്ള ഭാഗങ്ങളും ധാരാളമുണ്ട്. എന്നാൽ, അക്കൂട്ടത്തിൽ, മഹാവിദ്വാന്മാരെത്തന്നെ വിഷമിപ്പിക്കുന്നവയും, കേൾക്കുന്ന നാവിനും വഴങ്ങാത്തവയും ആയ പദ്യങ്ങളും ധാരാളമായിട്ടുതന്നെ ഇതിവൃത്തത്തോടുള്ളതും മറക്കുവാനും മറയ്ക്കുവാനും നിവൃത്തിയില്ലാത്ത പരമാർത്ഥമാകുന്നു. ആ പദ്യങ്ങൾ അങ്ങനെ ആയിപ്പോയതിൽ കവിയെ പഴിക്കുകയല്ല.

അത്തരത്തിലെങ്കിലും താദൃശവിഷയങ്ങളൊക്കെ പദ്യത്തിലാക്കിയൊതുക്കിയതിൽ ഈ മഹാകവിയെ പുളകപൂർവ്വം പുകഴ്ത്തുകയാണ് വേണ്ടത്. 'ക്രിയാകലാപബാഹുല്യവും മന്ത്രപ്രതീകജടിലവും ആയ തന്ത്രവിധാനങ്ങൾ അതിലധികം മോടിപിടിപ്പിക്കുവാൻ ആർക്കും അസാദ്ധ്യമല്ലയോ? ഈ ഒരവസ്ഥനിമിത്തം, യതിനിയമമുള്ള വൃത്തങ്ങളിൽ യതിഭംഗം കൂടാത്തവ വളരെ വിരളംതന്നെയായിപ്പോയിട്ടും ഉണ്ട്. കേരളീയപ്രാചീനസംസ്കൃതകവികൾ യതിഭംഗത്തെ അത്ര വലിയ ദോഷമായി വർജ്ജിച്ചിട്ടില്ലെന്നും പറയുവാനുണ്ട്. വൃത്തകർത്താവിന്റെ ആഗ്രഹാവഗ്രഹവ്യവസ്ഥയല്ല, കവിയുടെ ഐച്ഛികനിശ്ചയമാണ് അവരധികം മാനിക്കുന്നതെന്നു തോന്നുന്നു. കുറേക്കൂടി ചുഴിഞ്ഞു പരിശോധിച്ചാൽ ഈവക യതിഭംഗം പ്രാചീനകവികൾ അത്ര വലിയ ദോഷമായും വർജ്ജ്യമായും ഗണിച്ചിട്ടില്ലെന്നും കാണാവുന്നതാണ്. ഉദാഹരണാർത്ഥം ഭർതൃഹരിശതകത്രയാദിയിലെ പദ്യപടലം നോക്കുക. "നതു പ്രതിനിവിഷ്ടമൂർഖജനചിത്തമാരാധയേൽ" "ലഭേത സികതാസു തൈലമപി യത്നതഃ പീഡയൻ" "സുരപതിമപി ശ്വാ പാർശ്വസ്ഥം വിലോക്യ ന ശങ്കതേ"-ഇത്യാദി ബഹുധാരാളം യതിഭംഗം കാണാം. ഇത്തരം പ്രസിദ്ധപ്പെട്ട പ്രതിഷ്ഠിതകൃതികളിലെ അതിപരിചയമായിരിക്കും കേരളീയമഹാകവികളെയും യതിഭംഗം ചെയ്യുവാൻ കൂസലില്ലാത്തവരാക്കിത്തീർത്തതെന്നു കരുതാവുന്നതാണ്. അല്ലെങ്കിൽ മഹാകവി മേല്പുത്തൂർ പ്രഭൃതികൾപോലും ആ വഴിക്കു സഞ്ചരിക്കുമോ? എങ്കിലും ദോഷം ദോഷംതന്നെ എന്നതിനും സംശയമില്ല.

തന്ത്രസമുച്ചയത്തിന് ഇങ്ങനെ ബഹുമുഖമായിക്കാണുന്ന വ്യുൽപാദകത്വത്തിന്നനുഗുണമായി, സമുച്ചയം മാത്രമല്ലാതെ മുഖ്യമായിട്ടൊന്നും പഠിച്ചിട്ടില്ലാത്തവരും ബഹുമുഖവ്യുൽപത്തിശാലികളായിക്കാണപ്പെട്ടിരുന്നെന്നുംകൂടി പ്രസ്താവിച്ചുകൊണ്ട് ഈ വിചാരത്തിനു വിരാമമിട്ടുകൊള്ളട്ടെ.

XXIII തന്ത്രസമുച്ചയത്തിന്റെ പ്രാശസ്ത്യവും പ്രചാരവും

സമുച്ചയത്തിന്റെ ഉദയത്തിനു മുൻപുതന്നെ കേരളത്തിൽ സ്വതന്ത്രതന്ത്രഗ്രന്ഥങ്ങൾ ധാരാളം ഉണ്ടാവുകയും പ്രചരിക്കുകയും

ചെയ്തിട്ടുണ്ടെന്നു്, മുൻകാണിച്ച സ്വവിസ്തൃതതന്ത്രഗ്രന്ഥപരമ്പരകളിൽനിന്നു് ഗ്രഹിയ്ക്കാവുന്നതാണല്ലോ. ആ സ്ഥിതിയ്ക്കു് തന്ത്രസമുച്ചയം ഉദിച്ചതെന്തിന്നു്? അതിന്റെ പ്രത്യേകത അല്ലെങ്കിൽ വൈശിഷ്ട്യം എന്തു്? അതുകൊണ്ടു സിദ്ധിച്ച മെച്ചം അഥവാ ലാഭം എന്തു്? ഇവവക വിചാരങ്ങൾ ഇവിടെ സംഗതമാകുന്നു.

സമുച്ചയത്തിന്നു മുൻപുണ്ടായിട്ടുള്ള തന്ത്രഗ്രന്ഥങ്ങളിൽ ഓരോ ദേവന്മാരേയും ദേവിമാരേയും കുറിച്ചു് പ്രത്യേകം പ്രത്യേകം അഥവാ വെവ്വേറെ പ്രതിപാദിച്ചിരിയ്ക്കുകയാണു്. അതുകൊണ്ടു വന്നുകൂടുന്ന ക്ലേശം, തന്ത്രവിദ്യാർത്ഥികൾക്കു വളരെഗ്രന്ഥങ്ങൾ ഹൃദിസ്ഥമാക്കേണമെന്നുള്ളതുതന്നെയാകുന്നു. അല്പഗ്രന്ഥംകൊണ്ടു് അനല്പജ്ഞാനം സമ്പാദിയ്ക്കുവാനുള്ള എളുപ്പവഴിയാണു് തന്ത്രസമുച്ചയത്തിന്റെ പ്രസ്ഥാനം. തന്ത്രസമുച്ചയത്തിൽ ആകെ രണ്ടായിരത്തോളം (മന്ത്രപദ്യങ്ങളൊഴിച്ചു്) പദ്യങ്ങളേ ഉള്ളൂ. വിഷ്ണുശിവാദി ഏഴുമൂർത്തികളെസ്സംബന്ധിച്ച സകല കാര്യങ്ങളും ഈ രണ്ടായിരത്തോളമുള്ള പദ്യങ്ങൾക്കുള്ളിൽ ഒതുക്കിയിരിയ്ക്കയാണു് സമുച്ചയകാരൻ. മഹാവിഷ്ണുവിനെ പുരസ്കരിച്ചുകൊണ്ടു് സാമാന്യകാര്യങ്ങളെല്ലാം പറയുക; ഓരോ മൂർത്തികളെ സംബന്ധിച്ച വിശേഷങ്ങൾ അതാതത്തിലും കാണിയ്ക്കുക — ഇങ്ങനെ ഒരു ഉപസ്ഥാപനശൈലിയിലാണു് ഗ്രന്ഥം ചമച്ചിരിയ്ക്കുന്നതു്. ഈ രീതികൊണ്ടു്, ഗ്രന്ഥം കഴിയുന്നതും ചുരുക്കുവാനും, വിഷയം സർവ്വാംഗസമ്പന്നമാക്കുവാനും, പൊതുവേ ഒരു ദാർശനികഗൌരവം ഗ്രന്ഥത്തിന്നുണ്ടാക്കുവാനും സമുച്ചയകാരന്നു സാധിച്ചു. ഇതുതന്നെയാണു് ഇതരഗ്രന്ഥാപേക്ഷയാ സമുച്ചയത്തിന്നു സിദ്ധിച്ചിരിയ്ക്കുന്ന പരമമായ പാർത്ഥക്യവും. പദ്യരൂപതയും, വിഷയങ്ങളുടെ പടലഭേദം, ക്രമവത്ത്വം, വ്യുൽപാദകത്വം മുതലായ ശൈലീവിശേഷങ്ങളോടുകൂടി പ്രസ്തുതപാർത്ഥക്യം സമ്മേളിച്ചപ്പോൾ, സ്വർണ്ണത്തിൽ സുഗന്ധം പിടിപ്പിച്ചാലെന്നപോലെ, വിദ്യാർത്ഥികൾക്കും വിദ്വാന്മാർക്കും അതീവ ഹൃദ്യമായിട്ടും ഭവിച്ചു. ഈ വൈശിഷ്ട്യംനിമിത്തം, തന്ത്രസമുച്ചയനിർമ്മാണം സപ്രയോജനമെന്നല്ല, അത്യന്താപേക്ഷിതംതന്നെയായി ഭവിച്ചിട്ടുണ്ടെന്നുള്ളതു് നിസ്സംശയവുമാണു്.

ഈ വൈശിഷ്ട്യത്താലുണ്ടായ പ്രചാരവും തന്ത്രസമുച്ചയം സമ്പാദിച്ചിരിയ്ക്കുന്നു. കേരളത്തിലെ തന്ത്രികൾക്ക് ഇപ്പോഴും പാഠ്യഗ്രന്ഥസർവ്വസ്വമായിത്തീർന്നിരിയ്ക്കുന്നതു് 'സമുച്ചയം' തന്നെയാണെന്നു പറയാം. സമുച്ചയാനന്തരകൃതികളുടെ വിഷയത്തിലേ ഗ്രന്ഥാന്തരം അപേക്ഷിക്കപ്പെടുന്നുള്ളു. തന്ത്രിമാരുടെ 'കട്ടി'ത്തരവും ഉറപ്പും എല്ലാം സമുച്ചയത്തിനെ ആശ്രയിച്ചാണു ഇരിക്കുന്നതു്. ദേശഭേദങ്ങളൊന്നും ഇതിൽ ബാധകമല്ല. പ്രാസംഗികതന്ത്രഗ്രന്ഥങ്ങളിൽ വച്ചു്, സമുച്ചയമല്ലാതെ, മറെറാന്നും കേരളീയർക്കു് അച്ചടിച്ചുകിട്ടിയിട്ടില്ലെന്നുള്ളതും, സമുച്ചയത്തിൻെറ തൽകാലപ്രചാരത്തിനു കാരണമായിത്തീർന്നിട്ടുണ്ടായിരിക്കാം. എന്തായാലും, അതിലധികം അതിൻെറ പ്രാമാണ്യംതന്നെയാണു് പ്രാധാന്യത്തിനു കാരണം. അല്ലെങ്കിൽ, തന്ത്രസമുച്ചയഗ്രന്ഥം കൈവശമില്ലാത്ത തന്ത്രികുടുംബക്കാർ ഇത്ര വിരളമായിപ്പോകാൻ വഴിയില്ലല്ലോ.

കേരളത്തിൽ തന്ത്രികളുടെ ഇടയിൽ മാത്രമല്ല, കേരളത്തിനപ്പുറത്തും തന്ത്രസമുച്ചയത്തിനു യശസ്സും പ്രാധാന്യവും പ്രാമാണ്യവും സിദ്ധിച്ചിട്ടുണ്ടെന്നു് എടുത്തു പറയേണ്ടിയിരിക്കുന്നു. തന്ത്രസമുച്ചയത്തെ പ്രാധാന്യേന പുരസ്കരിച്ചു് ശില്പശാസ്ത്രവിഷയകമായി ഒരു വിശിഷ്ടഗ്രന്ഥമെഴുതി, ശ്രീമാൻ എൻ. വി. മല്ലയ്യാ എം. ഏ. അവർകൾ അണ്ണാമലയൂനിവേഴ്സിററിയിൽ നിന്നു് ഡോക്ടർബിരുദം നേടിയിരിക്കുന്ന വസ്തുത അഭിമാനകരമായ ഒരു സംഗതിയാണല്ലോ. ഇംഗ്ലീഷിൽ രണ്ടു വാല്യമായി പ്രസിദ്ധീകരിച്ചിട്ടുള്ള ആ പുസ്തകം, സമുച്ചയത്തിനു കേരളേതരദേശത്തു കിട്ടിയിട്ടുള്ള പ്രതിഷ്ഠയുടെ വിജയധ്വജമായിത്തന്നെ ഗണിക്കപ്പെടാവുന്നതാണ്. പ്രൊഫെസർ വിൻറർനിസ് എന്ന ജർമ്മൻമഹാപണ്ഡിതൻ ഭാരതീയസാഹിത്യത്തെപ്പററി എഴുതിയിട്ടുള്ള പുസ്തകത്തിൽ, തന്ത്രസമുച്ചയത്തെ സാദരം സ്മരിക്കുകയും, അതു് അത്യാദർശമാണെന്നു രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതും ഇവിടെ ഓർമ്മപ്പെടുത്താവുന്നതാകുന്നു. കേരളത്തിനു പുറമേ എന്നല്ല, ഇൻഡ്യയ്ക്കു പുറത്തുപോലും ഇപ്രകാരം പ്രചാരം സിദ്ധിക്കുവാനുള്ള ഭാഗധേയം 'സമുച്ചയം' നേടിവച്ചിരിക്കുകയാണ്.

XXIV സമുച്ചയത്തിന്റെ മൂലം

"സോऽയം തന്ത്രമിദം വ്യധാദ് ബഹുവിധാ-
ന്വീക്ഷ്യ തന്ത്രാണ്യപാൽ"

എന്ന് സമുച്ചയത്തിന്റെ ഒടുവിൽ കവിതന്നെ പറഞ്ഞു കാണുന്നതനുസരിച്ച്, പലതരത്തിലുള്ള തന്ത്രശാസ്ത്രഗ്രന്ഥങ്ങളാണ് 'സമുച്ചയ'ത്തിന്റെ ആകരം എന്ന നമുക്കു മനസ്സിലാക്കാം. ഈ 'പലതരത്തിലുള്ള' എന്നതിന് എന്താണർത്ഥം? നാനാ ദേവ ദേവീവിഷയകമായി വെവ്വേറെയുള്ള ആഗമങ്ങളും, കല്പങ്ങളും, സംഹിതകളും മുതലായവ എന്ന് അർത്ഥം ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഏഴാം പടലത്തിന്റെ ആരംഭത്തിലുള്ള—

"അഥാദിമേശാച്യുതമുഖ്യദേവതാ
പുമർത്ഥസർവ്വസ്വവിധായി ശുഭാവഹം;
തദീയസംസ്ഥാപനകർമ്മ യൽകൃതം
സമീരിതം സ്വാഗമസാരസംഗ്രഹാൽ"

എന്ന പദ്യംകൊണ്ട് നാലുവരെയുള്ള ഭാഗങ്ങൾക്ക് പ്രധാനാധാരം അതാതു മൂർത്തികളെ പറ്റിയുള്ള ആഗമഗ്രന്ഥങ്ങളാണ എന്ന് ആചാര്യൻ തന്നെ പറഞ്ഞുതരുന്നുണ്ട്. ഇതുപോലെ തന്നെ,

"ഇത്യാദി തത്തൽകല്പോക്ത—
വിധയാഽഥ മന്ത്രം പഠേൽ" (പടലം ൯– പ. ൪൫)
"സാകല്യം പരികല്പ്യ കല്പവിധിനാ
മത്തോപഹാരാൻ ക്രമാൽ" (പടലം ൪. പ. ൩൭)
"സ്കന്ദേശാനനയോഃ സ്വകല്പവിധിനാ
ശേഷോപചാരൈസ്തയോഃ" (പടലം ൪. പ. ൧൦.)
"ഏവമേനാവാഹ്യ തസ്മൈ സകലിതമഹസേ
കല്പവിൽ സംപ്രദദ്യാൽ" (പടലം ൪. പ. ൫൦൯)

എന്നിങ്ങനെ പലേടത്തും 'കല്പ'ങ്ങളെ ഉദ്ധരിച്ചു കാണുന്നതനുസരിച്ചും, സമുച്ചയത്തിന്റെ ആകരത്വം കല്പങ്ങൾക്കും കൂടെ [illegible]

ക്കു സിദ്ധിച്ചിട്ടുള്ള ഉപദേശങ്ങളും അനുസരിച്ചും പല ഭാഗവും നിർമ്മിക്കപ്പെട്ടിട്ടുണ്ടെന്ന് സമുച്ചയകാരൻ സമ്മതിക്കതന്നെ ചെയ്തിരിക്കുന്നു. നോക്കുക—

„അർച്ച്യാസ്ഥാനവിശുദ്ധീഃ
കാശ്ചന ഗുരുശിക്ഷിതാസ്തുപ്രവോചാമ;
അപ്യുക്തതദ്ഗസാധനയോഃ
കാശ്ചന താശ്ച ബ്രവീമി വിദിതാ യാഃ.

(പടലം ൧൦. പ. ൧൩൭)

ഇങ്ങനെ 'ബഹുവിധ'മായിരിക്കുന്ന 'തന്ത്രാർണ്ണവ'മാണ് സമുച്ചയത്തിന്റെ ആകരമെന്നല്ലാതെ ഇന്ന ഗ്രന്ഥം മാത്രമാണ് ആകരമെന്നു നിർണ്ണയിച്ചുപറക ശക്യമല്ല. എങ്കിലും സമുച്ചയകാരന്റെ പുത്രനും ശിഷ്യനുമായ വിമർശിനീവ്യാഖ്യാകാരൻ ശങ്കരൻ നമ്പൂതിരിപ്പാട്ട്, മൂലത്തിലെ സിദ്ധാന്തങ്ങളെ സമർത്ഥിയ്ക്കുന്നതിനും വിശദീകരിക്കുന്നതിനുമായി, കാശ്യപീയം, മയമതം, പ്രയോഗമഞ്ജരി, ഈശാനശിവഗുരുദേവപദ്ധതി, വിഷ്ണുസംഹിത, ക്രിയാസാരം, മുക്തിനിബന്ധനം, സ്കന്ദസദ്ഭാവം, ഭാർഗ്ഗവതന്ത്രം, സാത്വതസംഹിത, പ്രപഞ്ചസാരം മുതലായ ഗ്രന്ഥങ്ങളിൽ നിന്ന് ധാരാളം പ്രമാണവചനങ്ങളെ അവിടവിടെ ഉദ്ധരിച്ചു കാണുന്നതുകൊണ്ട്, താദൃശഗ്രന്ഥങ്ങളും കല്പഗ്രന്ഥങ്ങളും, ഗുരൂപദിഷ്ടസിദ്ധാന്തങ്ങളും ആണ് സമുച്ചയനിർമ്മാണത്തിൽ അടിസ്ഥാനമായിത്തീർന്നിട്ടുള്ളതെന്ന് നമുക്കു കണ്ടുപിടിക്കുവാൻ കഴിയും. ഏതായാലും, ആ മൌലികസിദ്ധാന്തങ്ങളെല്ലാം തന്നെ പ്രാമാണ്യംകൊണ്ടും പ്രചാരപ്രാചുര്യം കൊണ്ടും ഏററവും ആദരണീയങ്ങളായിരുന്നുവെന്ന്, സമുച്ചയത്തിനു സിദ്ധിച്ചിരിക്കുന്ന പ്രാധാന്യവും പ്രാബല്യവും നിമിത്തം നമുക്കു നിശ്ചയിക്കാവുന്നതാകുന്നു.

XXV സമുച്ചയസംജ്ഞാകരണം

„ഗുരുദിവാകരമലകരാക്ഷതക-
സ്ഫുരിതഹൃൽകമലോദരസംഭവം
ലിഖിതമാദൃഢ തന്ത്രസമുച്ചയം
ഗുണനികാവിധിസാധനസിദ്ധയേ"

എന്നാണ് സമുച്ചയകാരൻ ഗ്രന്ഥാരംഭത്തിൽ പ്രതിജ്ഞ ചെയ്യുകാണെന്നത്. എന്തുകൊണ്ടാണ്, 'വിരചയാമ്യഥ താന്ത്രികപദ്ധതിം' എന്നോ മറ്റോ എഴുതാതെ, 'തന്ത്രസമുച്ചയം ലിഖിതയാമി' എന്നുതന്നെ എഴുതിയതെന്ന് ഒന്ന ചിന്തിച്ചു നോക്കേണ്ടതല്ലയോ? വസ്തുതഃ അതിന്ന പ്രത്യേകം അർത്ഥമുണ്ട്. വിരചനമെന്നാൽ നിർമ്മിതിയായിപ്പോകും; അത് സ്വകപോലകല്പിതമാകും. ഇവിടെ, തന്ത്രസമുച്ചയം എഴുതിവയ്ക്കുകമാത്രമേ താൻ ചെയ്യുന്നുള്ളൂ എന്നാണ് ഗ്രന്ഥകാരന്റെ വിവക്ഷിതം. അവിടവിടെയായി കിടക്കുന്ന ഓരോ തന്ത്രത്തെ ഒന്നിച്ചു ചേർത്ത് എഴുതിവയ്ക്കുക മാത്രമാണ് സമുച്ചയകർത്താവിന്റെ പ്രാരിപ്സിതം എന്ന സാരം. അങ്ങനെതന്നെയാണ സമുച്ചയനിർമ്മാണമെന്നു കാണേണ്ടതാണ്. സമുച്ചയത്തിൽ ഒട്ടേറെ ഗ്രന്ഥങ്ങൾ, മുഴു നാലിലൊന്നോ എട്ടിലൊന്നെങ്കിലുമോ ഭാഗം—പരകീയഗ്രന്ഥങ്ങൾ—മന്ത്രധ്യാനാദിരൂപങ്ങൾ ആണെന്ന സൂക്ഷിച്ചു പരിശോധിക്കുമ്പോൾ തെളിയുന്നുണ്ട്. പ്രായേണ അവ ഉദ്ധൃതപ്രായങ്ങളുമാണ്. ഈ വിവേകം അത്ര വകവെയ്ക്കാതെ, ആദ്യമേ മൂലഗ്രന്ഥം അച്ചടിച്ചു തീർക്കയും, ഈ ഭാഷാപ്രസിദ്ധീകരണത്തിൽ ആ രീതി അനുകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതുകൊണ്ട്, വിദ്യാർത്ഥികൾ അന്യഥാ ധരിക്കാനിടവരരുത് എന്ന മാത്രം കരുതി ഈ സംഗതി എടുത്തു പറയുന്നതാകുന്നു. പ്രാർത്ഥനാ—മന്ത്രധ്യാനാദിരൂപങ്ങളായ പദ്യങ്ങൾക്കുകൂടി ക്രമസംഖ്യ ഇട്ടുകാണുന്നത്, ആകെയുള്ള ശ്ലോകസംഖ്യയുടെ ജ്ഞാനത്തിന് ഉപകരിക്കുമെന്നുള്ളതിൽ സംശയമില്ല. എന്നാൽ, അവ ഉദ്ധരണങ്ങൾ മാത്രമാണെന്ന മനസ്സിലാക്കണം, സമുച്ചയകാരകൃതങ്ങളല്ല. എങ്കിലും, ഏതദ്ഭിന്നങ്ങളായ പദ്യങ്ങൾ എല്ലാം സമുച്ചയകാരന്റെ കൃതികൾ തന്നെ എന്നതിൽ സന്ദേഹമില്ല.* ചില ചില ഭാഗങ്ങളിൽ യഥായോഗ്യം കൂട്ടിച്ചേർത്തു ചൊല്ലുവാൻ സമുച്ചയകാരൻ ഉപദേശിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ അത്തരത്തിലുള്ള ഭാഗങ്ങൾ ഗുരൂപദേശദ്വാരാ ഗ്രഹിക്കേണ്ടതാണ. സുപ്രസിദ്ധനായ "ബാലശങ്കര"കാരൻ കൂടെക്കൂടെ പറയാറുള്ളവിധം, അന്നന്ന പ്രമാണജ്ഞരോട് ചോദിച്ചു നിശ്ചയിക്കേണ്ട കാര്യവും സമുച്ചയകാരൻ ചിലേടത്ത് പ്രസ്താവിച്ചിട്ടുണ്ട്. അതായത് കാലദേശാവസ്ഥകൾക്ക

വിട്ടുകൊടുത്തിട്ടുള്ള സംഗതികൾ. ഈ വസ്തുതകളും, ഈ കൃതിയുടെ സമുച്ചയസ്വരൂപതയും സമ്പാദിക്കാമെന്നു തന്നെ പറയാം. "ബഹുവിധദൃഷ്ട്യാ തന്ത്രാന്തരങ്ങളാൽ ഈദം തന്ത്രം വ്യധാൽ" എന്നു ഒടുവിൽ പറഞ്ഞിട്ടുള്ളതു്; പ്രസ്തുതസിദ്ധാന്തത്തിനു വിപരീതമല്ലെന്നും ഗ്രഹിക്കണം. പടലാന്തപദ്യഭാഗങ്ങളും അങ്ങനെതന്നെ എന്നു പറയേണ്ടതില്ലല്ലോ.

XXVI ഭാഷാവ്യാഖ്യാകാരനും ഭാഷാവ്യാഖ്യാനവും.

കുഴിക്കാട്ടില്ലത്തു മഹേശ്വരൻ ഭട്ടതിരിയാണ് ഈ ഭാഷാവ്യാഖ്യാനം എഴുതിയതെന്നുള്ളതിന്, ഗ്രന്ഥാവസാനത്തിൽ തന്നെ ലേഖപ്രമാണമുള്ളതു് വഴിയേ സമാധാനമാണ്. തച്ചുശാസ്ത്രഭാഗത്തിനുമാത്രമായി മറെറാരു ഭാഷാവ്യാഖ്യാനം കൂടി ൧-ാം വാല്യത്തിൽ ചേർത്തിട്ടുള്ളതിന്റെ കർത്താവു് ആരാണെന്നു് ഇനിയും അറിവുകിട്ടിയിട്ടില്ല. ആ വ്യാഖ്യാനത്തിന്റെ താളിയോലഗ്രന്ഥം, ആലുവായ്ക്കു സമീപമുള്ള ആലങ്ങാട്ടു രാജാവിന്റെ കോയിക്കൽനിന്നാണു് ലഭിച്ചിട്ടുള്ളതെന്നു് ൧-ാം വാല്യത്തിൽതന്നെ കാണിച്ചിട്ടുണ്ടല്ലോ. ആലങ്ങാട്ടു രാജകുടുംബം തച്ചുശാസ്ത്രത്തിനു കുറെ പാരമ്പര്യപ്രസിദ്ധിയുള്ളതാകുന്നു. സമീപകാലംവരെ വിദഗ്ദ്ധന്മാരായ ശില്പശാസ്ത്രജ്ഞന്മാർ അവിടെ ഉണ്ടായിരുന്നതാണും. അവിടെയുണ്ടായിരുന്ന ഏതെങ്കിലും തമ്പുരാനായിരിക്കയില്ലേ ഈ ഭാഗത്തിന്റെ—ഈ വ്യാഖ്യാനത്തിന്റെ—കർത്താവെന്നു സംശയിക്കുവാനവകാശമുണ്ട്. കൂടുതലന്വേഷിച്ചും ചിന്തിച്ചും പരിശോധിച്ചും വേണം തീർച്ചപ്പെടുത്തുവാൻ. ഒരു വഴി തുറന്നുവെയ്ക്കുന്നു എന്നുമാത്രം കരുതിയാൽ മതി. വ്യാഖ്യാനവും, ഭാഷ ധാരാളം പഴക്കമുള്ളതാണ്.

കുഴിക്കാട്ടുഭട്ടതിരി തിരുവിതാംകൂറിൽ തിരുവല്ലാദേശത്തുള്ള ആളാണ്. ഇദ്ദേഹം കൊല്ലവർഷം ൧൦-ാം നൂററാണ്ടിലും ൧൧-ാം നൂററാണ്ടിലുമായി ജീവിച്ചിരുന്ന ഒരു പണ്ഡിതവര്യനാണെന്നും ശേഷസമുച്ചയത്തിനും ഇദ്ദേഹത്തിന്റേതായ ഭാഷാവ്യാഖ്യാനമുണ്ടെന്നും, 'കുഴിക്കാട്ടുപച്ച' എന്ന പേരിൽ മറെറാരു ഗ്രന്ഥവും മററും തന്ത്രവിഷയകമായിത്തന്നെ ഭാഷയിൽ ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ടെന്നും, തന്ത്രത്തിനു പുറമെ മററു വിഷയങ്ങളിലും

ഇദ്ദേഹം പണ്ഡിതനായിരുന്നു എന്നും, ജ്യോതിശ്ശാസ്ത്രത്തിൽ വിശേഷവൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്നുവെന്നും മററുമുള്ള വിവരങ്ങൾ പ്രാരംഭഭാഗത്തിന്റെ അവതാരികയിൽ പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ട്. തന്ത്രത്തിനു പാരമ്പര്യപ്രസിദ്ധിയുള്ളതാണ് ഈ കുടുംബം. പല തന്ത്രഗ്രന്ഥങ്ങളുടെ കർത്താവായ ഗർത്താരണ്യശങ്കരനും മററും ഈ കുടുംബത്തിലെ അംഗങ്ങളായിരുന്നു. ഗ്രന്ഥകർത്തൃത്വം കൊണ്ടു മാത്രമല്ല, തന്ത്രവൃത്തികൊണ്ടും കുടുംബം പ്രസിദ്ധമാണ്. മഹേശ്വരൻഭട്ടതിരി കൊല്ലം ൧൦൪൦-ൽ ദിവംഗതനായിക്കഴിഞ്ഞിരിക്കുന്നു. ഈ വ്യാഖ്യാനത്തിനു ഉദ്ദേശം നൂറുകൊല്ലത്തിൽ കൂടുതൽ കാലത്തെ പഴക്കമുണ്ടെന്നു കാണാവുന്നതാണ്. തന്ത്രിമാരുടെ ഇടയിൽ ഗ്രന്ഥത്തെപ്പോലെ തന്നെ ധാരാളം പ്രാധാന്യവും പ്രാമാണ്യവും നേടിക്കഴിഞ്ഞിട്ടുള്ളതാണ് ഈ വ്യാഖ്യാനം. സംസ്കൃതത്തിൽ പരിശ്രമം ഇക്കാലം ചുരുങ്ങിച്ചുരുങ്ങിക്കഴിഞ്ഞുവരുന്ന നമ്പൂതിരിമാരുടെ ഇടയിലുള്ള തന്ത്രിമാർക്ക് ഈ വ്യാഖ്യാനം വലിയൊരു നിധി തന്നെയാണെന്നു നിസ്സംശയം പറയാം.

മൂലത്തിന് അന്വയക്രമേണ വിസ്തരിച്ചു വ്യാഖ്യാനിക്കുക തന്നെയാണ് പൊതുവേ ചെയ്തുകാണുന്നത്. ചില ചില ദിക്കുകളിൽ മൂലാധികമായി പാഠവും വിശദീകരിച്ചുതരുന്നതുമുണ്ട്. ആവശ്യകപ്രസംഗവശാൽ 'ശില്പരത്നം' മുതലായ ഗ്രന്ഥങ്ങളിലെ ശ്ലോകങ്ങൾകൂടി ഇടയ്ക്കുചേർത്തു വ്യാഖ്യാനിക്കയും ചെയ്തിട്ടുണ്ട്. ശില്പരത്നത്തിനു പുറമേ, കലശചന്ദ്രിക, വിവരണവ്യാഖ്യ, വിമർശിനീവ്യാഖ്യ, ആഗമങ്ങൾ, മററു പ്രാചീനഗ്രന്ഥങ്ങൾ, പ്രപഞ്ചസാരം മുതലായവയേ വ്യാഖ്യാനത്തിൽ അവിടവിടെ സ്മരിക്കുകയും ആവശ്യകങ്ങളായ ഭാഗങ്ങളും ആശയങ്ങളും ഉദ്ധരിച്ചു കാണിക്കുകയും ചെയ്തിട്ടുമുണ്ട്. വിവരണവ്യാഖ്യാനത്തെയാണ് പ്രായേണ ഈ വ്യാഖ്യാനം പിന്തുടരുന്നതെന്നു പറയാം. മൂലപാഠവും വിമർശിനിയ്ക്കനുരൂപമായിട്ടല്ല, വിവരണാനുസൃതമായിട്ടാണ് സ്വീകരിക്കപ്പെട്ടിരിക്കുന്നത്. അതുനിമിത്തം, നാഗരാക്ഷരപുസ്തകവും, ഈ ഭാഷാവ്യാഖ്യാനസഹിതപുസ്തകവും തമ്മിൽ മൂലത്തിന് സ്ഥാനഭേദവും, പൊരുത്തക്കേടും, ന്യൂനാധിക്യവും മററും പററിയിട്ടുണ്ട്. ചിലേടത്തു്

മൂലത്തിന്റെ ശുദ്ധിയും സംശയാസ്പദമല്ലെന്നില്ല. "പ്രാങ്മുഖ്യ ഗോമയജലാൻ പ്രോൽക്ഷിത്യ" (പ., ന., ...) ഇത്യാദിഭാഗം ഉദാഹാര്യമാണ്. വ്യാഖ്യാനസൗകര്യാർത്ഥമായ മൂലപാഠമാണ് മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നതും. ഭാഷാസംബന്ധിച്ചും വ്യാഖ്യാനം ശ്ലാഘയമാണ്. ലളിതവും ശുദ്ധവും സ്പഷ്ടവും ആണ് പ്രായേണ ഭാഷാശൈലി. ചില നിസ്സൂർഷകരാവും കൺകേട്ടും അതിലും ഇല്ലെന്നുമില്ല. എങ്കിലും അതെത്രയോ നിസ്സാരതരം! ഇത്ര വിപുലവും ഗഹനവും ആയ മൂലഗ്രന്ഥത്തെ ഇത്തരത്തിലെങ്കിലും സമ്പൂർണ്ണമായി വ്യാഖ്യാനിച്ചു വെച്ചു മഹേശ്വരൻ ഭട്ടതിരി ചെറിയൊരു പകാരമല്ല തന്ത്രികൾക്കു ചെയ്തിരിക്കുന്നത്. ശാശ്വതികമായ ഒരു മഹാനുഗ്രഹമാണ്. ഇന്നത്തേയും ഇനിയത്തേയും കേരളീയതന്ത്രിലോകം മുഴുവൻ എത്രയും കൃതജ്ഞതയോടുകൂടി ശ്രീ മഹേശ്വരൻ ഭട്ടതിരിയോടുള്ള കടപ്പാടിനെ ആദരപൂർവം അനുസ്മരിക്കുതന്നെ ചെയ്യും. 'കേരളഭാഷാ സാഹിത്യചരിത്ര'ത്തിലും ശ്രീമഹേശ്വരൻ ഭട്ടതിരിക്ക് ഒരു സമുന്നതസ്ഥാനം ലഭിക്കാതിരിക്കാൻ തരമില്ല. കാരണം, ഇതിന്റെ ബഹുമുഖമായ അമൂല്യതതന്നെ.

XXVII. ഈ പ്രസിദ്ധീകരണം.

തിരുവനന്തപുരം ക്യൂറേറ്റർ വക താളിയോലഗ്രന്ഥങ്ങളുടെ സൂചീപുസ്തകം ൩-ാം ഭാഗത്തിന്റെ അവതാരികയിൽ തന്നെ ഈ പ്രസിദ്ധീകരണം സംബന്ധിച്ച വിജ്ഞാപനം രേഖപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. *അതിൽ മഹേശ്വരൻഭട്ടതിരിയുടെ ഈ വ്യാഖ്യാനത്തെത്തന്നെ നാരായണഭട്ടതിരിയുടേതെന്നു പറഞ്ഞു പോയെന്നേയുള്ളു. വ്യാഖ്യാനമാതൃക ഒന്നുമാത്രമാണ് ഇവിടെ സംശോധിക്കപ്പെട്ടിട്ടുള്ളതും, ഈ പ്രസിദ്ധീകരണത്തിന് ആധാരമായിരുന്നിട്ടുള്ളതും എന്ന് ൧-ാംഭാഗത്തിന്റെ അവതാരികയിൽത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ. മാതൃകയുടെ അപര്യാപ്തതയും, വിഷയത്തിന്റെ ദുർബോധതയും, മറ്റും പ്രസിദ്ധീകരണത്തിന്റെ സത്വരതയ്ക്കു കൂടെക്കൂടെ വൈഷമ്യങ്ങളുണ്ടാക്കിയിട്ടുണ്ട്. എങ്കിലും, ആ വിഷമതകളെല്ലാം ഒരുവിധം കടന്ന് ഇപ്പോൾ ഇതു പൂർണ്ണമായി പ്രകാശിപ്പിക്കുവാൻ സാധിച്ചിരിക്കുന്നു.

*Vide Vol VI· p· 4·

ജ്യൌതിഷമഹോപാദ്ധ്യായൻ ശ്രീമാൻ എൻ. രാഘവൻ നായർ അവർകളും, വ്യാകരണമഹോപാദ്ധ്യായനും, മീമാംസാശിരോമണിയുമായ ബ്രഹ്മശ്രീ എസ്. ശങ്കരരാമശാസ്ത്രികൾ അവർകളും ഇതിന്റെ പ്രൂഫ് പരിശോധകന്മാരായി, എനിയ്ക്കു പുറമേ നിയുക്തരായിരുന്നിട്ടുണ്ട്. അവരുടെ ഉദാരവും ഹാർദ്ദവുമായ സേവനത്തെ കൃതജ്ഞതാപൂർവ്വം ഇവിടെ അനുസ്മരിയ്ക്കാതിരിയ്ക്കാവുന്നതല്ല. ഞങ്ങളുടെ ആനററി ഡയറക്ടർ പ്രൊഫെസ്സർ ബ്രഹ്മശ്രീ വി. എ. രാമസ്വാമിശാസ്ത്രികൾ (എം. എ. ശിരോമണി etc., etc.,) അവർകളുടെ നിഷ്കർഷവും നിർദ്ദേശവും അനുസരിച്ചാണ് ഇത്രയും വിസ്തൃതമായ ഒരവതാരിക ഇതിന്നെഴുതുവാൻ ഇടയായതെന്ന് പറയാതെതന്നെ അറിയാവുന്നതാണല്ലോ. ഇത്തരത്തിലെങ്കിലും ഇതു പൂർത്തിയാക്കി എടുക്കുന്നതിന് ഈ ലേഖകൻ എത്രമാത്രം ക്ലേശം സഹിച്ചിട്ടുണ്ടെന്നും, എത്രമാത്രം ഗ്രന്ഥങ്ങൾ അദ്ധ്യയനം ചെയ്യേണ്ടിവന്നിട്ടുണ്ടെന്നും വായനക്കാർക്കുതന്നെ കണ്ടറിയാൻ കഴിയും. തന്ത്രസംബന്ധമായി ഇതിൽ സമാഹരിച്ചിട്ടുള്ള വിഷയങ്ങൾ എല്ലാം തന്നെ സമൂലങ്ങളും, എന്നാൽ സമഗ്രരൂപേണ അന്യത്ര സുദുർല്ലഭങ്ങളും ആണെന്നാണ് ലേഖകന്റെ ധാരണ. ഈ അവതാരികയിൽ എന്തെല്ലാം വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ളതിനെ സംഗൃഹീതരൂപത്തിൽ ഒരു പട്ടിക ചേർക്കുന്നത് പല വായനക്കാർക്കും ആവശ്യമായിരിക്കുമെന്നുവെച്ച്, അങ്ങനെ ഒന്നാണ് ചുവടെ ചേർത്തുകൊള്ളുന്നു:—

I. വിദ്യാസ്ഥാനങ്ങളിൽ തന്ത്രത്തിനുള്ള സ്ഥാനം.

ധർമ്മശാസ്ത്രങ്ങളുടെ കൂട്ടത്തിൽ ഗണിക്കണമെന്ന സപ്രമാണം കാണിക്കുക.

II. തന്ത്രാഗമാദിവിവരണം.

തന്ത്രാഗമസംഹിതാഭേദങ്ങൾ, അവയുടെ ലക്ഷണം, അവയുടെ വകഭേദം, എണ്ണം, പേര്, വൈശിഷ്ട്യം മുതലായവ.

III. ചില വിപ്രതിപത്തികൾ.

ശ്രുതിദ്വൈവിധ്യമതം, അർത്ഥഭേദം, സമീചീനാർത്ഥം; വൈദികരുടെ താന്ത്രികനിന്ദ, അഭിനവശങ്കരാചാര്യമതം, സായ

ണാദിഭാഷ്യകാരന്മാരുടെ അഭിപ്രായം; വൈഷ്ണവതന്ത്രങ്ങളുടെ വേദമൂലകത്വം, ഏകായനശാഖ; പ്രസ്തുതതന്ത്രങ്ങളുടെ അവൈദികത്വവാദം, എതിർപക്ഷം, മാധ്വാദിമതം; തന്ത്രബാഹ്യമൂലകത്വത്തിനു പ്രമാണം; ശൈവാഗമപ്രാമാണ്യചിന്ത, ശാക്തതന്ത്രചിന്ത, മഹാനിർവാണതന്ത്രമതം, സൂതസംഹിതാമതം, മധുസൂദനസരസ്വതീമതം; തന്ത്രാധികാരികൾ, താന്ത്രികബാഹ്യത്വം, വൈഖാനസാഗമമതം, തന്ത്രവും വേദങ്ങളും.

IV. താന്ത്രികസൂത്രങ്ങൾ.

വൈഖാനസസൂത്രം, നാരദഭക്തിസൂത്രം, ശാണ്ഡില്യഭക്തിസൂത്രം, പാശുപതസൂത്രം, ശ്രുതിശാസനസൂത്രം, പരശുരാമകല്പസൂത്രം, ശക്തിസൂത്രം.

V. തന്ത്രപ്രസ്ഥാനവും നവീനലോകവും.

രമേശചന്ദ്രദത്തമതം, ബ്രാഹ്മസമാജപ്രതിനിധിമതം, സർ മോണിയർ വില്യംസിന്റെ മതം, വിന്റർനിസ്സിന്റെ മതം; നവീനലോകമുഖസ്ഥാവഹേളം; സർ ജോൺവുഡ്രോഫിന്റെ പരിശ്രമവും സിദ്ധാന്തവും; ദേവീമാഹാത്മ്യത്തിൽ പക്ഷഭേദം; വിഷ്ണുക്രാന്താ, രഥക്രാന്താ, അശ്വക്രാന്താ എന്നു മൂന്നിനത്തിലായി നൂറ് വീതം ആകെ മുന്നൂറ് തന്ത്രങ്ങളുടെ നാമാവലി.

VI. തന്ത്രപ്രസ്ഥാനത്തിലെ പ്രമാണങ്ങൾ.

പ്രത്യക്ഷാദിഐതിഹ്യാന്തം ൧൦-പ്രമാണങ്ങൾ; മാധവസിദ്ധാന്തവും, രാമാനുജീയമതവും.

VII. താന്ത്രികവ്യാപ്തി.

വേദം, ഉപനിഷത്ത്, പുരാണം, മന്ത്രശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, ശില്പശാസ്ത്രം, വൈദ്യശാസ്ത്രം, സ്മൃതികൾ, ഇതിഹാസങ്ങൾ, ജൈനശാഖ, ബൌദ്ധശാഖ, ക്രിസ്തുമതശാഖ എന്നിവയിലും മാതൃകാവർണ്ണമാലയിൽതന്നെയും താന്ത്രികവ്യാപ്തി ഉണ്ടെന്ന്.

VIII. തന്ത്രശാസ്ത്രത്തിലെ കലകളും മാതൃകാവർണ്ണമാലയും.

ശിവ-ശക്തി-ബിന്ദുരൂപമായ തത്ത്വത്രയം; കലകളുടെ ഉത്പത്തി, സ്വഭാവം; അനേകകലാകലാംശഭേദങ്ങൾ; വർണ്ണമാലാ

സൃഷ്ടിപ്രകാരം, ധ്വനി-നാദ-നിരോധികാ--അർദ്ധചന്ദ്ര-ബിന്ദു-പരാ-പശ്യന്തി-മദ്ധ്യമാ-വൈഖരീ സമുൽപത്തിപ്രകാരം; സൗമ്യ-സൗര-ആഗ്നേയഭേദേനയുള്ള വസ്തുവിഭാഗം; സ്വമ-സ്വർ-യരല വാദികളിൽ നിന്ന്. ഹ്രാം-ഹ്രീം-ഹ്രൂം ഇങ്ങനെ ബീജ കലകളുടെ സിദ്ധി, ഇവയ്ക്ക് പ്രമാണപ്രദർശനം.

IX. തന്ത്രത്തിന്റെ കാലം.

പ്രാമാണികമതവും നവീനമതവും, വിന്റർനിസ്സിന്റെ സിദ്ധാന്തവും അതിന്റെ അയുക്തതയും, മഹാഭാരതത്തിലെ തന്ത്രപരാമർശത്തിന് ഉദാഹരണവും, അതിന്റെ പ്രാമാണ്യവും, രാമായണകാലത്തും തന്ത്രമുണ്ടെന്നുള്ളതിന്ന തെളിവ്, ഹരപ്പം മോഹഞ്ജോ ദരോ ദേശങ്ങളിൽനിന്ന കണ്ടുകിട്ടിയിട്ടുള്ള ചിത്രരൂപലിപികൾ താന്ത്രികലിപികളാണെന്ന സിദ്ധാന്തം. ശ്രീശങ്കരാനന്ദസ്വാമിയുടെ താന്ത്രികസിദ്ധാന്തങ്ങളും അവയുടെ പ്രാധാന്യവും.

X. കേരളദേശവും തന്ത്രവും.

കേരളത്തിന്റെ പ്രതിഷ്ഠയോടുകൂടി അവിടെ തന്ത്രത്തിന്നും പ്രതിഷ്ഠ കിട്ടിയെന്ന്, ഈ വിഷയത്തിൽ പ്രാമാണികഗ്രന്ഥങ്ങളിലെ സിദ്ധാന്തങ്ങൾ, ചരിത്രാതീതകാലത്ത് തന്ത്രസത്തയില്ലെന്ന പൂർവ്വപക്ഷവും, സപ്രമാണം തൽഖണ്ഡനവും; ക്ഷേത്രപ്രതിഷ്ഠാകാലകലിവാക്യപ്രാമാണ്യം.

XI കേരളത്തിലെ ക്ഷേത്രങ്ങൾ.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ രാജ്യങ്ങളിലെ സുപ്രസിദ്ധക്ഷേത്രങ്ങൾ; ഓരോന്നിന്നും പട്ടികകൾ.

XII. കേരളക്ഷേത്രങ്ങളിലെ മൂർത്തികൾ.

ശൈവ, വൈഷ്ണവ, ദേവീപ്രഭൃതിഭേദേന ഇരുന്നൂറോളം മൂർത്തിഭേദങ്ങൾക്ക് പ്രമാണപ്രദർശനം, അയ്യപ്പസ്വാമിക്ഷേത്രം, ചേരമാൻപെരുമാൾ പ്രതിഷ്ഠ, ഖഡ്ഗ, ശൂല, ചക്രാദിപ്രതിഷ്ഠകൾ.

XIII. കേരളത്തിലെ ക്ഷേത്രങ്ങളുടെ പ്രത്യേകതകൾ.

ശില്പസമ്പ്രദായം മുതൽക്കുള്ള ബാഹ്യവിധ പാർത്ഥക്യങ്ങൾ, ഭരണസമ്പ്രദായവൈശിഷ്ട്യം, യതീശ്വരപ്രാധാന്യം, മേലാണ്മ പ്രാധാന്യം, ഊരാണ്മപ്രാധാന്യം മുതലായവയ്ക്ക് പ്രമാണം.

XIV. തന്ത്രത്തിലെ പ്രസ്ഥാനത്രയവും, കേരളപ്രസ്ഥാനമാഹാത്മ്യവും.

കാശ്മീരികപ്രസ്ഥാനം, ബംഗാളപ്രസ്ഥാനം, കേരളപ്രസ്ഥാനം എന്ന മൂന്നു പ്രസ്ഥാനങ്ങളിൽ കേരളപ്രസ്ഥാനത്തിനുള്ള വിശിഷ്ടതകൾ, വാമമാൎഗ്ഗപ്രസ്ഥാനത്തിന്നും കേരളത്തിൽ സ്ഥാനം, മേഴത്തോളഗ്നിഹോത്രിയുടെ അനുജൻ, പുളിയാമ്പിള്ളിനമ്പൂതിരി, ചിറവൂർ നമ്പൂരിപ്പാട്ട്.

XV. കേരളത്തിലെ തന്ത്രാചാൎയ്യന്മാർ.

കൎമ്മിഗ്രന്ഥകാരന്മാരെന്നു ദ്വിവിധാചാൎയ്യന്മാർ; പ്രധാനതന്ത്രികുടുംബങ്ങളുടെ പട്ടിക, ഗ്രന്ഥകാരാചാൎയ്യന്മാർ, നാറാണത്തുഭ്രാന്തൻ, ശ്രീശങ്കരഭഗവൽപാദർ, പ്രയോഗമഞ്ജരീകാരൻ, ഈശാനശിവഗുരുദേവപദ്ധതികാരൻ, വില്വമംഗലത്തു സ്വാമിയാർ, പ്രദ്യോതകാരൻ, ഈശാനശിവഗുരുദേവപദ്ധതി കേരളീയമെന്ന സ്ഥാപന, ശങ്കരഭഗവൽപാദാദികളുടെ പട്ടിക, തന്ത്രസമുച്ചയകാരാദി ആധുനികാചാൎയ്യന്മാരുടെ പട്ടിക, കേരളീയതന്ത്രഗ്രന്ഥപരമ്പര.

XVI. തന്ത്രസമുച്ചയകാരന്റെ കാലം.

കൊല്ലവർഷം ൬൦ മുതൽ, അദ്ദേഹം ജനിച്ചു എന്ന സിദ്ധാന്തം; ഇതിലെ മതഭേദങ്ങൾ, തന്നിരൂപണം, സിദ്ധാന്തപ്രാമാണ്യം.

XVII. സമുച്ചയകാരന്റെ ദേശം.

ശ്രീ ഗണപതിശാസ്ത്രികളുടെ പ്രസ്താവന, തന്നിരൂപണം, വന്നേരിനാട്ടിൽ ചെറിങ്ങിരി ചേന്നാസ്സുമന എന്നതിനു പ്രമാണം.

XVIII. സമുച്ചയകാരന്റെ സമകാലികന്മാർ.

പതിനെട്ടരക്കവികളിൽ പതിനെട്ടരക്കവികൾ, സുന്ദരോദാഹരണകാരന്മാരെന്ന വിചാരം, മതഭേദങ്ങൾ, ഗ്രന്ഥപ്രാമാണ്യം,

കാക്കശ്ശേരിയുടെ ഊരും, തിരുവിഴപ്പാടൻറതും ആയ നാരായണാചാര്യൻ എന്ന സിദ്ധാന്തം, അതു 'കിഴവപ്പുറം' ആയിരിയ്ക്കാമെന്ന്, ലക്ഷ്മീമാനവേദകാരൻ, സാഹിത്യമല്ലൻ വാസുദേവൻ, കവിചിന്താമണികാരൻ കരുണാകരമാരാർ, പൂർണ്ണപുരുഷാർത്ഥചന്ദ്രോദയകാരൻ തെക്കേപ്പാട്ട സ്വാമിയാർ.

XIX. സമുച്ചയകാരശിഷ്യപ്രശിഷ്യന്മാർ.

വിവരണവ്യാഖ്യാകാരൻ, വിമർശിനീവ്യാഖ്യാകാരൻ, തൊഴുന്നൂരനുഷ്ഠാന (അനുഷ്ഠാനസമുച്ചയ)കാരൻ, വ്യാഘ്രഗ്രാമ (പുലിയന്നൂർ) നാരായണൻ നമ്പൂതിരി.

XX. സമുച്ചയകാരന്റെ ഇതരകൃതികൾ

മനുഷ്യാലയചന്ദ്രിക, അതിന്റെ ഭാഷാവ്യാഖ്യാനം.

XXI. സമുച്ചയകാരന്റെ കവിത്വം.

ശ്രീഅപ്പൻതമ്പുരാന്റെ അഭിപ്രായം, ഭാഷാചരിത്രകാരന്റെ അഭിപ്രായം, വിജ്ഞാനദീപികാമതം, കവിതോദാഹരണോപാദ്യങ്ങൾ.

XXII. തന്ത്രസമുച്ചയത്തിന്റെ വ്യുൽപാദകത്വം.

ദൈവികവ്യുൽപത്തി, തന്ത്രവ്യുൽപത്തി, സംസ്കൃതഭാഷാവ്യുൽപത്തി, സാങ്കേതികവ്യുൽപത്തി, വൃത്തവ്യാകരണാലങ്കാരാദിവ്യുൽപത്തി.

XXIII. സമുച്ചയത്തിന്റെ പാർത്ഥക്യവും പ്രചാരവും.

പ്രതിപാദനരീതിവൈശിഷ്ട്യം, ഉത്സർഗ്ഗാപവാദശൈലീസ്വീകരണം, ചുരുക്കം, പദ്യാത്മകത്വം, ശ്രീമല്ലയ്യായുടെ പ്രബന്ധം, വിൻറർനിസ്സിന്റെ പരാമർശം.

XXIV സമുച്ചയത്തിന്റെ മൂലം.

കല്പങ്ങൾ, ആഗമങ്ങൾ, ഉപദേശങ്ങൾ, ഇതരഗ്രന്ഥങ്ങൾ

XXV. സമുച്ചയസംഗ്രഹകരണം.

സമുച്ചയത്തിലെ വളരെപ്പദ്യങ്ങൾ പരകീയങ്ങളാണെന്ന്, നാമകരണത്തിലുള്ള വൈചിത്ര്യം, ഗ്രന്ഥപാഠശതപ്രമാണം.

XXVI. ഭാഷാവ്യാഖ്യാകാരന്മാർ, ഭാഷാവ്യാഖ്യാനവും.

കുഴിക്കാട്ടു മഹേശ്വരൻ ഭട്ടതിരി, ആലങ്ങാട്ടു തമ്പുരാൻ, കുഴിക്കാട്ടു ഭട്ടതിരിമാർ, മഹേശ്വരൻഭട്ടതിരിയുടെ കാലം കൃതികൾ, യോഗ്യതകൾ, ഭാഷാവ്യാഖ്യാനത്തിന്റെ സ്വഭാവം, ഉപാദേയത, അതിൽ സ്മരിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങൾ, ഭാഷാവ്യാഖ്യാനത്തിന്റെ പ്രധാനാധാരം.

XXVII. ഈ പ്രസിദ്ധീകരണം.

ആരംഭകാലം, പൂർവ്വവിജ്ഞാനപ്രചാരാദർശം, പ്രസാധകന്മാർ, അഭിവൃദ്ധി.

XXVIII. ഉപസംഹാരം.

ഈ അവതാരിക വളരെ അധികം നീണ്ടുപോയി എന്നു പ്രഥമദൃഷ്ടിയിൽ ആർക്കും തോന്നിപ്പോയേക്കാം. എന്നാൽ വാസ്തവത്തിൽ വക്തവ്യശേഷം ഇനിയും വളരെയുണ്ട്. അവശ്യം വിചാരണീയങ്ങളും പ്രകാശനീയങ്ങളും അവധാരണീയങ്ങളും ആയിട്ടുള്ള വിഷയങ്ങളെ മാത്രം ഗ്രഹിച്ച്, പറയേണ്ടുന്നിടത്തോളം മാത്രം സംഗതികളെ കഴിയുന്നതും ചുരുക്കിപ്പറയുകമാത്രമേ ഇവിടെ ചെയ്തിട്ടുള്ളു. പലതരം വായനക്കാരുടെ ജിജ്ഞാസാശാന്തിയെ ലക്ഷ്യമാക്കിയും, വിജ്ഞാനാഭിവൃദ്ധിയെ അനുസ്മരിച്ചും അജ്ഞാനാന്ധകാരത്തെ അകററുവാനും അല്ലാതെ ഒരൊററ വിഷയവും ഇതിൽ സ്വീകരിച്ചിട്ടില്ല, ഒരൊററ വാചകവും ഇതിൽ എഴുതിയിട്ടുമില്ല എന്നാണ് ലേഖകന്റെ ഉത്തമവിശ്വാസം. അഥവാ,

"പ്രതിപാദ്യബുദ്ധ്യപേക്ഷയാ
  പ്രായഃസംക്ഷേപവിസ്തരൌ കർത്തും
തേന ന ബഹുഭാഷിതാം
  വിപശ്ചിദ്ഭിരസൂയിതവ്യം നഃ"

(വ്യക്തിവിവേകം)

എന്നാണല്ലോ മഹിമഭട്ടാചാര്യൻ പറഞ്ഞിട്ടുള്ളതും. പരമഭാഗവതനായ മേൽപുത്തൂർ ഭട്ടപാദർ,

"ശ്വേതച്ഛായം കൃതേ ത്വാം മുനിവരവപുഷം
　　പ്രീണയന്തേ തപോഭിഃ,
ത്രേതായാം സ്രുക്സ്രുവാദ്യങ്കിതമരുണതനും
　　യജ്ഞരൂപം യജന്തേ,
സേവന്തേ തന്ത്രമാർഗ്ഗൈർവ്വിലസദരിഗദം
　　ദ്വാപരേ ശ്യാമളാംഗം,
നീലം സങ്കീർത്തനാദ്യൈരിഹ കലിസമയേ
　　മാനുഷാസ്ത്വാം ഭജന്തേ."

(നാരായണീയം)

എന്ന പദ്യത്തിൽ, യുഗഭേദേനയുള്ള ഭഗവത്സേവാപ്രകാരങ്ങളെ പ്രവചിച്ചു കാണുന്നതനുസരിച്ച്, പൂർവ്വയുഗത്തിൽത്തന്നെ പ്രസിദ്ധമായ താന്ത്രികസേവാപദ്ധതിയ്ക്ക് ഈ കലികാലത്തും ഉജ്ജീവനവും ഉന്മേഷവും ഉളവാക്കുവാനുതകുന്ന പ്രകൃതപ്രസിദ്ധീകരണത്തെ കൃതകൃത്യതയോടും, ഭക്തിബഹുമാനങ്ങളോടും കൂടി കേരളീയകരകമലങ്ങളിൽ സപ്രശ്രയം സമർപ്പിക്കുകയും, അതിനിടവരുത്തിയ ഭഗവൽകൃപയ്ക്ക് നിരവധി കോടി നമസ്കാരസൂക്തികളെ സന്ദേശിക്കുകയും മാത്രമേ ഇനി ചെയ്യേണ്ടതും ചെയ്യുന്നതുമുള്ളൂതാനും.

തിരുവനന്തപുരം,
൩-൪-൧൧൨൧.

ഇ. വി. രാമൻനമ്പൂതിരി.

തന്ത്രസമുച്ചയത്തിലെ വിഷയവിവരണം.

ഒന്നാംപുസ്തകം — ഒന്നാംപടലം.

പടലാവസാനം.

രണ്ടാം പടലം

(പ്രാസാദബിംബലക്ഷണം)



മൂന്നാംപടലം

(അങ്കുരാർപ്പണാദി)

നാലാം പടലം

(മണ്ഡപസംസ്കാരാദിധ്യാനാധിവാസാന്തം)

രണ്ടാം പുസ്തകം

ഒന്നാം പടലം

(ധ്യാനാധിവാസം)

ആറാംപടലം

(പ്രതിഷ്ഠ)

സപ്തമപടലം

(നിത്യപൂജാപ്രകാരം)

എട്ടാം പടലം


(കലശസ്നാനവിധി)



൩–ാം പുസ്തകം

ഒമ്പതാം പടലം

(ഉത്സവവിധി)



പത്താം പടലം

(പ്രായശ്ചിത്തങ്ങൾ)

൧൧-ാം പടലം

(പ്രാസാദലിംഗപ്രതിഷ്ഠാക്രമം)

൧൨-ാം പടലം

(അനേകക്രിയാ-പൂജാസാധനങ്ങൾക്കുള്ള
മന്ത്രാക്ഷരങ്ങൾ)

ശ്രീ

തന്ത്രസമുച്ചയം

(തൃതീയഭാഗം)

നാലാം പടലം.

അനന്തരം ഉത്സവത്തിന്റെ വിധിയെപ്പറയുന്നു, ഒന്നാമത്തെപ്പദ്യം കൊണ്ട്.

അഥ പ്രതിഷ്ഠാസ്നപനാദ്യനന്തരം
സമാചരേത സർവ്വസമൃദ്ധ്യുത്സവം
തതോ/ന്യസംവത്സരമുക്തമാസര-
വ്യവസ്ഥയാ ചാഖിലസമ്പദാപ്തയേ ൧

അഥ സർവ്വ പർവ്വസു പ്രതിഷ്ഠാസ്നപനാദ്യനന്തരം ഉത്സവം സമാചരേത് — അനന്തരം സർവ്വൈശ്വര്യത്തിനും പ്രതിഷ്ഠയും ചതുർത്ഥസ്നാനവും കഴിഞ്ഞതിന്റെ ഉടനെ തന്നെ ആരംഭിച്ചിട്ട്. തതഃ അഖിലസമ്പദാപ്തയേ അന്യസംവത്സരം ഉക്തമാസരവ്യവസ്ഥയാ ച — പിന്നെ സമ്പത്തുകളെല്ലാം ലഭിപ്പാനായിക്കൊണ്ട് സംവത്സരംതോറും അതാതു ദേവന്മാർക്ക് പ്രധാനമായിട്ടുള്ള നാളുതൻ പക്ഷം തൻ വ്യവസ്ഥയായി കല്പിച്ച് ഉത്സവത്തെ ചെയ്യണം.

മാർഗ്ഗാളിരായാവധികേഷു ഷട്സു
മാസേഷ്വഥൈതേഷു പരേഷു വാന്യാ
സ്വർക്ഷാന്തമാകല്പ്യ സമാപ്തിരിഷ്ടാ
സമ്പൂർണ്ണകാര്യോത്സവമാദ്യതീത ൨

മാർഗ്ഗാളിരായാവധികേഷു ഷട്സു മാസേഷു — വൃശ്ചികം മുതൽ മേടമാസം കഴിവോളമുള്ള ഈ ആറു മാസങ്ങളിൽ, എങ്കിലും വേറെ ഏതു പക്ഷത്തിലും ഒരു മാസത്തിൽ താൻ മറ്റു ള്ള മാസങ്ങളിൽ താൻ, സാർവ്വ ... അതാതു ദേവന്മാ ക്ക് വിധിച്ചിട്ടുള്ള നാളിൽ ആറാട്ടുവരത്തക്കവണ്ണം നിശ്ചയിച്ച്, സമ്പൂ

G. P. T. 1793. 500. 18-3-118.

ബീജാവാപാദിനാദി ഉത്സവം ആരഭേത – മുളയിടപ്പി ൻെറ ദിവസം കണ്ട് ഏഴു ദിവസം ഒമ്പതു ദിവസം ഇത്യാദിപറഞ്ഞിരിക്കുന്നപോലെ അങ്കുരാരോപണത്തെ ചെയ്ത് ഏഴുദിവസം തുടങ്ങി ചന്ദ്രൻെറ ദിവസം വരെയും ഉത്സവത്തെ ചെയ്‌വൂ. പ്രതിഷ്ഠാദിവസം പ്രമാണമായിട്ടും ഉത്സവത്തെ ആണ്ടുതോറും ചെയ്യാം.

സ്നാത്വാ ചാന്തഃസ്ഥിതശ്ശ്വോദിനാദൌ
ഗർഭാഗാരം പ്രാപ്യ നാന്ദീമുഖാന്തേ
കൃത്വാ പുണ്യാഹം സമാരാധ്യ ദേവം
മന്ത്രീ സങ്കല്പം കരോത്യുത്സവസ്യ. ൨

മന്ത്രീ – താന്ത്രപൂജാക്രമങ്ങളെ അറിഞ്ഞ ആചാര്യൻ സ്ഥിതശ്ശ്വോദിനാദൌ – വാദ്യങ്ങളെക്കൊണ്ട് ഉച്ചത്തിൽ കൊട്ടിഘോഷിച്ച് ഉത്സവാരംഭത്തെ എല്ലാവരെയും അറിയിച്ച്, സ്നാത്വാ ആചാന്തഃ – കുളിച്ച് ആചമിച്ചുംകൊണ്ട്, ഗർഭാഗാരം പ്രാപ്യ – ഗർഭഗൃഹത്തുങ്കൽ ചെന്ന പൂജാസ്ഥാനത്തിരുന്ന്, നാന്ദീമുഖാന്തേ – നാന്ദീമുഖമുദ്ദേശിച്ച് ദാനങ്ങളെ ചെയ്ത്, പുണ്യാഹം കൃത്വാ – ധ്വജദേവതാഃ പ്രീയന്താം എന്ന വിശേഷം കൂട്ടി തണ്ഡുലപൂർണമായ പാത്രത്തിൽ ഉൾ ളത്തക്കരുതുകൊണ്ട് ധ്വജദിവസത്തിൽ വാഹനത്തെയും മണിമാല കൊടിക്കൂറകളേയും വച്ച പുണ്യാഹത്തെ ചെയ്ത്, ദേവം സമാരാധ്യ – പിന്നെ ദേവങ്കൽ പീഠപൂജ തുടങ്ങി പ്രസന്നാർഘ്യം കഴിയോളം ചെയ്ത്, മന്ത്രീ ഉത്സവസ്യ സങ്കല്പം കരോതി – ആചാര്യൻ ഭഗവൻ! ത്വദോത്സവം കരിഷ്യേ ഇതി പ്രകാരം പ്രാർത്ഥിപ്പൂ ഈ വാഹനത്തിൻ പുണ്യാഹം മണ്ഡപത്തിൽ വച്ചു ചെയ്യുന്നു ചിലർ.

തത്രാഗ്രതഃ സ്ഥാപയിത്വാ ധ്വജം ച
തദ്ദണ്ഡവാഹാദികമത്ര ചൈവ
സംശോധ്യ സംപ്രോക്ഷ്യ ച പല്ലവാദ്യൈഃ
പുണ്യാഹമസ്യാത്ര യഥാവിധാനം. ൩

തത്ര അഗ്രതഃ – അവിടെ ദേവൻെറ മുമ്പിൽ ധ്വജപ്രതിഷ്ഠസ്ഥാനത്തിലത്രെ, തദ്ദണ്ഡവാഹാദികം ധ്വജം ആരചയ്യ സ്ഥാപയിത്വാ – ധ്വജത്തെയും അതിൻെറ ദണ്ഡ് വാഹനം കൊടിക്കൂറ ഇത്യാദിയേയും ഉണ്ടാക്കിച്ച് പ്രാഗഗ്രമായിട്ട് എങ്കിലും ഉദഗഗ്രമായിട്ട്

എങ്കിലും വർജ്ജിച്ച്, സംശോധ്യ പല്ലവാദ്യൈഃ സംപ്രോക്ഷ്യ - ധ്വജത്തെ വെള്ളംകൊണ്ടു കഴുകി ഞാവും മാവും തളിർകളുംകൊണ്ട് അലങ്കരിച്ച്, യഥാവിധാനം പുണ്യാഹമാദായ ച - വിധിക്കു തക്കവണ്ണം നാന്ദീമുഖശ്രാദ്ധവും പുണ്യാഹത്തെയും ചെയ്വൂ. വാഹനത്തിന്നകത്ത് പുണ്യാഹം ചെയ്യുന്ന പക്ഷത്തിൽ അത്ഭൂഷജലംകൊണ്ട് ധ്വജത്തെയും പ്രോക്ഷിപ്പൂ. പുറത്തു യാഗസ്ഥാനത്ത് തന്നെ പുണ്യാഹമെങ്കിൽ വാഹനത്തെയും അതസമീപത്തു വച്ച് പുണ്യാഹത്തെ തളിപ്പൂ.

ശോധ്യ ശ്രുതാപ്യയധാരണാദ്യൈ-
സ്തദ്വാഹനം വർണ്ണതനും വിഭാവ്യ
ദേവാഗ്രസംസ്ഥാത് കൃതമൂർത്തികേഽസ്മിൻ
സമാവാഹനാ വാഹനതോഽധിവാഹ്യ. ൨

ശ്രുതാപ്യയധാരണാദ്യൈഃ തദ്വാഹനം സംശോധ്യ - പിന്നെ ഹ്ലാം ഹ്രൂം ഫട് ഇത്യാദിമന്ത്രങ്ങളെക്കൊണ്ട് ശ്രുതസംഹാരം ശോഷണാദിശ്രുതസൃഷ്ടികളെക്കൊണ്ടു വാഹനത്തെ ശുദ്ധിചെയ്ത്, വർണ്ണതനും വിഭാവ്യ- ലിപിന്യാസാന്തം ചെയ്തു വാഹനമന്ത്രപ്രാണായാമാദിപീഠന്യാസവും പീഠപൂജയും ചെയ്ത്, കൃതമൂർത്തികേ അസ്മിൻ- മൂർത്തിയെ കല്പിച്ചിരിക്കുന്ന ഈ വാഹനത്തിങ്കൽ, ദേവാഗ്രസംസ്ഥാത് വാഹനതഃ സമാവാഹനാ അധിവാഹ്യ- ദേവന്റെ മുമ്പിൽ നിത്യസന്നിഹിതമായിരിക്കുന്ന വാഹനത്തിങ്കൽ നിന്നു ദീപാഗ്നമുഴിഞ്ഞ് ശംഖിൽ വെള്ളമുണ്ടാക്കി പ്രണവം ... വാഹനമന്ത്രപുടിതമായിരിക്കുന്ന പഞ്ചതത്വങ്ങളെക്കൊണ്ടു ആവാഹിച്ച് പാത്രത്തിങ്കൽ പൂജിച്ചിരിക്കുന്ന വാഹനത്തിങ്കൽ യോജിപ്പിപ്പൂ.

സാകല്യമാപാദ്യ സമർച്ച്യ കേതും
സമ്യക് പ്രതിഷ്ഠാപ്യ സമിഷ്ടപീഠേ
കേതും ച സംസ്ഥാപ്യ സമിഷ്ടപീഠേ
ഗതേ പതാകാദിപരിഷ്കൃതാംഗം. ൩

സാകല്യം ആപാദ്യ സമർച്ച്യ- പിന്നെ പഞ്ചതത്വന്യാസാദി ചെയ്തു സംസ്കരിച്ച വാഹനത്തെ പുറത്ത് എഴുന്നള്ളിച്ചു കൊടിമരത്തിൻചുവട്ടിൽ വന്നാൽ, കേതും സമ്യക് പ്രതിഷ്ഠാപ്യ - കൊടിമരത്തിന്റെ ... ഗ്രന്ഥങ്ങൾ പീഠം പൂജിച്ച് ധ്വജത്തിന്നു ശോഷണാദിയും വൃഷഭൻമുഖവായുമന്ത്രങ്ങളെക്കൊണ്ട്

മൂലമന്ത്രാദ്യങ്ങളിൽ പൂജയും ചെയ്ത് വാഹനത്തെ ധ്വജാഗ്രത്തിങ്കൽ നീരാജനപുരസ്സരം പ്രതിഷ്ഠിച്ച് പ്രാണവ്യാപാദി അംഗന്യാസാന്തം ചെയ്ത് നീരാജനത്തെ ഉഴിവൂ. സമിഷ്ടപീഠേ ഗത്വാ പതാകാദി പരിഷ്കൃതാംഗം കേതും ച സംസ്ഥാപ്യ — പിന്നെ കുഴിയിൽ കുത്തി മണ്ണു കളഞ്ഞു തളിച്ച് പാദം പൂജിച്ച് കൊടിക്കൂറയും മണിമാലകളും ധ്വജദണ്ഡങ്കൽ കെട്ടി ഉറപ്പിച്ചിരിക്കുന്ന ധ്വജത്തെ ബ്രാഹ്മണരെക്കൊണ്ട് പൊക്കി നിർത്തിച്ച് ചുവട്ടിൽ തറയുമുണ്ടാക്കിച്ചാൽ പുണ്യാഹം തളിച്ച് ആചാര്യൻ തൊട്ട പ്രതിഷ്ഠയേ കല്പിച്ച് പ്രാണവോപചാരവും ചെയ്ത് തത്വാവാഹനമന്ത്രങ്ങളെ ജപിച്ചു.

ആവാഹ്യ സംപൂജ്യ നിവേദ്യ വേദ്യാം
കൃത്വാ ബലിം പ്രാർത്ഥയതാം ച മന്ത്രീ।
ധ്വജപ്രതിഷ്ഠാപനകർമ്മ യത്ര
തന്നിത്യസാന്നിദ്ധ്യകൃതേ കൃതം പ്രാക്॥ ൭
തത്രാധുനാ കേതുപടേ ഽഭിവാഹ്യ
തദ്വാഹനാദ്യോച്യ യജേദ്യഥാവത്।
കൃത്വാച്ച കേതും ബഹിരഗ്നിമാദി-
ദിക്പീഠികാന്തേ ബലിദേവതാനാം॥ ൮

ആവാഹ്യ സംപൂജ്യ — പിന്നെ ധ്വജമൂലത്തിങ്കൽ വാഹനമന്ത്രംകൊണ്ട് ആവാഹിച്ച് ആവാഹനമുദ്രയും വ്യാപകാംഗവും ചെയ്തു പൂജിച്ച്, നിവേദ്യ വേദ്യാം ബലിം കൃത്വാ — നിവേദിച്ച തറയിൽ ബലിയും തൂകി പ്രസന്നപൂജയും ചെയ്താൽ, മന്ത്രീ പ്രാർത്ഥയതാം ച — ആചാര്യൻ പ്രാർത്ഥിപ്പൂ.

"ഉത്സവോ വർത്തതേ യാവദയംദേവസ്യ ശാർങ്ഗിണഃ
താവദത്രൈവ രക്ഷാർത്ഥം ധ്വജേത്വം തിഷ്ഠ സർവദാ."

യത്ര തന്നിത്യസാന്നിദ്ധ്യകൃതേ പ്രാക് ധ്വജപ്രതിഷ്ഠാപനകർമ്മ കൃതം — യാതൊരു ക്ഷേത്രത്തിങ്കൽ മുമ്പിൽതന്നെ ആവാഹനത്തെയും നിത്യം ബലിപൂജാദികളെയും ചെയ്യുന്നതിന്നായിക്കൊണ്ട് ധ്വജപ്രതിഷ്ഠ ചെയ്തിരിക്കുന്നു, തത്ര അധുനാ കേതുപടേ തദ്വാഹം അഭിവാഹ്യ — അവിടെ കൊടിക്കൂറയെ പാത്രത്തിൽ വച്ച് നാന്ദീമുഖാദി വാഹനപൂജയും ചെയ്ത് ആവാഹിച്ച്, ആരോപ്യ യഥാവത് യജേത് — ആ കൊടിക്കൂറയെ കയററിൽ കെട്ടി മുകളിൽ കയററി

ആവാഹനാദികളെയും പറഞ്ഞതുപോലെ ചെയ്വൂ. ഗ്രാമ അഗ്ര(ഭാഗ)ത്തിൽ പീഠികാമണ്ഡപത്തിൽ ബലിദേവതാവാഹനം കൊണ്ട് ചെയ്യേണ്ടതാണ് —
പിന്നെ പുറത്തു എട്ടു ദിക്കുകളിലും ബലിക്കല്ലുകൾക്കു പുറമെ മണ്ഡപാദിസംസ്കാരങ്ങൾ ചെയ്തു കൂട്ടി കൊടിമരങ്ങൾ ദിഗ്-
ധ്വജങ്ങളെയും നാട്ടി അതാതു മന്ത്രംകൊണ്ടു പൂജിച്ചു ബലിയും തൂകി.
ഇങ്ങനെ കൊടിയേററിന്റെ ക്രിയ.

പ്രാകാരാന്തഃ സമന്താദ്ബഹിരപി വിതാനാദിഭിർഭൂഷയിത്വാ
പൂഗസ്തംഭാദിഭിശ്ച ദ്വിഗുണിതവിതതൈസ്തോരണൈർദീപമാലാ
സമ്മാർജ്ജ്യാലിപ്യ മാല്യൈഃ ഫലപടലമയൈർമണ്ഡലാന്താ
[വിശോധ്യ
ഗ്രാമേ സർവ്വത്ര സമ്പാദ്യ വസ്ത്രധ്വജാദ്യാൻ കേതൂ
[ണ്ഡയേൻ ൻ

പ്രാകാരാന്തഃ — പിന്നെ പുറത്തെ മതിലിന്റെ ഉള്ളിൽ, സമന്താത് — ചുററും, ബഹിരപി വിതാനാദിഭിഃ — പന്തലിട്ടു കോണുകളിൽ മണ്ഡപങ്ങളുമുണ്ടാക്കി മനോഹരങ്ങളായിരിക്കുന്ന വിതാനാദികളെക്കൊണ്ടു, പൂഗസ്തംഭാദിഭിശ്ച ദ്വിഗുണിതവിതതൈഃ — പലകമണ്ഡപങ്ങളാകുന്ന ശിഖരങ്ങളോടുകൂടിയ തോരണങ്ങളെക്കൊണ്ടും, ദീപമാലാദിഭിഃ ദീപസ്തംഭാദികളെക്കൊണ്ടും എല്ലാടവും ഭൂഷയിത്വാ — അലങ്കരിച്ച്, സമ്മാർജ്ജ്യ ആലിപ്യ മാല്യൈഃ ഫലപടലമയൈഃ മണ്ഡപാന്തം — അതിന്റെ അകത്ത് എല്ലാടവും അടിച്ചുതളിച്ചുമെഴുകി പൂക്കളുംകൊണ്ടുണ്ടാക്കിയിരിക്കുന്ന മാലകളെയും കെട്ടിത്തൂക്കി അലങ്കരിച്ച്, ഗ്രാമേ സർവ്വത്ര ധ്വജപതാകാദ്യാൻ കേതൂൻ മണ്ഡയേൻ സമ്പാദ്യ — ഗ്രാമത്തിന്റെ അവസാനത്തു നാലു ദിക്കുകളിലും നല്ല കൊടിക്കൂറകളോടുകൂടി ഓരോ ധ്വജങ്ങളെയും നാട്ടിച്ചുകൊള്ളു.

ആദ്യേ ശൈവം മഹാമൃത്യുരാത്രൗ
ദേവാഗ്നൗ നിത്യം ശ്രുതബലിം ച കുര്യാത്
പ്രാതശ്ച സായം ച ചതുരശ്ച ദാദ്യാ
ബലിം തദിദ്യാം സവനത്രയേ പി. ൧൦

ആദ്യരാത്രൗ മഹാ — ഒന്നാമത്തെ ദിവസം രാത്രിയിൽ ഈ പ്രകാരം ഉത്സവത്തെ ആരംഭിച്ച്, ദേവാഗ്നൗ നിത്യം ശ്രുതബലിം ച കുര്യാത് — അതതു പൂജയേയും ശ്രീഭൂതബലിയേയും ചെയ്വൂ.

പർവ്വേഷു നൈവേദ്യം സാന്നിദ്ധ്യാർത്ഥം ച ബലിം സവനത്രയേ തദിഷ്യതാം ച - ഉത്സവദിവസം തുടങ്ങി ആറാട്ടുവരെയും രാവിലെയും വൈകീട്ടും ശ്രീഭൂതബലിയും മുന്തേറവും സവനപൂജകളെയും ചെയ്യ്‌വൂ.

ശുദ്ധോദകൈഃ സ്നാനവിധൗ ച സദ്ഗന്ധ-
ദധ്യാജ്യഗന്ധോദകപഞ്ചഗവ്യൈഃ
കേരോദകൈശ്ചാപി കലശൈശ്ച സാധു
സംസ്ഥാപ്യ ദേവം വിഹിതക്രമേണ. ൧൮

സ്നാനവിധൗ- സ്നാനകാലത്തിങ്കൽ, ശുദ്ധോദകൈഃ- സദ്ഗന്ധ ദധ്യാജ്യഗന്ധോദകപഞ്ചഗവ്യൈഃ കേരോദകൈഃ കലശൈഃ ച വിഹിതക്രമേണ ദേവം സംസ്ഥാപ്യ- ശുദ്ധജലങ്ങളെക്കൊണ്ടും തയിരുകൊണ്ടും നെയ്യുകൊണ്ടും പഞ്ചഗവ്യജലങ്ങളെക്കൊണ്ടും തേങ്ങാവെള്ളംകൊണ്ടും നിറച്ച് പൂജിച്ചിരിക്കുന്ന കലശങ്ങളെക്കൊണ്ടും അഭിഷേകത്തെ ചെയ്യ്‌വൂ.

നവാംശുകാഭ്യാം പരിവേഷ്ട്യ യജ്ഞ-
സൂത്രം ച കൃത്വാഽഥ കിരീടപൂർവ്വൈഃ
വിഭൂഷയേത് സ്വർണ്ണവിഭൂഷണൈശ്ച
ഗന്ധൈശ്ച മാല്യൈരപി മാലികാഭിഃ. ൧൯

നവാംശുകാഭ്യാം പരിവേഷ്ട്യ- പിന്നെ കോടിവസ്ത്രങ്ങളെ കൊണ്ട് അലങ്കരിച്ച്, യജ്ഞസൂത്രം ച കൃത്വാ- പൂണൂലും ചാർത്തി കിരീടപൂർവ്വൈഃ സ്വർണ്ണവിഭൂഷണൈഃ ച ഗന്ധൈഃ മാല്യൈഃ മാലികാഭിഃ ച വിഭൂഷയേത് - കിരീടം കങ്കണം ഇത്യാദി തങ്കചിതങ്ങളായിരിക്കുന്ന അലങ്കാരങ്ങളെക്കൊണ്ടും ചന്ദനം പൂവ് മാല ഇത്യാദികളെക്കൊണ്ടും അലങ്കരിപ്പൂ.

കാലേഷു ത്രിഷു സാധകേന സ്വമന്ത്രൈർമൂലേന വാ സർവ്വതഃ
സംപൂജ്യാജ്യഗുളോപദംശകദളീകേരാദിയുക്തം ചരും
ഭൈക്ഷ്യാദ്യം വിനിവേദയേദിഹ ശിവേ ദൗഗ്ദ്ധാന്നമാദിത്രികേ
സത്യാനാം കൃസരം ഗുളാന്നസഹിതാന്നം പർവ്വണേഷു ക്രമാത്. ൨൦

സർവ്വതഃ - എല്ലാ ദേവന്മാരിലും, ത്രിഷു കാലേഷു - മൂന്നുനേരത്തും ഉച്ചയ്ക്കും വൈകീട്ടും മൂന്നുകാലങ്ങളിലും, സാധകേന സ്വമന്ത്രൈഃ മൂലേന വാ സംപൂജ്യ - സാധനങ്ങളിൽ വിധിച്ചിരിക്കുന്ന മന്ത്രങ്ങളെക്കൊണ്ട് എങ്കിലും സ്വമൂലംകൊണ്ട് എങ്കിലും പൂജിച്ച്, ആജ്യഗുളോപദംശകദളീകേരാദിയുക്തം ചരും വിനിവേദയേത് - നെയ്യും

ശർക്കരയും ഉപദംശങ്ങളും കദളിപ്പഴം നാളികേരം മാതുലുംഗം ഇത്യാദികളോടും കൂടിയ ഹവിസ്സിനെ നിവേദിപ്പൂ. ഇവ ശിവായൈശാന്യാം വിനിവേദയേത് — ഇവിടെ ശിവങ്കൽ പായസാന്നം തുടങ്ങിയ അഞ്ചു കൂട്ടത്തെ നിവേദിക്കണം. ആഗ്നേയ്യാം ക്രമാത് സദ്യോജാതം മൌദ്ഗാന്നമഘോരേ കൃസരം ശുദ്ധാന്നം സകലാന്നം ച - ഈശാനമുഖത്തുങ്കൽ മൌദ്ഗാന്നത്തെയും തത്പുരുഷമുഖത്തുങ്കൽ ഹരിദ്രാന്നത്തെയും, അഘോരമുഖത്തുങ്കൽ കൃസരാന്നത്തെയും, വാമദേവമുഖത്തുങ്കൽ ശുദ്ധാന്നത്തെയും സദ്യോജാതമുഖത്തുങ്കൽ സകലാന്നത്തെയും, ഇങ്ങനെ ക്രമേണ വെവ്വേറെ പൂജിച്ചു നിവേദിപ്പൂ. വിഷ്ണ്വാദികൾക്ക് ദ്വാദശാക്ഷരം അഷ്ടാക്ഷരം ശിവങ്കൽ പ്രാസാദമന്ത്രം പഞ്ചബ്രഹ്മം ഷഡക്ഷരം ഇങ്ങനെ നിവേദനമന്ത്രങ്ങൾ. മറ്റെല്ലാവർക്കും മൂലംതന്നെ.

കാലത്രയേ/പ്യുത്സവാനാമയേ വാ
ബലിം ശ്രീഭൂതബലിം കിരേദ്വാ
കാലത്രിക്യേപ്യുത്സവമാചരേദ്വാ
വക്ഷ്യേ ബലിം ശാന്തികമുത്സവം ച ॥ ൬ ॥

ത്രയഃ കാലത്രയേ അപി ഉത്സവാനാമയനേ വാ ബലിം വാ ശ്രീഭൂതബലിം വാ കിരേത് — നേരത്തും രാത്രിയിലും ഉത്സവബലിയോ എങ്കിലും ശ്രീഭൂതബലിയോ എങ്കിലും ചെയ്വൂ. കാലത്രിക്യേപ്യുത്സവം ആചരേദ്വാ — രണ്ടുംകൂടി ചെയ്യാൻ സമ്പത്തുണ്ടാകുമെങ്കിൽ രണ്ടും കൂടീട്ടും ചെയ്വൂ. നിത്യവും നേരത്തു ഉത്സവബലിയും വെവ്വേറെ ശ്രീഭൂതബലിയുമായിട്ടു ചെയ്യാം. ശാന്തികം ഉത്സവം ബലിം ച വക്ഷ്യേ — താൻ മുമ്പിൽ ഭൂതബലിയേയും അനന്തരം ഉത്സവബലിയേയും പറയുന്നേൻ.

ത്രിധാ സമ്പൂർണ്ണസമർപ്പിതം ഹവിഃ
വിഭജ്യ തദ്ദൈവികമാദ്യമംശകം
സഭൂതപൂർവ്വീരിതമാർഗ്ഗതഃ ക്രമാത്
പ്രകല്പയേത് പാരിഷദം ച ശേഷിതം. ॥ ൭ ॥

സമ്പൂർണ്ണസമർപ്പിതം ഹവിഃ ത്രിധാ വിഭജ്യ - ശ്രീഭൂതബലിക്കുള്ള ഹവിസ്സിനെ മൂന്നായി ഒരിടത്തു മുമ്പിൽ നിരത്തി കളിപ്പകപ്പാളികൊണ്ടു മൂട്ട് ഉപസ്തരിച്ചാൽ തളിച്ചു ശോധിച്ചു പ്രോക്ഷണാദി മന്ത്രം ചെയ്തു പീഠം പൂജിച്ച് ആവാഹിച്ചു സകളീകരിച്ചു പൂജിച്ച് അർഘ്യപുഷ്പാഞ്ജലി ചെയ്ത് ആ ഹവിസ്സിനെ

മൂന്നായിട്ടു പകുത്തു് അതിൽ വടക്കേ അംശംതാൻ, ആദ്യം ദൈവികം സത്ത്വങ്ങളുടെ ഇതരാംശങ്ങൾ പാരിഷദം ഭൗതികം ച കല്പയേത് — ആദ്യമായിട്ടുള്ളതിന്ന് ദേവേഭ്യോ നമഃ എന്നും, നടുവിലത്തേതും തെക്കേതും ഭാഗങ്ങളിൽ ഉത്തരം ചെയ്ത് തളിപ്പണം എന്നുള്ള് മലര ഈ ദ്രവ്യങ്ങളെല്ലാ ഇട്ട് പാരിഷദേഭ്യോ നമഃ എന്നും ഭൂതേഭ്യോ നമഃ എന്നും വെവ്വേറെ പൂജിച്ച് തന്ത്രന്ത്രംതൊട്ടു ജപിച്ചു ശുദ്ധിപ്പൂ.

നിർമ്മാല്യഭുക്പ്രതിമമുഖ്യദൈവതം-
സ്ഥപിസ്ഥം ഹവിർദൈവികമന്യദന്യത്
ആമന്ത്രണം ചാഞ്ചിതവാദ്യഘോഷണൈ-
രാളിതോ ഭൂതഗണസ്യ കാരയേത്. ൧൬

നിർമ്മാല്യഭുക്പ്രതിമമുഖ്യദൈവതസ്യ ദൈവികം ഹവിഃ ഇത്യൂഹ — ചണ്ഡാദി നിർമ്മാല്യധാരി അവസാനമായുള്ള ദേവതകൾക്ക് ദൈവികമായിട്ട് കല്പിച്ച ഹവിസ്സ് ഇട്ടുകൊള്ളട്ടെ. അന്യത് അന്യത് — തത് പാർഷദത്തിൽ തത് പാർഷദമായുള്ള ഹവിസ്സ് ഭൂതഗണങ്ങൾക്ക് ഭൂതഗണങ്ങളുടെ ഹവിസ്സ്. ഇങ്ങനെ വേണം ബലി തൂകുവാൻ. ആദ്യം ആളിതഃ അഞ്ചിതവാദ്യഘോഷണൈഃ ഭൂതഗണസ്യ ആമന്ത്രണം കാരയേത് — ഇവിടെ ബല്യാരംഭത്തിങ്കൽ പൂജിതങ്ങളായിരിക്കുന്ന വാദ്യഘോഷങ്ങളെക്കൊണ്ട് ഭൂതഗണങ്ങളുടെ ആവാഹനരൂപമായിട്ട് പാണി കൊട്ടിക്കയും വേണം,

സമ്പ്രാർത്ഥ്യ ദേവം ബലികർമ്മണേ ഗുപ്താ
സംയോജ്യ സംസ്ഥാപ്യ ച മൂർത്തിമംഗേ
അന്താക്ഷരികം ക്ഷ്മാപ്സുശിഖിപ്ലവപ-
വാദ്യാദിവ്യാപ്യം ബലിമാതനോതു. ൧൭

സമ്പ്രാർത്ഥ്യ ദേവം ബലികർമ്മണേ ദേവം സംയോജ്യ — സൃഷ്ടി സ്ഥിതിവിനാശകാരണം — എന്നുള്ള കാരണേ ദേവനെ പ്രാർത്ഥിച്ചു ബലിബിംബത്തിങ്കലാവാഹിച്ചു പൂജാകാര്യവും ചെയ്തു, മൂർത്തിമേ സംസ്ഥാപ്യ — പരികർമ്മിയെക്കൊണ്ടു ബലിബിംബത്തെ എടുപ്പിച്ചു, അന്താക്ഷരികം ക്ഷ്മാപ്സുശിഖിപ്ലവപവാദ്യാദിവ്യാപ്യം ബലിം ആതനോതു — ആ ബലിബിംബം അഗ്രത്തിൽ എഴുന്നള്ളിപ്പിച്ചുംകൊണ്ടു വിളക്കും വാദ്യഘോഷങ്ങളും മുമ്പായിട്ടു ബലിയെ ചെയ്വൂ

'സൃഷ്ടിസ്ഥിതിവിനാശാനാം കർത്തൃഭൂതപതേ! ഹരേ!
തത്പാരിഷദമുഖ്യാനാം ബലിദാനായ ശാധി മാം.'

ഇത് ഇവിടെ പറഞ്ഞ പ്രാർത്ഥനാമന്ത്രം.

സംപ്രോക്ഷ്യാരാധ്യ വിഭാവ്യ തത്ര വസുപത്രാബ്ജസ്ഥിതാം ദേവതാം
പാദ്യാദ്യം പ്രസമർപ്യ തത്തദഭിധാ സംപൂജ്യ ദത്വാ ബലിം
തത്തത്പാർശ്വപദേ പ്രദായ പരിഷന്മന്ത്രേണ മൂലേന ച
പ്രാശ്യാംഭോ ബലിമുദ്രയാ പ്രഥിതയാദേവം ബലിപ്രക്രിയാ. ൧൮

സംപ്രോക്ഷ്യ ആരാധ്യ – അവിടെ ബലിതൂകുന്നിടത്തു തളിച്ചു പുഷ്പങ്ങളെ ആരാധിച്ച്, ദേവതാം വസുപത്രാബ്ജസ്ഥിതാം വിഭാവ്യ – ദേവതകളെ പത്മാസനസ്ഥിതങ്ങളായി ധ്യാനിച്ചു, പാദ്യാദ്യം പ്രസമർപ്യ – പാദ്യാർഘ്യാചമനീയങ്ങളെ കൊടുത്തു, തത്തദഭിധാ സംപൂജ്യ ബലിം ദത്വാ – അതാതു ബലിദേവതാമന്ത്രംകൊണ്ട് ജലഗന്ധപുഷ്പങ്ങളെ അർപ്പിച്ച് ധൂപദീപങ്ങളെ തന്മുദ്രകൊണ്ടു സമർപ്പിച്ചു, തത്തത്പാർശ്വപദേ – ആ ബലിപദത്തിന്റെ പാർശ്വഭാഗത്തു, പരിഷന്മന്ത്രേണ മൂലേന ച – തത് പാർഷദേഭ്യോ നമഃ എന്ന മന്ത്രംകൊണ്ടും മൂലംകൊണ്ടും അർച്ചിച്ചു ബലിയും തൂകി, അംഭഃ പ്രാശ്യ – ഒടുക്കത്ത് വെള്ളംകൊടുത്ത്, ബലിമുദ്രയാ പ്രഥിതയാ – ബലിമുദ്രകൊണ്ട് പ്രസാദിപ്പിച്ചു. ഏവം ബലിപ്രക്രിയാ – ഇങ്ങനെ എല്ലാടവും ബലിയുടെ ക്രമങ്ങൾ.

ശ്രീഭൂതബലിവിധിയെ സംക്ഷേപിച്ചു പറയുന്നു—

ദ്വാഃസ്ഥൗ പാർശ്വദ്വയേ ദ്വാര്യജിതപുരമുരദ്വേഷിണോർമ്മണ്ഡപേ-
[പ്യഗ്ര്യ
വാഹം പ്രത്യഗ്ഘ്രിരാജം ദിശി സഗണമപാം ദക്ഷിണേ ദക്ഷി-
[ണേശം
ശേഷേഷ്വേതാനശേഷാൻ സ്വദിശി ഗതവാഹാദിപാൻ ദ്വാഃ-
[സ്ഥവത്സു
ദ്വാഃസ്ഥാൻ സർവേഷു ധാമ്നാമധിപതിം വാഹനാന്താൻ
[ദ്രശേശേ. ൧൯

അജിതപുരമുരദ്വേഷിണോഃ – വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും, ദ്വാരി പാർശ്വദ്വയേ ദ്വാഃസ്ഥൗ – ഗർഭഗൃഹത്തിന്റെ ദ്വാരത്തിൽ ഇരുപുറത്തുംകൂടി ദ്വാഃസ്ഥന്മാരെയും, അഗ്ര്യമണ്ഡപേ വാഹം – നേരെ മണ്ഡപത്തിൽ വാഹനത്തെയും, പ്രത്യഗ്ഘരി

രാളം – ശ്രീകോവിലിൻെറ പുറകിൽ അനന്തനേയും, ദക്ഷിണേ സഗണപം ദക്ഷിണേശം ച – തെക്കേ ദ്വാരത്തിങ്കൽ ഗണപതിയേയും ദക്ഷിണാമൂർത്തിയേയും, യജേത് – അർച്ചിച്ചു തൂകൂ. ശേഷേഷു അശേഷാൻ സ്മൃതാൻ – ദുർഗാദി നാലു ദേവന്മാരിലും അനന്തൻ കൂടെ ദ്വാഃസ്ഥാദി ദക്ഷിണാമൂർത്തി കഴിവോളവും, സ്മരജിതി ശതവാഹാധിപാൻ – ശിവങ്കൽ വാഹനവും അനന്തനും കൂടാതെ ദ്വാഃസ്ഥന്മാരും ഗണപതിദക്ഷിണാമൂർത്തിയും തൂകൂ. ദ്വാഃസ്ഥവത്സു ദ്വാസ്ഥാൻപ്രാസാദദ്വാരങ്ങളിങ്കൽ ദ്വാഃസ്ഥന്മാരുള്ള ദേവന്മാരിൽ ദ്വാഃസ്ഥന്മാരെയും, അഥ സർവേഷു അഗ്ന്യാദികദിഗധിപതീൻ – പിന്നെ എല്ലാ ദേവന്മാരിലും നടയിൽ തുടങ്ങി ഇന്ദ്രാദി എങ്കിലും വരുണാദി എങ്കിലും ദിക്പാലന്മാർ പത്തിനേയും, ഈശേ വാഹനാന്താൻ ശേ – ശിവങ്കൽ ദിക്പാലന്മാർ പത്തും കഴിഞ്ഞാൽ മണ്ഡപത്തിങ്കൽ ഉക്ഷാവായ നമഃ എന്നും ക്രമേണ പൂജിച്ചു തൂകൂ.

ലോകേശോപരി മാതൃശാസ്തൃമഹിഷച്ഛിട്സ്കന്ദ വിത്താധിഭൂ-
നിർമ്മാല്യാശനഭോജിനശ്ച നിഖിലേഷ്വപ്യർച്ചയേത് സ്വാസ്പദേ
സോമാനന്തരമേവ വാർഹരേത് ധനാധ്യക്ഷം യഥാന്തർബഹിർ-
ദ്വാഃസ്ഥേജ്യോപരി വാഹനാദികസമിജ്യാ വൈഷ്ണവേഽന്തർബലിഃ.

[൨൦

ലോകേശോപരി – ദിക്പാലന്മാരുടെ ബലി ചെയ്താൽ, നിഖിലേഷു മാതൃശാസ്തൃമഹിഷച്ഛിട്സ്കന്ദ വിത്താധിഭൂനിർമ്മാല്യാശനഭോജിനഃ ച – എല്ലാ ദേവന്മാരിലും വീരഭദ്രാദിമാതൃക്കളേയും ശാസ്താവിനേയും ദുർഗ്ഗയേയും സുബ്രഹ്മണ്യനേയും വൈശ്രവണനേയും നിർമ്മാല്യധാരിയേയും, സ്വാസ്പദേ അർച്ചയേത് – അവരവരുടെ സ്ഥാനത്തു മുകളിൽ പറയുന്നപോലെ പൂജിച്ചു ബലിയെ തൂകൂ. സോമാനന്തരം എവ ധനാധ്യക്ഷം അർഹരേത് വാ – ദിക്പാലന്മാരിൽ സോമൻെറ കഴിഞ്ഞാൽ ഉടനേ വൈശ്രവണനേ തൂകകിലുമാം. യഥാ അന്തർബഹിഃ ദ്വാഃസ്ഥേജ്യോപരി വാഹനാദികസമിജ്യാ വാ – അകത്തു ദ്വാഃസ്ഥന്നും പുറത്തു ദ്വാഃസ്ഥനും കഴിഞ്ഞു് വാഹനാദികളെ പൂജിക്കിലുമാം. ഏവം അന്തർബലിഃ – ഇങ്ങനെ അകത്തെ ബലിദേവതകളുടെ ക്രമം ഉവാച.

പ്രാസാദാന്തർബഹിരപി സമാന്തർബഹിർഭോജിനോഽഥ
ദ്വാഃസ്ഥാദ്യേഷ്വപ്യന്തിമവിരഹിതാ വാ/ദ്യശീനാ ഭവേത്

അന്ത്യസ്ഥാനസ്ഥിതവിരഹിതാഃ ശൈവശാസ്ത്ര്യോഃ ക്രമാൎച്ച്യാ-
മാദ്യോന്താ വാ ഗണപതിയോൎവ്വാ തഥാദ്യന്തഹീനാഃ. ൨൫

അഖിലേതരേ — ശങ്കരനാരായണങ്കൽ, പ്രാസാദാന്തഃ ബഹിഃ അപി - പ്രാസാദത്തിന്റെ അകത്തും പുറത്തും, സാലാന്തഃ ബഹിഃ ച — വലിയമ്പലത്തിന്റെ അകത്തും പുറത്തും ഇങ്ങനെ എട്ടുപാൎഷദന്മാർ; ശേഷേ തേഷു അന്തിമവിരഹിതാഃ വാ ആദ്യഹീനാഃ വാ — വിഷ്ണുവിങ്കൽ ആ പാൎഷദന്മാരിലൊടുക്കത്തെ പാൎഷദന്മാരെ കൂടാതെയും എന്നിയേ അകത്തെ ഗൎഭദ്വാരങ്ങൾ കൂടാതെയുമാം. ഇപ്പോളാറു് പാൎഷദന്മാർ ശൈവശാസ്ത്ര്യോഃ അന്ത്യസ്ഥാനസ്ഥിതവിരഹിതാഃ — ശിവങ്കലും ശാസ്താവിങ്കലും ഒടുക്കത്തെ പാൎഷദന്മാരെ കൂടാതെ ആറുപേരും, ക്രമാൎച്ച്യാം ആദ്യോന്താ വാ — ദുൎഗ്ഗയിങ്കൽ ഗൎഭഗൃഹത്തിങ്കലുള്ള കൂടാതെ ആറായിട്ടുമാം കൂടീട്ടുമാം. ഗണപതിയോഃ തഥാ ആദ്യന്തഹീനാഃ വാ — സുബ്രഹ്മണ്യങ്കലും ഗണപതിയിങ്കലും ആദ്യത്തേതും ഒടുക്കത്തേതും കൂടാതെ നാലായിട്ടുമാം. ശിവങ്കലെപ്പോലെ ആറായിട്ടുമാം.

പ്രാസാദാന്തൎന്നന്ദിചണ്ഡൌ ഹരീശേ
സ്യാതാം തദ്ബാഹ്യേ ജയത്സേനനാമാ
വിഷ്വക്സേനശ്ചാപ്യുമാ ശ്രീഃ സാലാന്തഃ
ശൂലം ചക്രം തദ്ബഹിശ്ച ക്രമേണ. ൨൬

ഹരീശേ — ശങ്കരനാരായണങ്കൽ, പ്രാസാദാന്തഃ നന്ദിചണ്ഡൌ — പ്രാസാദത്തിന്റെ അകത്തെ ഗൎഭഗൃഹദ്വാരത്തിങ്കൽ നന്ദിനേ നമഃ, ചണ്ഡായ നമഃ എന്നും; തദ്ബാഹ്യേ — പുറത്തെ ദ്വാരങ്ങളിൽ, ജയത്സേനനാമാ വിഷ്വക്സേനഃ ച — ജയത്സേനായ നമഃ വിഷ്വക്സേനായ നമഃ; സാലാന്തഃ ഉമാ ശ്രീഃ — വലിയമ്പലത്തിന്റെ അകത്തെ ദ്വാരങ്ങളിൽ ഉമായൈ നമഃ, ശ്രിയൈ നമഃ, തദ്ബഹിഃ ശൂലം ചക്രം ച ക്രമേണ സ്യാതാം — വലിയമ്പലത്തിന്റെ പുറത്തെ ദ്വാരങ്ങളിൽ ശൂലായ നമഃ ചക്രായ നമഃ എന്നും ക്രമേണ എട്ടു പാൎഷദന്മാരെ വെയ്ക്കും.

ചണ്ഡപ്രചണ്ഡാവഥ ശംഖപാണീ
ശ്രീപുഷ്ടിസംജ്ഞാവജിതേഗ്ര്യപക്ഷേ
സ്ഥിതാഃ ക്രമാൽ ചക്രഗദാദിപാണീ
ശ്രീപുഷ്ടിബാഹ്യേ ഭവതോഽന്യപക്ഷേ. ൨൭

അജിതേ അഗ്ന്യാദികേ — വിഷ്ണുവിങ്കൽ മുമ്പിൽ പറഞ്ഞ പക്ഷത്തുങ്കൽ, ചണ്ഡപ്രചണ്ഡൗ അരിശംഖപാണീ ശ്രീപുഷ്ടി സംജ്ഞൗ ക്രമാത് സ്ഥിതാഃ — ഗർഭഗൃഹദ്വാരത്തുങ്കൽ ചണ്ഡായ നമഃ, പ്രചണ്ഡായ നമഃ എന്നും പുറത്തെ ദ്വാരത്തുങ്കൽ ചക്രപാണയേ നമഃ, ശംഖപാണയേ നമഃ, എന്നും വലിയബലത്തിന്റെ അകത്തെ ദ്വാരത്തുങ്കൽ ശ്രിയൈ നമഃ പുഷ്ട്യൈ നമഃ എന്നും ക്രമേണ സ്ഥിതങ്ങളാം. അന്യപക്ഷേ — രണ്ടാമത്തെ പക്ഷത്തുങ്കൽ; ശ്രീപുഷ്ടിബാഹ്യേ ചക്രദരാദിപാണീ ഭവതഃ — വലിയബലത്തിന്റെ അകത്ത് ശ്രീപുഷ്ടികളും പുറത്ത് ചക്രപാണിയും ശംഖപാണിയും ഇങ്ങനെ ഭവിക്കും.

പ്രാസാദസ്ഥാഃ പ്രോക്താ നന്ദിമഹാകാളശൂലപാണ്യാദ്യാഃ
സഹപരശുപാണയോഽന്തഃ സഭസി ശിവേ തീക്ഷ്ണദന്തസുമുഖാ-
[ന്യൗ. വ. ൮

ശിവേ പ്രാസാദസ്ഥാഃ — ശിവങ്കൽ പ്രാസാദസ്ഥന്മാരായിട്ട് നന്ദിമഹാകാളശൂലപാണ്യാദ്യാഃ സഹപരശുപാണയഃ പ്രോക്താഃ — അകത്ത് നന്ദിനേ നമഃ മഹാകാളായ നമഃ എന്നും പുറത്ത് ശൂലപാണയേ നമഃ എന്നും പ്രോക്തന്മാരായി. സഭസി അന്തഃ തീക്ഷ്ണദന്തസുമുഖാന്യൗ — വലിയബലത്തിന്റെ അകത്ത് തീക്ഷ്ണദന്തായ നമഃ സുമുഖായ നമഃ എന്നും ഇങ്ങനെ ആറു ദ്വാഃസ്ഥന്മാർ.

ശാസ്തരി ശസ്താഃ ക്രമശഃ ക്ഷുരികാപാണിശ്ച ഖഡ്ഗഹസ്തശ്ച
അഥ വീരബാഹുസമഹാവീരൗ തീക്ഷ്ണശ്ച തീക്ഷ്ണദന്തശ്ച.
[വ. ൯

ശാസ്തരി ക്രമശഃ ക്ഷുരികാപാണിഃ ഖഡ്ഗഹസ്തഃ വീരബാഹുസമഹാവീരൗ — ശാസ്താവിങ്കൽ അകത്ത് ക്ഷുരികാപാണയേ നമഃ ഖഡ്ഗഹസ്തായ നമഃ പുറത്ത് വീരബാഹവേ നമഃ എന്നും; തീക്ഷ്ണഃ തീക്ഷ്ണദന്തഃ ച — വലിയബലത്തിൽ അകത്ത് തീക്ഷ്ണായ നമഃ തീക്ഷ്ണദന്തായ നമഃ എന്നും; ശസ്താഃ — ക്രമേണ ഉക്തങ്ങളായി ഭവിക്കും.

പ്രാക്ചണ്ഡികാംബികേ സ്യാതാം ഹ്ലാദിന്യപി മോഹിനീ സമാ-
[ന്തഃസ്ഥ
തത്ര ബഹിർവ്വിജയന്തീകാത്യായന്യൗ ച ദുർഗായാം. വ. ൧൦

ദുർഗ്ഗയിങ്കൽ അകത്ത്, ചണ്ഡികാംബികേ — ചണ്ഡികായൈ നമഃ, അംബികായൈ നമഃ എന്നും അവിടെ പുറത്തു ജയായൈ നമഃ, വിജയായൈ നമഃ ഇതു രണ്ടും മൂലത്തിൽ പറഞ്ഞിട്ടില്ല; സമാന്തരേ ഹ്ലാദിനീ മോഹിനീ — വലിയമ്പലത്തിൽ അകത്ത് ഹ്ലാദിന്യൈ നമഃ, മോഹിന്യൈ നമഃ എന്നും, തത്ര ബാഹ്യേ വിജയന്തികാകാത്യായന്യൗ ച സ്തഃ — വലിയമ്പലത്തിന്റെ പുറത്ത് വിജയന്ത്യൈ നമഃ, കാത്യായന്യൈ നമഃ എന്നും ഭവിക്കും. പുറത്തു കൂടാതെയും പക്ഷമുണ്ട്.

വഹ്നിഭുവി വക്രതുണ്ഡഃ പ്രാസാദേ ശക്തിപാണിരപി
സദസി പുനരഗ്നികേതുർദ്വാഃസ്ഥാവേവ സ്തഃ സൂര്യകേതുശ്ച. വ. ൧

വഹ്നിഭുവി പ്രാസാദേ — സുബ്രഹ്മണ്യങ്കൽ, പ്രാസാദദ്വാരത്തിങ്കൽ, വക്രതുണ്ഡഃ ശക്തിപാണിശ്ച — വക്രതുണ്ഡായ നമഃ, ശക്തിപാണയേ നമഃ. ഇവിടെ ശ്രീകോവിൽദ്വാരത്തിങ്കൽ സുകുമാരായ നമഃ, ബലസേനായ നമഃ ഇങ്ങനെ മൂലത്തിൽ പറയാതെ രണ്ടും കൂടി ചെയ്യുന്നുണ്ട്. പുനഃ സദസി അഗ്നികേതുഃ സൂര്യകേതുശ്ച ദ്വാഃസ്ഥൗ സ്തഃ — പിന്നെ വലിയമ്പലത്തിന്റെ അകത്ത് അഗ്നികേതവേ നമഃ എന്നും സൂര്യകേതവേ നമഃ എന്നും ദ്വാഃസ്ഥന്മാരെ ഭവിക്കണം.

പ്രാസാദദ്വാരഗതൗ വിഘ്നേശേ തീക്ഷ്ണദന്തസഗജാസ്യൗ
സ്യാതാം ച ചണ്ഡവിക്രമവിഘ്നകരൗ കീർത്തിതൗ സഭാ-
ന്തർദ്വാഃസ്ഥൗ. വ. ൨

വിഘ്നേശേ പ്രാസാദദ്വാരഗതൗ തീക്ഷ്ണദന്തസഗജാസ്യൗ — ഗണപതിയിങ്കൽ പ്രാസാദദ്വാരത്തിങ്കൽ തീക്ഷ്ണദന്തായ നമഃ, ഗജാസ്യായ നമഃ എന്നും, സഭാന്തർദ്വാഃസ്ഥൗ ചണ്ഡവിക്രമവിഘ്നകരൗ കീർത്തിതൗ സ്യാതാം — വലിയമ്പലത്തിന്റെ അകത്ത് ദ്വാരസ്ഥന്മാർ ചണ്ഡവിക്രമായ നമഃ, വിഘ്നകരായ നമഃ എന്നും ഉക്തങ്ങളായി ഭവിക്കും. ഇവിടെ ഗണപതിക്കു മാത്രം നാലു ദ്വാഃസ്ഥന്മാർ.

അനന്തരം ചണ്ഡന്മാരെ പറയുന്നു—

സ്ഥാണോർവൃഷഭോ മുരരിപോർഗരുഡോ ഭുജഗാത്മാ
ശാർങ്ഗീശാദ്രേഃ ഗണരാജി മഹാദിചാക്ഷ

ആഖ്വേ ഹയഃ ശിഖിഗുഹേ ശിഖികക്കടൌ ച
സിംഹോ നിരൃതിജിതി വാഹനകേതനാഖ്യാഃ. ഉ. ൻ

സ്ഥാണൌ വൃഷഃ — ശിവങ്കൽ ഉക്ഷാവായ നമഃ എന്നും, മുരരിപൌ ഗരുഡഃ — വിഷ്ണുവിങ്കൽ വൈനതേയായ നമഃ എന്നും, ശാർങ്ഗീശൌരേ ച പാൎത്ഥമാ — ശങ്കരനാരായണങ്കൽ കാളയുടെ പുറത്തു പക്ഷി ഇരിക്കുമാറ് വാഹനത്തിന്റെ സ്വരൂപം, വൃഷായ ഗരുഡാത്മനേ നമഃ എന്നു മന്ത്രം; ഗണരാജി മഹാഖുഃ — ഗണപതിയിങ്കൽ മഹാമൂഷായ നമഃ, ആഖ്വേ ഹയഃ — ശാസ്താവിങ്കൽ അശ്വായ നമഃ; ശിഖിഗുഹേ ശിഖികക്കടൌ — സുബ്രഹ്മണ്യങ്കൽ മയൂരായ നമഃ എന്നു വാഹനം. കുക്കുടായ നമഃ എന്നു കൊടിമരത്തിന്മേൽ വെക്കുന്ന വാഹനം. നിരൃതിജിതി സിംഹഃ — ദുർഗ്ഗയിങ്കൽ സിംഹായ നമഃ എന്നും, വാഹനകേതനാഖ്യാഃ — ഇങ്ങനെ എല്ലാവരുടേയും വാഹനങ്ങളും കൊടിമരത്തലേ വാഹനവും ഒന്നായിട്ടു തന്നെ പറയുന്നു. സുബ്രഹ്മണ്യന്നു രണ്ടും വേറെ ഉണ്ടാകാം.

ഉച്ചൈസ്തഥാ പ്രാൎച്ച്യ ബഹിൎന്നിരേത്യ ച സമ്യായാ യേസമസ്താദിനാ
വിജ്ഞാപ്യ ധ്വജദേവതാശ്ച പരിതസ്തത്തദ്ഗണാംസ്തദ്ബഹിഃ
പീഠേ സാവരണാവൃതം പരിഷദധ്യക്ഷഞ്ച തത്രാഷ്ടഗ്രഹാൻ
ദിക്ഷു ക്ഷേത്രപതിം യജേദുദിശി ശ്രേവം ബഹിഃ സ്യാദ് ബലിഃ.
[൩൦

ഉച്ചൈസ്തഥാ പ്രാർച്ച്യ — വലിയമ്പലത്തിലെ ഉച്ചസ്ഥന്മാരെ അർച്ചിച്ചു തൂകി. സമ്യായാ ബഹിർന്നിരേത്യ — വലിയമ്പലത്തിന്റെ പുറത്തു ചെന്ന്; യേസമസ്താദിനാവിജ്ഞാപ്യ — 'യേ സമസ്തം ജഗത്' ഇത്യാദി കൊണ്ടു പ്രാർത്ഥിച്ചു, പരിതഃ ധ്വജദേവതാഃ — നടയിൽ തുടങ്ങി എട്ടു ദിക്കിലും ധ്വജദേവതകളേയും, തദ്ബഹിഃ തത്തദ്ഗണാൻ — അതിന്റെ പുറത്ത് അവരവരുടെ ഗണദേവതകളേയും ഇങ്ങനെ രണ്ടു പ്രദക്ഷിണമായിട്ടു തൂകി, പീഠേ സാവരണാവൃതം പരിഷദധ്യക്ഷം — പിന്നെ വലിയ ബലിക്കല്ലിന്റെ താഴത്ത് എട്ടിനോടും കൂടി മുകളിൽ അദ്ധ്യക്ഷദേവതയേയും അർച്ചിച്ചു തൂകി. തത്ര ദിക്ഷു അഷ്ടഗ്രഹാൻ — പിന്നെ എട്ടു ദിക്കിലും ദേവഗ്രഹാദി എട്ടിനേയും ദിഗ്ബലിയും ശീവേലിബലിയും ചെയ്തു, ഉദിതി ദിശി ക്ഷേത്രപതിം യജേത് — വടക്കേ ഭിത്തിപുറത്തുങ്കൽ ക്ഷേത്രപാലനേയും പൂജിച്ചു തൂകി നിവേദിപ്പൂ. ഏവം ബഹിഃ ബലിഃ സ്യാത് — ഇങ്ങനെ പുറത്തെ ബലിക്രമം ഭവിക്കും.

നന്ദീ മഹാകാലസഭൃംഗനാഥ-
മഹീധരാഖ്യേ സഹപർവ്വതേശൈഃ
തതോ ഗുഹേശാഗ്നിയകാലപാശ-
കപാലിനശ്ചാഷ്ട ശിവേ ധ്വജേശാഃ. ൧൦

ശിവേ — ശിവങ്കൽ, നന്ദീ മഹാകാലസഭൃംഗനാഥമഹീധരാഖ്യേ — നന്ദിനേ നമഃ, മഹാകാളായ നമഃ, ഭൃംഗനാഥായ നമഃ, മഹീധരായ നമഃ; സഹപർവ്വതേശൈഃ — പർവ്വതേശായ നമഃ; തതഃ ഗുഹേശാഗ്നിയകാലപാശകപാലിനഃ ച — ഗുഹേശായ നമഃ, കാലപാശായ നമഃ, കപാലിനേ നമഃ; ഇതി അഷ്ട ധ്വജേശാഃ — ഇങ്ങനെ എട്ടു ധ്വജദേവതകൾ.

സദേവസേനാപതിരഗ്നിലോചനഃ
സഖണ്ഡഹസ്തോഽപ്യസിധാരിസംജ്ഞിതഃ
സപാശപാലോ ധ്വജഖേടകാഹ്വയോ
ഗളീ പുനഃ ശൂലവിലാസിനാമകഃ. ൧൧
വിപ്രപ്രിയശ്ചേതി നവ ധ്വജേശാ
ഗുഹേഽന്തിമസ്ത്വീശദിശീഹ കാര്യ്യഃ
സ്വമണ്ഡപപ്രോക്താഃ ഖലു പരേഷു
ഗണേശപൂർവ്വാ ധ്വജദേവതാഃ സ്യുഃ. ൧൨

ഗുഹേ — സുബ്രഹ്മണ്യങ്കൽ സദേവസേനാപതിഃ അഗ്നിലോചനഃ, ദേവസേനാപതയേ നമഃ, അഗ്നിലോചനായ നമഃ; സഖണ്ഡഹസ്തഃ അസിധാരിസംജ്ഞിതഃ — ഖണ്ഡഹസ്തായ നമഃ അസിധാരിണേ നമഃ; സപാശപാലഃ ധ്വജഖേടകാഹ്വയഃ — പാശപാലായ നമഃ ധ്വജഖേടകായ നമഃ; പുനഃ ഗളീ ശൂലവിലാസിനാമകഃ — പിന്നെ ഗളിനേ നമഃ, ശൂലവിലാസിനേ നമഃ; വിപ്രപ്രിയഃ ച — വിപ്രപ്രിയായ നമഃ, ഇതി നവ ധ്വജേശാഃ — ഇങ്ങനെ ഒമ്പതു ധ്വജദേവതകൾ. ഇവിടെ അന്തിമഃ ഈശദിശി കാര്യ്യഃ — ഇവിടെ ഒടുക്കത്തെ മന്ത്രം ഈശകോണിൽ തന്നെ വേണ്ടു. പരേഷു സ്വമണ്ഡപപ്രോക്താഃ — വിഷ്ണ്വാദികൾക്കു തന്റെ മണ്ഡപസംസ്കാരങ്ങളിൽ പറഞ്ഞിരിക്കുന്നവ തന്നെ ധ്വജദേവതകൾ. വിഷ്ണുവിങ്കൽ കുമുദായ നമഃ, ശങ്കരനാരായണങ്കൽ നന്ദിനേ കുമുദാക്ഷായ നമഃ ഇത്യാദി എട്ടും, ദുർഗ്ഗയിങ്കൽ ഹാരകൈ്യ നമഃ ഇത്യാദി എട്ടും, ശാസ്താവിങ്കൽ ഗോപ്ത്രേ നമഃ ഇത്യാദി എട്ടും, ഗണേ

ശാസ്തൃ പാർഷദപ്രദിഷ്ടാഃ - ഗണപതിയിങ്കൽ വക്രതുണ്ഡായ നമഃ ഇത്യാദി എട്ടും ഇങ്ങനെ ധ്വജദേവതകൾ.

വിംശദ്ഭൂതഗണാഃ സ്മൃതാഃ സ്മരരിപോർ ദിഗ്ദിക്ഷു പഞ്ചാശതോദ്-
ദിഷ്ടാശ്ചാഷ്ടസു ദിക്ഷു ശാർങ്ഗിണി സപ്തത്യാ തഥേശാച്യുതേ
ഷട്കോട്യോദ്ദിഷ്ടാ ഗുഹേ മഹിഷഹന്ത്ര്യാമഷ്ടകോട്യാ തഥാ
തത്തത്പാരിഷദാഃ പ്രദേശഗണനാ ഇത്യാദ്യാ ദ്വിതീയാവൃതൌ.
[ശ്ലോ. ൪

ദ്വിതീയാവൃതൌ — രണ്ടാമത്തെ പ്രദക്ഷിണത്തിങ്കൽ, സ്മരരിപോർ ദിഗ്ദിക്ഷു വിംശദ്ഭൂതഗണാഃ സ്മൃതാഃ — ശിവങ്കൽ കിഴക്കു തുടങ്ങി എട്ടു ദിക്കിലും മുകളിലും താഴെയും ഉദ്ദേശിച്ച് ഈശാനകോണിലും നിരൃതികോണിലും വിംശദ്ഭൂതഗണേഭ്യോ നമഃ എന്ന് പത്തു ദിക്കുകളിൽ തൂകും. ശാർങ്ഗിണി അഷ്ടസു ദിക്ഷു പഞ്ചാശതാ ഉദ്ദിഷ്ടാഃ — വിഷ്ണുവിങ്കൽ പഞ്ചാശദ്ഭൂതഗണേഭ്യോ നമഃ എന്നു തന്നെ എട്ടു ദിക്കുകളിലും; ഈശാച്യുതേ സപ്തത്യാ തഥാ — ശങ്കരനാരായണങ്കൽ സപ്തതിഭൂതഗണേഭ്യോ നമഃ എന്നും; ഗുഹേ ഷട്കോട്യാ ഉദ്ദിഷ്ടാഃ — സുബ്രഹ്മണ്യങ്കൽ ഷട്കോടിഭൂതഗണേഭ്യോ നമഃ എന്നും; മഹിഷഹന്ത്ര്യാം തഥാ അഷ്ടകോട്യാ — ദുർഗ്ഗയിങ്കൽ അഷ്ടകോടിഭൂതഗണേഭ്യോ നമഃ എന്നും; പ്രദേശഗണനാ ഇത്യാദ്യാഃ തത്തത്പാരിഷദാഃ — ശാസ്താവിങ്കൽ ഗോപ്തൃപാർഷദേഭ്യോ നമഃ ഇത്യാദി എട്ടും ഗണപതിയിങ്കൽ വക്രതുണ്ഡപാർഷദേഭ്യോ നമഃ ഇത്യാദി എട്ടും ധ്വജദേവതാപാർഷദന്മാരുടെ മന്ത്രം കൊണ്ട് എട്ടു ദിക്കിലും തൂകും. ഇങ്ങനെ രണ്ടാമത്തെ പ്രദക്ഷിണമന്ത്രങ്ങൾ.

ബലിപീഠസ്യ സമന്താദ് ബലിഭിർ വജ്രിമുഖാഷ്ടദിക്ക്രമതഃ
കുമുദാദ്യഷ്ടകമിഷ്ട്വാ മധ്യേ പീഠം യജേത ഹരിസേനം. [ശ്ലോ. ൫

ബലിഭിഃ ബലിപീഠസ്യ സമന്താത് — വിഷ്ണുവിങ്കൽ വലിയബലിക്കല്ലിന്റെ താഴെ ചുറ്റും; വജ്രിമുഖാഷ്ടദിക്ക്രമതഃ — ഇന്ദ്രാദിയായി എട്ടു ദിക്കുകളിലും; കുമുദാദ്യഷ്ടകം ഇഷ്ട്വാ — കുമുദാദികളായ എട്ടു മന്ത്രങ്ങളെക്കൊണ്ടും പൂജിച്ചു തൂകി, മധ്യേ പീഠം ഹരിസേനം യജേത — പീഠമധ്യത്തിങ്കൽ ഹരിസേനായ നമഃ എന്നു പൂജിച്ചു തൂകും.

പുരഭിദി ദ്യുതിമത്സംജ്ഞകം സദൃന്നിരീക്ഷം സഭീമരൂപമഥ
യജ്ഞ സുലോചനസുമുഖൌ സമഹാബാഹു ദിശാസ്വധശ്ചോര്‍ദ്ധ്വം ച
[ന്ത്ര

ത്രിശിരസ്ത്രിഭുജൌ പിംഗലമഹസേനൌ ചാഹാദ്യൈര്‍ഭിദാദ്യൈഃ
[മൈസ്വാഃ

ചതുരോ ദ്യുതിമത്പൂര്‍വ്വാംശ്ചതുരഃ കുമുദാദികാംശ്ച ശാര്‍ങ്ഗീശേ.
[ന്ത. ൧

പുരഭിദി-ശിവങ്കല്‍, ദിശാസു അധഃ ഊര്‍ദ്ധ്വം ച - കിഴക്കു തുടങ്ങി എട്ടു ദിക്കുകളിലും താഴെ ഉദ്ദേശിച്ചു നിരൃതികോണിലും മുകളിലും ക്രമേണ, ദ്യുതിമത്സംജ്ഞകം സദൃന്നിരീക്ഷം-ദ്യുതിമായ സ്വാഹാ നമഃ ദൃന്നിരീക്ഷായ സ്വാഹാ നമഃ; സഭീമരൂപം - ഭീമരൂപായ സ്വാഹാ നമഃ, സുലോചനസുമുഖൌ-സുലോചനായ സ്വാഹാ നമഃ സുമുഖായ സ്വാഹാ നമഃ; സമഹാബാഹു-മഹാബാഹവേ സ്വാഹാ നമഃ, ത്രിശിരസ്ത്രിഭുജൌ-ത്രിശിരസേ സ്വാഹാ നമഃ ത്രിഭുജായ സ്വാഹാ നമഃ ഇങ്ങനെ താഴത്തേയ്ക്ക് എട്ടും, പിംഗലമഹസേനൌ ച - നിരൃതികോണില്‍ പിംഗലായ സ്വാഹാ നമഃ മഹസേനായ സ്വാഹാ നമഃ ഇവ മുകളില്‍; ഭിദാദ്യൈഃ മൈസ്വാഃ ആഹാദ്യൈഃ - സ്വാഹാന്തങ്ങളായിട്ട് ഈ മന്ത്രങ്ങള്‍ ചൊല്ലിക്കൊണ്ടും ന്യസ്യം. ശാര്‍ങ്ഗീശേ ദ്യുതിമത്പൂര്‍വ്വാന്‍ ചതുരഃ കുമുദാദികാന്‍ ചതുരഃ ച - ശങ്കരനാരായണങ്കല്‍ താഴെ കിഴക്കു തുടങ്ങി ദ്യുതിമായ സ്വാഹാ നമഃ ഇത്യാദി ശിവന്റെ മന്ത്രങ്ങള്‍ നാലും കുമുദായ നമഃ ഇത്യാദി നാലും ന്യസ്യം.

ചിതയാന്‍ ചിദ്രോപ്ഖിലാന്‍ വാ പരിതോഽധഃ പിംഗലം യജേദ്ധ-
[പരി

പരമേഷ്ഠിശപിദാദ്യം സേനമഥായാന്തു മന്ത്രസഖ്യാന്തേ. ന.വ്യ

അഥവാ പരിതഃ ചിതയാന്‍ അഖിലാന്‍ ചിദഃ - എന്നിവ ശങ്കരനാരായണങ്കല്‍ വിഷ്ണുവിന്റെയും ശിവന്റെയും മന്ത്രങ്ങളൊക്കയും ദ്യുതിമായ സ്വാഹാ കുമുദാത്മനേ നമഃ ഇങ്ങനെ ഈ രണ്ടു കൂട്ടിയും ന്യസ്യം. അധഃ പിങ്ഗലം താഴെ കല്പിച്ചു പിംഗലായ

നമഃ എന്നും, ഉപരി പരമേഷ്ഠീശപദാബ്ജം സേനം – മുകളിൽ പരമേഷ്ഠീശസേനായ നമഃ എന്നും തൂകുക. അഥ അന്തേ ആയാന്തു മന്ത്രതഃ ച യജേത് – പിന്നെ ഒടുക്കം മുകളിൽ "ആയാന്തു പാർഷദാഃ സർവ്വേ" ഇത്യാദിമന്ത്രംകൊണ്ടു പൂജിച്ചു തൂകുക.

"ആയാന്തു പാർഷദാഃ സർവ്വേ ശാങ്കരാ വൈഷ്ണവാസ്തഥാ
ബലിപീഠേഽത്ര സന്തുഷ്ടാ നിവസന്തു യഥാസുഖം."

"നമഃ സർവ്വപാർഷദേഭ്യോ നമഃ" ഇങ്ങനെ ആയാന്തുമന്ത്രം.

ബ്രഹ്മസ്വപൂർവ്വേ ഭോഗ്യൈശ്വര സംജ്ഞകവേഷ്ട്ര്യൗ സുരംഗിണീ
[സുമുഖീ
സുഭഗാ പ്രമോദിനീ പുനരാത്മന്യപി കീർത്തിതാഽന്തിമാഽബ്രാഹ്മീ.
[ഛൽ
ഏതാഃ ക്രമേണ പൂജ്യാ ദുർഗ്ഗായാം ദിക്ഷു പീഠമധ്യേ ച
ബ്രാഹ്മ്യന്തേഽബ്ജദളസ്ഥാഃ കാള്യാദ്യാശ്ചാത്ര പൂജനീയാ വാ ൪൦

ദുർഗ്ഗായാം ദിക്ഷു പീഠമധ്യേ ച – ദുർഗ്ഗയ്ക്കൽ താഴെ എട്ടു ദിക്കുകളിലും, ബ്രഹ്മ(സ്വ)പൂർവ്വേ ഭോഗൈശ്വര .. ബ്രഹ്മഭോഗൈശ്വര്യൈ നമഃ (സ്വഭോഗൈശ്വര്യൈ നമഃ), സംജ്ഞകവേഷ്ട്ര്യൗ – യജ്ഞവേഷ്ട്ര്യൈ നമഃ, സുരംഗിണീ സുമുഖീ സുഭഗാ പ്രമോദിനീ – സുരംഗിണ്യൈ നമഃ സുമുഖ്യൈ നമഃ സുഭഗായൈ നമഃ പ്രമോദിന്യൈ നമഃ ഇങ്ങനെ താഴെ എട്ടും തൂകി, അന്തിമാ ബ്രാഹ്മീ – പിന്നെ ഒടുക്കം മുകളിൽ ബ്രാഹ്മ്യൈ നമഃ എന്നും, ഏതാഃ ക്രമേണ പൂജ്യാഃ – ഈ മന്ത്രങ്ങൾ ക്രമേണ ചൊല്ലിം പൂജിപ്പൂ.

അത്ര ബ്രാഹ്മ്യന്തേ അബ്ജദളസ്ഥാഃ കാള്യാദ്യാഃ ച പൂജനീയാഃ വാ – ഇവിടെ മുകളിൽ ബ്രാഹ്മിക്ക തൂകിയാൽ അഷ്ടദളങ്ങളിൽ കിഴക്ക ഇടങ്ങ। കാളീ കരാളീ ഇത്യാദി ധ്വജദേവതകളെയും കൂടെ പൂജിക്കണമെന്ന വികല്പമായിട്ടു പറകകൊണ്ടു് പക്ഷംപോലെ ചെയ്‌വൂ.

ത്രൈലോക്യശിഖിജഗത്പൂർവ്വയശ്ച മഹാചണ്ഡപൂർവ്വകശ്ച
[സേനാഃ
ശ്രുതച്ഛ്രുജയത്സ്കന്ദാദ്യാശ്ച ശേശവത് സ്കന്ദേ. ൪൧

സ്കന്ദേ ഈശവത് – സുബ്രഹ്മണ്യനിൽ ശിവങ്കലെപ്പോലെ പത്തു ദിക്കുകളിൽ, ശൂരോഗ്രശിഖിജഗത്പൂർവ്വാഃ മഹാചണ്ഡപൂർവ്വകൌ ച സേനാഃ – ശൂരസേനായ നമഃ, – ഉഗ്രസേനായ നമഃ, ശിഖിസേനായ നമഃ, ജഗത്സേനായ നമഃ, മഹാസേനായ നമഃ, ചണ്ഡസേനായ നമഃ; ക്രൂഢക്രൂരജയത്സ്കന്ദാദ്യാഃ ച – ക്രൂഢസേനായ നമഃ, ക്രൂരസേനായ നമഃ, ജയത്സേനായ നമഃ സ്കന്ദസേനായ നമഃ ഇങ്ങനെ പത്തു ദിക്കുകളിലും പത്തു മന്ത്രങ്ങളെ പൂജിച്ചു തൂകു.

അഥവാഽത്ര ഭൃതിദാദീൻ സപിംഗലസ്കന്ദസേനാപത്യന്താൻ
പ്രയജേദ്യേ ഭൂതാദിഗ്രഹാദികാദ്യാമപീഹ ബലിരിഷ്ടഃ. ൪൨

അഥവാ അത്ര ഭൃതിദാദീൻ സപിംഗലസ്കന്ദസേനാപത്യന്താൻ പ്രയജേത് – എന്നിയേ ഇവിടെ ശിവങ്കലെ ഭൃതിദായ സ്വാഹാ ഇത്യാദി എട്ടിനേയും, പിംഗലായ നമഃ സ്കന്ദസേനായ നമഃ ഈ രണ്ടു മന്ത്രങ്ങളെ കൂട്ടി പത്തു മന്ത്രങ്ങളെ തൂകു. ഇഹ യേഭൂതാദിഗ്രഹാദികാദ്യാം അപി ബലിഃ ഇഷ്ടഃ – "യേ ഭൂതാഃ സ്കന്ദസേനസ്യ" ഇത്യാദികൊണ്ടും "ഗ്രഹേഭ്യഃ സ്കന്ദ പാർഷദേഭ്യഃ" ഇത്യാദികൊണ്ടും പൂജിച്ചു ബലിയേയും തൂകണം.

"യേ ഭൂതാഃ സ്കന്ദസേനസ്യ പാർഷദാ ബലിഭോജിനഃ
തൃപ്യന്തു തേ മുദം യാന്തു സദ്ഭ്യോഽസദ്ഭ്യോനമോ നമഃ"
"ഗ്രഹേഭ്യസ്കന്ദപാർഷദേഭ്യശ്ച സർവ്വേഭ്യസ്തേഭ്യസ്തേഭ്യോ നമോ
[നമഃ"

ഇതു രണ്ടും ഇവിടെ പറഞ്ഞ ബലിമന്ത്രങ്ങളാം.

അഥ ഗജവക്ത്രഗണേശൌ വിനായകചണ്ഡവിക്രമൌ ക്രമശഃ
വിഘ്നകരസപ്തമേഖലസൂർപ്പകർണ്ണാഖ്യനാഗദന്ത്യഭിധാഃ. ൪൩

നവമോഽത്ര ഭദ്രവക്ത്രജനാമാ ധർമ്മസ്തു വിഘ്നസേനാഖ്യഃ
വിഘ്നേശ്വരബലിപീഠം ദിക്ഷ്വധ ഊർദ്ധ്വം ച പൂജനീയാഃ സ്യുഃ
[൪൪

വിഘ്നേശ്വരബലിപീഠം ദിക്ഷു അധഃ ഊർദ്ധ്വം ക്രമശഃ ച – ഗണപതിയുടെ വലിയ ബലിക്കല്ലിൽ താഴെ കിഴക്കു തുടങ്ങി എട്ടു ദിക്കുകളിലും താഴെയും മുകളിലും ക്രമേണ, ഗജവക്ത്രഗ

ണേശൗ – ഗജവക്ത്രായ നമഃ ഗണേശായ നമഃ. വിനായകഃ ചണ്ഡവിക്രമഃ–വിനായകായ നമഃ ചണ്ഡവിക്രമായ നമഃ, വിഘ്നകരസർപ്പമേഖലസച്ഛൂർപ്പകർണ്ണാഖ്യനാഗമന്ത്യൗ മിധഃ – വിഘ്നകരായ നമഃ സർപ്പമേഖലായ നമഃ ശൂർപ്പകർണ്ണായ നമഃ നാഗമന്ത്രിണേ നമഃ; അത്ര നവമഃ തക്രവക്ത്രജനാമാ, ദശമഃ വിഘ്നസേനാഖ്യഃ – ഇവിടെ ഒൻപതാമത്തെ നിരൃതികോണിങ്കൽ താഴെ തക്രവക്ത്രജായ നമഃ പത്താമത്തെ വിഘ്നസേനായ നമഃ, പൂജനീയാഃ സ്യുഃ – ഇങ്ങനെ പത്തിനേയും പൂജിച്ചു തൂകു.

അഥോ ദ്വാരാഗ്രതോ കതാ ദിക്ഷു ച ച്ച്യാ വീരബാഹുപൂർവാഃ സ്യുഃ
ഭൂതേശശാസ്തൃസേനാവയ ഊർദ്ധ്വാമപീതി പീഠബലിക്ലൃപ്തിഃ. [൪൭

അഥോ ദിക്ഷു – ശാസ്താവിങ്കൽ എട്ടു ദിക്കുകളിൽ, ദ്വാരാഗ്രതോകതാഃ വീരബാഹുപൂർവാഃ അർച്ച്യാഃ സ്യുഃ – ദ്വാരകലശപൂജയിങ്കൽ പറഞ്ഞിരിക്കുന്ന വീരബാഹവേ നമഃ ഇത്യാദി എട്ടു മന്ത്രങ്ങളെ പൂജിച്ചു തൂകിയാൽ, അധഃ ഊർദ്ധ്വം ഭൂതേശശാസ്തൃസേനൗ അപി – താഴെ ഭൂതേശായ നമഃ എന്നും മുകളിൽ ശാസ്തൃസേനായ നമഃ എന്നും പൂജിച്ചു തൂകു. ഇതി പീഠബലിക്ലൃപ്തിഃ– ഇങ്ങനെ വല്യബലിക്കല്ലിങ്കലെ ബലിക്രമം.

ദേവഗ്രഹാദിബലികർമ്മണി ദിഗ്ബലിം സ്വ–
മൂലാണുനാ ക്ഷിപതു പാരിഷദാത്മനാഥ
ക്ഷിപ്രപ്രദക്ഷിണബലിം പ്രവിധായ ശേഷം
ക്ഷേത്രാധിപായ ച സമർപ്പയതുപഹാരൈഃ. ൪൮

അഥ ദേവഗ്രഹാദിബലികർമ്മണി – പിന്നെ മൂന്നാമത്തെ പ്രദക്ഷിണത്തിന് എല്ലാ ദേവന്മാരിലും ദേവഗ്രഹാദിഎട്ടും തൂകുമ്പോൾ, സ്വമൂലാണുനാ ദിഗ്ബലിം ക്ഷിപതു – തന്റെ തന്റെ മൂലംകൊണ്ട് പുറത്തായിട്ടു ദിഗ്ബലിയേയും ചെയ്‌വൂ. പാരിഷദാത്മനാ എവം ക്ഷിപ്രപ്രദക്ഷിണബലിം ച വിധായ – പിന്നെ നാലാമത്തെ പ്രദക്ഷിണത്തിന് "വിഷ്ണുപാർഷദേഭ്യഃ സർവ്വേഭ്യോ ഭൂതേഭ്യോ നമഃ സ്വാഹാ" എന്ന പാർഷദമന്ത്രം കൊണ്ടു മത്ത പ്രദക്ഷിണം ശീഘ്രബലിയേയും ചെയ്തു ശേഷം; ക്ഷേത്രാധിപായ

ഉപഹാരൈഃ സമർപ്പയതു - ക്ഷേത്രപാലനായിക്കൊണ്ടു ബലിയെ തൂകി പഞ്ചോപചാരങ്ങളെക്കൊണ്ടു പൂജിച്ചു പാത്രശേഷഹവിസ്സിനെ നിവേദിപ്പൂ.

അനന്തരം ഉത്സവബലിയുടെ ക്രമത്തെ പറയുന്നു: —

ഉപസ്ഥായ സ്തോത്രൈഃ പ്രവികിരതു മന്ത്രൈർന്നിജനിജൈ-
ര്യ്യഥാന്യായം ദ്വാഃസ്ഥപ്രഭൃതിദിഗധീശാന്തിമബലിം
ദിശോസ്യാശാസ്യാശാധിപപരിഷദന്തേ / ത്ര മനുനാ-
നമോ ഭൂതേഭ്യാദ്യേന ച സകലദേവോത്സവബലൗ. ൪൧

സകലദേവോത്സവബലൗ - എല്ലാ ദേവന്മാരിലേയും ഉത്സവബലിയിങ്കൽ ഹവിസ്സിനെ പൂജിച്ചാൽ അർഘ്യപാദ്യാചമനദ്രവ്യങ്ങളെയും മൂന്നു കലശത്തിലിട്ടു വെള്ളം നിറച്ചു പൂജിച്ചു പാണിയും കൊട്ടിച്ചു ഗർഭഗൃഹത്തുങ്കൽ ചെന്നു ദേവങ്കൽ അനുജ്ഞാപൂജയും ചെയ്തു ബലിബിംബത്തുങ്കൽ ശംഖജലംകൊണ്ടു ആവാഹിച്ചു യോജിപ്പിച്ചു ബിംബത്തെ പരിഗ്രഹിച്ചു പരികർമ്മിയെക്കൊണ്ടു എടുപ്പിച്ചു ബലിയെച്ചെയ്‌വൂ. അവിടെ, സ്തോത്രൈഃ ഉപസ്ഥായ _ എല്ലാടവും സ്തോത്രങ്ങളെക്കൊണ്ടു ഉപസ്ഥാനം ചെയ്തു അർഘ്യപാദ്യാചമനങ്ങളെ ഓരോന്നിനേയും ശംഖിലാക്കി കൊടുത്തു; നിജനിജൈർമ്മന്ത്രൈഃ ദ്വാഃസ്ഥപ്രഭൃതിദിഗധീശാന്തിമബലിം യഥാന്യായം പ്രവികിരതു - അവിടെ പറഞ്ഞിരിക്കുന്ന ബലിദേവതകളുടെമന്ത്രംകൊണ്ടും തത്പാർഷദമന്ത്രം ദ്വാഃസ്ഥന്മാരതുടങ്ങി ദിക്പാലകന്മാരു പത്തും കഴിവോളം ശ്രീഭൂതബലിയിങ്കലെ ക്രമംപോലെ ബലിയെ തൂകുന്നു. അത്ര ദിശസ്യ ആശാസ്യ ആശാധിപപരിഷദന്തേ ഓംനമോ ഭൂതേഭ്യാദ്യേന ച - ഇവിടെ പത്തു ദിക്കുകളിലും ദിക്പാലന്മാരുടെ തത്പാർഷത്തിന്റെ ബലികഴിഞ്ഞാൽ "ഓം നമോ ഭൂതേഭ്യോ ഭൂതകൃദ്ഭ്യഃ" ഇത്യാദിയായമന്ത്രം കൊണ്ടു പൂജിച്ചു തൂകി ഒടുക്കം എല്ലാടവും മൂലംകൊണ്ടുതൂകണം.

പൂർവ്വസ്യാമിതി പൂർവ്വകേണ ച നമോ ഭൂതാദിമന്ത്രാന്തതോ
ദിഗ്ദിക്ഷ്വീശഗണേശവഹ്നിജവി യദ്ഭൂതാദിമന്ത്രേണ ച
ഓജാശാസ്യ ബലിം കരോതു ഹരിവർജ്ജം സർവ്വതോ വാ തഥാ
ശൈവേ പ്രാഗുദിതാംഗ്ഗുരുപൂജനവിധാവച്ഛ്യുതേ വിത്താധിപഃ. ൪൨

ഈശഗണേശവഹ്നിജവി - ശിവങ്കലും ഗണപതിയിങ്കലും സുബ്രഹ്മണ്യങ്കലും, നമോഭൂതാദിമന്ത്രാന്തതഃ ദിഗ്ദിക്ഷു

പൂൎവ്വസ്യാം ഇതി പൂൎവ്വകേണ ച – ഇന്ദ്രാദി പത്തുദിക്കുകളിലും ഓം നമോ രുദ്രേഭ്യ ഇത്യാദി തൂകിക്കഴിഞ്ഞാൽ, പൂൎവ്വസ്യാം ദിശി, ശിവസ്യ ഭഗവതഃ – ഇത്യാദി തത്തദ്ഗണമന്ത്രങ്ങളെക്കൊണ്ടും പൂജിച്ചു തൂകുക. ഓജാംശാസ്യ യേരുദ്രാദിമന്ത്രേണ ച – പിന്നെ ഇന്ദ്രൻ യമൻ (വരുണൻ, സോമൻ) ബ്രഹ്മാവ് ഇങ്ങനെ അഞ്ചു ദിക്കുകളിലും "യേ രുദ്രാഃ പുരസ്സദാ" ഇത്യാദി മാലാമന്ത്രംകൊണ്ടും പൂജിച്ചു തൂകുക. ഒടുക്കം മൂലം തൂകുക. ഹരിവൎജ്ജം സൎവ്വതഃ തഥാ വാ – വിഷ്ണുവിനെ ഒഴിച്ച് ശങ്കരനാരായണങ്കലും ദുൎഗ്ഗയിങ്കലും ഇങ്ങനെതന്നെ ബലിയെ ചെയ്യാം. വിഷ്ണുവിങ്കലേപ്പോലെയുമാം. ഇവിടെ ദുൎഗ്ഗയിങ്കൽ വിഷ്ണുവിങ്കലേപ്പോലെയും. മററ് എല്ലാടവും സോമന്റെ ബലിചെയ്തു പിന്നെ വൈശ്രവണന്റെ ബലിയെ ച്ചെയ്വൂ.

യഥാന്യായം മാതൃപ്രഭൃതിഗുഹനിഷ്ഠാവൃതിമഥോ
 യജേദ് ഗായത്ര്യാദ്യൈൎമ്മനുഭിരപി സൎവ്വേഷു വിധിവത്
ഇമാം പ്രാഗാദ്യാശാപരിഗതകമാരാദിസഹിതാം
 ത്രിധാമന്യേവം വാ സഹരിഹരസംഭാസ്വരരിപൌ. ൪൯

സൎവ്വേഷു മാതൃപ്രഭൃതിഗുഹനിഷ്ഠാവൃതിം – പിന്നെ എല്ലാ ദേവന്മാരിലും മാതൃക്കൾ തുടങ്ങി സുബ്രഹ്മണ്യൻ കഴിവോളമുള്ള ആവരണത്തെ, ഗായത്ര്യാദ്യൈഃ മനുഭിഃ അപി വിധിവത യഥാന്യായം യജേത് – തത്തദ്ഗായത്രികളെക്കൊണ്ടും നാമമന്ത്രങ്ങളെക്കൊണ്ടും തത്ര പാൎഷദമന്ത്രങ്ങളെക്കൊണ്ടും കൂടി വിധിച്ചപോലെ ക്രമേണ പൂജിച്ചു തൂകുക. ത്രിധാമനി പ്രാഗാദ്യാശാപരിഗതകമാരാദിസഹിതാം ഇമാം – വിഷ്ണുവിങ്കൽ കിഴക്കു തുടങ്ങി സ്കന്ദാദി എട്ടുദിക്കിലും ആവരണത്തോടുകൂടുംവണ്ണം ഈ മന്ത്രാദി ആവരണത്തെ തൂകണം. സഹരിഹരസംഭാസ്വരരിപൌ ഏവം വാ – ശങ്കരനാരായണങ്കലും ഈ സ്കന്ദാവരണം കൂടി ചെയ്കിലുമാം.

പ്രാചി സ്കന്ദം പ്രദേശം ശിഖിനി പിതൃപതൌ ധൎമ്മമാതൃഃസ്സ
 [ഹാസ്ത്രം
ഭൃംഗേ ശാന്തം പിതൃസ്ഥം ദ്രുഹിണമുദകരാജീരണേ സ്വകരാദ്ധ്യേ
സ്കന്ദം മുഖ്യേന്ദ്രമാദ്യൈരപി ദ്രുഹിനയാവാംബികാം ത്ര്യംബകം
 [സേ
ശോണേ ചാശേഷതൽപരീത്യാച്ചയജേ പുനരിത്യാം ച നിൎമ്മാല്യ-
 [രാജം. ൫൦

പ്രാചി സ്കന്ദം – പൂൎവ്വദ്വാരത്തുങ്കലും പശ്ചിമദ്വാരത്തുങ്കലും കിഴക്ക സുബ്രഹ്മണ്യനേയും, ശിഖിനി പ്രദേശം– അഗ്നികോണിൽ ശാസ്താവിനേയും, പിതൃപതൌ ധൎമ്മമാതൄഃ – തെക്ക ധൎമ്മായ നമഃ എന്ന (ധൎമ്മരാജാവിനേയും) മാതൃക്കളേയും, ഭൃംഗേ ആൎയ്യം – യമനിരൃതിമദ്ധ്യത്തുങ്കൽ ഭൃംഗപദത്തുങ്കൽ ശാസ്താവിനേയും, പിതൃസ്ഥാം ജ്ഞാനം – നിരൃതികോണിൽ ആദിത്യനേയും, ഉദകരാജി ദ്രുഹിണം – പടിഞ്ഞാറ് ബ്രഹ്മാവിനേയും, ഈരണേ സൂകരാൎയ്യേ – വായുകോണിൽ വരാഹത്തേയും ദുൎഗ്ഗയേയും (മുഖ്യ) വായുസോമമദ്ധ്യത്തുങ്കൽ സുബ്രഹ്മണ്യനേയും, ഇന്ദിന്ദുഭൌ അന്ത്യമാതൄഃ അംബികാം – അവിടെക്ക സോമന്റെ പടിഞ്ഞാറ് ഉത്തരമാതൃക്കളേയും സോമങ്കൽ അംബികായൈ നമഃ എന്നും, ത്സപ കോണേ ത്ര്യംബകം ച അൎച്ചേത് – ഈശകോണിൽ ശിവനേയും പൂജിച്ചു ഇക്രം. ഇങ്ങനെ സ്കന്ദാവരണം ഇകിയാൽ, പുനഃ പവിത്ര്യ ഉദിത്യാം നിൎമ്മാല്യമാജം അൎച്ച്യതു–ഒരു പ്രദക്ഷിണമായി വന്ന് ഉദിത്പദത്തുങ്കൽ നിൎമ്മാല്യധാരിയേയും പൂജിച്ചു ഇകി ജലാപ്ളുതബലിയും ചെയ്വൂ.

അനന്തരം ഉപസ്ഥാനമന്ത്രങ്ങളെ പറയുന്നു:—

വിഷ്ണുവിങ്കൽ.

“നമസ്തേ ദ്വാരപാലായ ചണ്ഡായാമിതതേജസേ
നരസിംഹതനുജായ ചക്രേണാങ്കിതമൌലയേ.
നമസ്തേ ദ്വാരപാലായ പ്രചണ്ഡായാമിതതേജസേ
നരസിംഹതനുജായ ശംഖേനാങ്കിതമൌലയേ.”

ഇവ രണ്ടും ദ്വാഃസ്ഥന്മാൎക്ക്.

“വാഹനായ മഹാവിഷ്ണോസ്താൎക്ഷ്യായാമിതതേജസേ
ഗരുഡായ നമസ്തേ/സ്തു ദുഷ്ടസൎപ്പമൃത്യവേ.”

ഇതു ഗരുഡന്ന്.

“ശയ്യാ യോ ജഗതാം ധാതുൎവ്വിഷ്ണോൎവ്വിവിധമായിനഃ
അനന്തായ നമസ്തുഭ്യമഹീന്ദ്രനമിതാംഘ്രയേ.”

ഇത് അനന്തന്ന്.

“നമസ്തേ സൎവ്വഭൂതേശ! സൎവ്വസമ്പത്പ്രദായിനേ
സൎവ്വവിഘ്നവിനാശായ വിഷ്വക്സേനായ ശിവാത്മനേ!”
“നമസ്തേ/സ്തു മഹായോഗിൻ വ്യാഖ്യാമുദ്രാലസത്കര!
ദക്ഷിണാമൂൎത്തിരൂപായ രുദ്രായ പരമാത്മനേ.”

ഇതു രണ്ടും ഗണപതിദക്ഷിണാമൂർത്തികൾക്ക്.

"നമസ്തേ ദ്വാരപാലായ ചക്രവ്യഗ്രമഹാഭുജ!
ദംഷ്ട്രാ നിഹതദൈത്യായ വൈഷ്ണവായ നമോ നമഃ.
"നമസ്തേ ദ്വാരപാലായ ശംഖവ്യഗ്രമഹാഭുജ!
ദംഷ്ട്രാ നിഹതദൈത്യായ വൈഷ്ണവായ നമോ നമഃ.

ഇതു രണ്ടും ദ്വാഃസ്ഥന്മാർക്കും.

"ദൈത്യദർപ്പവിനാശായ സഹസ്രാക്ഷായ ധീമതേ
കലിശവ്യഗ്രഹസ്തായ നമസ്തേ/സ്തു ശതക്രതോ!"

ഇത് ഇന്ദ്രന്.

"മുഖം യഃ സർവ്വദേവാനാം യേന ഹവ്യം ച നീയതേ
യേന പ്രവർത്തതേ സർവ്വം നമസ്തസ്മൈ ഹവിർഭുജേ."

ഇതു അഗ്നിക്ക്.

"യേന സംഹ്രിയതേ സർവ്വം യേന ധർമ്മശ്ച രക്ഷ്യതേ
യസ്മാദ് ബിഭേതി ലോകോ/യം പ്രേതനാഥ! നമോ/സ്തു തേ."

ഇതു യമന്.

"രാക്ഷസാ യാതുധാനാശ്ച പിശാചാശ്ചാശ്രയന്തി യം
തസ്മൈ നിരൃതിരൂപായ രക്ഷസാം പതയേ നമഃ."

ഇതു നിരൃതിക്കും.

"യേന സംരക്ഷ്യതേ സർവ്വം യസ്മിൻ സർവ്വം പ്രതിഷ്ഠിതം
അമോഘപാശഹസ്തായ തസ്മൈ/പാം പതയേ നമഃ."

ഇതു വരുണന്.

"പൂര്യന്തേ ച ഹ്രിയന്തേ ച യേന പ്രാണാദയഃ ക്രമാത്
ഭൂതാനാം പതയേ നിത്യം നമസ്തസ്മൈ മരുത്പതേ!"

ഇതു വായുവിന്.

"യം പ്രാപ്യാമരതാം യാന്തി ദേവാ യജ്ഞശരീരിണഃ
സോമായ ഗമിനേ തസ്മൈ ജ്യോതിഷാം പതയേ നമഃ"

ഇതു സോമന്.

"യത്പ്രസാദാജ്ജഗത്സർവ്വം ധനേന പരിപൂര്യതേ
യക്ഷഗുഹ്യകനാഥായ ധനനാഥ! നമോ/സ്തു തേ."

ഇതു വൈശ്രവണന്ന്.

"യേന കാലാഗ്നിനാ ലോകോ യുഗാന്തേഷു പ്രദഹ്യതേ
തസ്മൈ തേ ബ്രഹ്മണഃ പുത്ര! വിരൂപാക്ഷ! നമോ/സ്തു തേ.
ഇത് ഈശാനന്ന്.

"യേന സൃഷ്ടം ജഗത്സർവം സർഗാദൌ വിഷ്ണുശാസനാത്
പിതാമഹ! നമസ്തുഭ്യം സർവലോകേശ! പത്മജ!"
ഇത് ബ്രഹ്മാവിന്ന്.

"പന്നഗാധിപതിർദ്ദേവ! അനന്തോ നാമ നാമതഃ
പാതാളവാസിനേ നിത്യം നാഗരാജ! നമോ/സ്തു തേ."
ഇത് അനന്തന്ന്.

"വീരഭദ്ര നമസ്തേ/സ്തു നമോ വിഘ്നേശ്വരായ ച
ബ്രാഹ്മ്യാദിഭ്യശ്ച മാതൃഭ്യഃ സർവാഭ്യോ വൈ നമോ നമഃ"
ഇത് മാതൃക്കൾക്ക്.
ശ്രീധരായ നമസ്തേ/സ്തു നമസ്തേ/ശാർങ്ഗമുഖായ ച.
വാഗീശപ്ര്യാദിമാതൃഭ്യഃ സർവാഭ്യോ വൈ നമോ നമഃ.
ഇത് ഉത്തരമാതൃക്കളുടേത്.

"വിഷ്വക്സേന! നമസ്തേ/സ്തു ദേവനിർമ്മാല്യധാരിണേ
ശംഖചക്രഗദാപാണേ! മഹാപാരിഷദേശ്വര"
ഇതു വിഷ്വക്സേനന്റെ.
ഏതേ ഹരാവുപസ്ഥാനേ മന്ത്രാസ്തത്ര ശിവാദിഷു
സാധാരണാസ്തു ഏവ സ്യുർവിശേഷോക്താൻ പൃഥക് ബ്രുവേ. ഏ ഹ
രാവിതി - വിഷ്ണുവിങ്കൽ, ഏതേ ഉപസ്ഥാനേ മന്ത്രാഃ -
ദ്വാഃസ്ഥാദിനിർമ്മാല്യധാര്യന്തം ഉപസ്ഥാനത്തിങ്കലെ മന്ത്രങ്ങൾ.
തത്ര ശിവാദിഷു തേ സാധാരണാഃ ഏവ സ്യുഃ - അവിടെ
ശിവാദികൾ(ക്ക്)മിക്കവാറും ദിൿപാലാദിമന്ത്രങ്ങൾ തുല്യങ്ങളായി
ഭവിക്കും. വിശേഷോക്താൻ പൃഥക് ബ്രുവേ - ദ്വാഃസ്ഥാദിക
ളുടെ മന്ത്രങ്ങൾ വേറെ ഉള്ളതിനെ പറയുന്നു.
ശിവങ്കൽ

"നമസ്തേ ദണ്ഡധാരി യുക്തായ ത്രൂ ഹസ്തായ ധീമതേ
ദ്വാസ്ഥാ നിഹതദൈത്യായ നന്ദി യ നമോ നമഃ"
"നമസ്തേ ദണ്ഡധാരി യുക്തായ പരത്രൂവ്യഗ്രപാണയേ
ദ്വാസ്ഥാ നിഹതദൈത്യായ മഹാകാളായ തേ നമ"
ഇതു രണ്ടും അകത്തേ ദ്വാഃസ്ഥന്മാൎക്ക്. ഗണപതിദക്ഷിണാമൂ
ൎത്തികൾക്ക വിഷ്ണുവിങ്കലേപ്പോലെ

"നമസ്തേ ദ്വാരി യുക്തായ ശൂലഹസ്തായ ധീമതേ
ദംഷ്ട്രാ നിഹതദൈത്യായ ശങ്കരായ നമോ നമഃ"
"നമസ്തേ ദ്വാരിയുക്തായ പരശുവ്യഗ്രപാണയേ.
ദംഷ്ട്രാ നിഹതദൈത്യായ ശങ്കരായ നമോ നമഃ."

ഇതു രണ്ടും പുറത്തെ ദ്വാഃസ്ഥന്മാൎക്ക്.

പിന്നെ ഇന്ദ്രാദിനിരൃത്യന്തം നാലും വിഷ്ണുവിങ്കലേതു തന്നെ.

"യേന പ്രസൂയതേ സൎവ്വം യസ്മിൻ സൎവ്വം പ്രലീയതേ
അമോഘപാശഹസ്തായ തസ്മൈ പാം പതയേ നമഃ."

ഇതു വരുണന്ന്. പിന്നെ വായു തുടങ്ങി അനന്തൻ കഴിവോളമാറിന്നും വിഷ്ണുവിങ്കൽ പറഞ്ഞതു തന്നെ.

"വാഹനായ മഹാശൃംഗാഗ്രൈഃ ശൈലാൎണവഹനസ്വന!
വൃഷഭായ നമസ്തുഭ്യം സൎവ്വദുഷ്ടപ്രശാന്തയേ"

ഇതു വാഹനത്തിന്ന്.

"ചണ്ഡേശ്വരനമസ്കാരമന്ത്രം പറഞ്ഞിട്ടില്ലായ്കകൊണ്ട് "വിവരണ"ത്തിൽ പറയുന്ന ധ്യാനത്തെ എഴുതുന്നു.

"ശൂലം പരശുഖട്വാംഗം ശക്തിം ദധതം കരൈഃ
ത്രിനേത്രം ധൂമ്രവൎണ്ണം ച ധ്യായേ ചണ്ഡേശ്വരം വിഭും."

ഇങ്ങനെ ശിവങ്കലെ ഉപസ്ഥാനമന്ത്രങ്ങൾ.

ശങ്കരനാരായണങ്കൽ ദ്വാഃസ്ഥന്മാൎക്ക് ശിവങ്കലേതു് ഒന്നും വിഷ്ണുവിങ്കലേതു് ഒന്നും ഇങ്ങനെ കണ്ടുകൊള്ളൂ. ഗണപതിദക്ഷിണാമൂൎത്തികൾക്കും ഇന്ദ്രാദികൾക്കും വിഷ്ണുവിങ്കലേപ്പോലെ. നിൎമ്മാല്യധാരിക്കും വാഹനത്തിന്നും അവരവരുടെ മൂലം തന്നെ.

ദുൎഗ്ഗയിങ്കൽ—

"നമസ്തേ ദ്വാരി യുക്തായൈ ചരണ്യൈ ഖേടഖഡ്ഗധാരിണി!
നരസിംഹതനൂജായൈ ചക്രാങ്കിതമൌലയേ."
"നമസ്തേ ദ്വാരി യുക്തായൈ അംബികായൈ മഹൌജസേ
നരസിംഹതനൂജായൈ ശംഖാങ്കിതമൌലയേ."

ഇതുരണ്ടും അകത്തെ ദ്വാരദേവതകൾക്ക്.

"നമസ്തേ ദ്വാരി യുക്തായൈ ജയായൈ ജ്വാലയാവൃതേ!
ദംഷ്ട്രാ നിഹതദൈത്യായൈ കാത്യായന്യൈ നമോ നമഃ."

“നമസ്തേ ദ്വാരി യുക്തായൈ വിജയായൈ മഹൌജസേ
ദംഷ്ട്രാം നിഹതദൈത്യായൈ കാത്യായന്യൈ നമോ നമഃ”

ഇതു രണ്ടും പുറത്തെ ദ്വാരപാലികകൾക്ക്.

“വാഹനായ മഹാദേവ്യാഃ സിംഹായാമിതതേജസേ
അതുല്യബലവന്നത്ര നമസ്തേ/സ്തു ഹരീശ്വര!”

ഇതു രണ്ടും സിംഹത്തിന്. പിന്നെ ഇന്ദ്രനും അഗ്നിക്കും വിഷ്ണുവിങ്കൽ പറഞ്ഞ “ദൈത്യദർപ്പ” എന്നും (മുഖം യഃ എന്നും) തന്നെ.

“ദണ്ഡഹസ്തായ ഭീമായ സർവ്വപ്രാണഹരായ ച
പ്രേതനാഥ! നമസ്തേ/സ്തു പിതൃലോകനിവാസിനേ.”

ഇതു യമന്.

“ഖഡ്ഗഹസ്തായ ഘോരായ നൈരൃതായ മഹാമതേ!
രക്ഷോ/ധിപായ തീക്ഷ്ണായ നമസ്തേ/സ്തു നിശാചര!”

ഇതു നിരൃതിക്ക്.

“ജലാധിപായ പ്രാണായ സർവ്വഭൂതഹിതായ ച
പാശഹസ്തായ ഭീമായ നമസ്തേ/സ്തു അപാംപതേ.!”

ഇതു വരുണന്.

“സദാഗതായ പ്രാണായ സർവ്വഭൂതഹിതായ ച
ധ്വജഹസ്തായ ഭീമായ നമസ്തേ/സ്തു സമീരണ.”

ഇതു വായുവിന്.

“നക്ഷത്രാണാം ച സർവ്വേഷാം സോമോരാജാ പ്രകീർത്തിതഃ
ഗദാപട്ടസധാരീ ച സോമരാജായ തേ നമഃ.’

ഇതു സോമന്.

“ധനദായ കുബേരായ സർവ്വൌഷധിധരായ ച
പൌലസ്ത്യായ ച നീലായ നമസ്തേ/സ്തു ധനാധിപ!”

ഇതു വൈശ്രവണന്.

“ഈശാനഃ സർവ്വവിദ്യാനാമക്ഷമാലാധരോ ഹരഃ
ഹരിണഹസ്തോ മഹാത്മാ ച നമസ്തേ/സ്തു ഹരിപ്രിയ!”

ഇത് ഈശാനന്.

“സ്രഷ്ടാ ചരസ്യ സർവ്വസ്യ ലോകാനാം ച പിതാമഹഃ
ആദിശ്ച സർവ്വഭൂതാനാം തസ്മൈ (ദേവാ?വേധ)ത്മനേ നമഃ”

ഇതു ബ്രഹ്മാവിന്ന്.

"പന്നഗാധിപതിർദ്ദേവ! അനന്തോ നാമ നാമതഃ
പാതാളവാസിനേ നിത്യം നാഗരാജായ വൈ നമഃ."

ഇതു് അനന്തന്ന്. ഇങ്ങനെ ദുർഗ്ഗയിങ്കലേ ഉപസ്ഥാനമന്ത്രങ്ങൾ.

"തർജ്ജയന്തി ജഗത്സർവ്വം സദാ നിർമ്മാല്യധാരിണി!
വരദാഭയഹസ്താ(സ്തൃ?യൈ) ചണ്ഡികായൈ നമോസ്തു/തേ."
ഇതു ദുർഗ്ഗയിങ്കലേ നിർമ്മാല്യധാര.

സുബ്രഹ്മണ്യങ്കൽ ദ്വാഃസ്ഥന്മാർക്ക് ഉപസ്ഥാനമന്ത്രങ്ങളും അതതു് ബലിമന്ത്രങ്ങളും തന്നെ. ഇന്ദ്രാദികൾക്ക്,

"ഇന്ദ്രസ്സുരപതിശ്ചൈവ വജ്രഹസ്തോ മഹാബലഃ
ശതയാഗാധിപോ ദേവസ്തസ്മൈ യാഗാത്മനേ നമഃ."

ഇതു് ഇന്ദ്രന്ന്.

"സർവ്വദേവമയോ ദേവോ രക്തോഗ്നിർമ്മഹാബലഃ
സപ്തജിഹ്വോ മഹാവീര്യോ നമോ വൈശ്വാനരായ ച."

ഇതു് അഗ്നിക്ക്.

"ദണ്ഡഹസ്തോ മഹാദേവോ ധർമ്മാദ്ധ്യക്ഷോ മഹാബലഃ
മഹിഷവാഹായ ധർമ്മരാജം തസ്മൈ പ്രേതാത്മനേ നമഃ."

ഇതു് യമന്.

"ഖഡ്ഗഹസ്തധരോ ദേവോ നൈരൃത്യോ നീലവിഗ്രഹഃ
നിരൃതേ ച നമസ്തുഭ്യം ഖഡ്ഗഹസ്താത്മനേ നമഃ."

ഇതു് നിരൃതിക്ക്.

"ജലരാജ! മഹാരാജ! വിഖ്യാത ഇതി നിമ്നഗഃ
പശ്ചിമാം ദിശമാചഷ്ടേ പാശഹസ്താത്മനേ നമഃ."
"സർവ്വപ്രകാശകോ നിത്യഃ സർവ്വലോകാധിദേവതഃ
ധ്വജഹസ്തോ മഹാപ്രാണസ്തസ്മൈ വായ്വാത്മനേ നമഃ."

ഇതു വായുവിന്ന്, സോമന്നു "നക്ഷത്രാണാം ച" ഇത്യാദിയും വൈശ്രവണന്നു "ധനദായ" ഇത്യാദിയും ദുർഗ്ഗയിങ്കൽ പറഞ്ഞതുതന്നെ.

"സർവ്വലോകാധിപോ ദേവ ഈശാനോ നാമ നാമതഃ
ശൂലപാണിർമ്മഹാദേവസ്ത്രൈലോക്യാധിപതേ! നമഃ."

ഇതു് ഈശാനന്.

ബ്രഹ്മാവിന്ന് "സ്രഷ്ടാ ചതുരാസ്യ" എന്നും, അനന്തന്ന് "പന്നഗാധിപതിഃ" ഇത്യാദിയും. ദുർഗ്ഗയിങ്കൽ പറഞ്ഞതു തന്നെ. സുബ്രഹ്മണ്യങ്കലെ ഉപസ്ഥാനമന്ത്രങ്ങൾ.

ഗണപതിയിങ്കൽ ദ്വാഃസ്ഥാദികൾക്കും തന്മന്ത്രം തന്നെ. ഇന്ദ്രാദികൾക്കു ശിവങ്കൽ പറഞ്ഞതുതന്നെ.

വാഹനായ ഗണേശസ്യ മഹാകായായ ധീമതേ
മദ്ധ്യ പാരിഷദേശാനാം ഭോജനായ വൈ നമഃ.

ഇത് വാഹനത്തിന്ന്. ഇങ്ങനെ ഗണപതിയിങ്കലെ ഉപസ്ഥാന മന്ത്രങ്ങൾ.

ശാസ്താവിങ്കൽ ദ്വാഃസ്ഥാദികൾക്കു വേറെയില്ല. ഇന്ദ്രാദികൾക്കും ശിവങ്കലേപ്പോലെ.

ഏവം ഗിരിശശാർങ്ങ്ഗീശഷൾഗശാസ്തൃമുഖാദിഷൂദിതാഃ
ദ്വാഃസ്ഥവാഹനദിക്പാലസ്തുതിമന്ത്രാ വിശേഷിതാഃ. ൧൧

ഗിരീശശാർങ്ങ്ഗീശഷൾഗശാസ്തൃമുഖാദിഷു — ശിവങ്കലും ശങ്കരനാരായണങ്കലും സുബ്രഹ്മണ്യങ്കലും ഗണപതിയിങ്കലും, ഏവം വിശേഷിതാഃ ദ്വാഃസ്ഥവാഹനദിക്പാലസ്തുതിമന്ത്രാഃ ഉദിതാഃ,— ഇങ്ങനെ വിശേഷങ്ങളായിട്ടുള്ള ദ്വാഃസ്ഥന്മാരുടേയും വാഹനങ്ങളുടേയും ദിക്പാലന്മാരുടേയും നിർമ്മാല്യധാരിയുടേയും ഉപസ്ഥാന മന്ത്രങ്ങൾ പറയപ്പെട്ടു.

അനന്തരം മന്ത്രങ്ങളെ പറയുന്നു—

താരാദ്യം നിജനാമ ചേന്തമഥ വിഷ്ണ്വാദീഷ്ടദേവാക്ഷരം-
പ്രോദ്യത്പാരിഷദാക്ഷരം സഹ ചതുർത്ഥ്യാ ഹാർദ്ദഹൃദ്യം വദേത്
ഏവം സ്യാത് പരിവാരദൈവതമനുർന്നാം ലക്ഷണം തത്പദ-
പ്രോദ്യത്പാരിഷദേഭ്യ ഏഷ പരിഷന്മന്ത്രോ നമോന്തഃ സ്മൃതഃ.

താരാദ്യം ചേന്തം നിജനാമ — പ്രണവം ആദിയായി ചതുർത്ഥ്യേകവചനാന്തമായിരിക്കുന്ന തന്റെ തന്റെ നാമവും, അഥ വിഷ്ണ്വാദീഷ്ടദേവാക്ഷരപ്രോദ്യത് പാരിഷദാക്ഷരം സഹ ചതുർത്ഥ്യാ ഹാർദ്ദഹൃദ്യം വദേത് — പിന്നെ വിഷ്ണ്വാദികളായ ദേവന്മാരുടെ നാമത്തിങ്കൽ പാരിഷദ് എന്ന് ചതുർത്ഥിയോടു കൂടിയും നമഃ എന്ന് കൂട്ടിക്കൂട്ടിയും ചൊല്ലൂ. അപ്പോൾ ഓം ചണ്ഡായ വിഷ്ണുപാരിഷദേ നമഃ നന്ദിനേ രുദ്രപാരിഷദേ നമഃ ഓം ചണ്ഡികായൈ ദു

പാരിഷദേ നമഃ ഇങ്ങനെ ബലിമന്ത്രങ്ങൾ ഒക്കെയും കൂട്ടിച്ചൊല്ലൂ. ഏവം പരിവാരദൈവതമന്ത്രാനാം ലക്ഷണം സ്യാത് – ഇങ്ങനെ പരിവാരദേവതമാരുടെ മന്ത്രങ്ങളുടെ ലക്ഷണം ഭവിക്കും. തത് പദപ്രോല്യത് പാരിഷദേഭ്യഃ നമോ നമഃ – തത് എന്ന പദാന്തത്തിങ്കൽ ഉല്ല്യനായ പാരിഷദേഭ്യഃ എന്നു നമോന്തമായി ചൊല്ലൂ. തത് പാരിഷദേഭ്യോ നമഃ എന്ന് ഏഷ പരിഷന്മന്ത്രഃ – ഇങ്ങനെ എല്ലാടവും തത് പാർഷത്തുകളുടെ മന്ത്രം ഭവിക്കും.

ദ്വാന്തർദ്വാരമധികൗ ശ്രീശേ/ഽത്രാനന്ദനന്ദനൗ
ദ്വാഃസ്ഥൗ ജയാ ച വിജയാ തഥൈവ മഹിഷദ്വിഷി. ൭൩

അത്ര ശ്രീശേ – ഇവിടെ വിഷ്ണുവിങ്കൽ, അന്തർദ്വാരം=ഗർഭദ്വാരത്തിന്റെ അകത്ത് ആനന്ദനന്ദനൗ ദ്വാഃസ്ഥൗ അധികൗ – ആനന്ദായ നമഃ എന്നു രണ്ടു ദ്വാഃസ്ഥന്മാര് അധികങ്ങളായിഭവിക്കും. മഹിഷദ്വിഷി തഥാ ഏവ ജയാ ച (വിജയാ ച) – ദുർഗ്ഗയിങ്കൽ അകത്തു കട്ടിള ഉള്ള ഭാഗത്ത് അപ്രകാരം തന്നെ ജയായൈ നമഃ വിജയായൈ നമഃ ഇങ്ങനെ രണ്ടുംകൂടെ വേണം.

സ്ഥിര സ്ഥാണ്വായ ഹ്രൂം ത്ര്യക്ഷസ്വാഹാ നന്ദിമന്ത്രശ്ശിവേ
ഹ്രോംകപാലിൻ ഹ ഇത്യേഷ മഹാകാളമന്ത്രർഹലാ. ൭൪

ശിവേ – ശിവങ്കൽ, സ്ഥിരസ്ഥാണ്വായഹ്രൂംത്ര്യക്ഷസ്വാഹാ നന്ദിമന്ത്രഃ – സ്ഥിരസ്ഥാണ്വായഹ്രൂംത്ര്യക്ഷസ്വാഹാ – ഇപ്രകാരം നന്ദിനേ നമഃ എടുത്തു മുമ്പു തൂകൂ. ഹ്രോംകപാലിൻ ഹ ഇതി ഹലാ ഏഷഃ മഹാകാളമന്ത്രഃ – ഹ്രോംകപാലിൻ ഹ നമഃ ഇപ്രകാരം മഹാകാളായ നമഃ എന്നതിന്റെ മുമ്പിൽ തൂകൂ.

ഗരുഡമന്ത്രസ്താരാദിസ്വാഹാന്തഃ പക്ഷിരാജായ
ഗരുഡായ വൈനതേയായേത്യപി നത്യാ/ഽഥതസ്യ ഗായത്രീ.

താരാദിസ്വാഹാന്തഃ പക്ഷിരാജായ – ഓം പക്ഷിരാജായ സ്വാഹാ എന്നും, ഗരുഡായ വൈനതേയായ ഇതി നത്യാ സഹ– ഗരുഡായ നമഃ എന്നും വൈനതേയായ നമഃ എന്നും, ഗരുഡമന്ത്രഃ – ഈ മൂന്നും ഗരുഡന്നു തൂകുവാൻ മന്ത്രങ്ങൾ. അഥ തസ്യ ഗായത്രീ ച – പിന്നെ ഗരുഡന്റെ ഗായത്രിയും തത്പാർഷദമന്ത്രവും ഇങ്ങനെ ആറു മന്ത്രങ്ങൾ വെവ്വേറെ തൂകൂ.

„വൈനതേയായ വിദ്മഹേ പക്ഷിരാജായ ധീമഹേ
ഗായത്രീ ചേതി തന്ത്രോക്താ തന്നോ ഗരുഡഃ പ്രചോദയാത്."

“വൈനതേയായ വിദ്മഹേ പക്ഷിരാജായ ധീമഹേ തന്നോ ഗരുഡഃ പ്രചോദയാത്” ഇതി തത്ര ഗായത്ത്രീ ഉക്താ - ഇങ്ങനെ ഗരുഡന്റെ ഗായത്ത്രി ഉക്തയായി.

സിംഹസ്യ വജ്രനഖദംഷ്ട്രായുധായപദാന്തതഃ
മഹാസിംഹായ ഹൂം നത്യാ മന്ത്രരേവം സമീരിതഃ ॥ ൭൩ ॥

സിംഹസ്യ - ദുർഗയിങ്കൽ സിംഹത്തിന്റെ മന്ത്രങ്ങൾ വിശേഷം; വജ്രനഖദംഷ്ട്രായുധായ പദാന്തതഃ മഹാസിംഹായ ഹൂം നത്യാ - ഓം വജ്രനഖദംഷ്ട്രായുധായ മഹാസിംഹായ ഹൂം നമഃ; ഏവം - ഇപ്രകാരം, മന്ത്രഃ സമീരിതഃ - ഈ മന്ത്രം കൊണ്ടു മുമ്പിൽ ഇരുത്തു.

സുരതേജഃപ്രേതാദ്യാ രക്ഷാംസി തഥാ ജലാനി ച പ്രാണാഃ
നക്ഷത്രാണ്യപി വിദ്യാ ലോകാ നാഗാശ്ച ജാതയോഽത്ര ദശ. ॥ ൭൪ ॥

ദിക്പാലമന്ത്രങ്ങളിൽ, സുരതേജഃപ്രേതാദ്യാഃ - ഇന്ദ്രന്ന് സുരാധിപതയേ എന്നും, അഗ്നിക്കു തേജോധിപതയേ എന്നും, യമന്നു പ്രേതാധിപതയേ എന്നും; രക്ഷാംസി തഥാ ജലാനി പ്രാണാഃ - നിരൃതിക്കു രക്ഷോധിപതയേ എന്നും, വരുണന്നു ജലാധിപതയേ എന്നും, വായുവിന്നു പ്രാണാധിപതയേ എന്നും; നക്ഷത്രാണി അപി വിദ്യാ - സോമന്ന് നക്ഷത്രാധിപതയേ എന്നും ഈശാനന്ന് വിദ്യാധിപതയേ എന്നും, ലോകാഃ നാഗാഃ ച - ബ്രഹ്മാവിന്നു ലോകാധിപതയേ എന്നും, അനന്തന്നു നാഗാധിപതയേ എന്നും; ഇതി ദശ ജാതയഃ - ഇപ്രകാരം ദിക്പാലമന്ത്രങ്ങളിൽ പത്തിന്നും ജാത്യധിപതിത്വം കൂട്ടി മന്ത്രത്തെ ചൊല്ലു.

വിഷ്ണ്വാദിദേവനാമ്നാം പുരതസ്സുരാദിജാതിനാമാദ്യം
അധിപതയേപദമത്ര പ്രയോജ്യമിന്ദ്രാദിദിക്പമന്ത്രേഷു. ॥ ൭൫ ॥

ഇന്ദ്രാദിദിക്പമന്ത്രേഷു - ഇന്ദ്രാദികളായ ദിക്പാലമന്ത്രങ്ങൾ പത്തിലും, വിഷ്ണ്വാദിദേവനാമ്നാം പുരതഃ - വിഷ്ണുപാർഷദേ നമഃ ഇത്യാദി ദേവന്റെ നാമത്തിന്നു മുമ്പിൽ, സുരാദിജാതിനാമാദ്യം അധിപതയേപദം ച അത്ര പ്രയോജ്യം - സുരതേജഃ ഇത്യാദി തജ്ജാതിനാമങ്ങളോടു കൂടി അധിപതയേ എന്നും കൂട്ടി ച്ചൊല്ലേണം പത്തും.

“ഓം നമോ ഭൂതേഭ്യോ ഭൂതകൃദ്ഭ്യഃ സർവ്വേഭ്യോഽരിഷ്ടകൃദ്ഭ്യഃ
സദ്ഭ്യോ സദ്ഭ്യഃ സർവ്വഗണേഭ്യോ നമോ നമഃ സ്വാഹാ.”

ഇതു ദിക്പാലന്മാരെ പത്തുകലും തൂകുവാൻ പറഞ്ഞ മന്ത്രം.

“പൂർവ്വസ്യാം ദിശി ഹരേർഭഗവതോ യേ ഗണാഃ
വജ്രപാണയഃ ശ്വേതാഃ ശ്വേതാക്ഷാഃ ശ്വേതലോഹിതാഃ
ദിവ്യാന്തരിക്ഷഭൌമാഃ പാതാളനിവാസിനശ്ച
തേഭ്യഃ സൎവ്വേഭ്യോ നമഃ സ്വാഹാ.

ഇത് ദിഗ്ഗണമന്ത്രങ്ങൾ; പത്തുദിക്കിലും തൂകുവാനുള്ളത്.

പ്രാചീതാദൗ ഹരിദന്ത്യത്ര ശസ്ത്രവർണ്ണപദേ ക്രമാത്
ആഗ്നേയ്യാം ശക്തിരക്താ ച യാമ്യായാം ദണ്ഡസംയുതം. ൯ൻ
കൃഷ്ണം തഥൈവ നൈരൃത്യാം ഖഡ്ഗം ശ്യാമസമന്വിതം
വാരുണ്യാം പാശശബളേ വായവ്യാം പന്നഗാങ്കുശം. ൩൦

പീതം തഥൈവ സൌമ്യായാം ഗദാം സിതസമന്വിതാം
ഐശാന്യാം ശൂലകപിലേ ഊർദ്ധ്വായാം പത്മസൃക്ക്ഭകേ. ൩൧

അധസ്താദപി ചക്രേ ച യോജയേന്മന്ത്രവിത്തമഃ
ഹരിസ്ഥാനേന്ദ്രദേവേഷു ശിവാദിസ്വസ്വനാമ ച. ൩൨

ഇഹ പ്രാചി ഇതി അന്തഃ — ഇവിടെ കിഴക്കെ ദിക്കിലെ മന്ത്രം ഇപ്രകാരം. ആഗ്നേയ്യാം ശക്തിരക്താ ശസ്ത്രവർണ്ണപദേ — ആഗ്നേയകോണിൽ ശക്തിരക്തങ്ങൾ ശസ്ത്രപദങ്ങളായിട്ടു വേണം. അതുപ്രകാരം “ആഗ്നേയ്യാം ദിശി ഹരേർഭഗവതോ യേ ഗണാഃ ശക്തിപാണയോ രക്താഃ രക്താക്ഷാഃ രക്തലോഹിതാഃ ദിവ്യാന്തരിക്ഷഭൌമാഃ” ഇത്യാദിയും, യാമ്യായാം ദണ്ഡസംയുതം കൃഷ്ണം—തെക്കെ ദിക്കിൽ ദണ്ഡ് ആയുധവും കൃഷ്ണവർണ്ണവും ആയിരിക്കണം. “യാമ്യായാം ദിശി ഹരേർഭഗവതോ യേ ഗണാഃ ദണ്ഡപാണയഃ കൃഷ്ണാഃ കൃഷ്ണാക്ഷാഃ കൃഷ്ണലോഹിതാഃ ദിവ്യാന്തരിക്ഷഭൌമാഃ” ഇത്യാദി സ്വാഹാന്തം; നൈരൃത്യാം തഥാ ഏവ ഖഡ്ഗം ശ്യാമസമന്വിതം— നിരൃതികോണിങ്കൽ ഖഡ്ഗം ആയുധവും ശ്യാമവർണ്ണവും ആയിട്ടുവേണം. “നൈരൃത്യാം ദിശി ഹരേർഭഗവതോ യേ ഗണാഃ ഖഡ്ഗപാണയഃ ശ്യാമാഃ ശ്യാമാക്ഷാഃ ശ്യാമലോഹിതാഃ ദിവ്യാന്തരിക്ഷഭൌമാഃ” ഇത്യാദി സ്വാഹാന്തം. വാരുണ്യാം പാശശബളേ — വരുണങ്കൽ പാശം ആയുധവും ശബളം വർണ്ണവും ആയിട്ടു വേണം. “വാരുണ്യാം ദിശി ഹരേർഭഗവതോ യേ ഗണാഃ പാശപാണയഃ, ശബളാഃ ശബളാക്ഷാഃ ശബളലോഹിതാഃ ദിവ്യാന്തരിക്ഷഭൌമാഃ” ഇത്യാദി

സ്വാഹാന്തം. വായവ്യാം അങ്കുശം പീതം ച — വായുവിങ്കൽ അങ്കുശം ആയുധവും പീതം വർണ്ണവുമായിട്ടു വേണം. "വായവ്യാം ദിശി ഹരേർഭഗവതോ യേ ഗണാഃ അങ്കുശപാണയഃ പീതാഃ പീതാക്ഷാഃ പീതലോഹിതാഃ ദിവ്യാന്തരിക്ഷഭൌമാഃ" ഇത്യാദി സ്വാഹാന്തം.

സൌമ്യായാം ഗദാം സിതസമന്വിതാം — സോമങ്കൽ ഗദ ആയുധവും സിതം വർണ്ണവുമായിട്ടു വേണം. "സൌമ്യായാം ദിശി ഹരേർഭഗവതോ യേ ഗണാഃ ഗദാപാണയഃ സിതാസ്സിതാക്ഷാഃ സിതലോഹിതാഃ ദിവ്യാന്തരിക്ഷഭൌമാഃ" ഇത്യാദി സ്വാഹാന്തം. ഐശാന്യാം ശൂലകപിലേ — ഈശാനങ്കൽ ശൂലം ആയുധവും കപിലം വർണ്ണവുമായിരിക്കണം. "ഐശാന്യാം ദിശി ഹരേർഭഗവതോ യേ ഗണാഃ ശൂലപാണയഃ കപിലാഃ കപിലാക്ഷാഃ കപിലലോഹിതാഃ ദിവ്യാന്തരിക്ഷ" ഇത്യാദി സ്വാഹാന്തം.

ഊർദ്ധ്വായാം ചക്രസൂക്ഷ്മേ — മുകളിൽ ചക്രായുധവും സൂക്ഷ്മവർണ്ണവുമായിരിക്കണം. "ഊർദ്ധ്വായാം ദിശി ഹരേർഭഗവതോ യേ ഗണാഃ ചക്രപാണയഃ സൂക്ഷ്മാഃ സൂക്ഷ്മാക്ഷാഃ സൂക്ഷ്മലോഹിതാഃ ദിവ്യാന്തരിക്ഷഭൌമാഃ" ഇത്യാദി സ്വാഹാന്തം. അധസ്താദ് വിഷധൂമ്രേ ച — താഴത്തു വിഷം ആയുധവും ധൂമ്രവർണ്ണവും ആയിരിക്കണം. "അധസ്താദ്ദിശി ഹരേർഭഗവതോ യേ ഗണാഃ വിഷപാണയോ ധൂമ്രാ ധൂമ്രാക്ഷാ ധൂമ്രലോഹിതാ ദിവ്യാന്തരിക്ഷഭൌമാഃ" ഇത്യാദി സ്വാഹാന്തം. ഇങ്ങനെ വിഷ്ണുവിങ്കലെ ദിഗ്ഗണമന്ത്രങ്ങൾ. മന്ത്രവിത്തമഃ ഹരിനാമ്നാ അന്യദേവേഷു ശിവാദി സ്വനാമ ച യോജയേത് — ആചാര്യവരൻ ഹരേർഭഗവതഃ എന്നേടത്തു ശിവാദിദേവനാമം ചേർക്കേണ്ടതാം. ശിവസ്യ ഭഗവതഃ, ദുർഗ്ഗായാ ഭഗവത്യാഃ, സ്കന്ദസ്യ ഭഗവതഃ ഇത്യാദി തത്തദ്ദേവന്മാരുടെ നാമങ്ങളെക്കൂട്ടി മന്ത്രങ്ങൾ പറഞ്ഞുകൊള്ളൂ.

"യേ ഭൂതാഃ പ്രസരേത നിശാചരാ ദൈത്യാഃ സന്ത്യാസന്ത്യാഃ
സമസ്താ വിരൂപാ വിശ്വരൂപാ മഹാരൂപാ ലോകരൂപാ
ഭൂതാസ്യാ വിഷാനനാഃ പുഷ്ടികൃതോ പുഷ്ടികൃതഃ കാമരൂപാ
ബലിമിച്ഛന്തി തേഷാം സർവേഷാം ബലിം ദദാമി മഹദ്ഭ്യഃ
ക്ഷുദ്രകേഭ്യോ സംഖ്യേയഭ്യോസ്സംഖ്യേഭ്യോ നമോ നമഃ സ്വാഹാ."

ഈ മന്ത്രവും ദിക്പാലകരിൽ അഞ്ചാമത്തു ഭൂതവരന്മാരെ.

പ്രാചീത്യന്തർദക്ഷിണപശ്ചിമോത്തരേ—

പശ്ചാദൂർദ്ധ്വമന്ത്രൈഃ [illegible]

പൂർവ്വാദ്യേഷ്വഗ്ന്യാദിവിദിക്ഷു നാമ ച

ക്രമാന്നിപാതയേദ്യുക്ത്യാ ഭോജയേത്. ൧൨

പ്രാചീ ഇതി. അന്തഃ — കിഴക്കെ ദിക്കിലെ മന്ത്രം ഈ പറഞ്ഞതു്. അതഃ അന്യത്ര കോണകോശേഷു — ഇതിങ്കൽ നിന്നു അന്യങ്ങളായ [illegible], പൂർവ്വാദി ദക്ഷിണപശ്ചിമോത്തരോർദ്ധ്വങ്ങളാണ് — [illegible] പദങ്ങൾ "യേ ഭൂതാ ദക്ഷിണസ്യാം യേ ഭൂതാഃ പശ്ചിമസ്യാം യേ ഭൂതാ ഉത്തരസ്യാം യേ ഭൂതാ ഊർദ്ധ്വായാം" ഇങ്ങനെ ആദിക്കു ഭേദമായി വരും. ഇവർ [illegible]. വിഷ്ണുവിങ്കൽ ഈ മന്ത്രം ഉച്ചരിച്ചു ദിക്കിൽ [illegible] — "യേ ഭൂതാ ആഗ്നേയ്യാം യേ ഭൂതാ നിരൃത്യാം യേ ഭൂതാ വായവ്യാം യേ ഭൂതാ ഐശാന്യാം" ഇങ്ങനെ [illegible] നാമങ്ങളും കൂട്ടി ച്ചൊല്ലണം.

ഇച്ഛന്തീതി [illegible]

[illegible] ഗായത്രീ. ൧൩

[illegible] ഗായത്രീ [illegible] ഗായത്രിയും [illegible] വേണം.

"[illegible]

[illegible] പ്രദക്ഷിണം."

ഇതി [illegible] ഗായത്രീ.

[illegible]

[illegible] ഭോജനീയം [illegible]. ൧൪

[illegible] ഇതി [illegible] ഭോജനീയം [illegible]

കുതിയെ നാമ ... [illegible] ഈ ഗണപതിയെ നാമ ഏറ്റവും പൂജിച്ചിരിക്കുന്നു. [illegible] നാമ ഏറ്റവും [illegible].

[illegible] ... പറയുന്നു —

വീരഭദ്രം ഗണപതിം പ്രാക്പ്രത്യക്പാർശ്വയോർന്യസേത്
ബ്രാഹ്മീം മാഹേശ്വരീം ചൈവ കൌമാരീം വൈഷ്ണവീം തഥാ। ന്യസേ

കൌമാരീം വൈഷ്ണവീം തഥാ [illegible] സബീജകൈഃ
നാമഭിർബ്രാഹ്മണീം പാർശ്വയോർ ന്യസേൽ സബീജകൈഃ. ന്യ

തതഃ പ്രാക്പ്രത്യക്പാർശ്വയോഃ വീരഭദ്രം ഗണപതിം — കിഴക്ക് പടിഞ്ഞാറു പാർശ്വങ്ങളിൽ വീര വീരഭദ്രായ നമഃ എന്നും, ഗം ഗണപതയേ നമഃ എന്നും പൂജിച്ചിരിക്കുന്നു. തഥാ ബ്രാഹ്മീം സബീജകൈഃ ബ്രാഹ്മണീം മാഹേശ്വരീം കൌമാരീം വൈഷ്ണവീം വാരാഹീം ഇന്ദ്രാണീം ചാമുണ്ഡീം ച നാമഭിർന്യസേൽ സബീജകൈഃ [illegible] നടുവിൽ ബീജങ്ങളോടു കൂടി ബ്രാം ബ്രാഹ്മണ്യൈ നമഃ, മാം മാഹേശ്വര്യൈ നമഃ, കൌം കൌമാര്യൈ നമഃ, വൈം വൈഷ്ണവ്യൈ നമഃ, വാം വാരാഹ്യൈ നമഃ, ഐം ഇന്ദ്രാണ്യൈ നമഃ, ചാം ചാമുണ്ഡായൈ നമഃ ഇങ്ങിനെ നാമങ്ങളോടുകൂടി പൂജിച്ചു [illegible] ഓരോന്നിന്റേയും തന്റെ ഗായത്രികൊണ്ടു പൂജിക്കുക.

'വീരഭദ്രായ വിദ്മഹേ ഗണനാഥായ ധീമഹി
തന്നോ ഭദ്രഃ പ്രചോദയാത്.'[1] 'ഗണപതയേ വിദ്മഹേ
ഗജാനനായ ധീമഹി തന്നോ ദന്തീ പ്രചോദയാത്.'

ഇവ വീരഭദ്രന്റേയും ഗണപതിയുടേയും ഗായത്രികൾ.

'ബ്രഹ്മശ്രിതായൈ വിദ്മഹേ ചതുർമ്മുഖായൈ ധീമഹി
തന്നോ ബ്രാഹ്മീ പ്രചോദയാത്.'[1]

'മഹേശ്വര്യൈ വിദ്മഹേ ശൂലഹസ്തായൈ ധീമഹി
തന്നോ മാഹേശ്വരീ പ്രചോദയാത്.'[1]

'സ്കന്ദശ്രിതായൈ വിദ്മഹേ ശക്തിഹസ്തായൈ ധീമഹി
തന്നഃ കൌമാരീ പ്രചോദയാത്.'[1]

'വിഷ്ണുശ്രിതായൈ വിദ്മഹേ ചക്രഹസ്തായൈ ധീമഹി
തന്നോ വൈഷ്ണവീ പ്രചോദയാത്.'

'പ്രജാപതിസ്ത്രിയൈ വിദ്മഹേ ഗദാഹസ്തായൈ ധീമഹി
തന്നോ വാരാഹീ പ്രചോദയാത്'
'ഇന്ദ്രസുതായൈ വിദ്മഹേ വജ്രഹസ്തായൈ ധീമഹി
തന്ന ഇന്ദ്രാണീ പ്രചോദയാത്'.
'രുദ്രസുതായൈ വിദ്മഹേ ശൂലഹസ്തായൈ ധീമഹി
തന്നശ്ചാമുണ്ഡീ പ്രചോദയാത്'.
ഇങ്ങനെ ബ്രാഹ്മ്യാദി ഏഴിന്റെ ഗായത്രികൾ.

മാതൃഭ്യോ ലോകമാതൃഭ്യഃ സർവമാതൃഭ്യ ഇത്യപി
സർവമാതൃഗണേഭ്യശ്ച ക്രമാദ്ദിക്ഷു ബലാന്യതോ/മുനാ. സ്വഷു

ദിക്ഷു ക്രമാത് മാതൃഭ്യഃ ലോകമാതൃഭ്യഃ സർവമാതൃഭ്യഃ സർവമാതൃഗണേഭ്യഃ ഇതി — സപ്തമാതൃക്കളുടെ നാലു ദിക്കുകളിൽ ക്രമേണ മാതൃഭ്യോ നമഃ, ലോകമാതൃഭ്യോ നമഃ, സർവമാതൃഭ്യോ നമഃ, സർവമാതൃഗണേഭ്യോ നമഃ എന്നു നാലിനെയും പൂജിച്ചു തൂവൂ. അനന്തരം താപി ഉത്തരാർദ്ധ — ശ്ലോകത്തിൽ പറയുന്ന മന്ത്രവും കൊണ്ടും പൂജിച്ചു തൂകൂ.

'നാനാരൂപാ മാതരഃ പ്രതിബിംബം വ്യവസ്ഥിതാഃ
ദിവ്യാന്തരിക്ഷഭൗമാഃ പാതാളനിലയാസ്തഥാ ഭൂതാ
വിഷ്ണുമായാ മഹാമായാ പ്രതിഷ്ഠിതാ പൂജ്യം
ദൈവതൃപ്തിപ്രദായിന്യസ്താഭ്യോ ദേവീഭ്യോ നമോ നമഃ സ്വാഹാ.'

ഇതു ശ്ലോകത്തിൽ ഉക്തമായ മന്ത്രം.

സാധാരണമന്ത്രം വിഷ്ണുപാർഷദാഭ്യാം പരാത്
സർവലോകമാതൃഭ്യഃ സർവേഭ്യഃ പ്രതി ബലി ദദ്യാത്. സ്വഷു

സാധാരണമെന്ന് വിഷ്ണുപാർഷദന്മാർക്കു പറയാം — ഇതു ഇന്ദ്രാദിദിക്പാലന്മാർ മന്ത്രങ്ങൾ വിഷ്ണുപാർഷദന്മാർ എന്നുള്ളവർക്കു ബ്രാഹ്മണരോ ക്ഷത്രിയരോ വൈശ്യരോ ഇത്യാദി തന്റെ തന്റെ നാമത്തെ ഉച്ചരിക്കുന്നു. സർവത്ര ആകാശമാതൃഭ്യഃ തദ്ഗണേഭ്യഃ അപി ബലിം ദദ്യാത് — പിന്നെ എല്ലാടവും ആകാശമാതൃഭ്യോ നമഃ ആകാശമാതൃഗണേഭ്യോ നമഃ എന്നും ബലിയെ തൂകൂ. ചിലത് ഇവിടെ ഉപാസിക്കുന്നു നമഃ എന്നു തൂകുന്നു. ഈ മന്ത്രങ്ങളെല്ലാം തൽപാർശ്വങ്ങളും മുഖവും വെവ്വേറെ പൂജിച്ചു തൂകണം. ഒടുക്കം മുഖം പൂജിച്ചു തൂകി 'വിഷ്ണുപാർഷദേഭ്യഃ സർവേഭ്യോ ഭൂതേഭ്യോ നമോ നമഃ സ്വാഹാ' ഈ മന്ത്രംകൊണ്ട് ജലാപ്ലുതബലിയെയും ചെയ്യൂ.

നിജമന്ത്രശാസ്തൃശംബരകുമാരഹസ്തപ്രശാന്തനീലകാളാശ്ച
അഭ്യർച്ച്യന്തേ കപർദ്ദ്യുഗ്രോഽഗ്രസുതശ്ച ഭൂതനാഥശ്ച. ൧൦

അഭ്യർച്ച്യന്തേ — പിന്നെ ശാസ്താവിങ്കൽ ബലിക്ക നിജമന്ത്രം ശാസ്താവിന്റെ മൂലവും, ശാസ്തൃശംബരകുമാരഹസ്തപ്രശാന്തനീലകാളാശ്ച — ശാസ്ത്രേ നമഃ, ശംബരകുമാരായ നമഃ, ഹസ്തപ്രശാന്തായ നമഃ, നീലായ നമഃ, കാളായ നമഃ, കപർദ്ദീ ഉഗ്രഃ അഗ്രസുതഃ ഭൂതനാഥശ്ച — കപർദ്ദിനേ നമഃ, ഉഗ്രായ നമഃ, അഗ്രസുതായ നമഃ, ഭൂതനാഥായ നമഃ ഇങ്ങനെ പത്തു മന്ത്രങ്ങളെ വെവ്വേറെ പൂജിപ്പൂ ഇതു. പിന്നെ ഗായത്ത്രിയും ഷഡ്പാർഷദന്മാരും മൂലവും പൂജിപ്പൂ ഇതു.

ഭൂതനാഥായ വിദ്മഹേ ഭവപുത്രായ ധീമഹി
തന്നഃ ശാസ്താ പ്രചോദയാത്.'

ഇതു ശാസ്താവിന്റെ ഗായത്ത്രി.

'പ്രമഥബലീനാം ഗണാഃ സർവ്വേ കോടികോടിഗണാധിപാഃ
ബലിം ഗൃഹ്ണന്തു സർവ്വേ തേ ഭൂതേഭ്യോ നമോ നമഃ'

ശാസ്താവിന്റെ പടിഞ്ഞാറ് ഈ മന്ത്രംകൊണ്ട് ഇടത്തിലൊന്ന പ്രാധാന്യം സപ്രാകൃതിയായിട്ട് ബലി തൂകണം.

ചണ്ഡേശ്വരാഃ പശ്ചിമേ ശാസ്തുഃ സ്വനാമ്നാ നിരൃതൌ ദിവാകരഃ
ഖണ്ഡോൽകായേതി മന്ത്രേണ വാ പൂജ്യതാം തസ്മാദിദ്യൈ നമഃ. ൧൧

ശാസ്തുഃ പശ്ചിമേ ചണ്ഡേശ്വരാഃ — ശാസ്താവിന്റെ പടിഞ്ഞാറു ചണ്ഡേബലീനാം ഗണേ ഇത്യാദി തൂകിയാൽ നിരൃതിദിക്കിൽ, സ്വനാമ്നാ വാ പൂജ്യതാം ഖണ്ഡോൽകായ ഇതി മന്ത്രേണ വാ തസ്മാദിദ്യൈ ദിവാകരഃ അർച്ച്യഃ — നിരൃതികോണിൽ ദിവാകരായ നമഃ എന്ന സ്വനാമംകൊണ്ട് എങ്കിലും ഖണ്ഡോൽകായ സ്വാഹാ എന്ന മന്ത്രം കൊണ്ട് എങ്കിലും തൽസ്ഥാനത്തു ആദിത്യനെ തൂകൂ.

ദക്ഷാദിശിഷ്ടകേന ധ്രുവമാത്രമിതി സ്വകഃ
ദുർഗ്ഗാസപ്തമൂലതഃ സൂര്യോ മൂലനാമഭിരാത്മഭിഃ. ൧൨

ദക്ഷാദിശിഷ്ടകേന ധ്രുവഃ — പടിഞ്ഞാറു തത്സന്നമോം ധ്രുവമഞ്ജേ തത്സന്നമഃ എന്ന ദ്വാദശാക്ഷരംകൊണ്ട് ധ്രുവനു വിന്, ഖും ഇതി സ്വകഃ — വായുകോണിൽ ഖും നമഃ എന്ന

മന്ത്രംകൊണ്ട് സൂകരത്തിന്നും, സശൂലാ ദുർഗാ — ഇവിടെ സശൂലംകൊണ്ട് ദുർഗയ്ക്കും മുദ്ര. ശൂലനാമജിനാക്ഷമാലൈഃ സ്കന്ദഃ ച- തുഷ്ടയോരാമമൂർത്തികൾ സശൂലംകൊണ്ടും സനൽകുമാരസ്കന്ദ ശ്രവിശാഖഷഷ്ഠീഷണ്മുഖാഃ ഇതു ഷണ്മന്ത്രങ്ങളെക്കൊണ്ടും സുബ്രഹ്മണ്യന്നും മുദ്ര.

സനൽകുമാരായ വിദ്മഹേ ഷഡാനനായ ധീമഹി
തന്നഃ സ്കന്ദഃ പ്രചോദയാത്.

ഇങ്ങനെ സുബ്രഹ്മണ്യങ്കൽ ഗായത്രീമന്ത്രം. തത്പാർഷണ്ടും മൂലവും ഷഡക്ഷരവും മുക്കണം.

അനന്തരം ഉപാസനാഭേദം പറയുന്നു.

ശ്രീധരാംശാച്യുതൌ പാർശ്വേ ചാഗ്രേ വാഗീശ്വരീ ക്രിയാ
കീർത്തിർല്ലക്ഷ്മീസ്തഥാ സൃഷ്ടിർവിദ്യാ ശാന്തിശ്ച മാതരഃ. ൧൭

പാർശ്വേ ചാഗ്രേ ശ്രീധരാംശാച്യുതൌ — പടിഞ്ഞാറും കിഴക്കും ഒഴികെ പുറത്തും ശ്രീം ശ്രീധരായ നമഃ, ഞം അംശാച്യുതായ നമഃ, അഗ്രേ — പത്മത്തിന്റെ നടുവിൽ, വാഗീശ്വരീ ക്രിയാ കീർത്തിഃ ലക്ഷ്മീഃ തഥാ സൃഷ്ടിഃ വിദ്യാ ശാന്തിശ്ച മാതരഃ — ഹ്രീം വാഗീശ്വര്യൈ നമഃ, ക്ലൂം ക്രിയായൈ നമഃ, ശ്രൌം കീർത്ത്യൈ നമഃ, ശ്രീം ലക്ഷ്മ്യൈ നമഃ, ല്രൂം സൃഷ്ട്യൈ നമഃ, ശ്രോം വിദ്യായൈ നമഃ, ഷ്രോം ശാന്ത്യൈ നമഃ ഇങ്ങനെ മാതൃകകൾ ഏഴിന്നും ഇവിടെ ബീജങ്ങൾ.

തദ്ബീജം ഇന്ദുഷഷ്ഠ്യൌ ച ദ്വാദശശ്ച ത്രയോദശഃ
ആദ്യന്ത്യൈകാദശൈശ്ചൈവ ദ്വിതീയശ്ചൈന്ദവാഃ സ്വരാഃ. ൧൮

ഇന്ദവാഃ — ബിന്ദുസഹിതങ്ങളായിട്ട്, ഇന്ദുഷഷ്ഠ്യൌ — ഈം ഊം, ദ്വാദശഃ, ത്രയോദശഃ — ഐം, ഓം; ആദ്യഃ ഏകാദശഃ — അം ഏം ദ്വിതീയഃ — ആം, സ്വരാഃ — ഇത് അക്ഷരങ്ങൾ കൂട്ടണം. ഹ്രീം, ക്ലൂം, ശ്രൈം, ശ്രോം, ഌം, ശ്രൌം, ഷ്രോം; തദ്ബീജം — ഇങ്ങനെ മാതൃകകൾ ഏഴിന്നും ബീജങ്ങൾ.

ഗായത്രീരഹിതം സർവ്വം യോജ്യമന്ത്രാദിപൂർവ്വവത്
ശിവം യജേത് ഷഡംഗേന നാമ്നാ നിർമ്മാല്യധാരിണം. ൧൯

അത്ര ഗായത്രീരഹിതം സർവ്വം പൂർവ്വവത് യോജ്യം — ഉത്തരമാതൃകകളിൽ ഗായത്രികളില്ല. ശേഷം മാതൃകാഃ ഇത്യാദ്യലോപ്പ,

ഭൂതബലിയോളം കഴിയും മുമ്പെ പറഞ്ഞിരിക്കുന്നവ വേണം. പിന്നെ വടക്ക അംബികായൈ നമഃ എന്നും മൂലഷഡക്ഷരേണ ശിവം. പിന്നെ ഈശകോണിൽ ഷഡക്ഷരമൂലം കൊണ്ടു ശിവനേയും, നാല്ലാ നിൎമ്മാല്യധാരിണം - നിൎമ്മാല്യധാരിയുടെ നാമംകൊണ്ടു നിൎമ്മാല്യധാരിയേയും പൂജിച്ചു തൂകി ജലാപ്ലുതബലിയും ചെയ്വൂ.

വിഷ്വക്സേനോന്ത്യവൎണ്ണാഢ്യോ നമോന്തഃ പരികീൎത്തിതഃ
ക്ലീം മുണ്ഡിന്യൈ നമ ഇതി മുണ്ഡിനിൎമ്മാലിനീരിതഃ. ॥ ൧൩

അന്തവൎണ്ണകാരഃ നമോന്തഃ വിഷ്വക്സേനഃ പരികീൎത്തിതഃ - ഒടുക്കം [illegible] എന്നും, നമഃ എന്നും കൂടി വിഷ്വക്സേനായ നമഃ എന്ന വിഷ്വക്സേനമന്ത്രം ഉക്തമായി. ക്ലീം മുണ്ഡിന്യൈ നമഃ ഇതി മുണ്ഡിനീമന്ത്രഃ സ്മൃതഃ - ക്ലീം മുണ്ഡിന്യൈ നമഃ എന്ന് ഊൎദ്ധ്വമിങ്കലെ നിൎമ്മാല്യധാരിമന്ത്രവും ഉക്തമായി.

ചണ്ഡേശ്വരസ്യ മന്ത്രോയം ധ്വനിചണ്ഡാദ്യമന്ത്യകം
ചണ്ഡേതി ചണ്ഡചണ്ഡേതി നാമ ചണ്ഡേശ്വരേതി ച. ॥ ൧൪

അഥ ചണ്ഡേശ്വരസ്യ മന്ത്രഃ - ധ്വനിചണ്ഡാദ്യം; അന്ത്യകം - ധ്വനിചണ്ഡാദ്യം ഫട് നമഃ, എന്നും; ചണ്ഡ ഇതി ചണ്ഡചണ്ഡ ഇതി ചണ്ഡേശ്വര ഇതി നാമ. ചണ്ഡായ നമഃ ചണ്ഡചണ്ഡായ നമഃ, ചണ്ഡേശ്വരായ നമഃ ഇങ്ങനെ ചണ്ഡേശ്വരന്റെ നാലു നാമമന്ത്രങ്ങളും.

ചണ്ഡചണ്ഡായ വിദ്മഹേ ചണ്ഡേശ്വരായ ധീമഹി
ഇതി ചണ്ഡേശഗായത്രീ തന്നശ്ചണ്ഡഃ പ്രചോദയാത്. ॥ ൧൫

ചണ്ഡചണ്ഡായ വിദ്മഹേ ചണ്ഡേശ്വരായ ധീമഹി തന്നശ്ചണ്ഡഃ പ്രചോദയാത് ഇതു ചണ്ഡേശഗായത്രി, ഇങ്ങനെ ചണ്ഡേശ്വരന്റെ ഗായത്രിയും തൂകി തത്പാൎശ്വമെല്ലാം ജലാപ്ലുതബലിയും ചെയ്വൂ.

ഗോപുരദ്വാരി സമ്പൂജ്യ ശേഷപുഷ്പാദിഭിസ്തതഃ
ശേഷചൂൎണ്ണൈൎബലിം ദദ്യാത് തത്ര സൎവ്വത്ര ച ക്ഷിപേത്. ॥ ൧൬

ഗോപുരദ്വാരി - ഗോപുരദ്വാരങ്ങളിൽ ഗോപുരപാലന്മാരാകുന്ന ദ്വാഃസ്ഥന്മാരെ അതാതു ഗോപുരങ്ങൾ ആകുന്നതായിട്ടു,

ശംഖപുഷ്പനിധി സമ്പൂജ്യ — ശംഖനിധയേ നമഃ, പുഷ്പനിധയേ നമഃ എന്നു പൂജിച്ചു തൂക. ബാഹ്യേ ദ്വാരി ശംഖചക്രേ ച — പുറത്തെ ദ്വാരത്തിന്റെ പുറത്തു് ബാഹ്യഭിത്തിയിൽ ശംഖായ നമഃ, ചക്രായ നമഃ എന്നും പൂജിച്ചു് തൂക. തതഃ സർവ്വത്ര [illegible] — പിന്നെ എല്ലാ ദ്വാരങ്ങളിലും [illegible] സമസ്തം ഇത്യാദികൊണ്ടു് ഉച്ചത്തിൽ പ്രാർത്ഥിപ്പൂ.

അനന്തരം പുറത്തെ ബലിക്രമത്തെ പറയുന്നു:—

ആരാധ്യ ധ്വജദേവതാദിബഹിരാവരണാന്യഥ പൂർവ്വവ-
ദ്വിഷ്ണോർദിഗ്ഗണമന്ത്രതശ്ച [illegible] ബലിം
ബ്രഹ്മാദിപുരഃപ്രദക്ഷിണം [illegible] സർവ്വദിക്ഷു ക്രമാത്
പീഠസ്യാധിപതിം നിജാവൃതിവൃതം മധ്യേ സമഭ്യർച്ചയേത്. വൃ.

വിഷ്ണോഃ ബഹിഃ ധ്വജദേവതാദി ആവരണാന്യഥ പൂർവ്വവത് ആരാധ്യ — വിഷ്ണുവിന്റെ പുറത്തെ കുമുദാദിധ്വജദേവതകളെ പഞ്ചോപചാരങ്ങളെക്കൊണ്ടു [illegible] ശ്രീഭൂതബലിയിങ്കൽ പറഞ്ഞവണ്ണം [illegible] പൂജിച്ചു [illegible], ദിഗ്ഗണമന്ത്രതഃ ച ബലിം — ഇന്ദ്രാദികളായ ദിക്കുകളിലും പൂർവ്വസ്യാം ദിശി [illegible] ഇത്യാദി മുമ്പിൽ പറഞ്ഞിരിക്കുന്ന ദിഗ്ഗണമന്ത്രങ്ങളെക്കൊണ്ടു ബലിയെ തൂക [illegible]. ബ്രഹ്മാദിപുരഃപ്രദക്ഷിണം [illegible] ബ്രഹ്മണഃ പുരസ്താത് നിശാചരാഃ ഇത്യാദി [illegible] ഇങ്ങനെ [illegible] എന്ന കഴിവോളം വലിയബലിക്കല്ലിന്റെ താഴെ [illegible] ദിക്കുകളിലും പൂജിച്ചു തൂകി. നിജാവൃതിവൃതം പീഠസ്യ അധിപതിം മധ്യേ സമഭ്യർച്ചയേത് — കുമുദാദി [illegible] താഴെ തൂകി [illegible]കളിലും പീഠാധിപനെ [illegible] മന്ത്രങ്ങളെക്കൊണ്ടു് പൂജിച്ചു തൂക.

[illegible] ബലിപീഠതോ ബഹിഃ സ്യാദ്
[ബലിർ-
യാത്രാർത്ഥഃ ശിവവദ് [illegible]
[illegible]
[illegible] വൃ.

[illegible] — ശിവങ്കൽ [illegible] ബലിപീഠാത് ബഹിഃ ബലിഃ സ്യാത് — [illegible] ധ്വജദേവതകൾക്കും [illegible] വലിയബലിക്കല്ലിങ്കൽ പൂർ

ണെ ബലിയെച്ചെയ്യൂ. [illegible] ശിവായ് [illegible] ച
ശിവാവത് – [illegible] അകത്തു ശിവങ്കലെപ്പോലെ
ബലിയെ ചെയ്യുന്നു, അവിടെ പുറത്തു ശിവങ്കലെപ്പോലെ ബലി
യെ ചെയ്യുന്നു. അവിടെ പുറത്തു ശിവങ്കലെപ്പോലെ തന്നെ
ബലിയെച്ചെയ്യൂ. [illegible] അന്ത്യാ – അകത്തു വിഷ്ണുവിങ്കലെ
പ്പോലെ ചെയ്യുന്ന [illegible] പുറത്തും • വിഷ്ണുവിങ്കലെപ്പോലെ
ബലിയെ ചെയ്യൂ. [illegible]
സൂർഗാദയഃ [illegible] – ദുർഗാദികൾ കാളാദി
ധ്വജാവരണം കഴിഞ്ഞാൽ സൂർഗാദികളുടെ തന്ത്രികളിലെ
ഗണങ്ങളും [illegible] മഹാകാ
ളാദയഃ ച ഉദിതാഃ – ശിവങ്കൽ [illegible] പ്രദക്ഷിണങ്ങളുടെ
മഹാകാളാദികളായ [illegible]. സൂർ
ഗാദി [illegible] വേണ്ടത്,
മഹാകാളാദി [illegible] വേണ്ട.

യേഭ്യസ്താദിമന്ത്ര[illegible]
ചാം[illegible]
സ[illegible]
[illegible]

വ്യാ.

[illegible]
[illegible]
[illegible]
[illegible] "ബലി
[illegible]
[illegible] പ്രദക്ഷിണ[illegible]
ത്യാദിഭിഃ – [illegible] ഇത്യാദി [illegible]
[illegible] കൊണ്ട് [illegible] പ്രദക്ഷിണമായിട്ടു [illegible]
[illegible] ഇതി – [illegible]
ച" എന്ന [illegible] വല്യ
ബലിക്കല്ലിങ്കൽ [illegible] എല്ലാ ദേവ
ന്മാരിലും [illegible], [illegible] സമസ്തം [illegible]
[illegible] ബലിം [illegible]
[illegible] – "[illegible] സമസ്തം [illegible]" ഇത്യാദികൊണ്ടു "[illegible]

ഭൂതേഭ്യഃ ഭൂതകർമ്മഭ്യഃ" ഇത്യാദികൊണ്ടും "ഗ്രഹേഭ്യോ ബലിമേതത്തു" ഇത്യാദികൊണ്ടും ഈ മൂന്നു മന്ത്രങ്ങളെക്കൊണ്ട് ഒരു പ്രദക്ഷിണമായിട്ട് എട്ടു ദിക്കിലും ബലി ചെയ്‌വൂ. പിന്നെ ദേവഗൃഹാദി ദിഗ്ബലിയും ശീഘ്രപ്രദക്ഷിണബലിയും തൂകി ക്ഷേത്രപാലനും തൂകി നിവേദിപ്പൂ. ഇങ്ങനെ പുറത്തെ ബലിക്രമങ്ങളാം. ഇവണ്ണമേ ധ്വജാവരണേ പ്രധാനത്ത ദേവ ദ്വാരത്തെ ബലി: – ശിവങ്കൽ നന്ദ്യാദിധ്വജാവരണത്തിന്ന പുറമേയും ഈ ത്രിവിധമന്ത്രങ്ങളെക്കൊണ്ടു ബലി ചെയ്യുന്ന പക്ഷമുണ്ട്.

അർത്ഥാന്തരമന്ത്രങ്ങളെ പറയുന്നു:—

"സുദുർഗ്ഗാ ച വിദുർഗ്ഗാ ച നിർദുർഗ്ഗാ സുവിലോചനാ
സുലോചനാ സുഭദ്രാ ചാതിദുർഗ്ഗാ ദുർഗ്ഗവിക്രമാ."

കിഴക്ക്.

"അർക്കകന്യാ ച സുകന്യാ ച രവികന്യാ ച കന്യകാ
രക്ഷഃകന്യാ മാരകന്യാ സുരകന്യാ രവിപ്രദാ."

അഗ്നികോണിൽ.

"കൃത്തികാ കാർത്തികാ സർവ്വകാർത്തികാ കാന്തികാരിണീ
കൃത്യാന്തികാ കൃത്യകന്യാ കൃത്തിനീ കൃത്തികോത്ഭവാ"

തെക്ക്.

"വാമാ സുവാമാ വാമാഖ്യാ വാമാംഗീ വാമലോചനാ
വാമോത്ഭവാ വാമസമാ വാമവൃത്തിരതാ പുനഃ."

ഇത് നിരൃതികോണിൽ.

"ദേവീ സുദേവീ താദേവീ സമദേവീ സുമദ്ദിനീ
വിദേവീ വിദേവീ ച ദേവദേവീതി കീർത്തിതാ."

ഇത് പടിഞ്ഞാറ്

"അദണ്ഡാ ച വിദണ്ഡാ ച സുദണ്ഡാ ദണ്ഡവിക്രമാ
ശതദണ്ഡാ മഹാദണ്ഡാ പൂർണ്ണദണ്ഡാതിവിക്രമാ."

ഇത് വായുകോണിൽ.

"അഗൗരീ ച വിഗൗരീ ച സുഗൗരീ ഗൗരിവിക്രമാ
നിർഗൗരീ ചൈവ ദുർഗൗരീ സുഗൗരീ ഗൗരിവല്ലഭാ."

ഇത് വടക്ക്.

"ജയാ ച വിജയാ ചൈവ അജയാ ച ജയാവതീ
സുജയാ ച ജയാക്രാന്താ ജയന്താ ജയവിക്രമാ."

ഇത് ഈശകോണിൽ.

"കാളീ ചൈവ സുകാളീ ച വികാളീ കരകാളികാ
ദുർഗാളീ കാർത്തികാളീ ച വിഷ്ണുകാളീ ഭദ്രകാളികാ."

ഇത് മുകളിൽ കല്പിച്ച് ഈശകോണിൽ തന്നെ.

"സമേദിനീ സുമേദിനീ വസുധാ ച വസുന്ധരാ
ഭൂമിശ്ച ധരാ പൃഥിവീതി ക്രമാത് പരികീർത്തിതാഃ."

ഇത് താഴെ കല്പിച്ച നിരൃതികോണിൽ.

സ്വവർഗ്ഗാദ്യക്ഷരൈരന്ത്യേ പ്രാഗാദിസ്ഥിതാഭ്യോഽക്ഷരാന്തതഃ
സ്യാദ് ദേവഗ്രഹശക്തിഭ്യോ ദുർഗാവർഗ്ഗസമന്വിതഃ. വ്യസ്ത
കോടിപാരിഷദീഭ്യോഽന്തേ നമോ നമ ഇതീരിതഃ
പ്രാങ് മന്ത്രോഽന്യത്ര തല്ലക്തിദിഗ്ഗ്രഹാർണ്ണവിശേഷിതഃ.
[വൃ ൪

സ്വവർഗ്ഗാദ്യക്ഷരൈരന്ത്യേ- സ്വവർഗ്ഗാദി എട്ടുകളിലുടെ അവസാനത്തുകൾ, പ്രാഗാദിസ്ഥിതാഭ്യഃ അക്ഷരാന്തതഃ- പ്രാഗാദിസ്ഥിതാഭ്യഃ എന്ന അക്ഷരത്തെ ചൊല്ലിയാൽ, ദേവഗ്രഹശക്തിഭ്യഃ ദുർഗാവർഗ്ഗസമന്വിതഃ – ദേവഗ്രഹശക്തിഭ്യോ ദുർഗാ എന്ന അക്ഷരങ്ങളെയും കൂട്ടിച്ചൊല്ലി, കോടിപാരിഷദീഭ്യഃ അന്തേ നമോ നമഃ ഇതി ഈരിതഃ – കോടിപാരിഷദീഭ്യോ നമോ നമഃ സ്വാഹാ ഇതി; പ്രാങ് മന്ത്രഃ പ്രാഗാദിസ്ഥിതാഭ്യോ ദേവഗ്രഹശക്തിഭ്യോ ദുർഗാപാരിഷദീഭ്യോ നമോ നമഃ സ്വാഹാ ഇങ്ങനെ കിഴക്കേദിക്കിലെ മന്ത്രം. അന്യത്ര തല്ലക്തിദിഗ്ഗ്രഹാർണ്ണവിശേഷിതഃ – അഗ്ന്യാദിദിക്കുകളിൽ അതാതു ദിക്കിന്റെ പേരും അവിടത്തെ ഗ്രഹങ്ങളുടെ പേരുംകൂട്ടി ചൊല്ലണം. അഗ്നിദിക്സ്ഥിതാഭ്യോ/സുരഗ്രഹശക്തിഭ്യോ ദുർഗാകോടിപാരിഷദീഭ്യോ നമോ നമഃ സ്വാഹാ. ഇങ്ങനെ അഗ്നികോണിൽ കൂട്ടി ഇടിക്കണം. അവാഗ്ദിക്സ്ഥിതാഭ്യോ ഗന്ധർവ്വഗ്രഹശക്തിഭ്യഃ ഇത്യാദി. നിരൃതിദിക്സ്ഥിതാഭ്യോ

യക്ഷഗ്രഹേശേഭ്യഃ ഇത്യാദി. പശ്ചിമദിക്സ്ഥിതേഭ്യഃ പിതൃഗ്രഹേശേഭ്യഃ ഇത്യാദി. വായവ്യദിക്സ്ഥിതേഭ്യോ നാഗഗ്രഹേശേഭ്യഃ ഇത്യാദി. ഉത്തരദിക്സ്ഥിതേഭ്യോ രാക്ഷസഗ്രഹേശേഭ്യഃ ഇത്യാദി. ഈശാനദിക്സ്ഥിതേഭ്യഃ പിശാചഗ്രഹേശേഭ്യഃ ഇത്യാദി. ഊർദ്ധ്വദിക്സ്ഥിതേഭ്യോ ബ്രഹ്മഗ്രഹേശേഭ്യ ഇത്യാദി. അധഃസ്ഥിതേഭ്യോ നാഗഗ്രഹേശേഭ്യ ഇത്യാദി. ഇങ്ങനെ സ്വർഗ്ഗാദി പത്തിലും ഇട്ടു ബലിചെയ്യൂ. ഈ സ്വർഗ്ഗാദികളുടെ മതയും പ്രാചീനഗ്രന്ഥങ്ങളിൽ കാണുന്നു.

അനന്തരം ദിക്പാലന്മാരെ ക്രമത്തിൽ പറയുന്നു —

“മഹേന്ദ്രോ വിധാതാ ച വജ്രപാണിഃ കൃതീ പ്രഭുഃ
മന്ത്രീ സഹസ്രനേത്രശ്ച ഐരാവതേശോ വിഷ്ണുവാൻ.
നിത്യോ വിദ്യുൽപ്രകാശശ്ച ശ്രീമാൻ സ്വർഗ്ഗനേതൃവാൻ
സുരാധിപശ്ച ശക്രശ്ച ദുഷ്ടഘ്നോ ഗദീ സുവിക്രമഃ.
മാന്ധാതാ പുരുഹൂതശ്ച നിത്യയോഗഃ പ്രതാപവാൻ
ഏതേ [illegible] ഇന്ദ്രാഖ്യാ നമോ നമഃ”

ഇങ്ങനെ കിഴക്ക്

“അഗ്നിരഗ്നി[illegible] ജ്വാലീ വിശ്വപാവകഃ
ഹുതാശീ [illegible] കപിലോ ലോഹിതലോചനഃ.
ഉഗ്രോ [illegible]
[illegible] സത്യവാൻ [illegible]
[illegible]
ഇത്യേതേ കോടിഗുണിതാ അഗ്നിരൂപാ നമോ നമഃ.”

ഇത് അഗ്നികോണിൽ.

“യമോ വൈവസ്വതോ [illegible] ധർമ്മരാജഃ പ്രജാന്തകഃ
മൃത്യുഃ പ്രേതാധിപോ [illegible] കൃഷ്ണഃ കൃഷ്ണാംഗ ഏവ ച.
നിത്യയോഗീ സ്വർഗ്ഗനേതാ [illegible] സമാനകഃ
മായാത്മാ [illegible] സത്യാസത്യപ്രിയസ്തഥാ.
ഇത്യേതേ കോടിഗുണിതാ യമരൂപാ നമോ നമഃ.”

ഇത് തെക്ക്.

“രക്ഷോസുരഃ പിശാചശ്ച നിരൃതിർവീര ഏവ ച
തീക്ഷ്ണദംഷ്ട്രോ [illegible] വിനായകഃ.

അതിവൃദ്ധതിലനേകാംഗി ഭൂതഃ പ്രേതവാഹുർമഹാൻ
സൂക്ഷ്മതരോ വിത്തപാലകോ മന്ത്രാംഗി ശുദ്ധലോചനഃ.
ഇത്യേതേ കോടിസ്സണിതാ നിരൃതിസ്സുപാ നമോ നമഃ."

ഇത് നിരൃതികോണിൽ.

"വരുണഃ ശംഖശോ ഭംഗി നിമ്നഗാധിപതിഃ കർമ്മഃ
ശ്രീമാനപ്രവണഃ പാശ അന്നവധൂതതേജസഃ.
പാശഹസ്തഃ പത്മവേദി ആപ്യഃ ശ്യാമളോചനഃ
കാപർദി പ്രാണദഃ ശ്യാമാംഗതനുർ സനാതനഃ.
ഇത്യേതേ കോടിസ്സണിതാ വരുണാസ്സുപാ നമോ നമഃ."

ഇത് പടിഞ്ഞാറ്.

"വായുർമനോവേഗഃ വാക്യൂസൂനാമതന്ത്രാൻ ഏവ ച
പ്രാണോപാനഃ സമാനശ്ച ഉദാനോ വ്യാനോ ഉദാനിനോ
വരഃ.
ശംഖ മഹീ ഗൃഹാങ്ങേ ശ്യാമളേ ഭൃംഗരാജോ പ സ്വാകലീ
അമാലീ മലവാൻ നിദാഘശ്ചാമാകീ ധ്വജാവലീ.
ഇത്യേതേ കോടിസ്സണിതാ വായവസ്സുപാ നമോ നമഃ."

ഇത് വായുവിനകൾ.

"യക്ഷോ ധനദ യക്ഷേശ ധനരൂപ ഗ്രഹാകലേ നിരാശ്രയഃ
ശ്വേതഹസ്തോ ശക്ലജ ധീമദ്വികൃതോ ധാമ ഏവ ച.
ജ്യേഷ്ഠ മാലാധരോ ധനേശോ ഏവ ച
രത്നോ ഗദാധരഃ കലഃ ധനേശ ഗദാധരപി.
ഇത്യേതേ കോടിസ്സണിതാ യക്ഷസ്സുപാ നമോ നമഃ."

ഇത് വടക്ക്.

"ഈശാനോ ഈശാനഃ ശംഭുഃ ശൂലധരസ്ത്ര്യക്ഷിണേത്രവാൻ
അനാദിനിധനോ ശംഭീ കപാലീ കപിലേശ്വരഃ.
അഗ്രേ ഗണാധിപഃ ശാന്തിക ലോക ദിഗംബരഃ
ധൂമ്രാക്ഷോ പൂതവ ഹരിഃ വിശ്വേശ്വര ഹരഃ.
ഇത്യേതേ കോടിസ്സണിതാ ഈശ്വരാ നമോ നമഃ."

ഇത് ഈശകോണിൽ.

"മഹാബലോ മഹാനാദോ ശുക്ലാംബര ധരിപതിഃ ശിവഃ
ചപലിത്രോ രാജ്യഃ സനാതനോ ഭോജ ഏവ ച.

നിർമ്മലോ ലാംഗലോ മന്ത്രാംഗാരഃ ശിവഭൂഷണഃ
ജടാധരോ മുക്തികേശീ മന്ത്രീ ശസ്ത്രീ പുരാന്തകഃ.
ഗണാധിപാഃ ശിവാദ്യന്തേ ഉത്തരാശ്രയാ നമോ നമഃ."

ഇത് മുകളിലുദ്ദേശിച്ച് ഈശാനകോണിൽ.

"ധൂമ്രഃ പ്രമത്തഃ ക്രുദ്ധഃ കാലമൃത്യുരുഗ്രരശ്മിവാൻ
ദീർഘബാഹുഃ പ്രകാശശ്ച ഭീമോ രക്തോ വിചക്ഷണഃ.
കാലാഗ്നി ഭൈരവോ ഘോരോ നരകഃ ശർവ്വ ഏവ ച
നാഗവൈശ്വാനരോ ഘോരഘോരഃ കിംപുരുഷേശ്വരഃ ക്ഷമീ.
ഇത്യേതേ കോടിരുദ്രാഃ പാതാളാശ്രയാ നമോ നമഃ."

ഇത് താഴത്തെ ഉദ്ദേശിച്ച് നിരൃതികോണിൽ. ഇങ്ങനെ മഹാകാളാദിവിരേത് ഭൂതഗണസ്ഥാനത്തിന്റെ പ്രകാരങ്ങളാണ്.

വിഷ്ണുവിങ്കൽ പറയാറുള്ള ഭൂതഗണമന്ത്രത്തിന്റെ സ്ഥാനത്ത് മഹാകാളാദിപ്രോക്ത നാമങ്ങളോടു കൂടിട്ടുള്ളതു്. മന്ത്രത്തെ "വിരാജൻ" ഭാഗത്തിൽ കൊണ്ട് അവരവരുടെ എഴുതുന്നു.

"ഉൽകടഃ പ്രകടശ്ചൈവ ഉന്മുഖോ വികൃതസ്തഥാ
ശംഖഃ ശ്രീവത്സശ്ചൈവ ശങ്കുകർണ്ണസ്തഥൈവ ച.
ഹസ്തിവക്ത്രഃ കൂർമ്മകോ ഹസ്തിപാദസ്തഥൈവ ച
ഏകശൃംഗോ വിഘ്നരാജോ നന്ദോ നന്ദക ഏവ ച.
മത്തോ മത്തപ്രിയോ കന്ദുകഃ കൂട്ടമോചനഃ
പടഹോ വികടാക്ഷഃ ക്ഷമകഃ ക്ഷമകസ്തഥാ.
പാംസുലഃ പാണ്ഡുരുപ്യുതോ പിംഗളഃ സ്വരസ്തഥാ
വാമനോ മഹാദേവോ മഹാനീ മധ്യനൃത്തഃ.
കാലകഃ കാലകേയശ്ച ഭീഷണോ ഭഗവാനപി
ഭാനുമാൻ ഭാഗ്യവാൻ ഭസ്മകോ ഭാസ്യകസ്തഥാ.
വിശാലനേത്രോ വിരൂപാക്ഷോ വിഷ്വക്സേനോ വിലക്ഷണഃ
വിസ്തരോ വിപുലശ്ചൈവ വിലോഹിത ഏവ ച.
ഭൂമികഃ കാമകശ്ചൈവ കാമദ്ഭുത് കാമനാശനഃ
പഞ്ചാശൽ ഗണാ ഏതേ പൂർവ്വം ശിവേന പൂജിതാഃ.
ഏതേ പാരിഷദാ ഭൂയാസുഃ ക്ഷേത്രസ്യ വരാന്തരാഃ.
ഐന്ദ്ര്യാം ദിശി പഞ്ചാശദ് ഭൂതഗണേഭ്യോ നമഃ."

ഇത്രയും കിഴക്കേ ദിക്കിലേയ്ക്.

“ആഗ്നേയോ നിഗമാശ്ചൈവ അഗ്നിജിഹ്വശ്ച ദ്രുതാനനഃ
അഗ്നിരൂപോഽഗ്നിമധ്യശ്ച അഗ്നിവർണ്ണോഽഗ്നിരേവ ച
അഗ്നിവക്ത്രോ മഹാവക്ത്രോ മഹാസേനോ മഹോദരഃ
കരാളഃ കാളജിഹ്വശ്ച കാകവക്ത്രോ വിവക്ത്രകഃ.
മധ്യമണ്ഡഃ കംബുഗ്രീവഃ ഭൈരവോ ഭേരുകസ്തഥാ
ശാർവ്വഃ ശൗകരേയശ്ച ശംകുക്ഷേത്രോപനസ്തഥാ.
മാരീചാ ദ്രോണമാരീചോ മഹിഷോ മാഹിഷസ്തഥാ
കളിങ്ഗാവന്ത്യ വിദർഭശ്ച കർണകർണ്ണോപകർണകാഃ.
വിസാരീ വിക്രമീ ചൈവ മസ്കരീ മസ്കരസ്തഥാ
സൂകരഃ സൂകരാസ്യശ്ച ശശഃ ശശമുഖസ്തഥാ.
സിംഹസ്സിംഹമുഖശ്ചൈവ നാസികോ മുദ്ഗസ്തഥാ
കാലസൂത് കാലസൂത്രീ ച സൂത്രകൽ സൂത്ര ഏവ ച.
വിനായകോ നാമകർണ്ണശ്ച ആഗ്നേയീം ദിശമാശ്രിതാഃ
കുമാരക്ഷണകാ ഹ്യേതേ ആഗ്നേയഗ്രാമസംയുതാഃ
ആഗ്നേയ്യാം ദിശി പഞ്ചാശത് ശ്രുതഗണേഷ്വോ നഗഃ.”

ഇങ്ങനെ അഗ്നികോണിലേയ്ക്.

“ധ്രുവോ ധർമ്മരതോ ധർമ്മോ ധർമ്മശ്ലോ ധർമ്മവർദ്ധനഃ
മൃത്യുഃ കാലാന്തകഃ കാലഃ കൃഷ്ണഃ കൃഷ്ണാക്ഷ ഏവ ച.
നിത്യനേത്രീ സ്വസ്തികേശീ അജകേശീ സദാന്തകഃ
വിനതഃ പ്രേതരാജേതി നിർഗ്ഗുണോ നിപുണോഽലസഃ.
ഖണ്ഡഃ ഖണ്ഡിമോദ്യശ്ച ഖണ്ഡജഃ പ്രാംശുർവിമർദ്ദനഃ
നിഷ്കോശോ നിരാലംബോ നിർമ്മലോ നിരയോ വഹഃ.
അശ്വോ ഉത്തുംഗഹയോ ഹയഃ ഉച്ചൈഃശ്രവണ ഏവ ച
വല്ലകഃ കാമിലശ്ചൈവ തുംഗകഃ കട്ടപോ വിടഃ
ശംഖീ ചക്രീ ച ഗദീ ച ശാർങ്ഗീ ശാർങ്ഗധരസ്തഥാ
വാസുദേവോ വിമുക്തശ്ച കേതുമാൻ കേതുകഃ ക്ഷമീ.
ഊനാഃ പഞ്ചാശദത്ര ഹി ദക്ഷിണാം ദിശമാശ്രിതാഃ
പുണ്ഡരീകാദ്യാ ഹ്യേതേ നന്ദാദിഗ്രാമസംയുതാഃ.
യാമ്യായാം ദിശി പഞ്ചാശത് ശ്രുതഗണേഷ്വോ നഗഃ.”

ഇങ്ങനെ തെക്കേ ദിക്കിലേയ്ക്.

“നിരൃതിഃ പ്രകൃതിശ്ചൈവ സുകൃതിർവികൃതിസ്തഥാ
മാരണോ മേകശ്ചൈവ രാക്ഷസോ രക്ഷകസ്തഥാ.

മാംസപോ മാംസപശ്ചൈവ നിഷ്ഠുരഃ ഖരഭാഷണഃ
പ്രലംബോ ലംബകശ്ചൈവ പ്രാണദഃ പ്രാണവസ്തഥാ.
വീരസേനോ ഗജശ്ചൈവ ഗിരിഭാഷീ ച വിഭാഷണഃ
രക്താക്ഷോ ലോഹിതാക്ഷശ്ച രക്തജിഹ്വോ വിജിഹ്വകഃ.
വിദ്യുത്കേശോ വിശാലാക്ഷോ വിക്ഷോഭോ വിരഹസ്തഥാ
അക്ഷരഃ പ്രക്ഷരശ്ചൈവ കാമരൂപീ വിരൂപകഃ.
സർവ്വഗഃ സർവ്വവിദ് ഗൌരസ്സുമുഖഃ പ്രഭവസ്തഥാ
വൈകർത്തനോ വികർത്താ ച വാമനോ വസുരേവ ച.
വിമർദ്ദീ മർദ്ദനശ്ചൈവ കപർദ്ദീ വൃഷ ഏവ ച
നന്ദകീ പുഷ്കലശ്ചൈവ കീനാശോ വത്സജന്യാത്മജഃ.
ഗണാ ഏതേ തു പശ്ചിമനൈരൃതീം ദിശമാശ്രിതാഃ
തക്ഷന്ത്വേതസ്തു സംപൂജിതാ വാമനസ്യാനുഗാ ഇമേ.
നൈരൃത്യാം ദിശി പഞ്ചാശദ് ഭൂതഗണേഭ്യോ നമഃ."

ഇതു "നിരൃതികോണിലേക്ക്.

വാരുണോ വരുണശ്ചൈവ പാശീ പാശധരോ ഝഷഃ
ക്ഷേമപഃ ക്ഷേമണശ്ചൈവ നാകേശഃ പാവനോ കവിഃ.
സുനാമാ നന്ദനോ ദണ്ഡോ നൈരാകൃഷ്ടഃ പരമഃ പരഃ
ഹനുമാൻ വസുമാൻ ഭദ്രോ വിരൂപഃ പ്രഭവസ്തഥാ.
മഹാകർണ്ണോ വികർണ്ണശ്ച ശരഭഃ ശലകഃ കവിഃ
നരമോ നരകശ്ചൈവ കർണ്ണീ കർണ്ണമഹോദ്ഗുമാൻ.
ചക്രതുണ്ഡോ ജലേശ്വരോ വക്രനാസോ വിനാശകഃ
ക്രമഃ കമപശ്ചൈവ ലംബിനഃ കങ്കണഃ സുഗന്ധ്.
ഊർദ്ധ്വഗഃ പ്രതിഗന്ധശ്ച താർക്ഷ്യോ ഗരുഡ ഏവ ച
വിരോധോ ബോധകോ ബോധഃ കങ്കണീ ച ഗണാസ്ത്വമീ.
പശ്ചിമാം ദിശമാശ്രിത്യ തിഷ്ഠന്തി വിവിധായുധാഃ
ശങ്കുകർണ്ണാദയശ്ചൈതേ പിതൃഗ്രഹഗണാന്വിതാഃ
വാരുണ്യാം ദിശി പഞ്ചാശദ്ഭൂതഗണേഭ്യോ നമഃ."

ഇതു പടിഞ്ഞാറെ ദിക്കിലേക്ക്.

"മരുന്മാരുതഗന്ധർവ്വവായുർവ്വായുസ്ത്വഥാനിലഃ
ജലകോ വർത്തകഃ കമ്പോ മാത്രണഃ പ്രാണനോ ബലഃ.
ബലോ ബലനിധിർവ്വീരോ വിരോധോ രോധകോ ദരഃ
നവധസ്സ്വവധശ്ചൈവ സംരോധോ ധീരകസ്തഥാ.

ബലീ ബലനിധിർദ്ധ്വസ്തഃ സമസ്തഃ സഹസോ വസുഃ
കങ്കരഃ കടകശ്ചൈവ ഗന്ധോ ഗന്ധവഹഃ പടുഃ
സിംഹകഃ സിക്തരോഗീ ച സേവകഃ സേവനഃ സവഃ.
ഔഷധോ ഭേഷജശ്ചൈവ രോഗീ രോഗധരസ്തഥാ.
കരണഃ കാരണഃ കർത്താ ഉദാരചാരീ ബലോഽബലഃ
ഗണാ പഞ്ചാശദേതേ തു വായവ്യാം ദിശമാശ്രിതാഃ
സർവ്വേ നേത്രാന്തഗാ നിത്യം നാഗഗ്രഹസമന്വിതാഃ
വായവ്യാം ദിശി പഞ്ചാശദ്ഭൂതഗണേഭ്യോ നമഃ."

ഇത് വായുകോണിലേക്കുള്ളത്.

സോമഃ സോമലകസ്സോമഃ സാമവിത് സാമനാശനഃ
സുധാ സുധാതാ ധാതാ ച സുരാഷ്ട്രഃ കാശ്യകഃ കലിഃ.
കാലവാൻ കാലചക്രശ്ച കാളകൂടവിഷോജ്ജ്വലഃ
അമൃതോഽമൃതനാദശ്ച കേയൂരീ കേവലീ ബലീ.
വിഷ്ണുഃ കൃഷ്ണഃ പിശംഗീ ച ഗോപാലകഃ പികഃ ശുകഃ
ഉലൂകഃ ശകടശ്ചൈവ ശ്യേനഃ ശ്യേനമുഖസ്തഥാ.
മാർജ്ജാരോ വല്ഗുവല്ഗാ ച ഗൃഷ്ടഃ കണ്വകഃ കണഃ
ശേഷോ വിശേഷ ഉച്ഛേഷഃ കർദ്ദമഃ പൂതിവിഗ്രഹഃ.
സാംബഃ സാവത്സരശ്ചൈവ വേണീ രോഗധരോ മരുത്
ഗണാഃ പഞ്ചാശദേതേ തു സോമസ്യ ദിശമാശ്രിതാഃ.
സൂർമ്മസ്യ വശഗാ ഹ്യേതേ രാക്ഷസഗ്രഹസംയുതാഃ
സൌമ്യായാം ദിശി പഞ്ചാശദ്ഭൂതഗണേഭ്യോ നമഃ"

ഇത് വടക്കെ ദിക്കിലേക്കുള്ളത്.

"ഈശാന ഈശ്വരോ വ്യാപീ വ്യസനോ വിസനോ വസുഃ
ഹരോ ഹാരോ വിരോപാക്ഷീ ശകുനീ ശകുനോ വടഃ.
വൃക്ഷഃ കക്ഷഃ ക്ഷമഃ ശാന്തിർമ്മാരോ മാരീ കവിർജ്ജവിഃ
ബ്രഹ്മജ്ഞോ ബ്രഹ്മവിദ് ബ്രഹ്മീ ബ്രഹ്മഹാ ബ്രഹ്മസാധനഃ.
വേദീ വേദവിദോഷ്ഠോങ്കാരഃ ശങ്കരസ്തഥാ
ധീമാൻ ധീദൃഷ്ടിരിഷ്ടാത്മാ ദുഷ്ടാത്മാ ദുഷ്ടകർമ്മകൃത്.
വിനതോ വികചോ വാദീ വേദനോ ദിവ്യക ഏവ ച
സർവ്വഗഃ സർവ്വഭൂതസർവ്വഃ സർവ്വമാർഗഃ സനാതനഃ

ഗോവിന്ദോ ഗോപതിർഗോപ്താ ഐശാനീം ദിശമാശ്രിതാഃ
സുപ്രതിഷ്ഠവശാ ഹ്യേതേ പിശാചഗ്രഹസംയുതാഃ.
ഐശാന്യാം ദിശി പഞ്ചാശദ്ഭൂതഗണേഭ്യോ നമഃ."

ഇതു ഈശകോണിലേക്ക്. ഇങ്ങനെ വിഷ്ണുവിങ്കലെ പഞ്ചാശദ്ഭൂതഗണങ്ങളുടെ സ്ഥാനത്തു തൂകുവാനുള്ളതു്.

ശങ്കരനാരായണങ്കൽ ശിവന്റെ മഹാകാളാദിയും വിഷ്ണുവിങ്കലെ ഉൽകടാദിയും കൂടിച്ചൊല്ലി.

"സപ്തതിസ്തു ഗണാഃ പ്രാച്യാം ഹരനാരായണസ്യ ച
പ്രാച്യാം ദിശി സപ്തതിഭൂതഗണേഭ്യോ നമഃ."

ഇങ്ങനെ എല്ലാടവും ഊഹിച്ചു മന്ത്രങ്ങളെച്ചൊല്ലൂ. സുബ്രഹ്മണ്യങ്കൽ—

"ഇന്ദ്ര ഐന്ദ്രോഽഥ കുമുദഃ കന്ദരശ്ചാഥ ഡംബരഃ
ആഡംബരശ്ച സ്കന്ദസ്യ പൂർവസ്യാം ദിശി യേ ഗണാഃ."

പൂർവസ്യാം ദിശി ഷട്കോടിഭൂതഗണേഭ്യോ നമഃ. ആഗ്നേയ്യാം ദിശി യേ ഗണാഃ ഇത്യാദി കൂട്ടിക്കൊള്ളൂ. ഗണപതിയിങ്കൽ

"വക്രദന്തപാരിഷദേഭ്യഃ കോടിഗണേഭ്യോ നമഃ" ഇത്യാദി തത്ര ധ്വജദേവതകൾതന്നെ. ശാസ്താവിങ്കൽ "ഗോപ്തൃപാരിഷദേഭ്യഃ കോടിഗണേഭ്യോ നമഃ" ഇത്യാദി. ഇങ്ങനെ രണ്ടാമത്തെ പ്രദക്ഷിണത്തിങ്കലെ മന്ത്രങ്ങൾ.

സുബ്രഹ്മണ്യങ്കൽ മൂന്നാമത്തെ പ്രദക്ഷിണത്തിന് "യേ താഃ സ്കന്ദസേനാസ്യ" ഇത്യാദി മന്ത്രം കൊണ്ടു എട്ടുദിക്കിലും തൂകൂ.

നാലാമത്തെ പ്രദക്ഷിണത്തിന് "ബലിഗ്രഹേഭ്യോ ഭൂതേഭ്യഃ സ്കന്ദപാരിഷദേഭ്യോ നമോ നമഃ" ഈ മന്ത്രംകൊണ്ട് എട്ടുദിക്കിലും തൂകി, വല്യബലിക്കല്ലിങ്കൽ തൂകൂ.

ശാസ്താവിങ്കൽ മൂന്നാമത്തെ പ്രദക്ഷിണത്തിന് "ചാമ്പാദീനാം ഗണാസ്സർവേ" എന്ന മന്ത്രംകൊണ്ട് എട്ടുദിക്കുകളിലും തൂകൂ. നാലാമത്തെ പ്രദക്ഷിണത്തിന് "നമോഽസ്തു ഭീമരൂപേഭ്യോ

ഭീമവക്ത്രേഭ്യോ വിവിധാകൃതിഭ്യോ വരമേഭ്യശ്ച വോ നമോനമഃ."
അഞ്ചാമത്തെ പ്രദക്ഷിണത്തിന്ന നാലു ദിക്കകളിലും തൂകവാൻ "പ്രാഗ്ഗണേഭ്യോബഹുരൂപേഭ്യോ വിശപുരൂപേഭ്യഃസല്ഭ്യോസദഭ്യഃ സദസദ്ഭ്യഃ സർവ്വഗണേഭ്യോ നമോ നമഃ സ്വാഹാ."

ഏഷ പ്രാഗ്ഗണമന്ത്രോത്ര പ്രാക്സ്ഥാനേ ദക്ഷിണേതി ച
പശ്ചിമേത്യുത്തരേത്യർണ്ണം യോജയേദ് ദക്ഷിണാദിഷു. വൃ ൭

ഏഷഃ പ്രാഗ്ഗണമന്ത്രഃ – കിഴക്കേദിക്കിൽ ഇങ്ങനെ പ്രാഗ്ഗണമന്ത്രം ഭവിക്കം. ദക്ഷിണാദിഷു പ്രാക്സ്ഥാനേ – തെക്കതുടങ്ങിയുള്ള ദിക്കകളിൽ പ്രാക് എന്നുള്ള പദത്തിങ്കൽ, ദക്ഷിണേതി പശ്ചിമേതി ഉത്തരേതി ച അർണ്ണം യോജ്യം – ദക്ഷിണഗണേഭ്യഃ ഇത്യാദി ആയിട്ട തെക്കം പശ്ചിമഗണേഭ്യഃ ഇത്യാദി പടിഞ്ഞാറും ഉത്തരഗണേഭ്യഃ ഇത്യാദി വടക്കം കൂട്ടിക്കൊള്ളണം.

ആറാമത്തെ പ്രദക്ഷിണത്തിന് സർവ്വേഭ്യഃ പിംഗലേഭ്യോ മഹാശനേഭ്യോ ഘോരരൂപേഭ്യോ മൃഗയുഭ്യോ വിനായകേഭ്യോ മൂകേഭ്യോ ബധിരേഭ്യോന്ധേഭ്യോ ജഡേഭ്യഃ സ്ഥൂലേഭ്യഃ കൃശേഭ്യോ ദീർഘേഭ്യോ ഹ്രസ്വേഭ്യോ നപുംസകേഭ്യഃ സ്ത്രീഭ്യഃ സല്ഭ്യോസല്ഭ്യഃ സദസദ്ഭ്യഃ സർവഗണേഭ്യോ നമോ നമഃ സ്വാഹാ. ഈ മന്ത്രംകൊണ്ട് എട്ടു ദിക്കകളിലും തൂകി വല്യബലിക്കല്ലിങ്കൽ തൂകു.

ഗണപതിയിങ്കൽ;

"ഉത്സവാത്ഥം ഗതാ യേ ച മാശ്ച വിഘ്നപ്രഹർഷണാഃ;"

"ഓന്നമോ വിഘ്നപാർഷദേഭ്യോ നമോ നമഃ വിഘ്നപാർഷദേഭ്യോ നമോ നമഃ സ്വാഹാ" ഈ മന്ത്രം കൊണ്ട് എട്ടു ദിക്കിലും തൂകി വല്യബലിക്കല്ലിങ്കൽ തൂകു.

സ്വനാമമന്ത്രഗായത്രീ തത്തന്മൂർത്ത്യാദിമന്ത്രകൈഃ
സ്വസംഖ്യദേവതാമൂലൈർബലിപീഠേ ബലിം ഹരേത്. വൃ ൮

ബലിപീഠേ സ്വനാമമന്ത്രഗായത്രീതത്തന്മൂർത്ത്യാദിമന്ത്രകൈഃ – വല്യബലിക്കല്ലിങ്കൽ തന്റെ നാമമന്ത്രങ്ങളെക്കൊണ്ടും ഗായത്രികൊണ്ടും മൂർത്തിമന്ത്രംകൊണ്ടും, സ്വസംഖ്യദേവതാമൂലൈഃ ബലിം ഹരേത് – "അസംഖ്യാതാ ഗണാഃ" ഇത്യാദികൊണ്ടും "ദേവതാഭ്യഃ പിതൃഭ്യഃ" ഇത്യാദികൊണ്ടും മൂലംകൊണ്ടും ബലിയെ ചെയ്വു.

വിഷ്ണുവിങ്കൽ "ബലായ നമഃ ഹരിസേനായ നമഃ" എന്നു നാമമന്ത്രം. "ഹരിസേനായ വിദ്മഹേ മഹാബലായ ധീമഹേ തന്നസ്സാന്തഃ പ്രചോദയാത്" ഇതു ഗായത്രീമന്ത്രം. "അഷ്ടമൂർത്തി പാർഷദേഭ്യഃ സദ്ഭ്യോ/സദ്ഭ്യഃ സദസദ്ഭ്യഃ സർവഗണേഭ്യോ നമോ നമഃ സ്വാഹാ" ഇതു മൂർത്തിമന്ത്രം.

"അസംഖ്യാതാ ഗണാസ്സർവേ കോടികോടിഗണാധിപാഃ
ഭവന്തു സംഹിതാഃ സർവേ തേഭ്യസ്താഭ്യോ നമോ നമഃ."

ഇത് അസംഖ്യാതാ ഇത്യാദി.

"ദേവതാഭ്യഃ പിതൃഭ്യോ/ഥ ഭൂതേഭ്യഃ സഹ ജംഗമൈഃ
ഏതത്സ്ഥാനനിവാസിഭ്യഃ പ്രയച്ഛാമി ബലിം നമഃ.

ഇതു ദേവതാഭ്യ ഇത്യാദിമന്ത്രം. പിന്നെ മൂലവും പൂജിച്ചു തൂകി ജലാപ്ലുതബലിയും ചെയ്‌വൂ.

ശിവങ്കൽ "മഹാബലായ നമഃ, ഈശാനായ നമഃ, ഹരസേനായ നമഃ" ഇതു നാമമന്ത്രങ്ങൾ. "ഹരസേനായ വിദ്മഹേ മഹാബലായ ധീമഹേ തന്നഃ ശർവഃ പ്രചോദയാത്" ഗായത്രീമന്ത്രം. ദശമൂർത്തിപാർഷദേഭ്യഃ ഇത്യാദിയും അസംഖ്യാതാ ഇത്യാദിയും ദേവതാഭ്യഃ ഇത്യാദിയും മൂലവും ജലാപ്ലുതബലിയും പൂജിച്ചു തൂകൂ.

മററുള്ള ദേവന്മാരിൽ നാമമന്ത്രങ്ങൾ തത്തന്മന്ത്രം തന്നെ; ഗായത്രിയുമില്ല. പഞ്ചമന്ത്രങ്ങളുള്ളേടത്തു ദശമൂർത്തിപാർഷദേഭ്യഃ എന്നു വേണം. ഒറ്റയ്ക്ക് അഷ്ടമൂർത്തിപാർഷദേഭ്യഃ എന്നുതന്നെ. അസംഖ്യാതാ ഇത്യാദി എല്ലാടവും സമം.

പിന്നെ മദ്ധ്യമാവരണത്തിങ്കൽ "യേ സമസ്തം ജഗദ്വ്യാപ്യ" ഇത്യാദി തൂകിയാൽ ഓം നമോ ഭൂതേഭ്യോ ഭൂതകേഭ്യ ഇത്യാദി തൂകൂ. മൂന്നാമത്—

"ഗൃഹ്ണന്തു ബലിമേതന്തു ബാഹ്യസ്ഥാ വിഹഗാനനാഃ
യേ ക്രൂരാ യേ/പ്യസത്ത്വാശ്ച ഭൂതപ്രേതപിശാചകാഃ
വേതാളാശ്ചൈവ മാതംഗാ ഹീനാഹാരാശ്ച യേ ഗണാഃ
സർവേഷാം ചൈവ തേഷാം ച ഹരാമി ബലിമുത്തമം.
സർവേഭ്യ ഏവ തേഭ്യശ്ച സഗണേഭ്യോ നമോ നമഃ."

ദേവഗ്രഹാദിബലിയും ദിക്ബലിയും ശീഘ്രബലിയും തൂകി ക്ഷേത്രപാലങ്കൽ തൂവി നേദിപ്പൂ.

പ്രോക്തക്രമേണ സകലം ബലിപീഠവർജ്ജം
ക്ഷേത്രാധിപാലബലികർമ്മയുതം വിധായ
സ്വാവാരവീതമഭിപൂജ്യ ച പീഠമഗ്ര്യേ
പീഠാധിപം വിധിവദത്ര സമാപയേദ്വാ. ൨൧

പ്രോക്തക്രമേണ ബലിപീഠവർജ്ജം ക്ഷേത്രാധിപാലബലികർമ്മയുതം വിധായ — ഈ പറഞ്ഞ ക്രമംപോലെ ബലിയെ തൂകുന്നേടത്തു വല്യബലിക്കല്ലിങ്കലേ ബലി ചെയ്യാതെ പിറകെ ബലികർമ്മം ഒക്കെയും ക്ഷേത്രപാലബലിയും ചെയ്ത്, പീഠമഗ്ര്യേ സ്വാവാരവീതം പീഠാധിപം വിധിവത് അഭിപൂജ്യ അത്ര സമാപയേദ്വാ — വല്യബലിക്കല്ലിങ്കൽ താഴത്തെ ബലികളും മുകളിലെ ബലികളും വിധിവത്തക്കവണ്ണം ചെയ്ത് ഇവിടെ ബലി സമാപിക്കിലുമാം.

ബലിം വിധായേതി പരീത്യ സന്നതഃ
സ്വാചമ്യ ഗർഭാലയമഭ്യുപേത്യ
ആരോപ്യ ദേവം ബലിബിംബസംസ്ഥിതം
സ്വമൂലബിംബേ തമഥ ക്ഷമാപയേത്. ൨൨

ബലിം വിധായ — ഈ പറഞ്ഞപ്രകാരം ശ്രീഭൂതബലിയെ തൂകിക്കഴിഞ്ഞാൽ, പരീത്യ സന്നതഃ — ദേവനെ പ്രദക്ഷിണംവെച്ചു മണ്ഡപത്തിൽ നമസ്കരിച്ചു, സ്വാചമ്യ ഗർഭാലയമഭ്യുപേത്യ — കാലുംകഴുകി ആചമിച്ചു ഗർഭഗൃഹത്തിങ്കൽ പോയി, ബലിബിംബസംസ്ഥിതം ദേവം സ്വമൂലബിംബേ ആരോപ്യ — ബലിബിംബത്തിങ്കൽ ആവാഹിച്ച് ഇരിക്കുന്ന ദേവനെ സംഹാരമുദ്രകൊണ്ടു ആവാഹിച്ചു മൂലബിംബത്തിങ്കൽ യോജിപ്പിച്ച് തത്ത്വന്യാസാദി ചെയ്ത് തിരുമധുരത്തെ നിവേദിച്ച്, അഥ തം ക്ഷമാപയേത് — ദേവനോട് ക്ഷമസ്വ എന്ന് പ്രാർത്ഥിപ്പൂ.

ഇത്ഥം സദാ ത്രിഷവണാർച്ചനമേവദേവ–
ശ്രീദേവദേവപരിഷത്പ്രകരാദിരമ്യം
ആതോദ്യവാദ്യബഹുലോജ്ജ്വലദീപദീപ്തം
കുർവീത സർവവിധവസ്തുഷു സുഭാവിതാത്മാ. ൨൩

സ്വഭാവിതാത്മാ ഗുരുഃ—ഏററവും തന്റെ ഇഷ്ടദേവനോടുകൂടിയിരിക്കുന്ന ആചാര്യൻ, സർവ്വദിവസേഷു – കൊടിയേററ തുടങ്ങി ആറാട്ടുകഴിയോളമുള്ള ദിവസങ്ങളിൽ നിത്യവും, ഇതി ത്രിഷവണാർച്ചിതദേവഭൂദേവദേവപാരിഷത്പ്രകരാദിതാമം – ത്രികാലത്തുങ്കലും വിധിച്ചിരിക്കുന്ന സവനപൂജാദികളെക്കൊണ്ടു ദേവനേയും അപ്രകാരം മൃഷ്ടാന്നഭോജനാദികളെക്കൊണ്ടു ബ്രാഹ്മണരേയും ശ്രീഭൂതബലിദാനംകൊണ്ടും ദേവന്റെ പരിവാരദേവഗണങ്ങളേയും പൂജിച്ചിട്ട് ഏററവും മനോഹരമായിട്ടും, ആതോദ്യവാദ്യബഹുലോജ്ജ്വലദീപദീപ്തം – വീണാവാദനസംഗീതാദികളെക്കൊണ്ടും വാദ്യഘോഷങ്ങളെക്കൊണ്ടും ബഹുദീപങ്ങളെക്കൊണ്ടും അലങ്കാരമായിട്ടും, ഉത്സവം കുർവീത – ഉത്സവത്തെ ഘോഷിക്കണം.

തീർത്ഥസ്നാനദിനാദധസ്ത്വഹനി സായം സോഽയമാചാര്യകോ
ഗ്രാമേ ചൈത്യചതുഷ്പഥാദിഷു ബലിം കൃത്വാഥ പരീത്യാഖിലേ
ഗ്രാമാന്തേ മൃഗയാപ്രചാരവിഹൃതിം കൃത്വാ സ്വയോധൈഃ സമം
പ്രത്യാഗത്യ തതഃ സ്വകൌതുകഗതം ദേവം സമാവാസയേത്.

[൫൦]

തീർത്ഥസ്നാനദിനാദധസ്ത്വഹനി സായം – ആറാട്ടുദിവസത്തിന്റെ തലേന്നാൾ രാത്രിയിൽ, സഃ അയം ആചാര്യകഃ ശ്രീഭൂതബലി കഴിച്ച് ആചാര്യൻ, ഗ്രാമേ അഖിലേ ചൈത്യചതുഷ്പഥാദിഷു ബലിം കൃത്വാ പരീത്യ – ആ ഗ്രാമത്തിൽ എല്ലാടവും ആലത്തറ നാല്ക്കവലകൾ മുതലായ ദേവതാസ്ഥാനം ഇത്യാദി സ്ഥലങ്ങളിൽ ബലിയെ ചെയ്തുംകൊണ്ട് പ്രദക്ഷിണമായി ദേവനെ എഴുന്നള്ളിക്കുമ്പോൾ, ഗ്രാമാന്തേ സ്വയോധൈഃ സമം മൃഗയാപ്രചാരവിഹൃതിം കൃത്വാ – ഗ്രാമാവസാനത്തുങ്കൽ വച്ച് ആയുധപാണികളെക്കൊണ്ട് ശരത്തെ പ്രയോഗിച്ച് നായാട്ടുവിളികളെയും ചെയ്യിച്ചിട്ട്, തതഃ പ്രത്യാഗത്യ – പിന്നെ തിരിച്ചു ക്ഷേത്രത്തിൽ വന്ന്, സ്വകൌതുകഗതം ദേവം സമാവാസയേത് – ബലിബിംബഗതനായ ദേവനെ മൂലബിംബത്തുങ്കൽ യോജിപ്പിപ്പൂ.

മന്ത്രൈഃ ശാർങ്ഗിണി വിഷ്ണുപാരിഷദമാതൃനാദികൈസ്തൈഃ [ശിവേ
സ്യാതാം ഗ്രാമബലൌ ഇതി അപ്രപഠിതൈർവാ നാമഭിർഭൂതകൈഃ

ഗൃഹ്ണന്തപീശപരാദ്യൈ നിസൃഷ്ടിതി ദ്യഷ്ഭൂതാദിഗൃഹ്ണ-
[ന്തപന്തു

ഗൃഹ്ണന്തപാദ്യൈന്വേ ഗുഹേ പ്രമഥനാദേ പിംഗലാദ്യസ്തഥാ
[ഥ

ശാർങ്ഗിണി ഗ്രാമബലൌ തു വിഷ്ണുപാരിഷദേഭ്യോർണ്ണാ മികൌ - വിഷ്ണുവിങ്കൽ ഗ്രാമബലിയിങ്കലാകട്ടേ വിഷ്ണുപാരിഷ ദേഭ്യഃ എന്നും മാതൃഭ്യസ്സഗണേഭ്യഃ എന്നും രണ്ടു മന്ത്രങ്ങൾ. ശിവേ ഷതൌ ശർവപാർഷദൈസ്തൌ സ്യാതാം - ശിവങ്കൽ ഈ മന്ത്രങ്ങൾ ശർവപാർഷദേഭ്യഃ ഇത്യാദിയായിട്ടു ഭവിക്കും. നമോ ഭൂതേഭ്യഃ വാ- മാം നമോ ഭൂതേഭ്യഃ ഇത്യാദിയുമാം. ഈശാനശിവ ഗൃഹ്ണന്തു- ശങ്കരനാരായണങ്കൽ "ഗൃഹ്ണന്തു ബലിമേതത്തു" ഇത്യാദികൊ ണ്ടും, നിസൃഷ്ടിതി ഭൂതാദി ഗൃഹ്ണന്ത്വന്തു - ഭർഗ്ഗദേവി കൾക്കു നമോ ഭൂതേഭ്യഃ ഇത്യാദിയും ഗൃഹ്ണന്തു ബലിം ഇത്യാദിയും രണ്ടു മന്ത്രങ്ങൾകൊണ്ടും, ഗുഹേ ഗൃഹ്ണന്ത്വാദ്യന്തേ - സുബ്ര ഹ്മണ്യങ്കൽ ഗൃഹ്ണന്തു ബലിമിത്യാദിയും ഗ്രാമപർവ്വതവനചാ രിഭ്യഃ ഇത്യാദിയും നമോസ്തു സിന്ധുചാരിഭ്യ ഇത്യാദിയും ശൂ ന്യഗ്രാമനിവാസിഭ്യഃ ഇത്യാദിയും ഇങ്ങനെ നാലു മന്ത്രങ്ങൾ കൊണ്ടും, പ്രമഥനാദേ പിംഗലാദ്യൈഃ - ശാസ്താവിങ്കൽ ഓം ഭൂം നമഃ സർവേഭ്യഃ പിംഗലേഭ്യഃ ഇത്യാദികൊണ്ടും ഗ്രാമബ ലിയെച്ചെയ്‌വൂ.

മന്ത്രങ്ങളെ പറയുന്നു.—

"വിഷ്ണുപാരിഷദേഭ്യശ്ച പ്രമഥേഭ്യോ നമോ നമഃ.

മാതൃഭ്യസ്സഗണേഭ്യശ്ച സർവേഭ്യോ വൈ നമോ നമഃ."

ഇതു രണ്ടും വിഷ്ണുവിങ്കലെ മന്ത്രങ്ങൾ. ശിവങ്കൽ ഇതു തന്നെ ശർവപാരിഷദേഭ്യഃ ഇത്യാദി.

"ഗൃഹ്ണന്തു ബലിമേതത്തു" എന്നതും ആം. "ഗ്രാമപർവ്വത വനചാരിഭ്യോ നമോ നമഃ."

"നമോസ്തു സിന്ധുചാരിഭ്യോ ഭൂതേഭ്യോ ഗണതായ ച
ശൂന്യാഗാരനിവാസിഭ്യഃ സർവേഭ്യോ വൈ നമോ നമഃ.
ശൂന്യഗ്രാമനിവാസിഭ്യോ വൃക്ഷമൂലഗതായ ച

ദേവഗണാന്വാസിഭ്യഃ സർവേഭ്യോ വൈ നമോ നമഃ.''

ഇത് നാലും സുബ്രഹ്മണ്യങ്കലെ മന്ത്രങ്ങൾ.

ബലിം ദത്വാ യഥാന്യായം ശേഷം ഗൂഢേ തു ഭൂതലേ
നമഃ പാരിഷദേഭ്യശ്ചേത്യുക്ത്വാ തന്നിക്ഷിപേദ് ഗുഹേ.
[ൻവ

ഗുഹേ യഥാ ന്യായം ബലിം ദത്വാ– സുബ്രഹ്മണ്യങ്കൽ ഈ നാലുമന്ത്രങ്ങളെക്കൊണ്ടും ബലിയെ തൂകി, ശേഷം തത് ഗൂഢേ ഭൂതലേ -- ശേഷമുള്ള ഹവിസ്സിനെ ഗൂഢമായിരിക്കുന്ന ഭൂതലത്തിൽ, നമഃ പാരിഷദേഭ്യഃ ഇതി ഉക്ത്വാ നിക്ഷിപേത് - "സർവപാരിഷദേഭ്യോ നമഃ" ഈ മന്ത്രം ചൊല്ലി ഇടട്ടു.

"ഓം ഹ്രൂം നമഃ സർവേഭ്യഃ പിംഗലേഭ്യോ ബഹുരൂപേഭ്യോ മഹാഗണേഭ്യോ ഘോരരൂപേഭ്യോ മൂകേഭ്യോ വിനായകേഭ്യോ ബധിരേഭ്യോഽന്ധേഭ്യോ ജഡേഭ്യഃ സ്ഥൂലേഭ്യഃ കൃശേഭ്യോ ദീർഘേഭ്യോ ഹ്രസ്വേഭ്യോ മുണ്ഡേഭ്യഃ സ്ത്രീഭ്യോ നപുംസകേഭ്യോ ബഹുരൂപേഭ്യഃ സദ്ഭ്യോഽസദ്ഭ്യഃ സദസദ്ഭ്യഃ സർവഗണേഭ്യോ നമോ നമഃ സ്വാഹാ." ഇത് ശാസ്താവിങ്കലെ മന്ത്രം.

അനന്തരം ചെയ്യേണ്ടുന്ന ക്രിയയെ പറയുന്നു.—

അഥാപ്ലുതോ മംഗലപാലികാദിഭിഃ സ്വലംകൃതേ തത്ര നിഷദ്യ [മണ്ഡപേ
സമാപ്തിതാത്മാ ശയനേ പ്രസാധിതേ യഥാപുരം പീഠമപി പ്രപൂ-
[ജയേത്. ൻന

അഥ ആപ്ലുതഃ – ഗ്രാമബലി കഴിഞ്ഞാൽ ആചാര്യൻ കുളിച്ചു വന്ന്, മംഗലപാലികാദിഭിഃ സ്വലംകൃതേ തത്ര മണ്ഡപേ നിഷദ്യ – മുളപ്പാലികകളെക്കൊണ്ടും വിതാനാദികളെക്കൊണ്ടും അലങ്കരിച്ചിരിക്കുന്ന അഗ്രമണ്ഡപത്തിങ്കലിരുന്ന്, സമാപ്തിതാത്മാ – ദേഹശുദ്ധിശംഖപൂരണാദ്യാരാധനകളെ ചെയ്ത്, പ്രസാധിതേ ശയനേ – വ്രീഹി സ്വസ്തികത്തിൽ ശയ്യയെ വിരിച്ച്, യഥാപുരം പീഠമപി പ്രപൂജയേത്–ധ്യാനാധിവാസങ്ങൾ പറഞ്ഞ പോലെ പീഠം പൂജിച്ച് തത്ത്വകലശബീജംകൊണ്ട് ആവാഹിച്ച് പൂജിച്ചു. ശയ്യയുടെ വടക്ക് ഭദ്രപീഠംവെച്ച് പീഠത്തെയും പൂജിച്ചു.

ഗർഭാലയം പ്രാപ്യ സമിഷ്ടവിഷ്ടരേ
ദേവം സമാസ്ഥാപ്യ സമർച്ച്യ ചാർച്ചകഃ
പ്രസാദ്യ തഥാ വ്യജനാദ്യുപാഹൃതിഃ
കൃതാഞ്ജലിഃ പ്രാർത്ഥയതാമനേന തം. ൯൮

അർച്ചകഃ ഗർഭാലയം പ്രാപ്യ — പിന്നെ ആചാര്യൻ ഗർഭഗൃഹത്തിങ്കൽ ചെന്ന്, സമിഷ്ടവിഷ്ടരേ ദേവം സമാസ്ഥാപ്യ സമർച്ച്യ — പീഠം പൂജിച്ചു ദേവനെ ആവാഹിച്ചു സകളീകരിച്ചു പൂജിച്ച് ത്രിമധുരം നിവേദിച്ച്, പ്രസാദ്യ വ്യജനാദ്യുപാഹൃതിഃ തഥാ - പ്രസന്നപൂജയെ ചെയ്ത് പ്രസന്നാർഘ്യം കൊടുത്താൽ താലവൃന്താദി രാജോപചാരങ്ങളെ സമർപ്പിച്ച്, കൃതാഞ്ജലിഃ അനേന തം പ്രാർത്ഥയതാം — പൂജിച്ചു പുഷ്പാഞ്ജലിയെ ചെയ്തു തൊഴുതു നിന്ന് ഈ മന്ത്രംകൊണ്ടു ദേവനോടു പ്രാർത്ഥിപ്പൂ.

"തീർത്ഥയാത്രാ ത്വയാ ദേവ ശ്വഃ കർത്തവ്യാ സുരേശ്വര!
തത്ര പ്രതിസരാരംഭം ത്വമനുജ്ഞാതുമർഹസി."

ഇത് പ്രാർത്ഥനാമന്ത്രം.

അശ്വത്ഥപത്രയുഗളൈരഥ സാഗ്രദൂർവാ
സിദ്ധാർത്ഥസംയുതഘൃതം പരിഗൃഹ്യ ദോർഭ്യാം
മന്ത്രൈഃ സുശോഭനസുഭദ്രസുമംഗലാർണ്ണ-
ൈർഭവത്വവസിതൈഃ ക്രമശോഽധിബിംബം. ൯൯

ആരോപയേത് കടിതടാവധി കന്ധരാന്തം
കാന്തം ച ദോർവിനിമയേനോഭയപാർശ്വയുക്ത്യാ
പ്രക്ഷാളയേത് കരയുഗം പൃഥഗത്ര തത്ത-
ദശ്വത്ഥപത്രകമപാസ്യ ച തസ്യ പൃഷ്ഠേ. ൱

ഈ രണ്ടു ശ്ലോകംകൊണ്ട് ഘൃതാരോഹണത്തെ പറയുന്നു:- അശ്വത്ഥപത്രയുഗളൈഃ സാഗ്രദൂർവാസിദ്ധാർത്ഥസംയുതഘൃതം ദോർഭ്യാം പരിഗൃഹ്യ — പിന്നെ ഈ രണ്ടു അരയാലിലകളെക്കൊണ്ടു കറുകയുടെ അഗ്രങ്ങളും കടുകും നെയ്യും വച്ചാൽ ചിലതു തിരി കൂടി കൊള്ളത്തിവച്ചിട്ടും രണ്ടു കൈകളെക്കൊണ്ടും എടുത്തു, ഭവതു അവസിതൈഃ സുശോഭനസുഭദ്രസുമംഗലാർണ്ണൈഃ മന്ത്രൈഃ അധിബിംബം ക്രമശഃ — ഭവതു എന്നു ഒടുക്കമായിരിക്കുന്ന സുശോഭനസുഭദ്രസുമംഗലങ്ങളോടു കൂടെ "സുശോഭനം ഭവതു"

"സുഭദ്രാ ഭവതു" "സുമംഗലം ഭവതു" ഈ മൂന്നു മന്ത്രങ്ങളെക്കൊണ്ടു ബിംബത്തിങ്കൽ ക്രമേണ, കടിതടാവധി കന്ധരാന്തം കാന്തം ച മൌർവീനിഭമേകയപാർശ്വയുക്ത്യാ ആരോപയേത് – പാദാഗ്രത്തിങ്കൽ തുടങ്ങി അരയോളവും, അരയിൽ തുടങ്ങി കണ്ഠത്തോളവും, കണ്ഠത്തിങ്കൽ തുടങ്ങി കേശാന്തത്തോളവും, കൈകൾ പിണച്ചു രണ്ടു പുറത്തും കൂടി ഉയർത്തി മൂന്നിനേയും പിറകിലായിട്ടു ഇട്ടു. അത്ര തത്തശേഷചത്രകം തസ്യ പൃഷ്ഠേ അപാസ്യ കരയുഗം പൃഥക് പ്രക്ഷാളയേത് – അതായ്തു് അരയാലിലകളെ പുറകിൽ കളഞ്ഞതാൽ മൂന്നു പ്രാവശ്യം കൈകൾ രണ്ടിനേയും കഴുകു.

കർമ്മാർച്ചാമഭിഷിച്യ തത്ര പുരതഃ കൃത്വാ വിധായ ദ്വിജൈഃ
പുണ്യാഹം പ്രകലയ്യ കൌതുകമഘോരേണേശചാന്യൈരന്വേഷ്യ തത്
പ്രാഗ്വത് ഭൂതലയാദികം ലിപിമന്ന്യാസാന്തമാധായ തത് –
പീഠം മൂർത്തിമപി പ്രകല്പ്യ കുസുമാദ്യൈസ്സമാരാധ്യ തം.
[൯൭

കർമ്മാർച്ചാം അഭിഷിച്യ തത്ര പുരതഃ കൃത്വാ – പിന്നെ പൂജാശേഷത്തെ ചെയ്തു കർമ്മബിംബത്തെ എടുത്തു് അഭിഷേകം ചെയ്തു് അവിടെ മുമ്പിൽ പലകമേൽ വച്ചു്, ദ്വിജൈഃ പുണ്യാഹം വിധായ – ബ്രാഹ്മണരെക്കൊണ്ടു കൌതുകദേവതാ പ്രീയതാം എന്ന വിശേഷം കൂട്ടി പുണ്യാഹത്തെ ചെയ്തു; ഈശചാന്യൈ അഘോരേണ അന്വേഷ്യ പ്രാഗ്വത് കൌതുകം തത് പ്രകലയ്യ – ശിവങ്കൽ അഘോരനെക്കൊണ്ടും മററു എല്ലാ ദേവന്മാർക്കും പ്രതിഷ്ഠയ്ക്കു മുമ്പിൽ പറഞ്ഞ മന്ത്രങ്ങളെക്കൊണ്ടും, കൌതുകസാധനമായ സപ്തൃണാദികളെക്കെട്ടി, ഭൂതലയാദികം ലിപിമന്ന്യാസാന്തം ആധായ – പിന്നെ ഹ്ലൂം ഹൂം ഫട ഇത്യാദി ബീജങ്ങളെക്കൊണ്ടു ഭൂതസംഹാരവും ശോഷണാദികളും ഭൂതസൃഷ്ടിയും സംവത്സരോചിതാദി ലിപിന്യാസാന്തവും മന്ത്രാദയപ്രാണായാമാദി പീഠന്യാസാന്തവും ചെയ്തു്, പീഠം മൂർത്തിം അപി പ്രകല്പ്യ – പീഠത്തെപ്പൂജിച്ചു മൂർത്തിയേയും കല്പിച്ചു, കുസുമാദ്യൈസ്തം സമാരാധ്യ – പുഷ്പങ്ങളെ ആരാധിച്ചു മൂലബിംബത്തിങ്കൽ നിന്നു് ആവാഹനത്തെയേ പ്രാർത്ഥിപ്പൂ.

പ്രാഗ്വൽഗീതോപചാരൈർന്നിജമനുപുടിതൈഃ സൃഷ്ടിസംഹാ-
[രരീത്യാ
പ്രോക്തൈരാവാഹയാമീത്യുപരിസഹിതൈഃ പഞ്ചമന്ത്രൈ-
[സ്തദീയാത്
ഹൃത്പത്മാദാത്മതേജഃകണമധിഗതവാരി പ്രണീയാമൃതസ്ഥം
കർമ്മാർച്ചായാം സുയോജ്യ പ്രകടയതു സഹാംഗീക്രിയാർത്ഥം ച
[സദ്യഃ. ൻവ്വ

പ്രാഗ്വൽഗീതോപചാരൈഃ - മുമ്പിലെ പ്രണവത്രയോപചാരമൂലങ്ങളോടും, നിജമനുപുടിതൈഃ സൃഷ്ടിസംഹാരരീത്യാ പ്രോക്തൈഃ ആവാഹയാമീത്യുപരിസഹിതൈഃ - തങ്ങളുടെ മൂലപുടിതങ്ങളായി സൃഷ്ടിസംഹാരക്രമേണ ഉക്തങ്ങളായി ഹ്രൂം ക്ഷാം. ഭഗവൻ ആഗച്ഛ ഇത്യാദി ആവാഹയാമി ഇത്യന്തമുള്ള മന്ത്രങ്ങളോടു കൂടിയുമിരിക്കുന്ന പഞ്ചമന്ത്രൈഃ - തങ്ങളുടെ പഞ്ചതത്ത്വങ്ങളെക്കൊണ്ട്, തദീയാത് ഹൃത്പത്മാത് ആത്മതേജഃകണം അധിഗതവാരി പ്രണീയ - ദേവന്റെ ഹൃദയപത്മത്തിങ്കൽ നിന്ന് ചൈതന്യാംശത്തെ ശംഖജലത്തിലാവാഹിച്ച്; അമൃതസ്ഥം കർമ്മാർച്ചായാം സുയോജ്യ സദ്യഃ സഹാംഗീക്രിയാർത്ഥം ച പ്രകടയതു - ഈ ശംഖജലത്തിൽ നിന്നും തച്ചൈതന്യത്തെ കർമ്മബിംബത്തിങ്കൽ ചേർത്ത് പ്രണവവ്യാപകതത്ത്വന്യാസാദി അംഗാന്തം ന്യസിപ്പൂ.

തത്ത്വന്യാസപ്രഭൃതി വിധിനാ സുസ്ഥിതം മൂലസംസ്ഥം
കൃത്വാ ദേവം വിഹൃതമമൃതോ മണ്ഡപാന്തഃ പ്രണീയ
പീഠം ന്യസ്യ പ്രഥമമഹിതേ സ്വാഗതാദ്യാവാഹ്യ ഭൂയഃ
സാംഗീകൃത്യ പ്രയജതു നിവേദ്യാന്തിമൈർമ്മധ്യോപഹാരൈഃ.
[ൻൻ

മൂലസംസ്ഥം ദേവം തത്ത്വന്യാസപ്രഭൃതിവിധിനാ സുസ്ഥിതം കൃത്വാ - പിന്നെ മൂലബിംബത്തിങ്കലെ ദേവനെ തത്ത്വന്യാസാദികൊണ്ടു സുസ്ഥിതനാക്കിച്ചെയ്തു രണ്ടേടത്തും നീരാജനമുഴിഞ്ഞു മൂലബിംബത്തെ വസ്ത്രംകൊണ്ടു മൂടി പാണിയും കൊട്ടിച്ച്, അമൃതഃ വിഹൃതം ദേവം മണ്ഡപാന്തഃ പ്രണീയ - ഇവിടെ ആവാഹിച്ച കർമ്മബിംബത്തെ മണ്ഡപത്തിലെഴുന്ന

ക്ഷിച്ച്, പ്രഥമമഥിതേ പീഠേ ന്യസ്യ - മുമ്പിൽ പൂജിച്ചിരിക്കുന്ന പീഠത്തിങ്കൽ എഴുന്നള്ളിച്ച്, ഭൂയഃ സ്വാന്തേന ആവാഹ്യ സാംഗീകൃത്യ - പിന്നെ മൂലംകൊണ്ട് ആവാഹിച്ച് അംഗാന്തം ന്യസിച്ച്, നിവേദ്യാന്തിമൈഃ ഉപഹാരൈഃ ച പ്രയജ്യ - ആസനാദ്യുപചാരങ്ങളെക്കൊണ്ടുള്ള മൂർത്തിപൂജയും ചെയ്തു നിവേദിച്ച് ഗണ്ഡൂഷാന്തം ചെയ്വൂ.

താംബൂലവ്യജനാർപ്പണാദിസുഭഗാം കൃത്വാ പ്രസന്നാർച്ചനാം
പ്രാഗന്ത്യാർഘ്യവിധേഃ സ്വപഞ്ചമനുഭിഃ ശയ്യാതലേ ശായയേ[ത്
വ്യാപ്യൈനം പുനരുത്ക്രമേണ ശരതത്ത്വൈർമൂലതാരാദിനാ
ജാഗ്രത്സ്വപ്നസുഷുപ്തിസംജ്ഞിതദശാസ്തീർത്വാ തുരീയാം [നയേത്. ൨൦൦

താംബൂലവ്യജനാർപ്പണാദിസുഭഗാം പ്രസന്നാർച്ചനാം കൃത്വാ - പിന്നെ അപ്പം പാല് വെററില പാക്ക് ഇത്യാദി നിവേദിച്ച് താലവൃന്താദി ഉപചാരങ്ങളെക്കൊണ്ടുള്ള പ്രസന്നപൂജയേയും ചെയ്തു, അന്ത്യാർഘ്യവിധേഃ പ്രാക് - അവസാനീയാർഘ്യത്തിന്നു മുമ്പിൽ ശയ്യയിങ്കലെഴുന്നള്ളിച്ച് സുരഭിചന്ദനപുഷ്പാദികളെ ചാർത്തി, സ്വപഞ്ചമനുഭിഃ ശയ്യാതലേ ശായയേത് - പഞ്ചതത്ത്വങ്ങളെക്കൊണ്ട് ആ ശയ്യയിങ്കൽ ധ്യാനാധിവാസത്തിങ്കൽ പറഞ്ഞതുപോലെ പ്രാസാദാഭിമുഖമായിക്കിടത്തി, പുനഃ ഏനം ശരതത്ത്വൈഃ മൂലതാരാദിനാ ഉത്ക്രമേണ വ്യാപ്യ - ഈ ദേവനെ പഞ്ചതത്ത്വങ്ങളെക്കൊണ്ടും മൂലംകൊണ്ടും പ്രണവംകൊണ്ടും മേല്പോട്ടു വ്യാപകങ്ങളെച്ചെയ്ത്, ജാഗ്രത്സ്വപ്നസുഷുപ്തിസംജ്ഞിതദശാഃ തീർത്വാ തുരീയാം, നയേത് - ജാഗ്രദവസ്ഥയിങ്കൽ നിന്ന് സ്വപ്നാവസ്ഥയേയും, സ്വപ്നാവസ്ഥയിങ്കൽ നിന്ന് സുഷുപ്ത്യവസ്ഥയേയും - സുഷുപ്ത്യവസ്ഥയിൽ നിന്ന് തുരീയാവസ്ഥയേയും ധ്യാനിച്ച് തുരീയാവസ്ഥയെത്തന്നെ നയിപ്പൂ.

ദശാം തുരീയാമധിഗമ്യ രമ്യാം
ദേവം സ്വരൂപാനുഭവാനുഷക്തം
ധ്യായൻ ധിയാ/ന്തർഘനം സുരക്ഷ്യ
നാവൃത്യ ശേഷാം ക്ഷപയേത് ക്ഷപാം ച. ൨൦൧

രമ്യാം തുരീയാം ദശാം അധിഗമ്യ — അതിശയമായിരിക്കുന്ന തുരീയാവസ്ഥയെ അധിഗമിച്ചിട്ട്, സ്വരൂപാനന്ദവാനക്ഷതം ദേവം ആനന്ദഘനം ധിയാ ധ്യായൻ — തന്റെ സ്വരൂപാനന്ദത്തോടുകൂടി(യ) ദേവനെ പൂർണ്ണാനന്ദഘനസ്വരൂപനായി മനസ്സുകൊണ്ടു ധ്യാനിച്ച്, സുരക്ഷ്യ — ഇന്ദ്രാദിദിക്പാലകന്മാരെ എട്ടു ദിക്കിലും ആരാധിച്ചു രക്ഷിച്ച്, സംവൃത്യ ശേഷാം ക്ഷപാം ക്ഷപയേത് ച — വസ്ത്രം കൊണ്ടു മൂടി പുറവും മറച്ചു കെട്ടി ശേഷമുള്ള രാത്രിയെ ഉറങ്ങാതെ ദേവാഗ്രഭാഗത്ത് ഇരുന്നു ദേവനെ ധ്യാനിപ്പൂ.

കാല്യോചിതം കർമ്മ വിധായ സാധു
സവിഗ്രഹീഭൂതസമർച്ചിതാത്മാ
താരേണ മൂലേന ച പഞ്ചതത്വൈഃ
സംവ്യാപ്യ തം ധ്യായതു ജാഗ്രത്കം. ൧൦൧.

കാല്യോചിതം കർമ്മ സാധു വിധായ — പിറ്റെദിവസം നേരത്തെ ആചാര്യൻ സന്ധ്യാവന്ദനാദികർമ്മങ്ങളെ ചെയ്തു, സവിഗ്രഹീഭൂതസമർച്ചിതാത്മാ — ദേഹശുദ്ധി ശംഖപൂരണാദ്യാരാധനകളെ ചെയ്തു സോപാനത്തിങ്കൽ സ്വസ്തികങ്ങളിൽ ജലദ്രോണിയേയും ഭദ്രപീഠത്തിങ്കൽ പീഠപൂജയേയും ചെയ്തു; താരേണ മൂലേന പഞ്ചതത്വൈഃ ച സംവ്യാപ്യ — പ്രണവം കൊണ്ടും മൂലം കൊണ്ടും പഞ്ചതത്വങ്ങളെക്കൊണ്ടും വ്യാപകങ്ങളെ ചെയ്തു, തം ജാഗ്രത്കം ധ്യായതു — ദേവനെ തുരീയാവസ്ഥയിങ്കൽ നിന്നു സുഷുപ്ത്യവസ്ഥയേയും ജാഗ്രദവസ്ഥയേയും ക്രമേണ ധ്യാനിപ്പൂ.

ഉത്ഥാപ്യ ധേന്വാദികമംഗലാനി
പ്രദർശ്യ കൃത്വാർഘ്യസമർപ്പണാദ്യം
പ്രാരബ്ധപൂജാസുസമാപ്തിമിഷ്ട്വാ
പീഠേ/ഥ കൃത്വാ സകളീകരോതു. ൧൦൨.

ഉത്ഥാപ്യ ധേന്വാദികമംഗലാനി പ്രദർശ്യ — പിന്നെ നടയും തുറന്ന് അഷ്ടമംഗലനീരാജനാദികളെ ദർശിപ്പിച്ച് മണ്ഡപത്തിങ്കൽ വന്നു ബിംബത്തെ എടുത്ത് അവിടെയും പശുവിനെയും അഷ്ടമംഗലത്തെയും എണ്ണ നെയ്യ് ഇത്യാദികളെയും നേത്രമന്ത്രം കൊണ്ടു ദർശിപ്പിച്ച്, അർഘ്യസമർപ്പണാദ്യം പ്രാരബ്ധപൂജാ

സ്വസമാപ്തിം കൃത്വാ — അവസാനീയാർഘ്യാദി തലനാളത്തെ പൂജാശേഷത്തെച്ചെയ്തു്, അഥ ഇഷ്ട്വേ പീഠേ കൃത്വാ സകളീകരോതു — പിന്നെ ബിംബത്തെ എടുത്തു സോപാനത്തിന്മേൽ പൂജിച്ചിരിക്കുന്ന ഭദ്രപീഠത്തിലെഴുന്നള്ളിച്ച് ആവാഹിച്ചു തന്മുദ്രകളെ കാട്ടി വ്യാപകാംഗാന്തം ന്യസിച്ചു സകളീകരിപ്പു.

ഇഷ്ട്വാദിതാനി പുനരാചമനാവസാനാ-
ന്യസ്യൈവ സന്തതസനാപവനാനി ദത്വാ
ഗണ്ഡൂഷകം ബഹു സമർപ്യ സപാദ്യകാദ്യം
സംസ്ഥാപ്യ പാദ്യമഥ സാചമനം പ്രദദ്യാത്.
[൧൦൪

ഇഷ്ട്വാദിതാനി പുനരാചമനാവസാനാനി സന്തതസനാപവനാനി അസ്യൈവ ദത്വാ — പിന്നെ പൂജയിങ്കൽ പറഞ്ഞിരിക്കുന്ന ആസനാദി പുനരാചമനാന്തവും, ദന്തകാഷ്ഠംകൊണ്ടു മൂന്നു പ്രാവശ്യം ദന്തശോധനയേയും, ഈർക്കിലുകൊണ്ടു മൂന്നു പ്രാവശ്യം ജിഹ്വാശോധനയേയും ചെയ്തു്, ബഹു ഗണ്ഡൂഷകം സമർപ്യ — ധാരാളം ഗണ്ഡൂഷത്തെ കൊടുത്തു്, സപാദ്യകാദ്യം സംസ്ഥാപ്യ പാദ്യം സാചമനം പ്രദദ്യാത് — പാദ്യാർഘ്യാചമനീയങ്ങളേയും സ്ഥാനത്തെയും കൊടുത്തു് പാദ്യാചമനങ്ങളെ കൊടുപ്പു.

പ്രോക്ഷ്യാഥ ചാമലപുനസ്സലിലൈർമധുഘൃതേനാങ്ക്ത്വാ ഹരി-
[ദ്രാദിഭിർ-
ഘൃഷ്ട്വാഭിഷിച്യ ശുദ്ധൈർജ്ജലൈഃ സമഭിഷിഞ്ചേന്മന്ത്രതോ-
[ദൈവതപി
വസ്ത്രാദീനി സമർപ്യ ചോപചാരണാനി ത്രീണി ദ്വിവാംകരാൻ
പുഷ്പം ചന്ദനമത്ര ജാതിഗരസം ചാപ്യസ്യ പ്രദദ്യാത് ക്രമാത്.
[൧൦൫

അഥ ചാമലപുനസ്സലിലൈഃ പ്രോക്ഷ്യ — പിന്നെ അഭിഷേചനീയപുണ്യാഹമന്ത്രങ്ങളെക്കൊണ്ടു വെള്ളംകൊണ്ടു തളിച്ചു്, മധുഘൃതേന അങ്ക്ത്വാ — തേനും നെയ്യും കൊണ്ടു ബിംബത്തെ ആടി, ഹരിദ്രാദിഭിഃ ഘൃഷ്ട്വാ — മഞ്ഞളും വാകപ്പൊടിയും കൊണ്ടു

തേച്ച്, സ്രുതൈഃ ജലൈഃ ആപ്ലാവ്യ - നല്ല ശുദ്ധജലംകൊണ്ടു കഴുകി, മന്ത്രതോയൈഃ അപി സമഭിഷിഞ്ചേത് - പൂജിച്ച് ഇരിക്കുന്ന ജലദ്രോണിവെള്ളംകൊണ്ടു പുണ്യാഹപുരുഷസൂക്തസാമങ്ങളാദികളെക്കൊണ്ട് അഭിഷേകം ചെയ്യു. വസ്ത്രാദീനി ത്രീണി ഉപഹാരാണി സമർപ്യ - പിന്നെ വസ്ത്രാദികളായ മൂന്ന് ഉപഹാരങ്ങളെ കൊടുത്ത്, ദ്വാദശാക്ഷരൻ പുഷ്പം ചന്ദനം അഞ്ജനാഗന്ധകസൌ ച ആനീയ ക്രമാത് പ്രദദ്യാത് - പൂവ് കുറികളെ ഉഴിഞ്ഞു ദേവപുഷ്പങ്ങളെ ചാർത്തി ചന്ദനത്തെയും തേച്ച് അഞ്ജനത്തെ കണ്ണിലെഴുതി ചാന്തുകൊണ്ടു തിലകത്തെയും ക്രമേണ ദേവനായിക്കൊണ്ടു കൊടുപ്പൂ.

ഇതിന്റെ ശ്ലോകം:—

സംദർശ്യാദർശമപി പരിദർശ്യാർച്ചയിത്വാ ഗണേശം
ദത്വാ ഗോഭ്യോ യവസമിതിഹാസാദികം ശ്രാവയിത്വാ
വിപ്രേഭ്യസ്തണ്ഡുലഘടസുവർണാദി ദത്വാഥ ദേവം
പ്രാർത്ഥ്യ പ്രാസാദ്യ പ്രകൃതശയനാദ്യം നയേന്മൂലധാമ. ൧൦൬

സംദർശ്യ ആദർശം അപി പരിദർശ്യ - പിന്നെ സ്വർണ്ണാദി അലങ്കാരങ്ങളെക്കൊണ്ട് അലങ്കരിച്ച് വാൽക്കണ്ണാടിയെ കാട്ടി ദേവനെ ദർശിപ്പിച്ച്, ഗണേശം അർച്ചയിത്വാ - ഗണപതിയെ വേറെ നിവേദിച്ച്, ഗോഭ്യഃ യവസം ദത്വാ - പശുക്കൾക്കായിക്കൊണ്ടു പയറ്, പുല്ല് ഇത്യാദികളെക്കൊടുത്ത്, ഇതിഹാസാദികം ശ്രാവയിത്വാ - ഇതിഹാസാദി പുരാണങ്ങളെ കേൾപ്പിച്ച്, വിപ്രേഭ്യഃ തണ്ഡുലഘടസുവർണാദി ദത്വാ - ബ്രാഹ്മണർക്കായിക്കൊണ്ട് അരിയോടു കൂടിയ സ്വർണ്ണത്തെ ദാനം ചെയ്ത്, അഥ ദേവം പ്രാർത്ഥ്യ - പിന്നെ മൂർത്തിപൂജയെച്ചെയ്ത് നിവേദിച്ച പ്രസന്നപൂജയെയും ചെയ്ത്, പ്രകൃതശയനാദ്യം ഉപാസ്യ - ശയ്യാദ്രിപ്പാലികൾ ചൈതന്യങ്ങളും ജലദ്രോണി ഇവയെ ഉപാസിച്ച്, മൂലധാമ നയേത് - പാണികൊട്ടിച്ച് ബിംബത്തെ അകത്തേക്ക് എഴുന്നള്ളിപ്പൂ.

മൂലാർച്ചാമഭിഷിച്യ പീഠമഭിപൂജ്യാത്ര പ്രകല്പ്യാഥവാ
മൂർത്തിം തത്ര സുയോജ്യ കൌതുകഗതം ദേവം പുരോക്തൈർജ്ജലൈഃ

അനാവാഹ്യ നിജേന മൂലമനുനാ കൃത്വാ സഷഡംഗീക്രിയാം
തസ്മിൻ സമ്പ്രോക്ഷണാർഘ്യനാദികവിധിം കല്പീത സർവ്വം തതഃ.
[൧൦൧

പൂർവ്വാർദ്ധം അഭിഷിച്യ — പിന്നെ മൂലബിംബത്തെയും എണ്ണ നീക്കി അഭിഷേകത്തെയും ചെയ്ത്, പീഠം അഭിപൂജ്യ - പീഠം പൂജിച്ച്, തത്ര ഗുണവീം (പീഠ) മൂർത്തിം പ്രകല്പ്യ – മന്ത്രമൂർത്തിയെ അവിടെ കല്പിച്ചാൽ പലക വച്ച് പീഠം പൂജിച്ച് കുംഭ ബിംബത്തെ അവിടെ എഴുന്നള്ളിച്ച്, തത്ര കൌതുകഗതം ദേവം പുനരാവാഹനേന സുയോജ്യ അനന്തരം – തലനാരം കുംഭ ബിംബത്തിൽ ആവാഹിച്ച് ഇരിക്കുന്ന ദേവനെ പ്രണവോപചാരമൂലമൂലപൂർവ്വകം തത്വമന്ത്രങ്ങളെക്കൊണ്ട് ശംഖിൽ ആവാഹിച്ച് മൂലബിംബത്തിങ്കൽ യോജിപ്പിച്ച്, നിജേന മൂലമനുനാ അനാവാഹ്യ സഷഡംഗീക്രിയാം കൃത്വാ – തന്റെ മൂലമന്ത്രം കൊണ്ട് ആവാഹിച്ച് അംഗന്യാസാദിയും ചെയ്ത് നീരാജനത്തെയും ഉഴിഞ്ഞാൽ, തസ്മിൻ സമ്പ്രോക്ഷണാർഘ്യനാദികവിധിം തതഃ സർവ്വം കല്പീത – ഉച്ചപ്പൂജ തുടങ്ങിയുള്ള നിത്യപൂജയേയും ശീവേലി തുടങ്ങിയുള്ളവയേയും ചെയ്വൂ.

യാത്രാഹോമമഥോക്തവീതി വിനിധായ ഉദഗ്നിം യഥോക്തക്രമാത്
കൃത്വാസ്മിൻ പരിവാരഹോമമപരം സർപ്പിർഹുതേരേകശഃ
ഷൾമന്ത്രൈഃ കനിക്രദത് പ്രഭൃതിഭിഃ സ്വസ്ത്യാദിപഞ്ചോത്തമൈ-
രാപൂര്യ സ്രുചമൻ ജൂഹോതു മൂലമനുനാ ദ്രവ്യാണി ചത്വാര്യപി.
[൧൦൨

അഥ യഥോക്തക്രമാത് ഉദഗ്നിം വിനിധായ യാത്രാഹോമം ആദധീത - പിന്നെ മരിടത്തു കിഴി തീയും ഇട്ട് അഗ്നിസാധനാദി തുടങ്ങി യാത്രാഹോമത്തെ ചെയ്‌വൂ. അസ്മിൻ പരിവാരഹോമം അപരം കൃത്വാ - ഈ ഹോമത്തിങ്കൽ പൂജ തുടങ്ങി നിവേദ്യസ്ഥാനത്ത് ഇന്ദ്രാദിപരിവാരങ്ങൾക്ക് പീഠമന്ത്രാദിപരിവാരമന്ത്രാജ്യാഹുത്യന്തവും മൂലമന്ത്രാജ്യാഹുതിയും പൂർണ്ണാഹുതിയും ചെയ്താൽ, കനിക്രദത് പ്രഭൃതിഭിഃ ഷൾമന്ത്രൈഃ സ്വസ്ത്യാദിപഞ്ചോത്തമൈഃ ച ഏകശഃ ആജ്യം ഹുത്വാ ഇതിനോട് - "കനിക്രദജ്ജനുഷം" ഇത്യാദി ആറ് ഋക്കുകളെക്കൊണ്ടും "സ്വസ്തിനോ മിമീതാം" ഇത്യാദി അഞ്ച് ഋക്കുകളെക്കൊണ്ടും ഓരോ ഉരു ആജ്യാഹുതിയെച്ചെയ്ത അഥ

സേചന മൂലമന്ത്രേണ ചതുരാദി ദ്രവ്യാണി അപി ജുഹോതു. പിന്നെ മൂലംകൊണ്ട് സമിദാജ്യഹവിരാദ്യങ്ങളെയും ഹോമിപ്പൂ.

തീർത്ഥാർത്ഥമത്രൈവ ജുഹോതു വാജ്യം
ശൈവൈഃ പഞ്ചതത്ത്വൈഃ പൃഥഗഷ്ടസംഖ്യം
തീർത്ഥോപകണ്ഠാഹിതപാവകേ വാ
കുര്യാത്തതഃ സ്വിഷ്ടകൃദാദിശേഷം. ൧൦൯

അത്ര ഏവ തീർത്ഥാർത്ഥം ശൈവൈഃ പഞ്ചതത്ത്വൈഃ പൃഥക് അഷ്ടസംഖ്യം ആജ്യം ജുഹോതു വാ — ഈ ഹോമത്തിങ്കൽ തന്നെ തീർത്ഥസ്നാനത്തിന്നായിക്കൊണ്ടു ശൈവങ്ങളുടെ പഞ്ചതത്ത്വങ്ങളെക്കൊണ്ടു വെവ്വേറെ എട്ടെട്ട് ഉരു ആജ്യാഹുതിയെച്ചെയ്കിലുമാം. തീർത്ഥോപകണ്ഠാഹിതപാവകേ വാ — ഈ ഹോമം തീർത്ഥസമീപത്തിൽ കീറിത്തീയിട്ടു ചെയ്കിലുമാം. തതഃ സ്വിഷ്ടകൃദാദിശേഷം കുര്യാത് — പിന്നെ സ്വിഷ്ടകൃദാദിഹോമം മുടിച്ച് പ്രസന്നപൂജയും ചെയ്ത് സമ്പാതം രണ്ടും വേറെ വച്ചേപ്പൂ.

ഗത്വാ ഗർഭഗൃഹം സമിഷ്ട്വാ നിജപീഠേ ദേവമാസ്ഥാപിതം
സംസ്നാപ്യാചമനീയകാവധി സമർപ്യ പ്രോക്ഷ്യ ചാപ്യാദിഭിഃ
ചൂർണ്ണൈസ്തണ്ഡുലമുദ്ഗമാഷയവഹേമാദികാഷ്ടഗന്ധൈശ്ച
സ്ഥാണാവഘോരേണാജിതേ ദ്രുപദയാ ശൌരേഃ ഷഡ്ഭിശ്ചോദ്വർത്തയേത്
[൧൧൦

ഗർഭഗൃഹം ഗത്വാ — പിന്നെ ആചാര്യൻ ഗർഭഗൃഹത്തെ ഗമിച്ച്; സമിഷ്ട്വാ നിജപീഠേ ആസ്ഥാപിതം ദേവം സംസ്നാപ്യ — പീഠത്തെപ്പൂജിച്ച് ആവാഹിച്ചു വ്യാപകാംഗാന്തം ന്യസിച്ചു സ്നാനകാലത്ത് അഭിഷേകം ചെയ്ത്; ആചമനീയകാവധി സമർപ്യ — അർഘ്യപാദ്യാചമനങ്ങളെക്കൊടുത്ത്; ആപ്യാദിഭിഃ പ്രോക്ഷ്യ — "ആപോഹിഷ്ഠാദി" പുണ്യാഹമന്ത്രങ്ങളെക്കൊണ്ടു ജപിച്ച് കിണ്ടിയിലെ വെള്ളംകൊണ്ടുതാൻ പുണ്യാഹപാത്രജലംകൊണ്ടു താൻ തളിച്ച്; തണ്ഡുലമുദ്ഗമാഷയവഹേമാദികാഷ്ടഗന്ധൈഃ ചൂർണ്ണൈഃ — അരിപൊടിച്ചതും ചെറുപയറുപൊടിച്ചതും ഉഴുന്നു പൊടിച്ചതും യവം പൊന്ന്, വെള്ളി, ചെമ്പ് ഇത്യാദിയും മഞ്ഞൾ അഷ്ടഗന്ധം ഇവ ഒക്കെയും വെവ്വേറെ പൊടിച്ചു പൊടികളെ ഒന്നായി കൂട്ടിയതുകൊണ്ടു; സ്ഥാണൌ അഘോരേണ — ശിവങ്കൽ അഘോരാസ്ത്രമന്ത്രംകൊണ്ടും, അജിതേ ദ്രുപദയാ — വിഷ്ണുവി

ങ്കൽ "ഭദ്രപാദാദിവേൻമൃഷു ചാന്ദ്രഃ" ഇത്യാദികൊണ്ടും; ശേഷേഷു ച ഉക്തർക്ഷത്തെ അഥ് — മററുള്ള ദേവന്മാരിൽ മൂലംകൊണ്ടും ബിംബത്തെ തെളിച്ചു.

സംസ്ഥാപ്യ സംപൂജ്യ തഥൈവ വാ തം
കൃത്വാ തദഗ്രേ ശുചി കർമ്മബിംബം
തീർത്ഥേതിമന്ത്രേണ ഗുഹേ ഗണേശേ
ത്വന്യേഷു കർമ്മാർച്ചനനാദ്യർത്ഥയേത. ൫൫൫

സംസ്ഥാപ്യ സംപൂജ്യ — പിന്നെ അഭിഷേകത്തെച്ചെയ്തു് വസ്ത്രാദി മൂർത്തിപൂജ തുടങ്ങി പൂജാശേഷം തുടങ്ങീട്ട് എങ്കിലും തഥൈവ വാ — അപ്രകാരം തന്നെ അഭിഷേകവും പൂജയും ചെയ്യാതെ എങ്കിലും, തദഗ്രേ കർമ്മബിംബം ശുചി കൃത്വാ — ദേവന്റെ മുമ്പിൽ അർച്ചനാബിംബത്തെ പീഠത്തിന്മേലെഴുന്നള്ളിച്ച് ഭൂതസംഹാരം തുടങ്ങി പീഠന്യാസാന്തം ചെയ്തു ശുദ്ധമാക്കിച്ചെയ്തു് പീഠം പൂജിച്ച് മൂർത്തിയെ കല്പിച്ചാൽ, ഗുഹേ ഗണേശേ തീർത്ഥേതിമന്ത്രേണ — സുബ്രഹ്മണ്യങ്കലും ഗണപതിയിലും "തീർത്ഥാദിഗമനാത്" ഇത്യാദിമന്ത്രംകൊണ്ടും, അന്യേഷു കർമ്മാർച്ചനനാ — മററുള്ള വിഷ്ണ്വാദികളിൽ "കർമ്മാർച്ചാ തീർത്ഥയാത്രാർത്ഥം" ഇത്യാദി മന്ത്രംകൊണ്ടും; അർത്ഥയേത — മൂലബിംബത്തിങ്കൽ പൂർണ്ണപുഷ്പാഞ്ജലിയെച്ചെയ്തു പ്രാർത്ഥിപ്പൂ.

"തീർത്ഥാദിഗമനാദ്യാവത് ദേവാദിഗമനം പുനഃ
താവത് ത്വം കൌതുകമിദമധിഷ്ഠായ പ്രസീദ നഃ."
"കർമ്മാർച്ചാ തീർത്ഥയാത്രാർത്ഥം തവായം കല്പിതാ വിഭോ
തീർത്ഥയാത്രാം കരിഷ്യാമഃ സംപ്രത്യനുഗ്രഹായ നഃ."

ഇതു രണ്ടും ഇവിടെ പറഞ്ഞ പ്രാർത്ഥനാമന്ത്രങ്ങളാം.

സമ്പാതം പ്രസമർപ്യ മൂലമന്ത്രബിംബാത് കർമ്മബിംബേ തതോ-
ദേവം പ്രോക്തവിധാനതഃ സമഭിവാഹ്യാദായ സാംഗീക്രിയാം
മൂലാർച്ചാം പരിരക്ഷ്യ കൌതുകഗതം ദേവം ഗൃഹീത്വാ ബഹി-
ർന്നിഷ്ക്രാമേന്നിജമൂർത്തിഭൈഃ സഹസുധീർമ്മംഗല്യവാദ്യൈർവൃതഃ.

[൫൫൨

സമ്പാതം പ്രസമർപ്യ — പിന്നെ യാത്രാഹോമസമ്പാതത്തെ മൂലബിംബത്തിങ്കൽ സ്പർശിച്ചു, പ്രോക്തവിധാനതഃ മൂലമന്ത്രബിംബാത് കർമ്മബിംബേ സമഭിവാഹ്യ — മുമ്പിൽ പറ

ങ്ങളെപ്പോലെ പ്രണവോപചാരമൂലമൂലപുടിതപഞ്ചതത്വങ്ങളെ ക്കൊണ്ട് മൂലബിംബത്തിങ്കൽ നിന്ന ശംഖജലത്തിൽ ആവാഹിച്ച് കർമ്മബിംബത്തിങ്കൽ യോജിപ്പിച്ച്; സാംഗീക്രിയാം ആധായ- പ്രണവവ്യാപകപഞ്ചതത്വന്യാസാദി ചെയ്തു സകളീകരിച്ച് മൂലാർച്ചാം പരിരക്ഷ്യ - മൂലബിംബത്തെ തത്വന്യാസാദി ചെയ്തു രക്ഷിച്ച് വസ്ത്രം കൊണ്ടു മൂടി പാണിയും കെട്ടിച്ച്; കൌതുക ഗതം ദേവം ഗൃഹീത്വാ - കർമ്മബിംബത്തെ എടുപ്പിച്ച്; നിജ മൂർത്തിപൈഃ സഹ സുധീഃ മംഗല്യവാദ്യ ഘോഷൻ ബഹിഃ നിഷ്ക്രാമേത് - പരികർമ്മികളോടും കൂടി സുധിയായിരിക്കുന്ന ആചാര്യൻ മംഗല്യവാദത്തെ ജപിച്ചുംകൊണ്ട് ഗോപുരാട്ടബലി തൂകുന്നതിനായിട്ടു പുറത്തു എഴുന്നള്ളിപ്പൂ.

“ജഗന്നിർമ്മാണസംഹാരസ്ഥിത്യനുഗ്രഹഹേതവഃ
ബ്രഹ്മാനാമീശപരാ ദേവാ മംഗലം പ്രദിശന്തു നഃ.”

ഇത് മംഗല്യവാദത്തിന്റെ ആദി; സമുച്ചയത്തിങ്കൽ പറഞ്ഞിട്ടുള്ളത്.

ശേഷം മംഗല്യവാദത്തെ ആഗമങ്ങളിൽ പറഞ്ഞിരിക്കുന്നതിനേയും കൂടെ പറയുന്നു:—

“വിഷ്ണുർബ്രഹ്മാ ച രുദ്രശ്ച പ്രചണ്ഡശ്ചണ്ഡ ഏവ ച
ഗരുത്മാൻ വൃഷഭശ്ചൈതേ മംഗലം പ്രദിശന്തു നഃ.
ഇന്ദ്രശ്ചാഗ്നിര്യമശ്ചൈവ നിരൃതിർവരുണസ്തഥാ
വായുർവൈശ്രവണേശാനൌ മംഗലം പ്രദിശന്തു നഃ.
വരാഹനരസിംഹൌ ച രാമശ്രീധരവാമനാഃ
ഹയാസ്യവസുദേവൌ ച മംഗലം പ്രദിശന്തു നഃ.
പുരുഷോ നിരൃതിശ്ചൈവ സിംഹോ നാരായണാച്യുതൌ
അനിരുദ്ധോ ഹരിഃ കൃഷ്ണോ മംഗലം പ്രദിശന്തു നഃ.
കുമുദഃ കുമുദാക്ഷശ്ച പുണ്ഡരീകശ്ച വാമനഃ
ശംകുകർണ്ണഃ സർവ്വനേത്രഃ സുമുഖഃ സുപ്രതിഷ്ഠിതഃ.
ദേവദൌവാരികാശ്ചൈതേ മംഗലം പ്രദിശന്തു നഃ
അസംഖ്യാതാ ഗണാഃ സർവ്വേ ബലപാരിഷദാശ്ച യേ
അന്തഃപാരിഷദാശ്ചാന്യേ മംഗലം പ്രദിശന്തു നഃ.
ഭൂർല്ലോകശ്ച ഭുവർല്ലോകാദ്യാഃ സപ്ത ലോകാഃ പ്രതിഷ്ഠിതാഃ
സാഗരാശ്ച തഥാ സർവ്വേ മംഗലം പ്രദിശന്തു നഃ.
സപ്തപാതാളലോകാശ്ച അതലലോകാഃ സുരോചിതാഃ

ദിക്ഷു സർവ്വാസു തിഷ്ഠന്തോ മംഗലം പ്രദിശന്തു നഃ.
വേദാശ്ചാപ്യുപവേദാശ്ച ഇതിഹാസാഃ കഥാ അപി
ഷഡംഗാനി ച ശാസ്ത്രാണി മംഗലം പ്രദിശന്തു നഃ.
ഗംഗാ ച യമുനാ ഗോദാവരീ ചൈവ സരസ്വതീ
നർമ്മദാ സിന്ധുകാവേര്യ്യൌ മംഗലം പ്രദിശന്തു നഃ.
ശംഖപദ്മമഹാപദ്മകാർക്കോടകുളികാദയഃ
വാസുകിസ്തക്ഷകശ്ചാപി മംഗലം പ്രദിശന്തു നഃ.
യക്ഷരക്ഷോഗ്രഹാ നാഗാ ഗന്ധർവ്വാപ്സരസാം ഗണാഃ
ഗ്രഹാശ്ചാപ്യസുരാശ്ചാപി മംഗലം പ്രദിശന്തു നഃ.
സൂര്യ്യാദയോ ഗ്രഹാശ്ചാപി മേഷാദ്യാ രാശയസ്തഥാ
മാസാഃ സവിഷ്ണുപാദ്യാശ്ച മംഗലം പ്രദിശന്തു നഃ.
സർവ്വേ വിദ്യേശ്വരാശ്ചാപി യേ ദിവ്യാ യേ ച മാനവാഃ
ദിവ്യാന്തരിക്ഷഭൂമിസ്ഥാ മംഗലം പ്രദിശന്തു നഃ.
താരാ ധ്രുവശ്ച സോമശ്ച ആപശ്ചൈവാനലോ/നിലഃ
പ്രത്യൂഷശ്ച പ്രഭാസശ്ച മംഗലം പ്രദിശന്തു നഃ.
യജ്ഞാശ്ച പഞ്ചയജ്ഞാശ്ച പാകയജ്ഞാസ്തഥൈവ ച
സർവ്വ ഏതേ മഹായജ്ഞാ മംഗലം പ്രദിശന്തു നഃ.
കുമാര്യ്യശ്ച കുമാരാശ്ച ഗണേശാശ്ച വിനായകാഃ
സർപ്പാശ്ച കിന്നരാശ്ചാപി മംഗലം പ്രദിശന്തു നഃ.
മൃഗവ്യാധശ്ച സർപ്പശ്ച നിരൃതിശ്ചാജ ഏകപാത്
അഹിർബുധ്നിഃ പിനാകീ ച ദഹനോഥേശ്വരസ്തഥാ
സ്ഥാണുർഭവശ്ച കാപാലിമംഗലം പ്രദിശന്തു നഃ.
ധാതാ/ര്യ്യമാ ച മിത്രശ്ച വരുണോംശോ ഭഗസ്തഥാ
ഇന്ദ്രോ വിവസ്വാൻ പൂഷാ ച പർജ്ജന്യസ്ത്വഷ്ട വിഷ്ണവഃ
ഏതേ ച ദ്വാദശാദിത്യാ മംഗലം പ്രദിശന്തു നഃ.
യവക്രീതശ്ച ക്രതശ്ച അർവ്വാഗസുവിഭാവസു
കക്ഷീവാൻ നാരദഃ കണ്വോ മംഗലം പ്രദിശന്തു നഃ.
ഉന്മുചിഃ പ്രമുചിശ്ചൈവ ആത്രേയോ/ഗസ്ത്യ ഏവ ച
ദൃഢായുശ്ചേധ്മവാഹശ്ച മംഗലം പ്രദിശന്തു നഃ.
ദൃഷദ്ഗൃഹ്യമഹദ്ഗൃഹ്യപരിവ്യാജ്യാസ്തഥൈവ ച
ഏകദ്വിത്രിസമാഖ്യാതാ മംഗലം പ്രദിശന്തു നഃ.
കാശ്യപോ/ത്രിർവസിഷ്ഠശ്ച ഭരദ്വാജോ/ംഗിരാസ്തഥാ
കൗശികോ ഭഗവാംശ്ചൈതേ മംഗലം പ്രദിശന്തു നഃ.

ആവഹോ വിവഹശ്ചൈവ ഉദ്വഹസ്സംവഹസ്തഥാ
പരിവഹോ നിവഹശ്ചൈതേ മംഗലം പ്രദിശന്തു നഃ."
ശ്വേതകേതുശ്ച വ്യാസശ്ച വാല്മീകിഃ സ്വയശാസ്തഥാ
ഔർവശേയശ്ച ശക്തിശ്ച തഥാ ചൈവ പരാശരഃ
സപ്തൈതേ ദിവ്യമുനയോ മംഗലം പ്രദിശന്തു നഃ"

ഇങ്ങനെ മംഗലവാദത്തെ ചൊല്ലിക്കൂട്ടിയാൽ എല്ലാവരും സ്വസ്തിവാദത്തേയും ചൊല്ലു.

"സ്വസ്തയേഽസ്തു മഹാവിഷ്ണുഃ സ്വസ്തയേഽസ്തു ചതുർമ്മുഖഃ
സ്വസ്തയേഽസ്തു സദാ രുദ്രഃ സ്വസ്തയേഽസ്തു ശതക്രതുഃ
സ്വസ്തയേഽസ്തു സദാ വഹ്നിഃ സ്വസ്തയേഽസ്തു സദാ യമഃ
സ്വസ്തയേ നിരൃതിഃ ഖ്യാതഃ സ്വസ്തയേ വരുണസ്സദാ
സ്വസ്തയേഽസ്തു സദാ വായുഃ സ്വസ്തയേഽസ്തു ധനേശ്വരഃ
സ്വസ്തയേഽസ്തു സദേശാനഃ സ്വസ്തയേഽസ്തു മരുദ്ഗണഃ.
സ്വസ്തയേ സന്തു വസവോ രുദ്രാശ്ച സ്വസ്തയേ സദാ
ആദിത്യാഃ സ്വസ്തയേ സന്തു മുനയഃ സ്വസ്തയേ സദാ.
ഗന്ധർവാഃ സ്വസ്തയേ സന്തു കിന്നരാഃ സ്വസ്തയേ സദാ
നാഗാശ്ച സ്വസ്തയേ സന്തു പന്നഗാഃ സ്വസ്തയേ സദാ.
വിദ്യേശാഃ സ്വസ്തയേ സന്തു സ്വസ്തയേഽപ്സരസസ്സദാ
സ്വസ്തയേ സന്തു നദ്യശ്ച സ്വസ്തയേ ബാലവാലഖാഃ.
സാഗരാഃ സ്വസ്തയേ സന്തു ശൈലാശ്ച സ്വസ്തയേ സദാ
സ്വസ്തയേ മാതരഃ സന്തു പിതരഃ സ്വസ്തയേ തഥാ.
ദേവപാരിഷദാഃ സർവേ സ്വസ്തയേ സന്തു നഃ സദാ
സ്വസ്തി ഭാഗവതാനാം തു സ്വസ്തി ചാസ്ത്വഗ്രജന്മനാം.
സ്വസ്ത്യസ്തു പൂജകാനാം തു സ്വസ്തി ചാസ്തു ഗവാമപി
സ്വസ്ത്യസ്തു സ്ഥാവരാണാം ച ജംഗമാനാം തഥൈവ ച
സ്വസ്തി ചാസ്തു ച മന്ത്രാണാം സ്വസ്തി വൈ കർമ്മണാമപി
തീർത്ഥയാത്രാ ഹി ദേവസ്യ വിഷ്ണോരസ്മൈ നമോ നമഃ"

ഇങ്ങനെ സ്വസ്തിവാദമന്ത്രങ്ങൾ. ബലി തൂകുന്നേടത്ത്:-
"ബലിദാനം ഹി ദേവസ്യ വിഷ്ണോരസ്മൈ നമോ നമഃ."

ഇങ്ങനെ ഭേദം.

അന്തർവികീര്യ ബലിമകപരിക്രമേണ
ബാഹ്യേ ച തദ്ധ്വജപതീഃ പ്രവിധായ ദേവ

ക്ഷേത്രേശസ്സംപ്രസാദനോഽന്യഗണൈഃ പ്രയാതു
ദേവം നിജേ സമധിരോപ്യ രഥാദിയാനേ. ൧൧൩

അന്തഃ ബാഹ്യേ ച ഏകപരിക്രമേണ ബലിം വികീര്യ – അകത്തെ ദ്വാഃസ്ഥാദിനിർമ്മാല്യധാര്യവസാനമായ ശ്രീഭൂതബലിദേവതകളെ മുഴുവനും, പുറത്ത് ധ്വജദേവതാദിക്ഷേത്രപാലാന്തവും, ഒരേ പ്രദക്ഷിണമായി ബലിയെ തൂകി; തദാ ധ്വജചിതിഃ ദേവേ പ്രവിലാപ്യ – എട്ടുദിക്കിലേയും ധ്വജചൈതന്യത്തെയും മഹാധ്വജത്തെയും ദേവങ്കൽ ഉദ്വസിപ്പൂ. മഹാധ്വജത്തെ ആറാട്ടു കഴിഞ്ഞു അകത്തേയ്ക്കു എഴുന്നള്ളിക്കുമ്പോൾ ഉദ്വസിക്കുന്നു ചിലര്. ക്ഷേത്രേശസ്സംപ്രസാദനഃ – ക്ഷേത്രപാലനെ ക്ഷേത്രരക്ഷയ്ക്കായിക്കൊണ്ടു കല്പിച്ചാൽ, ദേവം നിജേ രഥാദിയാനേ സമധിരോപ്യ അന്യഗണൈഃ പ്രയാതു – പിന്നെ ദേവനെ തന്റെ വാഹനത്തിന്മേൽ എഴുന്നള്ളിച്ച് എങ്കിലും രഥഗജാദികളിൽ എഴുന്നള്ളിച്ച് എങ്കിലും അന്യപരിവാരങ്ങളോടു കൂടി തീർത്ഥത്തിങ്കലേയ്ക്കു പുറപ്പെടൂ.

ദ്വാഃസ്ഥാദിയജ്വാ യജമാനയുക്തോ
ദിങ്മന്ത്രതഃ സാലബഹിഃ പരീത്യ
അർവാഗ് വ്രജേദ്യോജനതഃ സമേതോ
വിപ്രൈർഹവിഷ്യാംബുഫലാടകാദിഹസ്തൈഃ. ൧൧൪

യജമാനയുക്തഃ ദ്വാഃസ്ഥാദിയജ്വാ – പിന്നെ ആചാര്യൻ ഊരാളരോടും കൂടി ദേവനെ എഴുന്നള്ളിപ്പിച്ച് ഗോപുരവാതുക്കൽ ദ്വാഃസ്ഥന്മാർക്കു ബലിയെ തൂകി, സാലബഹിഃ ദിങ്മന്ത്രതഃ പരീത്യ – പുറത്ത് "യേ ഭൂതാഃ പുരസ്സദഃ" ഇത്യാദി മന്ത്രം കൊണ്ട് എട്ടു ദിക്കിലും സർവ്വഭൂതങ്ങൾക്കും ബലിയെ തൂകി, പരീത്യ – ഒരു പ്രദക്ഷിണമായി ഗമിച്ച്; ഹവിഷ്യാംബുഫലാടകാദിഹസ്തൈഃ വിപ്രൈഃ സമേതഃ – ഹവിസ്സും വെള്ളവും ജലഗന്ധപുഷ്പങ്ങളും എടുത്തു ഇരിക്കുന്ന പരികർമ്മികളോടും കൂടി, യോജനതഃ അർവാക് വ്രജേത് – ഒരു യോജന അടുത്തിരിക്കുന്ന തീർത്ഥത്തിങ്കലേക്ക് ദേവനെ എഴുന്നള്ളിപ്പൂ. അപ്പോൾ ചത്വരാശ്വത്ഥാദികളിൽ ആചാര്യൻ ബലിയെയും തൂകൂ.

ശംഖപ്രേംഖച്ചൂട്ടുലപടഹോത്താളതാളാവലീഭേരീ–
ഝംഗത്സ്തുംഗോദ്ധമദ്ധമദ്ധ്വനിത്രീപ്രവീണാപ്രവീണാഃ

ഢക്കാഢക്കാവിരളമുരളീകർമ്മഠാഢ്യാളിയായുഃ
സ്ഥായഷ്ഠീപാസ്സമിഹ മഹിതോജ്ജ്വലാമണ്ഡലാ മണ്ഡലാഢ്യാഃ. ൧൧൭

ശംഖപ്രേംഖൽപ്പടുപടഹതാളതാളോത്ഭേരീരവൈശ്ച ശൃംഗോദ്ഘട്ടഡമരുഡമരുത്തിപ്രവീണാപ്രവീണാഃ — ശംഖധ്വനിയോടു കൂടി ശബ്ദിച്ചിരിക്കുന്ന നല്ല പെരുമ്പറയോടും നല്ല ശബ്ദമായിരിക്കുന്ന ചേങ്ങല കൈമണി ഇവറ്റോടും നല്ലതായി വലുതായിരിക്കുന്ന ചെണ്ടകളോടും, കൊമ്പ് കുഴൽ ഇവറ്റോടും ശബ്ദിച്ചിരിക്കുന്ന തിമില കടുന്തുടി ഇവറ്റോടും, വീണാശബ്ദത്തോടും കൂടി ഇരിക്കുന്ന സമർത്ഥന്മാരായ വാദ്യക്കാരും, ഢക്കാഢക്കാവിരളമുരളീകർമ്മഠാഃ ച — ഇടയ്ക്കയും മദ്ദളവും നല്ല ശബ്ദമുള്ള മുരളികളും ശബ്ദിപ്പിക്കുന്നേടത്തു സമർത്ഥന്മാരായ വാദ്യക്കാരും, സ്ഥായഷ്ഠീപാഃ — ശോഭിച്ചിരിക്കുന്ന ദീപത്തെ എടുത്തുംകൊണ്ട്; മഹിതോജ്ജ്വലാമണ്ഡലാഃ മണ്ഡലാഃ ച തം അളിയായുഃ നല്ല മുത്തുമാലകളെക്കൊണ്ട് അലങ്കരിച്ച് ഇരിക്കുന്ന സ്ത്രീകളും ദേവന്റെ മുമ്പിൽ നടക്കണം.

പഞ്ചവാദ്യരവാഢ്യനാവിധാ-
ഞ്ചവോഽസ്യ പുരതഃ പ്രയാന്തു ച
ഛത്രചാമരവിധാരിണോഽഭിതഃ
പൃഷ്ഠതോ ജയജയാദിവാദിനഃ. ൧൧൮

ഇഹ അസ്യ പുരതഃ പഞ്ചവാദ്യരവാഢ്യനാവിധാഞ്ചവഃ പ്രയാന്തു — ഇവിടെ ദേവന്റെ മുമ്പിൽ ശംഖഭേര്യാദിപഞ്ചവാദ്യക്കാര് മുമ്പേ നടക്കണം, അഭിതഃ ഛത്രചാമരവിധാരിണഃ — പുറവും കുട ആലവട്ടം വെഞ്ചാമരം ഇവറ്റെ എടുത്തവരും പൃഷ്ഠതഃ ജയജയാദിവാദിനഃ — പുറകിൽ ജയജയ എന്നു പറഞ്ഞിരിക്കുന്ന ജനങ്ങളും നടക്കണം.

ആസാദ്യ നദ്യാദിവിശിഷ്ടതീർത്ഥം
തത്സമ്മുഖം ന്യസ്യ സമിദ്ധപീഠേ
സാംഗക്രിയാദ്യം പ്രവിധായ തസ്മൈ
ദദ്യാദ് ദ്വിതീയാചമനാദ്യസ്നാനം. ൧൧൯

നദ്യാദിവിശിഷ്ടതീർത്ഥം ആസാദ്യ — ഇങ്ങനെ ചെന്ന് നദി തുടങ്ങിയുള്ള തീർത്ഥത്തിന്റെ സമീപത്തു ചെന്നാൽ, സമിദ്ധപീഠേ തത്സമ്മുഖം ന്യസ്യ — ഭദ്രപീഠത്തുങ്കൽ പീഠം പൂജിച്ചി

ദേവനെ പീഠത്തിങ്കലെഴുന്നള്ളിച്ച്; സാംഗിക്രിയാദ്യം പ്രവിധായ-ആവാഹിച്ച് ലിപിന്യാസാദിന്യാസാന്തം ന്യസിച്ച്, തന്റെ ചിതിശേഷമനാവസാനം ദദ്യാത് – ആ ദേവനായിക്കൊണ്ടു അർഘ്യാദിപുനരാചമനാന്തം ഉപചാരങ്ങളെ കൊടുപ്പൂ.

വിശോധിതേ തീർത്ഥജലേ ജലേശ-
മിഷ്ട്വാതദർഹാഹൃതിജാപ്യസിദ്ധൌ
ത്രിർമ്മജ്ജയേത്തജ്ജലസമ്മുഖീനം
ദേവം സ്വധീഃ സൈംഹഥ പഞ്ചമന്ത്രൈഃ. ൧൧൨

അഥ സ്വധീഃ വിശോധിതേ ജലേശമിഷ്ട്വാതദർഹാഹൃതിജാപ്യസിദ്ധൌ തീർത്ഥജലേ – പിന്നെ ആചാര്യൻ തീർത്ഥജലത്തിങ്കൽ പീഠത്തെ പൂജിച്ചു ശോഷണാദികളും ചെയ്തു വരുണനേയും ഗംഗയേയും ദേവനേയും വെവ്വേറെ ആവാഹിച്ചു പൂജിച്ച് വരുണജപാന്തം ചെയ്തേടത്തു സമ്പാതത്തെ സ്പർശിച്ച്, സൈംഹഃ പഞ്ചമന്ത്രൈഃ – തന്റെ പഞ്ചബ്രഹ്മങ്ങളെ ജപിച്ചുകൊണ്ട്, തജ്ജലസമ്മുഖീനം ദേവം ത്രിഃ മജ്ജയേത – ആ തീർത്ഥം മുഖമാകുംവണ്ണം ദേവനെ എടുത്തുംകൊണ്ട് മൂന്നുപ്രാവശ്യം തീർത്ഥജലത്തിൽ സ്നാനം ചെയ്വൂ.

പീഠോപര്യേവ നിധായ ദേവമഥ പാദ്യാചമനീയക്രമാ-
ന്മന്ത്രീ തന്ത്രിഭിഃ പ്രമാർജ്ജ്യ മഹിതൈഃ പൂർണ്ണൈഃ സമഭ്യർച്യ ച
നാഭീദഘ്നജലേ സ്ഥിതോഽസ്വയമനം കുർവന്നൃതം ചാദിഭിർ-
മന്ത്രൈസ്തത്ര കൃതാഘമർഷണവിധിസ്തീർത്ഥം പുനസ്സ്ഥാപയേത്. ൧൧൩

മന്ത്രീ അത്ര ഏവ പീഠേ ദേവം നിധായ – ആചാര്യൻ അവിടെ പീഠത്തിങ്കൽ ദേവനെ എഴുന്നള്ളിച്ച്, ആചാമനീയക്രമാത് ഉപചര്യ – അർഘ്യപാദ്യാദി ആചമനങ്ങളെക്കൊടുത്ത്, തന്ത്രിഭിഃ പ്രമാർജ്യ മഹിതൈഃ പൂർണൈഃ സമഭ്യർച്യ ച – പാരികർമ്മികളോടു കൂടി ആപോഹിഷ്ഠാദിമന്ത്രങ്ങളെക്കൊണ്ടു പുണ്യാഹത്തെ ചെയ്വൂ. തീർത്ഥദേവതാഃ പ്രീയന്താം എന്നു വിശേഷം കൂട്ടിക്കൊള്ളൂ. പിന്നെ പൂജിച്ചിരിക്കുന്ന മഞ്ഞൾപ്പൊടി തുടങ്ങിയുള്ള പൊടികളെ ആടി വ്യാപകാദി ചെയ്തു നാഭീദഘ്നജലേ സ്ഥിതഃ – നാഭിയോളം വെള്ളത്തിലിറങ്ങി നിന്നു ദേവനെ എടുത്തുംകൊണ്ട്, ഋതംചാദിഭിഃ മന്ത്രൈഃ അസ്വയമനം കുർവൻ

കൃതാഘമർഷണവിധിഃ - "ഋതം ച സത്യം" ഇത്യാദി സൂക്തം കൊണ്ടു് പ്രാണായാമത്തെച്ചെയ്തു് അഘമർഷണത്തെ ധ്യാനിച്ച്, പുനഃ തത്ര തീർത്ഥേ സ്നാപയേത് - പിന്നെയും മൂന്നു പ്രാവശ്യം ആ തീർത്ഥത്തിൽ ദേവനെ സ്നാനം ചെയ്യിപ്പൂ.

പീഠേ നിവേശ്യ വസനാദ്യമഥോപഹൃത്യ
ദേവം സമർച്ച്യ വിനിവേദ്യ നിവേദ്യമഗ്നൗ
ഹുത്വോക്തവദ് ബലിമപി പ്രവികീര്യ പൂജാ-
ശേഷം സമാപ്യ മനുനേതി നിവേദയേച്ച. ൧൨൦

അഥ പീഠേ ദേവം നിവേശ്യ - പിന്നെയും ദേവനെ പീഠത്തിങ്കലെഴുന്നള്ളിച്ച്, വസനാദ്യം ഉപഹൃത്യ - ആചാര്യൻ തോർത്തി വസ്ത്രത്തെ ഉടുത്താൽ ദേവങ്കൽ വസ്ത്രാദി ഉപഹാരങ്ങളെക്കൊടുത്തു, സമർച്ച്യ നിവേദ്യം വിനിവേദ്യ - മൂർത്തിപൂജയേ ചെയ്തു നിവേദ്യത്തെ നിവേദിച്ച്, അഗ്നൗ ഹുത്വാ ഉക്തവദ് ബലിം അപി വികീര്യ - അഗ്നിയിങ്കൽ വൈശ്യഹോമത്തെച്ചെയ്തു് തീർത്ഥത്തിൽ ബലിയും തൂകി, പൂജാശേഷം സമാപ്യ - നിവേദ്യമെടുത്തു പ്രസന്നപൂജയും ചെയ്തു്; ഇതി മനുനാ നിവേദയേത് - ഈ പറയുന്ന മന്ത്രംകൊണ്ടു പ്രാർത്ഥിപ്പൂ.

"തീർത്ഥേഽസ്മിൻ പാവനേ പുണ്യേ സ്നാതോഽസി പുരുഷോത്തമ!
അതസ്ത്വമനുഗൃഹ്ണീഷ്വ സ്വസ്ഥാനോപാശ്രയേണ നഃ."

ഇതു് പ്രാർത്ഥനാമന്ത്രം.

ഹരിവിഷയേ മനുരേവം പരേഷു പരമേശ്വരാദിപദമത്ര
പുരുഷോത്തമപദവിഷയേ കുര്യാത് സ്വസ്വോചിതം മന്ത്രീ.
൧൨൧

മന്ത്രീ ഹരിവിഷയേ ഏവം മനുഃ - മന്ത്രജ്ഞനായ ആചാര്യൻ വിഷ്ണുവിങ്കലിങ്ങനെ പ്രാർത്ഥനാമന്ത്രത്തെ ചെയ്വൂ. അത്ര പരേഷു പുരുഷോത്തമപദവിഷയേ - ഇവിടെ ശിവാദികളിൽ പുരുഷോത്തമ എന്നുള്ള പദത്തിങ്കൽ; സ്വസ്വോചിതം പരമേശ്വരാദിപദം കുര്യാത - തന്റെ തന്റെ നാമങ്ങളായ പരമേശ്വര പരമേശ്വരീ ഇത്യാദി പദങ്ങളെ ചൊല്ലൂ.

ഉപാസ്യ തീർത്ഥം നിജവാഹനേ ത-
മാരോപ്യ മൂലാലയമാഗമയ്യ
തസ്മിന്നഹന്യേവ നിയോജ്യ മൂല-
ബിംബേഽഭിഷിച്യ പ്രയജേച്ച ദേവം. ൧൨

തീർത്ഥമുപാസ്യ - തീർത്ഥത്തെ = ചെയ്യുന്നേടത്തെ ദേവങ്കൽ ഉപാസിച്ച്, നിജവാഹനേ തം ആരോപ്യ - തന്റെ വാഹനത്തിങ്കൽ താൻ ഗജരഥാദികളിൽ താൻ ദേവനെ കരേറി, മൂലാലയം ആഗമയ്യ - ദേവന്റെ മതിലകത്ത് എഴുന്നള്ളിച്ച്, തസ്മിൻ അഹനി ഏവ മൂലബിംബേ നിയോജ്യ - അദ്ദിവസംതന്നെ കർമ്മബിംബഗതദേവനെ പറഞ്ഞവണ്ണം തന്നെ ആവാഹിച്ച് മൂലബിംബത്തിങ്കൽ യോജിപ്പിച്ച് വ്യാപകാദിനീരാജനാന്തം ചെയ്ത്, അഭിഷിച്യ ദേവം യഥാവത് പ്രയജേത് - അഭിഷേകവും മുമ്പിൽ തന്നെ ചെയ്തില്ല എങ്കിൽ പൂർണ്ണങ്ങളെ [illegible]ളത്ത് അഭിഷേകം ചെയ്ത് വസ്ത്രാദ്യുപഹാരങ്ങളെക്കൊടുത്ത് ശേഷം പൂജയേയും ചെയ്‌വൂ. മുമ്പുതന്നെ അഭിഷേകം ചെയ്തിരിക്കുന്നു എങ്കിൽ ആവാഹനാദി പൂജിപ്പൂ.

തസ്മിൻ പരസ്മിന്നപി വാഽഹനി ദേവം
സമുക്തനീത്യാ കലശൈഃ പ്രശുദ്ധൈഃ
സംസ്നാപ്യ യാത്രോദിതദോഷശാന്ത്യൈ
സമർച്ചയേദ് ഭൂതബലിം കിരേച്ച. ൧൩

തസ്മിൻ പരസ്മിൻ വാ അഹനി അപി - പിന്നെ അന്നുതന്നെ എങ്കിലും പിറ്റേ ദിവസമെങ്കിലും. സമുക്തനീത്യാ പ്രശുദ്ധൈഃ കലശൈഃ ദേവം യാത്രോദിതദോഷശാന്ത്യൈ സംസ്നാപ്യ - കലശപടലത്തിൽ പറഞ്ഞപോലെ പൂജിക്കപ്പെട്ടിരിക്കുന്ന പാർശ്വബിംബേത്യാദി കലശങ്ങളെക്കൊണ്ട് ആറാട്ടിനു കൊണ്ടുപോയ ദോഷശാന്തിക്കായിക്കൊണ്ട് ദേവനെ അഭിഷേകം ചെയ്ത്, സമർച്ചയേത് ഭൂതബലിം കിരേത് ച - ദേവനെ പൂജിച്ച് അവസ്രാവപ്രോക്ഷണത്തേയും ശ്രീഭൂതബലിയേയും ചെയ്‌വൂ.

ഇതി തന്ത്രസമുച്ചയേ ധ്വജോദ്യാ-
ബലിസംഭോജനതീർത്ഥികക്രിയാദ്യഃ
നവമോഽനവമാർത്ഥമായിദേവോ-
ത്സവചര്യാദി പടലഃ പ്രഗുംഫിതോഽഭൂത്. ൧൪

ഇതി തന്ത്രസമുച്ചയേ — ഇപ്രകാരം തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തിങ്കൽ, ധ്വജേജ്യാബലിനാഗരോത്സവശേഷസ്വസ്തികക്രിയാഢ്യഃ — കൊടിയേററിന്റെയും തത്പൂജയുടേയും ശ്രീഭൂതബലികളുടേയും ഉത്സവബലിയുടേയും, അപ്രകാരം പള്ളിക്കുറുപ്പിന്റെയും ആറാട്ടിന്റെയും ക്രിയകളോടുകൂടിയും, അനവമാർത്ഥദായിദേവോത്സവവാദീ — ഉൽകൃഷ്ടങ്ങളായ ധർമ്മാർത്ഥകാമമോക്ഷങ്ങളെ കൊടുക്കുന്നതായും ഇരിക്കുന്ന ദേവന്റെ ഉത്സവത്തെപ്പറയുന്നു; നവമഃ പടലഃ — ഒമ്പതാമത്തെ പടലം; പ്രസംഫിതഃ അഭൂത് — സമാപ്തമായി ഭവിച്ചു.

ഈ സമുച്ചയത്തിൽ പടലം ഒമ്പതിലും കൂടി ശ്ലോകങ്ങൾ ൧൪൦൭.

തന്ത്രസമുച്ചയവ്യാഖ്യായാം വിമർശിന്യാം നവമപടലം സമാപ്തം.



ദശമപടലം.

അനന്തരം പത്താമത്തെ പടലത്തിൽ പ്രായശ്ചിത്തങ്ങളെ പറയുന്നു.—

ദേവേ സ്വഭക്തജനതാനുജിഘൃക്ഷയാർച്ചാ-
പാത്രേ തഥാ നിയതസന്നിധിമാദധാനേ
ശ്രേയോശുഭാസൂചതയാ തദപാസനാർത്ഥം
സ്യാച്ചേന്നിമിത്തമഥ നിഷ്കൃതിമാദധീത. ൧

സ്വഭക്തജനതാനുജിഘൃക്ഷയാ അർച്ചാപാത്രേ നിയതസന്നിധിം ആദധാനേ ദേവേ — തന്റെ ഭക്തന്മാരായിരിക്കുന്ന ജനങ്ങളുടെ അനുഗ്രഹേച്ഛ ഹേതുവായിട്ട് ബിംബമാകുന്ന ശരീരത്തിങ്കൽ പൂജാദികളെ അനുഭവിച്ചുകൊണ്ടു നിത്യസാന്നിദ്ധ്യത്തെ ചെയ്തിരിക്കുന്ന ദേവങ്കൽ, ശ്രേയോശുഭാസൂചതയാ നിമിത്തം സ്യാത് ചേത് — ഭക്തജനങ്ങളുടെ ആപത്തുകൾക്കു സൂചകമായിട്ടും ശ്രേയസ്സുകളുടെ നാശസൂചകമായിട്ടും അത്ഭുതാദികൾ ഭവിക്കുമെങ്കിൽ, അഥ തദപാസനാർത്ഥം നിഷ്കൃതിം ആദധീത — പിന്നെ അതിന്റെ പരിഹാരത്തിനായിക്കൊണ്ട് വേഗേന അതതു ദോഷങ്ങൾക്കു പറയുന്ന പ്രായശ്ചിത്തങ്ങളെ ചെയ്യണം.

അനന്തരം അശുദ്ധികരങ്ങളായ നിമിത്തങ്ങളെ പറയുന്നു—

ക്ഷേത്രേ മൃതിർജ്ജനനമംഗണമണ്ഡപാദൌ
മൂത്രാസൃഗാദിപതനം പതിതാദിവേശഃ
സോലൂകഗൃധ്രകരടശ്വഖരോഷ്ട്രകോല-
ക്രോഷ്ട്വൃക്ഷഡുണ്ഡുഭപുരസ്സരഗർഭവേശഃ.

ക്ഷേത്രേ മൃതിഃ ജനനം - മതിലിന്റെ അകത്ത് മനുഷ്യരുടേയും പശു കുതിര പോത്ത് പന്നി മാൻ വ്യാഘ്രം ഇത്യാദികളുടേയും ജനനമരണങ്ങളുണ്ടായാൽ അശുദ്ധിയും, ഇവ തന്നെ ശ്രീകോവിലോട് അടുത്ത സ്ഥലത്ത് ആയാൽ അശുദ്ധിക്ക് ആധിക്യവും ഉണ്ട്. വിളക്കുമാടത്തിനകത്ത ശ്വാനൻ ക്രോഷ്ടാവ് ചെന്നായ് ഇത്യാദികളുടേയും, നാലമ്പലത്തിന്റെ അകത്ത് പൂച്ച മുയല് ഇത്യാദികളുടേയും, തിരുമുററത്തു സർപ്പാദികളുടേയും, ശ്രീകോവിലിന്റെ അകത്ത് എലി തുടങ്ങിയുള്ളവററിന്റെ മരണത്തുങ്കലും അശുദ്ധിയുണ്ട്. ശ്വാവ് ക്രോഷ്ടാവ് ഇത്യാദികളുടെ പ്രസവത്തുങ്കലും അശുദ്ധിയുണ്ട്. അംഗണമണ്ഡപാദൌ മൂത്രാസൃഗാദിപതനം പതിതാദിവേശഃ ച – അംഗണമെന്നാൽ പുറമ്പലത്തിന്റെ ഉൾത്തളങ്ങളെന്നും ഇല്ലാദികളുടെ സ്ഥാനമെന്നും രണ്ടുപ്രകാരം പക്ഷമുണ്ട്. മണ്ഡപമെന്നാൽ മണ്ഡപം ബലിക്കൽപ്പുര കൂത്തമ്പലം തിടപ്പള്ളി പ്രാസാദം ഇങ്ങനെ അഞ്ചും; ഇവററിൽ മൂത്രം വിഷ്ഠ ചോര വ്രണത്തിങ്കലെ വെള്ളം ഇത്യാദി വീണാലും പതിതൻ അശൌചികൾ രജകാദി ശൂദ്രരിൽ താണ ജാതികളൊക്കെയും കയറിയാൽ അശുദ്ധിയുണ്ട്. സോലൂകഗൃധ്രകരടശ്വഖരോഷ്ട്രകോലക്രോഷ്ട്വൃക്ഷഡുണ്ഡുഭപുരസ്സരഗർഭവേശഃ – ഉലൂകം = മൂങ്ങ, ഗൃധ്രം=കഴുവൻ, കരടം=കാക്ക, ശ്വാ = നായ്, ഖരം=കഴുത, ഉഷ്ട്രം=ഒട്ടകം, കോലം = പന്നി, ക്രോഷ്ടാവ്=കുറുക്കൻ, ഋക്ഷം=കരടി, ഡുണ്ഡുഭം=ചേര ഇത്യാദി ജന്തുക്കൾ ഗർഭഗൃഹത്തിൽ കേറിയാൽ അശുദ്ധിയുണ്ട്.

ഛത്രാകനാകമധുകാദിസമുദ്ഗമോർച്ചാ-
സോപാദപ്രരോഹഹസിതാനി തഥാ പ്രദാഹഃ
ബിംബസ്യ പാതചലനാദിരഥാംഗഭംഗഃ
പൂജാവിലുപ്തിരപി പാർഷതി ദിഷ്ടലോപേ. ൯

ഛത്രാകനാകമധുകാദിസമുദ്ഗമഃ — ഛത്രാകം=കൂൺ, നാകം = പുറ്റ്, മധുപം = തേനീച്ച ആദിശബ്ദംകൊണ്ട് കടന്നൽ വേട്ടാവെളിയൻ ഇത്യാദി ബിംബത്തിങ്കൽ ഉണ്ടാകുകയും, അശ്രുസ്വേദപ്രരോഹഹസിതാനി — ബിംബത്തിങ്കൽ വിയർപ്പുണ്ടാകയും കരക ചിരിക്ക പ്രരോഹഃ=ചൂട് ഇവ ഉണ്ടാകയും, ബിംബസ്യ പാതചലനാദിഃ അംഗഭംഗഃ — ബിംബം വീഴുകയും ഇളകുകയും ചെരികയും ഹസ്തപാദാദ്യവയവങ്ങൾ മുറികയും, മിഷ്ടാദോഷേ അസതി പൂജാവിലുപ്തിഃ അപി — പൂജാലോപം വിധിച്ചിരിക്കുന്നേടത്ത് അല്ലാതെ പൂജ മുട്ടിക്കയും ഇവ ഒക്കയും ദുർന്നിമിത്തങ്ങളായ അത്ഭുതങ്ങൾ.

ക്ഷുദ്രാന്യമന്ത്രയജനം പ്രതിഷിദ്ധദുഷ്ട-
പുഷ്പാദിപൂജനമഥോ മരിചാദിലേപഃ
ഏതാനി തന്ത്രകഥിതാനി നിമിത്തകാനി
ജ്ഞേയാനി തത്ര ഗുരുലാഘവഭേദവന്തി. ൪

ക്ഷുദ്രാന്യമന്ത്രയജനം — ബിംബത്തിങ്കൽ ആഭിചാരമന്ത്രങ്ങളെക്കൊണ്ട് പൂജിക്കയും അന്യദേവന്മാരുടെ മന്ത്രംകൊണ്ട് പൂജിക്കയും, പ്രതിഷിദ്ധദുഷ്ടപുഷ്പാദിപൂജനം — നിഷിദ്ധങ്ങളായും അശുദ്ധങ്ങളായുമുള്ള പുഷ്പങ്ങളെക്കൊണ്ടു പൂജിക്കയും, അഥോ മരിചാദിലേപഃ — പിന്നെ മുളക് കടുക് ഇത്യാദിയും രക്തമൂത്രശുക്ലാദികളും ബിംബത്തിങ്കൽ തേയ്ക്കുകയും അശുദ്ധിയുള്ളതാകുന്നു. ഏതാനി തന്ത്രകഥിതാനി നിമിത്തകാനി — ഈവണ്ണം തന്ത്രശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്ന അശുഭകാരണങ്ങൾ, ഗുരുലാഘവഭേദവന്തി ജ്ഞേയാനി — അകത്തായി വരുമ്പോൾ ഗുരുക്കളായിട്ടും പുറത്താകുമ്പോൾ ലഘുക്കളായിട്ടും അറിഞ്ഞ് പ്രായശ്ചിത്തങ്ങളെ കല്പിക്കണം.

പ്രാസാദതോഽപ്യഥ വിശേഷശിലാദിഹ വപുഷി സ്ഥൂലസൂക്ഷ്മ യ
[തോഽതോ-
ഽത്രാധാരാധേയഭാവാദിതരതരഭവോഽന്യത്ര ചാദ്യേതി ദോഷഃ
ദോഷേഽന്തർമുഖസ്ഥിതേഽപ്യാചരതു തദനയോർശോധനം സ്ഥാന-
[സംസ്ഥ
തദുപരിതപ്പ്രായന്നാല്പം യദി ന പരഹൃതാവസ്തുതോക്താ സ്ഥലേ
[ഽലം. ൫

ശ്രയഃ - ഇവിടെ അശുദ്ധിവന്നേടത്ത്, പ്രാസാദഃ അർച്ചാ ച പ്രാസാദവും ബിംബവും, ദേവസ്യ സ്ഥൂലസൂക്ഷ്മവപുഷീ യതഃ - ദേവന്റെ സ്ഥൂലശരീരമായിട്ടും സൂക്ഷ്മശരീരമായിട്ടും കല്പിക്കണം. അതഃ ആധാരാധേയഭാവാത് ഇതരതരകൃതഃ ദോഷഃ അന്യത്ര ച അസ്തീതി - രണ്ടുംകൂടി ഒന്നായിട്ട് ആധാരാധേയത്വമുണ്ടാകയാൽ പ്രാസാദബിംബങ്ങളിലൊരേടത്ത് അശുദ്ധി വന്നാൽ മറ്റേടത്തുംകൂടി വരും, അത്ര ഏകസ്ഥിതേ ദോഷേ ഉഭയോഃ ശോധനം ആചരേത് - ഇവിടെ ഒരേടത്ത് അശുദ്ധിവന്നാൽ പ്രാസാദശുദ്ധിയും ബിംബശുദ്ധിയുമൊരുമിച്ചു തന്നെ ചെയ്യണം. സ്ഥാനസംബന്ധദോഷേ തച്ഛോധനാദ്യം - സ്ഥലത്തിങ്കലെ അശുദ്ധിക്ക് ഖനനാദികൾ ചെയ്തു പ്രാസാദശുദ്ധി ചെയ്‌വൂ. ന യദി - സ്ഥാനസംബന്ധമല്ലെന്നിൽ, ചരകൃതാവസ്ത്രതോക്ഷണം അലം - ദേവകൾ ശുദ്ധിചെയ്യതിന്റെ ശേഷംകൊണ്ടു തളിച്ചാൽ മതി.

> സദ്യഃ ശവാദി തദശേഷമപാസ്യ തത്ര
> സമ്മാർജ്ജനാദിഷു കൃതേഷു യഥോപപത്തി
> സംക്ഷാളനേ പ്രഥമതോ ബഹുവാരിഭിർവ്വാ
> സ്നാനാദികൃത് ഗുരുവരഃ ഖനനാദി കുര്യാത്. ൬

ഗുരുവരഃ സദ്യഃ ശവാദി തത് അശേഷം അപാസ്യ - ആചാര്യൻ ശവാദികളായുള്ളവറെ വേഗേന എടുപ്പിച്ചുകളഞ്ഞു, യഥോപപത്തി സമ്മാർജ്ജനാദിഷു കൃതേഷു - ശവാദികളുടെ ശുദ്ധലാഭംവര പോലെ സ്ഥലത്തുനൽ കഴിച്ചു മണ്ണ് ഒക്കെ പുറത്തു കളയിച്ച് എല്ലാവും അടിച്ചു തളിപ്പിപ്പൂ. ബഹുവാരിഭിഃ സംക്ഷാളനേ വാ കൃതേ - തളകല്ലായുള്ള സ്ഥലത്തുകലാകുമ്പോൾ അവിടെ വളരെ വെള്ളം വീഴ്ത്തികഴുകി ആ വെള്ളത്തെ പാത്രത്തിലെടുത്തു പുറത്തു കളയിപ്പൂ. സ്നാനാദികൃത് ഖനനാദി കുര്യാത് - പിന്നെ കുളിച്ചുവന്ന് ഖനനാദികളായ ശുദ്ധികളെ ചെയ്‌വൂ.

> ഖനനം ഹരണം ദാഹഃ പൂരണം ഗോനിവാസനം
> വിപ്രോച്ഛിഷ്ടം ച ഗവ്യം ച സപ്തൈതാഃ സ്ഥാനശുദ്ധയഃ. ൭

ഖനനം - കുഴിക്ക, ഹരണം - ആ മണ്ണുവാരി പുറത്തുകളക, ദാഹഃ - ആ സ്ഥലത്തു പുല്ലുകത്തിച്ച് ഇടുക, പൂരണം - ശുദ്ധമായ മണ്ണു കൊണ്ടുവന്ന് കുഴിനിറയ്ക്കുക, ഗോനിവാസനം - പശുവിനെ

അവിടെ നിറുത്തുക. വിപ്രോച്ഛിഷ്ടം - ബ്രാഹ്മണരെ ഭക്ഷിപ്പിച്ച എച്ചിലിടുക. ഗവ്യം ച - പഞ്ചഗവ്യം തളിക്ക. ഏതാഃ സപ്ത സ്ഥാനശുദ്ധയഃ - ഇങ്ങനെ ഏഴുകൂട്ടം ക്രിയകൾ സ്ഥാനശുദ്ധിയിങ്കൽ വേണ്ടുന്നതു്.

ഖദിരകൃതഖനിത്രേണാസ്ത്രമന്ത്രേണ ഖാത്വാ
  നിരൃതിദിശി ബഹിസ്തത് പാംസുജാതം നിരസ്യ
ദഹതു ഹുതഭുജം ദർഭാദിനാ ഭസ്മ ഹൃത്വാ
  പ്ലുതയതു പശുമൂത്രബ്രാഹ്മപാദോദഗവ്യൈഃ. ൮

ഖദിരകൃതഖനിത്രേണ അസ്ത്രമന്ത്രേണ ഖാത്വാ - കരിങ്ങാലികൊണ്ടു് ഉണ്ടാക്കിയ പാരകൊണ്ടു് തന്റെ അസ്ത്രംകൊണ്ടു് അശുദ്ധിസ്ഥലത്തു കുഴിപ്പൂ. ബഹിഃ നിരൃതിദിശി തത് പാംസുജാതം നിരസ്യ - മതിലിനു പുറത്തു നിരൃതികോണിൽ ആ മണ്ണുകളെ വാരിക്കളഞ്ഞാൽ, ദർഭാദിനാ ഹുതഭുജാ ദഹതു - ആ കുഴിയിൽ പുല്ലും ചമതയുമിട്ടു തീയുമിട്ടു കത്തിപ്പൂ. ഭസ്മ ഹൃത്വാ - പിന്നെ ഭസ്മമൊക്കെയും വാരിക്കളഞ്ഞു്, പശുമൂത്രബ്രാഹ്മപാദോദഗവ്യൈഃ പ്ലുതയതു - പിന്നെ ആ കുഴിയിൽ ഗോമൂത്രവും ബ്രാഹ്മണപാദതീർത്ഥവും പഞ്ചഗവ്യവും തളിപ്പൂ.

കൌശാദിമൃദ്ഭിരഭിപൂര്യ്യ വിലോഡ്യ ദാർഢ്യ-
  മാപാദ്യ ഹസ്തിചരണൈരഥ ഗാ നിവാസ്യ
സ്ഥാനം വിശോദ്ധ്യ പരികല്പിതമണ്ഡപേത്ര
  സംഭോജയേദ്ദ്വിജപതീൻ സഘൃതം പയോന്നം. ൯

കൌശാദിമൃദ്ഭിഃ അഭിപൂര്യ്യ വിലോഡ്യ - പിന്നെ കുഴിയിൽ കുശമുട്ടിലെയും വിളഭൂമിയിലെയും പറിത്തറയിലെയും മണ്ണുകൊണ്ടു നിറച്ചു് വെള്ളം തളിച്ചാൽ, ഹസ്തിചരണൈഃ ദാർഢ്യം ആപാദ്യ - ഹസ്തിക്കുകൊണ്ടു് ഉണ്ടാക്കിയ ആന അടികൊണ്ടു് ഇടിച്ചു് ഉറപ്പിച്ചു്, അഥ ഗാഃ നിവാസ്യ - പശുക്കളെ ആ സ്ഥലത്തു കൊണ്ടുവന്നു നിറുത്തി പുല്ലുകൊടുത്തു കൊണ്ടുപോവൂ. സ്ഥാനം വിശോദ്ധ്യ - പിന്നെ ആ സ്ഥലത്തെ തളിച്ചു മെഴുകി, പരികല്പിതമണ്ഡപേ അത്ര ദ്വിജവരാൻ സഘൃതം പയോന്നം സംഭോജയേത് - പിന്നെ അവിടെ മണ്ഡപംപോലെ മറച്ചുകെട്ടി

ച്ച് അവിടെ ബ്രാഹ്മണർക്ക് ഇലവെച്ച് പാല്പായസവും നെയ്യുംകൂട്ടി ചാതുർവ്വിധമായി ഭക്ഷിപ്പിപ്പൂ.

ഉച്ഛിഷ്ടമുദ്ധൃത്യ വിശോധ്യ ഭൂമിം
  ഗവ്യേന സിക്ത്വോചിതകിരൈഃ കിരേച്ച
മൂലേന തത്രാഷ്ടദലേ സരോജേ
  ദേവം വിധിജ്ഞഃ പരിപൂജയേച്ച. ൭൦

ഉച്ഛിഷ്ടം ഉദ്ധൃത്യ ഭൂമിം വിശോധ്യ — പിന്നെ ബ്രാഹ്മണരുടെ എച്ചിലെടുത്തു തളിച്ച് അവർക്കു ദക്ഷിണയും ചെയ്‌വൂ. ഗൃഹാദികളിലാകുമ്പോൾ എച്ചിലെടുത്ത് തത്സ്ഥലത്ത് സ്പർശിപ്പൂ. പിന്നെ ആ സ്ഥലത്തു പഞ്ചഗവ്യം തളിച്ച് വികിരവും വിതറൂ. ഇവിടെ ഹരിദ്രാദി ഇടങ്ങി വികിരാന്തമുള്ള വസ്തുക്കൾ മുമ്പു തന്നെ ചാതിച്ച് പൂജിക്കയും വേണം. വിധിജ്ഞഃ തത്ര അഷ്ടദലേ സരോജേ മൂലേന ദേവം പരിപൂജയേത് ച — പിന്നെ ആചാര്യൻ ആ സ്ഥലത്ത് അഷ്ടദലപത്മമിട്ട് പീഠം വിരിച്ച് പൂജയുംചെയ്ത് മൂലംകൊണ്ടു ദേവനെ ആവാഹിച്ച് പൂജിച്ച് നിവേദിച്ച് പ്രസന്നപൂജയും ചെയ്‌വൂ. ഇങ്ങനെ സ്ഥാനശുദ്ധിയുടെ ക്രിയകൾ.

സ്ഥാനം വിശോധ്യേതി യഥാർഹമുപ്ത-
  ബീജോദ്ഗമേ സൂത്രത്രയവേഷ്ടനാഢ്യാം
പ്രാസാദശുദ്ധിം പ്രവിധായ പുണ്യാ-
  ഹാന്താം വിദധ്യാദഥ ബിംബശുദ്ധിം. ൭൧

ഇതി സ്ഥാനം വിശോധ്യ — ഇപ്രകാരം സ്ഥാനശുദ്ധി ചെയ്താൽ, യഥാർഹം ഉപ്തബീജഃ — അങ്കുരാദി വേണ്ടതായിട്ടുള്ളതാകിൽ മുളയും ഇട്ടു. സൂത്രത്രയവേഷ്ടനാഢ്യാം പുണ്യാഹാന്താം പ്രാസാദശുദ്ധിം പ്രവിധായ — പിന്നെ ആലയം മറവും ചുററുക തുടങ്ങി പിന്നെ വാസ്തുപുണ്യാഹാന്തം കഴിവോളമുള്ള പ്രാസാദശുദ്ധി ചെയ്ത്, ബിംബശുദ്ധിയും വിദധ്യാത് — പിറേറ ദിവസം ബിംബശുദ്ധിയെ ചെയ്‌വൂ.

ക്ഷാളനപ്ലാവനസ്നാനമാർജ്ജനാനി യഥാക്രമം
ധാരാവഗാഹനസേകാശ്ച സമ്പ്രോക്താ ബിംബശുദ്ധയഃ. ൭൨

ക്ഷാളനാപ്ലാവനസ്നാനമാർജ്ജനാനി — മുമ്പിൽ ക്ഷാളനവും പ്ലാവനവും സ്നാനവും മാർജ്ജനവും ഇങ്ങനെ ചെയ്ത ശേഷ ധാരാവഗാഹസേകാഃ — പിന്നെ ധാരയും അവഗാഹവും പരിഷേകവും ഇങ്ങനെ മൂന്നും, ഏതാഃ സപ്ത ബിംബശുദ്ധയഃ — ഇങ്ങനെ ഏഴുകൂട്ടം ക്രിയകൾ ബിംബശുദ്ധികൾ.

അനന്തരം ചതുശ്ശുദ്ധിയെ പറയുന്നു:—

പാത്രം പീഠസമർച്ചനാദ്യുദിതക്ലൃപ്ത്യാ ദർഭമൂർത്താഗ്ജലൈ-
രേകം സാക്ഷതഗന്ധപുഷ്പസലിലൈർന്യക്കൂർച്ചകം ചാപരം
അന്യത് കൂർച്ചയുതം ഹിരണ്യഫലയുക്കൈതരൈസ്തൈഃ പിധാനാ-
[ന്വിതം
ഇത്ഥം ചാപി തഥാ പ്രപൂജ്യ മന്ത്രവിത് പ്രാർച്ച്യ പ്രസാദ്യാ-
[ഗ്രതഃ. ൧൮

മന്ത്രവിത് — പൂജാമന്ത്രക്രമങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യൻ, പീഠസമർച്ചനാദ്യുദിതക്ലൃപ്ത്യാ — അഗ്നികോണിൽ തുടങ്ങി നാലുകോണിലും സ്വസ്തികങ്ങളെ ഇട്ടു പീഠം ഉണ്ടാക്കി കിഴക്കേതിൽ രണ്ടിലും പാത്രങ്ങളും പടിഞ്ഞാറേതു രണ്ടിലും കലശങ്ങളും മൂർത്തിദേഹശുദ്ധ്യാദി ചെയ്തു അഗ്നികോണിൽ തുടങ്ങി നാലിന്നും വെവ്വേറെ പീഠപൂജയും കലശസംസ്കാരാദികൂർച്ചന്യാസാന്തവും ചെയ്തു, ദർഭമൂർത്താഗ്ജലൈഃ ഏകം പാത്രം — ദർഭമുഷ്ടിയും പുറമേ നാല്പാമരത്തോലിയും വെള്ളവും കൂട്ടി അഗ്നികോണിലെ പാത്രത്തെയും, സാക്ഷതഗന്ധപുഷ്പസലിലൈഃ ന്യക്കൂർച്ചകം ച അപരം — അക്ഷതവും അഷ്ടഗന്ധവും പുഷ്പവും കൂടിയ വെള്ളംകൊണ്ടു നിരൃതികോണിലെ കലശത്തെയും കൂർച്ചത്തെയും, തം ഹിരണ്യഫലയുക്കൈതരൈഃ തൈഃ അന്യത് — ഒരു കൂർച്ചവും സ്വർണ്ണവും ഗന്ധപുഷ്പാക്ഷതജലങ്ങളും കൂടി വായുകോണിൽ കലശവും, പിധാനാന്വിതം ഇത്ഥം ച — പ്രണീതയും ഗന്ധപുഷ്പാക്ഷതസ്വർണ്ണഫലങ്ങളും ജലവും കൂടി ഈശകോണിലെ പാത്രത്തെയും, തഥാ പ്രപൂജ്യ പ്രാർച്ച്യ അഗ്രതഃ പ്രസാദ്യ — ഇപ്പറഞ്ഞ ക്രമേണ നാലിനേയും നിറച്ചു വെവ്വേറെ മൂലംകൊണ്ടു ആവാഹിച്ചു മൂർത്തിപൂജിച്ചു

നിവേദിച്ച പ്രസന്നപൂജയും ചെയ്ത് ഇങ്ങനെ അഗ്രമണ്ഡപത്തിൽ ചതുശ്ശുദ്ധികളെ നാലിനേയും പൂജിപ്പൂ.

തൂഷ്ണീം മർദ്ദമൃദാദിഭിഃ പ്രഥമതഃ സംഘൃഷ്യ സംക്ഷാള്യ തദ്
ബിംബം പീഠയുതം ദ്വിതീയസലിലൈരാപ്ലാവ്യ ചാമന്ത്രതഃ
സംസ്ഥാപ്യ സ്നപനേ തൃതീയസലിലൈശ്ശാന്തിം സ്മരേന്മന്ത്രതഃ
കൂർച്ചാഗ്രൈർ വിധിവത് പ്രപൂജ്യ ച തുരീയൈർദ്ദേവമഭ്യർച്ചയേത്. ൧൪

മർദ്ദമൃദാദിഭിഃ തൂഷ്ണീം പ്രഥമതഃ പീഠയുതം ബിംബം സംഘൃഷ്യ സംക്ഷാള്യ – പിന്നെ ശ്രീകോവിലിനകത്തു ചെന്നു പീഠപൂജാദിസ്നാനകാലത്തോളമുള്ള പൂജയെ ചെയ്തിട്ടു താൻ പൂജ തുടങ്ങാതെ മുമ്പിൽത്തന്നെ അഗ്നികോണിലെ പാത്രങ്ങളിലെ മർദ്ദമൃത്തുകൊണ്ടും മണ്ണുകൊണ്ടും തൊലികളെക്കൊണ്ടും ബിംബത്തെയും പീഠത്തെയും തേച്ച് അതിലെ വെള്ളംകൊണ്ടു കഴുകൂ. പിന്നെ വ്യാപകാംഗവും ഖണ്ഡനിവേദ്യവും ചെയ്ത് അന്തരാസ്നാനത്തെയും ചെയ്വൂ. ദ്വിതീയസലിലൈഃ അമന്ത്രതഃ ആപ്ലാവ്യ – പിന്നെ രണ്ടാമത്തെ നിരൃതികോണിലെ കലശജലം കൊണ്ടുവന്ന് മന്ത്രം കൂടാതെ ബിംബപീഠങ്ങളെ ആട്ടൂ. പിന്നെയും വ്യാപകാംഗഖണ്ഡനിവേദ്യാന്തരാസ്നാനങ്ങളേയും ചെയ്വൂ. സ്നപനേ തൃതീയസലിലൈഃ ശാന്തിം സ്മരൻ സംസ്ഥാപ്യ – പിന്നെ പൂജ തുടങ്ങി സ്നാനകാലത്തോളം മുമ്പേ ചെയ്തില്ലെങ്കിൽ അത്രയും ചെയ്ത് സ്നാനകാലത്തു വായുകോണിലെ കലശംകൊണ്ട് "ശന്നോ ദേവീ" മന്ത്രത്തെയും സ്മരിച്ച് അഭിഷേകം ചെയ്ത് വ്യാപകാദിഖണ്ഡനിവേദ്യവും അന്തരാസ്നാനവും ചെയ്വൂ. തുരീയൈഃ കൂർച്ചാഗ്രൈഃ മന്ത്രതഃ വിധിവത് പ്രമാർജ്യ ദേവം അഭ്യർച്ചയേത – പിന്നെ ഈശകോണിലെ പാത്രജലം കൊണ്ടുവന്നു മുമ്പിൽവെച്ച് കൂർച്ചാഗ്രങ്ങളെക്കൊണ്ടു സമന്ത്രമായി വിധിപോലെ തളിച്ച് ശേഷം ജലമാടി ഖണ്ഡനിവേദ്യാന്തം ചെയ്ത് വസ്ത്രാദി ശേഷംപൂജയും ചെയ്വൂ. ഈ ചതുശ്ശുദ്ധി തുടങ്ങുന്നതു പൂജ കൂടാതെയും നാലു പൂജയായിട്ടും ചെയ്യാമെന്നു പറയുന്നുണ്ട്.

അത്രൈവ്യഗ്രതയാ പാവമാനൈന്ദ്രഹോതൃകീർത്യോഃ മാർജനം
കഥിതം സർവദേവേഷു ബ്രഹ്മശിവയോരപി ശൂലിനി. ൧൫

ഇഹ സർവദേവേഷു — ഇവിടെ എല്ലാ ദേവന്മാരിലും; ആഗ്നൈയ്യഃ പാവമാനൈഃ ഗോത്രൈഃ ച - പുണ്യാഹമന്ത്രങ്ങളെക്കൊണ്ടും ചെറുമാനംകൊണ്ടും ചിത്തിന്ദ്രഗാദികൊണ്ടും, മാർജന കല്പിത — തളിക്കണം. ശ്രുവിനഃ ബ്രഹ്മഭിഃ ച — ശിവങ്കൽ പഞ്ചബ്രഹ്മംകൊണ്ടുംകൂടെ തളിക്കണം.

അനന്തരം പാദ്യചതുഷ്കിടാതിരെ പറയുന്നു:—

ഭാഗേഷു ശ്രേയസി മുഷ്ടിഭിസ്ത്രിസൃഭിർവല്മീകതീർത്ഥാകര-
കഷ്ഠാദ്യന്തൃഷ്ടിരഥാത്മവാതമിഹ ത്രിഷ്ണീം ... നിജാസ്ത്രേണ ച
പിഷ്ടൈർദ്ദശപത്രജാതചാമപി വിശ്വക്ഷ്യാർദ്ധ്യം പൃഥക് ക്ഷാള- [യേ-
ത്തത്തോയൈർമതിമാനഘോര ഇഹ ശർവാദൌ ന്യസിഹോസ്ത്രമേ. [ന്നു

ശ്രേയസി ഭാഗേഷു — വലത്തായിരിക്കുന്ന ഭാഗങ്ങളിൽ, മതിമാൻ — ബുദ്ധിമാനായിരിക്കുന്ന ആചാര്യൻ ക്ഷാളനത്തിന്നു തന്നെ കല്പിക്കപ്പെട്ട മൂന്നു സ്വസ്തികങ്ങളിൽ പാത്രം കമത്തി പീഠപൂജാദികൾ കഴിച്ചുന്യാസവും ചെയ്താൽ, ത്രിഷ്ണീം ... നിജാസ്ത്രേണ ച തിസൃഭിഃ മുഷ്ടിഭിഃ വല്മീകതീർത്ഥാകരകഷ്ഠാദ്യന്തൃഷ്ടിഭിഃ ദശപത്രജാതചാമപി ഷ്ടൈഃ ച - തെക്കെ പാത്രത്തിൽ മൂന്നു മുഷ്ടികളും പുറ്റുമണ്ണും തീർത്ഥത്തിലെ മണ്ണും പർവതത്തിലെ മണ്ണുംകൂടി രണ്ടാമത്തെ പാത്രത്തിൽ മൂന്നായി പകുത്തും നാല്പാമരത്തൊലി അരച്ച് ഉരുട്ടി മൂന്നായി പകുത്ത് മൂന്നാമത്തെ പാത്രത്തിലും ന്യസിച്ചു വെള്ളം ഒഴിച്ചാൽ മൂന്നു പാത്രങ്ങളിലും തൂഷ്ണീയായി മൂലമന്ത്രം എന്നും തന്റെ അസ്ത്രംകൊണ്ടും വെവ്വേറെ ആവാഹിച്ചു പൂജിച്ചു നിവേദിച്ച് പ്രസന്നപൂജയും ചെയ്യു. പിന്നെ ദേവങ്കൽ പൂജ തുടങ്ങി സ്നാനകാലത്തു, അഘോരാസ്ത്രവാരം വിശ്വക്ഷ്യ പൃഥക് തത്തോയൈഃ അർദ്ധ്യം ക്ഷാളയേത് — ഒന്നാമത്തെ മുഷ്ടികൊണ്ടു തൂഷ്ണീയായിട്ടു ശൂദ്രപ്രാവശ്യം ബിംബത്തെയും പീഠത്തെയും തേച്ചു കഴുകു. രണ്ടാമത്തെ മുഷ്ടികൊണ്ടു മൂലംകൊണ്ടു തേച്ചുകഴുകു. പിന്നെ നാല്പാമരത്തൊലികൾ മൂന്നുകൊണ്ടും ഇപ്രകാരം തേച്ചു ആ വെള്ളംകൊണ്ടു കഴുകു. പിന്നെ വ്യാപകാംഗങ്ങളെ ന്യസിച്ചു നീരാജനവുമുഴിഞ്ഞു വസ്ത്രാദികൊണ്ടുള്ള പൂജിപ്പൂ. ഇഹ ശർവാദൌ ന്യസിംഹാസ്ത്രമേ അഘോരഃ —

ഇവിടെ ശിവസ്കന്ദഗണപതിശങ്കരനാരായണന്മാരിൽ ക്ഷേത്രം എന്നും പൂജിച്ച് നടേത്തെ അലങ്കാരമന്ത്രം.

പൂർണ്ണം പ്രോക്തനയേന ശാന്ത്യുപനിഷന്മൂലൈർമഹത് പാത്രമി-
ഷ്ട്വാഽവർത്യാഷ്ടശതം ച ബിംബമമുനാമന്ത്രം പരിപ്ലാവയേത്
തൈരേവ സ്നപയേദതോ വസുശതം പാത്രാന്തരേണാണുഭിഃ
പ്രോക്ഷേത്തൈഃ ക്രമവിദ് ഗുരുഃ സപവമാനാബ്ലിംഗഹോ
ത്രാദിഭിഃ ൫൭

ക്രമവിദ് ഗുരുഃ — പ്ലാവനാദി മൂന്നും ഒരു പാത്രത്തിൽ തന്നെ എന്നുള്ള ക്രമത്തെ അറിഞ്ഞിരിക്കുന്ന ആചാര്യൻ, പ്രോക്തനയേന പൂർണ്ണം മഹത് പാത്രം ശാന്ത്യുപനിഷന്മൂലൈഃ ഇഷ്ട്വാ — ചതുശ്ശുദ്ധിയിങ്കൽ മട്ടകത്തേതിലെപ്പോലെ സ്വസ്തികത്തിൽ വലിയ പാത്രത്തെ കമഴ്ത്തി പീഠപൂജാദികൂർച്ചന്യാസാന്തം ചെയ്തു ഗന്ധപുഷ്പാക്ഷതസുവർണ്ണഫലകൂർച്ചവും പ്രണീതയും ഇട്ട് നിറച്ചാൽ ശന്നോദേവികൊണ്ടും പഞ്ചോപനിഷത്തുക്കളെക്കൊണ്ടും മൂലംകൊണ്ടും വെവ്വേറെ ആ പാത്രത്തിലാവാഹിച്ചു പൂജിച്ചു നിവേദിച്ചു പ്രസന്നപൂജയും ചെയ്താൽ, അകത്തു ചെന്ന ദേവങ്കൽ പീഠപൂജതുടങ്ങി സ്നാനകാലത്തോളം ചെയ്താൽ, അമുനാ അഷ്ടശതം ആവർത്യ ബിംബം അമന്ത്രം പരിപ്ലാവയേത് — ഈ വെള്ളം മറെറാന്ന് എടുത്ത് അകത്തു കൊണ്ടുപോയി നൂറെറട്ടു പ്രാവശ്യം ബിംബത്തെ മന്ത്രംകൂടാതെ കഴുകു. ഇത് പ്ലാവനമാകുന്നത്. അതഃ വസുശതം പാത്രാന്തരേണ തൈഃ അണുഭിഃ ഏവ സ്നപയേത് — പിന്നെയും ഈ വെള്ളത്തെ മറെറാരു പാത്രത്തിലെടുത്തുകൊണ്ടുപോയി കലശക്കുടംകൊണ്ടു ശന്നോദേവിയും പഞ്ചോപനിഷത്തുക്കളും മൂലവും ജപിച്ചു നൂറെറട്ടു പ്രാവശ്യം ബിംബത്തെ അഭിഷേകം ചെയ്ക. ഇത് സ്നാനം. സപവമാനാബ്ലിംഗഹോത്രാദിഭിഃ തൈഃ പ്രോക്ഷണം ച — പിന്നെ ആ പാത്രംതന്നെ അകത്തുകൊണ്ടുപോയി മുമ്പിൽ വച്ചു പുണ്യാഹം ചെറുമാനം ഹോതൃകരം ഈ മന്ത്രങ്ങളെക്കൊണ്ടു തളിപ്പൂ. ഇങ്ങനെ മാർജ്ജനം. പിന്നെ വ്യാപകാംഗങ്ങളെ ന്യസിച്ച് നീരാജനവും ഉഴിഞ്ഞു വസ്ത്രാദി പൂജിപ്പൂ. ഇങ്ങനെ വലിയ ചതുശ്ശുദ്ധിപ്രകാരം.

അനന്തരം ധാരയുടെ ക്രമത്തെ പറയുന്നു:—

ഐശാന്യാം ധാന്യരാശൌ ഹരിതി സുമഹിതേ വിഷ്ടരേ സ്വേ
[കടാഹം
ലൌഹം സംസാദ്യ സംസ്കൃത്യ ച തദനു സമുത്ഥാനിതേഽധോഗ്രകൂ-
[ർച്ചം
വിന്യസ്യാപൂര്യ്യ വാരാ നവപടപരിപൂതേന മന്ത്രീ ജലേസ്മിൻ
വിന്യസ്യേന്മത്സ്യയുഗ്മം കമഠയുഗമപി സ്വർണ്ണരൌപ്യക്ലൃപ്തം.
[ഌപ്തം

മന്ത്രീ ഐശാന്യാം ഹരിതി — ആചാര്യൻ ഗർഭഗൃഹത്തിന്റെ ഈശാനകോണിൽ സ്വസ്തികപത്മത്തിങ്കൽ, ധാന്യരാശൌ സുമഹിതേ സ്വേ വിഷ്ടരേ — നെല്ലുമിട്ട തന്റെ പീഠം പൂജിച്ച്, ലൌഹം കടാഹം സംസാദ്യ സംസ്കൃത്യ — ഓട്ടുകൊണ്ടുള്ള ജലദ്രോണി പാത്രത്തെ കമത്തിവച്ച് ശോഷണാദിപാത്രപൂജയും, തദനു സമുത്ഥാനിതേ അധോഗ്രകൂർച്ചം വിന്യസ്യ — പിന്നെ പാത്രത്തെ മലർത്തിവച്ച് കീഴ്പോട്ട് അഗ്രം വരുമാറു കൂർച്ചത്തെ ന്യസിച്ച് കൂർച്ചപൂജയും ചെയ്ത്, നവപടപരിപൂതേന വാരാ — ഒമ്പതു കോടിവസ്ത്രത്തിൽ അരിച്ചു ശുദ്ധമാക്കിയ വെള്ളംകൊണ്ട് ആ പാത്രത്തെ നിറച്ച് ആലംബമായുമിട്ടാൽ, സ്വർണ്ണരൌപ്യക്ലൃപ്തം മത്സ്യയുഗ്മം കമഠയുഗ്മം അപി വിന്യസ്യേത് — പൊന്നുകൊണ്ട് ഉണ്ടാക്കിയ രണ്ടു മത്സ്യങ്ങളേയും വെള്ളികൊണ്ട് ഉണ്ടാക്കിയ രണ്ട് ആമകളേയും ആ വെള്ളത്തിൽ ന്യസിപ്പൂ. ചിലത് പൊന്നുകൊണ്ട് ഓരോന്നിനെയും വെള്ളികൊണ്ടു ഓരോന്നിനേയുമായിട്ട് മത്സ്യദ്വന്ദ്വത്തേയും കമഠദ്വയത്തേയും ന്യസിക്കണം.

പദ്മിനീം സസ്യമനോജ്ഞനാളിനീം
ന്യസ്യ തത്ര വരുണം സതീർത്ഥകം
പ്രാർച്ച്യ ദേവമപി സന്നിധാപ്യ തത്
സംസ്പൃശൻ ജപതു വാരുണാദികം. ൧൨

തത്ര സസ്യമനോജ്ഞനാളിനീം പദ്മിനീം ന്യസ്യ — പിന്നെ ആ വെള്ളത്തിൽ പൂവോടുമിലയോടും കൂടിയുള്ള താമരയേയും ന്യസിച്ച്; വരുണം സതീർത്ഥകം പ്രാർച്ച്യ — വരുണനേയും ഗംഗയേയുമാവാഹിച്ച് പൂജിപ്പൂ.

"ആയാതു വരുണഃ ശീഘ്രം പ്രാണിനാം പ്രാണരക്ഷകഃ
അതുല്യബലവാനത്ര സർവദുഷ്ടപ്രശാന്തയേ."

ഇതു വരുണന്റെ ഉപചാരം. "വരുണായ നമഃ" ഇതു മൂലം. വാം ഹൃദയായ നമഃ ഇത്യാദ്യംഗം.

"ഗംഗേ ച യമുനേ ചൈവ ഗോദാവരി സരസ്വതി
നർമ്മദേ സിന്ധു കാവേരി ജലേഽസ്മിൻ സന്നിധിം കുരു."

ഇതു ഗംഗാദിസപ്തതീർത്ഥമന്ത്രം. ഏവം അപി സന്നിധാപ്യ - പിന്നെ ദേവനേയുമാവാഹിച്ചു പൂജിച്ച് നിവേദ്യസ്ഥാനത്ത് അർഘ്യംകൊടുത്ത് മാനസപൂജയും ചെയ്താൽ, തത്സംസ്പൃശൻ വാരുണാദികം ജപേത് - ആ ജലത്തെ പുല്ലുകൊണ്ടു തൊട്ട് "അവ തേഹേഡ" "ഉദുത്തമം" "ഇമം മേ വരുണ" "തത്ത്വായാമി" "ത്വന്നോ അഗ്നേ വരുണസ്യ" ഇത്യാദി പഞ്ചവാരുണമന്ത്രങ്ങളെ ജപിപ്പൂ.

പാലാശാദിത്രിപദകലിതം ലോഹജം ഹേമരൗപ്യം
ധാരാപാത്രം സ്നപനസമയേഽധോഗ്രകൂർച്ചം പ്രകല്പ്യ
പാദാനിഷ്ട്വാ പ്രണവലിപിഭിരസ്ത്രേ പാത്രം ച കൂർച്ചം
ചാസ്മിൻ പാത്രേ ക്ഷിപതു ച പുനർഗന്ധപുഷ്പാക്ഷതാനി. ച. ൦

സ്നപനസമയേ - പിന്നെ ദേവന്റെ പൂജ തുടങ്ങി സ്നാനകാലത്തോളം ചെയ്താൽ, പാലാശാദിത്രിപദകലിതം ലോഹജം ഹേമരൗപ്യം ധാരാപാത്രം അധോഗ്രകൂർച്ചം പ്രകല്പ്യ - പ്ലാശ് നാല്പാമരം ഇത്യാദികൊണ്ട് ഉണ്ടാക്കിയ മൂന്നു കാലുകളുടെ മുകളിൽ ചെമ്പുകൊണ്ടുണ്ടാക്കിയ സുഷിരത്തുങ്കൽ പൊന്നുകൊണ്ടുള്ള നാളത്തോടും കൂടിയ ധാരാപാത്രത്തെ വച്ചു കീഴ്പോട്ടായി കൂർച്ചവും കോർത്താൽ, പ്രണവലിപിഭിഃ പാദാൻ തഥാ പാത്രം കൂർച്ചം ച ഇഷ്ട്വാ - പ്രണവാക്ഷരംകൊണ്ട് കാലു മൂന്നിനേയും പ്രണവംകൊണ്ടു പാത്രകൂർച്ചങ്ങളേയും പൂജിച്ചാൽ, പുനഃ അസ്മിൻ പാത്രേ ഗന്ധപുഷ്പാക്ഷതാനി ക്ഷിപതു - പിന്നെ ആ ധാരാപാത്രത്തുങ്കൽ ഗന്ധപുഷ്പാക്ഷതങ്ങളെ ന്യസിപ്പൂ.

പാത്രാദ്യാർച്ച്യ വാരുണാദ്യധിദം ഹൃതപാദ്യശേഷിതേനാമുനാ
തത് പാത്രം പരിപൂര്യ മൂലമനുനാ തച്ഛൂഷിതോയൈരപി
തത് കൂർച്ചാഗ്രവിനിർഗതാമവിരളാം ധാരാം സമാപാതയേ-
ദർച്ചാമൂർദ്ധനി യാമമാത്രമഭിജപ്യൈതാനനുസ്സൂക്തനാഃ. ച. ൧

അഥ വാരുണാത് പാത്രാത് അധിദേവം വാരി ഹൃത്വാ - പിന്നെ വരുണനെ പൂജിച്ചിരിക്കുന്ന പാത്രത്തിൽനിന്ന് ശംഖിലെ വെള്ളത്തെ എടുത്ത്, മൂലമന്ത്രാഞ്ചിതേന അമുനാ തത് പാത്രം പരിപൂര്യ - മൂലമന്ത്രംകൊണ്ട് ആവാഹിച്ചു പൂജിച്ചിരിക്കുന്ന ശംഖജലംകൊണ്ടു ധാരാപാത്രത്തെ നിറച്ച്, തച്ഛേഷതോയൈഃ അപി - ശേഷമുള്ള ജലദ്രോണിവെള്ളംകൊണ്ടും നിറച്ച്. അർച്ചാമൂർദ്ധനി തത് കൂർച്ചാഗ്രവിനിർഗതാം അവിരളാം ധാരാം - ബിംബത്തിന്റെ ശിരസ്സിൽ കൂർച്ചാഗ്രത്തിൽക്കൂടെ മുറിയാതെ ധാരയെ, തന്മനാഃ ഏതാൻ മന്ത്രാൻ അഭിജപ്യ യാമമാത്രം സമാപാതയേത് - ദേശികൻ ഭക്തിയോടുകൂടി ജപിപ്പാൻ പറയുന്ന മന്ത്രങ്ങളെ ജപിച്ചും ഒരു യാമം മുഴുവൻ ധാരയെ ചെയ്യൂ.

മന്ത്രാൻ പഞ്ച നിജാൻ ജപേദ്വലിതഃ പാത്രം സ്പൃശന്ദേ-
[ശികഃ
സാവിത്രീം ഉത്താരകാം സകലവേദാദീൻ സ്വകീയാന്യപി
സൂക്താദീനി സപാവമാനപുരുഷാദ്ധ്യായാന്തികാനി ക്രമാ-
ജ്ജപ്യാ വാഖിലസംഹിതാത്ര കഥിതാന്യാദ്യന്തജപ്യാനി ച. ൨൨

വലിതഃ പാത്രം സ്പൃശൻ ദേശികഃ - ബിംബത്തിന്റെ ചുററുമിരുന്ന് ധാരാപാത്രത്തെ പുല്ലുകൊണ്ടു കെട്ടിപ്പിടിച്ചിരിക്കുന്ന ഗുരുവാണത്; നിജാൻ പഞ്ചമന്ത്രാൻ - തന്റെ തന്റെ പഞ്ചതത്വങ്ങളെയും, ശിവനുടെ പഞ്ചബ്രഹ്മത്തെയും; ഉത്താരകാം സാവിത്രീം - പ്രണവത്തെയും ശൈവപ്രണവത്തെയും ഗായത്രിയെയും, സകലവേദാദീൻ "അഗ്നിമീളേ" ഇത്യാദിയായ വേദാദി നാലിനേയും, സ്വകീയാനി സൂക്താനി അപി - വിഷ്ണ്വാദിദേവന്മാർ പറയുന്ന തന്റെ തന്റെ സൂക്തങ്ങളെയും, സപാവമാനപുരുഷാദ്ധ്യായാന്തികാനി ക്രമാത് ജപേദ്യുഃ - ചെറുമാനവും പുരുഷസൂക്തവും വേദസമാപ്തിയും ക്രമേണ ജപിപ്പൂ. അഖിലസംഹിതാ ജപ്യാ വാ - ഇവിടെ വേദങ്ങളെല്ലാംകൂടെയും ജപിക്കവേണ്ടുന്നത്. ആദ്യന്തജപ്യാനി കഥിതാനി - ആദിയും അവസാനവും ജപിക്കണമെന്നും പറയപ്പെട്ടു.

ശൈവേ കദ്രുദ്രപൂർവം സ്വപവി പുനരതോ ദേവപൂർവം ചയന്ത–
ശ്ശാർങ്ഗീശേ യാത ഉഗ്രാദികമിദമുഭയം ചാശ്വകേ താരകാരേഃ
അഗ്നിർഹോതാദികം സ്വം പ്രജപതു ഗണപേപ്യഥോ ഗണാനാം
[പൂർവാദ്യം
ഭദ്രോക്തം ച പയേസ്മിൻ മഹിഷജിതി സജാതാദികം
[വൈഷ്ണവം ച. ൧൩

ശൈവേ കദ്രുദ്രപൂർവം – ശിവങ്കൽ "കദ്രുദ്രായ" എന്ന രണ്ടു വർഗ്ഗവും "ഇമാ രുദ്രായ തവസേ" ഈ രണ്ടു വർഗ്ഗവും "ആ തേ പിതർമരുതാം" ഇത്യാദി മൂന്നു വർഗ്ഗവും "തമുഷ്ടുഹി യഃ സ്വിഷുഃ സുധന്വാ" എന്ന ഒരു സൂക്തം "ഇമാ രുദ്രായ സ്ഥിരധന്വനേ" എന്ന ഒരു വർഗ്ഗവും രുദ്രസൂക്തങ്ങൾ. പുനഃ സ്വപവി അതോ ദേവപൂർവം – വിഷ്ണുവിങ്കൽ "അതോ ദേവാ" എന്ന വർഗ്ഗവും "വിഷ്ണോർനു കം" ഇത്യാദി മൂന്നു വർഗ്ഗവും "സം വാം കർമണാ" എന്ന വർഗ്ഗവും "പരോ മാത്രയാ" എന്ന രണ്ടുവർഗ്ഗവും വിഷ്ണുസൂക്തങ്ങൾ. ശാർങ്ഗീശേ തദ്വയം – ശങ്കരനാരായണങ്കൽ ഈ രണ്ടു സൂക്തങ്ങളും, അശ്വകേ യാത ഉഗ്രാദികം ഇദം ഉഭയം ച – ശാസ്താവിങ്കൽ "യാത ഉഗ്രതിവമാ" ഇത്യാദി രണ്ടു വർഗ്ഗവും വിഷ്ണുസൂക്തരുദ്രസൂക്തങ്ങളും, താരകാരേഃ അഗ്നിർഹോതാദികം സ്വം – സുബ്രഹ്മണ്യങ്കൽ "അഗ്നിർഹോതാ നോ അധ്വരേ" എന്ന രണ്ടു വർഗ്ഗവും "കുമാരം മാതാ" എന്ന രണ്ടും കുമാരസൂക്തങ്ങൾ. ഗണപേ ഗണാനാംപൂർവാദ്യം – ഗണപതിയിങ്കൽ "ഗണാനാം ത്വാ ഗണപതിം" ഇത്യാദി നാലു വർഗ്ഗവും അസ്മിൻ പയേ ഭദ്രോക്തം ച – ഈ ഗണപതിക്കും സുബ്രഹ്മണ്യനും ഭദ്രസൂക്തവും കൂടെ വേണം. മഹിഷജിതി സജാതാദികം വൈഷ്ണവം ച – ദുർഗ്ഗയിങ്കൽ "ജാതവേദസേ" ഇത്യാദി പഞ്ചദുർഗ്ഗയും വിഷ്ണുസൂക്തവും. ഇങ്ങനെ അവരവരുടെ സൂക്തങ്ങൾ.

യാമാവസാനേ സുസമാപ്യ ധാരാം
ദേവം യഥാവിധ്യഭിപൂജയേച്ച
ന ചാലയേദ്വാരുണമത്ര പാത്രം
ദിനത്രയേ യത്ര കരോതി ധാരാം. ൧൪

യാമാവസാനേ ധാരാം സുസമാപ്യ – ഒരു യാമം നേരം ഇങ്ങനെ ജപിച്ചു് ധാര ചെയ്താൽ, ദേവം യഥാവിധി അഭിപൂജ

യേത് - വരുണാദി മൂന്നിനേയും ബിംബത്തിങ്കൽ യോജിപ്പിച്ചു ദേവനെ വസ്ത്രാദ്യുപചാരങ്ങളെക്കൊണ്ടു പൂജിച്ച് നിവേദിച്ചു പ്രസന്നപൂജയും ചെയ്‌വൂ. യത്ര ദിനത്രയേ ധാരാം കരോതി - ധാരയൊരു നിമിത്തങ്ങളിങ്കൽ മൂന്നു ദിവസം ഇങ്ങനെ ധാരയെ ചെയ്യുന്നു, അത്ര വാരുണം പാത്രം ന ചാലയേത - അവിടെ ജലദ്രോണി പൂജിച്ച പാത്രത്തെ എടുക്കയും വേണ്ട. പിറ്റേ ദിവസം അതിൽ തന്നെ പൂജിച്ചാൽ മതി.

ഔർധ്വാഹ്നികേ പര്യുഷിതാംബു ഹൃത്വാ
കൃത്വാഽന്യദിഷ്ട്വാ പ്രകരോതു ശേഷം
വാരേ തൃതീയേ വരുണം ച ദേവേ
പ്രോദ്വാസ്യ തത്പൂജനമാദധീത. ൨൭

ഔർധ്വാഹ്നികേ പര്യുഷിതാംബു ഹൃത്വാ - രണ്ടാം ദിവസവും മൂന്നാം ദിവസവും ധാര ചെയ്യുമ്പോൾ തലനാളത്തെ വെള്ളം കളഞ്ഞു വെച്ചിട്ട്. അന്യത് കൃത്വാ ശേഷം പ്രകരോതു - വേറെ അരിച്ച വെള്ളംകൊണ്ടു വരുണപൂജാദികളെയും ചെയ്ത് സ്നാനകാലത്ത് ധാരാപാത്രം തലനാളത്തെപ്പോലെ വച്ചു നിറച്ചു ധാര ചെയ്‌വൂ. തൃതീയേ വാരേ വരുണം ദേവേ പ്രോദ്വാസ്യ - മൂന്നാംദിവസം ധാര കഴിഞ്ഞാൽ വരുണാദി മൂന്നിനേയും ഉദ്വാസിച്ചു ദേവങ്കൽ യോജിപ്പിച്ച് വസ്ത്രാദിപൂജയും ചെയ്‌വൂ.

അനന്തരം അവഗാഹനത്തെ പറയുന്നു:—

പാത്രേ പീഠസമച്ഛ്‌നാദി മഹിതേ ന്യക്കൂർച്ചകേ സ്ഥാണ്ഡി-
ഗ്ഗോമൂത്രപ്രമുഖാനി പഞ്ചപരിമീയായോജ്യ ഗവ്യാന്യഥ
താനി ബ്രഹ്മമഥാ വിലോഡ്യ മപരേണാഭ്യർച്ച്യ മൂലാണ്വനാ
ഗന്ധാദ്യം ച തഥാവഗാഹവിധയേ സംപൂജ്യ സംസാധയേത്.
[൨൮

അഥ അവഗാഹവിധയേ - പിന്നെ അവഗാഹത്തിന്നായിക്കൊണ്ട്; പീഠസമച്ഛ്‌നാദിമഹിതേ ന്യക്കൂർച്ചകേ പാത്രേ - രണ്ടു സ്വസ്തികത്തിൽ പീഠമുണ്ടാക്കി പീഠപൂജാദി ചെയ്തു കീഴ്പോട്ടു അഗ്രമായി കൂർച്ചന്യാസവും ചെയ്ത് പൂജിച്ചാൽ, ഗോമൂത്രപ്രമുഖാനി പഞ്ചഗവ്യാനി പരിമീയ ആയോജ്യ - ഗോമൂത്രം തുടങ്ങിയുള്ള അഞ്ചിനേയുമളന്നു കൂട്ടി പഞ്ചഗവ്യങ്ങളെ ഉണ്ടാക്കിയാൽ, താനി

ബ്രഹ്മമഥാ മപരേണ വിലോഡ്യ – അവററെ ദർഭാഗ്രംചമത കൊണ്ടു് പ്രണവംകൊണ്ടു് ഇളക്കി യോജിപ്പിച്ചു് പാത്രത്തിൽ നിറച്ചു്, മൂലേനാ ഽഭ്യർച്ച്യ – മൂലമന്ത്രംകൊണ്ടു് ആവാഹിച്ചു പൂജിച്ചാൽ, തഥാ ഗന്ധോദം ച സംപൂജ്യ – അപ്രകാരം മറെറ പാത്രത്തിൽ അഷ്ടഗന്ധജലത്തെയും നിറച്ചു് മൂലംകൊണ്ടു് ആവാഹിച്ചു പൂജിപ്പൂ. സംസാധയേത് – ഇങ്ങനെ രണ്ടേടത്തും പ്രസന്നപൂജാന്തം ചെയ്തു വസ്ത്രംകൊണ്ടു മൂടി രക്ഷിപ്പൂ.

ഗോമൂത്രം നിജവാഞ്ഛയാ പരിമിതം മൂത്രാർദ്ധകം ഗോമയം
ക്ഷീരം സപ്തഗുണം ദധി ത്രിഗുണിതം ഗോമൂത്രമാത്രം ഘൃതം
പ്രാഹുസ്തത്സവിതുർവ്വരേണ്യമിതി ഗന്ധദ്വാരപൂർവ്വം തഥാ-
ഽഽപ്യായസ്വേതി ദധീതി തേജ ഇതി ഗോമൂത്രാദിമന്ത്രാൻ ക്രമാത്.
[൨. ൭

നിജവാഞ്ഛയാ പരിമിതം ഗോമൂത്രം – അവിടെ വേണ്ടുന്നിടത്തോളം ഗോമൂത്രത്തെയും; മൂത്രാർദ്ധകം ഗോമയം – ഗോമൂത്രത്തിൽ പാതി ചാണകവെള്ളത്തെയും; സപ്തഗുണം ക്ഷീരം – ഗോമൂത്രത്തിന്റെ ഏഴിരട്ടിയായി പാലിനെയും, ത്രിഗുണിതം ദധി – ഗോമൂത്രത്തിൽ മൂന്നിരട്ടി തൈരിനെയും, ഗോമൂത്രമാത്രം ഘൃതം – ഗോമൂത്രത്തോളം നെയ്യിനെയും അളന്നു കൂട്ടണം. തത്സവിതുർവ്വരേണ്യം ഗന്ധദ്വാരപൂർവ്വം ആപ്യായസ്വ ഇതി ദധി ഇതി തേജ ഇതി ഗോമൂത്രാദിമന്ത്രാൻ ക്രമാത് പ്രാഹുഃ – ഗോമൂത്രത്തിന്നു് "തത്സവിതുർവ്വരേണ്യം" എന്നും, ചാണകത്തിന്നു "ഗന്ധദ്വാരാം ദുരാധർഷാം" എന്നും, പാലിന്നു് "ആപ്യായസ്വ സമേതു" എന്നും, തൈരിന്നു് "ദധിക്രാവ്ണ്ണോ അകാരിഷം" എന്നും, നെയ്യിന്നു് "തേജോഽസി തേജോഽനുപ്രേഹി" എന്നും ഇങ്ങനെ ഗോമൂത്രാദി അഞ്ചിനേയും കൂട്ടുവാൻ മന്ത്രങ്ങൾ.

ദേവേ പുനഃ സ്നപനകർമ്മണി കർമ്മഠോഽഥ
ബ്രഹ്മാദികൢപ്തപഞ്ജരമാകലയ്യ
സംവേഷ്ട്യ ബിംബമപി സാധു സവസ്ത്രദർഭൈ-
ർഗവ്യൈഃ പ്രപൂര്യ്യ തദയാദവഗാഹകർമ്മ. ൨. ൮

പുനഃ ദേവേ സ്നപനകർമ്മണി – പിന്നെ ദേവകൾ പീഠപൂജ തുടങ്ങി സ്നാനത്തോളം ചെയ്യാൻ, കർമ്മഠഃ ബ്രഹ്മാദികൢപ്തപഞ്ജരം ആകലയ്യ – തത്കർമ്മങ്ങൾ സമർത്ഥനായിരിക്കുന്ന

ആചാര്യൻ പ്ലാശ് ആല് ഇടങ്ങിയുള്ള മരംകൊണ്ട് ഉണ്ടാക്കിയ ക്രൂരയെ ബിംബത്തിന്റെ പുറവും വരുമാറു വച്ച് ഉഴുന്നു അരച്ചു ചുവട്ടിലും ഇടയിലും തേച്ച്, ബിംബം അപി സവസ്ത്രൈർദ്ദളൈഃ സാധു സംവേഷ്ട്യ – ബിംബത്തെയും വസ്ത്രംകൊണ്ടു മൂടി പല്ല കൊണ്ടു കെട്ടിയാൽ, ഗവ്യൈഃ പ്രപൂര്യ അവഗാഹകർമ്മ തന്വ യാത് – പൂജിച്ച പഞ്ചഗവ്യംകൊണ്ടു പഞ്ജരത്തെ നിറച്ച് ബിംബത്തെ മുഴുകുമാറു ചെയ്യൂ.

ധാരാവദത്ര പരിജപ്യ മന്ത്രാംശ്ച വിപ്രൈ-
സ്തദ്ഗവ്യജാതമപനീയ സുഗന്ധതോയൈഃ
അന്ത്യാവഗാഹ്യ പരിശോദ്ധ്യ സമസ്തമേത-
ദ്ദേവം യഥോക്തവിധിനാ പരിപൂജയേച്ച. ൩൯

അത്ര വിപ്രൈഃ ധാരാവത് മന്ത്രാൻ പരിജപ്യ – ഇവിടെയും ബ്രാഹ്മണരെക്കൊണ്ട് ധാരയിങ്കലെപ്പോലെ മന്ത്രങ്ങളെ ജപിച്ചാൽ, തദ്ഗവ്യജാതം അപനീയ – ആ പഞ്ചഗവ്യത്തെ പഞ്ജരം കൊണ്ടു മാററിക്കളഞ്ഞ് പായസത്തെ നിവേദിച്ചാൽ പിന്നെയും പഞ്ജരത്തെ ഉറപ്പിച്ച്, സുഗന്ധതോയൈഃ അവഗാഹ്യ – അഷ്ടഗന്ധജലത്തെക്കൊണ്ടു നിറച്ച് അവഗാഹംചെയ്തു ജപങ്ങളും ചെയ്താൽ, അന്തേ ഏതത് സമസ്തം പരിശോദ്ധ്യ – ഒടുക്കം പഞ്ജരമെടുത്തു മാററി പഞ്ചഗവ്യാദികളെയും കളഞ്ഞ് സ്ഥലം നന്നാക്കിയാൽ, ദേവം യഥോക്തവിധിനാ പരിപൂജയേത് – ദേവനെ വസ്ത്രാദി മാററി പൂജചെയ്തു നിവേദിച്ച് പ്രസന്നപൂജയും ചെയ്യൂ.

താരം നാദം ശരലിപിം മഹാവ്യോമവിദ്യാദി പഞ്ച-
ബ്രഹ്മത്രീതത്ത്വകമപി ശിവേ ഗാഹ്യമാനേ ജപേയുഃ
സമ്പാതം സംസ്പൃശേച്ച ശതം ബ്രാഹ്മണാസ്തത്ര സമ്പ്യ-
ർഭൂതപാ ചതുഃപാർശ്വദിശതമഘോരേണ ച ദ്വ്യക്ഷരാണി ൪൦

ശിവേ ഗാഹ്യമാനേ – ശിവങ്കലേ അവഗാഹത്തിങ്കൽ പഞ്ചഗവ്യം നിറച്ചാൽ, താരം – പ്രണവം, നാദം – പ്രാസാദമന്ത്രം, ശരലിപി – പഞ്ചാക്ഷരം, മഹാവ്യോമവിദ്യാദി പഞ്ചബ്രഹ്മ – വലിയ വ്യോമവ്യാപിയും ചെറിയ വ്യോമവ്യാപിയും പഞ്ചബ്രഹ്മവും, ത്രീതത്ത്വകം അപി – ത്രീതത്ത്വവും, ജപേയുഃ – ഇതുമൂന്നിൽ ധാരയിങ്കലെ മന്ത്രങ്ങളും ജപിപ്പൂ. തത്ര ബ്രാഹ്മണാഃ ശതം

സർപ്പിഃ ഹുത്വാ അഘോരേണ അഷ്ടശതം ചതുരോ ദ്രവ്യാണി അപി ഹുത്വാ സമ്പാതം സംസ്പൃശേത്തു ച – ഇവിടെ ശിവാവഗാഹത്തുങ്കൽ സാമാന്യം പോലെ ഹോമം തുടങ്ങി മൂലാഷ്ടാജ്യാഹുത്യന്തം ചെയ്താൽ പഞ്ചബ്രഹ്മംകൊണ്ട് ഇരുപത് ആവൃത്തിയായിട്ടു നൂറെറട്ടു ആജ്യാഹുതിയും അഘോരമന്ത്രംകൊണ്ടു നൂറെറട്ടുരു ചതുർദ്രവ്യങ്ങളേയും ഹോമിച്ച് സ്വിഷ്ടകൃദാദി ഹോമം മുടിച്ച് തത്സമ്പാതത്തെ പഞ്ചഗവ്യത്തിൽ സ്പർശിക്കയും വേണം.

വ്യസ്തൈഃ സമസ്തൈരപി പഞ്ചഗവ്യൈ-
ർഗന്ധോദമിശ്രൈഃ സ്വഗരിഷ്ഠദോഷേ
കാര്യോഽവഗാഹഃ ക്രമശോ ദിനേഷു
തദേകമാത്രേണ ച തല്ലഘിഷ്ഠേ ൩൬

സ്വഗരിഷ്ഠദോഷേ – വലുതായിരിക്കുന്ന അശുദ്ധിയിങ്കൽ, വ്യസ്തൈഃ സമസ്തൈഃ അപി പഞ്ചഗവ്യൈഃ ഗന്ധോദമിശ്രൈഃ– ഗോമൂത്രാദികൾ അഞ്ചുകൊണ്ടും വെവ്വേറെയും ഒരുമിച്ചും ഏടയിൽ എല്ലാററിന്നും അഷ്ടഗന്ധജലത്തോടു കൂടിയും, ദിനേഷു അവഗാഹഃ കാര്യഃ – ഒരോദിവസം ഓരോന്നായിട്ട് അവഗാഹത്തെ ചെയ്യാം. തല്ലഘിഷ്ഠേ തദേകമാത്രേണ ച – അല്പമായിരിക്കുന്ന അശുദ്ധിയിങ്കൽ പഞ്ചഗവ്യം പൂജിച്ച് ബിംബത്തിലാടീട്ടുമാം. അവിടെ ഗന്ധജലം വേറേ വേണ്ടാ.

അനന്തരം പഞ്ചകത്തെ പറയുന്നു:—

ന്യക്ഷച്ഛ്വാനച്ഛിദ്രൈകാസനസമധിഗതാൻ പഞ്ചകുംഭാൻ ക്രമേണ
പ്രാക്പൂർവ്വേശാദിന്യസ്തൈഃ സ്ഫുരജിതി സകലേഷ്വേവ വാ പഞ്ച [തത്ത്വൈഃ
തൈരേവേഷ്ട്വാ ദ്രുതൈകീകൃത ഇഹ നിജമൂലാണുനാഽഽവാഹ്യ [ദേവം
സാംഗീകൃത്യാർച്ചയിത്വാ വിധിവദഥ പൃഥങ്മന്ത്രയേച്ച സ്വ- [മന്ത്രൈഃ ൩൭

അച്ഛിദ്രൈകാസനസമധിഗതാൻ ന്യക്ഷച്ഛ്വാൻ പഞ്ചകുംഭാൻ നടുവിലും കിഴക്കുതുടങ്ങി നാലുദിക്കുകളിൽ സ്വസ്തികങ്ങളെ ഇട്ട് ഒന്നായിട്ടു പീഠമുണ്ടാക്കി ഒന്നായിട്ടു പീഠത്തെ പൂജിച്ച് അഞ്ചുകലശങ്ങളേ കമാദി ശോഷണാദിപാത്രപൂജകളും

കീഴ്പ്പോട്ടുള്ളതായി ക്രമേണന്യാസവും ചെയ്തു പൂജിച്ചാൽ, സ്മരജിതി ഈശാദിസൂക്തൈ: – ശിവങ്കൽ ഈശാനാദിപഞ്ചബ്രഹ്മങ്ങളുടെ ഓരോ ഋക്കുകളെക്കൊണ്ടും, സകലേഷു പഞ്ചതത്വൈ: ഏവ വാ – എല്ലാ ദേവന്മാരിലും തങ്ങളുടെ പഞ്ചതത്വങ്ങളെക്കൊണ്ടും, പ്രാപൂജ്യ – ഒരേടത്തിൽ ഓരോന്നിനെ ആവാഹിച്ചു പൂജിച്ച് മദ്ധ്യാദി ക്രമേണ കലശങ്ങളെ അഞ്ചിനേയും അഞ്ചു കൊണ്ടുനിറച്ച്, തൈ: ഏവ ഇഷ്ട്വാ – ആ താത്വ കലശങ്ങളിലേ തത്വങ്ങളെക്കൊണ്ട് ആവാഹിച്ചു. ശിവങ്കൽ ഈശാനാദിസൂക്തങ്ങളെ ആവാഹിച്ചു. പിന്നെ ആവാഹനമുദ്രകളെ കാട്ടി പ്രണവാംഗങ്ങളെ ന്യസിച്ച് പൂജിച്ച് അർഘ്യംകൊടുത്തു മാനസപൂജയും ചെയ്ത്, ധ്രുവൈകീകൃതേ ഇഹ നിജമൂലാണ്വനാ ദേവം ആവാഹ്യ – പ്രണവംകൊണ്ട് ആരാധിച്ച് അഞ്ചിനേയും നടുവിൽ ഒന്നാക്കിക്കല്പിച്ചു മൂലംകൊണ്ടു ദേവനെ ആവാഹിച്ച്, സാംഗീകൃത്യ വിധിവത് അഭ്യർച്യ – വ്യാപകാംഗാദി ചെയ്ത് വിധിപ്രകാരം ആവരണം മൂർത്തിപൂജ തുടങ്ങി പ്രസന്ന പൂജാന്തം ചെയ്താൽ, സ്വപഞ്ചമന്ത്രൈ: പൃഥക് മന്ത്രങ്ങൾ – പ്രണവംകൊണ്ട് വേറെ ആക്കി തന്റെ തന്റെ തത്വങ്ങളെ തൊട്ടു ജപിച്ച് നീരാജനത്തെ ഉഴിഞ്ഞു രക്ഷിച്ചു.

പീഠാർച്ചനാദിസ്നപനാവസാനം
കൃത്വാഽഥ മദ്ധ്യാദികലൈ: ക്രമേണ
സ്വപഞ്ചമന്ത്രൈരഭിഷിച്യ ദേവം
തന്ന്യാസപൂർവ്വം പരിപൂജയേച്ച. ൩൩.

അഥ പീഠാർച്ചനാദിസ്നപനാവസാനം കൃത്വാ – പിന്നെ ദേവങ്കൽ പീഠപൂജ തുടങ്ങി സ്നാനംവരെയും ചെയ്താൽ, സ്വപഞ്ചമന്ത്രൈ: മദ്ധ്യാദികലശൈ: ക്രമേണ ദേവം അഭിഷിച്യ തന്ന്യാസപൂർവ്വം പരിപൂജയേത് ച – പൂജിച്ച് പഞ്ചമന്ത്രങ്ങളെക്കൊണ്ടു നടുവിലേയും കിഴക്കുതുടങ്ങി ദിക്കുകളിലേയും കലശങ്ങളെക്കൊണ്ടു ദേവനെ അഭിഷേകം ചെയ്ത് തത്വന്യാസാദിനീരാജനാന്തം ചെയ്ത് വസ്ത്രാദ്യുപചാരങ്ങളെ കൊടുത്ത് പൂജിച്ചു നിവേദിച്ചു പ്രസന്നപൂജയും ചെയ്വൂ.

ശൈവപ്രതിഷ്ഠയിങ്കൽ വിശേഷത്തെ പറയുന്നു:—

കൃത്വാ ഹൃദി മിഹാവശാദ്ധാരമം തത്സംസ്ഥിതതത്വപുഞ്ജം
സംഹൃത്യ പ്രവിലാപ്യ ചാത്മനി പരസ്മിൻ ധാരണാദിസ്ഥിത:

ബിംബം സാധു വിശോധ്യ താത്ത്വികമയം പ്രോദ്ഭാവ്യ ദിവ്യം
[വപു-
ർമന്ത്രാത്മോപ്രസമിദ്ധമേഭിരഭിഷിഞ്ചേദ് വാ ഘടൈർദോഷ-
വിത്. ൫൭

ദോഷവിത് - ദോഷങ്ങളുടെ ശുദ്ധാശുദ്ധഭാവങ്ങളെ അറിഞ്ഞ ആചാര്യൻ, ഇഹ അവഗാഹപരമാം ശുദ്ധിം കൃത്വാ - അവഗാഹം കഴിവോളമുള്ള ശുദ്ധിയെ ചെയ്ത് പത്മകത്തെ പൂജിപ്പാൻ, തത്സംസ്ഥതത്ത്വവ്രാതം സംഹൃത്യ പരസ്മിൻ ആത്മനി പ്രവിലാപ്യ -അകത്തു ചെന്ന ദേഹശുദ്ധ്യാദി ഗുരുഗണപതിപൂജാന്തം ചെയ്ത് ധ്യാനാധിവാസങ്ങളിൽ പറഞ്ഞിരിക്കുന്നപോലെ ബിംബത്തുങ്കൽ തളിച്ച് രക്ഷിച്ച് തൊട്ടു ജപിച്ച് നാഡീസന്ധാനം ചെയ്ത് തങ്കൽ ചൈതന്യത്തെ യോജിപ്പിച്ച് പൃഥിവ്യാദിതത്ത്വങ്ങളെ സംഹരിച്ച് പരമാത്മാവുമായി യോജിപ്പിച്ച്, തതഃ ധാരണാദിഃ സാധു വിശോധ്യ - ശോഷണാദികളും ചെയ്ത്, പിന്നെ താത്ത്വികമയം പ്രോദ്ഭാവ്യ - ചൈതന്യത്തെ പ്രത്യക്ഷീകരിച്ച് ആവാഹിച്ച് തത്ത്വങ്ങളെ സൃഷ്ടിച്ച്, ദിവ്യം വപുഃ മന്ത്രാത്മോപ്രസമിദ്ധം ബിംബം - സംവത്സരോഷിതവും അണ്ഡജമലവും ലിപിപ്രാണായാമലിപിന്യാസങ്ങളും മന്ത്രോദയാദിപീഠന്യാസാന്തവും ഷഡംഗന്യാസവും ചെയ്ത് പീഠം പൂജിച്ച് ആവാഹിച്ച് തത്ത്വന്യാസാദി ചെയ്ത് സ്നാനാന്തം ഉപഹാരങ്ങളെ കൊടുത്ത്, ഏഭിഃ ഘടൈഃ അഭിഷിഞ്ചേത് വാ - ഈ പത്മകത്തെ പറഞ്ഞപോലെ തന്നെ ആടി പൂജിപ്പു. ഇങ്ങനെ സമാധിശുദ്ധിയുക്തമായ പത്മകം.

അനന്തരം വലിയ പത്മകങ്ങളെ പറയുന്നു:—

ദിശ്യൈശ്യാം ധാന്യപീഠേ കശയുജി കലശാൻ പഞ്ചഹോമാദ്യു-
[ഗർഭാൻ
ഗന്ധാദ്ഭിഃ സമ്പ്രപൂര്യാർണകമലയജനാദ്യേഷു കൃത്വൈകത-
[മന്ത്രൈഃ
സർവൈരാവാഹ്യ സാംഗീകരണയജനകൃത്താന്ധവ്യൂർച്ച്യ തേഷാ-
മേകൈകേനാഭിഷിച്യാർച്ചയതു മഹതി ദോഷേ തു മദ്ധ്യാദി-
[ദിഷ്ടൈഃ. ൫൮

മഹതി ദോഷേ തു - വലുതായിട്ടുള്ള ദോഷങ്ങളിൽ, ഐശ്യാം ദിശി ധാന്യപീഠേ കശയുജി - പ്രാസാദത്തിന്റെ ഈശകോണിൽ

ഒന്നായി തൊട്ട് ഇരിക്കുമാറ് അഞ്ചു് അഷ്ടദളപത്മങ്ങളിൽ വ്രീഹ്യാദികളെക്കൊണ്ടു പീഠമുണ്ടാക്കി വിസ്താരം വച്ച് അതിങ്കൽ ഒന്നായി പീഠപൂജയും ശക്ത്യാവാഹനയും ചെയ്യാൽ, ഷോമാശ്മഗർഭാൻ പഞ്ച കലശാൻ ഗന്ധാദ്യൈഃ സംപ്രപൂജ്യ - ബ്രഹ്മകലശപൂജയിങ്കലെ ആദ്യ കലശത്തെ കമത്തി അഞ്ചിന്നും ശോഷണാദികളും പാത്രപൂജയും ചെയ്ത് മലത്തി ത്രികലാന്യാസവും അക്ഷതന്യാസവും കൂർച്ചാവാഹനയും കൂർച്ചന്യാസവും നവരത്നസ്വർണ്ണന്യാസവും മാനസപൂരണവും ചെയ്ത്, ജലദ്രോണിവെള്ളത്തിൽ അഷ്ടഗന്ധം കലക്കി ആയതുകൊണ്ട് വെവ്വേറെ അഞ്ചിനേയും നിറച്ച്; അഷ്ടകമലാഞ്ജനാദ്യൈഷു കൃത്വാ - അഞ്ചിന്നും ലിപിപങ്കജത്തെ പൂജിച്ച്, ഉത്തമൈർമ്മന്ത്രൈഃ സവൈശ്ച ആവാഹ്യ സാംഗീകരണേ യജനകൃത് - നടുവിലെ കലശത്തിൽ പ്രണവോപചാരവും രണ്ടാമത്തെ തത്വം തുടങ്ങി നാലും ആദിയിലത്തെ തത്വം ഒടുക്കമായും ചൊല്ലി ആവാഹിപ്പൂ. കിഴക്കേതിൽ മൂന്നാമത്തെ തത്വം തുടങ്ങി മൂന്നും ആദിയിലത്തെ തത്വങ്ങൾ രണ്ടും കൂടിയും, തെക്കേതിൽ നാലാമത്തെ തത്വം തുടങ്ങി രണ്ടും ആദിതത്വങ്ങൾ മൂന്നും കൂടിയും, പടിഞ്ഞാറേതിൽ അഞ്ചാമത്തെ തത്വവും ആദിതുടങ്ങി നാലും കൂടിയും, വടക്കേതിൽ ആദിതുടങ്ങി അഞ്ചു തത്വങ്ങൾ കൂടിയും ഇങ്ങനെ ക്രമേണ ആവാഹിച്ച് ആവാഹനമുദ്രാദി പ്രണവാംഗന്യസിച്ച് പൂജിച്ച്, അർഘ്യപുഷ്പാഞ്ജലി ചെയ്ത്, തേഷാം ഏകൈകേന അപി തത് അഭ്യർച്ച്യ - പിന്നെ മന്ത്രാദി അഞ്ചിലും ഓരോ തത്വങ്ങളെക്കൊണ്ടും ആവാഹിച്ചു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്യാൽ പ്രണവംകൊണ്ട് ഒന്നാക്കി കല്പിച്ച് നടുവിൽ തങ്ങളുടെ മൂലംകൊണ്ട് ആവാഹിച്ച സകളീകരിച്ച് സപരിവാരമായി പൂജിച്ച നിവേദിച്ച് പ്രസന്നപൂജയും ചെയ്ത് വെവ്വേറെ ആക്കി തത്വങ്ങൾ തൊട്ട ജപിച്ച് രക്ഷിച്ചാൽ, മന്ത്രാദിഭിഃ തൈഃ അഭിഷിച്യ അർച്ചയതു - അകത്തു പൂജ തുടങ്ങി സ്നാനകാലത്ത് മന്ത്രാദിയായി കലശങ്ങൾ അഞ്ചിനേയും കൊണ്ടുപോയി ദേവനെ അഭിഷേകം ചെയ്ത് സകളീകരിച്ച് പായസം നിവേദിച്ചാൽ പഞ്ചോപചാരങ്ങളെ കൊടുത്ത് സപരിവാരമായി പൂജയും ചെയ്വൂ. ഇങ്ങനെ വലിയ പഞ്ചകം.

പുണ്യാഹശുദ്ധവിധിനാ സമമൂർത്തിപാലൈ
ബിംബേ വിധായ മഹിതേന സഗവ്യകേന

രാജ്യക്ഷതേന സ്വവികിര്യ ച പഞ്ചതത്ത്വൈഃ
ശേഷേണ വാസ്തു കിരതാപി സർവ്വതോഽത്ര. ൩൩

പിന്നെ ദേവാലയത്തു പുണ്യാഹപാത്രം കമത്തി അതിൽ വെള്ളമുണ്ടാക്കിയാൽ, സഹമൂർത്തിപാലൈഃ ബിംബേ ഉക്തവിധിനാ പുണ്യാഹം വിധായ – ചതുഃശുദ്ധിയിങ്കലെപ്പോലെ പരികർമ്മികളോടും കൂടി സ്നാനകാലത്ത് ദേവങ്കൽ പുണ്യാഹം തളിച്ച്, മാറിതേന സഗവ്യകേന രാജ്യക്ഷതേന ച പഞ്ചതത്ത്വൈഃ സ്വവികീര്യ – പൂജിച്ച് ഇരിക്കുന്ന പഞ്ചഗവ്യത്തെ പഞ്ചതത്ത്വങ്ങളെക്കൊണ്ട് തളിച്ച് അസ്ത്രംകൊണ്ടും മൂലംകൊണ്ടും കടുകിനെയും അക്ഷതത്തെയും വിതറു. ശേഷേണ സർവ്വതഃ ഉക്ഷതു കിരതു – പഞ്ചഗവ്യത്തെ എല്ലാടവും തളിച്ച് കടുകിന്റെയും അക്ഷതത്തിന്റെയും ശേഷം എല്ലാടവും വിതറു. പിന്നെ വസ്ത്രാദ്യുപഹാരങ്ങളെ കൊടുത്ത് ദേവനെ പൂജിപ്പൂ.

അനന്തരം പ്രാസാദശുദ്ധി ചെയ്ക എന്നു പറയുന്നു—

കുര്യാദാലയേ മഹതി തു പുനഃ പ്രോക്ഷണം മൃഷ്ടലിപ്തേ
ശന്നോവാർഭിഃ സുശുചിഭിരിമാഃ ഗന്ധവാർഭിഃ സമുക്ഷേത്
പ്രാസാദാന്തർബഹിരപി തഥാ സർവ്വതഃ പഞ്ചതത്ത്വൈ-
ർഗവ്യൈശ്ചാസ്ത്രേണ വികിരതു രാജ്യക്ഷതൈരാഥ മന്ത്രീ. ൩൬

മഹതി ആലയേ തു – വലുതായിട്ടുള്ള ആലയങ്ങളിൽ, മന്ത്രീ പ്രോക്ഷണം കുര്യാത് – ആചാര്യൻ ജലസംപ്രോക്ഷണത്തെ ചെയ്വൂ. മൃഷ്ടലിപ്തേ – മതിൽക്കകത്തു എല്ലാടവും അടിച്ചു തളിച്ച് ശുദ്ധമാക്കിയാൽ നാലു പാത്രങ്ങളിൽ ചാതിച്ചിരിക്കുന്ന, ശന്നഃ സുശുചിഭിഃ വാർഭിഃ ഇമാ ഗന്ധവാർഭിഃ – ശന്നോ ദേവീമന്ത്രംകൊണ്ടും പൂജിച്ച ശുദ്ധജലംകൊണ്ടും "ഇമാ ആപഃ" എന്നുള്ളതുകൊണ്ടു പൂജിച്ച അഷ്ടഗന്ധജലംകൊണ്ടും, പ്രാസാദാന്തഃ ബഹിഃ അപി സർവ്വതഃ സമുക്ഷേത് – പ്രാസാദത്തിന്റെ അകത്തും പുറത്തും അമ്പലങ്ങളിലും മതിൽക്കകത്തു എല്ലാടവും തളിപ്പൂ. തഥാ പഞ്ചതത്ത്വൈഃ ഗവ്യൈഃ ച അസ്ത്രേണ രാജ്യക്ഷതൈഃ ച വികിരതു – പഞ്ചതത്ത്വങ്ങളെക്കൊണ്ടു പൂജിച്ച പഞ്ചഗവ്യംകൊണ്ട് തളിച്ച് അസ്ത്രംകൊണ്ടു പൂജിച്ച് കടുകും അക്ഷതവും കൂടിയതിനെയും എല്ലാടവും വിതറു.

അനന്തരം വിഷ്ണുവിന്റെ മഹാകുംഭത്തെ പറയുന്നു:—

കൃത്വാ ഭദ്രകമത്ര സംസ്കൃതപീഠേ രത്നഗർഭേ ഘടാ-
ഗാരേ പൌരുഷസൂക്തശുദ്ധജലപൂർണ്ണേ സപ്തവർണ്ണാംബുജേ
മൂലേന പ്രയജേദ്ധരിം വിധിവദബ്ജാദേഷു വിഷ്ണും മഹാ-
വിഷ്ണും മന്ത്രവിദർച്ചയേദഥ സദാ വിഷ്ണും ത്രിതത്ത്വാത്മകാത്.
[൨൭

അത്ര ഭദ്രകം കൃത്വാ — ഇവിടെ പന്ത്രണ്ടാം പടലത്തിങ്കൽ പറയുന്ന ഭദ്രകമാകുന്ന പത്മത്തെ ഉണ്ടാക്കി, സംസ്കൃതപീഠേ — ബ്രഹ്മകലശത്തിങ്കലേപ്പോലെ പീഠത്തെ ഉണ്ടാക്കിയാൽ കലശത്തെ നൂലു ചുററി കമത്തിയാൽ, മന്ത്രവിദ് ഗുരുഃ — മന്ത്രജ്ഞനായിരിക്കുന്ന ആചാര്യൻ, രത്നഗർഭേ പൌരുഷസൂക്തശുദ്ധജലപൂർണ്ണേ സപ്തവർണ്ണാംബുജേ മഹാകുംഭേ മൂലേന ഹരിം വിധിവത് പ്രയജേത് — ദേഹശുദ്ധ്യാദി ചെയ്തു് ഗണപതിപൂജയും പീഠപൂജയും ശക്ത്യാവാഹനയും കുംഭസംസ്കാരവും ശംഖാദി പാത്രപൂജയും ത്രികലാന്യാസവും കുംഭാവാഹനയും കൂർച്ചന്യാസവും നവരത്നസപ്തവർണ്ണവിന്യാസവും മാനസപൂരണവും ചെയ്തു് ജലദ്രോണിവെള്ളത്തെ ശംഖിലെടുത്തു പൂജിച്ചാൽ പുരുഷസൂക്തവും വിപിപ്രതിലോമവും ചൊല്ലി കലശത്തെ നിറച്ച് ലിപിപങ്കജത്തെ പൂജിച്ചാൽ ആ കലശത്തിൽ മൂലം കൊണ്ടു ദേവനെ ആവാഹിച്ചു പൂജിച്ചു നിവേദിച്ച് പ്രസന്നപൂജയേയും ചെയ്താൽ, അഥ അബ്ജാദേഷു ത്രിതത്ത്വാത്മകാത് വിഷ്ണും മഹാവിഷ്ണും സദാവിഷ്ണും അർച്ചയേത് — പിന്നെ കലശത്തിന്റെ മൂലാധാരത്തിങ്കൽ അം നമഃ പരായാത്മതത്ത്വാത്മനേ വിഷ്ണവേ നമഃ എന്നും ഹൃദയത്തിങ്കൽ ഉം നമഃ പരായ വിദ്യാതത്ത്വാത്മനേ മഹാവിഷ്ണവേ നമഃ എന്നും ഭ്രൂമധ്യത്തിങ്കൽ മം നമഃ പരായ പരതത്ത്വാത്മനേ സദാവിഷ്ണവേ നമഃ എന്നും വെവ്വേറെ ആവാഹിച്ചു് പ്രണവാംഗന്യാസാദി ചെയ്തു് പൂജിച്ചു് അർഘ്യപുഷ്പാഞ്ജലിയും ചെയ്വൂ.

അസ്ത്രേണ വർദ്ധനീം തദപരത ഇഷ്ട്വാ ഉദഗം വിധായ തതഃ
സമ്പാതശാന്തിതോയം തയോർനിഷിച്യാദിമന്ത്രയേതാപി. ൨൮

തദപരതഃ അസ്ത്രേണ വർദ്ധനീം ഇഷ്ട്വാ — ഈ മഹാകുംഭത്തിന്റെ തെക്കുഭാഗത്തു് സ്വസ്തികത്തിങ്കൽ പീഠപൂജാദി

ചെയ്ത് അസ്ത്രംകൊണ്ടു കക്കരിയേയും മുമ്പിൽ പറഞ്ഞതുപോലെ പൂജിച്ച്, തതഃ ഋത്വം വിധായ – പിന്നെ ഹോമത്തേയും ചെയ്ത്, സമ്പാതമാനിതോയം തതഃ നിഷിച്യ ബലിമന്ത്രേണ അപി- സമ്പാതത്തേയും പ്രണീതാജലത്തോടു കൂടിട്ട് മഹാകുംഭത്തിങ്കലും കക്കരികളിലും സമർപ്പിച്ച് ഹോമമന്ത്രങ്ങളെ തൊട്ടു ജപിക്കകയും വേണം.

പുംവിഷ്ണ്വോർന്നാമഭിർജ്ജുഹോതപഥ ച ചിതിഃ സപ്തഹോത്രാ [ചതുഃ-
ഷഡ്ഢോത്രാജ്യമഥാഷ്ടത്തൽജിതസാവിത്ര്യാഖ്യക്രമാദിഭിഃ
മന്ത്രീ ഹംസ ഇതി ത്രിമൂലജിനമചതുർമൂലതഃ ചാളിഭി-
ർബ്ബ്രഹ്മാവഭിർവ്വാ സംസ്കൃതാന്നമജ്ജതിലരാജീയുക്തം ശതം. [൪൦

പിന്നെ കലശത്തിന്റെ വടക്കേ കിഴിക്കെയുമിട്ട് അനാ ധാനാദി ഹോമം തുടങ്ങി മൂലാഷ്ടാജ്യാഹുത്യന്തം ചെയ്താൽ, പും വിഷ്ണ്വോർന്നാമഭിഃ – പുരുഷസൂക്തം പതിനാറ് ഋക്കുകൊണ്ടും "വിഷ്ണോർന്നു കം വീര്യാണി" ഇത്യാദി ആറ് ഋക്കുകൊണ്ടും, ചിതിഃ സപ്തഹോത്രാ – "ചിത്തിസ്രുക് ചിത്തം" ഇത്യാദികൊണ്ടും "ബ്രഹ്മാത്മവദ്ധിർഹോതാ" ഇത്യാദികൊണ്ടും, ചതുഷ്ഷഡ്ഢോത്രാ- പൃഥിവീഹോതാ ഇത്യാദികൊണ്ടും "സൂര്യന്തേ ചക്ഷുഃ" ഇത്യാദികൊ ണ്ടും; ഇഷ്ടതജിതസാവിത്ര്യാഖ്യക്രമാദിഭിഃ – പഞ്ചത്തഞ്ജ ളെക്കൊണ്ടും ഉപചാരംകൊണ്ടും "തത്സവിതുർവ്വരേണ്യം" എന്നതു കൊണ്ടും "ക്രമസ്തവഃ" ഇത്യാദികൊണ്ടും, ഹംസഃ ഇതി – "ഹംസഃ ശുചിഷത്" ഇത്യാദികൊണ്ടും; ത്രിമൂലജിനചതുർഭ്ഭിഃ – ഷഡക്ഷരം കൊണ്ടും ദ്വാദശാക്ഷരംകൊണ്ടും വിഷ്ണുഗായത്രികൊണ്ടും, ആജ്യം – ഓരോ ഉരു ആജ്യാഹുതിയെ ചെയ്ത്, മൂലതഃ ചാളിഭിഃ ബ്രഹ്മാവഭിർവ്വാ സംസ്കൃതാന്നതിലരാജീഃ ച സംസ്കൃതയുക്തം ശതം ജുഹോ തു – പിന്നെ മൂലംകൊണ്ട് കരിഞ്ജാലിച്ചുമത ഏതിലും പ്രാതി ന്റെ ചതുരം കിലും നൂറെട്ടു ഹോമിച്ച് നെയ്യും ഹവിസ്സും മലരും എള്ളും കടുകും നൂറെട്ടിട്ടു ഹോമിപ്പൂ.

ബിംബപ്രഭവർണ്ണബിന്ദുസ്ഥളകൈത്ര കാദ്യേ
പാംഗേ ഗ്രഹേ ഇ സരിമാദിഹുതാന്തതോ'ത്ര

വേദാണ്ഡമാത്രകൃതവാസ്തുഹുതാജ്യമാജി
സമ്പാതശേഷമുപസ്പൃശതു ത്രിമൂലൈഃ. ൪൫

അക്ഷവർണ്ണബിമ്പസൃതജകൌതുകാദ്യേ ബിംബേ – മുത്തും കടകം സ്വർണ്ണവും പട്ടിൻെറ ശകലത്തിൽ വച്ചു താമര നാളത്തിലെ നൂൽകൊണ്ടു കെട്ടിയ കാപ്പിനെ ദ്വാദശാക്ഷരം ജപിച്ച് പീഠം പൂജിച്ച് ആവാഹിച്ച് ആവാഹന മുദ്രകളും കാട്ടി ഇരിക്കുന്ന ബിംബത്തുങ്കൽ കെട്ടിയാൽ ഹോമത്തിങ്കലെ സമ്പാതത്തെ ബിംബത്തുങ്കൽ സ്പർശിച്ച് വ്യാപകാംഗാദി ചെയ്തു ഉപഹാരങ്ങളെ കൊടുത്തു പൂജാശേഷത്തെ ചെയ്തു പുറത്തു വന്ന് സമ്പാതത്തെ കുംഭശേഷകലശത്തുങ്കലും കർക്കരിയിങ്കലും സമർപ്പിച്ച്, സമിദാദിഹുതാനന്തരം വേദാണ്ഡമാത്രകൃതവാസ്തുഹുതാജ്യമാജി ഗൃഹേ ത്വ – മുമ്പിൽ ദ്രവ്യഹോമാനന്തരം വാസ്തുഹോമത്തുങ്കലെ ആജ്യാഹുതിമന്ത്രങ്ങളെക്കൊണ്ട് ഓരോ ഉരു ആജ്യാഹുതിയെച്ചെയ്തു ഹോമം മുടിച്ചാൽ, തത്സമ്പാതത്തെ ഗർഭഗൃഹത്തുങ്കൽ സ്പർശിച്ച്, സമ്പാതശേഷതഃ ത്രിമൂലൈഃ ഉപസ്പൃശതു– മുമ്പിലത്തെ സമ്പാതശേഷത്തെ മൂലത്രയംകൊണ്ട് സ്പർശിപ്പിപ്പൂ.

പ്രാതഃ സ്വപിഷ്ഠാസനവാഹിതവിഗ്രഹിതാർഘ്യാദിഭി–
[ഷ്ട്വാ പരിവാ–
രാദ്യം തം കംഭമുത്താനയത്തു കരകധാരാപാദിനാഥ മന്ത്രീ
തേന പ്രോക്ഷ്യാഭിഷിച്യ പ്രാച്യുദ്ഗ ച ശമണ്ണോരിത്യാദിഃ
[ശേഷതോഽന്ത–
ർബ്ബഹിശ്ച പ്രോക്ഷേത് ബഹിശ്ചാവൃതിപ്രണമണ്ഡിഃ സൈപ്ര–
[തിതീരം ഹരേത് സ്യാത്. ൪൬

പ്രാതഃ – കലശം പൂജിച്ച് അധിവസിച്ചതിൻെറ പിറേറ ദിവസം നേരത്തെ, മന്ത്രീ സ്വപിഷ്ഠാസനാവാഹിതവിഗ്രഹിതാർഘ്യാദിഃ – ഗർഭഗൃഹത്തുങ്കലിരുന്ന് ശോധനാദി ചെയ്തു പീഠം പൂജിച്ച് ദേവനെ ആവാഹിച്ച് ആവാഹനമുദ്രാദി വ്യാപകാംഗാദ്യ ലക്ഷണാന്തം ന്യസിച്ച് അർഘ്യാദിപുനരാചമനാന്തം ഉപചാരങ്ങളെ കൊടുത്ത്, പരിവാരാദ്യം തം ഇഷ്ട്വാ – പരിവാരപ്രസരണം ചെയ്ത് തത്തത് സ്ഥാനസ്ഥിതന്മാരായ പരിവാരങ്ങളോടു കൂടി സ്നാനം കൊടുത്തു പൂജിച്ചാൽ, കരകധാരാപാദേന കുംഭം അതു ആനയതു – ബ്രഹ്മകലശത്തുങ്കലെപ്പോലെ പാണി

കൊട്ടിച്ച് ദാനങ്ങളും ചെയ്ത കൎത്തിധാര മുമ്പായി മഹാകുംഭത്തെ എഴുന്നള്ളിച്ച് മുമ്പിൽ പീഠം പൂജിച്ച് അതിങ്കൽ വയ്പൂ. തേന പ്രോക്ഷ്യ — പിന്നെ പുണ്യാഹമന്ത്രംകൊണ്ടു ദേവങ്കൽ കലശജലത്തെ തളിച്ച്, ശമഗ്നോരിതി അഭിഷിച്യ അൎച്ചയേത് — പുരുഷസൂക്താദിഘോരമന്ത്രങ്ങളും ശന്നോദേവീയും അണോരണീയാൻ മഹതഃ ഇത്യാദിയും ജപിച്ച് കലശജലംകൊണ്ട് അഭിഷേകം ചെയ്ത് വ്യാപകാംഗാദി നീരാജനാന്തം ചെയ്ത് വസ്ത്രാദി ഉപഹാരങ്ങളെക്കൊണ്ടുള്ള സപരിവാരമായി പൂജിച്ചു നിവേദിച്ച് പ്രസന്നപൂജയും ചെയ്താൽ, അഥ ശേഷതഃ ധാമ്നഃ അന്തഃ ബഹിഃ ച സൈപഃ അമരാദിഃ ച പ്രോക്ഷേത് — ശ്രീകോവിലിന്റെ അകത്തും പുറത്തും ചുററമ്പലത്തിലും ശന്നോദേവ്യാദികൊണ്ടും ഇന്ദ്രാദി പരിവാരങ്ങളെ തത്തന്മന്ത്രംകൊണ്ടും ഇക്കലശത്തിലെ ശിഷ്ടമുള്ള വെള്ളം കൊണ്ടുപോയി തളിപ്പൂ. ഹരൌ ഇത്ഥം സ്യാത് — വിഷ്ണുവിങ്കൽ ഇങ്ങനെ മഹാകുംഭപ്രോക്ഷണം ഭവിക്കും.

അനന്തരം ശിവങ്കലെ മഹാകുംഭത്തെ പറയുന്നു:—

കൃത്വാ സ്വസ്തികഭദ്രകം തദിഹ മഹാകുംഭം ഹരേ പഞ്ചര—
ത്നാഢ്യം ബ്രഹ്മണിരന്തരേഷ്ട പരികുംഭാൻ ദിക്ഷു ചാപൂരയേത്
മന്ത്രീ ദ്രോണകലാംശകാദിസ്സജല തൈരസ്ത്രൈരന്ത്യൈർഘോരം സുധീഃ
സമ്പാതം ഹുതകൃശാനുശാന്ത്യുദകമേഷ്വാസിച്യ മന്ത്രാൻ
[ജപേത്. ൪൩

ഇഹ ഹരേ സ്വസ്തികഭദ്രകം കൃത്വാ — ഇവിടെ ശിവങ്കൽ സ്വസ്തികഭദ്രകമാകുന്ന പത്മത്തെ ഉണ്ടാക്കൂ. അതിന് പതിനെട്ടു പുടമിട്ടാൽ നാലു പദംകൊണ്ട് അഷ്ടദലത്തെയും അതിന്റെ ചുററുമുള്ള നാലു പുടങ്ങളെക്കൊണ്ടു ദിക്കുകളിലും കോണുകളിലുമായി എട്ടു സ്വസ്തികങ്ങളെയും അതിന്റെ പുറത്ത് ഒരു പുടംകൊണ്ടു വീഥിയേയും അതിനു പുറമെ രണ്ടു പുടംകൊണ്ട് ദ്വാരശോഭോപശോഭകളേയും ഉണ്ടാക്കൂ. കോണിന്റെ രണ്ടുപുറത്തും ഓരോ പദത്തെ അധികം വരുന്നതു അരിപ്പൊടികൊണ്ടു നിറപ്പൂ. ശേഷമൊക്കയും മുൻപോലെ പൊടികൾ നിറപ്പൂ. ഇങ്ങനെ പത്മമിട്ടു പീഠം വിരിച്ചാൽ ദേഹശുദ്ധ്യാദി ചെയ്ത് ബ്രഹ്മകലശംപോലെ മഹാകുംഭത്തിങ്കൽ പൂജ തുടങ്ങി, അന്തഃപഞ്ചരത്നാഢ്യം മഹാകുംഭം ബ്രഹ്മണിഃ — നടുവിലെ കലശത്തിങ്കൽ വിഷ്ണുവിങ്കലെ മുത്തു തുടങ്ങിയ

പഞ്ചരത്നങ്ങളെയും നാനാരത്നസമൂഹങ്ങളെയും ന്യസിച്ച് മാനസപൂരണം ചെയ്യുന്ന ജലദ്രോണിവെള്ളം എടുത്തു പൂജിച്ച് പഞ്ചബ്രഹ്മംകൊണ്ടു നിറപ്പൂ. ദിക്ഷു അഷ്ട പരികുംഭാൻ ആഗ്നേയാദി കലാഭിഃ ആപൂരയേത് – ബ്രഹ്മന്റെ ചുറവും എട്ടു ദിക്കിലും ഉള്ള പരികലശങ്ങളെ ആഗ്നേയാദികലകളെക്കൊണ്ടു നിറപ്പൂ. സുധീഃ മന്ത്രീ മധ്യേ ദേവേന്ദ്രഃ യഥാർഹം ഇജ്യ – സുധിയായിരിക്കുന്ന ആചാര്യൻ നടുവിലെ കലശത്തിൽ പീഠപാദകങ്ങളും പൂജിച്ച് മൂർത്ത്യാവാഹനവും ചെയ്ത് കലാവാഹനവും വിദ്യാമൂർത്തിയും തത്വങ്ങളെ മാവാഹിച്ചു പൂജിച്ച് ശേഷം നിറച്ച് പഞ്ചബ്രഹ്മവിധാനമായിട്ടു ദേവനെ ആവാഹിച്ചു പൂജിപ്പൂ. പരികലശങ്ങളിൽ ആഗ്നേയാദി കലകളെയും വെവ്വേറെ ആവാഹിച്ചു പൂജിച്ച് എല്ലാടവും വെവ്വേറെ നിവേദിച്ചു പ്രസന്നപൂജയും ചെയ്യുന്നു, ഹുതകൃത് ഏഷു സശാന്തിമൂലകം സമ്പാതം ആസിച്യ മന്ത്രാൻ ജപേത് – പിന്നെ ഹോമങ്ങളും ചെയ്തു പ്രണീതാജലസംയുക്തമായിരിക്കുന്ന സമ്പാതത്തെ ഇക്കലശങ്ങളിൽ സമർപ്പിച്ച് ഹോമമന്ത്രങ്ങളെ തൊട്ടു ജപിച്ചു കേൾപ്പൂ.

മധ്യേ ശാസ്താ സപൂർവൈർഗ്ഗുരുഭിരിതി സമിത്പായസാജ്യൈർഹവി-
[ർലാജാൻ
വ്യാശാസ്യ ത്ര്യംബകാദ്യേന ച സഹതിലരാജീഫലാന്ത്യാനിഷ്ഠാൻ
പ്രത്യേകം ചാഷ്ടയുക്താം ശതമിഹ സമിധോ ബ്രഹ്മസാലോക്ഷ-
[വാഃ സ്യുഃ
പശ്ചാത് പ്രാസാദസംസ്ഥം പ്രയജതു വിധിവത് കർമ്മവിൽ തം
[ച ദേവം. ൪൮

പിന്നെ അധിവാസഹോമങ്ങൾ പറഞ്ഞപോലെ നടുവിലെ ചതുരശ്രകുണ്ഡത്തിൽ അഗ്നിജനനം ചെയ്ത് അവിടെനിന്നു പ്രാഗാദി എട്ടുദിക്കിലെയും കുണ്ഡങ്ങളിൽ അഗ്നിയെ വിഹരിച്ച് ഗുരുമൂർത്തിപാലനാദി ക്രമിച്ച് അന്വാധാനം തുടങ്ങി എങ്കിലും ജ്യേഷ്ഠോപസ്ഥാനം തുടങ്ങി എങ്കിലും മൂലാഷ്ടാജ്യാഹുതിയും പൂർണ്ണാഹുതിയും കഴിയുവോളം ചെയ്യുന്നു, മധ്യേ ശാസ്താ സപൂർവൈഃ വ്യാശാസ്യ ത്ര്യംബകാദ്യേന ച – നടുവിലെ കുണ്ഡത്തിൽ ഈശാനനെക്കൊണ്ടും – കിഴക്കേതിൽ തത്പുരുഷനെക്കൊണ്ടും തെക്കേതിൽ അഘോരനെക്കൊണ്ടും പടിഞ്ഞാറേതിൽ സദ്യോജാതനെക്കൊണ്ടും വടക്കേതിൽ വാമദേവനെ

കൊണ്ടും കോണുകളിൽ ത്ര്യംബകായ ശർവ്വായ എന്ന മന്ത്രം കൊണ്ടും, സമിത്പായസസർപ്പിസ്തിലലാജാൻ സസിതതിലരാജീഫലാൻ ആജ്യനിഷ്ഠാൻ – ചമതയും പായസവും നെയ്യും മലരും എള്ളും കടുകും ഫലീകരണവും നെയ്യും, പ്രത്യേകം അഷ്ടയുതശതം ജുഹുയാത് – എല്ലാവറും ഈ ദ്രവ്യങ്ങളെ നൂറ്റിയെട്ടീതു ഹോമിപ്പൂ. ഇഹ സമിധഃ പ്രാദേശമാത്ര്യോ ഭവേയുഃ സ്യുഃ – ഇവിടെ ചമതകൾ എല്ലാടവും പ്ലാശു തന്നെ വേണ്ടും. പിന്നെ സ്വിഷ്ടകൃദാദിഹോമം മുടിച്ചു സമ്പാതത്തെ കലശങ്ങളിലൊക്കെയും സമർപ്പിച്ചു ഹോമിപ്പൂ. അരിപ്പൊടി ഉരുട്ടി നെയ്യിൽ വറുത്തതു ഫലീകരണം. പശ്ചാത് കർമ്മവിത് പ്രാസാദസംസ്ഥം തം ദേവം വിധിവത് പ്രയജേത് – പിന്നെ കർമ്മങ്ങളെ ശീലിക്കുന്ന ആചാര്യൻ ഗർഭഗൃഹത്തിങ്കൽ ചെന്നു ദേവനെ വിധിവണ്ണം പൂജിച്ച് പ്രസന്നപൂജ കഴിഞ്ഞാൽ ബിംബത്തിങ്കലും സമ്പാതം സ്പർശിപ്പൂ.

സദ്യോ വാപരേദ്യുർവ്വിധിവദപചിതേ പീഠ ആവാഹ്യ ദേവം
സ്നാനാന്തം പ്രാപ്യ സംസ്ഥാപയേദ് മന്ത്രവിദ്ദേവം മഹാകുംഭ-
[തോയൈഃ
പൂജാശേഷം ച കൃത്വാഥ തൂർയ്യപാലകൈരഷ്ടമൂർത്ത്യാദി സർവ്വം
സംസ്ഥാപ്യാവസ്ത്രേണായതനമപി പ്രോക്ഷ്യ രക്ഷേദി-
[തീശേ. ൪൭

സദ്യഃ വാ ഉത അപരേദ്യുഃ വാ – ഇങ്ങനെ പൂജ കഴിഞ്ഞാൽ അപ്പോഴേ തന്നെ എങ്കിലും പിറ്റേ ദിവസം നേരത്തു എങ്കിലും, മന്ത്രവിത് – മന്ത്രജ്ഞനായ ആചാര്യൻ, അപചിതേ പീഠേ ദേവം ആവാഹ്യ – പൂജിച്ചിരിക്കുന്ന പീഠത്തിങ്കൽ ദേവനെ ആവാഹിച്ച്, സ്നാനാന്തം പ്രാപ്യ – ആവാഹനമുദ്രാദി സകളീകരിച്ചു സ്നാനാന്തമായ ഉപചാരങ്ങളേയും കൊടുത്ത്, മഹാകുംഭതോയൈഃ തൂർയ്യപാലകൈഃ ഏനം ദേവം സംസ്ഥാപയേത് – ബ്രഹ്മകലശത്തിങ്കലെപ്പോലെ പാണി കൊട്ടിച്ചു മഹാകുംഭത്തെയും പരികലശങ്ങളേയും എടുത്തുകൊണ്ടുപോയി ദേവനെ അഭിഷേകവും ചെയ്തു വ്യാപകത്വപ്രത്യാശാദി നീരാജനാന്തം ചെയ്തു പായസത്തെ നിവേദിച്ച്, പൂജാശേഷം ച കൃത്വാ – വസ്ത്രാദി കൊടുത്തു മൂർത്തിപൂജയും നിവേദ്യവും പ്രസന്നപൂജയും ചെയ്വൂ. അഥ അവസ്ത്രേണ അഷ്ടമൂർത്ത്യാദി സർവ്വം സംസ്ഥാപ്യ ആയതനവും അപി പ്രോക്ഷ്യ രക്ഷേത് – പിന്നെ പരികലശശിഷ്ടംകൊണ്ട്

ഇന്ദ്രാദികളേയും നനച്ച് അവസ്രാവജലംകൊണ്ട് പ്രാസാദമണ്ഡപാന്തഹാരാദിസ്ഥലങ്ങളേയും തളിച്ചു രക്ഷിപ്പൂ. ഇതി ഇത്ഥം — ഇപ്രകാരം ശിവബലിമഹാകർമ്മപ്രകാരം.

അനന്തരം പുണ്യാഹശുദ്ധ്യാദികളെ ചൊല്ലുന്നു—

കൃത്വാ ഷഡ്ദളമണ്ഡലം ശിഖിമുഖദ്രവ്യാഢ്യമത്രേഷ്ഠകേ
കൌമാരം കലശം പുരോവദഭിപൂജ്യാവാഹ്യ ചാർഘ്യാദിഭിഃ
പുണ്യാഹം സ്നപനേ വിധായ പരിപൂജ്യാഥ ശേഷം തതോ-
[ഭ്യർച്ച്യഥേദ്
ഗവ്യം തത്സവിധേ വിധായ വികിരന്നസ്ത്രേണ സംസാധയേത്.
[൪ന്ന

അത്ര ഇത്യാദി — ഇവിടെ സ്നപനപക്ഷത്തിങ്കൽ, ഷഡ്ദളമണ്ഡലം കൃത്വാ — ഷഡ്ദളമാകുന്ന പത്മത്തെ ഉണ്ടാക്കി പീഠം വിരിച്ച് കലശത്തെയും കമത്തിയാൽ, കൌമാരം കലശം ശിഖിമുഖദ്രവ്യാഢ്യം പുരോവത് അഭിപൂജ്യ — കൌമാരകലശത്തിങ്കലെപ്പോലെ പീഠം പൂജിച്ചാൽ ബ്രഹ്മണേ നമഃ [1]രുദ്രായ നമഃ ഗണപതയേ നമഃ വിഷ്ണവേ നമഃ ഈശാനായ നമഃ ശാസ്ത്രേ നമഃ ഈ മന്ത്രങ്ങളെക്കൊണ്ടു ഷഡ്ദളത്തിൽ പൂജിച്ചു ശക്ത്യാവാഹനാദി കലശസംസ്കാരവും ത്രികലാന്യാസവും കലാവാഹനവും കൂർച്ചന്യാസവും ചെയ്ത് നവരത്നസുവർണ്ണം ന്യസിച്ചു മാനസപൂജനം ചെയ്ത് ●ചദ്രോണിവെള്ളംകൊണ്ടു നിറച്ചാൽ സ്വർണ്ണംകൊണ്ട് ഉണ്ടാക്കിയ താമരപ്പൂവും ശംഖവും മയിലും കോഴിയും വജ്രവും ന്യസിച്ച് ദിക്പാലകന്മാരെ പൂജിച്ച് ക്ഷേത്രജ്ഞനെ തത്ര ആവാഹിച്ചു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്തു മൂലംകൊണ്ട്, ആവാഹ്യ അർഘ്യാദിഭിഃ — ആവാഹിച്ചു സകളീകരിച്ചു സ്നാനാന്തമായ ഉപചാരങ്ങളെ കൊടുപ്പൂ. സ്നപനേ പുണ്യാഹം വിധായ — സ്നാനത്തിങ്കൽ പുണ്യാഹത്തെ ഉണ്ടാക്കി സ്വസ്വമന്ത്രദേവതാ എന്ന വിശേഷം കൂടി പുണ്യാഹം തളിച്ച്, അഥ ശേഷതഃ പരിപൂജ്യ - പുണ്യാഹശേഷമുള്ള വെള്ളം കലശത്തിൽ നിറച്ച്, അഭ്യർച്ചയേത് - വസ്ത്രാദ്യുപചാരങ്ങളെക്കൊടുത്തു പൂജിച്ചു നിവേദിച്ച് പ്രസന്നപൂജയും ചെയ്വൂ. ഇവിടെ പരിവാരപൂജയിങ്കൽ ഇന്ദ്രാദിപത്തും കഴിഞ്ഞാൽ ആദിത്യേഭ്യോ നമഃ, അശ്വിഭ്യാം നമഃ, പിതൃ

1. രുദ്രാണ്യൈ നമഃ എന്നും പാഠമുണ്ട്.

ഭ്യോ നമഃ, ഗണപതയേ നമഃ, മാതൃഭ്യോ നമഃ, അപ്സരോഭ്യോ നമഃ, വസുഭ്യോ നമഃ, അഗ്രേഭ്യോ നമഃ ഈ എട്ടു മന്ത്രങ്ങളെയും ജയന്താദ്യന്തരാളങ്ങളിൽ പൂജിച്ച് വജ്രാദിനിർമ്മാല്യധാര്യന്തം പൂജിപ്പൂ. പിന്നെ, തത്സവിധേ ഗവ്യം വികിരം ച നിധായ അസ്ത്രേണ സംസ്ഥാപയേത് – കലശത്തിന്റെ രണ്ടുപുറത്തും ഓരോ സ്വസ്തികപത്മമുള്ളതിൽ ഇടത്തു പഞ്ചഗവ്യത്തെയും വലത്ത് വികിരത്തെയും ഓരോ പാത്രത്തിൽ വച്ച് അസ്ത്രംകൊണ്ടു പൂജിച്ച് തൊട്ടു ജപിച്ച് രക്ഷിപ്പൂ.

വികിരമിഹ വ്രീഹിയവം തിലതണ്ഡുലമാഷസർഷപാശ്ച തഥാ
ദൂർവാദർഭകുശാഗ്രം തുളസീദലനളിനകേസരം ചാഹുഃ. ൪൧

ഇഹ – ഇവിടെ, വ്രീഹിയവം – നെല്ലും യവവും, തിലതണ്ഡുലമാഷസർഷപാശ്ച – എള്ളും അരിയും ഉഴുന്നും കടുകും, തഥാ ദൂർവാദർഭകുശാഗ്രം – കറുകനാമ്പും ദർഭാഗ്രവും കുശാഗ്രവും, തുളസീദലനളിനകേസരം ച – തുളസിപ്പൂവും താമരപ്പൂവും, വികിരം ആഹുഃ – ഈ പതിനൊന്നും കൂടിയതു വികിരമാകുന്നു.

ആദ്യം ഭൈദ്രം ഘടമഭിമൃശന്തോ ജിജ്ഞം ശാകുനം ച
സ്വസ്തിസ്ത്രീദൈവതമപി ജപേയുഃ ശമാദ്യം നൃസംജ്ഞം
സൂക്തം യസ്മിൻപ്രഭൃതികമഥോ വാതമാദ്യം ഛവിമൂലം
സാംഗം ഗായത്ര്യർണ്ണമപി തഥാ ഷഡ്ഭിഷണ്ണാമതാരാൻ. ൪൨

ഘടം അഭിമൃശന്തഃ – ആചാര്യനും പരികർമ്മികളും കൂടി കലശത്തെ പുൽകൊണ്ട് തൊട്ട്, ആദ്യം ഭൈദ്രം – വേദാദിസൂക്തവും ഭദ്രസൂക്തവും, ജിജ്ഞം ശാകുനം ച – കമാരസൂക്തവും കനിക്രദാദിശാകുനസൂക്തവും, സ്വസ്തിസ്ത്രീദൈവതം അപി – സ്വസ്തിസൂക്തവും സ്ത്രീസൂക്തവും, ശമാദ്യം നൃസംജ്ഞം സൂക്തം – ശന്നസ്സൂക്തവും പുരുഷസൂക്തവും, യസ്മിൻപ്രഭൃതികം വാതമാദ്യം "യസ്മിൻ വൃക്ഷേ സുപലാശേ" എന്ന സൂക്തവും "വാത ആവാതു ഭേഷജം" ഇത്യാദി ആറ് വർഗ്ഗവും, ഛവിമൂലം സാംഗം – മൂലവും ഉപചാരവും ഈ രണ്ടിന്റെ അംഗവും, ഗായത്ര്യർണ്ണം അപി – സുബ്രഹ്മണ്യന്റെ ഗായത്രിയും, ഷഡ്ഭിഷട്ട് നാമതാരാൻ – ഷണ്മന്ത്രങ്ങളും ഷോഡശനാമങ്ങളും പ്രണവവും, ജപേയുഃ – ക്രമേണ ജപിപ്പൂ.

സ്നാനേ തത്കലശേന ദേവമഭിഷിച്യാബ്ലിംഗമൂലാദ്യയൈ-
സ്തച്ചൂർണ്ണേന കശാദിജദ്രുമശമീശാഖാഗ്രകൈഃ പ്രോക്ഷ്യ ച
ഗവ്യോക്ഷാം വികിരാർപ്പണം ച സ്വവിധായൈതത്ത്രിശേഷാ-
[ർപ്പണം
കൃത്വാ തത്പരിഷത്സ ശേഷജലി ചാഥോ ദേവമഭ്യർച്ചയേത്.
[ർൻ

സ്നാനേ — പിന്നെ അകത്തു ചെന്ന് ദേവങ്കൽ പൂജ തുടങ്ങി സ്നാനകാലത്ത് അഭിഷേകം ചെയ്തു പുറത്തുവന്ന് പീഠാദി ഉദ്വസിച്ച കലശത്തെയും ഗവ്യവികിരങ്ങളെയും അകത്തുകൊണ്ടുപോയി, തത്കലശേന ദേവം അഭിഷിച്യ — നീരാജനമുഴിഞ്ഞു പ്രണവോപചാരപുണ്യാഹമന്ത്രങ്ങളെ ജപിച്ച് കലശജലത്തെ മുക്കാലും ആടി ശേഷം ജലത്തോടു കൂടി മുമ്പിൽവച്ച്, തച്ചൂർണ്ണേന അബ്ലിംഗ മൂലാദ്യയൈഃ കശചിജശമീശാഖാഗ്രകൈഃ പ്രോക്ഷ്യ — പുണ്യാഹവും മൂലമന്ത്രങ്ങളും ജപിച്ച് പിലാശിന്റെ തൊലും വഹ്നി ഇലയും പുല്ലും കൂടി പിടിച്ചതുകൊണ്ടു ബിംബത്തിങ്കൽ തളിച്ച്, ഗവ്യോക്ഷാം വികിരാർപ്പണം ച സ്വവിധായ — അസ്ത്രം ജപിച്ച പഞ്ചഗവ്യത്തെയും തളിച്ച വികിരത്തെയും വിതറി ശേഷം ജലവുമാടി വ്യാപകാംഗം ചെയ്തു പുറത്തു വന്ന തത്പരിഷത്സ ശേഷജലി ച എന്നതൽ ത്രിശേഷാർപ്പണം കൃത്വാ — ദ്വാഃസ്ഥാദിപരിവാരങ്ങൾക്കും നിർമ്മാല്യധാരിക്കും കലശശേഷത്തെയും പഞ്ചഗവ്യത്തെയും തളിച്ച് വികിരവും വിതറി അകത്തു വന്നാൽ, അഥോ ദേവം അഭ്യർച്ചയേത് — പിന്നെ ദേവങ്കൽ വസ്ത്രാദ്യുപചാരങ്ങളെക്കൊണ്ടു സപരിവാരമായി പൂജിച്ച് പ്രസന്നപൂജയും ചെയ്വൂ. ഇങ്ങനെ സുബ്രഹ്മണ്യങ്കലെ മഹാകുംഭപ്രോക്ഷണം.

നിമിത്തവിത്താല്പപാതികസ്വല്പാ
പാരായണാദ്യം പ്രവിധായ ചൈവം
സാമാന്യശുദ്ധിം വിദധീത തത്ത-
ദ്ദോഷോപശാന്ത്യൈ വിഹിതാം ഹുതം ച. ൫൦

നിമിത്തവിത്താല്പപാതികസ്വല്പാ വാ — അന്ത്യാദികളുടെയും ക്ഷേത്രത്തിങ്കലെ ദ്രവ്യപുഷ്ടിയേയും കാലദേശാവസ്ഥയെയുമറിഞ്ഞ് പാരായണാദ്യം സാമാന്യശുദ്ധിം — ധാര തുടങ്ങിയാൽ ചുറവും വേദഘോഷങ്ങളോടും കൂടി സാമാന്യമായി പറഞ്ഞ ശുദ്ധി

കളേയും, തത്തല്ലോഷോപശാന്ത്യൈ വിഹിതം ഹുതം ച വിള
ധിതം — മുകളിൽ അതാതു ദോഷങ്ങൾക്ക് പ്രത്യേകമായിട്ട വിധി
ക്കുന്ന ഹോമങ്ങളേയും ചെയ്വൂ.

അനന്തരം പ്രായശ്ചിത്തഹോമത്തെപ്പറയുന്നു:-

തത്രാഗ്രതോഽഗ്നിം പ്രജനയ്യ കുണ്ഡേ
തത്പാർശ്വദേശേ കലശം പ്രപൂജ്യ
കുര്യാത് കൃശാനൗ പരിധാനപക്വ-
ഹോമാച്ച്യനാമന്ത്രാഹുതിക്രിയാദ്യം ൭൭

തത്ര അഗ്രതഃ കുണ്ഡേ അഗ്നിം പ്രജനയ്യ - അവിടെ ദേവ
ന്റെ മുമ്പിൽ ചതുരശ്രകുണ്ഡത്തിങ്കൽ അഗ്നിജനനത്തെ ചെയ്തു
അന്വാധാനാദി ഹോമം തുടങ്ങി ഹവിസ്സു വാങ്ങിയാൽ, തത്
പാർശ്വദേശേ കലശം പ്രപൂജ്യ - തെക്കെ പുറത്തെ സ്വസ്തികപ
ത്മത്തിങ്കൽ ഒരു കലശത്തെയും പൂജിച്ചാൽ, കൃശാനൗ പരിധാന
പക്വഹോമാർച്ചനാമന്ത്രാഹുതിക്രിയാദ്യം കുര്യാത് - ഹോമത്തി
ങ്കൽ പരിധി വച്ചു തുടങ്ങി ഇധ്മത്തോളവും ചെയ്തു പീഠപൂജ
തുടങ്ങി നിവേദ്യസ്ഥാനത്ത് ഇധ്മാദി ചക്ഷുഷ്യാന്തവും പം
മന്ത്രാജ്യാഹുതിയും പക്വഹോമവും പൂജാമന്ത്രാജ്യാഹുതിപൂർണ്ണാഹു
തിയും മൂലാഷ്ടാവൃത്ത്യാഹുതിപൂർണ്ണാഹുതിയും ചെയ്വൂ.

മന്ത്രൈഃ പഞ്ചകഷോഡശൈസ്ത്രിഗുണസാഹസ്രം ഘൃതം സാ
[ഷ്ടകം
സാഹസ്രം സമിദാജ്യശാലിതിലലാജാനാം പൃഥക് മൂലതഃ
ഭൂതാദ്യൈർജ്ജുഹുയാത് പലാശസമിധോഽഥ ചാമരോർദ്ധം ശതം
സാവിത്ര്യാഷ്ടശതം സദുഗ്ധദധിമധ്വാജ്യാനി ചാന്തേ പൃഥക്.
[൭൮

പഞ്ചകഷോഡശൈഃ മന്ത്രൈഃ ത്രിഗുണസാഹസ്രം ഘൃതം
പഞ്ചകം പൂജിപ്പാൻ പറഞ്ഞ പഞ്ചാനനങ്ങളെക്കൊണ്ടും
ശിവങ്കൽ ഈശാദിപഞ്ചബ്രഹ്മംകൊണ്ടും അർച്ചന, ആവൃത്തിയാ
യിട്ട് മൂവായിരം ആജ്യാഹുതി ചെയ്തു, മൂലതഃ സമിദാജ്യശാലിതില
ലാജാനാം സാഹസ്രം ച - തന്റെ മൂലമന്ത്രംകൊണ്ടു ചമതയും
നെയ്യും നെല്ലും എള്ളും മലരും ആയിരത്തെട്ട് ഉരുവും ഹോമി
ച്ചാൽ അഥ ഭൂതാദ്യൈഃ പലാശസമിധഃ ചാമരോർദ്ധം ശതം —

പിന്നെ വ്യാഹൃതികൊണ്ട് ഇരുപത്തെട്ട് ആവൃത്തിയായിട്ട് പ്ലക്ഷിൻ ചമതകളെ ആററിപ്പത്തെണ്ണം ഹോമിച്ച്, സാവിത്ര്യാ അന്തേ പ്ലക്ഷസ്യ സദ്ഗുഡധിമധ്വാജ്യാനി ച ജുഹുയാത് - പിന്നെ "തത്സവിതുർവ്വരേണ്യം" എന്നതുകൊണ്ട് ഒടുക്കം വെവ്വേറെ പാലും തൈരും തേനും നെയ്യും ഹോമിപ്പൂ. പിന്നെ സ്വിഷ്ടകൃദാദി ഹോമിച്ച് പ്രസന്നപൂജയും ചെയ്ത് സമ്പാതം കലശങ്ങളിലാക്കി അഗ്നിചൈതന്യത്തെ കലശത്തിൽ ഉദ്വാസിച്ച് വ്യാപകാംഗവും ശോഷണാദിത്രിതയവും ചെയ്ത് നിവേദിച്ച് രക്ഷിപ്പൂ. പിന്നെ ദേവങ്കൽ തുടങ്ങി സ്നാനകാലത്തെ ഹോമകലശമാടി വസ്ത്രാദ്യുപഹാരങ്ങളെ കൊടുത്തു പൂജിപ്പൂ.

ഏകത്രേതി സമന്തതോ/സ്യ ചതസൃഷ്വാശാസ്വഥാഷ്ടാസു വാ
തത്തദ്രാശിഷു വാ വിഹൃത്യ ദഹനം കുണ്ഡേഷു തന്മന്ത്രതഃ
തത്തദ്ദോഷബലാബലാനുസരണാദ്ധുത്വാ സമൂഹക്രമാ-
ന്മന്ത്രീ തത്കലശൈരഥ സ്നാപയേദ് ദേവം ച മധ്വാദിഭിഃ. [൭൩

തത്തദ്ദോഷബലാബലാനുസരണാത് - അതാതു ദോഷങ്ങളുടെ ഗുരുലാഘവങ്ങളെ അനുസരിച്ച്, മന്ത്രീ ഇതി ഏകത്ര വാ - ഇപ്രകാരം ഒരേടത്തു തന്നെ ഹോമത്തെ ചെയ്ക എങ്കിലു്, അസ്യ സമന്തതഃ ചതസൃഷു ആശാസു വാ - ഈ ഹോമത്തിന്റെ നാലുദിക്കിലും കൂടിയും, അഷ്ടാസു വാ - എട്ടു ദിക്കിലും കൂടിയും, തത്തദ്രാശിഷു വാ - മേഷാദി പന്ത്രണ്ടു രാശിസ്ഥാനങ്ങളിൽ കൂടിയും, തന്മന്ത്രതഃ കുണ്ഡേഷു ദഹനം വിഹൃത്യ - അവിടെയ്ക്കു യോഗ്യമായിരിക്കുന്ന മൂർത്തിമന്ത്രങ്ങളെക്കൊണ്ടും മധ്യകുണ്ഡത്തുങ്കലെ ആ അഗ്നിയെ വിഹരിച്ച്, സമൂഹക്രമാത് ഹുത്വാ - പറഞ്ഞ ക്രമേണ എല്ലാക്കുണ്ഡങ്ങളിലും ഹോമത്തെച്ചെയ്ത് അഥ മധ്വാദിഭിഃ കലശൈഃ ദേവം സ്നാപയേത് - പൂജ തുടങ്ങി സ്നാനകാലമധ്വാദികളായിട്ട് ഹോമകലശങ്ങളെക്കൊണ്ട് ദേവനെ അഭിഷേകം ചെയ്ത് വ്യാപകാംഗാദിനീരാജനാന്തം ചെയ്ത് വസ്ത്രാദ്യുപഹാരങ്ങളെക്കൊടുത്തു പൂജിപ്പൂ.

ബ്രഹ്മേജ്യാസ്തു സമിധോ ഹുതകുണ്ഡഹോമ്യാ-
സ്താ വാ സപത്രാരണളവോ/ഥ ചതുർഭിരാശാ
ഈശാദിവാസവിഹിതാശ്ച തഥാഷ്ടഭിശ്ച
പാലാശ്യ ഏവ ദഹനേഷു പുനർദ്വപാക്ഷേ സ്യു. ൭൪

ഈശകുണ്ഡഹോമ്യാഃ ബ്രഹ്മവൃക്ഷാഃ സമിധഃ – ആചാര്യകുണ്ഡത്തിങ്കൽ എല്ലാറ്റിലും പ്ലാശിൻചമതകൾ തന്നെ ഹോമിപ്പൂ. ചതുർദ്ദിശാസു തഥാ വാ സ്വതോരണോത്ഥാഃ – നാലു ദിക്കുകളിൽ കൂടെ ഹോമിക്കുമ്പോൾ പ്ലാശു തന്നെ എങ്കിലും തോരണത്തിങ്കൽ പറഞ്ഞ ക്രമം പോലെ നാല്പാമരങ്ങളുടെ ചമതകൾ എങ്കിലുമാം. അഷ്ടദിക്ഷു ഈശാധിവാസവിഹിതാഃ – എട്ടു ദിക്കുകളിൽ ഹോമിക്കുമ്പോൾ ശിവന്റെ അധിവാസഹോമത്തിങ്കൽ പറഞ്ഞ ചമതകൾ എട്ടും എടുപ്പൂ. ക്രമം പോലെ നാല്പാമരവും. പുനഃ ദ്വാദശസു പാലാശ്യഃ ഏവ – പിന്നെ പന്ത്രണ്ടു ഹോമങ്ങളാകുമ്പോൾ എല്ലാ കുണ്ഡങ്ങളിലും പ്ലാശിൻചമതകൾ തന്നെ.

പതനാദിഷു ദോഷേഷു പ്രകരോതു ഹരൌ ഹരേ ച ഹുതമേവം
ശിവശാർങ്ഗിണ്യുഭയോർ വൈ ശേഷേഷ്വപി കൈശ്ചിദിഷ്യതേ ക്വചിത്. ൭൭

പതനാദിഷു ദോഷേഷു – പതനാദികളായിരിക്കുന്ന അശുദ്ധികളിൽ, ഹരൌ ഹരേ ച ഏവം ഹുതം പ്രകരോതു – വിഷ്ണുവിങ്കലും ശിവങ്കലും ഇവണ്ണം പറഞ്ഞ പ്രായശ്ചിത്തഹോമത്തെ ചെയ്യേണം. ശിവശാർങ്ഗിണി ഉഭയം വൈ – ശങ്കരനാരായണങ്കൽ ശിവന്നു പറഞ്ഞപോലെയും വിഷ്ണുവിന്നു പറഞ്ഞപോലെയും രണ്ടു വിധം ചെയ്‌വൂ. ശേഷേഷു ക്വചിത് കൈശ്ചിത് ഇഷ്യതേ – ശേഷമുള്ള ദേവന്മാരിൽ ദുർഗ്ഗയ്ക്കും ഗണപതിക്കും ശാസ്താവിന്നും ചില ആചാര്യന്മാരാൽ ഈ പ്രായശ്ചിത്തഹോമം ചെയ്യപ്പെടുന്നു. സുബ്രഹ്മണ്യങ്കൽ വേറെ പറയുന്നതു ചെയ്താൽ മതി.

അനന്തരം മൂർത്തിയിങ്കലെ ശുദ്ധപ്രായശ്ചിത്തഹോമത്തെ പറയുന്നു:—

പ്രാസാദസ്യ ത്രികോണം ശശിദിശി യമദിശ്യർദ്ധചന്ദ്രാഭമേതത്
കുണ്ഡം ദോഷേ ഗളിതേ ഹരിവദനാദിഭേദോത്ഥാപി തത്ത്വത്രയേണ
കൃത്വാ സ്വാധ്യായ വഹ്നിം പൃഥഗുപജനയിത്വാഥ തസ്മിൻ കുമാര്യാം
തത്തദ്ഭേദാ മൂർത്തിപാദൈശ്ച ലോകേശ്വരസ്ഥ ഹവനകമന്ത്രാദി–
ക്രമേണ. ൭൮

കുമാര്യാം – മൂർത്തിയിങ്കൽ, പ്രാസാദസ്യ ശശിദിശി ത്രികോണം യമദിശി അർദ്ധചന്ദ്രാഭം – പ്രാസാദത്തിന്റെ വടക്കുഭാഗത്തു അ

മ്പലത്തിൽ ത്രികോണമായിട്ടും തെക്കെ അമ്പലത്തിൽ അർദ്ധചന്ദ്രാകൃതിയായിട്ടും, ഏതുതന്നെ കുണ്ഡം — തന്ത്രികളെല്ലാം പറഞ്ഞിരിക്കുന്ന കുണ്ഡത്തെ ഉണ്ടാക്കൂ. ശരിയ്ക്കു ... വലുതായിരിക്കുന്ന ദോഷങ്ങൾ, പരിവർജ്ജിതോ ച തുല്യത്വാത്തെ കുണ്ഡ കൃത്വാ — കിഴക്കെ അമ്പലത്തിൽ ചതുരശ്രമായിട്ടും പടിഞ്ഞാറെ അമ്പലത്തിൽ വൃത്തമായിട്ടും കുണ്ഡങ്ങളെ ഉണ്ടാക്കിച്ച്; അത്ര പൃഥക് വഹ്നിം ആധായ ഉക്തരീത്യാ അഗ്നിം ജനയിത്വാ — ഈ കുണ്ഡങ്ങളിൽ വെവ്വേറെ തീയുമിട്ട് അഗ്നിജനനത്തെ പറഞ്ഞ പോലെ നാലിടത്തും ചെയ്യേണ്ടൽ തന്ത്രജ്ഞാൻ മൂർത്തിപാലൈഃ ഉത്തരാദിക്രമേണ ഹവനകർമ്മചര — തന്ത്രജ്ഞനായിരിക്കുന്ന ആചാര്യൻ പരികർമ്മികളോടും കൂടി വടക്കുതുടങ്ങി പ്രദക്ഷിണക്രമേണ നാലു കുണ്ഡങ്ങളിൽ താൻ ... കുണ്ഡങ്ങളിലായിട്ട് താൻ ഹോമങ്ങളെ ചെയ്യൂ.

ഹുത്വാഽത്ര പ്രഥമം ദിഗ്ഘുതശതം ഭർഗ്ഗാദിഭിരാജ്യം തതോ
ജാതാദ്യൈർന്നിജമൂലതശ്ച പ്രതനാദ്യൈശ്ച ത്രിഭിർവ്യുത്ക്രമാത്
മന്ത്രൈരഷ്ടശതം ഹുനേത് ഖദിരവിപ്രാശത്ഥകല്പകജ്ജാ
തൈര്യഗ്രോധമയൂരബില്വസമിധഃ സൌമ്യംവഹിഃ സാജ്യലീഃ. ൧൬

ഇവിടെ അന്വാധാനാദിഹോമം തുടങ്ങി പരിധികളെ മുമ്പ് ദിക്ക് ഒറ്റക്കലശവും പൂജിച്ച് പരിധ്യാദിമൂലാഷ്ടാജ്യാഹുത്യന്തം ചെയ്യേണ്ടാൽ, അത്ര പ്രഥമം ഭർഗ്ഗാദിഃ ദിഗ്ഘുതശതം ആജ്യം ഹുത്വാ — ഇവിടെ മുമ്പിൽ ജാതാദിപഞ്ചദുർഗ്ഗകളെക്കൊണ്ട് ഇരുപത്തിരണ്ട് ആവൃത്തിയായിട്ട് നൂററിപ്പത്ത് ഉരു ആജ്യാഹുതിചെയ്യൂ, തതഃ ജാതാദ്യൈഃ നിജമൂലതഃ ച വ്യുത്ക്രമാത് പ്രതനാദ്യൈഃ ത്രിഭിഃ ച മന്ത്രൈഃ — പിന്നെ ജാതവേദസേ ഇത്യാദി പഞ്ചദുർഗ്ഗയുടെ ജപങ്ങൾ വെവ്വേറെ അഞ്ചുകൊണ്ടും ദുർഗ്ഗയുടെ മൂലംകൊണ്ടും പിന്നെ കീഴ്‌പോട്ടായിട്ട് 'പ്രതനാജിതം' എന്നും 'വിശ്വാനി നോ ദുർഗ്ഗഹാ' എന്നും 'അഗ്നേ ത്വം പാരയാ നവ്യ' എന്നും ഈ മൂന്നും ഇങ്ങനെ ഒമ്പതുമന്ത്രങ്ങളെക്കൊണ്ടും, ഖദിരവിപ്രാശത്ഥകല്പകജ്ജാതൈഃ ന്യഗ്രോധമയൂരബില്വസമിധഃ സൌമ്യംവഹിഃ സാജ്യലീഃ അഷ്ടശതം ഹുനേത് — കരിങ്ങാലിച്ചമതയും പ്ലാശിൻ ചമതയും അരയാൽ ചമതയും ഇത്തിച്ചമതയും പേരാൽച്ചമതയും

കടലാടിച്ചമതയും കൂവളച്ചമതയും അത്തിച്ചമതയും തൊട്ടാവാടി സമൂലവും ഈ ഒമ്പതു ദ്രവ്യങ്ങളേയും മന്ത്രക്രമേണ നൂറെട്ടീതു ഹോമിപ്പൂ.

തിലസർഷപനീവാരാൻ മൂലേന ദധിമാക്ഷികം
ആജ്യം ച മൃത്യുഞ്ജയതോ ജുഹുയാത്താവദന്തതഃ. ൭൮

മൂലേന തിലസർഷപനീവാരാൻ — മൂലംകൊണ്ട് എള്ളിനേയും കടുകിനേയും വരിനെല്ലിനേയും, അന്തതഃ മൃത്യുഞ്ജയതഃ ദധിമാക്ഷികം ആജ്യം ച താവത് ജുഹുയാത് — മൃത്യുഞ്ജയമന്ത്രം കൊണ്ട് തൈരും തേനും നെയ്യും ഇവ ആറുദ്രവ്യങ്ങളേയും നൂറെട്ടീതു ഹോമിച്ചു പിന്നെ സ്വിഷ്ടകൃദാദിഹോമത്തേയും ചെയ്‌വൂ.

സംവമാദിസമിദ്ധേന ഹുതാന്തേ തദ്ഘടേന താം
ദോഷോചിതഹുതാഭിജ്ഞോ മന്ത്രീ സംസ്ഥാപ്യ പൂജയേത്
[൭൯

ദോഷോചിതഹുതാഭിജ്ഞഃ മന്ത്രീ — ദോഷങ്ങൾക്ക് ഉചിതങ്ങളായിരിക്കുന്ന ഹോമങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യൻ, ഹുതാന്തേ തദ്ഘടേന താം സംസ്ഥാപ്യ പൂജയേത് — ഹോമാവസാനത്തിങ്കൽ ദേവങ്കൽ വെവ്വേറെ പൂജിച്ചു സ്നാനകാലത്തു വടക്കാ മിയായി ഹോമകലശങ്ങളെക്കൊണ്ട് അഭിഷേകം ചെയ്തു വസ്ത്രാദ്യുപചാരങ്ങളെ കൊടുത്തു വെവ്വേറെ പൂജിപ്പൂ.

അനന്തരം പ്രോക്തഹോമത്തെ പറയുന്നു:—

അർദ്ധേന്ദുരൂപേ ദിശി ദക്ഷിണസ്യാം
സുരാലയസ്യാരചിതേഽഗ്നികുണ്ഡേ
മഹേശവിഷ്ണ്വീശഗുഹപ്രദേശ-
വിഘ്നേശചാരേഷു പ്രഥമം ജുഹോതു. ൮൦

മഹേശവിഷ്ണ്വീശഗുഹപ്രദേശവിഘ്നേശചാരേഷു — ശിവങ്കലും ശങ്കരനാരായണങ്കലും സുബ്രഹ്മണ്യങ്കലും ശാസ്താവിങ്കലും ഗണപതിയിങ്കലും, സുരാലയസ്യ ദക്ഷിണസ്യാം ദിശി അർദ്ധേന്ദുരൂപേ ആരചിതേ അഗ്നികുണ്ഡേ — ശ്രീകോവിലിന്റെ തെക്കുഭാഗത്ത് അമ്പലത്തിൽ അർദ്ധചന്ദ്രാകാരമായിട്ട് ഉണ്ടാക്കിയിരിക്കുന്ന ഹോമകുണ്ഡത്തിങ്കൽ, പ്രഥമം ജുഹോതു — പ്രായശ്ചിത്തഹോമത്തിന്റെ മുമ്പിൽ പ്രോക്തഹോമത്തെ ചെയ്യണം.

ശിവന്റെ സംസ്കാരങ്ങളെ വിശേഷിച്ചു പറയുന്നു:—

വജ്രാണോല്ലിഖിതേ/സ്ത്രമന്ത്രവിഹിതോക്ഷേ/ത്രാഞ്ചിതേ വിഷ്ടരേ
സ്ഥാണോഃ സേശഹരെരു സവാമലവനേശ്യാ//വാഹ്യ ചേഷ്ടപാ/ന [യാ
സദ്യോജാതശസൃജപ്പൂഘോരമഹിതാജക്ഷിപ്യഹൃത് പൂജിതേ
പഞ്ചാംഗേരു ശിവവാമഘോരസ്സശിരൈഃ കുര്യാത് ക്രമേണ ക്രിയാഃ [൬൫

സേശഹരെരു സ്ഥാണോഃ – ശങ്കരനാരായണന്മാരുടെയും ശിവന്റെയും, വജ്രാണോല്ലിഖിതേ – "ഓം ഹ്രൂംഫട ഓം" എന്ന പന്ത്രണ്ടാം പടലത്തിൽ പറയുന്ന വജ്രമന്ത്രംകൊണ്ടു കീറിയാൽ, അസ്ത്രമന്ത്രവിഹിതോക്ഷേ – അസ്ത്രംകൊണ്ടു തളിച്ചുവിഷ്ടരംവെച്ചാൽ, അഞ്ചിതേ വിഷ്ടരേ അത്ര – പീഠംപൂജിച്ചേടത്ത്, സവാമലവനേശ്യാ ആവാഹ്യ – "വാമദേവായ നമോ ജ്യേഷ്ഠായ നമഃ" ഇത്യാദി മന്ത്രാന്തങ്ങൾ ഹ്രീം എന്ന കൂട്ടി ശക്തിയെ ആവാഹിച്ച്, അനയാ ഇഷ്ടപാ – ഈ മന്ത്രംകൊണ്ടു പൂജിച്ചാൽ, സദ്യോജാതശസൃജപ്പൂഘോരമഹിതാജക്ഷിപ്യഹൃത് പൂജിതേ അഗ്നൌ – സദ്യോജാതനേക്കൊണ്ട് തീയിനെ വാങ്ങിച്ച് നാളികേരം വച്ചു ക്രവ്യാദഭാഗം കളഞ്ഞ് അഗ്നിയെ തങ്കൽ ഉപാസിച്ച് ശോഷണദഹനം ചെയ്ത് അഗ്നിചൈതന്യത്തെ പ്രത്യക്ഷിച്ച് "ഈശാനസ്സർവ്വവിദ്യാനാം" എന്നതൊട്ടു ജപിച്ചു അഘോരനേക്കൊണ്ട് പൂജിച്ച് സദ്യോജാതനേക്കൊണ്ടു തീയിനെ കുണ്ഡത്തിലിട്ട് ഹാം ഹൃദയായ നമഃ എന്ന പ്രാസാദഹൃദയം കൊണ്ടു പൂജിച്ചു തലോടി വട്ടമാക്കി പരിസ്തരിക്ക തുടങ്ങി അഗ്നിയെ അലംകരിച്ചാൽ, ശിവവാമഘോരസ്സശിരൈഃ പഞ്ചക്രിയാഃ കുര്യാത് – ഈശാനനേക്കൊണ്ടു ഗർഭാധാനത്തെയും, വാമദേവനേക്കൊണ്ട് പുംസവനത്തെയും, അഘോരനേക്കൊണ്ട് സീമന്തോന്നയനത്തെയും, തത്പുരുഷനേക്കൊണ്ടു ജാതകർമ്മത്തെയും, ഈശാനനേക്കൊണ്ടു നാമകരണത്തെയും ഇങ്ങനെ അഞ്ചു ക്രിയകളായിട്ട് അഗ്നിജനനത്തെ ചെയ്താൽ ഹോമം തുടങ്ങൂ.

പ്രാരഭ്യ തത്രാഗ്നിമുഖം നിജോക്ത–
രീത്യാ/സ്യ പാർശ്വേ കലശം പ്രപൂജ്യ
പകം ച പഞ്ചപ്രണവാദിനാ//ന്യേ–
നാ/ഹത്വാ പഞ്ചാമന്ത്രൈർഘൃത സർപ്പിഃ. ൬൬.

അത്ര നിജോക്തരീത്യാ അഗ്നിമുഖം പ്രാരഭ്യ – പിന്നെ സ്വാചരണമായിട്ട ഹോമം തുടങ്ങി, അന്യ പാർശ്വേ കലശം പ്രപൂജ്യ – തെക്കേപ്പുറത്തു കലശത്തെ പൂജിച്ച് പരിധ്യാദി പീഠമന്ത്രാജ്യഹോമാന്തം ചെയ്തു, പഞ്ചപ്രണവാദിനാ ആദ്യേന പകം – അഞ്ചു പ്രണവത്തോടു കൂടിയ തത്പുരുഷനെക്കൊണ്ട് പകത്തെ ഹോമിച്ച്, പൂജാമന്ത്രൈഃ ച സർപ്പിഃ ആഹുത്യ – പൂജാമന്ത്രാജ്യാഹുതിയും മൂലാഷ്ടാജ്യാഹുതിയും ചെയ്തു് ദ്രവ്യങ്ങളെ ഹോമിപ്പൂ.

ക്ഷീരാജ്യാപൂപയവാമവക്ത്രമനഘൈസ്സൗദുംബരീമാർഗ്ഗജാ-
ഃ/ജ്യാന്നാന്യഷ്ടസഹസ്രകം വസുശതം പുംസാ തിലാൻ സർഷപാൻ
മുദ്ഗവ്രീഹിയവാൻ ഘൃതാക്തനവദൂർവാഗ്രാഷ്ടസാഹസ്രമ-
പ്യേതേനാഷ്ടശതം ജുഹോതു ദധിമധ്വാജ്യാനി ജുംസാർണസാ.
[സുമ.

ക്ഷീരാജ്യാപൂപയവാമവക്ത്രമനഘൈഃ സൗദുംബരീമാർഗ്ഗജാഃ/ജ്യാന്നാനി അഷ്ടസഹസ്രകം – അഘോരനെക്കൊണ്ട് അരത്തിച്ചമതയെയും സദ്യോജാതനെക്കൊണ്ടു കടലാടിയും വാമദേവനെക്കൊണ്ടു നെയ്യിനെയും തത്പുരുഷനെക്കൊണ്ടു ഹവിസ്സിനെയും ആയിരത്തെട്ടീതു ഉരു ഹോമിച്ചാൽ, പുംസാ തിലാൻ സർഷപാൻ മുദ്ഗവ്രീഹിയവാൻ വസുശതം – തത്പുരുഷനെക്കൊണ്ട് എള്ളും കടുകും ചെറുപയറും നെല്ലും യവവും ഈ അഞ്ചിനെയും നൂറെറട്ടീതു ഉരു ഹോമിച്ച്, ഏതേന ഘൃതാക്തനവദൂർവാഗ്രാഷ്ടസാഹസ്രം അപി – പിന്നെയും തത്പുരുഷനെക്കൊണ്ടു നെയ്യിൽ മുക്കിയ കറുകയെ ആയിരത്തെട്ടുരു ഹോമിച്ചു, ജുംസാർണസാ ദധിമധ്വാജ്യാനി അഷ്ടശതം ജുഹോതു – മൃത്യുഞ്ജയമന്ത്രംകൊണ്ടു തൈരും തേനും നെയ്യും നൂറെറട്ടീതു ഉരു ഹോമിച്ചു സ്വിഷ്ടകൃദാദി ഹോമം മുടിച്ച് സമ്പാതത്തെ കലശത്തിൽ ആക്ക.

ആജ്യം പ്രാഗപജനിതഫേനേ/ത്ര പ്രധാനാദി കൃതാ
ഷഡ്ഭിഃ ഷഡംഗാംശതിപരിമിതൈഃ സ്വാഹാന്തൈശ്ച പ്രദേശേ
ഷണ്ണാം ഖണ്ഡാപിതയജ്ഞിനവസ്ത്രാണാഭിർബാഹ്യലോഷ്ടയ
ഷഡ്ഭാണ്ഡാഖ്യാമംഗിരപി ഭ്രമാദിമന്ത്രൈശ്ച ഹുത്വാ. സുമ

പ്രദേശേ പ്രാഗപാത് ജനിതഫേനേ അത്ര പ്രധാനാദി കൃത്വാ – ശാസ്ത്രാവിങ്കൽ മുമ്പിൽ പറഞ്ഞപോലെ എട്ടുക്രിയക

ളോടു കൂടി സംസ്ഥിജനനം ചെയ്തു്, അഗ്നിയിങ്കൽ അന്വാധാ-
നാദി പരിധിപരിസ്തരണാന്തമെങ്കിലും തുടങ്ങി മൂലാഷ്ടാ-
ജ്യാഹുത്യന്തം ചെയ്തു്, ഷഡ്ഭിഃ ഷഡധിംശതിപരിമിതൈഃ
സമാഹാരൈഃ ച ആജ്യം ഹുത്വാ — ഷഡംഗാദിഷണ്മന്ത്രം
കൊണ്ടും അഗ്ന്യാദിഷഡധിംശതിനാമങ്ങളെക്കൊണ്ടും ആജ്യാഹുതി
ചെയ്യവൂ. ബാഹുലേയ ഷണ്മുഖായ നമഃ ഇതിയജിനവണ്ണാ-
ങ്ങളിഃ ഷഡ്ഭിഃ പുനരാവൃത്തൈഃ ക്രമാദിമന്ത്രൈഃ ച ആജ്യം ഹുത്വാ-
സുബ്രഹ്മണ്യങ്കൽ അഗ്നിജനനവും അന്വാധാനാദി മൂലാഷ്ടാജ്യാഹു-
ത്യന്തവും ചെയ്താൽ സനൽകുമാരാദിഷണ്മന്ത്രങ്ങൾകൊണ്ടും മൂലം
കൊണ്ടും ഉപചാരങ്ങൾകൊണ്ടും ഗായത്രികൊണ്ടും സ്കന്ദാദിദ്വാദശ
നാമങ്ങൾകൊണ്ടും വ്യാഹൃതികൊണ്ടും ഓരോ ഉരു ആജ്യാഹുതി
ചെയ്യവൂ.

ബൈല്വീരാശ്വത്ഥ/നൈപീഃ ശരളവി സമിധോ/ഥ പയോരാജ്യ-
[മന്നം
ഷണ്മന്ത്രൈർലാജരാജീയവതിലമപി ഹുത്വാ ശതം പ്രത്യേകം ഉ
ആജ്യം ക്ഷീരം ദധി ക്ഷൌദ്രമപി വത്സരാന്തം വ്യാഹൃതീഭിഃ ക്രമേണ
ത്രിസാഹസ്രികാന്ത്യന്തമുപരിമപി ജുഹുയാജ്ജ്യംബകമന്ത്രേണ
[ദ്ദൂർവാഃ. ൩൭

അത്ര ആദ്യേ ബൈല്വീഃ ശരളവി നൈപീഃ സമിധഃ — ഇവി-
ടെ ശാസ്ത്രാവധികൾ കൂവളച്ചമതയേയും സുബ്രഹ്മണ്യങ്കൽ കടമ്പിൻ-
ചമതയേയും, അഥ പയോഃ ആജ്യം അന്നം — പിന്നെ രണ്ടേടത്തും
തുല്യമായിട്ട് നെയ്യിനേയും ഹവിസ്സിനേയും, ലാജരാജീ — മലരിനേ-
യും കടുകിനേയും, യവതിലം — യവത്തെയും എള്ളിനേയും, ഷണ്മ-
ന്ത്രൈഃ പ്രത്യേകം ഹുത്വാ — തന്റെ ഷണ്മന്ത്രങ്ങളെക്കൊണ്ടു പതി-
നേഴ് ആവൃത്തിയായിട്ടു നൂറിരട്ടിത്തു് ഉരു ഹോമിച്ചു്, വ്യാഹൃ-
തീഭിഃ ആജ്യം ക്ഷീരം ദധി ക്ഷൌദ്രം അപി ക്രമേണ വത്സരാന്തം —
പിന്നെ വ്യാഹൃതികൊണ്ടു് ഇരുപത്തേഴ് ആവൃത്തിയായി നെയ്യും
ഹോമിച്ചു പാലും തൈരും തേനും നൂറെട്ടീതു് ഉരു ക്രമേണ
ഹോമിച്ചു്, ത്ര്യംബകമന്ത്രേണ ത്രിസാഹസ്രികാഃ ദൂർവാഃ ത്രിസാഹസ്രകം
അപി ജുഹുയാത് — പിന്നെ മൃത്യുഞ്ജയമന്ത്രംകൊണ്ടു തേനും
പാലും നെയ്യും കൂടിയുള്ള ത്രിമധുരത്തിൽ മുക്കി മൂവായിരം കറു-
കകളെയും ഹോമിച്ചു, സ്വിഷ്ടകൃദാദിഹോമം ചെയ്തു് സമ്പാതത്തെ
കലശത്തിലൊഴിക്ക.

ഷൺമന്ത്രൈർഘൃതമേകശോ വസുശതം വൈതൈരധീവാസഗം
ദ്രവ്യം ബില്വസമിദ്ഘൃതാദികമപൂപാന്തേ(ത്ര) വാ ലഡ്ഡുകം
ദ്രാക്ഷാദ്യൈഃ ക്രമശോ ദധിസ്തനജമപ്യാജ്യം ഗണാനാമൃചാ
ഗൌളം ചാഷ്ടശതം ജുഹോതു ഗണപേ ഗവ്യം ച മൂലാണുനാ.
[൩൩]

ഗണപേ ഷൺമന്ത്രൈഃ ഏകശഃ വസുശതം വാ ഘൃതം — ഗണപതിയിങ്കൽ ആവാഹനവും അർച്ചനാദി മൂലാഷ്ടാജ്യാഹുത്യന്തവും ചെയ്ത് ഷൺമന്ത്രംകൊണ്ട് ഓരോ ഉരു എങ്കിലും പതിനെട്ട ആവൃത്ത്യാ നൂറെറ്റ് എങ്കിലും നെയ്യിനെ ഹോമിച്ച്, അധിവാസഗം ബില്വസമിദ്ഘൃതാദികം ദ്രവ്യം — പിന്നെയും ഷൺമന്ത്രങ്ങളെക്കൊണ്ട് കൂവളച്ചമതയും നെയ്യും ഹവിസ്സും മലരും അവിലും എള്ളുകളെയും അപ്പവും അടയും നെയ്യും ഒബള്ള് അധിവാസഹോമത്തുങ്കൽ പറഞ്ഞ ദ്രവ്യങ്ങളെ പതിനെട്ട ആവൃത്ത്യാ നൂറെട്ടീതു ഹോമിപ്പൂ. അത്ര അപൂപാന്തേ വാ ലഡ്ഡുകം — ഇവിടെ അപ്പത്തെ ഹോമിച്ച പിന്നെ ലഡ്ഡുകങ്ങളെ എന്നും പക്ഷമുണ്ട്. ദ്രാക്ഷാദ്യൈഃ ക്രമശഃ ദധിസ്തനജമപ്യാജ്യം — പിന്നെ വ്യാഹൃതികൊണ്ട് തൈരും പാലും തേനും നെയ്യും നൂറെട്ടീതും, ഗണാനാമൃചാ ഗൌളം മൂലാണുനാ ഗവ്യം ച അഷ്ടശതം ജുഹോതു — 'ഗണാനാം ത്വാ' എന്ന ഋക്കുകൊണ്ട് ശർക്കരയെയും മൂലമന്ത്രംകൊണ്ട് പഞ്ചഗവ്യത്തെയും നൂറെട്ടീതും ഹോമിച്ച് സ്വിഷ്ടകൃദാദി ചെയ്ത് സമ്പാതത്തെ കലശത്തിലാക്കി അഗ്നിയെയും ഉദ്വാസിപ്പൂ.

വിശ്വദ്രവ്യൈരിതി ശിവശിവശ്രീശയോഃ സ്കന്ദശാസ്ത്രോ-
രേകന്യൂനൈർദ്വിരദവദനേ ദ്വ്യൂനൈസ്തൈരപി ഹോമം
കൃത്വാ സംസ്നാപയതു കലശേനാമുനീയേന ദേവം
മന്ത്രീ, പാതാദിമൃതിജനനസ്തേനവേശാദികേഷു. [൩൪]

മന്ത്രീ പാതാദിമൃതിജനനസ്തേനവേശാദികേഷു — ആചാര്യൻ പതനാദിദോഷത്തുങ്കലും ജനനമരണദോഷത്തുങ്കലും കള്ളൻ കേറുന്നേടത്തുമുള്ള അശുദ്ധികൾ, ഇതി — ഇപ്രകാരം, ശിവശിവശ്രീശയോഃ വിശ്വദ്രവ്യൈഃ — ശിവങ്കലും ശങ്കരനാരായണങ്കലും പതിമൂന്ന ദ്രവ്യങ്ങളെക്കൊണ്ടും, സ്കന്ദശാസ്ത്രോഃ ഏകന്യൂനൈഃ — സുബ്രഹ്മണ്യങ്കലും ശാസ്താവിങ്കലും പന്ത്രണ്ട ദ്രവ്യങ്ങളെക്കൊണ്ടും, ദ്വിരദവദനേ ദ്വ്യൂനൈസ്തൈരപി — ഗണപതിയിങ്കൽ പതിനൊന്ന ദ്രവ്യങ്ങളെക്കൊണ്ടും, ഹോമം കൃത്വാ — ലോകതഹോമത്തെ മുമ്പേ

ചെയ്തു, അനന്തരം കലശേന ദേവം സംസ്നാപയേത് — ഈ ഹോമകലശംകൊണ്ടു ദേവനെ സ്നാനകാലത്തു് അഭിഷേകംചെയ്തു പൂജിപ്പൂ.

അനന്തരം സുബ്രഹ്മണ്യങ്കലെ പ്രായശ്ചിത്തഹോമത്തെ പറയുന്നു;—

പ്രാസാദം പരിതോ വിഹൃത്യ ഗുരുകുണ്ഡാദഗ്നിമഗ്ന്യാഹിതാത്
കുര്യുശ്ശാന്തിഹുതാനി പഞ്ച നവ വാ ഹ്യഗ്രേഽഖിലാന്യേവ വാ
സ്കന്ദേ ഷോഡശവാസരാദ്യഹരഹസ്തത്സ്നാനപൂജാദിഭി-
സ്ത്ര്യാവൃത്ത്യൈകദിനേഽഥ വാഽത്ര ച ഘടാഃ കാര്യാഃ പൃഥക്കർമ്മസു. ൧൨

സ്കന്ദേ — സുബ്രഹ്മണ്യങ്കൽ, അഗ്ന്യാഹിതാത് ഗുരുകുണ്ഡാത് — മണ്ഡപത്തിൽ അഗ്നിജനനത്തെ ചെയ്തിരിക്കുന്ന ആചാര്യകുണ്ഡത്തിൽ നിന്നു്, പ്രാസാദം പരിതഃ കുണ്ഡേഷു അഗ്നിം വിഹൃത്യ — പ്രാസാദത്തിന്റെ പുറവും നാലുദിക്കുകളിലും എങ്കിലും എട്ടു ദിക്കുകളിൽ എങ്കിലും അമ്പലങ്ങളിൽ ഉണ്ടാക്കിയിരിക്കുന്ന കുണ്ഡങ്ങളിൽ അഗ്നിയെ വിഹരിച്ചു്, പഞ്ച വാ നവ വാ ശാന്തിഹുതാനി കുര്യുഃ. അഞ്ചായിട്ടോ ഒൻപതായിട്ടോ ശാന്തിഹോമങ്ങളെ ചെയ്വൂ. അഗ്രേ ഏവ അഖിലാനി വാ — ദേവന്റെ മുമ്പിൽ വലിയമ്പലത്തിൽ തന്നെ ഈ ഹോമങ്ങളെ ഒക്കെയും ചെയ്കിലുമാം. ഷോഡശവാസരാദി അഹരഹഃ തത്സ്നാനപൂജാദിഭിഃ — ഈ ഹോമങ്ങൾ പന്ത്രണ്ടു ദിവസം താൻ ഒമ്പതു ദിവസം താൻ അഞ്ചു ദിവസം താൻ മൂന്നുദിവസം താൻ നിത്യമായി ഹോമങ്ങളെച്ചെയ്തു കലശമാടി പൂജയും ചെയ്വൂ. ഏകദിനേ ത്ര്യാവൃത്ത്യാ വാ — ഒരു ദിവസം തന്നെ എല്ലാകുണ്ഡങ്ങളിലും നേരത്തുമുച്ചയ്ക്കും വൈകീട്ടുമായിട്ടും ചെയ്യുകയുമാം. അത്ര ച കർമ്മസു പൃഥക് ഘടാഃ കാര്യാഃ — ഇവിടെയും ഹോമങ്ങൾക്കു വെവ്വേറെ കലശങ്ങളെ പൂജിക്കുകയും ഹോമം കഴിഞ്ഞാലവറ്റെ ആടി പൂജയും ചെയ്യണം.

അംഗുഷ്ഠാർദ്ധാഗ്രം സമിധഃ ശതം സകലനാഡ്യാ ദ്വിജന്മാഗ്ന്യാ ചരും
ഗോസർപ്പിർമ്മഹതാന്ന സർഷപതിലാൻ ബീജാണുനാ ജുഹുയാത്;
മധ്യേ ദിക്ഷു വിദിക്ഷു നീപവടജാഃ സൌദുംബരാശ്വത്ഥകാഃ
പ്ലക്ഷബ്രഹ്മമധൂകജാശ്ച സമിധോ ജംബ്വൂകപിത്ഥോത്ഥിതാഃ. ൧൩

ഇവിടെ ഹോമക്രമം എല്ലാവറ്റിന്നും അന്വാധാനാദി മൂലാഷ്ടാജ്യാഹുത്യന്തം ചെയ്താൽ, സംഖ്യാതാസ്തു സമിധഃ ബീജനാമ്നാ ചരും മഹതാ ഹോമസർപ്പിഃ - ആം ക്ഷം സ്വാഹാ എന്ന സകലമന്ത്രം കൊണ്ടു ചമതകളേയും ഹ്ലൗം ത്ര്യം ജം ഗാം ക്ഷ്ലൗം ദ്ര്യാം സ്വാഹാ എന്ന ബീജമന്ത്രംകൊണ്ടു ഹവിസ്സിനേയും ഹ്രീം ഉമായൈ നമഃ സ്വാഹാ എന്ന മഹാമന്ത്രംകൊണ്ടു നെയ്യിനേയും, അത്ര ബീജാന്നാസർഷപതിലാൻ ച - ബീജമന്ത്രംകൊണ്ടു തന്നെ കടുകിനേയും എള്ളിനേയും, അഷ്ടോത്തരശതം ജുഹോതു - ഈ അഞ്ചു ദ്രവ്യങ്ങളേയും നൂറെട്ടീതു ഹോമിപ്പൂ. മദ്ധ്യദിക്കു വിദിക്കു - നടുവിലും കിഴക്കെ തുടങ്ങി നാലു ദിക്കുകളിലും അഗ്ന്യാദി നാലു കോണുകളിലും, നീപവടജാഃ - കടമ്പും പേരാലും, സോദുംബരാശ്വത്ഥകാഃ - അത്തിയും അരയാലും, പ്ലക്ഷബില്വമധൂകജാഃ - ഇത്തിയും കൂവളും ഇലിപ്പയും, ജംബൂകപിത്ഥഖദിരാഃ ച - ഞാവലും വിളാവും, സമിധഃ സ്യുഃ - ഇങ്ങനെ ഒമ്പതു ദിക്കിലേയ്ക്കും ചമതകൾ ഭവിക്കും.

അനന്തരം ശാന്തിഹോമത്തെ പറയുന്നു:-

ശാന്തിഹോമമഥ ശർവ്വദിശി ശ്രു-
ത്യുക്തകുണ്ഡജനിതാത്മഹുതാശേ
ആദധീത സകലേഷ്വപി ഹി പാകേ-
ജ്യാണുഹുത്യവധികർമ്മ പുരോവത്. ൧൦

സകലേഷു ശർവദിശി - എല്ലാ ദേവന്മാരിലും പ്രാസാദത്തിന്റെ ഈശകോണിൽ അമ്പലത്തിൽ, ശ്രുത്യുക്തകുണ്ഡജനിതാത്മഹുതാശേ - ചതുരശ്രകുണ്ഡത്തിൽ തന്റെ തന്റെ അഗ്നിജനനത്തെച്ചെയ്താൽ, പാകേജ്യാണുഹുത്യവധികർമ്മ പുരോവത് ആദധീത - അന്വാധാനാദി പാകഹോമവും പൂജാമന്ത്രാജ്യാഹുതിയും മൂലാഷ്ടാജ്യാഹുതിയും കഴിവോളമുള്ള ക്രിയകളെ ചെയ്വൂ.

സർപ്പിഃ സോപാപനിർമ്മല്പിണ്ഡപസൃജിന്നാഗ്ഗാദ്ധാപാദാന്തൈർ [ശ്രു
ക്തോപാധ്യാദിഭിർന്നിരവോമൃഗശ്രീചചി ഹുതപാഷ്ജ്യാന്തരാളേഷു നേതഃ
വിശ്വേശ മാർഗ്ഗമൊഴുതാഃ സ്വഹസ്വൈഹംഗ്രീഭദ്രകാഃ സാജ്ഞലിർ -
ദ്ദുർവ്വാസർഷപശാലികാൻ യവതിലാനന്യോക്തസംഖ്യം
[ജുഹോതു. ൧൧

വൈഷ്ണൗ – വിഷ്ണുവിന്റെ, നോപ്രാപനിഷൽമപിഷഡപസൃജിനാ ണ്ണാന്ത്രപചാരൈഃ, തന്റെ പഞ്ചോപചാരങ്ങൾ വെവ്വേറെയും മൂലമന്ത്രാക്ഷരവും അഷ്ടാക്ഷരവും ഗായത്രിയും ഉപചാരവും ഈ മന്ത്രങ്ങൾകൊണ്ടും, സൂക്തേനാരായണാഖ്യേന ഋഗ്ഭിഃ ച – പുരുഷസൂക്തത്തിന്റെ ഋക്കുകൾ പതിനാറുകൊണ്ടും വെവ്വേറെയും, ജിനവാരം സർപ്പിഃ ഹുതപാ – ഈ ഇരുപത്തിയഞ്ചു മന്ത്രങ്ങളെക്കൊണ്ടു ഇരുപത്തഞ്ചാലീട്ട് ആജ്യാഹുതി ചെയ്‌വൂ. ഇടയിലൊക്കെയും പൂർണ്ണാഹുതിയും ചെയ്‌വൂ. ചൈതഃ ആദ്യന്തയോരപി – പിന്നെയും പഞ്ചഗവ്യാദി ഓരോന്നുകൊണ്ട് നെയ്യ് ദ്രവ്യം നെയ്യ ഇങ്ങനെ നെയ്യുടെ ഇടയിൽ വരുമാറ്, മാർഗവോഃ – കടലാടിയും, അമൃതാഃ – ചിറ്റമൃതും, സഹദേവാ – പൂവാങ്കുറുന്തലയും, ഗൃഹ്നീ – ഉഴിഞ്ഞയും, മല്ലികാ – ചെറുപൂളയും, സാഞ്ജലീഃ – തൊട്ടാവാടിയും, ദൂർവാ – കറുകയും, സർഷപശാലികാൻ – കടുകും നെല്ലും, യവതിലാന്നം – യവവും എള്ളും ഹവിസ്സും, ഇക്ഷുസഞ്ചിതം ഹുതേനത് – ഈ പന്ത്രണ്ടു ദ്രവ്യങ്ങളെയും ഇടയിലും ആജ്യവും ആയി പതിമൂന്നു പ്രാവശ്യം നെയ്യിനെയും കൂട്ടി ഇരുപത്തഞ്ചു ദ്രവ്യങ്ങളെയും ഇരുപത്തിനാലീട്ട് ഉരു ഹോമിച്ച് സ്വിഷ്ടകൃദാദി ഹോമത്തെച്ചെയ്‌വൂ.

ഗായത്ര്യാ നിജയാ പഞ്ചാശത്സമിദാജ്യാന്നാനി ദൂർവാമധു-
ക്ഷീരാജ്യസ്സംപിതാ വസുതണ്ഡുലാ ലാജാസ്സരാജീതിലാഃ
ഹോതവ്യാ യവശാലിസക്തുഘൃതയുക്താ ധൂർജടേഃ തേ സമിത്-
സർപ്പിർമ്മുഖ്യകമേവ വികാസ്ലിലയവവ്യത്യാസിനാഷേഷ്ടുജേ. ൧൨.

ധൂർജടേഃ – ശിവന്റെ, നിജഗായത്ര്യാ – തത്പുരുഷായ വിദ്മഹേ ഇത്യാദി ഗായത്രികൊണ്ടു, പഞ്ചാശത്സമിദാജ്യാന്നാനി – ഇരുപത്തി അമ്പതു ചമത ഉരു ഈ ചോറും നെയ്യും ഹവിസ്സും, മധുക്ഷീരാജ്യസ്സംപിതാഃ ദൂർവാഃ – തേനും പാലും നെയ്യും കൂടിയ ത്രിമധുരത്തിൽ മുക്കിയ കറുകകളും, ലാജാഃ – മലര്, സരാജീതിലാഃ – കടുകും എള്ളും, യവശാലിസക്തുഘൃതയുക്താഃ – യവവും നെല്ലും അരി വറുത്തുപൊടിച്ചതും നെയ്യും, വസുതണ്ഡുലാഃ ഹോതവ്യാഃ – ഇരുപത്തെട്ടിട്ട് ഉരു ഈ പതിന്നാലു ദ്രവ്യങ്ങളും ഹോമിക്കണം. ഇപ്രകാരം സമിത്സർപ്പിർമ്മുഖ്യഗണമേവ്വികാഃ തിലയവവ്യത്യാസിനഃ തേ ച – ദ്രവ്യങ്ങൾ ഇരുപത്തി അഞ്ചായാൽ പോരാൽ നെയ്യ് ഇങ്ങനെ തുടങ്ങി എള്ള് ഇങ്ങനെ ക്രമം മാറി ഗായത്രികൊണ്ടു ഹോമിപ്പൂ. പിന്നെ സ്വിഷ്ടകൃദാദിഹോമത്തെച്ചെയ്‌വൂ.

വിഘ്നേശേ ഹവനം ഗിരീശവദിഹ പ്രായേണ തത്ര ലാജാദികം
ഷട്കം സേചയിതവ്യ ശാസ്തരി പുനഃ സാമാന്യമന്ത്രാധികം
ഗായത്ര്യൈവ തിലാൻ ഘൃതം ച ജുഹുയാദ്വ്യാഘ്രാനനേ കേവലം
താവത്സംഖ്യമിഹൈവ ഘൃതം ഹവിരതോ ഭൂതാദികം പൃഥക് പ്രാച
[യേത്. ൨൮

വിഘ്നേശേ ഇതി. ഹവനം പ്രായഃ ഗിരീശവത് – ഗണപതിയിങ്കൽ ഈ ഹോമത്തിന്റെ വിധാനവും ഗണപതിയിങ്കലേപ്പോലെ. അവിടെയും ഗണേശമന്ത്രോക്തമന്ത്രം ചെയ്യുമ്പോൾ ഗണപതിയുടെ ഗായത്രികൊണ്ട് ഇരുപത്തഞ്ചു അരയാൽ ചമത നെയ്യ് ഹവിസ്സ് കറുക ഇവ എല്ലാം നൂറെട്ടീതു ഹോമിച്ചാൽ – അത്ര ലാജാദികം ഷട്കം സേചയിതവ്യമേവ – ഇവിടെ മലര് തുടങ്ങി ആറു ദ്രവ്യങ്ങളും അധികം ഗണപതിക്ക പറഞ്ഞതു തന്നെ വേണം. അപ്പോൾ മലര് ശർക്കര അപ്പവുമടയും നെല്ലും ഈ ആറും ഹോമിച്ച് സ്വിഷ്ടകൃദാദി ചെയ്‌വൂ. പുനഃ ശാസ്തരി ഗായത്ര്യാ ഏവ തിലാൻ ഘൃതം ച അഷ്ടാധികം സാമാന്യം ജുഹുയാത് – പിന്നെ ശാസ്താവിങ്കൽ അഗ്നിമുഖാനന്തരം സ്വഗായത്രികൊണ്ടു തന്നെ നെയ്യിനോടും ആയിരത്തെട്ടീതു ഹോമിച്ച് സ്വിഷ്ടകൃദാദി ചെയ്‌വൂ. സ്വയംഭരിക്ക കേവലം വ്യാഘ്രാനനേ താവത്സംഖ്യം ഘൃതം – ദുർഗ്ഗയിങ്കൽ മൂലാഷ്ടാജ്യാഹുതി ചെയ്യുമ്പോൾ കാത്യായനിയായ ഇത്യാദി ഗായത്രീ മന്ത്രംകൊണ്ട് ആയിരത്തെട്ട് ഉരു നെയ്യിനെത്തന്നെ ഹോമിച്ച് സ്വിഷ്ടകൃദാദി ചെയ്‌വൂ. ഹവിരതോ ഭൂതാദികം പൃഥക് പ്രാചയേത് – ഭൂതാദികൾക്കു വേറെ ബലിപാത്രങ്ങൾ വെവ്വേറെ തന്നെ അഗ്നിജനനം ചെയ്ത് ഹോമത്തിനായിട്ട് ചരുവും ഹവിസ്സുമായിട്ടും പറഞ്ഞ ക്രമത്തിലധികം ബലിദാനവും ചെയ്‌വൂ.

പൂർവ്വോദിതേഷു വിഹിതേഷു ദോഷേഷു തേഷു
ക്ഷേത്രേ ശ്രീബലിപാത്രപതനാദി നിഷ്ക്രിയായാം
ഹ്രേതോഃ സംസ്ഥാപിതഭേദേ കലശേന ശേഷ-
ദോഷങ്ങളും ഇതി തദ്വിധഹുതസംഭവാമേവ. ൨൯

പൂർവ്വോദിതേഷു ദോഷേഷു – മുൻപറഞ്ഞിരിക്കുന്ന ദോഷാദികളിലും, ശോധനതകളിലും ക്ഷേത്രേ ശ്രീബലി – ക്ഷുദ്രജന്തുക്കളാൽ ശ്രീകോവിലിന്റെ അകത്തു പ്രവേശിക്കുന്നേടത്തും, നിഷ്ക്രി

യായാഃ അനവസ്ഥതത്തേ സ്യാ! - പ്രായശ്ചിത്തങ്ങളുടെ നിശ്ചയം വരാതെ ഇരിക്കുന്നേടത്തും, ഇതി ഉക്തപ്രകാരേണ സംസ്ഥാപിതയോത - ഇപ്രകാരം ശാന്തിഹോമത്തെച്ചെയ്ത് കലശംകൊണ്ട് ദേവനെ അഭിഷേകം ചെയ്‌വൂ. ശേഷേണ ഉക്ഷേത് ച - തച്ഛേഷംകൊണ്ട് പരിവാരങ്ങളെ തളിക്കയും ചെയ്‌വൂ. മന്ദവിത് തത്ര മധുസംഭവാദൌ - അവിടെ മധുവല്മീകാദികൾ സംഭവിപ്പോളും ഈ ശാന്തിഹോമം ചെയ്ത് വിശേഷമാണമായ അത്ഭുതശാന്തിഹോമത്തെയും ചെയ്യണം.

അത്ഭുതശാന്തിഹോമത്തെ പറയുന്നു:—

കൃത്വാചാര്യോദ്ഭുതശാന്തിം ശിവമഹ ഇതി യതഃ സ്വസ്തിദാഃ പാകമാജ്യം
വാസ്തോഷ്പതേസ്ഥാശ്ച ഋതധാമേതി ച പുനരിന്ദ്രാഗ്നീ ചാഭിധാ കയാനഃ
തദ്വത് കോ അദ്യ മന്ത്രീ ഭവതമിതി തതഃ ശാകനസ്വസ്തിവാസ്തോ-
ഷ്പതൈന്ദ്രൈഃ പഞ്ചാണദിർമൈത്രമന്ത്രൈരനേകൈർജ്ജുഹുയാദാഹുതീഭിഃ. ൭൭

മന്ത്രീ ശിവമഹ ഇതി അദ്ഭുതം ശാന്തിം കൃത്വാ വാ - ആചാര്യൻ ഈശകോണിൽ ചതുരശ്രകോണിൽ അഗ്നിജനനാദി ചെയ്ത് യാജ്ഞികമായിട്ട് അദ്ഭുതശാന്തിഹോമത്തെച്ചെയ്‌വൂ. സ്വാചാരണമായിട്ടും ചിലർ ചെയ്യുന്നു. അവിടെ, യതഃ സ്വസ്തിദാഃ പാകം - "യത ഇന്ദ്ര ഭയാമഹേ" എന്നും "സ്വസ്തിദാ വിശസ്പതിഃ" എന്നും രണ്ടു ഋക്കുകളെക്കൊണ്ട് പാകത്തെ ഹോമിച്ച് പൂജാമന്ത്രാദി ഹോമിപ്പാൽ "ഇന്ദ്രായ ഇദം"; പിന്നെ, വാസ്തോഷ്പതേസ്തോഃ ച ശം ഇതി ച ഇന്ദ്രാഗ്നീ ചാഭിധാ കയാ നഃ തദ്വത് കോ അദ്യ മന്ത്രീ ഭവതം ഇതി - "വാസ്തോഷ്പതേ പ്രതിജാനീഹി" എന്നും "വാസ്തോഷ്പതേ ശഗ്മയാ" എന്നും "ശന്നോ ദേവീ" എന്നും "ഇന്ദ്രാഗ്നീ രോചനാ ദിവഃ" എന്നും "കയാ നശ്ചിത്രഃ" എന്നും "കോ അദ്യ യുങ്ക്തേ ധുരി" എന്നും "ഭവതന്നഃ സമനസൌ" എന്നും ഈ ഏഴു മന്ത്രങ്ങളെക്കൊണ്ടും, തതഃ ശാകനസ്വസ്തിവാസ്തോർമന്ത്രൈഃ - കനിക്രദാദി ആറുകൊണ്ടും "സ്വസ്തി നോ മിമീതാ"മിത്യാദി എട്ടുകൊണ്ടും, "വാസ്തോഷ്പതേ ധ്രുവാസ്ഥൂണാം", ഇത്യാദി വാസ്തുഹോമങ്ങളിലെ ആറുകൊണ്ടും, പഞ്ചാണദിഃ മൈ

ർഗമന്ത്രൈഃ – തങ്ങളുടെ പഞ്ചമന്ത്രങ്ങളെക്കൊണ്ടും, ശംസനൃഗവ്യാഹൃതീഭിഃ – പഞ്ചഃ സൂക്തം പതിനഞ്ചുകൊണ്ടും പുരുഷസൂക്തം പതിനാറുകൊണ്ടും വ്യാഹൃതി നാലുകൊണ്ടും, അനന്തരം ആജ്യം ഹുത്വാ – ഇത വ്യൂഹപത്തിന്റെ മന്ത്രങ്ങളെക്കൊണ്ട് ആജ്യം ഹോമത്തെ ചെയ്തു ദ്രവ്യഹോമങ്ങളെ ചെയ്വൂ.

ഗായത്ര്യാ ചിജ്ഞസമിദന്നലാജരാജീ-
ർഹുത്വാഽഽജ്യാന്തരിതതിലാൻ യവാംശ്ച
മുദ്ഗാംശ്ചാഹുതബലിരന്നശേഷതോഽഗ്നേ
ശാന്ത്യാഽഗ്നേഃ സ്നപയതു തദ്ബലേന ദേവം. ൧൩

ഗായത്ര്യാ – തങ്ങളുടെ ഗായത്രികൊണ്ട് ആജ്യാന്തരിതതയാ – ആജ്യഹോമത്തിന്റെ മദ്ധ്യത്തുങ്കൽ വരുമാറു, ചിജ്ഞസമിദന്നലാജരാജീഃ – പ്ലാശിൻചമതയും ഹവിസ്സും മലരും കടുകും, തിലാൻ യവാൻ മുദ്ഗാൻ ച – എള്ളും യവവും ചെറുപയറും ഇവ ഏഴു ദ്രവ്യങ്ങളെയും ആജ്യമദ്ധ്യങ്ങളിൽ നെയ്യോടും കൂടി പതിനഞ്ചു കൂട്ടം ദ്രവ്യങ്ങളെ ആറെറട്ടീതു, ഹുത്വാ – ഹോമിച്ച് സ്വിഷ്ടകൃദാദി ചെയ്വൂ. അഗ്നേഃ അഗ്നേ ശാന്ത്യാ അന്നശേഷതഃ ആഹുതബലിഃ – ഹോമത്തിന്റെ കിഴക്കേഭാഗത്ത് "ശന്നോദേവീ" മന്ത്രംകൊണ്ടു ഹവിശ്ശേഷംകൊണ്ടു ബലിയും തൂകി ഹോമം മുടിച്ച് സമ്പാതം കലശത്തുങ്കലാക്കി, തദ്ബലേന ദേവം സ്നപയതു – പിന്നെ ദേവങ്കൽ പൂജതുടങ്ങി സ്നാനകാലത്ത് ഹോമകലശത്തെ ആടി പൂജിപ്പൂ.

സർവേഷു നിഷ്കൃതിഹുതേഷു ഗരിഷ്ഠദോഷേ
ശാന്ത്യംബു സമ്പതിതശേഷമവസ്രുതാംഭഃ
ഗവ്യം സമസ്തമഥ സർവ്വഹുതാവശേഷം
പാത്രേഷു ഷട്സു ഹുതഭസ്മ ച സന്നിധായ. ൧൪

ഗരിഷ്ഠദോഷേ – വലുതായിട്ടുള്ള ദോഷത്തുങ്കൽ, ഷട്സു പാത്രേഷു – ആറു പാത്രങ്ങളിൽ, സർവ്വേഷു നിഷ്കൃതിഹുതേഷു – പ്രായശ്ചിത്താദി എല്ലാ ഹോമങ്ങളിലേയും, ശാന്ത്യംബു – പ്രണീതാജലവും, സമ്പതിതശേഷം സമ്പാതശേഷവും, അവസ്രുതാംഭഃ – കലശാവസ്രുതജലവും, ഗവ്യം – പഞ്ചഗവ്യവും, സർവ്വഹുതാവശേഷം – ഹോമത്തുങ്കലെ ഹവിശ്ശേഷവും, ഹുതഭസ്മ ച സന്നിധായ – ഹോമത്തിന്റെ ഭസ്മവും ഇവ ആറിനേയും പാത്രങ്ങളിൽ വച്ചു ചമപ്പൂ.

സ്വാസ്ത്രേണ താനി പരിപൂജ്യ സമൂർത്തിപാല-
സ്തേനാഭിമന്ത്ര്യ സഹസാഷ്ടസഹസ്രവാരം
തൈർമ്മൃഷ്ടലിപ്തസനിമിത്തഭുവി ക്രമേണ
പ്രോക്ഷ്യാസ്ത്രതോ യജതു ചാഷ്ടദലേ തദസ്ത്രം. ൧൭

താനി സ്വാസ്ത്രേണ പരിപൂജ്യ - അവററകളെക്കൊണ്ടു പൂജിച്ച്, സമൂർത്തിപാലഃ സഹസാ തേന അഷ്ടസഹസ്രവാരം പരിജപ്യ - പരികർമ്മികളോടും കൂടി അസ്ത്രംകൊണ്ട് അവററെ ആയിരത്തെട്ട് ഉരു ജപിച്ച് തൈഃ മൃഷ്ടലിപ്തസനിമിത്തഭുവഃ, ക്രമേണ അസ്ത്രതഃ പ്രോക്ഷ്യ - ആ ദ്രവ്യങ്ങളെക്കൊണ്ട് അടിച്ചുതളിച്ചു ശുദ്ധമാക്കിയ സ്ഥലത്ത് എല്ലാടവും അശുദ്ധി ഉണ്ടായ സ്ഥലത്തും ക്രമേണ അസ്ത്രംകൊണ്ടു തളിച്ച്, അഷ്ടദലേ തദസ്ത്രം യജതു - നിമിത്തഭൂമിയിങ്കൽ അഷ്ടദലപത്മത്തിങ്കൽ പീഠം പൂജിച്ച് ദേവന്റെ അസ്ത്രത്തെ ആവാഹിച്ചു പൂജിപ്പൂ.

പിന്നെ മുകളിൽ പറയുന്ന ശാന്തിഹോമവും ചെയ്ത് ഘോരശാന്തിയും ചെയ്യുന്നു എങ്കിൽ ഇപ്പോൾതന്നെ ചെയ്ക തത്ത്വഹോമത്തെച്ചെയ്വൂ.

ദേവാഗ്രേ പ്രജ്വലയ്യ വഹ്നിമഥ തത്പാർശ്വേഷ്ടപത്രേംബുജേ
പീഠാരാധിപുരസ്സരേണ വിധിനാ സമ്പൂജ്യ കുംഭം ഗുരുഃ
തത്ത്വാവാഹനനിഷ്ഠമത്ര സുവിധായാവാഹ്യ മൂലാണുനാ
സാംഗീകൃത്യ യജേത തം ഹുതവഹേ കുര്യാത് പരിഷ്യേദി ച. ൧൮

ഗുരുഃ ദേവാഗ്രേ കുണ്ഡേ വഹ്നിം പ്രജ്വലയ്യ - ആചാര്യൻ ദേവന്റെ മുമ്പിൽ മണ്ഡപത്തിൽ ചതുരകുണ്ഡത്തിങ്കൽ അഗ്നിജനനത്തെച്ചെയ്ത്, അഥ തത്പാർശ്വേ അഷ്ടപത്രേ അംബുജേ - അന്വാധാനാദി എങ്കിലും ജ്യോപസ്ഥാനാദി എങ്കിലും ഹോമം തുടങ്ങി പരിധിക്ക മുമ്പിൽ തെക്കഭാഗത്തെ അഷ്ടദലപത്മത്തിൽ പീഠം വിരച്ചു കുംഭം നൂൽചുററി കുമ്മത്തിയാൽ, പീഠാരാധിപുരസ്സരേണ വിധിനാ കുംഭം സമ്പൂജ്യ - ആചാര്യൻ ദേഹശുദ്ധ്യാദി ചെയ്തു ദ്രവ്യകലശപൂജപോലെ പീഠപൂജ തുടങ്ങി മാനസപൂരണാന്തം ചെയ്തു ജലദ്രോണിവെള്ളം കൊണ്ടു കലശത്തെ നിറച്ച്, അത്ര തത്ത്വാവാഹനനിഷ്ഠം സുവിധായ - ഇവിടെ ലിപിപങ്കജ

പൂജയും മൂൎത്ത്യാവാഹനയും കലാവാഹനയും വിദ്യാവാഹനയും തത്ത്വാവാഹനയും ചെയ്ത്, മൂലേനൈനം ആവാഹ്യ സാംഗീകൃത്യ തം യജേത — മൂലംകൊണ്ട് ആവാഹിച്ചു സകളീകരിച്ച് അൎഘ്യാദി കൊടുത്തു ദേവനെ സപരിവാരം പൂജിച്ചു നിവേദിച്ചു പ്രസന്നപൂജയും ചെയ്തു കഴിച്ചാൽ, ഹുതവഹേ പരിധ്യാദി കല്പ്യാത — പിന്നെ അഗ്നിയിങ്കൽ പരിധ്യാദി ഹോമംതുടങ്ങി പകപ്രഹോമാന്തം ചെയ്വൂ.

പൂജാമന്ത്രാഹുതാന്തേഽത്ര സ്വവിധായാപീതിരിത്യേകശ-
സ്തത്ത്വൈരാജ്യാഹുതിം വിധായ മന്ത്രബിംബേഽന്ത്യേ സമായോജ്യ [ല
സമ്പാതം പരികല്പ്യ വിശ്വവിലയം ഭൂയഃ സിസൃക്ഷാൎത്ഥനാ-
പൂൎവ്വം പ്രാപ്യ ബഹിഃ സ്വമൂലമനനാഷ്ടാജ്യാഹുതിം ചാച-
[രേത്. ൨൦

അത്ര പൂജാമന്ത്രാഹുതാന്തേ സ്വവിധായ — ഇവിടെ പൂജാമന്ത്രാജ്യാഹുതിയും പൂൎണ്ണാഹുതിയും ചെയ്ത്, അപീതിരിത്യാ തത്ത്വൈഃ ഏകശഃ ആജ്യാഹുതിം വിധായ — സംഹാരതത്ത്വത്തിങ്കൽ പറയുന്ന ക്രമം പോലെ സകലതത്ത്വങ്ങളെക്കൊണ്ടും ഓരോ ഉരു സംഹാരമായിട്ട് ആജ്യാഹുതിയും പൂൎണ്ണാഹുതിയും ചെയ്തു തൽസമ്പാതംകൊണ്ട് സ്നകത്തുപോയി, അന്ത്യേ മന്ത്രബിംബേ സമ്പാതം വിധായ — സംഹാരതത്ത്വങ്ങൾ ഒരു പൂജ ചെയ്തു പ്രസന്നാൎഘ്യം കഴിഞ്ഞാൽ സംഹാരക്രമേണ തത്ത്വങ്ങളെക്കൊണ്ടു സമ്പാതത്തെ തത്തത്സ്ഥാനങ്ങളിൽ സ്പൎശിച്ച്, വിശ്വവിലയം പരികല്പ്യ — സകലതത്ത്വങ്ങളും സംഹൃതമായി ധ്യാനിച്ച്, ഭൂയഃ സിസൃക്ഷാൎത്ഥനാപൂൎവ്വം ബഹിഃ പ്രാപ്യ — പിന്നെ ആരാധിച്ചു സൃഷ്ട്യൎത്ഥം അന്തൎഗ്ഗതം ഭേദിക്കുന്ന പ്രാൎത്ഥിച്ച് പ്രസാദ കന്ദകുണ്ഡലികളുടേയും ബിംബാഗ്നിജലങ്ങളുടേയും ത്രിസ്ഥാന ചൈതന്യങ്ങളുടേയും ഏകഭാഗത്തെ ധ്യാനിച്ചു പുറത്തുവന്ന കണ്ഡത്തുകലും ആരാധിച്ച് അവിടെയും നാഡീസന്ധാനത്തെ കല്പിച്ച് അന്തൎയ്യാഗമന്ത്രത്തെ പരിഹരിച്ച് കയറുംകെട്ടി, സ്വമൂലമന്ത്രനാ അഷ്ടാ ആജ്യാഹുതിം ച ആചരേത് — മൂലംകൊണ്ട് എട്ടുരു ആജ്യാഹുതിയും ചെയ്തു പൂൎണ്ണാഹുതിയും ചെയ്വൂ.

സൃഷ്ടിക്രമാൽ സ്വാഖിലതത്ത്വമന്ത്രൈ-
രാജ്യം യഥാശക്തി പൃഥഗ് ജുഹോതു
ഹുത്വാഽഥ മൂലേന സമിദ്ഘൃതാദി-
ദ്രവ്യാണി ഹോമം സുസമാപയേച്ച. വൃ. ഛ

സ്വാഖിലതത്ത്വമന്ത്രൈഃ സൃഷ്ടിക്രമാത് പൃഥക് യഥാശക്തി ആജ്യം ജുഹോതു - പിന്നെ തന്റെ തത്ത്വങ്ങളെക്കൊണ്ടു കയും സൃഷ്ടിക്രമേണ വെവ്വേറെ നൂറെറട്ടിതു് എങ്കിലും ഇരുപത്തെട്ടിതു് എങ്കിലും എട്ടിതു് എങ്കിലും ആജ്യാഹുതിയെ ചെയ്വൂ. ശിവങ്കൽ പഞ്ചതത്ത്വം ഉദ്ഘാതാവൃത്തിയായിട്ട ഹോമിക്കണം. അഥ മൂലേന സമിദ്ഘൃതാദിദ്രവ്യാണി ഹുത്വാ ഹോമം സുസമാപയേത് ച .. പിന്നെ തങ്ങളുടെ മൂലംകൊണ്ടു സമിദാജ്യഹവിരാജ്യങ്ങളെയും നൂറെറട്ടിതു ഹോമിച്ചു സ്വിഷ്ടകൃദാദിഹോമത്തെ ചെയ്തു മുടിപ്പൂ.

സമ്പാതം പ്രസമർപ്യ വഹ്നിഗതചൈതന്യം സമുദ്വാസ്യ തത്-
കംഭേ തം പരിജപ്യ സാധിതസമഗ്രാത്മോദയം ഭാവയേത്
പീഠേജ്യാദിവിധാനതഃ സ്ഥപിതമഭ്യേത് സംശ്ലേഷതത്ത്വാന്വി-
[ഷത്-
സ്വാംഗം തത്കലശേന ദേവമഥ തച്ചിന്ന്യാസപൂർവ്വം യജേത്.
[വൃ. ഛ

തത്കുംഭേ സമ്പാതം പ്രസമർപ്യ വഹ്നിഗതചൈതന്യം സമുദ്വാസ്യ - അക്കലശങ്ങളിൽ സമ്പാതങ്ങളെ സമർപ്പിച്ചു് അഗ്നിചൈതന്യത്തെ ഉദ്വസിച്ചു് വ്യാപകാദി ചെയ്യാൻ ശോധനാദി ചെയ്തു പൂജിച്ചു്, തം പരിജപ്യ - തത്ത്വങ്ങളെ തൊട്ടു ജപിച്ചു്, സാധിതസമഗ്രാത്മോദയം ഭാവയേത് - സകല തത്ത്വങ്ങളെയും സൃഷ്ടിച്ചു എന്നു ധ്യാനിപ്പൂ. പീഠേജ്യാദിവിധാനതഃ - പിന്നെ ദേവങ്കൽ പീഠപൂജചെയ്തു ആവാഹിച്ചു് തത്ത്വന്യാസത്തോടുകൂടി സകളീകരിച്ചു് സ്നാനകാലത്തു പാണികൊട്ടിച്ചു്, സംശ്ലേഷതത്ത്വാന്വിഷത സ്വാംഗം ദേവം തത്കലശേന അഭിഷിച്യ സ്ഥപിതമഭ്യേത് - പരിശുദ്ധങ്ങളായ തത്ത്വങ്ങളുടെ ഉത്പത്തികൊണ്ടു് സകലാവയവപരിപൂർണ്ണനായിരിക്കുന്ന ദേവനെ തത്ത്വങ്ങൾ മുമ്പു് ഉരു ജപിച്ചു തത്ത്വകലശംകൊണ്ടു് അഭിഷേകത്തെച്ചെയ്തു്, തച്ചിന്ന്യാസപൂർവ്വം യജേത് - തച്ചിന്ന്യാസാദി സക

ളികരിച്ച് പായസം നിവേദിച്ചാൽ വസ്ത്രാദ്യുപചാരങ്ങളെക്കൊടുത്തു് സപരിവാരമായി പൂജിച്ച് പ്രസന്നപൂജയും ചെയ്‌വൂ. ഇങ്ങനെ തത്ത്വഹോമം.

പ്രാഗുക്തകൢപ്ത്യാ കലശാൻ യഥാർഹം
സമ്പൂര്യ സമ്പൂജ്യ തതോഽഭിഷിച്യ
സമ്പൂജയേദ് ദേവമവസ്രുതേന
സംപ്രോക്ഷ്യ കുര്യാത് പരിഷദ്ബലിം ച. വൃന

പ്രാക് ഉക്തകൢപ്ത്യാ – മുമ്പായിട്ട് എട്ടാമത്തെ പടലത്തിൽ പറഞ്ഞ ക്രമംപോലെ, യഥാർഹം കലശാൻ സമ്പൂര്യ – അതാതു് അസ്ത്രാദികളുടെ ഉത്ഭവാദ്യവസ്ഥത്തിനു തക്കവണ്ണം കലശങ്ങളെ നിറച്ച്, സമ്പൂജ്യ – പൂജിച്ച് അധിവസിച്ച്, തതഃ ദേവം അഭിഷിച്യ – സമ്പൂജയേത്. പിറ്റേദിവസം കലശങ്ങളെ ആടി പൂജയും ചെയ്‌വൂ. അവസ്രുതേന സംപ്രോക്ഷ്യ പരിഷദ്ബലിം കുര്യാത് – പിന്നെ അവസ്രാവപ്രോക്ഷണത്തെയും ചെയ്ത് ശ്രീഭൂതബലിയും ചെയ്‌വൂ.

അനന്തരം ക്ഷീരപ്രോക്ഷണത്തെ പറയുന്നു —

സവത്സാം ഗാം ദാരവാദിഷു ഗുരുരപരാഹ്ണേ ശാന്ത്യാഖ്യയേഷ്ട്വാ
പ്രദായാസ്യൈ ദൂർവാം തദനു പയഃ പദ്മപത്രേഷ്വഥ ദുഹ്യാത്
സ്വർണ്ണപാത്രേ തദാദായ ഘൃതമപി കുര്യാദ്ദധി ദ്വിതീയേ
തൃതീയേ തു ക്ഷീരം ശൃതമപി ച ഗോമൂത്രമപ്യാദദീത. വൃ ർ

ഗുരുഃ – ആചാര്യൻ, ദാരവാദിഷു – പ്രാസാദമണ്ഡപാദി കർമ്മം തീർത്തപ്പോഴായി എങ്കിൽ, സവത്സാം ഗാം ശാന്ത്യാഖ്യയാ ഇഷ്ട്വാ – പ്രസവിച്ച കിടാവോടുംകൂടി പാലുള്ള ഒരു പശുവിനെ കൊണ്ടു നിറുത്തി ശാന്തേ ആഗച്ഛ എന്നാവാഹ വിളിച്ച് ശാന്ത്യൈ നമഃ എന്നു പൂജിച്ച്, അസ്യൈ ദൂർവാം പ്രദായ – ആ പശുവിനായിക്കൊണ്ടു കറുകയെക്കൊടുത്ത്, തദനു പദ്മപത്രേ പയഃ ദുഹ്യാത് – അദ്ദിവസം താമരയിലയിൽ പാലിനെ കറപ്പൂ. അഥ സ്വർണ്ണപാത്രേ തു ആദായ ഘൃതം കുര്യാത – പിന്നെ ആ പാലിനെ പുതുകലശത്തിൽ ആക്കി അടുപ്പത്തു വച്ച് കാച്ചി മോരും വീഴ്ത്തി തൈരാക്കി മൂന്നു ദിവസം കലക്കി നെയ്യ് എടുത്തു ഉരുക്കി അരിച്ചു വയ്പൂ. ദ്വിതീയേ ദിനേ ഇതി ദധി –

രണ്ടാം ദിവസം ഇപ്രകാരം പശുവിനെ കറന്ന കാച്ചി തൈരുണ്ടാക്കൂ. തൃതീയേ തു കണ്ഡം ശകൃത മൂത്രം ... മൂന്നാം ദിവസം ഇപ്രകാരം കറന്ന പാലും ചാണകവും ഗോമൂത്രവും കൂടെ എടുപ്പൂ.

സ്വമന്ത്രൈരാജ്യാന്താന്യധികമലപാത്രേഷ്വപി ച കൂർച്ചപാത്ര-
ഷ്വമൂന്യാധായേഷ്ട്വാ വിധിവദപരസ്മിന്നപി ച ലിജ്യ താനി
മഥിത്വാ താരേണാമഹിതമഭിമന്ത്ര്യ ... സഹസ്രം
സ്ഥലം പ്രോക്ഷ്യ മണ്ഡപം നിഖിലമമുനാ ക്ഷാളയേച്ചൈവ
[ബിംബം. വൃ ൩

ആജ്യാന്താനി അമൂനി — ഗോമൂത്രാദികളെ നെയ്യ് ഒടുക്കമായി അഞ്ചിനെയും, അധികമലപാത്രേഷു അപി ച കൂർച്ചപാത്രേഷു ആധായ — അഞ്ച് സ്വസ്തികത്തിൽ പാത്രം വെച്ച് പീഠപൂജാദി സംസ്കാരവും ചെയ്ത് മലർത്തി ഓരോ താമരയില വെച്ച് അതിൽ കീഴ്പോട്ട് ഓരോ കൂർച്ചവും വച്ച് ഗോമൂത്രാദികളെ നിറച്ച്, സ്വമന്ത്രൈഃ ഇഷ്ട്വാ — തത്സവിതുരിത്യാദിമന്ത്രങ്ങളെക്കൊണ്ട് പൂജിച്ച്, അപരസ്മിൻ വിധിവത് അപി ച ലിജ്യ മഥിത്വാ — മറ്റൊരു സ്വസ്തികത്തിൽ പീഠം വിധിച്ച സംസ്കാരങ്ങൾ ചെയ്തു മലർത്തി താമരയിലയും കൂർച്ചവും വച്ച് ഗോമൂത്രാദിപഞ്ചഗവ്യങ്ങളേ തന്മന്ത്രംകൊണ്ട് കൂട്ടി പ്രണവംകൊണ്ട് മഥനംചെയ്ത്, ആമഹിതം താ— പഞ്ചബ്രഹ്മമന്ത്രങ്ങളെക്കൊണ്ട് ആവാഹിച്ച് പൂജിച്ച്, ഇഷ്ടമന്ത്രഃ സഹസ്രം അഭിമന്ത്ര്യ — പഞ്ചഗവ്യത്തിങ്കൽ ആയിരം ഉരു തൊട്ടുജപിച്ച്; മണ്ഡപം സ്ഥലം നിഖിലം അമുനാ പ്രോക്ഷ്യ — തീർത്ഥമായ സ്ഥലത്തെ എല്ലാറ്റെയും പഞ്ചഗവ്യംകൊണ്ടു പോയി തളിപ്പൂ. ബിംബം ക്ഷാളയേത് ച — ശിഷ്ടമുള്ള പഞ്ചഗവ്യം കൊണ്ടു ബിംബത്തെ അഭിഷേകം ചെയ്വൂ.

പിന്നെ തീകത്തിയേടത്തെ മസൃണികളെ വടിക്കളഞ്ഞതിൽ ഖനനാദി ചെയ്വൂ.

ഖനനാദി തതഃ കരോതു ശുദ്ധോ-
ദകപൂരണേന തു പൂരണം പരേത്യ
ചരണ്ണുദിതഗവ്യശോധനം പ്രാ-
ഗഥവാ പ്ലാവനകം സ്ഥലശോധനം ച. വൃ ൪

തതഃ ഖനനാദി കരോതി – പിന്നെ ഖനനവും ഹരണവും ദാഹവും ചെയ്വൂ. അഥ പാദ [illegible] ശുദ്ധോദകപൂരേണ പൂരണം ച – ഇവിടെ കുഴിയിൽ തന്നെ വളരെ ശുദ്ധജലം [illegible] കഴുകുന്ന പൂരണമായി കല്പിച്ച്, ഉദിതഗവ്യശോധനം കരോതി – പിന്നെ പഞ്ചഗവ്യപ്രോക്ഷണാദി ചെയ്വൂ. അഥവാ ആപ്ലാവനകം സ്ഥലപ്രോക്ഷണം ച കരോതി – പുണ്യാഹം വെള്ളമൊഴിക്കയും സ്ഥലത്തിന്റെ [illegible] പഞ്ചഗവ്യപ്രോക്ഷണവും [illegible] ക്ഷാളനം [illegible] ചെയ്യുകയുമാം.

[illegible]:—

ലോപാദൌ [illegible] പീഠേ ന്യസേത് സസ്വര [illegible] ർവാ-
ക്ഷീ [illegible] പീഠ്യാഗ്രേ ഗന്ധാദിഭിഃ ക്ലൃപ്തപാത്രേ/ന്യസേത്തോ വാ
[illegible] ക്ലൃപ്ത്യാ പ്രസാധ്യ പ്രതികൃതിമമുനാ സ്നാനകാലേ
[ത്രിസപ്ത-
വൃത്ത്യാ [illegible] പഞ്ചഗവ്യൈഃ പരപ്രോക്തോദ്ധൃത്
[പ്രോക്ഷയേത്. വൃ ൭

ലോപാദൌ – [illegible] ഭൂതാദി [illegible] പാനത്തുകൾ, [illegible] കഴിഞ്ഞു പഞ്ചഗവ്യത്തിന്റെ മുമ്പിൽ [illegible] മുമ്പിൽ സ്വസ്ഥി [illegible] പീഠപൂജാദി ചെയ്ത് [illegible] ക്ലൃപ്തപാത്രേ സസ്വര [illegible] – അധോമുഖം [illegible] പൂജിച്ചാൽ [illegible] ജലം കട്ടികം കൂടിയും [illegible] കൂടെ [illegible] തിന്ന ന്യസിച്ചു [illegible] വുമല്ലാം വീഴ്ത്തിയാൽ, [illegible] അസ്ത്ര [illegible] – [illegible] കൊണ്ടും അസ്ത്രംകൊണ്ടും [illegible] പൂജിച്ച് നിവേദിച്ച് പ്രസന്നപൂജാദി ചെയ്തു രക്ഷിച്ച്, സ്നാനകാലേ [illegible] വൃത്ത്യാ പ്രതികൃതിം അമുനാ [illegible] – [illegible] പൂജതുടങ്ങി സ്നാന [illegible] ഈ [illegible] പാത്രത്തിലൊന്ന [illegible] ഉരച്ചും [illegible] ചെയ്ത് വെള്ളം കൊണ്ടു കഴുകിക്കളഞ്ഞതാൽ [illegible] കൊട്ടത്ത് ശേഷം പൂജയും ചെയ്വൂ.

ക്ഷീരിത്വഗ്ഭിരക്ഷിപ്യ ച പിപ്പലത്വങ്-
നാഗാബ്ജകേസരസഹാസിജഗന്ധലക്ഷ്മീഃ
തേന സ്വപഞ്ചമനുഭിസ്സ്വഹിതോക്തികല്പ്യം
സിദ്ധേന വാ സമനുലിമ്പതു ദേശികേശഃ. ൨൨

ദേശികേശഃ — ആചാര്യവരൻ, ക്ഷീരിത്വഗ്ഭിഃ പിപ്പലത്വങ്നാഗാബ്ജകേസരസഹാസിജഗന്ധലക്ഷ്മീഃ ആക്ഷിപ്യ — നാല്പാമരത്തൊലി ഇട്ടു വെള്ളം വെകിച്ച കഷായജലത്തോടു കൂടി അരയാൽത്തൊലിയും നാഗപ്പൂവും താമരയല്ലിയും പൂവാംകുറുന്തലും തങ്ങളുടെ അഷ്ടഗന്ധപ്പൊടിയും തിരുതാളിയും ഇവ എല്ലാം അരച്ച്, സ്വപഞ്ചമനുഭിഃ സിദ്ധേന സമനുലിമ്പതു വാ — മുമ്പിൽ പറഞ്ഞിരുന്നതുപോലെ പഞ്ചഗവ്യങ്ങൾ ഒരു പാത്രത്തിൽ വച്ചു തന്റെ പഞ്ചബ്രഹ്മംകൊണ്ട് ആവാഹിച്ചു പൂജിച്ചതു് ദേവങ്കൽ പീഠപൂജാദി ചെയ്തു സ്നാനകാലത്ത് ഈ ദ്രവ്യംകൊണ്ടു് ബിംബങ്ങളും പാത്രങ്ങളും തേച്ചു നാല്പാമരവെള്ളംകൊണ്ടു് കഴുകി വസ്ത്രാദ്യുപഹാരങ്ങളെക്കൊടുത്തു പൂജിക്കിലുമാം. ഈ രണ്ടുവക ലേപനത്തെയും ചെയ്കിലുമാം.

അനന്തരം കല്പസ്ഥലങ്ങളുടെ ശുദ്ധിക്രമം പറയുന്നു:—

ശൂദ്രസ്പർശനാദിവിഷയേ സകലേഷു ശുദ്ധോപ്-
തപ്തഗന്ധതീർത്ഥസലിലൈരപി ചാവഗാഹഃ
ഗവ്യാവഗാഹമനുകാര്യ ഇഹാപി ശാർവ്യാം
ദിശ്യേവ ശാന്തിഹവനം തദയാദതത്. ൨൩

ശൂദ്രസ്പർശനാദിവിഷയേ — നായ് ക്രോഷ്ടാവ് ഇത്യാദികളെ തൊട്ടാലെ ശുദ്ധിയിങ്കൽ, സകലേഷു ഗവ്യാവഗാഹം അനു — എല്ലാ ദേവന്മാരിലും പഞ്ചഗവ്യംകൊണ്ടു പറഞ്ഞ അവഗാഹം ചെയ്താൽ, ശുദ്ധോപ്തപ്തഗന്ധതീർത്ഥസലിലൈഃ അപി അവഗാഹഃ കാര്യഃ — ശുദ്ധജലംകൊണ്ടും നാല്പാമരം ഇട്ടു വെകിച്ച കഷായജലംകൊണ്ടും അഷ്ടഗന്ധജലംകൊണ്ടും തീർത്ഥജലംകൊണ്ടും ഓരോ ദിവസം അവഗാഹത്തെ ചെയ്താൽ പഞ്ചകാദി ഹോമങ്ങളും ഒക്കെയും ചെയ്തു് തത്തദ്ഹോമത്തിന്റെ മുമ്പിൽ, ഏതത് ശാന്തിഹവനം ശാർവ്യാം ദിശി ഏവ തദയാത് — ഈ പറയുന്ന ശാന്തിഹോമത്തെ ഈശകോണിൽ ചതുരശ്രകുണ്ഡത്തിൽ ചെയ്യൂ.

ശ്രീനാരായണസൂക്തജൈർമ്മനുമിതൈർമന്ത്രൈർദ്വിഷൈകൈ-
[കൈഃ
ശ്രീസൂക്തപ്രഭവൈസ്ത്രിപഞ്ചഭിരതോ ദേവേതി ഷഡ്ഭിസ്തഥാ
നാസത്ഷോഡശഭിർദ്വിസപ്തദശകൈരംഹോമുചാം സംസമിത്-
പൂർവൈർബ്ബ്രഹ്മണൈസ്സഭദ്രചരണൈസ്സാരായിപഞ്ചാണഭിഃ. ൯൦

അവിടെ അഗ്ന്യാധാനം തുടങ്ങി മൂലാഷ്ടാജ്യാഹുതി കഴിഞ്ഞാൽ, ശ്രീനാരായണസൂക്തജൈർമന്ത്രമിതൈഃ മന്ത്രൈഃ – "സഹസ്രശീർഷാ" ഇത്യാദി ശ്രീനാരായണസൂക്തം പതിനാലൃക്കുകൊണ്ടും, ശ്രീസൂക്തപ്രഭവൈഃ ത്രിപഞ്ചഭിഃ – "ഹിരണ്യവർണാം ഹരിണീ"മിത്യാദി ശ്രീസൂക്തം പതിനഞ്ചുകൊണ്ടും, അതോദേവേതി ഷഡ്ഭിഃ – "അതോ ദേവാ" ഇത്യാദി ആറുകൊണ്ടും, നാസത് ഷോഡശഭിഃ – "നാസദാസീ"ദിത്യാദി ഏഴും, "കിം സ്വിദ്വനം ക ഉ സഃ" ഇത്യാദി ഒന്നും, "ബ്രഹ്മവനം ബ്രഹ്മ" ഇത്യാദി ഒന്നും, "പ്രാതരഗ്നിം പ്രാതരിന്ദ്രം" ഇത്യാദി ഏഴും ഇങ്ങനെ നാസദിത്യാദി പതിനാറുകൊണ്ടും, അംഹോമുചാം ദ്വിസപ്തദശകൈഃ - "അഗ്നേർമന്വേ" ഇത്യാദി ഇരുപത്തിരണ്ടും; "യാവാമിന്ദ്രാ വരുണാ" ഇത്യാദി നാലും "യുവോരാമിന്ദ്രാവരുണാ" ഇത്യാദി എട്ടും, ഇങ്ങനെ അംഹോമുക്ക് മുപ്പത്തിനാലുകൊണ്ടും, സംസമിത്പൂർവൈഃ അബ്ബ്രഹ്മണൈഃ -"സംസമിദ്യുവസേ വൃഷൻ" ഇത്യാദി നാലുകൊണ്ടും, സഭദ്രചരണൈഃ – "ഭദ്രം നഃ" ഇത്യാദി പാദമന്ത്രംകൊണ്ടും, സാരായിപഞ്ചാണഭിഃ – "അരായികാണേ" ഇത്യാദി അഞ്ചുകൊണ്ടും, ഏകൈകശഃ ആജ്യം – ഓരോ ഉഴ നെയ്യിനെ ഹോമിപ്പൂ.

ഗായത്ര്യാ നിജയാ സപഞ്ചമനുഭിശ്ചാഹുത്യ സർപ്പിഃ ക്രമാത്
പശ്ചാത് സാഷ്ടശതം ജുഹോതു സമിധോഽശ്വത്ഥോത്ഥിതാഃ
[ഖാദിരീഃ
പ്ലാക്ഷീർബ്ബ്രഹ്മമയീസ്സപാടലഭവാ ദേവേദ്ധ്രതാഃ സമൂലാണുനാ
ഹോമാന്തേ കലശേന ദേവമസീദയനാപി സിക്ത്വാ യജേത്.
[൯൧

നിജയാ ഗായത്ര്യാ സപഞ്ചമനുഭിഃ ച സർപ്പിഃ ആഹുത്യ- പിന്നെ തന്റെ ഗായത്രികൊണ്ടും പഞ്ചതത്വങ്ങളെക്കൊണ്ടും ഓരോ ഉഴ നെയ്യിനെ ഹോമിച്ചാൽ, പശ്ചാത് സമൂലാണുനാ - പിന്നെ മൂലമന്ത്രംകൊണ്ട്, അശ്വത്ഥോത്ഥിതാഃ - അര

യാലും, ഖാദിരീഃ — കരിങ്ങാലിയും, പ്ലാക്ഷീഃ — ഇത്തിയും, ബ്രഹ്മമയീഃ — പ്ലാശും, സപാടലവടോദുംബരാഃ — പാതിരിയും പേരാലും, സമിധഃ സാഷ്ടശതം ജുഹോതു — ഇച്ചമതകളെ ആറിന്നേയും ആറിഎട്ടീതു ഹോമിപ്പു. ഹോമാന്തേ അഭിഷിച്യേന കലശേന ദേവം സികതായ യജേത് — പിന്നെ സ്വിഷ്ടകൃദാദിചെയ്തു സമ്പാതയുക്തമായിരിക്കുന്ന ഹോമകലശംകൊണ്ടു സ്നാനകാലത്തു ദേവനെ അഭിഷേകംചെയ്തു വസ്ത്രാദ്യുപഹാരങ്ങളെ കൊടുത്തു പൂജിപ്പു.

ശ്വസൃഗാലാദിപ്രസവേ തുഷ്ണീമതിനീയ തത്ര ദിവസാനി
ത്രീണ്യഥ തത്സ്വർന്നവത് കുര്യാത് സകലം വിശേഷജ്ഞഃ. ൯൨

വിശേഷജ്ഞഃ — ദോഷവിശേഷജ്ഞനായ ആചാര്യൻ, ശ്വസൃഗാലാദിപ്രസവേ — നായ് ക്രോഷ്ടാവ് ചെന്നായ് ഇത്യാദികൾ അമ്പലത്തിൽ പ്രസവിച്ചാൽ, തത്ര ദിവസാനി ത്രീണി തുഷ്ണീം അതിനീയ — അവിടെ മൂന്നു ദിവസം മുഴുവൻ പൂജകൂടാതെ ക്ഷേത്രത്തെ ശൂന്യമാക്കിക്കിടത്തിയാൽ, അഥ തത്സ്വർന്നവത് സകലം കുര്യാത് — പിന്നെ നാലാം ദിവസം പശുദാനം പുണ്യാഹം ചെയ്തു പൂജയുമാവർത്തിച്ചു നായ്തൊട്ടേടത്തു പറഞ്ഞപോലെ ശുദ്ധികളും ഹോമങ്ങളും ചെയ്തു കലശവും പൂജിച്ചു ആടൂ.

ചോരകാവർണ്യജൈഃ സ്പൃഷ്ടേ ബിംബേ ച ബ്രഹ്മഹാദിഭിഃ
രാജ്യാദിലിപ്സു ക്ഷുദ്രാർണപൂജിതേ വോക്തശുദ്ധികൃത്. ൯൩

ചോരകാവർണ്യജൈഃ ബ്രഹ്മഹാദിഭിഃ ച ബിംബേ സ്പൃഷ്ടേ — കള്ളന്മാരാലും ആശാരികളാലും ചണ്ഡാലാദികളാലും ബിംബം തൊട്ടിരിക്കുമ്പോഴും, രാജ്യാദിലിപ്സു ക്ഷുദ്രാർണപൂജിതേ വാ — കട്ടക് മുളക് ഇത്യാദി അരച്ചുതേച്ചാലും ക്ഷുദ്രമന്ത്രങ്ങളെക്കൊണ്ടു പൂജിച്ചാലും, ഉക്തശുദ്ധികൃത് — ഈ പറഞ്ഞ ശുദ്ധികൾ ഒക്കെയും ചെയ്തു ഘോരശാന്തിഹോമങ്ങളെ ചെയ്യണം.

കൃത്വൈതച്ഛാന്തം ഹുതളങ്മുഖാദി ദശഹോത്രാജ്യം സഹസ്രാവരം
സാവിത്ര്യാ ച തിലാൻ സപ്രമമന്ത്രാ താവത് സമിത്സർപ്പിഷീ
സർപ്പിസ്സു ഛിഷഭ്യുന്നതോ മൂർത്തിപൈതൃ ഹോമാവസാനേ പുനഃ-
സ്തത്സമ്പാതഘടേന ദേവമഭിഷിച്യാര്യേച്ചയേത് കല്പവിത്.

[൯൪

കല്പവിത് – കല്പങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യൻ, ഐശ്യാം ഹുതഭുങ്മുഖാദി കൃത്വാ – ഈശകോണിൽ ചതുരശ്രകുണ്ഡത്തിൽ അഗ്നിജനനം ചെയ്ത് അന്വാധാനാദി മുഖാന്താജ്യോൽപ്പത്യന്തം ചെയ്താൽ, ദശഹോമാത് സഹസ്രാവരം ആജ്യം – "ചിത്തിസ്രുക് ചിത്തമാജ്യം" ഇത്യാദി ദശഹോതൃമന്ത്രംകൊണ്ട് ആയിരത്തെട്ട് ഉരു നെയ്യിനെയും, സാവിത്ര്യാ തിലാൻ – "തത്സവിതുരി"ത്യാദി ഗായത്രികൊണ്ടു എള്ളിനെയും, സ്വമൂലമന്ത്രാ സമിത് സർപ്പിഷീ താവത് – തന്റെ മൂലമന്ത്രംകൊണ്ടു പ്ലാശിന്റെ ചമതയെയും, നെയ്യിനെയും ഈ മൂന്നിനെയും ആയിരത്തെട്ടീതു ഹോമിപ്പൂ. മുരരിപൌ സർപ്പിഃ ദ്വിഷഡർണേന – വിഷ്ണുവിങ്കൽ ഒടുക്കത്തെ നെയ്യ് ദ്വാദശാക്ഷരംകൊണ്ടു ഹോമിക്കേണം. പിന്നെ സ്വിഷ്ടകൃദാദിഹോമം ചെയ്തു, പുനഃ ഹോമാവസാനേ തത്സമ്പാതഘടേന ദേവം അഭിഷിച്യ അർച്ചയേത് – പിന്നെ ഹോമാവസാനത്തിങ്കൽ ദേവനെ പൂജിച്ചു സ്നാനകാലത്തിങ്കൽ തത്സമ്പാതകലശംകൊണ്ടു അഭിഷേകം ചെയ്ത് പൂജിപ്പൂ. ഈ ഹോമം തത്വഹോമത്തിനു മുമ്പിൽ ചെയ്യേണം.

അനന്തരം സ്രുക്പരിഗ്രഹാദിച്ഛിദ്രപ്രായശ്ചിത്തത്തെ പറയുന്നു:—

സ്രുക്സംഗ്രഹേ സ്യാദിഹ ശങ്കുസൂത്ര-
ഭംഗാദിഷു സ്വാസ്ത്രഹുതാജ്യഹോമഃ
തത് കർഷണേ സാഷ്ടശതാദിസംഖ്യം
യുഗാദിഭാഗാദിഷു മൂലതോ വാ. ൩൭

ഇഹ സ്രുക്സംഗ്രഹേ ശങ്കുസൂത്രഭംഗാദിഷു സ്വാസ്ത്രഹുത ആജ്യഹോമഃ സ്യാത് – ഇവിടെ സ്രുക്പരിഗ്രഹത്തിങ്കൽ ശങ്കു പിഴുതു പോയാലും പുല്ലയറു പൊട്ടിപ്പോയാലും തന്റെ അസ്ത്രംകൊണ്ട് ആജ്യാഹുതി ചെയ്ത് സമ്പാതത്തെ അവററിൽ സ്പർശിച്ച് വേറെ ഉണ്ടാക്കി ആദിയേ ചെയ്വൂ. കർഷണേ തത് സാഷ്ടശതാദിസംഖ്യം – കർഷണത്തിൻ കളകരം വേർവിട്ടുപോയാലും അസ്ത്രംകൊണ്ടു നൂറെട്ടുരു ആജ്യഹോമത്തെച്ചെയ്ത് തത്സമ്പാതം സ്പർശിച്ച് ആദിയേ ചെയ്വൂ. യുഗാദിഭാഗാദിഷു മൂലതഃ വാ – കലപ്പ നുകം ഇത്യാദി മുറിഞ്ഞാൽ മൂലംകൊണ്ടും ആജ്യഹോമത്തെ ചെയ്യാം.

വർഷൈസ്ത്രിഭിഃ കർഷണമിഷ്ടകോപ-
ധൈകേന ഗർഭോ ദിവസൈർദ്വിഷഡ്ഭിഃ
ആവർത്ത്യ താം ശാന്തിഹുതം ച കാര്യം
തദേവ വർഷേണ ഗൃഹേ പ്രവൃത്തേ. ൯൩

കർഷണം ത്രിഭിഃ വർഷൈഃ – കർഷണം ചെയ്താൽ മൂന്നു വത്സരംകൊണ്ടു്, ഇഷ്ടകോപധാ ഏകേന - ഇഷ്ടകാസ്ഥാപനം ചെയ്താൽ ഒരു വത്സരംകൊണ്ടും, ഗർഭഃ ദ്വിഷഡ്ഭിഃ ദിവസൈഃ - ഗർഭന്യാസം ചെയ്താൽ പന്ത്രണ്ടു ദിവസംകൊണ്ടും, താം ആവർത്ത്യ ശാന്തിഹുതം ച കാര്യം – മേൽ വേണ്ടുന്ന ക്രിയകൾ ചെയ്യാതെ ഇരുന്നാൽ അതാതു ക്രിയകളാവർത്തിക്കണം. ശാന്തിഹോമമാകുന്ന അസ്ത്രാജ്യാഹുതിയും ചെയ്തു് സമ്പാതം തത്സ്ഥാനങ്ങളു സ്പർശിക്കുകയും വേണം. ഗൃഹേ പ്രവൃത്തേ വർഷേണ ച – പണി ആരംഭിച്ചാൽ ഒരു സംവത്സരം പണികൂടാതെ ഇരുന്നാലും ശാന്തിഹോമം ചെയ്തു് പണി തുടങ്ങണം.

സ്യാത് സ്ഥാനശുദ്ധിർമൃതിസംഭവാദൌ
സശാന്തിഹോമോƒപി യഥോപപത്തി
സ്വനിഷ്കൃതിശ്ച പ്രസവാദിദോഷേ
ഗൃഹേ പ്രവൃത്തേഷ്വഖിലേഷു ചാപി. ൯൪

അഖിലേഷു പ്രവൃത്തേഷു – പണികളെല്ലാം കഴിഞ്ഞിരിക്കുമ്പോഴും, ഗൃഹേ മൃതിസംഭവാദൌ – പ്രാസാദാദികളിൽ മരണം പതനം പ്രവേശം ഇത്യാദി അശുദ്ധികൾ വന്നാൽ, യഥോപപത്തി സ്ഥാനശുദ്ധിഃ സശാന്തിഹോമഃ അപി സ്യാത് – യഥായോഗ്യം സ്ഥാനശുദ്ധിവേണമെങ്കിൽ അതയതും ഈ പറഞ്ഞ ശാന്തിഹോമവും ചെയ്യണം. പ്രസവാദിദോഷേ സ്വനിഷ്കൃതിഃ ച – ശവപ്രസവാദികളായ ദോഷങ്ങൾക്ക് അതാതിന്റെ പ്രത്യേകമായിപ്പറഞ്ഞ ശാന്തിഹോമവും ചെയ്യണം.

അനന്തരം ബിംബാദികളുടെ പ്രായശ്ചിത്തങ്ങളെ പറയുന്നു:—

നഷ്ടേഷു ദുഷ്ടേഷ്വപി ബോപ്യബിംബേ-
ഷ്വപ്യാ സപാപാദ്യുഷപാപരേഷു വാƒഥ
ദിഗ്ഭ്രമായാ സമീചിതാ സ്വയോജ്യ
മൂലാണനാƒവാഹ്യ സമർച്ചയേച്ച. ൯൫

ഉപ്തബീജേഷു നഷ്ടേഷു അപി വാ ദഗ്ധേഷു — മുളയിട്ടിരിക്കുന്ന ബീജങ്ങൾ മുളയ്ക്കാതെ നശിച്ചെന്നാലും എന്നിയേ അവററിന്ന് അശുദ്ധികൾ വന്നാലും തച്ചൈതന്യത്തെ സ്വർണ്ണത്തിലുദ്വസിച്ച് പുണ്യാഹപ്രോക്ഷണംചെയ്ത് മുമ്പിലത്തെ ബീജങ്ങളെ എടുത്തുകളഞ്ഞു് തളിച്ച വേറെ ബീജങ്ങളെ ഉണ്ടാക്കി സഹലത്രാഭ്യാദിചെയ്തു പതമിട്ട്, സ്വപാത്രേഷു അപരേഷു വാ ഉപ്ത്വാ — മുമ്പിലത്തെ പാലികകളിൽ താൻ വേറെയുള്ള പാലികകളിൽ താൻ മുമ്പിലത്തെപ്പോലെ ദ്രവ്യങ്ങളെ വിതച്ച തളിച്ചാൽ, വിശുദ്ധയാ സ്വീയചിതാ സുയോജ്യ — സ്വർണ്ണത്തിങ്കലെ ശുദ്ധമായിരിക്കുന്ന ചൈതന്യത്തെ അവിടെ യോജിപ്പിച്ച്, മൂലാണുനാ ആവാഹ്യ സമർച്ചയേത് ച — മൂലംകൊണ്ടു ആവാഹിച്ച വിധിപോലെ പൂജിക്കയും വേണം.

തത്ര ത്ര്യഹാത് പ്രാക് നിജബീജവാപം
സമാചരേത് തണ്ഡുലവാപമൂർദ്ധ്വം
ഹുത്വേഷുതത്ത്വൈരിഷുവർഗ്ഗസംഖ്യം
പൃഥഗ് ഘൃതം തത്ര സമർപ്പയേച്ച. ൯൯

തത്ര ത്ര്യഹാത് പ്രാക് നിജബീജവാപം സമാചരേത് — അവിടെ അധിവാസദിവസത്തിങ്കൽനിന്നു മൂന്നുദിവസത്തിനു മുമ്പിൽ ആകുന്നു എങ്കിൽ തങ്ങളുടെ ബീജങ്ങളെത്തന്നെ വിതയ്ക്കാം, ഊർദ്ധ്വം തണ്ഡുലവാപം — അതിലും അടുത്തദിവസങ്ങളിലാകുമ്പോൾ അരി നനച്ച പുണ്യാഹാദിചെയ്തു മുള ഇടുകേ വേണ്ടു. ഇഷുതത്ത്വൈഃ പൃഥക് ഇഷുവർഗ്ഗസംഖ്യം ഹുത്വാ തത്ര ഘൃതം സമർപ്പയേത് — പഞ്ചതത്ത്വങ്ങളെക്കൊണ്ടു വെവ്വേറെ ഇരുപത്തഞ്ചീതു ഉരു ആജ്യാഹുതി ചെയ്തു തത്സമ്പാതത്തെ മുളദ്രവ്യത്തിൽ സമർപ്പിക്കയും വേണം.

സതാരകവ്യാഹൃതിപീഠമന്ത്ര-
സമൂലമന്ത്രാഷ്ടഘൃതാദിയുക്തഃ
അത്രാഖിലോ ഹോമവിധിഃ സമുക്തഃ
പൂജാമനവ്യാഹൃതിതാരനാശ്യം. ൧൦൦

അത്ര അഖിലഃ ഹോമവിധിഃ — ഇവിടെ പ്രായശ്ചിത്തഹോമങ്ങളുടെ ഹോമപ്രകാരം കീഴിൽ [illegible] പരിസ്തരിച്ച് ആജ്യസംസ്കാരവും അഗ്ന്യലങ്കാരവും ചെയ്തു പീഠം

പൂജിച്ചു ആവാഹിച്ചു വ്യാപകാംഗാദി ചെയ്തു പൂജിച്ചു നിവേദ്യ സ്ഥാനത്തു ചാങ്കമത ഹോമിച്ച്, സതാരകവ്യാഹൃതിപീഠമന്ത്ര സമൂലമന്ത്രാജ്യഘൃതാദിയുക്തഃ – പ്രണവവ്യാഹൃതിയും പീഠമന്ത്രങ്ങളും മൂലാഷ്ടാജ്യാഹുതിയും ചെയ്ത് അവിടേയ്ക്ക് പ്രത്യേകം പറയുന്ന ഹോമത്തേയും ചെയ്ത് പിന്നെയും മൂലാഷ്ടാജ്യാഹുതിയേയും ചെയ്ത്, പൂജാമനുവ്യാഹൃതിതാരണിഃ – പൂജാമന്ത്രവും വ്യാഹൃതിപ്രണവവും ഹോമിച്ചു കോരിവാത്ത് പ്രസന്നപൂജയും ചെയ്ത് വിളാകി ആരാധിച്ചു സമ്പാതത്തിലുപസിച്ചാൽ സമ്പാതസ്പർശനം ചെയ്ത് ആവാഹനാദി ചെയ്വൂ.

ബീജേഷ്വരൂഢേഷു പുനശ്ച വാപ-
മിച്ഛന്തി നിഷ്കൃത്യുദിതം ഹുതം ച
ശ്യാമേഷു തിര്യക് പ്രസൃതേഷു ചൈവം
കേചിത് പരേ നിഷ്കൃതിഹോമമാത്രം. ൧൦൧

ബീജേഷു അരൂഢേഷു – മുളദ്രവ്യങ്ങൾ കിളിർക്കാതെ പോയി എങ്കിൽ, പുനഃ ച വാപം നിഷ്കൃത്യുദിതം ഹുതം ച ഇച്ഛന്തി – ആയതിനെ കളഞ്ഞ് വേറെ മുളദ്രവ്യങ്ങൾ വിധിച്ച് പ്രായശ്ചിത്തം പറഞ്ഞ ഹോമവും ചെയ്യണം. ശ്യാമേഷു തിര്യക് പ്രസൃതേഷു ച ഏവം – മുള കിളിർത്തുവന്ന് കറുപ്പു നിറമായി ഇരുന്നാലും വിലങ്ങി വീണുപോയാലും ഈവണ്ണമാദിയേ നന്നായിട്ട് ഇടണം. ഇതി കേചിത് – ഇങ്ങനെ ചില ആചാര്യന്മാർ പറയുന്നു. പരേ നിഷ്കൃതിഹോമമാത്രം – മററു ചിലര് പ്രായശ്ചിത്തഹോമം മതി എന്നും പറയുന്നു.

ബലിഗ്രഹദ്രവ്യവിപര്യയേ ത-
ല്ലോപേഽപി മൂലാഷ്ടശതാജ്യഹോമം
കൃത്വാ യഥാർഹം ച ബലിം കരോതു
തഥാ സ്വപൂജാസവനാത്യയേഽപി. ൧൦൨

ബലിഗ്രഹദ്രവ്യവിപര്യയേ തല്ലോപേ അപി – ബലിദേവതകളുടെ മന്ത്രങ്ങൾക്കും ദ്രവ്യങ്ങൾക്കും ഭേദം വന്നെങ്കിലും, ബലി മറന്നുപോയാലും, മൂലാഷ്ടശതാജ്യഹോമം കൃത്വാ – മൂലം കൊണ്ടു നൂറെറട്ട് ഉരു ആജ്യാഹുതി ചെയ്തു സമ്പാതത്തെ സ്പർശിച്ചു. യഥാർഹം ബലിം കരോതു – പിന്നെ യഥാക്രമമായിട്ടു ബലിയെ ചെയ്വൂ. സ്വപൂജാസവനാത്യയേ അപി തഥാ – പൂജയ്ക്കു കാലഭേദം വന്നാലും അപ്രകാരം ഹോമം ചെയ്തു സമ്പാതത്തെ സ്പർശിക്കണം.

അനന്തരം ജലാധിവാസാദികളിലെ പ്രായശ്ചിത്തങ്ങളെ പറയുന്നു.—

ബിംബം പ്രാഗുദവാസതോഽശുചി യദി പ്രക്ഷാള്യ പുണ്യാഹകം
കുര്യാദ് ദ്രവ്യഘടാഭിഷേകമുദവാസം ചോദവാസേ യദി
പശ്ചാച്ചേന്നിജശുദ്ധിശാന്തിഹവനാസ്ത്രദ്രവ്യകുംഭാഭിഷേ-
കാദ്യം സ്ഥാപനതോ നവീകരണമേവ തത്രാഭിഷേകാദ് ബുധഃ.
[൫ ൦ ൩

ബുധഃ — വിദ്വാനായിരിക്കുന്ന ആചാര്യൻ, ഉദവാസതഃ പ്രാക് ബിംബം അശുചി യദി — ജലാധിവാസം ചെയ്യുന്നതിന്നു മുമ്പിൽ പരിഗ്രഹിച്ച ബിംബത്തിന്ന് അശുദ്ധിവന്നു എങ്കിൽ, പ്രക്ഷാള്യ പുണ്യാഹകം കുര്യാത് — ഉടനെ വെള്ളംകൊണ്ടു കഴുകി പുണ്യാഹം തളിപ്പൂ. ഉദവാസേ യദി — ജലാധിവാസത്തിങ്കൽ അശുദ്ധി വന്നാൽ, ദ്രവ്യഘടാഭിഷേകം ഉദവാസം ച — പുണ്യാഹം തളിച്ച് ദ്രവ്യകലശം പൂജിച്ച് ആടണം. പശ്ചാത് ചേത് — പിന്നെ ജലാധിവാസം കഴിഞ്ഞ് പ്രതിഷ്ഠയ്ക്കു മുമ്പിൽ അശുദ്ധിവന്നാൽ, നിജശുദ്ധിശാന്തിഹവനാസ്ത്രദ്രവ്യകുംഭാഭിഷേകാദ്യം — ചതുശ്ശുദ്ധ്യാദി സപ്തശുദ്ധികളും അശുദ്ധിക്കു തക്കവണ്ണമുള്ള ഹോമങ്ങളും ദ്രവ്യകലശമാടുകയും വേണം. സ്ഥാപനതഃ അഭിഷേകാത് നവീകരണം ഏവ — പ്രതിഷ്ഠ കഴിഞ്ഞാൽ ചതുർത്ഥസ്ഥാനത്തിന്നു മുമ്പിൽ അശുദ്ധികം വന്നാൽ ഉടനെ നവീകരണംതന്നെ ആദിയേ ചെയ്യണം.

നന്ദ്യാദിതത്തന്മനുനാ ധ്വജോപ-
ഘാതേ ഘൃതം സംസ്പൃശതാം ജുഹോതു
കവീത ശവേ ക്ഷുരികാണുനൈവം
തദന്യതോഽസ്ത്രേണ ച വസ്ത്രദാഹേ. ൫ ൦ ൪

ധ്വജോപഘാതേ നന്ദ്യാദിതത്തന്മനുനാ സാംസ്പൃശതാം ഘൃതം ജുഹോതു — മണ്ഡപസംസ്കാരത്തിങ്കൽ ധ്വജതോരണങ്ങൾക്കു നാശമെങ്കിലും അശുദ്ധി എങ്കിലും വന്നാൽ നന്ദ്യാദികളായ തദ്ദേവതാമന്ത്രംകൊണ്ട് നൂറെട്ട് ഉരു ആജ്യാഹുതിചെയ്തു സമ്പാതം സ്പർശിച്ച് അവററ വേറെ ഉണ്ടാക്കണം. ശവേ വസ്ത്രദാഹേ ക്ഷുരികാണുനാ — ശിവങ്കൾ ധ്വജതോരണങ്ങളുടെ വസ്ത്രങ്ങൾക്കു തീകത്തിയാൽ ക്ഷുരികാമന്ത്രംകൊണ്ടും, തദന്യതഃ അസ്ത്രേണ ച — അന്യദേവന്മാരിൽ അസ്ത്രംകൊണ്ടും ആജ്യാഹുതിചെയ്തു സമ്പാതം സ്പർശിക്കണം.

പ്രപൂരിതാശേഷഘടോപഘാതേ
തത്സ്ഥാനസംസ്ഥം പരിപൂൎയ്യ ചാന്യത്
തത്സിദ്ധതോയേന പരേണ വേഷ്ട്വാ
സമ്പാസ്ത്രാണുസമ്പാതമിഹാപ്പ്യയേച്ച. ൧൦൪

പ്രപൂരിതാശേഷഘടോപഘാതേ – നിറച്ചു പൂജിച്ചു വച്ചിരിക്കുന്ന ദ്വാരകലശാദികളുടേയും നാശദോഷാദികൾ വന്നാൽ, തൽസ്ഥാനസംസ്ഥം അന്യത് തത്സിദ്ധതോയേന പരേണ വാ പരിപൂൎയ്യ – ആ സ്ഥലത്തു വേറെ കലശം വച്ചു പൂജ തുടങ്ങിയാൽ പൂൎവ്വകലശത്തിങ്കലേ ജലംകൊണ്ടും ശുദ്ധജലംകൊണ്ടും നിറച്ച്, ഇഷ്ട്വാ – മുമ്പിലത്തെപ്പോലെ തന്നെ പൂജിച്ച് ഇഹ സമ്പാസ്ത്രാണു സമ്പാതം അപ്പ്യയേത് – അസ്ത്രംകൊണ്ടും ആജ്യാഹുതിചെയ്ത് സമ്പാതത്തെ സ്പർശിക്കണം.

മിശ്രാഹുതിശ്ചാപി സജീവനിദ്രാ–
ബ്രഹ്മാഖ്യകംഭേശഘടോപഘാതേ
നിരംബുരേകാദിഷു മൂലമന്ത്രാ–
ഭിമന്ത്രിതാപൂരിതമപ്പ്യയേച്ച. ൧൦൫

സജീവനിദ്രാബ്രഹ്മാഖ്യകംഭേശഘടോപഘാതേ മിശ്രാഹുതിഃ ച – ജീവകലശം നിദ്രാകലശം ബ്രഹ്മകലശം കംഭേശകലശം ഇവററിന്റെ നാശദോഷാദികളിൽ മിശ്രാഹുതിയും അസ്ത്രാജ്യാഹുതിയും ചെയ്തു സമ്പാതമുണ്ടാക്കി വേറേ കലശം പൂജിച്ചാൽ സ്പർശിപ്പൂ. നിരംബുരേകാദിഷു മൂലമന്ത്രാഭിമന്ത്രിതാപൂരിതം അപ്പ്യയേത ച – പൂജിച്ചിരിക്കുന്ന കലശങ്ങളിലെ വെള്ളം ചോൎന്ന പോയാലും മറിഞ്ഞു തൂകിയാലും മൂലം ജപിച്ചു വേറേ വെള്ളം കൊണ്ടു നിറച്ച് ആവാഹിച്ചു പൂജിപ്പൂ.

പാതാദിശ്ചക്രികാദീനാം യദി സ്യാത്തഥൈവ യഥാപുരം
കൃത്വാന്യദ്വാ ബുധഃ കൎയ്യാന്മൂലമന്ത്രാഭിമന്ത്രണം. ൧൦൬

ചക്രികാദീനാം പാതാദിഃ സ്യാത് യദി – ആലും മാവും ചക്രിക കൂൎച്ചം ഇവ വീണുപോയി എങ്കിൽ, തദന്യത് വാ യഥാപുരം കൃത്വാ – അതു തന്നെ എങ്കിലും വേറേ എങ്കിലും മുമ്പിലത്തെപ്പോലെ വച്ച്, മൂലമന്ത്രാഭിമന്ത്രണം കൎയ്യാത് – മൂലമന്ത്രം നൂററിയെട്ട് ഉരു തൊട്ടു ജപിപ്പൂ.

ധ്വജതോരണമംഗലാദി ചേത്സ്യാത്
സ്ഖലിതോല്ലംഘിതഭിന്നദഗ്ധമത്ര
നിജശാന്തിഹുതം ചരേദ്വിശേഷാ-
ദശുചിസ്പൃശ്യപി ചാപരം ച കല്പ്യം. ൧൦൮

അത്ര ധ്വജതോരണമംഗലാദിസ്ഖലിതോല്ലംഘിതഭിന്നദഗ്ധം സ്യാത് ചേത് – ധ്വജങ്ങളും തോരണങ്ങളും അഷ്ടമംഗല്യങ്ങളും ഘൃതാദിപാത്രങ്ങളും ഇളകിപ്പോകതാൻ എടുത്തുകൊണ്ടുപോകതാൻ പൊട്ടുകതാൻ തീപിടിക്കതാൻ ചെയ്താൽ, നിജശാന്തിഹുതം ചരേത് – അവററിന്ന് മുമ്പിൽ പറഞ്ഞ ശാന്തിഹോമത്തെച്ചെയ്ത് സമ്പാതത്തെ സ്പർശിപ്പൂ. വിശേഷാദ് അശുചിസ്പൃശി അപി അപരം കല്പ്യം – മുറിഞ്ഞുപോയാലും അശുദ്ധികരം വന്നാലും വേറെ ഉണ്ടാക്കിവെയ്ക്കണം.

അനന്തരം അഗ്നിദോഷങ്ങളുടെ പ്രായശ്ചിത്തങ്ങളെ പറയുന്നു.—

സാമാന്യജാതദഹനാപദി ഭസ്മ ഹൃത്വാ
ത്രിർഗ്ഗോശകൃദ്ഗുളികയാഽയതനം വിശോധ്യ
കൃത്വാഽഗ്നിമഷ്ടഗുണിതേരിതസംസ്ക്രിയാദി-
സംഖ്യം സുദീർഘധ്രുവഘൃതാഹവനം വിധായ. ൧൦൯

ഹുത്വാ ചതുർഗ്രഹഘൃതം വിധിവന്മനസ്വ-
ത്ത്വാജ്യം സ്രുവേണ ച സകൃത്പ്രതിഷ്ഠതത്ത്വൈഃ
ആവാഹ്യ മൂലമനുനാ പരിപൂജ്യ മൂലേ-
നാസ്ത്രേണ ചാഷ്ടശതമാജ്യഹുതിം വിദധ്യാത്. ൧൧൦

സാമാന്യജാതദഹനാപദി – അഗ്നിജനനം ചെയ്ത് ഹോമം തുടങ്ങുന്നതിന്റെ മുമ്പിൽ ആ തീ കെട്ടുപോയാൽ, ഭസ്മ ഹൃത്വാ ഗോശകൃദ്ഗുളികയാ ത്രിഃ ആയതനം വിശോധ്യ – കുണ്ഡത്തുങ്കലെ ഭസ്മാദികളെ വാരിക്കളഞ്ഞു ചാണകമുരുട്ടി മൂന്നപ്രാവശ്യം തുടച്ച് ഭസ്മമൊക്കെയും കളഞ്ഞാൽ, അഗ്നിം കൃത്വാ – തീയ് കോരിക്കൊണ്ടുവന്ന് അവിടെ ഇട്ടു ജ്വലാദി വിളക്കി പരിസ്തരിച്ച് പ്രോക്ഷണീസംസ്കാരാദിചെയ്ത് നെയ്യുമുണ്ടാക്കി അഗ്നിയെ അലങ്കരിച്ച് മന്ത്രപരിഷേകം ചെയ്ത് ചാൺചമത ഇട്ടാൽ, അഷ്ടഗുണിതേരിതസംസ്ക്രിയാദിസംഖ്യം ധ്രുവഘൃതാഹവനം വിധായ – ഗർഭാധാനാദി എത്ര ക്രിയ ചെയ്തിരിക്കുന്നു എന്നാൽ ഓരോ ക്രിയകളെ സങ്കല്പിച്ച് പ്രണവംകൊണ്ട് എട്ട് ഉരു വീതം ആജ്യാഹുതികളും പൂർണ്ണാഹുത

കളും ഓരോന്നും ചെയ്വൂ. പിന്നെ, മനസാത്വാ വിധിവത് ചരൂർ ഗൃഹ്യ ഘൃതം ഹുത്വാ - ജുഹുവിൽ ചരുവർദ്ധനം ചെയ്തു നിറച്ച് "മനോജ്യോതിർജ്ജുഷതാം" എന്നതുകൊണ്ടു പൂർണ്ണാഹുതിയും ചെയ്തു്, സ്രുവേണ ത്രിഃപ്രതിഷ്ഠതത്വൈഃ ആജ്യം - സ്രുവംകൊണ്ടു വ്യാഹൃതിയും പഞ്ചതത്വങ്ങളും ഓരോ ഉരു ഹോമിച്ചാൽ, മൂലമന്ത്രാ ആവാഹ്യ, പരിപൂജ്യ - പീഠം പൂജിച്ച് ആവാഹിച്ച് പൂജിച്ചു നിവേദ്യസ്ഥാനത്തു ചാമ്പമത ഇട്ട്, മൂലേന അസ്ത്രേണ ച - അഷ്ടശതം ആജ്യാഹുതിം വിദധ്യാത് - മൂലംകൊണ്ടും അസ്ത്രംകൊണ്ടും നൂറെറട്ടിരു ആജ്യാഹുതിയേച്ചെയ്തു ഹോമം മുടിച്ച് പ്രസന്നപൂജയും ചെയ്തു് വിളാകി ആരാധിപ്പൂ.

ഭസ്മാഗ്നിം മുകുരോദരേ പ്രതിഫലയ്യ ക്ഷാളനാദ്യാഃ ക്രിയാഃ
കൃത്വോപാദായ തതോഽന്യതോ ഹുതവഹം സന്ത്യജ്യ ഭസ്മാളികം
അലിപ്യാത്ര വിഭാവസും വിധിവദുത്പാദ്യേഷ്ടപീഠസ്ഥിത-
ന്മൂർത്തൗ പൂർവ്വചിതിം പ്രണീയ സകലം നാശോക്തവത് പ്രാച-
[രേത്. ൧൧൧

ഭസ്മാഗ്നിം മുകുരോദരേ പ്രതിഫലയ്യ - അഗ്നിജനനം ചെയ്ത തീയിന് അശുദ്ധിവന്നാൽ ആ ചൈതന്യത്തെ കണ്ണാടികാട്ടി പ്രതിഫലിപ്പിച്ച് ക്ഷാളനാദ്യാഃ ക്രിയാഃ കൃത്വാ - ക്ഷാളനാദികളായ സപ്ലുതശുദ്ധികളെ കണ്ണാടിയിങ്കൽ ചെയ്തു്, തതഃ അന്യതഃ ഉപാദായ - കണ്ണാടിയിങ്കൽനിന്ന ചൈതന്യത്തെ സ്വർണ്ണത്തിങ്കൽ ഉപാസിച്ച്, ഭസ്മാളികം ഹുതവഹം സന്ത്യജ്യ അലിപ്യ - ഭസ്മത്തോടു കൂടിയ തീയിനെ കോരിക്കളഞ്ഞു് തളിച്ചു മെഴുകിയാൽ, അത്ര വിഭാവസും വിധിവദുത്പാദ്യ - ആ കുണ്ഡത്തിൽ സ്ഥലശുദ്ധി തുടങ്ങി വിധിക്കു തക്കവണ്ണം അഗ്നിജനനം തുടങ്ങി ക്രിയകളും മുമ്പിലത്തെപ്പോലെ ചെയ്തു്, ഇഷ്ടപീഠസ്ഥിതന്മൂർത്തൗ പൂർവചിതിം പ്രണീയ - പീഠം പൂജിച്ചാൽ സ്വർണ്ണത്തിങ്കൽനിന്ന് പൂർവചൈതന്യത്തെ യോജിപ്പിച്ച് ആവാഹനാദി പൂജിച്ച്, സകലം നാശോക്തവത് പ്രാചരേത് - അഗ്നിനാശത്തിങ്കൽ പറഞ്ഞതുപോലെ പീഠമന്ത്രാഹുതി ചെയ്താൽ മനോജ്യോതിരിത്യാദിയും വ്യാഹൃതിയും പഞ്ചതത്വങ്ങളും മുകളിൽ പറയുന്ന പവമാനസ്രുവാഹുതിമൂന്നും മൂലാസ്ത്രങ്ങൾ നൂറിരട്ടിയും പൂജാമന്ത്രവും വ്യാഹൃതിപ്രണവങ്ങളും ഹോമിച്ച് ഹോമം മുടിപ്പൂ.

ആശ്രുചൈവ ശുചൌ ത്രിമന്ത്രനയേന്ത്യഥാഗ്നയേ-
പവമാനപാവകശുചിപ്രഭേദിനാ
സ്രുവതഃ സ്രുചാ സചതുരാജ്യയാ ഹുനേ-
ദിതി വാ തദഗ്നിരഥവാ യഥാബലം. ൧൧൭

ശുചൌ ആശ്രുചൈവ – തീക്ക് അശുദ്ധിവന്നേടം ഹോമത്തിങ്കൽ, അഗ്നയേപവമാനപാവകശുചിപ്രഭേദിനാ ത്രിമന്ത്ര സ്രുവതഃ ഹുനേത് – അഗ്നയേ പവമാനായ സ്വാഹാ അഗ്നയേ പാവകായ സ്വാഹാ അഗ്നയേ ശുചയേ സ്വാഹാ ഈ മൂന്നുകൊണ്ടും സ്രുവാഹുതിയെച്ചെയ്വൂ. അഥവാ തദഗ്നിഃ സചതുരാജ്യയാ സ്രുചാ യഥാബലം ഹുനേത് – എന്നിയേ "അഗ്ന ആയൂംഷി പവസേ" എന്നും "അഗ്നേ പവസ്വ സ്വപാ" എന്നും "അഗ്നേ പാവകരോചിഷാ" എന്നും "സ നഃ പാവകദീദിവഃ" എന്നും "അഗ്നിഃ ശുചിവ്രതതമഃ" എന്നും "ഉദഗ്നേ ശുചയസ്തവ" എന്നും ഈ ഋക്കുകൾ ഈരണ്ടു കൊണ്ട് യാജ്യാപുരോഽനുവാക്യയായി ചൊല്ലി ജുഹുവിൽ ചതുർഗൃഹീതം ചെയ്തു ദോഷാധിക്യത്തിങ്കൽ പൂർണ്ണാഹുതിയായിട്ടു ഹോമിക്കിലുമാം.

പ്രാഗാദ്യാശാഹുതാശാധിപതി സപദി നിധായാഗ്നിമാചാര്യകുണ്ഡാ-
ദാജ്യേ സിദ്ധേഽത്ര ഹുത്വാ സമിധമപി ചതുസ്സംഗൃഹീതം [സ്രുചാജ്യം
തത്തദ്ദിക്ചോദിതേനാഹിതശിഖിനി ഹുനേത് പഞ്ചഹോത്രാദി- [കേന
സ്വീയേഽപ്യാദാനവദ്വൈ സ്രുവഹുതിദശകം ചൈകഹോത്രാദി- [മന്ത്രൈഃ. ൧൧൮

പ്രാഗാദ്യാശാഹുതാശാധിപതി – കിഴക്കെ തുടങ്ങിയുള്ള ദിക്കുകളിലെ തീ കെട്ടാൽ, സപദി ആചാര്യകുണ്ഡാത് അഗ്നിം നിധായ – വേഗേന മദ്ധ്യാഗ്നിയേ വാരിക്കളഞ്ഞു ചാണകമെഴുക്കി ആസ്ഥാനം ശുദ്ധമാക്കി ആചാര്യകുണ്ഡത്തിങ്കൽ നിന്നു വിധിക്കുംവണ്ണം അഗ്നിയെ വിഹരിച്ച് കുണ്ഡത്തിൽ കൊണ്ടുവന്നിട്ട്, ആജ്യേ സിദ്ധേ – മുമ്പിൽ പറഞ്ഞപോലെ നെയ്യുമുണ്ടാക്കി അഗ്നിയേ അലംകരിച്ച്, സമിധം ഹുത്വാ – ചമതയെ ഹോമിച്ചു, ചതുസ്സംഗൃഹീതസ്രുചാ തത്തദ്ദിക്ചോദിതേന പഞ്ചഹോത്രാദികേന

ആഹിതശിഖിനി ആജ്യം ഹുന്നേത് – സ്രുവ്വിൽ ചതുർഗ്ഗൃഹീതം ചെയ്തു നിന്ന് ഓതാത്തു ദിക്കുകളിലേയ്ക്കു പറഞ്ഞിരിക്കുന്ന പഞ്ചഹോതൻ തുടങ്ങിയ മന്ത്രങ്ങളെക്കൊണ്ട് അതതിയിട്ട ദിക്കുണ്ഡങ്ങളിൽ പൂർണ്ണാഹുതിയെ ഹോമിച്ച് പിന്നെ വ്യാഹൃതിപഞ്ചതത്വങ്ങളെക്കൊണ്ടും ഹോമിച്ചു ഹോമം മുടിപ്പൂ. സമീപേ അപാദാനവഹ്നൌ ഏകഹോത്രാദിമന്ത്രൈഃ സ്രുവാഹുതിശതകം ച ഹുന്നേത് – ആചാര്യൻ തന്റെ കുണ്ഡത്തിങ്കലും ബൌധായനീയം നെയ്യുണ്ടാക്കി ചരുവോന്ന ഇട്ട് "ബ്രാഹ്മണോ ഏകഹോതാ" ഇത്യാദി പത്തുകൊണ്ടും ആജ്യാഹുതിയും ചെയ്ത് മൂലമന്ത്രാജ്യാഹുതിയും ചെയ്തു ഹോമം മുടിപ്പൂ.

പ്രാഗ്യാമ്യസൌമ്യദിക്ഷു സ്യുഃ പഞ്ചചതുഷ്ഷഡാദിഹോതാരഃ
പ്രത്യഗപിദിക്ഷു വിഹിതാ മനസ്പതീ ച ക്രമേണ തന്മന്ത്രാഃ. [൧൧൮

പ്രാഗ്യാമ്യസൌമ്യദിക്ഷു പഞ്ചചതുഷ്ഷഡാദിഹോതാരഃ സ്യുഃ – കിഴക്കേക്കുണ്ഡത്തിൽ അഗ്നിർഹോതാ എന്ന പഞ്ചഹോതനും തെക്കേക്കുണ്ഡത്തിൽ പൃഥിവീഹോതാ എന്ന ചതുർഹോതനും വടക്കേക്കുണ്ഡത്തിൽ സൂര്യന്തേ ചക്ഷുഃ എന്ന ഷഡ്ഢോതനും, പ്രത്യഗപിദിക്ഷു മനസ്പതീ ച – പടിഞ്ഞാറേ കുണ്ഡത്തിലും കോണിലെ കുണ്ഡങ്ങളിലും മനോ ജ്യോതിഃ എന്നും, ക്രമേണ തന്മന്ത്രാഃ സ്യുഃ – ക്രമേണ പൂർണ്ണാഹുതിയുടെ മന്ത്രങ്ങൾ ഭവിക്കും.

കരോതു സാവാന്തരപൂർണ്ണമഷ്ടശഃ
സ്രുവാഹുതിം വ്യാഹൃതിപഞ്ചതത്വകൈഃ
പ്രണീതവഹ്നാവഥ മൂലപാവകേ
സമൂലമന്ത്രേണ ശതം ച സാഷ്ടകം. ൧൧൯

പ്രണീതവഹ്നൌ – തീയ്യുകൊണ്ടുവന്ന് ഇട്ട കുണ്ഡങ്ങളിൽ പൂർണ്ണാഹുതി ചെയ്യുമ്പോൾ, വ്യാഹൃതിപഞ്ചതത്വകൈഃ അഷ്ടശഃ സാവാന്തരപൂർണ്ണാം സ്രുവാഹുതിം കരോതു – വ്യാഹൃതികൊണ്ടും പഞ്ചതത്വങ്ങളെക്കൊണ്ടും വെവ്വേറെ എട്ടെട്ടിട്ടു ഉപ ഇടയിൽ പൂർണ്ണാഹുതിയോടും കൂടി ആജ്യാഹുതിയെയും ചെയ്വൂ. അഥ മൂലപാവകേ സമൂലമന്ത്രേണ സാഷ്ടകം ശതം ച – പിന്നെ ആചാര്യകുണ്ഡത്തിങ്കൽ [illegible] മാനന്തരം മൂലംകൊണ്ടു

തുററെട്ട് ഉരു ആജ്യാഹുതിയെച്ചെയ്‌വൂ. ഹോമമദ്ധ്യത്തുങ്കൽ തീ കെട്ട എങ്കിൽ വേറെ നെയ്യുണ്ടാക്കേണ്ട. തീയിട്ട് പറഞ്ഞ ആഹുതികൾ ചെയ്താൽ മതി.

നഷ്ടേ മൂലവിമ്പാവസഥെ വഹ്നൌ പശ്ചിക്കുണ്ഡാന്നിധായാഗ്നിമസ്മിന്നഷ്ടാഭ്യർണ്ണേഷ്ടസംസ്കൃതിഹുതിം തന്നിഷ്കൃതിം ചോക്ത-[വത്
കൃത്വോപാദാവഹനം പ്രണീയ വിനിധായാസ്മിൻ സ്വസ്ഥാനശോധിതം കുർയ്യാന്നിഷ്കൃതികർമ്മമൂലഹവനേ തദ്വദ്ദശാത്മാഹുതിം. ൧൧൩

മൂലവിമ്പാവസഥെ നഷ്ടേ— ആചാര്യകുണ്ഡത്തിങ്കലെ തീ കെട്ടുപോകിൽ, വഹ്നൌ പശ്ചിക്കുണ്ഡാത് അഗ്നിം തസ്മിൻ നിധായ — വടക്കെ ദിക്കിലെ ഹോമകുണ്ഡത്തുങ്കൽനിന്ന് തീയ് കയ്യും ഒരു പാത്രത്തിൽ കോരിവച്ചാൽ ക്രമം കളഞ്ഞു ചാണകമൂട്ടി ആചാര്യകുണ്ഡത്തിങ്കൽ ഇട്ട്, ഉക്തവത് അഷ്ടാഭ്യർണ്ണേ അഷ്ടസംസ്കൃതിഹുതിം തന്നിഷ്കൃതിം കൃത്വാ — പറഞ്ഞപോലെ പ്രണവം കൊണ്ട് ക്രിയകളെ ഉദ്ദേശിച്ച് ഹോമിച്ച് മനസ്വതിയും വ്യാഹൃതിപഞ്ചതത്വങ്ങളും ഹോമിച്ച് ആവാഹനാദി ചെയ്തു മൂലാസ്ത്രാജ്യാഹുതിയും ചെയ്‌വൂ. പിന്നെ ഉപാദാവഹനം പ്രണീയ വിനിധായ — അവിടെ നിന്നും വിഹരിച്ച് വടക്കെക്കുണ്ഡത്തിൽ തീയുമിട്ടു, അസ്മിൻ സ്വസ്ഥാനശോധിതം കുർയ്യാത് - അവിടെ സ്വസ്ഥാനത്തിൽ പറഞ്ഞ "സൂര്യന്തേ ചക്ഷുരി" ത്യാദി പൂർണ്ണാഹുതിയെയും വ്യാഹൃതിപഞ്ചതത്വങ്ങളെയും ഹോമിച്ചു, മൂലഹവനേ തദ്വദ് ദശാത്മാഹുതിം ച കുർയ്യാത് — ആചാര്യകുണ്ഡത്തിൽ "ബ്രാഹ്മണ ഏകഹോതാ" ഇത്യാദി പത്തും, മൂലം തുററിയെട്ടും; ഹോമമദ്ധ്യത്തുങ്കലെങ്കിൽ വേറെ നെയ്യുണ്ടാക്കുകയും വരണാദിയും വേണ്ട.

നഷ്ടേഽസ്മിൻ ദഹനദ്വയേ വിധിവദത് പാശ്ചാത്യകുണ്ഡാനലം ചിത്വാ സ്രുക്സ്രുവമുഖൈഃ പൃഥക് ചതുരവത്താജ്യം സ്രുചാ ഹോ-[ത്രൂഭിഃ
ഷഡ്ഭിഃ സപ്തിരപി സ്രുവേണ ദശമന്ത്രൈരേകഹോത്രാദിഭിർ-ഭൂതാദ്യൈർവ്വാ പൃഥക് ചതുർഗ്ഗൃഹീതം ഭക്ത്വാഽസ്യധാസ്ത്രാഹു-[നേത്. ൧൧൪

അസ്മിൻ ദഹനദ്വയേ നഷ്ടേ — ആചാര്യകുണ്ഡത്തിങ്കലെയും വടക്കെ കുണ്ഡത്തിങ്കലെയും തീയ്, രണ്ടുമൊരുമിച്ചു കെട്ടാൽ,

ആദ്യകുണ്ഡവിധിനൈവ് അനലം ഉത്പാദ്യ — ആചാര്യകുണ്ഡത്തിങ്കൽ അഗ്നിജനനത്തിങ്കൽ പറഞ്ഞപോലെ തീയുണ്ടാക്കി തത് പ്രായശ്ചിത്തഹോമങ്ങളും ചെയ്താൽ, ചിത്തിസ്രുക്പ്രമുഖൈഃ ഷഡ്ഭിഃ ഹോതൃഭിഃ പൃഥക് ചതുരവത്താജ്യം സ്രുചാ — ചിത്തിസ്രുക് ചിത്തം ഇത്യാദി ഹോതൃക്കൾ ആറുകൊണ്ടും വെവ്വേറെ ചതുർഗൃഹീതം ചെയ്ത് ജുഹുകൊണ്ടു പൂർണാഹുതി ചെയ്യണം. ദശകൈരേതൈഃ ഏകഹോത്രാദിഭിഃ സ്രുവേണ സർപ്പിഃ — ബ്രാഹ്മണ ഏകഹോതാ ഇത്യാദി പത്തുകൊണ്ടും സ്രുവം കൊണ്ടു ആജ്യാഹുതിയേയും ചെയ്താൽ തത്ര ഭൂരാദ്യൈഃ ച ചതുർഗൃഹീതം അഷ്ടധാ ഖണ്ഡശോ ജുഹുയാത് — വ്യാഹൃതികൊണ്ട് ജുഹുവിൽ ചതുർഗൃഹീതം ചെയ്തു നിറച്ച് നെയ്യിനെ എട്ടായിട്ടു പകുത്ത് മന്ത്രം വെവ്വേറെ ചൊല്ലി ഹോമിപ്പൂ.

പ്രത്യേകം ശരതന്ത്രകൈശ്ചതുരവത്താജ്യം വിഭജ്യാഷ്ടധാ
ഹുത്വാത്ര ജുഹുയാത് സ്രുവാഹുതിശതം മൂലേന ചാഷ്ടാധികം
നീത്വാ സൌമ്യവിഭാവസും വിധിവദാദ്യായാമൃതോ നിഷ്കൃതിം
തന്ത്രാശേഷിതമേഷ ശാന്തിഹവനം മൂലാനലേ ചാചരേത്. ൧൧൮

ശരതന്ത്രകൈഃ പ്രത്യേകം ചതുരവത്താജ്യം അഷ്ടധാ വിഭജ്യ ഹുത്വാ — പഞ്ചതന്ത്രങ്ങളെക്കൊണ്ടും വെവ്വേറെ ചതുർഗൃഹീതം ചെയ്തു നിറച്ചതിനെ എട്ടെട്ടായിട്ടു പകുത്ത് വെവ്വേറെ ഹോമിച്ച്, അത്ര മൂലേന അഷ്ടാധികം സ്രുവാഹുതിശതം ച ജുഹുയാത് — ഇവിടെ മൂലംകൊണ്ടു നൂറ്റെട്ട് ഉരു ആജ്യാഹുതിയും ചെയ്‌വൂ. അമൃതഃ സൌമ്യവിഭാവസും വിധിവത് നീത്വാ ആദ്യായ നിഷ്കൃതിം ആചരേത് — ഈ ആചാര്യകുണ്ഡത്തിങ്കൽ നിന്ന് വടക്കെക്കുണ്ഡത്തിലേയ്ക്ക് അഗ്നിയെ വിഹരിച്ചിട്ട് അവിടെയ്ക്കു പറഞ്ഞ പൂർണാഹുത്യാദി പ്രായശ്ചിത്തവും ചെയ്തു് തന്ത്രാശേഷിതം ശാന്തിഹവനം മൂലാനലേ ച ആചരേത് — വടക്കെ തീയിട്ടേടത്തും പറഞ്ഞ ഏകഹോത്രാദി പത്തുകൊണ്ടും ആചാര്യകുണ്ഡത്തിൽ ആജ്യാഹുതിയേയും ചെയ്‌വൂ.

ദശചതുരക്ഷരപൂർവൈഃ പഞ്ചഷഡാദ്യൈശ്ച സപ്തപൂർവ്വൈശ്ച
വാഗാദ്യൈശ്ച ഷഡേതേ ഹോതാരഃ സംസ്മൃതാഃ ക്രമേണ സ്യുഃ.

[൧൯

ദശചതുരക്ഷരപൂർവ്വൌ — ദശഹോതൻ ചതുർഹോതൻ, പഞ്ചഷഡാദ്യൌ — പഞ്ചഹോതൻ ഷഡ്ഢോതൻ, സപ്തപൂർവ്വഃ — സപ്തഹോതൻ, വാഗാദ്യഃ — വാഗ്ഘോതൻ, ഏതേ ഷട് ക്രമേണ ഹോതാരഃ സംസ്മൃതാഃ സ്യുഃ — ഈ ആറും ക്രമേണ ഹോതൃക്കളെന്നു പറയപ്പെട്ടിരിക്കുന്നു.

ചിത്തിഃസ്രുക് പൃഥിവീഹോതാഗ്നിർഹോതാ തതശ്ച സൂര്യന്തേ
തന്മഹാഹവിരാദ്യോ വാഗാദ്യഃ സ്യുർദ്ദശാദിഹോതാരഃ. ൧൨൦

ചിത്തിഃസ്രുക് ചിത്തം ഇത്യാദി ദശഹോതൻ, പൃഥിവീ ഹോതാ എന്നു ചതുർഹോതൻ, അഗ്നിർഹോതാശ്വിനാ ഇത്യാദി പഞ്ചഹോതൻ, സൂര്യന്തേ ചക്ഷുഃ ഇത്യാദി ഷഡ്ഢോതൻ, മഹാഹവിർഹോതാ ഇത്യാദി സപ്തഹോതൻ, വാഗ്ഘോതാ ദീക്ഷാപത്നീ ഇത്യാദി വാഗ്ഘോതൻ, ദശാദിഹോതാരഃ സ്യുഃ — ഇങ്ങനെ ദശഹോതൻ തുടങ്ങിയ ഹോതൃക്കളുടെ ആദി ഭവിക്കും.

പ്രാസാദദക്ഷിണദിഗാദ്യുദിതാഗ്നിനാശേഽ–
പ്യുൽപാദ്യ തം സ്വാഹരിദ്രകതചതുർഗ്രഹാദ്യം
കുർവ്വീത ചൈവമഥ തത്തദ്ധുതാശനാദി–
നാശേഽഖിലം ഹുതകൃശാനുവിനാശവച്ച. ൧൨൧

പ്രാസാദദക്ഷിണദിഗാദ്യുദിതാഗ്നിനാശേ അപി — പ്രാസാദത്തിന്റെ തെക്കും വടക്കും കിഴക്കും പടിഞ്ഞാറും ചെയ്യുന്ന പ്രോക്തം ഘോരപ്രായശ്ചിത്തം ഇവററിന്റെ തീ കെട്ടുകിൽ, തം ഉത്പാദ്യ — അവിടെയും മുമ്പിൽ പറഞ്ഞപോലെ തീയ് ഉണ്ടാക്കിയാൽ, സ്വാഹരിദ്രകതചതുർഗ്രഹാദ്യം കുർവ്വീത — അതാതു ദിക്കിലേയ്ക്കു പറഞ്ഞ ഹോതൃക്കളെക്കൊണ്ടു പൂർണ്ണാഹുതിയും ശേഷം പ്രായശ്ചിത്തങ്ങളും ചെയ്യൂ. അഥ തത്തദ്ധുതാശനാദിനാശേ അഖിലം ഹുതകൃശാനുവിനാശവത് കുർയ്യാത് — തത്തദ്ധോമത്തിന്റെ തീ കെട്ടുകിൽ ആചാര്യകുണ്ഡം കെട്ടേടത്തെപ്പോലെ പ്രായശ്ചിത്തങ്ങളും ചെയ്യൂ

കല്പോക്തവത് സതി ജുഹോതു മിഥോഗ്നിസംസ–
ർഗ്ഗാദാവിഹാഗ്നിവിവിചിവിപ്ലുതേഷ്വഥാർഹം
ജ്ഞാതാവ്യയാ സ്രുവാഹുതിം നിജമന്ത്രതോ വാ
പൂർണ്ണാം സ്രുവാഷ്ടഹുതിമപ്യഥ മൂലതശ്ച. ൧൨൨

മിഥഃ അഗ്നിസംസർഗാദൌ സതി — ഒരു ഹോമാഗ്നിയിൽ മറെറാരു തീയുകൂടിപ്പോയാൽ, കല്ലോകത്തിന്റെ പൂർവ്വാർദ്ധത്തിങ്കൽ പറഞ്ഞതുപോലെ, അഗ്നിവിവിചിപ്രഭൃതീൻ ജുഹുയാദ്യാ സ്രുവാഹുതിം ജുഹോതു — അഗ്നിർവിവിചിഃ എന്നു തുടങ്ങിയുള്ള മന്ത്രങ്ങൾ ചതുർഥ്യന്തമായിട്ട് സ്രുവാഹുതിയെ ചെയ്‌വൂ. അഗ്നയേ വിവിചയേ സ്വാഹാ, അഗ്നയേ വ്രതപതയേ സ്വാഹാ ഇങ്ങനെ രണ്ടു സ്രുവാഹുതിമന്ത്രങ്ങൾ. നിജമന്ത്രതഃ പൂർവം പൂർണാം വാ — നിജമന്ത്രമാകുന്ന "വി തേ വിഷ്വഗ്വാതജൂതാസഃ" എന്നും "ത്വമഗ്നേ മാനുഷീരീളതേ വിശോ ഹോത്രാവിദം" ഈ രണ്ടും കൂടീട്ടും, "ത്വമഗ്നേ വ്രതപാ അസി" എന്നും "യദ്വോ വയം പ്രമിനാമ വ്രതാനി" എന്നും ഈ രണ്ടും കൂടീട്ടും ചതുർഗൃഹീതം ചെയ്തു പൂർണാഹുതി ചെയ്കിലുമാം. അഥ മൂലതഃ സ്രുവാഷ്ടാഹുതിം അപി — പിന്നെ മൂലംകൊണ്ട് എട്ട് ഉരു ആജ്യാഹുതിയേയും ചെയ്‌വൂ. പിന്നെ ഹോമശേഷത്തേയും ഇട്ടു, ഹോമമദ്ധ്യത്തിങ്കൽ അല്ല എങ്കിൽ വേറെ ബൈധായനീയം നെയ്യുണ്ടാക്കി ഈ രണ്ടു പൂർണാഹുതികളും ചെയ്‌വൂ.

മനോജ്യോതിരയാശ്ചാഗ്നേ യദസ്മിൻ സ്വസ്തി നോഽപി ച
മിന്ദാദ്വയം വ്യാഹൃതയശ്ചൈതാഃ സർവ്വനിഷ്കൃതയഃ. ൧൨൩

"മനോജ്യോതിർജുഷതാം" എന്നും "അയാശ്ചാഗ്നേരസ്യനഭിശസ്തീശ്ച" എന്നും "യദസ്മിൻ കർമ്മണ്യത്യരീരിചാമ" എന്നും "സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാ" എന്നും "യന്മ ആത്മനഃ" എന്നും "പുനരഗ്നിശ്ചക്ഷുഃ" എന്നും വ്യാഹൃതി നാലും ഇങ്ങനെ പത്തു സ്രുവാഹുതികൾ, സർവ്വനിഷ്കൃതയഃ ഉക്താഃ — നിശ്ചയമില്ലാതെ വരുന്ന പ്രായശ്ചിത്തങ്ങൾക്കൊക്കെയും പറഞ്ഞിരിക്കുന്നതു്.

കൃച്ഛ്റാവിംശതിമിതം ജാതരൂപം ദ്വിജോത്തമേ
ദത്തം സ്യാത് സർവ്വദോഷേഷു പ്രായശ്ചിത്തമനുത്തമം. ൧൨൪

ഇരുപതു കൃച്ഛ്രങ്ങളോടൊക്കും മാറ്റുള്ള സ്വർണ്ണം ബ്രാഹ്മണോത്തമന്നായിക്കൊണ്ട് ദാനം ചെയ്തു്, സർവ്വദോഷേഷു അനുത്തമം പ്രായശ്ചിത്തം — സർവ്വദോഷങ്ങൾക്കും അത്യുത്തമമായ പ്രായശ്ചിത്തമായിട്ടു ഭവിക്കും.

ക്രിയാമദ്ധ്യേഽന്തരാ ഗച്ഛേദ്യദി തത്ര മനസ്പതിം
ജുഹോതു സർവ്വയജ്ഞം വാ തത്തദ്ദോഷോപശാന്തിതഃ. ൧൨൫

ക്രിയാമദ്ധ്യേ - ക്രിയകളുടെ മദ്ധ്യേത്തുങ്കൽ, അന്തരാ ഗച്ഛതി യദി - അഗ്നിയുടേയും ചെയ്യുന്നവൻറയും ഇടയിൽ കൂടെ മാർജ്ജാരാദികൾ താൻ മനുഷ്യൻ താൻ ഗമിക്കിൽ, തത്ര മനസ്വതീം ജുഹോതു - അവിടെ "മനോ ജ്യോതിഃ" എന്നതുകൊണ്ട്, നെയ്യിനെ ഹോമിപ്പൂ. തത്രൈദ്ദോഷേ പ്രചുരിതേ സർവ്വയജ്ഞം വാ - അതാതു ദോഷത്തിന്റെ ബലാബലമറിഞ്ഞ് പഞ്ചദുർഗ്ഗകൊണ്ടും മനോജ്യോതിഃ എന്നതുകൊണ്ടും വ്യാഹൃതികൊണ്ടും ചതുർഗ്ഗൃഹീതം ചെയ്ത പൂർണ്ണാഹുതികളെച്ചെയ്തു സർവ്വയജ്ഞമതിനെ ചെയ്കിലുമാം.

സ്നാനായ ക്ലൃപ്തകലശേഽശുചിതാം പ്രപന്നേ
സ്വർണ്ണേഽമുനാ സമഭിഷിച്യ വിശോദ്ധ്യ തത്സ്ഥം
ചൈതന്യമന്യകലശേ സുവിശോധിതേഽത്ര
സ്ഥാനസ്ഥിതേ സമധിരോപ്യ യഥാവിധീഷ്ട്വാ. ൧൬൩

സ്നാനായ ക്ലൃപ്തകലശേ അശുചിതാം പ്രപന്നേ - അഭിഷേകത്തിന്നായിക്കൊണ്ടു പൂജിച്ചിരിക്കുന്ന കലശം അശുദ്ധമായി ഭവിച്ചു എങ്കിൽ, അമുനാ സ്വർണ്ണേ സമഭിഷിച്യ - തത് കലശജലം കൊണ്ട് സ്വർണ്ണത്തിങ്കൽ അഭിഷേകത്തെ ചെയ്തു കഴിച്ചുവന്നാൽ, തത്സ്ഥം ചൈതന്യം വിശോദ്ധ്യ - ആ ചൈതന്യത്തെ പുണ്യാഹസംപ്രോക്ഷണാദികളെക്കൊണ്ടു ശുദ്ധിവരുത്തി, സുവിശോധിതേ അത്ര സ്ഥാനസ്ഥിതേ അന്യകലശേ - പാത്രങ്ങളെ കളഞ്ഞു കഴിച്ചു വേറെ പാത്രമിട്ടു കലശപൂജ തുടങ്ങി നിറച്ചാൽ, ചൈതന്യം സമധിരോപ്യ യഥാവിധി ഇഷ്ട്വാ - സ്വർണ്ണത്തിങ്കൽ നിന്ന് പൂർവ്വചൈതന്യത്തെ കലശത്തിൽ ആവാഹിച്ച് യോജിപ്പിച്ചു ആവാഹനാദി ചെയ്ത് വിധിക്കു തക്കവണ്ണം പൂജിപ്പൂ.

ശൈവൈഃ പഞ്ചതത്ത്വമന്ത്രൈഃ പൃഥഗഷ്ടവാരം
സർപ്പിഃ സ്രുവേണ ചതുരാത്തഘൃതം സ്രുചാ വാ
ഹുത്വാഷ്ടധാ പൃഥഗഥാഷ്ടശതം സമൂല-
നാംസ്രൂണ പാർശ്വ ഘൃതമത്ര ജപേച്ച താവത്. ൧൬൪

ശൈവൈഃ പഞ്ചതത്ത്വമന്ത്രൈഃ പൃഥക് സ്രുവേണ സർപ്പിഃ - പിന്നെ അവിടെ ഹോമം തുടങ്ങി ചാരെ മുത ഇട്ടാൽ തങ്ങളുടെ പഞ്ചതത്ത്വങ്ങളെക്കൊണ്ട് എട്ടെട്ട് ഉരു സ്രുവം കൊണ്ടു ആജ്യാ

ഹൂതി ചെയ്താൽ, സ്രുചാ ചതുരവത്തഘൃതം പൃഥക് അഷ്ടധാ - ജുഹൂകൊണ്ടു ചതുരവദാനം ചെയ്തു എട്ടായിപ്പകുത്തു പൂർണ്ണാഹൂതികളും താൻ ചെയ്ത്, അഥ അഷ്ടശതം സമൂലേന അസ്ത്രേണ ച ആജ്യം ഹുത്വാ - പിന്നെ മൂലംകൊണ്ടും അസ്ത്രംകൊണ്ടും നൂറെറട്ടീതു ആജ്യാഹുതികളെച്ചെയ്തു ഹോമം മുടിച്ച്, അത്ര ഘൃതം അർപ്യ താവത ജപേത് - സമ്പാതത്തെ കലശത്തിൽ സമർപ്പിച്ചു ഹോമമന്ത്രങ്ങളെ തൊട്ടു ജപിപ്പൂ.

ഭിന്നേ ഘടേ/ന്യം പ്രവിധായ തത്ര
തച്ഛേഷയുക്താന്യജലൈഃ പ്രപൂര്യ
ഇഷ്ട്വാ സ്രുവാജ്യാഹുതിമുക്തരീത്യാ
വിധായ ശേഷം വിധിമാദധീത. ൧൨൭

ഭിന്നേ ഘടേ - പൂജിച്ചുവച്ചിരിക്കുന്ന കലശം പൊട്ടിപ്പോകിൽ, തത്രാന്യം പ്രവിധായ - അവിടെ വേറെ ഒരു കലശത്തെ പൂജിച്ച് കുംഭസംസ്കാരാദി കൂർച്ചന്യാസാന്തം ചെയ്തു തൽപീഠത്തിങ്കൽ വച്ച്, തച്ഛേഷയുക്താന്യജലൈഃ പ്രപൂര്യ - ഭിന്നഘടത്തിലെ വെള്ളവും ശേഷം ശുദ്ധജലവും കൂട്ടി നിറച്ച്, ഇഷ്ട്വാ ഉക്തരീത്യാ സ്രുവാജ്യാഹുതിം വിധായ - ആവാഹനപൂജയും ചെയ്ത് ഇവിടെ പറഞ്ഞപോലെ പഞ്ചതതമൂലാസ്ത്രാജ്യാഹുതികളും ചെയ്ത് സമ്പാതം സ്പർശിച്ചു, ശേഷം വിധിം ആദധീത - കലശാഭിഷേകാദി ശേഷത്തെച്ചെയ്വൂ.

വിജ്ഞാപിതേ വാ കലശാധിവാസേ
തദേകദേശസ്നപനേ കൃതേ വാ
ഉപാഹതിശ്ചേത് കലശേ ച മന്ത്ര-
ബിംബേ ച തന്നിഷ്കൃതിമാദധീത. ൧൨൮

കലശാധിവാസേ വിജ്ഞാപിതേ വാ - കലശാധിവാസത്തിങ്കൽ ദേവങ്കലേ പ്രാർത്ഥന കഴിഞ്ഞാലും, തദേകദേശസ്നപനേ കൃതേ വാ - കലശങ്ങൾ ആടിത്തുടങ്ങിയാലൊക്കയും ആടുന്നതിന്റെ ഇടയിലും, ഉപാഹതിശ്ചേത് - ഘൃതങ്ങളിലും അശുദ്ധികളുണ്ടായാൽ, കലശേ മന്ത്രബിംബേ ച തന്നിഷ്കൃതിം ആദധീത - കലശത്തിങ്കലും ബിംബത്തിങ്കലും പറഞ്ഞിരിക്കുന്നപോലെ തദ്യോഗ്യമായ പ്രായശ്ചിത്തത്തെ ചെയ്യണം.

ദുഷ്ടേ വാ ബലികൌതുകേ നിപതിതേ വാഽത്രൈവ സംശോധ്യ [തത്-
പ്രായശ്ചിത്താഹുതിം സ്വപഞ്ചമനുമൂലാസ്ത്രൈരഭിർയുക്തിതഃ
ഹുത്വാ കർമ്മ സമാപ്യ മൂലമനുബിംബേ യോജയിത്വാ പുന-
സ്തത്തദ്ദോഷബലാബലാനുസരണാത് കുര്യാദ്ദ്രുതം നിഷ്കൃതിം. [൧൩൦

ബലികൌതുകേ ദുഷ്ടേ വാ നിപതിതേ വാ – ബലിബിംബത്തിന് അശുദ്ധിവന്നാലും നിലത്തു വീണുപോയാലും, അത്രൈവ സംശോധ്യ – അവിടെത്തന്നെ വച്ച് പുണ്യാഹവും സപ്തശുദ്ധികളും ചെയ്ക. എന്നിയെ എഴുന്നള്ളിക്കുന്നേടത്ത് ബിംബത്തെ മുക്കി കുളിപ്പിച്ചു പുണ്യാഹവും ചെയ്ക. സ്വപഞ്ചമനുമൂലാസ്ത്രൈരഭിഃ തത്പ്രായശ്ചിത്താഹുതിം യുക്തിതഃ ഹുത്വാ – അവിടെത്തന്നെ തീയിട്ട് ഹോമം തുടങ്ങി പഞ്ചമനെ ഇട്ടാൽ, പഞ്ചതത്ത്വംകൊണ്ടും മൂലംകൊണ്ടും അസ്ത്രംകൊണ്ടും യുക്തിക്കു തക്കവണ്ണം ആജ്യാഹുതി ചെയ്ത് സമ്പാതം സ്പർശിച്ച്, കർമ്മ സമാപ്യ – തുടങ്ങിയ ബല്യാദികർമ്മത്തെ ശേഷം ചെയ്ത്, മൂലമനുബിംബേ യോജയിത്വാ – അകത്ത് എഴുന്നള്ളിച്ച് മൂലബിംബത്തോടുകൂടി യോജിപ്പിച്ച്, പുനഃ തത്തദ്ദോഷബലാബലാനുസരണാത് നിഷ്കൃതിം കുര്യാത് – ഓരോ അശുദ്ധിയുടെ ബലാബലമറിഞ്ഞു മൂലബിംബത്തിങ്കൽ ശുദ്ധികളെ ചെയ്ക. ചിലര് പുറത്തു പുണ്യാഹം ചെയ്യുമ്പോൾ തന്നെ അകത്തും അഭിഷേകം ചെയ്തു പുണ്യാഹത്തെ ചെയ്യുന്നു.

ഭിന്നേ പഥി പ്രസ്ഥിതകർമ്മബിംബേ
ദേവം സമായോജ്യ തതോഽന്യബിംബേ
നിഷ്കൃത്യ ശേഷം സ്വസമാപ്യ മൂലേ
നീത്വാ ചരേന്നിഷ്കൃതികർമ്മ സമ്യക്. [൧൩൧

പഥി പ്രസ്ഥിതകർമ്മബിംബേ ഭിന്നേ – ആറാട്ടിന്ന വഴിയിലെഴുന്നള്ളിക്കുമ്പോൾ ബിംബം വീണ് പൊട്ടിപ്പോയി എങ്കിലും വെള്ളത്തിൽ വീണ് എടുപ്പാൻ വഹിയാതെ വരികിലും, തതഃ അന്യബിംബേ ദേവം സമായോജ്യ നിഷ്കൃത്യ – ആ ബിംബത്തിങ്കൽ നിന്ന് ചൈതന്യത്തെ ആവാഹിച്ച് കണ്ണാടിയിങ്കൽ താൻ സ്വർണ്ണാദിയായ പ്രതിബിംബത്തിങ്കൽ താൻ യോജിപ്പിച്ച് പൂജയും ചെയ്ത് പ്രായശ്ചിത്തഹോമവും ചെയ്ത് സമ്പാതത്തെ

സമർപ്പിച്ചു, ശേഷം സമാപ്യ മൂലനാ ത്വാ - ശേഷം ക്രിയകളെല്ലാം ചെയ്തിട്ട് അകത്ത് എഴുന്നള്ളിച്ച് മൂലബിംബത്തിങ്കൽ യോജിപ്പിച്ചു, സമ്യക് നിഷ്കൃതി കർമ്മ ചരേത് - വഴിപോലെ ദ്രവ്യകലശാന്തം ശുദ്ധികളെ ചെയ്‌വൂ.

ഭൂരാദിമന്ത്രോക്തചതുർഗൃഹീതം
മനസ്വതീപൂർവകശേഷാഹുതിശ്ച
സപഞ്ചതത്ത്വാദിതനന്ത്രമൂല-
ഹുതിശ്ചിദജ്യാദിരിഹാപി യോജ്യാ. ൧൩൮

ഇവിടെ പറഞ്ഞ ഹോമങ്ങളിൽ, ഭൂരാദിമന്ത്രോക്തചതുർഗൃഹീതം - വ്യാഹൃതികൊണ്ടു പറഞ്ഞ പൂർണ്ണാഹുതികളും, മനസ്വതീപൂർവശേഷാഹുതിഃ ച - മനോജ്യോതിഃ അഗ്നായോഽഗ്നേ ഇത്യാദി പറഞ്ഞ ശേഷസ്വിഷ്ടാഹുതികളും, സപഞ്ചതത്ത്വാദിതനന്ത്രമൂലഹുതിഃ - പഞ്ചതത്ത്വാദികൊണ്ടു പറഞ്ഞ പൂർണ്ണാഹുതികളും അസ്ത്രം കൊണ്ടും മൂലം കൊണ്ടും പറഞ്ഞ സ്വാഹുതികളും, ചിദജ്യാദിഃ - കൃഷ്ണോവിംശതിമിതമിത്യാദി പറഞ്ഞ മാനങ്ങളും, ഇഹ യോജ്യാ - ഇവിടെ ചെയ്യണം.

അനന്തരം ധ്വജപതനപ്രായശ്ചിത്തത്തെ പറയുന്നു:—

ഭഗ്നേ വാ പതിതേ ധ്വജേ ശമനനാ തത്പാതദിക്പാലനാ-
ഹുത്വാജ്യം ചിതിരസ്യ ശാന്തികലശം സമ്പാതയുക്തം ത്വർപ്പയേത്
പുണ്യാഹോക്ഷണനാശശോഷണാദിമതും സംശോധ്യ പാന്ഥ്യം ധ്വ വാ
സംസ്ഥാപ്യ ധ്വജമുക്തവത് ഘടജലേ സിക്താഗ്രമുച്ഛ്രയേന്മൂലതഃ.
[൧൩൯

ധ്വജേ ഭഗ്നേ വാ പതിതേ വാ - ഉത്സവങ്ങളിൽ കൊടിമരത്തിന്നു കേടു വന്നാലും കൊടിമരം വീണുപോയാലും കൊടിക്കൂറ വീണുപോയാലും, ശമനനാ തത്പാതദിക്പാലനാ ആജ്യം ഹുത്വാ - അവിടെ മാറ്റുകെട്ടി കീറി തീയുമിട്ട് അനാദ്ധ്യാനാദി ഇഷ്ടാപസ്ഥാനാദി തുടങ്ങി തെക്കെപ്പുറത്ത് ശന്നോദേവികൊണ്ടു വാസ്തുകലശംപോലെ ഒരു കലശം വെച്ചു പൂജിച്ച് പരിഷ്യാദിഹോമം തുടങ്ങി വാഹനഗായത്രികൊണ്ടു പകരംഹോമം ചെയ്തു ശന്നോദേവികൊണ്ടും കൊടിമരം വീണ ദിക്കിലെ ദിക്പാലമന്ത്രംകൊണ്ടും ആറെട്ടീതു ആജ്യാഹുതിചെയ്തു പഞ്ചതത്വമൂലാസ്ത്രാജ്യാഹുതികളും വാഹനമന്ത്രംകൊണ്ടു ചതുർദ്രവ്യങ്ങളും ഹോമിച്ച് സ്വിഷ്ടകൃദാദിചെയ്തു, സമ്പാതയുക്തം ശാന്തികലശം അസ്യ

ചിതിം അർപ്പയേത — അശുദ്ധമായ ധ്വജത്തിന്നു പുണ്യാഹം തളിച്ചാൽ സമ്പാതകലശത്തുങ്കലും ധ്വജത്തുങ്കലും സ്പർശിച്ച് ധ്വജചൈതന്യത്തെ ഉദ്വാസിച്ച് കലശത്തിങ്കൽ യോജിപ്പിച്ച്, പുണ്യാഹോക്ഷണശോഷണാദിഭിഃ അമും വാ അന്യം തു വാ സംശോധ്യ — ധ്വജത്തിന്നു കേട് ഇല്ലെങ്കിൽ അതിനെത്തന്നെയും അല്ലെങ്കിൽ വേറിട്ടു ഉണ്ടാക്കി അതിന്നും പുണ്യാഹം തളിച്ച് ശോഷണാദിയും വാഹനത്തിന്ന് ഭൂതസംഹാരാദിശോധനകളും ചെയ്തു് വാഹനമന്ത്രംകൊണ്ടു വാഹനത്തെ ആവാഹിച്ചു പൂജിച്ച് ധ്വജാഗ്രത്തുങ്കലുറപ്പിച്ച് കൊടിമരത്തെ നിർത്തി നാട്ടി ഉറപ്പിച്ച്, ഉക്തവത് ധ്വജം സംസ്ഥാപ്യ ഘടജലൈഃ സിക്ത്വാ മൂലതഃ അർച്ചയേത് — പിന്നെ ചുവട്ടിൽ കലശത്തെ ആടി വാഹനത്തെ ആവാഹിച്ചു പൂജിച്ച് നിവേദിച്ചു ബലിയും തൂകി പ്രസന്നപൂജയും ചെയ്വൂ.

അഭിഹിതാമിഹ നിഷ്കൃതിമാചരേ-
ദനഭിതാസ്വപി കർമ്മവിപത്തിഷു
സമനുചിന്ത്യ ഗരിഷ്ഠബലാബലം
തദനുഗുണം പ്രകൃതേർവികൃതേരപി. ൧൩. ൪

അനഭിതാസു അപി കർമ്മവിപത്തിഷു — പറയാതെ ഇരിക്കുന്ന ക്രിയകളുടെ നാശത്തുങ്കൽ, പ്രകൃതേഃ വികൃതേഃ അപി അനുഗുണം — ഇങ്ങനെ പ്രായശ്ചിത്തം വേണമെന്നുള്ള നിശ്ചയം പ്രകൃതി, ഇദ്ദോഷത്തിന്ന് എന്തു ചെയ്യണമെന്നുള്ള വിചാരം വികൃതി, ഇങ്ങനെയുള്ള പ്രകൃതികളുടെയും (വികൃതികളുടെയും) സദൃശമായിട്ടും, ഗരിഷ്ഠബലാബലം സമനുചിന്ത്യ — ദോഷങ്ങളുടെ ഗുരുലാഘവത്തെയും യുക്തിജ്ഞന്മാരായ ആചാര്യന്മാരോടും വിചാരിച്ച് ഇഹ അഭിഹിതാം നിഷ്കൃതിം ആചരേത് — ഇവിടെ പറഞ്ഞ പ്രായശ്ചിത്തത്തെ ചെയ്വൂ.

അർച്ചാസ്ഥാനവിശുദ്ധീഃ കാശ്ചന ഗുരുശിക്ഷിതാസ്സ്വനുഭവോപചാര
അർച്ചകതത്സാധനയോഃ കാശ്ചന താശ്ച ബ്രുവീമി വിദിതാ യാഃ.
[൧൩. ൫

വയം ഗുരുശിക്ഷിതാഃ അർച്ചാസ്ഥാനവിശുദ്ധീഃ കാശ്ചന അനുഭവോപചാര — ഞങ്ങൾ ഗുരുക്കന്മാരാൽ പറയപ്പെട്ടിരിക്കുന്ന ബിംബത്തിന്റെയും സ്ഥാനത്തിന്റെയും ശുദ്ധികളെ ചിലതിനെ

പറഞ്ഞു. അർച്ചകതത്സാധനയോഃ യാഃ കാശ്ചന വിദിതാഃ-പൂജിക്കുന്നവരുടെയും പൂജാദ്രവ്യങ്ങളുടേയും യാവചില ശുദ്ധികൾ അറിയപ്പെട്ടിട്ടുള്ളത്, അഥ താഃ ബ്രുവേ - ഞാനവയെയും പറയുന്നു.

കായേ സ്നാനാചമനമഥ വിഷ്ണോതപമിത്യാദിജാപോ
വാചി സ്വാന്തേ ഭഗവദഭിമർശശ്ച സാമാന്യതഃ സ്യാത്
കൃച്ഛ്രം ചാന്ദ്രായണമപി ഘൃതപ്രാശമക്രച്ഛ്രാശനാദി-
ര്യോക്താ മന്വാദിഭിരിഹ വിശുദ്ധിർഗരിഷ്ഠേ തു ദോഷേ.
[മന്ദ

കായേ സ്നാനാചമനം - ശരീരത്തിന്ന കുളിക്കയും ആചമിക്കയും തന്നെ ശുദ്ധി. വാചി വിഷ്ണോതപമിത്യാദിജാപഃ - സംസാരിക്കരുതാത്തവരോടും നീചന്മാരോടും സംസാരിച്ചാൽ "വിഷ്ണോ തപോ അന്തമഃ" ഇത്യാദി മന്ത്രത്തെ ജപിക്ക വാക്കിന്റെ ശുദ്ധി. സ്വാന്തേ ഭഗവദഭിമർശഃ ച സാമാന്യതഃ ശുദ്ധിഃ സ്യാത് - എല്ലാവററിന്നും ഏകമനസ്സുകൾ ഈശ്വരനെ ധ്യാനിക്ക സാമാന്യശുദ്ധിയായി ഭവിക്കം. ഗരിഷ്ഠേ ദോഷേ തു - വലുതായിരിക്കുന്ന അഭക്ഷ്യഭക്ഷണാദികളിലും അകൃത്യങ്ങളിലും, മന്വാദിഭിഃ - മനു തുടങ്ങിയുള്ള സ്മൃതികർത്താക്കന്മാരാൽ; കൃച്ഛ്രം ചാന്ദ്രായണം ഘൃതപ്രാശമക്രച്ഛ്രാശനാദിഃ ച വിശുദ്ധിഃ ഉക്താ; പ്രാജാപത്യാദികൃച്ഛ്രങ്ങളെ അനുഷ്ഠിക്കയും ഓനതുപോണ ചെയ്കയും അപ്രകാരം ചാന്ദ്രായണത്തെ ചെയ്കയും ഗായത്രി ജപിച്ച് നെയ്യ് പഞ്ചഗവ്യം ഇത്യാദി സേവിക്കയും വിശേഷേണ ശുദ്ധിയായിട്ട പറയപ്പെട്ടു.

ദേഹേ മഹാഭൂതവിലായനാദിഃ
പ്രത്യാഹൃതിഃ സ്യാദഖിലാക്ഷകേഷു
ദേഹിന്യഥ സോപാനമാനസേജ്യേ
വിശേഷശുദ്ധിർവിഹിതാർച്ചനാദൌ. മന്ദ ൭

അർച്ചനാദൌ ദേഹേ മഹാഭൂതവിലായനാദിഃ - പൂജാദികളിൽ ശരീരത്തുങ്കൽ ഭൂതസംഹാരവും ശോഷണാദി ലിപിന്യാസാന്തം ചെയ്കയും തന്നെ ശുദ്ധി. അഖിലാക്ഷകേഷു പ്രത്യാഹൃതിഃ സ്യാത - ചക്ഷുഃശ്രോത്രാദി ഇന്ദ്രിയങ്ങ(ളിൽ ?ള്ള) വിഷയങ്ങളിൽ നിന്നു നിവർത്തിച്ച് അന്തർമുഖമാക്കി ചെയ്കതന്നെ ശുദ്ധി. ദേഹിനി സോപാനമാനസേജ്യേ - ജീവാത്മാവിനെ സ്വസ്ഥാനമായ മൂലാ

ധാരണകൾനിന്നു ഉയൎത്തി പരമാത്മാവിങ്കൽ യോജിപ്പിക്കയും മാനസപൂജയേ ചെയ്കയും, വിശേഷശുദ്ധിഃ വിഹിതാ - ഇങ്ങനെ ശരീരത്തിന്റെയും ആത്മാവിന്റേയും വിശേഷശുദ്ധികഠം പറയപ്പെട്ടു.

പൂജാദ്രവ്യങ്ങളുടെ ശുദ്ധിയെ പറയുന്നു:—

ശുദ്ധിസ്തക്ഷണദാഹഭസ്മകുജലാനിർണ്ണേജനൈർദ്ദാരു-
മൃത്തേജസ്സൂത്രമയേ തഥോത്പവനതോ ദ്രവ്യേ തനൌ സർപ്പിഷി
താമ്രേ/ക്ലോമജലൈ ശകൃജ്ജലയുജാ ദുർവർണ്ണശംഖാദികേ
വസ്ത്രേ ക്ഷാരജലോക്ഷണം രവികര സ്പർശോഥ പട്ടാംശുകേ.

ഫ ബ വ

ദാരുമൃത്തേജസ്സൂത്രമയേ തക്ഷണദാഹഭസ്മകുജലനിർണ്ണേജനം ശുദ്ധിഃ - മരംകൊണ്ടുള്ള പാത്രങ്ങൾക്കു ചെത്തിയാൽ ശുദ്ധിവരും. മൺപാത്രങ്ങൾക്കു തീയിലിട്ടുവച്ചാൽ ശുദ്ധിവരും. തേജോമയങ്ങളായ ലോഹപാത്രങ്ങൾക്കു ഭസ്മം തേച്ചു കഴുകിയാൽ ശുദ്ധിവരും. നൂലുകൊണ്ടുള്ളവററിന്നു വെള്ളത്തിൽ മുക്കിയാൽ ശുദ്ധി. സർപ്പിഷി ഉത്പവനതോ ദ്രവ്യേ തനൌ - നെയ്യിന്ന് അരിക്കയും പുൽകത്തിച്ചു തർപ്പിക്കയും ശുദ്ധി. താമ്രേ അമ്ലോദജലൈ - ചെമ്പുപാത്രത്തിന് പുളിതേച്ചു വെള്ളത്തിൽ മുക്കുകയും, ദുർവർണ്ണശംഖാദികേ ശകൃജ്ജലയുജാ - വെള്ളിപ്പാത്രങ്ങൾക്കും ശംഖങ്ങൾക്കും ചാണകം തേച്ചു വെള്ളത്തിൽ കഴുകുകയും, വസ്ത്രേ ക്ഷാരജലോക്ഷണം - വസ്ത്രങ്ങൾക്കു ക്ഷാരമിട്ട വെള്ളം തളിക്കുകയും, പട്ടാംശുകേ - പട്ടു തുടങ്ങിയുള്ളവററിന്ന് വെയിലത്തുവച്ചു കാറ്റ് ഇടുകയും, ശുദ്ധിഃ സ്യാത് - ശുദ്ധിയായിരിക്കും.

ധാന്യേ ശൂർപ്പപരിഭ്രമസ്ത്വവഘാതസ്തണ്ഡുലേ ലേപഗ-
ന്ധാപായഃ സകലേ സമിത്കുസുമദർഭേഷു സംപ്രോക്ഷണം
പുണ്യാഹം സലിലാശയേ ശിഖിശവോദക്യോതശ്ച ഭാജ്യാം
ക്ഷിതേഃ
കർഷോല്ലേഖനവിപ്രഭോജനമഥാസ്ത്രാഞ്ചോക്ഷണം വാസ്തുഭിഃ.

[ഫ ന ൻ

ധാന്യേ ശൂർപ്പപരിഭ്രമഃ-നെല്ല് പയറ് ഇതുങ്ങളിയുള്ള ധാന്യങ്ങളെ മുറത്തിലിട്ടു പാററി പതിരു കളകയും, തണ്ഡുലേ അവഘാതഃ-അരിയിങ്കൽ പാററുകയും കഴുകയും ശുദ്ധി. സകലേ ലേപഗന്ധാപായഃ- സകലവസ്തുക്കളിലും പററിയിരിക്കുന്ന ദോഷവസ്തു

ഷിനേയും തദാധാരഭൂതത്തെയും കളക ശുദ്ധി. സമിത്കുസുമദൎഭാദ്യേഷു സംപ്രോക്ഷണം - ചമത, പുല്ല്, പൂവ്, പത്രം, ഫലം ഇത്യാദികൾക്കു വെള്ളം കോരിത്തളിച്ചാൽ ശുദ്ധിവരും. സലിലാശയേ പുണ്യാഹം - കിണറു കുളം ഇത്യാദികൾക്കു പുണ്യാഹം തളിച്ചാൽ ശുദ്ധി വരും. രാത്ര്യാം ശിഖിശിഖോദ്യോതഃ ച - രാത്രിയിങ്കൽ തീയുടെ ജ്വാലയായ വിളക്കുവെച്ചു പ്രകാശിപ്പിക്കുകയും, ക്ഷിതൗ കൎഷോല്ലേഖനവിപ്രഭോജനം - ഭൂമിയിങ്കൽ കിളയ്ക്കുകയും ഉഴുകയും ബ്രാഹ്മണഭോജനവും ചെയ്താൽ ശുദ്ധിവരും. അഥ അഖിലേ അസ്ത്രാഭ്യുക്ഷണം വാ - സകലവസ്തുക്കൾക്കും അസ്ത്രംകൊണ്ടു തളിച്ചാൽ ശുദ്ധിവരും.

അജുഗുപ്സിതരൂപാ ചേദുപഹതിരഖിലേഷു സാധനീയൈവം
തച്ഛുദ്ധിരന്യഥാ ചേത് ത്യാഗഃ ശ്രേയാനകുപ്യതോƒന്യേഷു [൧൪൦

അഖിലേഷു ഉപഹതിഃ - സകലവസ്തുക്കളിലേയും അശുദ്ധികരം, അജുഗുപ്സിതരൂപാ ചേത് ഏവം സാധനീയാ സ്യാത് - ജുഗുപ്സ ഇല്ലാതെ ഇരിക്കിൽ ഇവണ്ണം ശുദ്ധിചെയ്തു എടുക്കാം. അന്യഥാ ചേത് - ജുഗുപ്സ ഉണ്ടായാൽ, അകുപ്യതഃ അന്യേഷു ത്യാഗഃ ശ്രേയാൻ - തങ്കം, പൊന്ന്, വെള്ളി, ഓട്, ചെമ്പ് ഇവറെറ നീക്കി ദാരുമൂലാദികളിൽ കളക തന്നെ ശ്രേയസ്സായി ഭവിക്കും.

ഉക്തേഷ്വനുക്തേഷ്വപി ചോപഘാതേ-
ഷ്വാലോച്യ തജ്ജ്ഞൈഃ സഹ സാധകേന്ദ്രഃ
ശ്രുതിസ്മൃതിന്യായപരൈഃ പ്രകുൎയ്യാ-
ത്തന്നിഷ്ക്രിയാം പുഷ്കലതാ തഥൈവ. ൧൪൧

ഉക്തേഷു അപി ഉപഘാതേഷു - ഇവിടെ പറഞ്ഞിട്ടും പറയാതെയും ഉണ്ടാകുന്ന അശുദ്ധികളിലും, സാധകേന്ദ്രഃ- തനിക്കു തന്നെ നിശ്ചയിക്കാൻ ശക്തിയുണ്ടായിരിക്കിലും, ശ്രുതിസ്മൃതിന്യായപരൈഃ തജ്ജ്ഞൈഃ ആലോച്യ - ശ്രൗതസ്മാൎത്തവിഹിതങ്ങളായിരിക്കുന്ന കൎമ്മങ്ങളുടേയും ദേശാചാരത്തിന്റേയും താല്പൎയ്യം അറിഞ്ഞിരിക്കുന്ന ആചാൎയ്യന്മാരോടുകൂടി വിചാരിച്ച്, തന്നിഷ്ക്രിയാം കുൎയ്യാത്- തത്തൽപ്രായശ്ചിത്തത്തെ ചെയ്വൂ. തഥാ ഏവ പുഷ്കലതാ - അപ്രകാരം ചെയ്താൽ പരിപൂൎണ്ണതയായി ഭവിക്കും.

ഇതി തന്ത്രസമുച്ചയേ ശ്രുതാച്ഛ-
ക്രമഗുപ്ത്യൈ രവിജന്മസംപ്രണീതേ
പ്രകടോദിതനിഷ്ക്രിയാകലാപഃ
പടലോഽഭൂദ്ദശമോഽപി സംപ്രപൂർണ്ണഃ. ൧൪൨

ഇതി ശ്രുതാച്ഛക്രമഗുപ്ത്യൈ - ഇപ്രകാരം ഗുരുമുഖത്തുങ്കൽനിന്നു ഗ്രഹിക്കപ്പെട്ടിരിക്കുന്ന പൂജാക്രമത്തിന്റെ രക്ഷണത്തിന്നായിക്കൊണ്ട്, രവിജന്മസംപ്രണീതേ തന്ത്രസമുച്ചയേ - രവിയുടെ പുത്രനായ നാരായണനാൽ നിർമ്മിതമായിരിക്കുന്ന തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തുങ്കൽ, പ്രകടോദിതനിഷ്ക്രിയാകലാപഃ ദശമഃ പടലഃ അപി - സ്പഷ്ടമായിട്ടു പറഞ്ഞിരിക്കുന്ന പ്രായശ്ചിത്തവിധികളുടെ കൂട്ടത്തോടുകൂടിയിരിക്കുന്ന പത്താമത്തെ പടലവും, സംപൂർണ്ണഃ അഭൂത് - സമാപ്തമായി ഭവിച്ചു.

ഇതി തന്ത്രസമുച്ചയവ്യാഖ്യായാം ദശമഃ പടലഃ.

ആകെ ആദി മുതൽ പത്തുപടലത്തിലും കൂടി ശ്ലോകങ്ങൾ.— ൧൦൪൯.

ഏകാദശപടലം.

അനന്തരം പതിനൊന്നാമത്തെ പടലംകൊണ്ട് പ്രാസാദബിംബങ്ങളുടെ ജീർണ്ണോദ്ധാരത്തെ പറയുന്നു.

ആകല്പാന്തസ്ഥാസ്നുഭാവേന ഭക്ത്യാ
ദേവസ്യൈവം സംപ്രതിഷ്ഠാപിതസ്യ
പ്രാസാദാദിസ്സാംഗജീർണ്ണിർയദി സ്യാ-
ദുദ്ധൃത്യാതസ്തം നവാംഗീകരോതു. ൧

ഭക്ത്യാ ആകല്പാന്തസ്ഥാസ്നുഭാവേന സംപ്രതിഷ്ഠാപിതസ്യ ദേവസ്യ - ഭക്തിഹേതുവായിട്ട് കല്പാവസാനത്തോളം സ്ഥിരമായിരിക്കണമെന്ന മനസ്സോടു കൂടി പ്രതിഷ്ഠിച്ചിരിക്കുന്ന ദേവന്റെ, പ്രാസാദാദിസാംഗജീർണ്ണിഃ സ്യാദ് യദി - പ്രാസാദബിംബങ്ങളുടേയും തദംഗങ്ങളായ അന്യങ്ങളുടേയും ജീർണ്ണത ഭവിക്കുമെങ്കിൽ, അതഃ ഉദ്ധൃത്യ തം നവാംഗീകരോതു - അതിങ്കൽ നിന്ന് ദേവനെ വേറെയാക്കി ആ പ്രാസാദാദികളെ പുത്തനായിട്ടുണ്ടാക്കിക്കണം.

നിഷ്ക്രാമണേന വിധിനാഽത്ര തദന്തരംഗ-
വൈകല്യഭാജി വിതനോതു യഥാപുരം തത്
സങ്കോചനേന ബഹിരംഗവിപദ്യതശ്ച
നിഷ്ക്രാമണേന ചിരകാലചികീർഷിതം ചേത്. ൨

അന്തരംഗവൈകല്യഭാജി — അന്തരംഗമാകുന്ന ബിംബത്തിന്റെ വൈകല്യത്തിങ്കൽ, നിഷ്ക്രാമണേന വിധിനാ തത യഥാപുരം വിതനോതു — ജീവോദ്വാസന ചെയ്യുന്ന പ്രകാരം കൊണ്ട് ആ ബിംബത്തെ മുമ്പിലത്തെപ്പോലെ ഉണ്ടാക്കിപ്പൂ. ബഹിരംഗവിപദി സങ്കോചനേന — ബഹിരംഗമായ പ്രാസാദാദികളുടെ ജീർണ്ണതയിങ്കൽ സകലപരിവാരങ്ങളുടെയും ബിംബത്തിങ്കൽ ചേർക്കുന്നപ്രകാരംകൊണ്ടു അവറ്റെയും മുമ്പിലെപ്പോലെ ഉണ്ടാക്കിപ്പൂ. അഥ ബഹിരംഗം ചിരകാലചികീർഷിതം ചേത് നിഷ്ക്രാമണേന — ഈ പ്രാസാദാദികൾ ഉണ്ടാക്കുന്നതിന്നുവേണ്ടി വളരെക്കാലം താമസം വരുന്നേടത്ത് എളങ്കോവിൽ പ്രതിഷ്ഠിക്കുന്ന പ്രകാരം കൊണ്ടും അവറ്റെ മുമ്പിലത്തെപ്പോലെ ഉണ്ടാക്കിപ്പൂ.

ബാലാലയാദിസഹിതം കലശൈകകാര്യം
ചേതി ദ്വിധാഽത്ര ഖലു നിഷ്ക്രമണം സ്മരന്തി
സങ്കോചനം സ്വവിഭവസ്വനിഗ്രഹണം സ്യാ-
ന്നിഷ്ക്രാമണക്രമമിഹ പ്രഥമം ബ്രവീമി. ൩

അത്ര ഖലു — ഇവിടെത്തന്നെ, ബാലാലയാദിസഹിതം കലശൈകകാര്യം ഇതി ദ്വിധാ — ഇളങ്കോവിൽ പ്രതിഷ്ഠയോടുകൂടിയിട്ടും കലശത്തിങ്കൽ ജീവനെ ആവാഹിക്ക മാത്രമായിട്ടും ഇങ്ങനെ രണ്ടു പ്രകാരവും, നിഷ്ക്രാമണം സ്മരന്തി-ജീവോദ്വാസനയെ പറഞ്ഞിട്ടുണ്ട്. സ്വവിഭവസ്വനിഗ്രഹണം സങ്കോചനം സ്യാത് — തന്റെ പരിവാരങ്ങളെ തങ്കൽതന്നെ യോജിപ്പിക്ക സങ്കോചനമായിട്ടു ഭവിക്കും. ഇഹ പ്രഥമം നിഷ്ക്രാമണക്രമം ബ്രവീമി — ഇവിടെ മുമ്പിൽ ബാലാലയപ്രതിഷ്ഠയോടുകൂടിയ ജീവോദ്വാസന ചെയ്യുന്ന പ്രകാരത്തെപ്പറയുന്നു.

മൂലാലയാദ്ദക്ഷിണഭാഗസംസ്ഥം
തത്സമ്മുഖം ബാലഗൃഹം വിധായ
സമണ്ഡപം ശില്പിഭിരല്പബിംബം
പ്രകല്പയേല്ലൌഹികമാംഘ്രിപം വാ. ൪

മൂലാലയാദ്ദക്ഷിണഭാഗസംസ്ഥം തത്സമ്മുഖം – മൂലപ്രാസാദത്തിന്റെ മതില്ക്കകത്തുതന്നെ തെക്കുഭാഗത്തു വരുമാറും മൂലപ്രാസാദത്തിന് അഭിമുഖമായിട്ടും, ബാലഗൃഹം സമണ്ഡപം വിധായ – അല്പപ്രാസാദത്തെ മണ്ഡപത്തോടും ചുററമ്പലങ്ങളോടും കൂടി ഉണ്ടാക്കിച്ച്, ശില്പിഭിഃ ലൌഹികം വാ ആലേഖ്യം വാ അല്പബിംബം പ്രകല്പയേത് – ശില്പികളെക്കൊണ്ട് ലോഹമയമായിട്ടു താൻ ദാരുമയമായിട്ടു താൻ ആലേഖ്യമായിട്ടു അല്പബിംബത്തെയുമുണ്ടാക്കിപ്പൂ. ഇവിടെ പൂർവ്വദ്വാരമായ മൂലപ്രാസാദത്തുങ്കൽ ഈശകോണിൽ അല്പപ്രാസാദം വരും. പശ്ചിമദ്വാരപ്രാസാദത്തുങ്കൽ നിരൃതികോണിലും വരും.

അത്രാപ്യങ്കുരരോപണം പ്രഥമതഃ കൃത്വാ ഗൃഹീത്വാ നവം
ബിംബം വാര്യധിവാസ്യ ബാലനിലയം സംശോധ്യ തന്മണ്ഡപം
സംസ്കൃത്യോദകതോഽല്പബിംബമുപനീയ സ്ഥാപയിത്വാ പുന-
സ്തത്തദ്ബിംബഫലാദ്യൈഃ പ്രണീയ ശയനീയേ ശായയേദ്ദേശികഃ. [൭

അത്ര അപി പ്രഥമതഃ അങ്കുരരോപണം കൃത്വാ – ഈ ബാലാലയത്തുങ്കൽ മുമ്പേ തദ്യോഗ്യദിവസത്തുങ്കൽ മുളദ്രവ്യങ്ങളെ വിതച്ച് പൂജയും തുടങ്ങിയാൽ, നവം ബിംബം ഗൃഹീത്വാ വാരി, അധിവാസ്യ – നൂതനമായ ബാലബിംബത്തെ നേത്രോന്മീലനം ചെയ്ത് പരിഗ്രഹിച്ചു ശോധനകളും ചെയ്ത് ജലാധിവാസത്തെയും ചെയ്താൽ, ബാലനിലയം സംശോധ്യ തന്മണ്ഡപം സംസ്കൃത്യ – അല്പപ്രാസാദത്തിന്റെ ശുദ്ധികളും വാസ്തുബലിയും ചെയ്ത് അധിവാസദിവസം മണ്ഡപസംസ്കാരങ്ങളും ശയ്യാപൂജയും ചെയ്ത്, ഉദകതഃ അല്പബിംബം ഉപനീയ തത്തദ്ബിംബഫലാദ്യൈഃ സ്ഥാപയിത്വാ – ജലാധിവാസത്തുങ്കൽനിന്ന് ബിംബം കൊണ്ടുവന്ന് അതാതു ദേവന്മാർക്ക് പറഞ്ഞിരിക്കുന്ന ബിംബശുദ്ധികലശങ്ങളെ ആടി ഉപചാരങ്ങളും കൊടുത്ത്, ദേശികഃ ശയനീയേ പ്രണീയ ശായയേത് – ആചാര്യൻ മണ്ഡപത്തിൽ കൊണ്ടുപോയി ബിംബത്തെ ശയ്യയിങ്കൽ കിടത്തൂ.

തത്ര ത്രിസൂത്രാകലനാദി മൂല-
പ്രാസാദശുദ്ധിം വിധിവദ്വിധായ
പ്രക്ഷാളനാദ്യാശ്ച യഥാർഹകാലം
കുർവീത മൂലപ്രതിമാവിശുദ്ധീഃ.

ന്യ

തത്ര ത്രിസൂത്രാകലനാദി മൂലപ്രാസാദശുദ്ധിം വിധിവദ്വിധായ - അവിടെ മൂലപ്രാസാദത്തിങ്കൽ സൂത്രവും മാലയും ചുററുക തുടങ്ങിയുള്ള പ്രാസാദശുദ്ധിയെ വിധിക്കു തക്കവണ്ണം ചെയ്തു, പ്രക്ഷാളനാദ്യൈഃ മൂലപ്രതിമാവിശുദ്ധീഃ ച യഥാർഹകാലം കൢപ്ത - *ചതുശ്ശുദ്ധി തുടങ്ങിയുള്ള മൂലബിംബത്തിങ്കലെ ശുദ്ധിയേയും ദിവസത്തിന്റെ അവസ്ഥയ്ക്കു തക്കവണ്ണം ചെയ്തു.

സംസ്ഥാപ്യ ദേവമഥ നിഷ്കൃതിതത്ത്വഹോമ-
സമ്പാതസിദ്ധകലശൈഃ കലശൈഃ പരൈശ്ച
പ്രാച്യ പ്രസാദ്യ പരിഷദ്ബലിം വികീര്യ
പ്രാർത്ഥ്യാരഭേത സുസമീഹിതകർമ്മ മന്ത്രീ. ൬

അഥ മന്ത്രീ നിഷ്കൃതിതത്ത്വഹോമസമ്പാതസിദ്ധകലശൈഃ പരൈഃ കലശൈഃ ച ദേവം സംസ്ഥാപ്യ - പിന്നെ ആചാര്യൻ പ്രായശ്ചിത്താദിഹോമങ്ങളുടെയും തത്ത്വഹോമത്തിന്റെയും സമ്പാതയുക്തമായിരിക്കുന്ന കലശങ്ങളെക്കൊണ്ടും വേറിട്ടു അന്യങ്ങൊർത്ഥം പൂജിച്ച ദ്രവ്യകലശങ്ങളെക്കൊണ്ടും ദേവനെ അഭിഷേകം ചെയ്തു, പ്രാച്യ പ്രസാദ്യ - പൂജിച്ചു നിവേദിച്ചു പ്രസന്നപൂജയും ചെയ്തു, പരിഷദ്, ബലിം വികീര്യ - പരിവാരങ്ങൾക്കു ശ്രീഭൂതബലിയും തൂകി, പ്രാർത്ഥ്യ - ക്ഷേത്രപാലബലി ചെയ്താൽ, അവിടെ ഊരാളരും കൂടി വന്നു നിന്നു, "ശൃണ്വന്തു ദേവതാഃ സർവ്വാ" ഇത്യാദി മൂന്നുകൊണ്ടും ഉച്ചനീചമദ്ധ്യമായിട്ടു മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു, സുസമീഹിതകർമ്മ പ്രാരഭേത - ഇച്ഛിക്കപ്പെട്ടിരിക്കുന്ന സംഹാരതത്ത്വഹോമത്തെ ആരംഭിപ്പൂ.

മൂലാലയാഗ്രഹിതമണ്ഡപവാമ
കുണ്ഡേ സമുത്പാദ്യ കൃപീടയോനിം
തത്പാർശ്വദേശേ കലശം പ്രപൂജ്യ
കുര്യാദ് ദ്രുതസ്സംഹൃതിതത്ത്വഹോമം. ൭

മൂലാലയാഗ്രഹിതമണ്ഡപവാമ കുണ്ഡേ - മൂലപ്രാസാദത്തിന്റെ അഗ്രമണ്ഡപത്തിൽ ഇടത്തുഭാഗത്തായിട്ടു ഉണ്ടാക്കിയ ചതുരശ്രകുണ്ഡത്തിൽ, കൃപീടയോനിം സമുത്പാദ്യ - അഗ്നിജനനത്തെച്ചെയ്തു അന്വാധാനാദി ഹോമം തുടങ്ങി പരിധിയോളം ആയാൽ, തത്പാർശ്വദേശേ കലശം പ്രപൂജ്യ - ഹോമത്തിന്റെ

* ശുദ്ധിതുടങ്ങിയുള്ള എന്നു പാഠാന്തരം.

തെക്കെഭാഗത്തു് അഷ്ടദലപത്മത്തിൽ പീഠം വിരിച്ചു് ബ്രഹ്മകലശംപോലെ തത്വകലശത്തെ പൂജിച്ചു്, ഇതഃ സംഹൃതിതത്വഹോമം കുൎയ്യാത് – ആചാൎയ്യൻ സാവധാനമായിട്ടു് പരിധിവച്ചു തുടങ്ങി പ്രകൃതഹോമം കഴിവോളം സംഹാരതത്വഹോമത്തെ ചെയ്‌വൂ.

സമ്പാതമസ്മിൻ പ്രസമൎപ്പ്യ കുംഭേ
പൂജാമന്ത്രവ്യാഹൃതിപ്രസിദ്ധം
സൃഷ്ടിക്രമേണാഖിലതത്വമന്ത്രൈഃ
സകൃത്സകൃത് സൎപ്പിരഥോ ജുഹോതു. ൯.

അസ്മിൻ കുംഭേ പൂജാമന്ത്രവ്യാഹൃതിപ്രസിദ്ധം സമ്പാതം പ്രസമൎപ്പ്യ – പിന്നെ പൂജാമന്ത്രാജ്യാഹുതിയെച്ചെയ്തു അപ്പോഴം തന്നെ മൂലംകൊണ്ടു സമിദാജ്യഹവിരാജ്യങ്ങളാകുന്ന ദ്രവ്യങ്ങളെ ഹോമിച്ചു് തത്സംപാതത്തെ ഈ തത്വകലശത്തിങ്കലാക്കൂ. അഥോ സൃഷ്ടിക്രമേണ അഖിലതത്വമന്ത്രൈഃ സകൃത് സകൃത് ജുഹോതു – പിന്നെ സൃഷ്ടിക്രമേണയുള്ള ജീവാദിതത്വങ്ങളെക്കൊണ്ടു് ഓരോ ഉരു നെയ്യിനെ ഹോമിപ്പൂ.

ഗത്വാ ഗൎഭഗൃഹം സമിഷ്ടനിജപീഠേ *ദേവമാസ്ഥാപ്യ തം
തത്വന്യാസപുരസ്സരം സകളിതം കൃത്വാ സമഭ്യൎച്ച്യ ച
തത്സമ്പാതഘൃതം സമൎപ്പ്യ പരിപൂൎണ്ണം ഭാവയിത്വാ തതഃ
സംഹാരാന്തമതിം വികീൎയ്യ കുസുമം സംപ്രാൎത്ഥയേത് സാഞ്ജലിഃ. ൫൦

ഗൎഭഗൃഹം ഗത്വാ – പിന്നെ ഗൎഭഗൃഹത്തിൽ പോയി, സമിഷ്ടനിജപീഠേ ദേവം ആസ്ഥാപ്യ – പീഠത്തെ പൂജിച്ചു് ദേവനെ ആവാഹനമുദ്രകളെ കാട്ടി, തത്വന്യാസപുരസ്സരം തം സകളിതം കൃത്വാ സമഭ്യൎച്ച്യ ച – ലിപിതത്വന്യാസാദി ചെയ്തു് ആ ദേവനെ സകളീകരിച്ചു് ഉപഹാരങ്ങളെക്കൊണ്ടു സപരിവാരമായി പൂജിച്ചു നിവേദിച്ചു ബലിയും തൂകി നട തുറന്നു് പ്രസന്നപൂജയും ചെയ്തു് അവസാനീയാൎഘ്യത്തിനു മുമ്പിൽ, തത്സമ്പാതഘൃതം സമൎപ്പ്യ പരിപൂൎണ്ണം ഭാവയിത്വാ – സൃഷ്ടിതത്വഹോമസമ്പാതത്തെ ദേവങ്കൽ തത്തത്സ്ഥാനങ്ങളിൽ സമൎപ്പിച്ചു് പരിപൂൎണ്ണസ്വരൂപനായി ധ്യാനിച്ചു്, തതഃ കുസുമം വികീൎയ്യ സംഹാരാന്തമതിം

* ദേവമാസ്ഥാപിതം എന്നു പാഠാന്തരം.

സാഞ്ജലിഃ സംപ്രാർത്ഥയേത് — ദേവകൾ പൂർണ്ണപുഷ്പാഞ്ജലിയും ചെയ്തു "സംഹാരാർത്ഥമനുജ്ഞാം ദേഹി" ഇപ്രകാരം പ്രാർത്ഥിപ്പൂ.

ലബ്ധ്വാജ്ഞോ ഗൃഹമൂർത്തികണ്ഠകലശാഗ്ന്യാദിച്ഛിദംഭോധിതാം
നാഡീയോഗകൃതേ ധ്രുവേണ കുസുമം ദത്വാ സമേത്യാനലം
കൃത്വാ തത്ര ഹുതാശനേ ച കലശേ ചൈവം പ്രസൂനാഞ്ജലിം
മൂലേനാഷ്ട ഘൃതാഹുതീർവിതനുയാത് തത്കർമ്മസാമുഖ്യദാഃ. ൧൮

ലബ്ധാജ്ഞോ ഗുരുഃ — ദേവകൾ നിന്നും അനുജ്ഞയെ ലഭിച്ച ആചാര്യൻ, ഗൃഹമൂർത്തികണ്ഠകലശാഗ്ന്യാദിച്ഛിദംഭോധിതാം നാഡീയോഗകൃതേ ധ്രുവേണ കുസുമം ദത്വാ - പ്രാസാദത്തിന്റെയും കണ്ഠത്തിന്റെയും കലശത്തിന്റെയും നാഡികളെ ഒന്നായി കല്പിക്കേണ്ടതിനായിക്കൊണ്ടു പ്രണവംകൊണ്ടു പുഷ്പങ്ങളെ ആരാധിച്ച് അവ മൂന്നും ഒന്നായിട്ടു കല്പിച്ച് പിന്നെയും ആരാധിച്ച് ബിംബത്തിന്റെയും അഗ്നിയുടെയും ജലത്തിന്റെയും യോഗത്തെയും കല്പിച്ച് പിന്നെയും പ്രണവാരാധനയെച്ചെയ്തു ത്രിസ്ഥാനഗതചൈതന്യങ്ങളുടെയും ഐക്യത്തെ കല്പിച്ച്, അനലം സമേത്യ - പിറത്തെ കുണ്ഡസമീപത്തുങ്കലിരുന്ന്, തത്ര ഹുതാശനേ കലശേ ച ഏവം പ്രസൂനാഞ്ജലിം കൃത്വാ — അവിടെ അഗ്നിയിങ്കലാരാധിച്ചു കുണ്ഡകുംഭപ്രാസാദങ്ങളുടെയും അഗ്നിജലബിംബങ്ങളുടെയും തച്ചൈതന്യങ്ങളുടെയും ഐക്യത്തെ കല്പിച്ച് കലശത്തുങ്കൽ ആരാധിച്ച് കുംഭപ്രാസാദകുണ്ഡങ്ങളുടെയും ജലബിംബാഗ്നികളുടെയും തച്ചൈതന്യങ്ങളുടെയും ഐക്യത്തെ കല്പിച്ച് ഇടപോകാതെ കയറും കെട്ടിച്ചു, മൂലേന തത്കർമ്മസാമുഖ്യദാഃ അഷ്ട ഘൃതാഹുതീഃ വിതനുയാത് – മൂലംകൊണ്ടു സംഹാരാദിമുഖ്യത്തെ അറിവാനായിട്ട് എട്ട് ഉരു ആജ്യാഹുതികളെച്ചെയ്യൂ.

ക്ഷേത്രാധിപാദിപ്രതിഹാരകാന്തൈ-
ർന്നിർമ്മാല്യധാര്യാദിഗുരൂത്തമാന്തൈഃ
ഹുതൈകശഃ പൂർവ്വമഥോ യഥാംശ-
കൃത്യാവൃത്യ സർപ്പിർജ്ജുഹുയാദമീഭിഃ. ൧൯

ക്ഷേത്രാധിപാദിപ്രതിഹാരകാന്തൈഃ — പിന്നെ ശ്രീഭൂതബലിമന്ത്രങ്ങളെ കീഴ്പോട്ടായിട്ടു ക്ഷേത്രപാലമന്ത്രം തുടങ്ങി ദ്വാഃസ്ഥന്മാര് അവസാനമായ മന്ത്രങ്ങളെക്കൊണ്ടും, നിർമ്മാല്യധാര്യാദിഗുരൂത്തമാന്തൈഃ - പൂജാമന്ത്രങ്ങളിൽ നിർമ്മാല്യധാരി

തുടങ്ങി പ്രണവം കഴിവോളവും സമഷ്ടിമന്ത്രം തുടങ്ങി ഹ്രീം കഴിവോളവും കീഴ്പോട്ടായിട്ടും, പൂർവ്വം ഏകശഃ ആസപ്തിഃ — ഓരോന്നു ഏഴു നെയ്യിനെ ഹോമിച്ചാൽ, അഥോ അമീഭിഃ യഥാശക്തി ആവൃത്യ ജുഹുയാത് — പിന്നെ വക്ഷ്യമാണക്രമേണ ഈ തത്ത്വങ്ങളെക്കൊണ്ട് യഥാശക്തി ആവർത്തിച്ച് വെവ്വേറെ നെയ്യിനെ ഹോമിപ്പൂ.

പുരഃ കോപതത്ത്വേന തദന്ത്യശേഷേ
തതഃ ക്ഷ്മാദികാവ്യക്തപര്യന്തതത്ത്വൈഃ
കൃശാനാദിഹൃത് പുണ്ഡരീകാവസാനൈ-
ർവ്വിശേഷാന്വിതൈഃ ഷട്സമൂഹേ ച്ച്യഷ്ടതത്ത്വൈഃ.
[൯൨

തദ്വ്യാഖ്യാനം:

തദുക്തി പുരഃ കോപതത്ത്വേന — കോപതത്ത്വമുള്ള വിഷ്ണുദുർഗ്ഗാശങ്കരനാരായണന്മാരിൽ മുമ്പേ കോപതത്ത്വംകൊണ്ടും, തതഃ അന്ത്യശേഷേ ക്ഷ്മാദികാവ്യക്തപര്യന്തതത്ത്വൈഃ — പിന്നെ എല്ലാവക്കും പൃഥിവീതത്ത്വം തുടങ്ങി പ്രാണതത്ത്വം കഴിവോളവും ശിവങ്കൽ ശക്തിതത്ത്വം കഴിവോളവും, കൃശാനാദിഹൃത്പുണ്ഡരീകാവസാനൈഃ — പിന്നെ എല്ലാവരിലും വഹ്നിമണ്ഡലാദിഹൃത്പുണ്ഡരീകാന്തമുള്ള നാലുകൊണ്ടും, വിശേഷാന്വിതൈഃ ഷട്സമൂഹൈഃ ച ഹുനേത് — പന്ത്രണ്ടാം പടലത്തിൽ പറയുന്ന തത്ത്വത്തിന്റെ വിശേഷപര്യായതത്ത്വങ്ങളെക്കൊണ്ടും വെവ്വേറെ ആജ്യാഹുതിയും ഇടയിൽ പൂർണ്ണാഹുതിയും ചെയ്വൂ.

ജീവേന സർവ്വേഷു ശിവേഽന്തിമേന
ശിവേന ചൈതത്പരമീക്രിയായൈ
ജുഹോതു സംഖ്യാവസിതൌ യഥോക്ത-
പൂർണ്ണാഹുതിം ച പ്രതിതത്ത്വമത്ര. ൯൩.

സർവ്വേഷു ഏതത്പരമീക്രിയായൈ ജീവേന — എല്ലാ ദേവന്മാരിലും ഇവററിന്റെ സംഹാരപൂർത്തിക്കായിക്കൊണ്ട് ഒടുക്കം ജീവതത്ത്വംകൊണ്ടും, ശിവേ അന്തിമേന ശിവേന ച — ശിവങ്കൽ ഒടുക്കത്തെ ശിവതത്ത്വംകൊണ്ടും ഹോമിപ്പൂ. പ്രതിതത്ത്വം സംഖ്യാവസിതൌ യഥോക്തപൂർണ്ണാഹുതിം ച ജുഹോതു — തത്ത്വങ്ങൾക്ക് ഓരോന്നിന്റെ സംഖ്യ കഴിഞ്ഞാൽ വിധിച്ചിരിക്കുന്ന പൂർണ്ണാഹുതികളെയും ഹോമിപ്പൂ.

സർവത്ര സംഖ്യാഷ്ടശതം സമുക്താ-
ഽഥാഷ്ടോത്തരാ വിംശതിരഷ്ട വാഽത്ര
ജുഹോതു ശർവേ നിജപഞ്ചതത്ത്വൈ-
രുദ്ഘാതവൃത്ത്യാഽന്യേകശ ഏവ വാഽന്യൈഃ. ൫൭.

സർവത്ര അഷ്ടശതം സംഖ്യാ സമുക്താ — എല്ലാത്തത്ത്വങ്ങൾക്കും നൂറെറട്ടീതു സംഖ്യ പറയപ്പെട്ടിരിക്കുന്നു. അഥ(വാ?) അത്ര അഷ്ടോത്തരാ വിംശതിഃ അഷ്ട വാ — എന്നിയേ ഇവിടെ ഇരുപത്തെട്ടീതു് ആയിട്ടും എട്ടെട്ടീതു് ആയിട്ടും ചെയ്യുന്നുണ്ടു. ശർവേ നിജപഞ്ചതത്ത്വൈഃ ഉത്ഘാതവൃത്ത്യാ — ശിവങ്കൽ തന്റെ വിശേഷപഞ്ചതത്ത്വങ്ങളെക്കൊണ്ടു് ഉദ്ഘാതവൃത്തിയായിട്ടും, അന്യൈഃ ഏകശഃ ഏവ വാ ജുഹോതു — മററുള്ള തത്ത്വങ്ങളെക്കൊണ്ടു് ഓരോ ഉരുവായിട്ടു് എങ്കിലും ഹോമിപ്പൂ. ഉദ്ഘാതവൃത്തിയാകുന്നതു ഭൂതസംഹാരത്തിൽ പറഞ്ഞപോലെ സംഖ്യകൾ വരും.

സൂത്രച്യുതികർമ്മണി ഹ്രൂംഫഡന്താ-
ന്യുക്താനി തത്ത്വാനി ന ചാപരത്ര
തഥൈവ നിഷ്ക്രാമണകർമ്മവർജ്ജം
വിശേഷതത്ത്വം ന ച പഞ്ചസൂക്തം. ൫൮.

സൂത്രച്യുതികർമ്മണി തത്ത്വാനി ഹ്രൂംഫഡന്താനി ഉക്താനി — സൂത്രച്യുതമെന്നാൽ ബിംബത്തെ സ്വസ്ഥാനത്തുനിന്നു് എടുത്തു് മാററുകതാൻ വേറെ പ്രതിഷ്ഠിക്കുകതാൻ ആ ബിംബത്തെത്തന്നെ മറെറാരുത്തൻ പ്രതിഷ്ഠിക്കതാൻ ചെയ്ക. അങ്ങനെ വേണ്ടുന്നേടത്തു് തത്ത്വങ്ങൾ ഒക്കെയും ഹ്രൂംഫട് എന്ന ഒടുക്കം കൂട്ടി വേണം ഹോമത്തിന്. അപരത്ര ന ച — മററുള്ള ജീവോദ്വാസനയിങ്കൽ ഒരേടത്തും ഹ്രൂംഫട് എന്നു കൂട്ടേണ്ട. തഥാ ഏവ നിഷ്ക്രാമണകർമ്മവർജ്ജം പഞ്ചസു ഉക്തം വിശേഷതത്ത്വം ന ച — അപ്രകാരം ജീവോദ്വാസന കൂടാതെയുള്ള സംകോചത്തുങ്കൽ പഞ്ചതത്ത്വങ്ങളിൽ പറഞ്ഞിരിക്കുന്ന വിശേഷങ്ങൾ വേണ്ട. ശുദ്ധപഞ്ചതത്ത്വങ്ങൾ തന്നെ മതി.

കനിക്രമത്സ്വസ്തിസമുക്തമന്ത്രൈഃ
സകൃത് സകൃന്നിഷ്ക്രമണേ ജുഹോതു
സൂത്രച്യുതായാം ച ചതുർഗ്ഗൃഹീതം
വാസ്തോഷ്പതേപ്രത്യൃഗണന്മചയേന. ൫൯.

നിഷ്ക്രമണേ — ജീവോദ്വാസനം ചെയ്യുന്നേടത്തു, കനിക്രദത് സ്വസ്തിസൂക്തമന്ത്രൈഃ സകൃത് സകൃത് ജുഹോതു — * കനിക്രദജ്ജനുഷം ഇത്യാദി ആറുകൊണ്ടും സ്വസ്തിനോ മിമീതാമിത്യാദി അഞ്ചുകൊണ്ടും ഓരോ ഉരു ആജ്യാഹുതി ചെയ്തു സമ്പാതമുണ്ടാക്കും. സൂത്രച്ഛിദായാം — ബിംബം മാററുന്നേടത്തു്, വാസ്തോഷ്പതേ പ്രത്യൃഗണമേവേന ചതുർഗൃഹീതം ച — വാസ്തോഷ്പതേ പ്രതിജാനീഹി ഇത്യാദി രണ്ടുകൊണ്ടും ജുഹുവിൽ ചതുർഗൃഹീതം ചെയ്തു നിറച്ചു് ഹോമിച്ചു ആ സമ്പാതത്തെയും വേറെ വയ്പൂ.

ഗത്വാ ഗർഭഗൃഹം വിധായ പരമാന്നപ്രീണനാദ്യം വിഭോ —
സ്തദ്ധോമം സ്വസമാപ്യ തത്തത്കലശേ സമ്പാതപാതാദികം
കൃത്വാ സ്വസ്തികവിഷ്ടരേന്തരുപനീയാസ്ഥാപയേദഗ്രതോ
യാത്രാജ്യാഹുതിസാധിതാജ്യയുഗളം ചാസ്ഥാപ്യ രക്ഷേത്
[ക്വചിത്. ഹവ്യ,

ഗർഭഗൃഹം ഗത്വാ വിഭോഃ പരമാന്നപ്രീണനാദ്യം വിധായ — പിന്നെ ഗർഭഗൃഹത്തിങ്കൽ പോയി ദേവന്നു് പത്മമാത്രം പീഠം പൂജിച്ചു ആവാഹിച്ചു വ്യാപകാംഗം ചെയ്തു പൂജിച്ചു് ബാഹ്യപായസത്തെ നിവേദിച്ചു പുറത്തു വന്നു് തത്തൽകണ്ഡത്തിങ്കൽ തന്നെ വൈശ്യം ഹോമിച്ചു നിവേദ്യം വിടർത്തു് പ്രസന്നപൂജയും ചെയ്തു് മുമ്പിൽ സ്വസ്തികത്തിൽ പീഠം പൂജിച്ചു് പുറത്തുവന്നു്, തദ്ധോമം സ്വസമാപ്യ — സ്വിഷ്ടകൃദാദി ഹോമം ചെയ്തു്, തത്തത്കലശേ സമ്പാതപാതാദികം കൃത്വാ — തത്തത്കലശത്തിങ്കൽ തത്തദ്ധുതസമ്പാതത്തെ അർപ്പിച്ചു് അഗ്നിയേയും ഉദ്വസിച്ചു നിവേദിച്ചു്, അന്തഃ അഗ്രതഃ സ്വസ്തികവിഷ്ടരേ ഉപനീയ ആസ്ഥാപയേത — പാണിയും കൊട്ടിച്ചു് കലശത്തെ ദേവന്റെ മുമ്പിൽ പീഠം പൂജിച്ചു് പത്മത്തിൽ കൊണ്ടുപോയി വച്ചു്, യാത്രാജ്യാഹുതിസാധിതാജ്യയുഗളം ച ക്വചിത് ആസ്ഥാപ്യ രക്ഷേത് — കനിക്രദത് സ്വസ്തി വാസ്തു സാധിതസമ്പാതവും അകത്തു തന്നെ ഒരേടത്തു വച്ചു രക്ഷിപ്പൂ.

നിർഗത്യ വിപ്രാൻ വിദുഷഃ സമൂഹ്യ
പ്രസാദ്യ ഹോമാദിസമർപ്പണേന
ദേവം ച തത്തന്മനസാ പ്രണമ്യ
കൃതാഞ്ജലിഃ കർമ്മ നിവേദയേത.

ഹൻ

നിർഗത്യ വിദുഷഃ വിപ്രാൻ സമൃദ്ധ്യ – പിന്നെ പുറത്തു വന്ന് മണ്ഡപത്തിൽ വിദ്വാന്മാരായിരിക്കുന്ന ആചാര്യന്മാരെ പലകമേൽ ദേവാഭിമുഖമായിട്ട് ഇരുത്തി, ഹേമാദിസമർപ്പണേന താൻ പ്രസാദ്യ – സ്വർണ്ണവസ്ത്രങ്ങളെ ദാനം ചെയ്ത് അവരെ പ്രസാദിപ്പിച്ച്, തദനന്തരം ച ദേവം പ്രണമ്യ – അതാതു മന്ത്രം കൊണ്ടു ദേവനെ പ്രദക്ഷിണംവെച്ചു നമസ്കരിച്ച്, കൃതാഞ്ജലിഃ – ബ്രാഹ്മണരേയും നമസ്കരിച്ചു തൊഴുതുനിന്ന്, കർമ്മ നിവേദയേത– ചെയ്‌വാൻ ഭാവിച്ചിരിക്കുന്ന കർമ്മത്തെ അവരെ അറിയിപ്പൂ.

“നമോ ബ്രഹ്മണ്യദേവായ ഗോബ്രാഹ്മണഹിതായ ച
ജഗദ്ധിതായ കൃഷ്ണായ ഗോവിന്ദായ നമോ നമഃ.” ൨൦

ഇതു വിഷ്ണുവിങ്കലെ നമസ്കാരമന്ത്രം.

“നമഃ ശിവായ സാംബായ സഗണായ സസൂനവേ
പ്രധാനപുരുഷേശായ സൃഷ്ടിസ്ഥിത്യന്തഹേതവേ.” ൨൧

ഇതു ശിവന്റെ നമസ്കാരമന്ത്രം. ശേഷമെല്ലാടവും ഇതു തന്നെ.

“പൂജാബിംബമിദം വിഷ്ണോഃ സ്ഥാപിതം പൂർവസൂരിഭിഃ
അനേന ദൂഷണേനാദ്യ ദൂഷിതം ദോഷ വർത്തതേ. ൨൨
ദുഷ്ടബിംബസ്യ ദോഷോഽത്ര കർത്തവ്യ ഇതി ശാസനം
ആഗമസ്യ വയം കർത്തും വ്യവസായമുപാസ്മഹേ. ൨൩
അത്രേദം യദി കർത്തവ്യമാഗമാർത്ഥതയാ ഭവേത്
ഭവന്തോ നോഽനുജാനന്തു ഭവേമാജ്ഞാകരാ വയം.” ൨൪

ഇതു മൂന്നും വിദ്വാന്മാരോടു പ്രാർത്ഥിപ്പാനുള്ളത്.

ആദ്യോഽജിതേഽന്തഃ പ്രണതൌ ദ്വിതീയ–
സ്ത്ര്യക്ഷേ സപൂർവാദിരതഃ പരേഷു
വിജ്ഞാപനേഽസ്മിൻ ത്രിതയം ഹരൌ തത്
പരേഷു കിഞ്ചിദ്ഭിദുരാദ്യപാദം. ൨൫

അജിതേ പ്രണതൌ ആദ്യഃ – വിഷ്ണുവിങ്കൽനമസ്കാരത്തിന് ആദിയിൽ പറഞ്ഞതു്; ത്ര്യക്ഷേ ദ്വിതീയഃ – ശിവങ്കൽ നമസ്കാരത്തിന് രണ്ടാമത്തേതു്, അതഃ പരേഷു സപൂർവാദിഃ – ... ... മറ്റുള്ള ദേവന്മാരിൽ പൂജാബിംബമിദം വിഷ്ണോഃ ഇത്യാദി ആദിയിലത്തെ പാദത്തിൽ ഭേദമായിട്ടും വേണം.

ക്രിയതാമിതി തൈഃ സമീരിതേ
സുവിമൃശ്യാഗമശാസനം മുഹുഃ
അഥ വിശ്വജനാവബോധകം
വചനം ത്വാഗമികം നിവേദയേത്. ൨൯

തൈഃ ആഗമശാസനം സുവിമൃശ്യ ക്രിയതാം ഇതി സമീരിതേ – ആചാര്യന്മാരാൽ ശാസ്ത്രസാരത്തെ വിചാരിച്ച് ക്രിയതാം എന്നു ചൊല്ലിയാൽ, അഥ വിശ്വജനാവബോധകം ആഗമികം വചനം നിവേദയേത് – പിന്നെ സകലജനങ്ങളെയും അറിയിക്കുന്നതിനായിട്ട് ശാസ്ത്രങ്ങളിൽ പറഞ്ഞ പ്രാർത്ഥനയും കേൾപ്പിപ്പൂ.

"യദൈവ ദേവപൂജായാം വിനിയുക്തമനിന്ദിതം
ദ്രവ്യം പുഷ്പാദികം പശ്ചാന്നിർമ്മാല്യമിതി നിന്ദ്യതേ. വ ൈ
ഏവം ബിംബമപിസ്ഥം യത് പൂജായാം വിനിയുജ്യതേ
തദേവ ദൂഷിതം പശ്ചാന്നിർമ്മാല്യമിതി നിന്ദ്യതേ. വ വ്വ
തസ്മാദ്ദൂഷിതമിദം ബിംബം ദേവ്ദിർമുക്തസംശയൈഃ
നിർമ്മാല്യബുദ്ധ്യാ ത്യാജ്യമിതി ശാസ്ത്രസ്യ ശാസനം." വൻ

ഇതു മൂന്നും ജനങ്ങളോടുള്ള പ്രാർത്ഥനകൾ.

സംവാദ്യകേഷു ജനേഷു കർത്തൃൻ
കിയന്തമിത്യാദ്യഗാന്വയുജ്യ
കാലാവധിം തദ്ഗതദൈവതാദ്യോ
ദേവായ ചൈവം വിനിവേദയേച്ച. ൩൦

ജനേഷു സംവാദകേഷു – ജനങ്ങൾ ഒക്കെയും ചെയ്യേണ്ടു എന്ന് അനുസരിച്ചാൽ, കിയന്തമിത്യാദ്യൈർഗ്ഗനാ കർത്തൃൻ കാലാവധിം അനുയുജ്യ – പിന്നെ നടയിൽ വന്നുനിന്ന് കിയന്തം ഇത്യാദി ചൊല്ലി ഊരാളരോട് എത്രകാലം ഇളങ്കോവിലിൽ പ്രതിഷ്ഠിച്ചിരിക്കണം എന്നുള്ള കാലത്തെ ചോദിച്ചാൽ അവരു പ്രതിഷ്ഠയും മുഹൂർത്തവും നിശ്ചയിച്ചു പറയണം. പിന്നെ, തദ്ഗതദേവതാദ്യഃ ദേവായ ച ഏവം വിനിവേദയേത് – അവിടെയുള്ള പരിവാരദേവതകൾക്കായിക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിപ്പൂ.

"കിയന്തം കാലമത്രേശഃ പ്രവാസവസതിം വസേത്
മാസാദൂർദ്ധ്വം ചാദശാബ്ദാദർവാക്കാലാവധിഃ സ്മൃതഃ. ന ഫ
നാർവ്വാഗ്ദർദ്ധ്വം ച്ചുദ്ധവാസം വാസ്തുദേവോഽനുമന്യതേ."

ഇത് ഊരാളരോട കേൾപ്പിപ്പാൻ.

"ശൃണ്വന്തു ദേവതാഃ സർവാഃ പ്രാസാദമിമമാശ്രിതാഃ
യദ്വക്ഷ്യമാണമസ്മാഭിരനുഗൃഹ്ണന്തു തേന നഃ. ൩൨
പൂർവൈഃ പൂർവം കൃതമിദം ദേവാലയമസാംപ്രതം
പ്രാപ്തം കാലവശാദ് ഭൂയോ വയം തത്ര കർത്തുമുദ്യതാഃ. ൩൩
കാലേനൈതാവതാ ഭൂയഃ പ്രാസാദേ/സ്മിൻ പുനർനവേ
പ്രാപയാമോ വയം സത്യം തദനുജ്ഞാതുമർഹഥ." ൩൪

ഈ മൂന്നം പരിവാരങ്ങളോട പ്രാൎത്ഥിപ്പാൻ.

"ഭഗവൻ! വാസ്തുപതിനവം ബിംബം വാ തവ ശോഭനം
കാരയിഷ്യന്തി തേ ഭക്താസ്തദനുജ്ഞാതുമർഹസി. ൩൫
ക്ലേശവാസസ്ത്വയാ ദേവ രോചനീയോ/ല്പകേ ഗൃഹേ
യാവന്നവം ശുഭം കൃത്വാ പുനഃ സംസ്ഥാപയാമഹേ. ൩൬
ജീർണ്ണം ബിംബമിദം ദേവ സർവദോഷാവഹം നൃണാം
അന്യസ്മിന്നാലയേ കൃതേ ശാന്തിരിത്യേവം ഭാഷിതം ത്വയാ.
[൩൭
തത് ത്വയാ/ധിഷ്ഠിതം ദേവ! ഉദയാദി തവാജ്ഞയാ
തദുപക്രാന്തമസ്മാഭിസ്തദനുജ്ഞാതുമർഹസി." ൩൮

ഇതു നാലും ദേവനോട വേണ്ട പ്രാൎത്ഥനകൾ.

ഏതേ തു വിഷ്ണുവിഷയേ പ്രായോ മന്ത്രാഃ പരേഷ്വപി
കാൎയ്യാഃ സ്വസ്വാഗമോക്ത്യാഽന്യസ്വാഭിധേയപദാന്വിതാഃ ൩൯

ഏതേ മന്ത്രാഃ തു വിഷ്ണുവിഷയേ — ഈ പറഞ്ഞ പ്രാൎത്ഥനാ മന്ത്രങ്ങൾ വിഷ്ണുവിങ്കലേയ്ക്കായിട്ടുള്ളതു്. പരേഷു അപി പ്രായഃ സ്വസ്വാഗമോക്ത്യാഽന്യസ്വാഭിധേയപദാന്വിതാഃ കാൎയ്യാഃ — ശിവാദികളിലും ഈ മന്ത്രങ്ങൾ മിക്കവാറും ഒന്നായിട്ടുവരും. അവിടെ തന്റെ തന്റെ ആഗമാദികളിൽ പറയുന്ന തന്റെ നാമത്തോടു കൂടി വേണം ചൊല്ലുവാൻ.

ദേവം സമിദ്ധസരസീരുഹമധ്യപീഠേ
സങ്കല്പ്യ സന്നിഹിതമപ്യഥ തത്ത്വതാരൈഃ
ഉദ്വാസ്യ തത്ര കലശേന തതോ/ഭിഷിച്യോ-
ദ്വാസ്യ പ്രകല്പയതു കേവലചിന്മയം തം. ൪൦

പിന്നെ കാലം കഴികി ഗർഭഗൃഹത്തിങ്കൽ പോയി ഇരുന്ന് കറങ്ങേണ്ടുന്ന ദേഹശുദ്ധിയും ചെയ്ത് ഗുരൂപദേശത്തെ വിചാരിച്ച

കൊണ്ട്, സമിഷ്ടസരസിരുഹമാത്രപാദേ ദേവം സന്നിഹിതം സങ്കല്പ്യ — പദ്മമാത്രം പീഠം പൂജിച്ച് മൂലം കൊണ്ട് ആവാഹിച്ച്, അവ്യയതത്ത്വാന്താരൈഃ ഉദ്വ്യാപ്യ — സംഹാരക്രമേണ തത്ത്വങ്ങളെ കൊണ്ട് ബിംബത്തിങ്കലും കലശത്തിങ്കലും മേല്പോട്ട് വ്യാപകത്തെ ച്ചെയ്തു പ്രണവംകൊണ്ട് ഉദ്വ്യാപകത്രയത്തെ ചെയ്തു്, തത്ത്വകലശേന അഭിഷിച്യ — പിന്നെ ക്ഷേത്രപാലാദി ഇവ്വണ്ണവും സംഹാരതത്ത്വങ്ങളും പ്രണവവും മൂന്നുരു ജപിച്ച് തത്ത്വകലശത്തെ ആടി, ഉദ്വാപ്യ — പിന്നെ കലശത്തെ പീഠത്തിൽ കമത്തിവച്ച് സംഹാരതത്ത്വപ്രണവംകൊണ്ടു വ്യാപകം ചെയ്തു, തം കേവലചിന്മയം പ്രകല്പയേത് — ആ ദേവനെ ചൈതന്യമാത്രമായി ധ്യാനിപ്പൂ.

അനന്തരം ധ്യാനസങ്കോചത്തെ പറയുന്നു: —

അഗ്രേ നിഷദ്യ പ്രണവേന നാഡീ-
　　യുക്ത്യൈത്യ ദേവാത്മതയാ സ്ഥിതഃ സൻ
സജാഗ്രദാദ്യാത്മദശാദിഭിന്ന-
　　ഹാരാലയാദ്യാഗ്രദലാത്മകാദ്യം. ൪൫
ധ്യാത്വാ ക്രമാത് ക്ഷേത്രമിദം ഗൃഹാച്ഛാ-
　　ഹൃദംബുരുട്കർണ്ണികമബ്ജയുഗ്മം
താരേണ തേജസ്സ്ഫുടിതാളമന്ത-
　　രാസ്ഥാപികം വ്യാപ്യ ച മൂലചക്രാത്. ൪൬

അഗ്രേ നിഷദ്യ — പിന്നെ നടയടച്ച് ദേവന്റെ മുമ്പിൽ പലകമേൽ ഇരുന്നു്, പ്രണവേന നാഡീയുക്ത്യാ ഏത്യ — പ്ലുതപ്രണവം ജപിച്ച് ദേവന്റെ സുഷുമ്നാനാഡികൾ ഒന്നായി സ്പർശിക്കുമാറു ധ്യാനിച്ചു പ്രണവം ജപിച്ചു തന്റെ ആത്മാവിനെ ആ നാഡിമാർഗ്ഗേണ ദേവന്റെ ഹൃദയത്തിങ്കൽ പ്രവേശിപ്പിച്ച്, ദേവാത്മതയാ സ്ഥിതഃ സൻ — താൻ ദേവനോട് ഒന്നായി ഇരിക്കുമാറും കല്പിച്ചാൽ, ഇദം ക്ഷേത്രം സജാഗ്രദാദ്യാത്മദശാദിഭിന്നഹാരാലയാദ്യാഗ്രദലാത്മകാദ്യം ഗൃഹാച്ഛാഹൃദംബുരുട് കർണ്ണികം അബ്ജയുഗ്മം ധ്യാത്വാ — ഈ ക്ഷേത്രത്തെ ജാഗ്രത്സ്വപ്നസുഷുപ്തിതുരീയതുരീയാതീതങ്ങളായ അഞ്ചു് അവസ്ഥകളോടും പഞ്ചഭൂതങ്ങളോടും പഞ്ചേന്ദ്രിയങ്ങളോടും ഇങ്ങനെ പഞ്ചവിധങ്ങളായ എല്ലാ വസ്തുക്കളോടും കൂടി ബാഹ്യഹാരദലാഗ്രമായിട്ടും മദ്ധ്യഹാരദലമായിട്ടും അന്തഹാരദലസന്ധിയായിട്ടും ബിംബം കേസരമായിട്ടും ബിംബ

ഹൃദയം കർണ്ണികയായിട്ടും ഇങ്ങനെ അകത്തെ പ്രാസാദമാകുന്ന താമരപ്പൂവിനെയും രണ്ടുപത്മങ്ങളായിട്ടു ധ്യാനിച്ചാൽ, താരേണ അന്തഃ തടിദാഭം തേജഃ മൂലചക്രാത് ആസന്ദ്രൂപികം വ്യാപ്യ ച — പിന്നെ പ്രണവം ജപിച്ചു ബിംബത്തിന്റെ ഹൃദയത്തിങ്കൽ നിന്ന് മിന്നൽപോലെ ഒരു തേജസ്സുള്ളതിനെ ഊർദ്ധ്വമായിട്ടു വർദ്ധിപ്പിച്ചു താഴികക്കുടത്തിന്റെ മേൽഭാഗത്തോളം വ്യാപ്തമായിട്ടും ധ്യാനിപ്പൂ.

വികീര്യ പുഷ്പാഞ്ജലിമാദിനാഥ
  പ്ളുതേന വിഷ്വഗ്ഗതിഷ്വത്സരണ്യാ
പ്രസാര്യ സംവ്യാപ്തമിദം ബഹിഷ്ഠ-
  പ്രാകാരനിഷ്ഠം പരികല്പ്യ തേന. ൪൩

ഗ്രസ്തം സമസ്തം പരിവാരജാതം
  ജാലേന മീനാനിവ സംവിഭാവ്യ
പുഷ്പാഞ്ജലിം സംഹൃതിമുദ്രയാത്ര
  കുർവൻ സമാഹൃത്യ തതഃ ക്രമേണ. ൪൪

സപ്തോർമ്മിപഞ്ചാംബുധിമാത്രതാരൈ-
  രാമധ്യഹാരാദപരാന്തഹാരം
ആനീയ ചാന്തർഗതമണ്ഡലാന്തം
  പ്രാസാദനിഷ്ഠം ച നയേദ് ഭശോഭിഃ. ൪൫

പ്ളുതേന ആദിനാ പുഷ്പാഞ്ജലിം വികീര്യ — പ്ളുതപ്രണവംകൊണ്ട് പ്രസരണമുദ്രയാ പുഷ്പാഞ്ജലികളെച്ചെയ്തു്. വിഷ്വക്സരണ്യാ സംവ്യാപ്തമിദം വിഷ്വക് പ്രസാര്യ — സുഷുമ്നാനാഡിയിലൂടെ വർദ്ധിച്ച് ഉയരുന്ന തേജസ്സിനെ ചുററും വ്യാപ്തമാക്കി, ഇദം ബഹിഷ്ഠപ്രാകാരനിഷ്ഠം പരികല്പ്യ — ഈ തേജസ്സിനെ പുറത്തെ മതില്ക്കകത്ത് എല്ലാടവും സമ്പൂർണ്ണമാക്കിക്കല്പിച്ച്, തേന സമസ്തം പരിവാരജാതം ജാലേന മീനാൻ ഇവ ഗ്രസ്തം സംവിഭാവ്യ — ആ തേജസ്സുകൊണ്ടു മതില്ക്കകത്തുള്ള ബലിപരിവാരങ്ങളെ ഒക്കെയും അകത്ത് ആകർഷിക്കുന്നതിനു സമർത്ഥമായിട്ടു കല്പിക്കു. വലകൊണ്ടു മത്സ്യങ്ങളെ ഗ്രഹിക്കുന്നപോലെ ഇങ്ങനെ കല്പിച്ചാൽ, അത്ര സംഹൃതിമുദ്രയാ പുഷ്പാഞ്ജലിം കുർവൻ — ഇവിടെ സംഹാരമുദ്രയാ പുഷ്പാഞ്ജലികളെച്ചെയ്തു്, തതഃ ക്രമേണ സംഹൃത്യ — അത് സ്ഥാനത്തുനിന്നും അന്തഹാരാദി സ്ഥാനങ്ങളിലേയ്ക്കു് സംഹരിക്കണം. സപ്തോ

ദ്വിപഞ്ചാംബുധിമാത്രാർണൈഃ ആമൂർദ്ധ്യാധാരാപദം ആധാരം അന്തർമ്മണ്ഡലാന്തം ശോധിഃ സഹ ആനീയ പ്രാസാദനിഷ്ഠം പ്രനയേത് – സപ്തമാത്രപ്രണവംകൊണ്ട് രണ്ടു കൈയിലും പുഷ്പങ്ങളെ എടുത്തു സംഹാരമുദ്രപോലെ മനോവിശ്വാസം വരുവോളം പുഷ്പാരാധനകളെച്ചെയ്തു മതിൽസ്ഥാനത്തുനിന്നും വിളക്കുമാടമാകുന്ന മദ്ധ്യഹാരയിങ്കലോളം ആ തേജസ്സിനെ തൽസ്ഥാനത്തുള്ള പരിവാരങ്ങളോടും ജാഗ്രദാദികളായ പ്രഥമവസ്തുക്കളോടും കൂടി സംഹൃതമാക്കിച്ചെയ്‌വൂ. പിന്നെ ഷൺമാത്രപ്രണവംകൊണ്ടു മനോവിശ്വാസം വരുവോളം പുഷ്പാരാധനകളെച്ചെയ്തു ദീപശാലയിങ്കൽനിന്നു ബാഹ്യഭിത്തിയാകുന്ന അന്തഹാരയിങ്കലോളം സ്വപ്നാദികളായ ദ്വിതീയവസ്തുക്കളോടും സംഹരിപ്പൂ. പിന്നെ പഞ്ചമാത്രപ്രണവംകൊണ്ടു മനോവിശ്വാസം വരുവോളം പുഷ്പാരാധനകളെച്ചെയ്തു ബാഹ്യഭിത്തിയിങ്കൽ നിന്ന് അന്തർമ്മണ്ഡലമാകുന്ന ദിക്പാലസ്ഥാനത്തോളം സുഷുപ്ത്യാദിസുഷുപ്തപ്രവസ്ഥാദി മൂന്നാമത്തെ വസ്തുക്കളോടു കൂടി സംഹരിപ്പൂ. പിന്നെ ചതുർമ്മാത്രപ്രണവാരാധനകളെ മനോവിശ്വാസം വരുവോളം ചെയ്തു ദിക്പാലസ്ഥാനത്തുനിന്നു പ്രാസാദസ്ഥാനമായ കണ്ണികയിങ്കലോളം തുര്യാവസ്ഥാദി നാലാമത്തെ വസ്തുക്കളോടും കൂടി സംഹരിപ്പൂ. ഇത്രയും ക്രിയ ചെയ്യുമ്പോൾ തദ്ഗതപരിവാരങ്ങളും ഈശ്വരചൈതന്യവും പ്രാസാദത്തിങ്കൽ തന്നെ ചേർന്നിരിക്കുമാറു താല്പര്യം.

ത്രിദ്വ്യേകമാത്രപ്രണവൈർന്നയേത് ത-
ദാഗർഭമാപീഠമഥാണ്ഡബിംബം
ആദൃശ്യ ബിംബാത് അപീഠിതത്ത്വാ-
താരൈരമിദാത്മന്യഖിലം ഹരേത്. ൪൩

ത്രിദ്വ്യേകമാത്രപ്രണവൈഃ ആഗർഭം ആപീഠം അഥ അണ്ഡബിംബം ച നയേത് – പിന്നെ ത്രിമാത്രപ്രണവപുഷ്പാഞ്ജലികളെ ചെയ്തു പൂജാപരിവാരങ്ങളോടു കൂടി ആ തേജസ്സിനെ ഗർഭഗൃഹത്തിങ്കലാക്കൂ. പിന്നെ ദ്വിമാത്രപ്രണവപുഷ്പാഞ്ജലികളെ ചെയ്തു ഗർഭഗൃഹത്തിങ്കൽനിന്നു പീഠത്തിൽ നയിപ്പൂ. പിന്നെ ഏകമാത്രപ്രണവാരാധനകളെച്ചെയ്തു സകലപരിവാരങ്ങളോടും കൂടി ബിംബത്തിങ്കലാക്കൂ. അപീഠിതത്ത്വതാരൈഃ ബിംബാത്

ആകൃഷ്യ തദ് അഖിലം തേനാഥ ചിദാത്മനി നയേത് - പിന്നെ സംഹാരക്രമേണ തത്ത്വങ്ങളെക്കൊണ്ടും പ്രണവംകൊണ്ടും പുഷ്പങ്ങളെ ആരാധിച്ച ആ ചൈതന്യത്തെ ഒക്കെയും ബിംബഹൃദയ കമലത്തിങ്കൽ ചൈതന്യമാത്രമാക്കി ഉറപ്പിപ്പൂ. ഇപ്പോഴം പ്രാകാരപത്മം പ്രാസാദപത്മത്തോടും പ്രാസാദപത്മം ബിംബഹൃദയ പത്മത്തോടും ചേർന്നിരിക്കുന്നുവെന്നും ധ്യാനംകൊണ്ടു കല്പിപ്പൂ.

ഇവിടെത്തന്നെ ഒരു പ്രകാരാന്തരത്തെ പറയുന്നു:—

തത് കർമ്മകാലപ്രതിബോധനാന്തേ
തത്രോപവിഷ്ടഃ സുസമാഹിതാത്മാ
സമാധിസംകോചനമുക്തനീത്യാ
നിർവ്വർത്ത്യ തസ്മിൻ സകലം സ്വയോജ്യ. ൮൧

തത് കർമ്മകാലപ്രതിബോധനാന്തേ - പുറത്തുനിന്ന് പ്രാർത്ഥനകളും ഒക്കെ ചെയ്താൽ, തത്ര ഉപവിഷ്ടഃ സുസമാഹിതാത്മാ - കാലും കഴുകി ഗർഭഗൃഹത്തിങ്കൽ ചെന്ന് ഇരുന്ന് സാവധാനമായിട്ടു മനസ്സിനെ ഉറപ്പിച്ച്, ഉക്തനീത്യാ സമാധിസംകോചനം നിർവ്വർത്ത്യ - ഇവിടെ പറഞ്ഞതുപോലെ പത്മദ്വയത്തെ കല്പിക്ക തുടങ്ങിയുള്ള പുഷ്പാരാധനകളെ ചെയ്തു. ധ്യാനസങ്കോചത്തെ ചെയ്തു, തസ്മിൻ സകലം സ്വയോജ്യ - ബിംബത്തിങ്കൽ സകലപരിവാരങ്ങളോടുകൂടി ചൈതന്യത്തെയും തത്ത്വങ്ങളെയും യോജിപ്പിപ്പൂ.

തദ് ബിംബകുംഭാവപൃഥക് പൃഥക് ച
വ്യാപ്യാഭിഷിച്യാപ്യയതത്ത്വതാരൈഃ
തത്ത്വാത്മകുംഭേന പുനശ്ച തൈരേവോ-
ദ്വ്യാപ്യാവഹേദ്വാ പ്രതിമാഹൃദബ്ജേ. ൮൨

തദ് ബിംബകുംഭൌ അപൃഥക് പൃഥക് ച വ്യാപ്യ - പിന്നെ ബിംബത്തിങ്കലും കലശത്തിങ്കലും സംഹാരതത്ത്വപ്രണവം കൊണ്ട് വേറെയും ഒരുമിച്ചും ഉദ്വ്യാപകങ്ങളെ മൂന്നുപ്രാവശ്യം ചെയ്തു, അപ്യയതത്ത്വതാരൈഃ തത്ത്വാത്മകുംഭേന അഭിഷിച്യ - ക്ഷേത്രപാലദ്ധ്വ്യന്തവും സംഹാരതത്ത്വപ്രണവങ്ങളും മൂന്നുപ്രാവശ്യം ജപിച്ച് ആ തത്ത്വകലശംകൊണ്ട് അഭിഷേകത്തെ ചെയ്തു പുനഃ തൈഃ ഉദ്വ്യാപ്യ പ്രതിമാഹൃദബ്ജേ ആവാഹയേത് -

പിന്നെയും സംഹാരതത്വപ്രണവങ്ങളെക്കൊണ്ട് ഉദ്വ്യാപകങ്ങളെ ചെയ്തു് ബിംബഹൃദയത്തിങ്കൽ സകലചൈതന്യത്തെയും യോജിപ്പിപ്പൂ. ഇങ്ങനെയും ക്രിയകളെ ചെയ്യാം.

തത്ത്വചിദ്ഭൃത്യാ ബഹിരംഗതോऽന്ത-
രംഗാദപീതിക്രമതോ വികൃഷ്യ
സംയോജ്യ ബിംബസ്ഥചിദാത്മനീമം
ചിന്മാത്രമാകല്പ്യ നിരേജ്യ ചാത്മ. ൪൯

തത്ത്വചിദ്ഭൃത്യാ ബഹിരംഗതഃ അന്തരംഗാദ് അപി ഇതി ക്രമതഃ വികൃഷ്യ - അതാതു പരിവാരങ്ങളോടുകൂടിയ ദേവചൈതന്യത്തെ പുറത്തു മതില്ക്കകത്തുനിന്നും അകത്ത് പ്രാസാദത്തിങ്കൽനിന്നും ഇപ്രകാരം പറഞ്ഞ ക്രമംപോലെയും ഉപദേശംപോലെയും ആകർഷിച്ച്, ബിംബസ്ഥചിദാത്മനി ഇമം സംയോജ്യ ചിന്മാത്രം ആകല്പ്യ - ചൈതന്യസ്വരൂപമായിരിക്കുന്ന ബിംബഹൃദയത്തിങ്കൽ യോജിപ്പിച്ച് അവിടെ ചൈതന്യമാത്രമായി ധ്യാനിച്ച്, ആത്മ നിരേജ്യ, പ്രണവംകൊണ്ട് നാഡീവിശ്ലേഷത്തെയും ചെയ്തു ആത്മാവിനെ ദേവങ്കൽനിന്ന വേർവിട്ടാക്കി ധ്യാനിപ്പൂ.

പിന്നെ ഘടം തുറന്ന് ജീവകലശത്തെ പൂജിപ്പൂ.

കൃതാഗ്രതഃ സ്വസ്തികക്ലൃപ്തശാലീ-
ദർഭാഗ്രകൂർച്ചേऽർച്ചിതയോഗപീഠേ
സുസംസ്കൃതം ലോഹമയം സകൂർച്ചം
ഘടം സദൂർവാക്ഷതകാഞ്ചനാഢ്യം. ൫൦

ആപൂരിതം പൂതജലേന സാവ-
കാശം സമിഷ്ട്വാഷ്ടസരോരുഹാഢ്യം
സംപ്രാർത്ഥ്യ ദേവം മണിബിംബകേ തത്-
സന്ധാതയുഗ്മം പ്രസമർപ്പയേച്ച. ൫൧

അഗ്രതഃ സ്വസ്തികക്ലൃപ്തശാലീദർഭാഗ്രകൂർച്ചേ - ദേവന്റെ മുമ്പിൽ സ്വസ്തികപത്മത്തിങ്കൽ നെല്ലും ഇട്ട് വിസ്താരം വച്ച് പീഠപൂജയും ചെയ്തു, ലോഹമയം ഘടം സുസംസ്കൃതം - പൊന്ന് വെള്ളി ചെമ്പ് ഇങ്ങനെയുള്ള കലശത്തെ കമത്തി ശോഷണാദിപാത്രപൂജയും ത്രികലന്യാസവും കലാവാഹനവും ചെയ്ത്, സകൂർച്ചം സദൂർവാക്ഷതകാഞ്ചനാഢ്യം - കൂർച്ചന്യാസവും നവരത്നസ്വർണ്ണവും

കവൃകയും അക്ഷതവും ന്യസിച്ച് മാനസപൂരണം ചെയ്തു, പൂതജലേന സാവകാശം ആപൂരിതം – അരിച്ച ജലംകൊണ്ടു മുഖാമ്ലോളം നിറച്ച്, സമിഷ്ടാർണ്ണസാലാക്ഷമാല്യം – ലിപിപദങ്ങളെ പൂജിച്ച് കുണ്ഡ്യാവരണവും അഗ്നിപൂജയും, കൃത്വാ – ചെയ്താൽ, ദേവം സമ്പ്രാർത്ഥ്യ – പൂർണ്ണപുഷ്പാഞ്ജലിയെ ചെയ്ത് 'നമസ്തേ സർവ്വലോകേശ' ഇത്യാദി രണ്ടുകൊണ്ടും പ്രാർത്ഥിച്ച്, മന്ത്രബിംബാദികെ തത്സമ്പാതയുഗ്മം സ്പ്രാസമപ്പയേത – ബിംബങ്ങളിൽ യാത്രാഹോമസമ്പാതത്തെയും വാസ്തുസമ്പാതത്തെയും സ്പർശിപ്പൂ.

"നമസ്തേ സർവ്വലോകേശ! ഭൂതാനാമഭയപ്രദ!
ഭക്തപ്രിയ! നമസ്തേസ്തു പ്രസീദ ഭുവനേശ്വര!
ആഗച്ഛ ദേവദേവേശ! സർവ്വകാരണകാരണ
നവീകരണവിദ്ധ്യർത്ഥം കുംഭേസ്മിൻ സന്നിധിം കുരു."

ഇവ രണ്ടും പ്രാർത്ഥനാമന്ത്രങ്ങൾ.

സ്ഥൂലം ച സൂക്ഷ്മം ച പരം ച രൂപ-
മാവാഹയേദ്വ്യുത്ക്രമതശ്ച ബിംബാത്
സർവ്വത്ര ഗായത്ര്യണുമൂലതാരൈ-
രേതൈർജ്ജിനാർണ്ണാംശകൃതോപചാരൈഃ. ൩൨

സർവ്വത്ര ഗായത്ര്യണുമൂലതാരൈഃ സ്ഥൂലം സൂക്ഷ്മം പരം ച – എല്ലാ ദേവന്മാരിലും ഗായത്രികൊണ്ടു സ്ഥൂലത്രയത്തെയും മൂലംകൊണ്ട് സൂക്ഷ്മത്രയത്തെയും പ്രണവംകൊണ്ട് പരത്രയത്തെയും, ബിംബാത് വ്യുത്ക്രമതഃ ആവാഹയേത് – ബിംബങ്ങളിൽനിന്ന് ഉപസംഹാരരൂപേണ ആവാഹിച്ച് കലശങ്ങളിൽ യോജിപ്പിപ്പൂ. ജിനാർണ്ണാംശകൃതോപചാരൈഃ ഏതൈഃ വാ – വിഷ്ണ്വാദികളിൽ ഉപചാരം വേറെ ഉള്ളേടത്ത് ഉപചാരംകൊണ്ടും സ്ഥൂലാംശത്തെ ആവാഹിക്കണം.

ഹരേർവസുദ്വാദശവർണ്ണതാരൈഃ
ഷഡർണ്ണനാമപ്രണവൈർഹരേ ച
ആവാഹയേദേതി പൃഥക് സാമൃത-
ന്യാസാന്തമാധായ യജേച്ച കിഞ്ചിത്. ൩൩

ഹരേർ വസുദ്വാദശവർണ്ണതാരൈഃ – വിഷ്ണുവിങ്കൽ അഷ്ടാക്ഷരംകൊണ്ട് സ്ഥൂലമൂർത്തിയെയും ദ്വാദശാക്ഷരംകൊണ്ട് സൂക്ഷ്മത്തെയും പ്രണവംകൊണ്ട് പരത്തെയും ആവാഹിക്കണം. ഷഡ

ണ്ണാമപ്രണവൈർവാ — ശിവങ്കൽ ഷഡക്ഷരംകൊണ്ട് സ്ഥൂലത്തെയും പ്രാസാദമന്ത്രംകൊണ്ട് സൂക്ഷ്മത്തെയും പ്രണവംകൊണ്ടു പരത്തെയും, ആവാഹയേദ്വാ — ഇപ്രകാരവും ആവാഹിക്കണം. പൃഥക് സ്വമൂലന്യാസാന്തം ആധായ കിഞ്ചിത് യജേത് — ഇവിടെ ഓരോ ആവാഹനം ചെയ്താൽ മൂന്നേടത്തും വെവ്വേറെ മൂലാക്ഷരന്യാസം ചെയ്തു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്ത് ഇവിടെ ശിവങ്കൽ ഗായത്രികൊണ്ടും ഉപചാരംകൊണ്ടും മൂലംകൊണ്ടും സ്ഥൂലത്രയത്തെയും മൂലംകൊണ്ടു രണ്ടുപ്രാവശ്യവും പ്രാസാദമന്ത്രംകൊണ്ട് ഒരിക്കലും സൂക്ഷ്മത്രയത്തെയും പ്രണവംകൊണ്ടു തന്നെ മൂന്നുപ്രാവശ്യം പരത്രയത്തെയും ഉപാസിക്ക ഉപദേശം. വിഷ്ണുവിങ്കലുപചാരം ഗായത്രിയും മൂലത്രയവും സ്ഥൂലത്രയത്തിന് മൂലം രണ്ടുരുവും ഷോഡശാക്ഷരവും സൂക്ഷ്മത്രയത്തിന് പ്രണവംതന്നെ മൂന്നുരു പരത്രയത്തിന്. ഇങ്ങനെ എല്ലാ ദേവന്മാരിലും ഊഹിച്ചു ചെയ്യണം. സ്ഥൂലത്രയത്തെ ആവാഹിച്ചു പൂജ കഴിഞ്ഞാൽ കലാവാഹനയും സൂക്ഷ്മത്രയത്തെ ആവാഹിച്ചാൽ വിദ്യാമൂർത്തി ആവാഹനയും പരത്രയത്തെ ആവാഹിച്ചാൽ തത്ത്വാവാഹനയും കൂടെ ചെയ്യണമെന്നും ചില ആചാര്യന്മാരുടെ മതം ഉണ്ടാകയാൽ അവസ്ഥപോലെയും ഉപദേശംപോലെയും ചെയ്വൂ.

അനന്തരം ജീവകലശന്യാസമായ പറയുന്നു:—

യഥാപുരം വാരി ദരേ പ്രപൂര്യ
തേന സ്വമൂലാണുസമർച്ചിതേന
തത്ത്വാന്യമീഷാം ഹൃദയാരവിന്ദാ-
ദുത്ക്രമേണാണുപരാണി പഞ്ച. ൧൪
ചിദാത്മപി ത്വന്യനിചേതനാനി
നീത്വാ കമപ്യാത്മപദം പരാദേഃ
ആവാഹ്യ തസ്മാത് കലശസ്ഥമൂർത്തൗ
സംയോജ്യ സർവം വിധിവദ് വ്യപോഹ്യാത. ൧൫

ദരേ യഥാപുരം വാരി പ്രപൂര്യ — ശംഖുകഴുകിവച്ച് അതിൽ ശുദ്ധജലംകൊണ്ടു നിറച്ച് അഷ്ടഗന്ധത്തെകലക്കി പ്രണവാക്ഷരപ്രണവങ്ങളെക്കൊണ്ടു ശംഖിനെ പൂജിച്ച് ജലത്തിൽ പത്മമാത്രം പീഠം പൂജിച്ച്, സ്വമൂലാണുസമർച്ചിതേന തേന — മൂലംകൊണ്ട് ആവാഹിച്ചു വ്യാപകാംഗം ചെയ്തു മൂലംകൊണ്ടു പൂജിച്ചാൽ ആ ശംഖിനെ രണ്ടുകൈകൊണ്ട് എടുത്തു പൂജിച്ചു ബിംബത്തിന്റെ പാദാഗ്രങ്ങളിൽ പിടിച്ചു പ്രണവോപചാരമൂലങ്ങൾ

മൂന്നര ചൊല്ലിയാൽ, ഉത്ക്രമേണ - ഹോമത്തുങ്കലേ ക്ഷേത്രപലാദിപ്രാസ്ഥാന്തവും നിർമ്മാല്യധാര്യാദിപൂർവ്വാന്തവും, തത്വാനി ച ഉദിത്വാ അപി തച്ചേതനാനി ഉക്ത്വാ — മുമ്പിലും പിന്നിലും മൂലത്തോടു കൂടി പുടിതങ്ങളാക്കി ഇരിക്കുന്ന വിശേഷപഞ്ചതത്ത്വങ്ങളെ സൃഷ്ടിക്രമേണയും സംഹാരക്രമേണയും ചൊല്ലിയാൽ പ്രാണാപാനാദി ജീവമന്ത്രത്തെയും ചൊല്ലി അവിടെനിന്നു ആവാഹിച്ച്, പരമേശ കം ആത്മപദം നീത്വാ — പിന്നെയും പദങ്ങളുടെ ആദിയായ മൂലാധാരത്തുങ്കൽനിന്ന് ശംഖജലത്തെ ആത്മപദമാകുന്ന ഹൃദയത്തിൽ കൊണ്ടുപോയി, തത്വാനി ഉദിത്വാ— പ്രണവോപചാരമൂലങ്ങൾ മൂന്നു പ്രാവശ്യം സംഹാരക്രമേണ തത്ത്വങ്ങൾ കൈയും മൂലപുടിത വിശേഷപഞ്ചതത്ത്വങ്ങൾ സൃഷ്ടിസംഹാരമായിട്ടും പ്രാണാവാഹനാദി ജീവമന്ത്രം ചൊല്ലി ആവാഹിച്ച്, ഹൃദയാരവിന്ദാത് കം ആത്മപദം നീത്വാ — ഹൃദയത്തുങ്കൽനിന്നു ശംഖജലത്തെ ഭ്രൂമദ്ധ്യത്തെ നയിച്ച്, തത്വാനി ഉദിത്വാ അണ്ഡപരാണി പഞ്ചതത്ത്വാനി അനാദിതച്ചേതനാനി ച ഉക്ത്വാ — അവിടെയും പ്രണവോപചാരമൂലങ്ങളും സംഹാരക്രമേണ തത്ത്വങ്ങളും മൂലപുടിതവിശേഷപഞ്ചതത്ത്വങ്ങളും പ്രാണാപാനാദി ജീവമന്ത്രവും ചൊല്ലി ആവാഹിച്ചു ജീവതത്ത്വവും ശിവങ്കൽ ശിവതത്ത്വവും ചൊല്ലി ജീവതത്ത്വസ്യ (?) പ്രാണാപാനാദിയും ചൊല്ലി, തസ്മാത് ആവാഹ്യ കലശസ്ഥമൃതത്തെ സംയോജ്യ സർവ്വം വിധിവത് വിദദ്ധ്യാത് — ഇങ്ങനെ മൂലാധാരഹൃദയഭ്രൂമദ്ധ്യങ്ങളിൽനിന്ന് സകല ചൈതന്യത്തെയും ശംഖജലത്തിലാവാഹിച്ചു പൂജിച്ച് ഇരിക്കുന്ന ജീവകലശത്തുങ്കൽ ജീവാദിതത്ത്വങ്ങളെ സൃഷ്ടിക്രമേണ ചൊല്ലി ജലത്തെ തൂകാതെ കലശത്തിൽ യോജിപ്പിച്ച് കൈയും ഗുരുപദേശംപോലെ ചെയ്യണം.

പ്രണവാദ്യന്തതശ്ചൈവസ്സ ബിന്ദുനാദാന്തദീപിതൈഃ
പഞ്ചബ്രഹ്മഭിരേവേശേത്യാവാഹനവിധിം നയേത്. ഇതി

അത്ര ഇത്യേശ — ഇവിടെ ശിവങ്കൽ, ബിന്ദുനാദാന്തദീപിതൈഃ പ്രണവാദ്യന്തതശ്ചൈവഃ പഞ്ചബ്രഹ്മഭിഃ ഏവം — ഓം ഹ്രാം ഹൌം നമഃ ശിവായ ഇത ശൈവാഷ്ടാക്ഷരപുടിതമായ വിശേഷപഞ്ചതത്ത്വങ്ങളോടു കൂടി പഞ്ചബ്രഹ്മങ്ങൾ ഓരോന്നുകൂട്ടിക്കൊണ്ട്, ആവാഹനവിധിം നയേത്. ത്രിസ്ഥാനങ്ങളിൽനിന്നും ആവാഹിക്കണം.

പ്രാണാണുവിന്യാസവിവർജ്ജമാത്മ-
ഹൃത്പങ്കജാന്മന്ത്രമയോഽഭിവാഹ്യ
സാംഗീക്രിയാദ്യം പ്രവിധായ കിഞ്ചി-
ദിഷ്ട്വാ നിവേദ്യ പ്രധിനോതു ദേവം. ൭൧

പ്രാണാണ്വിന്യാസവിവർജ്ജം - പിന്നെ കലശങ്ങളിൽ പ്രാണന്യാസാദികൂടാതെ പ്രണവവ്യാപകതത്ത്വന്യാസങ്ങളെ ചെയ്ത്, ആത്മഹൃത്പങ്കജാത് മന്ത്രമയഃ അഭിവാഹ്യ സാംഗീക്രിയാദ്യം പ്രവിധായ - തന്റെ ഹൃദയത്തിങ്കൽ നിന്ന പ്രണവോപചാരമൂലംകൊണ്ട് ആവാഹിച്ച് വ്യാപകാംഗാദി സകളീകരിച്ച്, കിഞ്ചിദ് ഇഷ്ട്വാ നിവേദ്യ ദേവം പ്രധിനോതു - മൂലംകൊണ്ട് പൂജിച്ച് നിവേദിച്ച് പ്രസന്നപൂജയും ചെയ്ത് ദേവനെ പ്രസാദിപ്പിപ്പൂ.

സ്വവാസസാഽഽച്ഛാദ്യ സദർഭരജ്ജ്വാ
സമർപ്പ്യ യാത്രാഹുതിജാജ്യശേഷം
ഉത്ഥാപ്യ ചോത്തിഷ്ഠമനുപ്രജാപീ
സോഷ്ണീഷമൂർദ്ധോദ്ധൃതജീവകുംഭഃ. ൭൨

സ്വവാസസാ സദർഭരജ്ജ്വാ ആച്ഛാദ്യ - പിന്നെ കോടിവസ്ത്രംകൊണ്ട് കലശത്തെ മൂടി പുൽക്കയറുകൊണ്ട് കെട്ടി, യാത്രാഹുതിജാജ്യശേഷം സമർപ്പ്യ - യാത്രാസമ്പാതത്തിന്റെയും വാസ്തുസമ്പാതത്തിന്റെയും ശേഷത്തെ കലശത്തിൽ സമർപ്പിച്ച്, സോഷ്ണീഷമൂർദ്ധാ - തന്റെ ശിരസ്സിൽ വസ്ത്രംകൊണ്ട് ഉഷ്ണീഷത്തെ കെട്ടി, ഉത്തിഷ്ഠമനുപ്രജാപീ ഉത്ഥാപ്യ - "ഉത്തിഷ്ഠ ബ്രഹ്മണസ്പതേ" ഇത്യാദി ജപിച്ച് രണ്ടു കൈകൊണ്ട് എടുത്ത്, ഉദ്ധൃതജീവകുംഭഃ - ജീവകുംഭത്തെ സാവധാനമായിട്ട് ശിരസ്സിൽവയ്പൂ.

നിർഗ്ഗത്യ പര്യേത്യ ച ശംഖനാദ്യൈഃ
പ്രാസാദമേതദ്ബലിമണ്ഡപം ച
[illegible]
[illegible] സമർപ്യ [illegible]. ൭൩

നിർഗ്ഗത്യ ശംഖനാദ്യൈഃ വൃതഃ പ്രാസാദം ബലിമണ്ഡപം ച പര്യേത്യ - അവിടെനിന്നും വിളക്കും വാദ്യഘോഷവുമായി കലശത്തെ എടുത്തു പുറപ്പെട്ട് കനിക്രദത്സൂക്തി

സൂക്തങ്ങളെ ജപിച്ച് ഈ പ്രാസാദത്തേയും അല്പാലയത്തുങ്കലെ അധിവാസമണ്ഡപത്തേയും പ്രദക്ഷിണംവെച്ച്, യഥാവിധി അന്തഃ ഉപനീയ – ബിംബത്തുങ്കൽ പറഞ്ഞപ്രകാരം തന്മന്ത്രങ്ങളെക്കൊണ്ടു മണ്ഡപത്തിൽ എഴുന്നള്ളിച്ച്, ശയ്യാം ആരോപ്യ – ശയ്യയിങ്കൽ അല്പബിംബം പാർശ്വത്തുങ്കൽ വച്ച്, മൂലേന സമർപ്പ്യ ദക്ഷേത് – അർഘ്യം കൊടുത്ത് മൂലംകൊണ്ടു പൂജിച്ചു രക്ഷിപ്പൂ.

അനന്തരം ബിംബം കടത്തുന്നു പറയുന്നു:—

ബിംബോദ്ധാരവിധൌ സശാന്തികലശം കൃത്വാഗ്രതഃ പാവകം

സാവിത്ര്യാഷ്ടസഹസ്രമത്ര ജുഹുയാത് ദൂർവാസ്ത്രിമധ്വാപ്ലുതാഃ

ഗ്രാമൈര്യ്യരപി വാ പയോദ്രുസമിധഃ സമ്പാതമേതദ്ഘടേ

സിഞ്ചേത് പഞ്ചഭിരഷ്ടശശ്ച ജുഹുയാത് തത്ത്വൈഃ സസം-

[പാതകം. ൩൦

ബിംബോദ്ധാരവിധൌ - ബിംബത്തെ എടുക്കുന്ന പ്രകാരത്തുങ്കൽ, അഗ്രതഃ സശാന്തികലശം പാവകം കൃത്വാ - ദേവന്റെ മുമ്പിൽ ഒരെടത്തു കിരിത്തീയുമിട്ടു ഹോമം തുടങ്ങി പരിധിക്കു മുമ്പിൽ "ശന്നോ ദേവി"കൊണ്ടുതാൻ മൂലംകൊണ്ടുതാൻ ഒരു കലശത്തെ പൂജിച്ച് പരിധി വച്ചു തുടങ്ങി മൂലാഷ്ടാജ്യാഹുത്യന്തം ചെയ്യാതെ, ത്രിമധ്വാപ്ലുതാഃ ദൂർവാഃ സാവിത്ര്യാ അഷ്ടസഹസ്രം ജുഹുയാത – ത്രിമധുരത്തിൽ മുക്കിയ കറുകകളെ "തത്സവിതുർവരേണ്യം" ഇത്യാദി ഗായത്രികൊണ്ട് ആയിരത്തെട്ട് ഉരു ഹോമിപ്പൂ. ഗ്രാമൈര്യ്യൈഃ പയോദ്രുസമിധഃ അപി വാ ജുഹുയുഃ – പിന്നെ വ്യാഹൃതികൊണ്ട് നാല്പാമരങ്ങളുടെ ചമതകളെ ആയിരത്തെട്ടു ഹോമിക്കിലുമാം. അതുകൂടാതെയുമാം. സമ്പാതം ഏതദ് ഘടേ സിഞ്ചേത് – ഈ സമ്പാതത്തെ ശാന്തികലശത്തിൽ സ്പർശിപ്പൂ. പഞ്ചഭിഃ തത്ത്വൈഃ അഷ്ടശഃ ച സസമ്പാതകം ജുഹുയാത് – പിന്നെ സംഹാരക്രമേണ പഞ്ചതത്വങ്ങളെക്കൊണ്ട് വെവ്വേറെ എട്ടെട്ടീത് ഉരു ആജ്യാഹുതികളെ ചെയ്തു സമ്പാതത്തെ വേറെ വച്ച് സ്വിഷ്ടകൃദാദി ഹോമം മുടിപ്പൂ.

സംഹാരക്രമതഃ സ്വതത്ത്വമനുഭിർഹോമേ സ്വകീയേ കൃതേ

സിക്ത്വാ ശാന്തിഘടേന പായസസിതാവസ്ത്രാദ്യം പ്രകല്പിതവസ്

സിക്ത്വാ തത്ത്വഘടേന ജീവകലശേ പ്രോദ്വാസ്യ നീത്വാ ബഹി-

ർദേവം ബിംബസമുദ്ധൃതിം വിരചയേദ്വാ/സിച്യ ശാന്ത്യം-

[ഭസാ. ൩൧

സ്വതത്ത്വമന്ത്രൈഃ സംഹാരക്രമതഃ ഹോമേ സുക്ഞെപ്പു - മുമ്പിൽ സംഹാരതത്ത്വഹോമമന്ത്രങ്ങൾ സംഹാരഹോമം ചെയ്തു അകത്തു പോയാൽ, അമുനാ ശാന്തിഘടേന സിക്ത്വാ പായസനൈവേദ്യാദ്യം പ്രകുർവീത വാ - ഈ ദ്വാശാന്തിഹോമത്തിന്റെ കലശംകൊണ്ടു ദേവനെ അഭിഷേകം ചെയ്തു പായസം നിവേദിച്ചു സ്വിഷ്ടകൃദാദി തന്ത്രഹോമത്തെ ചെയ്കിലുമാം. തത്ത്വഘടേന സിക്ത്വാ ജീവകലശേ പ്രോദ്വാസ്യ ദേവം ബഹിഃ നീത്വാ - പിന്നെ സംഹാരതത്ത്വകലശത്തെ ആടി ജീവകലശത്തിൽ ഉദ്വാസിച്ചു ദേവനെ പുറത്തുകൊണ്ടുപോയി ശയ്യയിങ്കൽ എഴുന്നള്ളിച്ച്, ശാന്ത്യംഭസാ ആസിച്യ ബിംബസമുദ്ധൃതിം വിതനുയാത് വാ - ഇപ്പോഴും തന്നെ ദ്വാശാന്തികലശത്തെ ആടി ബിംബോദ്ധാരത്തെ ചെയ്വൂ. ഇങ്ങനെ രണ്ടു പ്രകാരവും പക്ഷമുണ്ടു.

അഥോജ്ജിഹീർഷുഃ പ്രതിമാം വിശീർണ്ണാ-
മാചാര്യവര്യഃ പ്രണിപത്യ ദേവം
വിപ്രോത്തമൈസ്തത്ര പുരഃസ്ഥിതഃ സൻ
പ്രവാചയേച്ഛാന്തിമനന്യചേതാഃ. ൩൨

അഥ വിശീർണ്ണാം പ്രതിമാം ഉജ്ജിഹീർഷുഃ ആചാര്യവര്യഃ - പിന്നെ ജീർണ്ണമായിരിക്കുന്ന ബിംബത്തെ എടുപ്പാൻ ഇച്ഛയോടുകൂടിയ ആചാര്യൻ, ദേവം പ്രണിപത്യ - നടയിൽചെന്നു ദേവനെ നമസ്കരിച്ച്, വിപ്രോത്തമൈഃ സഹ തത്ര പുരഃ സ്ഥിതഃ സൻ - മുഖ്യന്മാരായിരിക്കുന്ന നാലു ബ്രാഹ്മണരോടുംകൂടി പ്രാസാദത്തിന്റെ ദ്വാരത്തിങ്കൽനിന്ന്, അനന്യചേതാഃ ശാന്തിം പ്രവാചയേത് - ഏകാഗ്രമനസ്സായിട്ടു ശാന്തിവാചകത്തെ ചൊല്ലൂ.

"ശാന്തിരസ്തു ശിവം ചാസ്തു പുഷ്ടിരസ്തു സുമംഗലം
സ്വസ്തി ചാസ്തു സമൃദ്ധ്യസ്തു സർവേഷാം നശ്ശുഭം സദാ. ൩൩
ഗോബ്രാഹ്മണേഭ്യഃ ക്ഷത്രേഭ്യോ വിട്ശൂദ്രേഭ്യസ്തഥൈവ ച
ലോകേഭ്യഃ സർവ്വഭൂതേഭ്യോ രാജ്ഞേ ജനപദായ ച. ൩൪
ഗ്രാമായ യജമാനായ ഗുരവേഽസ്യൈ ഗൃഹായ ച
ബിംബോദ്ധാരവിധേരസ്തു സാകല്യമിഹ സർവദാ." ൩൫

ഇവ മൂന്നും ശാന്തിപാഠമന്ത്രങ്ങൾ.

ഗർഭാഗാരമഥ പ്രവിശ്യ വിധിവത് പുണ്യാഹകൃത് കൌതുകം
ബദ്ധ്വാ സ്വസ്യ സകർത്തൃമൂർത്തിപജനസ്യാരക്ഷ്യ സർവാൻ ഗുരുഃ

പുഷ്പൈഃ സംഹൃതിപഞ്ചതത്ത്വപുഷ്ടതസ്വാത്മനാഡീഗതൈർവാ [സനാ-
ശക്തിം ഭാസ്കരമണ്ഡലേ പ്രണവതഃ പ്രോദ്ഭാസയേത്തദ്ഗതാം. ൩൩

അഥ ഗർഭാഗാരം പ്രവിശ്യ - പിന്നെ എല്ലാവരുമൊരുമിച്ച് ഗർഭഗൃഹത്തിങ്കൽ കടന്ന്, പുണ്യാഹകൃത് സ്വസ്യ സകർത്തൃമൂർത്തിപജനസ്യ കൌതുകം ബധ്വാ - കാപ്പുകെട്ടുവാൻ ആറു കൂട്ടമുണ്ടാക്കി പുണ്യാഹജലത്തിൽ ഇട്ട് പുണ്യാഹം തളിച്ച് തനിക്കും പരികർമ്മികൾക്കും യജമാനനും കാപ്പിനെ ജപിച്ചു കെട്ടി, ഇതഃ സർവാൻ ആരക്ഷ്യ - ആചാര്യൻ എല്ലാവരേയും അസ്ത്രജപ്തമായ ചരടിനെ കൊടുത്തു രക്ഷിച്ച്, സംഹൃതിപഞ്ചതത്ത്വപുഷ്ടതസ്വാത്മനാഡീഗതൈഃ പുഷ്പൈഃ തദ്ഗതാം വാസനാശക്തിം ഭാസ്കരമണ്ഡലേ പ്രോദ്ഭാസയേത് - സംഹാരപഞ്ചതത്ത്വസമ്പാതത്തോടുകൂടിയ പുഷ്പങ്ങളെക്കൊണ്ട് ബിംബത്തിങ്കൽ ശേഷമുള്ള വാസനാശക്തിയെ ഉദ്വാസിച്ച് ആദിത്യമണ്ഡലത്തിങ്കൽ യോജിപ്പിപ്പൂ.

ഉച്ഛ്വഞ്ചസ്വേത്യാദികം നാസദാദ്യം
സൂക്തം ചാപ്യാതേപിതഃപൂർവകം ച
പുംസൂക്താദീൻ മൂലമന്ത്രാദികം ച
മന്ത്രീ തത്രാവർത്തയേന്മൂർത്തിപാലൈഃ. ൩൪

തത്ര മന്ത്രീ മൂർത്തിപാലൈഃ സഹ - അവിടെ ആചാര്യൻ പരികർമ്മികളോടും കൂടി നിന്ന്, ഉച്ഛ്വഞ്ചസ്വേത്യാദികം നാസദാദ്യം സൂക്തം - "ഉച്ഛ്വഞ്ചസ്വ പൃഥിവി മാ" ഇത്യാദി വർഗ്ഗവും "നാസദാസീദി"ത്യാദിസൂക്തവും, ആതേപിതഃ പൂർവകം "ആ തേ പിതർമരുതാം" ഇത്യാദി സൂക്തവും, പുംസൂക്താദീൻ - പുരുഷസൂക്തം തന്റെ തന്റെ സൂക്തം ഇത്യാദിയും, മൂലമന്ത്രാദികം ച ആവർത്തയേത് - മൂലം ഉപചാരം ഗായത്രി ഈ മന്ത്രങ്ങളെ ആവർത്തിച്ച് എല്ലാവരും ജപിപ്പൂ.

സൌവർണ്ണലാംഗലമുഖേന വിദാര്യ പീഠ-
ബന്ധം സുബദ്ധ്യ പഞ്ചബാലകശാലിരജ്ജ്വാം
പ്രോദ്ധാരയേൽ സുഫലിതേന വൃഷേണ ബിംബം
തദ്വ്യാഗ്രമന്ത്രകൃതസാവയവീക്രിയാദ്യൈഃ. ൩൫

തദ്യോഗ്യമന്ത്രകൃതസാവയവീക്രിയാദ്യഃ - ബിംബത്തെ സ്ഥിരീകരിപ്പാൻ യോഗ്യമായിരിക്കുന്ന അവരവരുടെ നിർമ്മാല്യധാരി മന്ത്രംകൊണ്ടു ദേഹത്തുങ്കൽ വ്യാപകാംഗാദിയെച്ചെയ്തു തത്സ്വരൂപത്തെ ധ്യാനിച്ചു്, സൌവർണ്ണലാംഗലമുഖേന പീഠബന്ധം വിലേഖ്യ – സ്വർണ്ണശലാകാഗ്രംകൊണ്ടു് അഷ്ടബന്ധത്തെ ഇളക്കി പീഠവും ബിംബവും വേറെ ആക്കി, പശ്വബാലകശാദിരജ്വാ സുബദ്ധ്യ – പശുവിന്റെ ബാലാഗ്രരോമവും പുല്ലുംകൂടി പിരിച്ച കയറുകൊണ്ടു ബിംബത്തിൽ കെട്ടി, വൃഷലിതേന വൃഷേണ ബിംബം പ്രോദ്ധാരയേത് - ഈ പുൽക്കയറിന്റെ മറേറ അഗ്രം കാളയുടെ കഴുത്തിൽ കെട്ടി ആ കാളയെക്കൊണ്ടു ബിംബത്തെ എടുപ്പിപ്പൂ.

പീഠികാബന്ധവിശ്ലേഷേ സ്വസ്വമൂലമന്ത്രർമന്ത്രഃ
വ്യാഹൃതിത്രയതാരാത്മാ തദ്വാ ബിംബസമുദ്ധൃതൌ. ൧൯

പീഠികാബന്ധവിശ്ലേഷേ മന്ത്രഃ – സ്വസ്വമൂലപീഠവും ബിംബവും തമ്മിൽ വേർപെട്ടു് ആകുമ്പോൾ തന്റെ മൂലമന്ത്രങ്ങൾ ജപിക്കണം. തദ്വാ ബിംബസമുദ്ധൃതൌ വ്യാഹൃതിത്രയതാരാത്മാ മന്ത്രഃ – ബിംബം എടുക്കുമ്പോൾ ഓം ഭൂഃ ഓം ഭുവഃ ഓം സ്വഃ ഈ വ്യാഹൃതി മൂന്നും ജപിപ്പൂ.

പീഠേ യാമ്യശിരസ്സമേത്യ വിനിധാ-
യ ക്ഷാളയിത്വാ മനാ-
ഗിഷ്ട്വോദ്വാസ്യ ച വാസനാം വസനസം-
വീതം ശിരഃപൂർവ്വകം
നീത്വാ ന്യസ്യ ബഹിഃ സദർഭസികതേ
തദ്യാമ്യദിക്സ്ഥണ്ഡിലേ
വാമീകൃത്യ തിലാക്ഷതാനി വികിരൻ
പശ്ചാത്തു ബിംബം ത്രിധാ. ൨൦

അഗ്രേ പീഠേ യാമ്യശിരസ്കം വിനിധായ – ബിംബത്തെ ആ പീഠത്തിന്മേൽ തെക്കോട്ടു ശിരസ്സുവരുമാറു കിടത്തി, മനാക് ക്ഷാളയിത്വാ – അല്പം വെള്ളംകൊണ്ടു ബിംബത്തെ കഴുകി, ഇഷ്ട്വാ വാസനാം ഉദ്വാസ്യ – ജലഗന്ധപുഷ്പങ്ങളെക്കൊണ്ടു ബിംബത്തെ പൂജിച്ചു് പിന്നെയും സമ്പാതയുക്തമായ പുഷ്പംകൊണ്ടു് വാസനാശക്തിയെ സൃഷ്ട്യങ്കൽ യോജിപ്പിച്ചു്, വസനസംവീതം ശിരഃപൂർവ്വകം ബഹിഃ നീത്വാ – പിന്നെ കോടിവസ്ത്രംകൊണ്ടും പുൽക്കയറുകൊണ്ടും കെട്ടി ശിരസ്സു മുമ്പായിട്ടു് എടുത്തുകൊണ്ടു വന്നാൽ, സദർഭസികതേ തദ്യാമ്യദിക്സ്ഥണ്ഡിലേ ന്യസ്യ – തെക്കേ

ഭാഗത്തു് മാതൃകല്ലിന്റെ പടിഞ്ഞാറു് തളിച്ചു മെഴുകി പല്ലും മണവും വിരിച്ചാൽ അവിടെ തെക്ക തലയായിട്ടു വയ്പൂ. വാമീകൃത്യ തിലാക്ഷതാനി വികിരൻ ത്രിധാ പര്യേത്യ - പിന്നെ എടുത്തിട്ടു് എള്ളും അക്ഷതവും കൂടിയതിനെ കൈയിൽ എടുത്തു ബിംബത്തിന്റെ ചുറ്റും എടുത്തു പ്രദക്ഷിണമായി വിതറി മൂന്നു പ്രദക്ഷിണത്തെ എല്ലാവരും വയ്പൂ.

> വിസൃജ്യ വസ്ത്രാദ്യഭിഷിച്യ കിഞ്ചനോ-
> പഹൃത്യ തത്സ്ഥാമപി ശേഷവാസനാം
> തവൈവ സമുദ്വാസ്യ സുവേഷ്ട്യ വാസസാ
> കശൈശ്ച നദ്യാദിജലാശയം നയേത്. ൧൧

വസ്ത്രാദി വിസൃജ്യ അഭിഷിച്യ - പിന്നെ മൂടിയ വസ്ത്രമാദികളെ എടുത്തു് അഭിഷേകത്തെച്ചെയ്തു്, കിഞ്ചന ഉപഹൃത്യ - കുറഞ്ഞൊന്നു ജലഗന്ധാദികളെക്കൊണ്ടു പൂജിച്ചു്, തത്സ്ഥാം ശേഷവാസനാം അപി തവൈവ സമുദ്വാസ്യ - പിന്നെയും പുഷ്പങ്ങളെക്കൊണ്ടു് ബിംബത്തിങ്കലേ വാസനാശേഷത്തെ ആദിതൃങ്കൽ ഉദ്വാസിച്ചു്, വാസസാ കശൈഃ സുവേഷ്ട്യ - വസ്ത്രംകൊണ്ടു മൂടി പുൽകയറുകൊണ്ടു കെട്ടി, നദ്യാദിജലാശയം നയേത് - നദി തുടങ്ങിയുള്ളേടത്തു ബിംബത്തെ വാദ്യഘോഷത്തോടുകൂടി എഴുന്നള്ളിപ്പൂ.

> തത്രാഗാധേ പാഥസി സപിഷ്ടപീഠേ
> വിഷ്വക്സേനാദ്യം സ്വനിർമ്മാല്യഭാജം
> തന്മന്ത്രേണാവാഹ്യ സംപൂജ്യ യജ്വാ
> തത്സാത്കൃത്യ പ്രക്ഷിപേദ് ബിംബമപ്സു. ൧൨

തത്ര അഗാധേ പാഥസി - ആ നദിയിങ്കൽ അഗാധജലത്തുങ്കൽ, യജ്വാ സപിഷ്ടപീഠേ വിഷ്വക്സേനാദ്യം സ്വനിർമ്മാല്യഭാജം തന്മന്ത്രേണ ആവാഹ്യ - ആചാര്യൻ പീഠത്തെ പൂജിച്ചു് വിഷ്വക്സേനൻ തുടങ്ങിയുള്ള തന്റെ നിർമ്മാല്യധാരിയെ തന്മന്ത്രംകൊണ്ടു് ആവാഹിച്ചു്, സംപൂജ്യ - നിവേദ്യത്തോളം പൂജിച്ചു്, തത്സാത്കൃത്യ ബിംബം അപ്സു പ്രക്ഷിപേത് - നിർമ്മാല്യധാരിക്കു് അധീനമാക്കി ബിംബത്തെ വെള്ളത്തിൽ താഴ്ത്തി ഇടേണ്ടൂ.

സ്നാത്വാഽത്ര കർത്ത്രാ സഹ തർപ്പയേച്ച
സ്വമൂലമന്ത്രേണ യഥാവിധാനം
പ്രാചീനപീഠാദ്യപനീയ മൂല-
വേശ്മാദിരക്ഷ്യാരചയേച്ച സർവ്വം. ൧൩

അത്ര കർത്ത്രാ സഹ സ്നാത്വാ — അവിടെ യജമാനനോടുകൂടി ആചാര്യൻ കുളിച്ച്, സ്വമൂലമന്ത്രേണ യഥാവിധാനം തർപ്പയേത് ച — എടുത്തിട്ട് മൂലമന്ത്രംകൊണ്ട് ആവർത്തിച്ചും പീഠപൂജാദി പരിവാരമന്ത്രംകൊണ്ടും ഓരോ പ്രാവശ്യം തർപ്പിപ്പൂ. പ്രാചീനപീഠാദി അപനീയ മൂലവേശ്മ ആദിരക്ഷ്യ സർവ്വം ആരചയേത് — പിന്നെ ബിംബത്തോടുകൂടിയുള്ള പീഠം നപുംസകശില ബലിക്കല്ലുകൾ ഇത്യാദി ജീർണ്ണത്തെ ഒക്കെയും വെള്ളത്തിൽ കൊണ്ടുപോയി സ്ഥാപിച്ച് മൂലപ്രാസാദത്തെ അശുദ്ധ്യാദികൾ വരാതെ രക്ഷിച്ച് പണികൾ വേണ്ടുന്നതിനെ ഒക്കെയും ചെയ്യിപ്പൂ.

അഥാധിവാസ്യോക്തവദല്പബിംബം
ഹുത്വാ തഥാഽഭ്യർച്ച്യ സജീവകുംഭം
സമണ്ഡലം തത്പരിതോ ബലിം ച
കൃത്വാ പ്രസന്നാപചിതിം ച കുര്യാത്. ൧൪

അഥ അല്പബിംബം സജീവകുംഭം ഉക്തവത് അധിവാസ്യ — പിന്നെ രാത്രിയിൽ ബാലബിംബത്തേയും ജീവകലശത്തേയും പറഞ്ഞതുപോലെ ധ്യാനാധിവാസത്തെ ചെയ്ത് തഥാ ഹുത്വാ സമണ്ഡലം അഭ്യർച്ച്യ — അപ്രകാരം ശിരസ്തത്വഹോമവും അധിവാസഹോമാദികളെക്കയും ചെയ്ത് മണ്ഡലപൂജയും ചെയ്താൽ, തത്പരിതഃ ബലിം കൃത്വാ പ്രസന്നാപചിതിം ച കുര്യാത് — ഗോദോഹനാദിയും പായസം നിവേദിച്ച ബലിയും പ്രസന്നപൂജയും ചെയ്വൂ.

അഥാല്പഗേഹേ സുവിശോധിതേഽല്പ-
പീഠം ച സംശോധ്യ തഥാഽധിവാസ്യ
സംരക്ഷ്യ ഗത്വാഽഭിഷ്ടം നിഷദ്യ
തദ്രാത്രിശേഷം ഗമയേദ് വിനിദ്രഃ. ൧൫

അഥ അല്പഗേഹേ സുവിശോധിതേ — അനന്തരം അല്പപ്രാസാദത്തിന്റെ ശുദ്ധികളെ ചെയ്ത്, അല്പപീഠം ച സംശോധ്യ — പീഠത്തിന്റെ ശുദ്ധികളും ചെയ്ത്, തഥാ അധിവാസ്യ സംരക്ഷ്യ—

അപ്രകാരം പ്രാസാദപീഠങ്ങളെ അധിവസിച്ച് വസ്ത്രംകൊണ്ടു മൂടി രക്ഷിച്ച്, ഗത്വാ അല്പഗേഹം നിഷദ്യ വിനിദ്രഃ തദ്രാത്രിശേഷം ഗമയേത് – മണ്ഡപത്തിൽ ജീവകലശത്തിന്റെ അടുക്കൽ വന്നിരുന്ന് ഉറങ്ങാതെ രാത്രിശേഷത്തെ കഴിപ്പൂ.

കൃത്വാ വിധിം സാമ്പ്രതികം പ്രഭാതേ
നാന്ദീമുഖാദിക്രമതോഽല്പഗേഹേ
പീഠം പ്രതിഷ്ഠാപ്യ തതോഽർച്ചയിത്വാ
സംരക്ഷ്യ തന്മണ്ഡപമഭ്യുപേത്യ. ൧൩

പ്രഭാതേ സാമ്പ്രതികം വിധിം കൃത്വാ – പിറ്റേ ദിവസം നേരത്തെ ആചാര്യൻ സന്ധ്യാവന്ദനാദി നിത്യകർമ്മത്തെച്ചെയ്തു, അല്പഗേഹേ നാന്ദീമുഖാദിക്രമതഃ പീഠം പ്രതിഷ്ഠാപ്യ – അല്പപ്രാസാദങ്ങളിൽ മൃത്സ്നാദിശോധനയും പ്രാസാദപ്രതിഷ്ഠയും ചെയ്തു അകത്തു ചെന്ന് ഗുരുഗണപതിപൂജയും നാന്ദീമുഖപുണ്യാഹവും ചെയ്ത് നപുംസകശിലാസ്ഥാനത്തു സ്വർണ്ണം ന്യസിച്ച് പീഠപ്രതിഷ്ഠയെ പറഞ്ഞപോലെ ചെയ്ത്, തതഃ അർച്ചയിത്വാ സംരക്ഷ്യ – പീഠങ്ങളിൽ പൂജകളൊക്കെയും ചെയ്തു മൂടി രക്ഷിച്ച്; തന്മണ്ഡപം അഭ്യുപേത്യ – പിന്നെ മണ്ഡപത്തിൽ വന്നാൽ ജീവകലശത്തെ പൂജിച്ച് വിദ്യേശാദ്യഘടാഭിഷേകം ചെയ്ത് പൂജിപ്പൂ.

ഉപാസ്യ ബിംബേ മഹിതേഽഖിലം ത-
ന്നീത്വോക്തവത് ബിംബാലയക്രമേണ
കൃത്വാ പരാവാഹനപൂജനാദ്യം
ബിംബം പ്രതിഷ്ഠാപയതൂക്തനീത്യാ. ൧൪

മഹിതേ ബിംബേ അഖിലം ഉപാസ്യ – പൂജിച്ചിരിക്കുന്ന ബിംബങ്ങളിൽ ധ്വജതോരണാദി ഒക്കെയും ഉപാസിച്ച്, ഉക്തവത് ബിംബാലയക്രമേണ നീത്വാ – പറഞ്ഞപോലെ ഒക്കെയും അല്പബിംബത്തിന്റെ പുറകിൽ ജീവകലശവും കൂടി എല്ലാം അകത്ത് എഴുന്നള്ളിച്ചു ഭദ്രപീഠാദികൾ വച്ച്, പരാവാഹനപൂജനാദ്യം കൃത്വാ ഉക്തനീത്യാ ബിംബം പ്രതിഷ്ഠാപയതു – പരാവാഹനം തുടങ്ങി ഒക്കെയും പറഞ്ഞപോലെ ചെയ്ത് ബിംബത്തെ മുഹൂർത്തസമയത്ത് പ്രതിഷ്ഠിപ്പൂ.

നിദ്രാകലശസ്നപനപശ്ചിമമത്ര കൃത്വാ
സംപ്രാർത്ഥ്യ സാധു ഭഗവന്നിതി സന്നതാത്മാ
ജീവാദിവാഹനവിധൌ കലശേന തേന
സിഞ്ചേത് തദർത്ഥമനുവിന്യസനം ച കുര്യാത്.
[൧ വൃ

അത്ര നിദ്രാകലശസ്നപനപശ്ചിമം കൃത്വാ – ബിംബത്തിങ്കൽ അഷ്ടഗന്ധം കൂടാതെ നിദ്രാകലശം ആടികഴിവോളം ചെയ്തു്, സന്നതാത്മാ ഭഗവൻ! ഇതി സാധു സംപ്രാർത്ഥ്യ–ജീവകലശസ്ഥിതനായ ദേവനോട്ട് നമസ്കരിച്ചു "ഭഗവന്നല്പഗേഹേ/സ്മിൻ" ഇത്യാദി രണ്ടുകൊണ്ടും വഴിപോലെ പ്രാർത്ഥിച്ച്, ജീവാദിവാഹനവിധൌ തേന കലശേന സിഞ്ചേത് – ജീവാവാഹനസ്ഥാനത്തു് ജീവകലശമെടുത്തു് ജീവാവാഹനമന്ത്രം ജപിച്ച് അഭിഷേകത്തെ ചെയ്യൂ. തദർത്ഥമനുവിന്യസനം ച കുര്യാത് – പിന്നെ പ്രണവവ്യാപകാദിചെയ്തു് പ്രണവന്യാസവും പുഷ്ട്യക്ഷരന്യാസവും ലിപിതത്വാദിയും ന്യസിച്ചു പൂജിപ്പൂ.

"ഭഗവന്നല്പഗേഹേ/സ്മിൻ വാസഃ ക്ലേശോ/പി തേ ഹരേ!
വസ്തവ്യോ ഭഗവംസ്താവദ്യാവദ് ഗേഹം സമാപ്യതേ. ഒൻ
കാരകസ്യ പരാഖ്യദിമന്ത്രജാതന്ത്രഹോമയോഃ
ഭക്താനാമനുകമ്പാർത്ഥമിഹ ത്വം സ്ഥാതുമർഹസി." വൃ ൦

ഇവ രണ്ടുമിവിടെ പറഞ്ഞ പ്രാർത്ഥനകൾ.

ഹരൌ ഗേഹവിധാവേവം മന്ത്രാന്യേഷ്വപി യോജയേത്,
തത്തദ്ദൈവതബിംബാദിസമീപ്സിതപദാന്വയം. വൃ ൪

ഹരൌ ഗേഹവിധൌ ഏവം മന്ത്രഃ – വിഷ്ണുവിങ്കൽ ഗൃഹനിർമ്മാണത്തിങ്കൽ ഈവണ്ണം പ്രാർത്ഥനകൾ; അന്യേഷ്വപി ഇഹ – മറ്റുള്ള ദേവന്മാരിൽ ഇവിടെ, തത്തദ്ദൈവതബിംബാദിസമീപ്സിതപദാന്വയം – അതതു ദേവന്മാരുടെ നാമവും പണിയുടെ പ്രകാരാന്തരവും കൂടി, മന്ത്രഃ ഉന്നയേത് – പ്രാർത്ഥനാമന്ത്രത്തെ ഊഹിച്ചു കൊള്ളണം.

സ്ഥലാദിവാഹനപുരസ്സരമത്ര സർവം
നിർവർത്ത്യ ദേവമഭിപൂജ്യ ചരും നിവേദ്യ
ദത്വാ ബലിം പരിഷദാം പരിതോഷ്യ ദേവം
ദ്വാരം പിധായ ഗമയേൽ ത്രിദിനം പുരോവത്. വൃ ൫.

അത്ര സ്ഥണ്ഡിലാദിവാഹനപുരസ്സരം സർവ്വം നിവ്വർത്ത്യ-പിന്നെ സ്ഥണ്ഡിലാവാഹനം തുടങ്ങി പായസനിവേദ്യാന്തം ചെയ്തു്, ദേവം അഭിപൂജ്യ ചരും നിവേദ്യ - നിത്യപൂജയും ചെയ്തു് ബഹുനിവേദ്യത്തെ നിവേദിച്ചു്, പരിഷദാം ബലിം ദത്വാ- പരിവാരങ്ങൾക്ക് ബലിയും തൂകി, ദേവം പരിതോഷ്യ - നട തുറന്ന് പ്രസന്നപൂജയും ചെയ്തു്, പുരോവത് ദ്വാരം പിധായ ത്രിദിനം ഗമയേത് - മുമ്പിൽ പറഞ്ഞ പോലെ ശക്കയും ചെയ്തു് നടയടച്ചു് മൂന്നു ദിവസം നടയിൽ പൂജിച്ചു് പരിവാരപ്രതിഷ്ഠാദികളും ചെയ്തു് കൊള്ളൂ.

ചാതുർത്ഥികസ്നപനയാഗമഹോത്സവാദ്യം
മൂലോദിതം ച സകലം സമമാദധീത
ബാലാലയന്യസനകർമ്മ നപുംസകാശ്മ-
രത്നോപധാനരഹിതം വിഹിതം തദേതത്. വൃന്ദ.

ചാതുർത്ഥികസ്നപനയാഗമഹോത്സവാദ്യം മൂലോദിതം സകലം സമം ആദധീത ച - പിന്നെ ഈ ബിംബങ്ങൾക്കു ചതുർത്ഥസ്നാനവും ഉത്സവവും നിത്യപൂജയും മൂലാലയങ്ങളിലെപ്പോലെ തന്നെ ചെയ്യണം. തദേതത് ബാലാലയന്യസനകർമ്മ - ഈ ബാലാലയങ്ങളിലെ പ്രതിഷ്ഠയുടെ ക്രിയ, നപുംസകാശ്മരത്നോപധാനരഹിതം വിഹിതം - നപുംസകശിലയും രത്നന്യാസവും കൂടാതെ തന്നെ പറയപ്പെട്ടിരിക്കുന്നു.

തദ്ബിംബേ രചിതേ സമഗ്രഗുണസമ്പന്നേ സപീഠാദികേ
പ്രത്യാസീദതി ച പ്രതിശ്രുതമുഹൂർത്തേ ബീജവാപാദികം
കൃത്വാ വാ പരിഗൃഹ്യ കാരുകരതോ ബിംബം ജലേ വാസയേത്
തത്പ്രാസാദവിശോധനം ച തനയാത് പുണ്യാഹകർമ്മാന്തിമം.

[വൃത്.

സമഗ്രഗുണസമ്പന്നേ സപീഠാദികേ തദ് ബിംബേ രചിതേ - മുമ്പിലത്തെപ്പോലെ സകലലക്ഷണങ്ങളോടുംകൂടി പീഠവും ബിംബവും പ്രാസാദവും ഉണ്ടാക്കിയാൽ, പ്രതിശ്രുതമുഹൂർത്തേ പ്രത്യാസീദതി ച - മുമ്പ് ശ്രീകോവിൽ കൊള്ളുമ്പോൾ പ്രതിജ്ഞ ചെയ്തു ഇരിക്കുന്ന മുഹൂർത്തവും അടുത്തു വന്നാൽ, ബീജവാപാദികം കൃത്വാ - മൂലാലയങ്ങൾക്കു മുളയുമിട്ടു്, കാരുകരതഃ ബിംബം പരിഗൃഹ്യ ജലേ വാസയേത്-ശില്പിയുടെ കൈയിൽനിന്ന് നേത്രോല്ലേഖനാദി ചെയ്തു് ബിംബത്തെ പ്രതിഗ്രഹിച്ചു തച്ഛുദ്ധോനകളും ചെയ്തു ജലാധിവാസത്തെയും ചെയ്യൂ. പുണ്യാഹക

ഷ്മാന്തിമം സംപ്രാർത്ഥ്യ തത് പ്രാസാദവിശോധനം ച തനുയാത് –
വാസ്തുപുണ്യാഹം കഴിവോളമുള്ള പ്രാസാദശുദ്ധികളേയും ചെയ്വൂ.

ഉദ്ധൃത്യോദകതോഽഭിഷിച്യ കലശൈഃ സൈപ്രൈർബിംബമഗ്രാഹിതേ
സമ്യക് സംസ്കൃതമണ്ഡപേഽധിശയനം സംവേശ്യ തത്പാർശ്വതഃ
വിന്യസ്യേത് പരിശോധിതാല്പനിലയപ്രാക്സ്ഥാപിതാച്ഛപ്രസ്ഥിതം
ഏവം പ്രാർത്ഥ്യ ഫലേഽഭിവാഹ്യ വിധയാ സൂത്രച്ഛിദാസൂക്തയാ. വൃ ൧

ഉദകതഃ ഉദ്ധൃത്യ സൈപ്രഃ കലശൈഃ ബിംബം അഭിഷിച്യ – പിന്നെ ജലത്തുങ്കൽനിന്ന് ബിംബത്തെ എടുത്ത് പൂജിച്ചു ഇരിക്കുന്ന ബിംബശുദ്ധികലശങ്ങളെക്കൊണ്ട് അഭിഷേകവും ഉപഹാരദാനങ്ങളും ചെയ്തു, സമ്യക് സംസ്കൃതമണ്ഡപേ അധിശയനം സംവേശ്യ– അധിവാസത്തുങ്കൽ മണ്ഡപസംസ്കാരത്തെയും ശയ്യാപൂജാദികളെയും ചെയ്തു, ബിംബത്തെ ശയ്യയിങ്കൽ എഴുന്നള്ളിച്ചാൽ പരിശോധിതാല്പനിലയപ്രാക്സ്ഥാപിതാച്ഛസ്ഥിതം ഏവം പ്രാർത്ഥ്യ സൂത്രച്ഛിദാസൂക്തയാ വിധയാ ഫലേ അഭിവാഹ്യ തത് പാർശ്വതഃ വിന്യസ്യേത് – പിന്നെ ബാലാലയത്തുങ്കൽ പ്രാസാദശുദ്ധികളും പ്രായശ്ചിത്താദിഹോമങ്ങളും ചെയ്തു അനുജ്ഞാകലശം ആടി പ്രാർത്ഥിച്ച് സൂത്രച്ഛേദത്തുങ്കൽ പറഞ്ഞപ്രകാരം ഫലദാനമായ തത്ത്വങ്ങളുടെ സംഹാരതത്ത്വഹോമത്തെച്ചെയ്തു തത്ത്വകലശമാടി വ്യാസസ്ഥകോശാദി ചെയ്തു ജീവകലശത്തെ പൂജിച്ച് "യാത്രാം കുരുഷ്വ" ഇത്യാദി പ്രാർത്ഥിച്ച് ജീവോദ്വാസനാന്തം ക്രിയയും ചെയ്തു ജീവകലശത്തെ മൂലാലയമണ്ഡപത്തുങ്കൽ ശയ്യയിങ്കൽ ബിംബത്തിന്റെ കൂടെ എഴുന്നള്ളിച്ചു വയ്പൂ.

"യാത്രാം കുരുഷ്വ ദേവേശ! ഭക്താനാമനുകമ്പയാ
ജീർണ്ണമുദ്ധൃത്യ തദ്ഭക്തൈഃ കല്പിതം ബിംബമുജ്ജ്വലം. വൃന്ദ
ഭജന ശോഭം വിശാഖേശ! ഉത്തിഷ്ഠ ശിഖിവാഹന!"
ഇതും സുബ്രഹ്മണ്യങ്കലെ പ്രാർത്ഥനാമന്ത്രം.
ഏവം ഗുഹാർച്ചാവിഷയേ മന്ത്രോഽന്യത്രോന്നയേദ് ബുധഃ. വൃ ൨

ഏവം ഗുഹാർച്ചാവിഷയേ മന്ത്രഃ – ഈവണ്ണം സുബ്രഹ്മണ്യങ്കലെ പ്രാർത്ഥനാമന്ത്രം. ബുധഃ അന്യത്ര ഉന്നയേത് – വിദ്വാനായിരിക്കുന്ന ആചാര്യൻ മറ്റുള്ള ദേവന്മാരിൽ "ഉത്തിഷ്ഠ ഗരുഡധ്വജ" ഇത്യാദി ഊഹിച്ചു ചൊല്ലൂ.

ഉത്പാദ്യോക്തവദല്പബിംബമുപനീയാതോ ബഹിഃ സന്ദഹേദ്
ഗോസർപ്പിഃ സ്നപിതം തദർഹദഹനേ തദ്ദാരവം ചേദഥ
ലൗഹം ചേദ് ഗുരവേ സമർപ്പയതു തദ്വിദ്രാവ്യ യജ്വാഥവാ
ഛിത്വാ നാളമിദം വിശോധ്യ സുഷിരം തത് കൗതുകം
[കല്പയേത്. വൃ

ഉക്തവത് അല്പബിംബം ഉത്പാദ്യ - പറഞ്ഞപോലെ ഉദ്വാസശാന്തിഹോമം ചെയ്തു ബിംബത്തെ എടുപ്പിച്ച്, അതഃ - ബഹിഃ ഉപനീയ - പീഠത്തെ കൊണ്ടുപോയി വാസനയെ ഉദ്വസിച്ചാൽ, തദ്ദാരവം ചേത് - ആ ബാലബിംബം വൃക്ഷമയമായിരിക്കുന്നു എങ്കിൽ, ഗോസർപ്പിഃസ്നപിതം തദർഹദഹനേ സന്ദഹേത - നെയ്യ് പിരട്ടി വിഷ്വക്സേനാദി തത്തന്നിർമ്മാല്യധാരിയെ പൂജിച്ച് അഗ്നിയിങ്കൽ ദഹിപ്പിപ്പൂ. ലൗഹം ചേത് വിദ്രാവ്യ യജ്വാ ഗുരവേ സമർപ്പയതു - ചെമ്പ് ഓട് ഇത്യാദി ലോഹമയമാകുന്നു എങ്കിൽ അതിനെ ഉരുക്കിച്ച് യജമാനൻ ആചാര്യനായിട്ട് കൊടുപ്പൂ. അഥവാ ഇദം നാളം ഛിത്വാ വിശോധ്യ സുഷിരം തത് കൗതുകം കല്പയേത് - എന്നിയേ ഈ ബിംബത്തിന്റെ നാളത്തെ മുറിച്ചു പീഠവുമുണ്ടാക്കി ശുദ്ധികളും ചെയ്തു ഉത്സവബിംബാദികളിൽ നന്നായിട്ട് കല്പിച്ചുകൊള്ളൂ.

ആധായ പ്രതിമാധിവാസമപരേദ്യുസ്തത്തദർഹാർഹണാ-
ഹോമബ്രാഹ്മണതർപ്പണാദ്യപരിഷത്പീഠാധിവാസാദികം
അന്യേദ്യുഃ കൃതരത്നകർമ്മണി സമാനീയ പ്രതിഷ്ഠാപ്യ തത്-
പീഠേ ബിംബമഥ സ്വകീയകലശാസേകാദ്യകം ചാചരേത്.
[വൃ

അപരേദ്യുഃ പ്രതിമാധിവാസം ആധായ - പ്രതിഷ്ഠയുടെ തലേ ദിവസം രാത്രിയിൽ ബിംബത്തിങ്കലും ജീവകലശത്തിങ്കലും ധ്യാനാധിവാസത്തെച്ചെയ്തു തത്തദർഹാർഹണാഹോമബ്രാഹ്മണതർപ്പണാദ്യപരിഷത്പീഠാധിവാസാദികം - തദ്യോഗ്യങ്ങളായ പൂജകളും മണ്ഡലപൂജയും ശിരസ്തത്ത്വഹോമാദിശാന്തിഹോമാന്തവും ചെയ്തു സമ്പാതസ്പർശനാനന്തരം ഗോദാനാദിയും പായസനിവേദ്യവും കാൽ കഴകിച്ച് ഊട്ടുകയും ചെയ്താൽ പിന്നെ പ്രാസാദപീഠനപുംസകശിലകളുടെ ശോധനയും അധിവാസങ്ങളും ചെയ്വൂ. അന്യേദ്യുഃ കൃതരത്നകർമ്മണി ബിംബം സമാനീയ

തത്പീഠേ പ്രതിഷ്ഠാപ്യ - പിറേറദിവസം പ്രാസാദശോധനയും നപുംസകശിലാസ്ഥാപനവും രത്നന്യാസവും ചെയ്ത് പീഠത്തെയും പ്രതിഷ്ഠിച്ച് മണ്ഡപത്തിൽ വന്ന് ജീവകലശബിംബങ്ങളിൽ പൂജിച്ച് വിദ്യേശ്വരകലശപ്രോക്ഷണവും ചെയ്ത് ധ്വജതോരണാദികളെയും ഉദ്വാസിച്ച് എല്ലാംകൂടി എഴുന്നള്ളിച്ച് ബിംബത്തുങ്കൽ പരാവാഹനാദി ചെയ്തു പീഠത്തുങ്കൽ ബിംബത്തെ പ്രതിഷ്ഠിച്ച പ്രാർത്ഥനകളും ചെയ്ത് അഷ്ടബന്ധസ്ഥാപനവും ചെയ്താൽ, അഥ സ്വകീയകലശാഭിഷേകാദ്യകം ച ആചരേത് - കുംഭേശനിദ്രാകലശങ്ങളോടു കൂടി ജീവകലശാഭിഷേകവും പ്രാണന്യാസാദിയും സ്ഥൂലാവാഹനാദികളും ചെയ്ത് നിത്യപൂജയും പ്രതിഷ്ഠാബലിയും പ്രസന്നപൂജയും ചെയ്തു നട അടച്ച് പരിവാരപ്രതിഷ്ഠയും ചതുസ്സ്നാനവും ഉത്സവവും ഇവ ഒക്കെയും മുമ്പിലെപ്പോലെ ചെയ്വൂ. ഇങ്ങനെ ഒരു പ്രകാരം നിഷ്ക്രാമണക്രിയ.

അനന്തരം ഇളംകോവിൽ കൂടാതെ ഒരു ദിവസം കൊണ്ടുതന്നെ ബിംബം മാറുന്നേടത്ത് ബിംബത്തിന്റെ വിശേഷത്തെപ്പറയുന്നു:—

യത്രാഹ്നൈവൈകേന ഹി സമുദിതം കർമ്മ നിർമ്മേയമത്ര
പ്രോദ്വാസ്യൈവം കലശമധിവാസ്യാർച്ചയാ സാകമഗ്ര്യ
മൂലാർച്ചാദിച്യുതനിജവിദ്ധ്യാദിമന്ത്രൃലഗേഹേ
സംസ്ഥാപ്യൈനാം സ്വപിതികലശാഭിഷേചനാദ്യം ച കുര്യാത്.
[൯൦

യത്ര ഏകേന അഹ്നാ സമുദിതം കർമ്മ നിർമ്മേയം - യാതൊരിടത്ത് ഒരു ദിവസംകൊണ്ട് തന്നെ ബിംബത്തെ മാറി പ്രതിഷ്ഠിക്കുന്നത് ശക്യമായി ഭവിക്കും; അത്ര ഏവം പ്രോദ്വാസ്യ അഗ്രകലശം അർച്ചയാ സാകം അധിവാസ്യ - അവിടെ ഇപ്രകാരം അനുജ്ഞാകലശവും ജീവോദ്വാസനയും ചെയ്ത് ജീവകലശത്തെ മേവാഗ്രമണ്ഡപത്തിൽ അയ്യുങ്കൽ എഴുന്നള്ളിപ്പൂ. അവിടെ പുതനായിട്ട് ഉണ്ടാക്കിയ മൂലബിംബത്തെയും നേത്രോന്മീലനാദി പരിഗ്രഹിച്ച ശോധനയും ജലാധിവാസാദിയും ചെയ്തു മണ്ഡപത്തിൽ ജീവകലശത്തോടു കൂടി എഴുന്നള്ളിച്ച് ധ്യാനാധിവാസവും ഹോമാദികളും ഇത്യാദി ഒക്കെയും ചെയ്ത്, മൂലാർച്ചാദിച്യുതനിജവിദ്ധ്യാദിമന്ത്രൃലഗേഹേ ഏനാം സംസ്ഥാപ്യ - പിന്നെ ഉർവാശാന്തിയും ബിംബോദ്ധാരവും ചെയ്ത് പീഠവുമെടുത്ത് മാററി സ്ഥാനശോധനകളും രക്ഷോഘ്നാദിവാസ്തുപുണ്യാഹാന്തവും

ചെയ്തു് പ്രാസാദപീഠങ്ങളെ അധിവസിച്ച് പിറേറ ദിവസം പ്രാസാദപ്രതിഷ്ഠയും ചെയ്തു് നപുംസകശിലയും പ്രതിഷ്ഠിച്ച് രത്നന്യാസവും പീഠപ്രതിഷ്ഠയും ചെയ്തു് മണ്ഡപത്തിൽ വന്ന് പൂജിച്ച് ധ്വജതോരണാദികളെ ഉപാസിച്ച് ബിംബത്തെയും ജീവകലശാദികളെയും അകത്ത് എഴുന്നള്ളിച്ച് പരാവാഹനാദി ഒക്കയും ചെയ്തു് ബിംബത്തെ പ്രതിഷ്ഠിച്ച് അഷ്ടഗന്ധവും ഇട്ട്, സപ്രഛിതികലശാഭിഷേചനാദ്യം ച കുർയ്യാത് — നിദ്രാകലശാഭിഷേകാനന്തരം ജീവകലശത്തെ ആടി പ്രാണന്യാസാദി ഒക്കെയും അടച്ച് പരിവാരപ്രതിഷ്ഠയും ചതുഃസ്നാനവും ഉത്സവവും ചെയ്യൂ. ഇങ്ങനെ ഒരു ദിവസംകൊണ്ടുള്ള നവീകരണക്രിയ.

അനന്തരം ബിംബം മാറാതെ ഹസ്തപാദാദി ബന്ധനങ്ങളും ചെയ്തും പ്രാസാദം പണിചെയ്യുന്നതിനുള്ള വിധിക്രമങ്ങളെ പറയുന്നു:—

ബിംബേജീർണ്ണവിധൌ വിധായ സകലം സൂത്രച്ഛിദൈകോദിതം
മുക്ത്വാ പ്രാർത്ഥ്യ നമസ്ത ഇത്യധിപതിം സംയോജ്യ നിർവ്വാപ്യ തം
മൂലാർച്ചാം പരിരക്ഷ്യ തക്ഷഭിരഭീഷ്ടം കർമ്മ നിർമ്മാപ്യ തത്
കർമ്മാന്തേ പരിഗൃഹ്യ കാരകരതഃ പ്രാസാദമുക്തക്രമാത്. ൯൧

ബിംബേജീർണ്ണവിധൌ — ബിംബം മാറുന്നതിനു മാത്രം ജീർണ്ണമില്ലാതെ ഇരിക്കുമ്പോളും ഹസ്തപാദാദി ബന്ധനങ്ങളും, സൂത്രച്ഛിദൈകോദിതം മുക്ത്വാ സകലം വിധായ — സൂത്രച്ഛേദങ്ങളെ ഒഴിച്ച് പറഞ്ഞ, വാസ്തുസംപാതം ഉണ്ടാക്കുകയും തത്വങ്ങളെ ഹൂം ഫട എന്ന് കൂട്ടുകയും കൂടാതെ ശേഷം അനുജ്ഞാകലശം തുടങ്ങി ജീവകലശം പൂജാന്തം ഒക്കെയും ചെയ്തു്, നമസ്ത ഇതി പ്രാർത്ഥ്യ അധിപതിം യോജ്യ തം നിർവ്വാപ്യ — മുമ്പിൽ പറഞ്ഞ പോലെ "നമസ്തേ സർവ്വലോകേശ" ഇത്യാദി പ്രാർത്ഥിച്ച് സമ്പാതസ്പർശനം തുടങ്ങി ജീവോദ്വാസനാന്തം ചെയ്തു് ജീവകലശത്തിൽ യോജിപ്പിച്ച് സംസ്കൃതമണ്ഡപത്തിൽ ശയ്യയിങ്കൽ ജീവകലശത്തെ എഴുന്നള്ളിപ്പൂ. പിന്നെ മൂലബിംബത്തെ വസ്ത്രംകൊണ്ടു മൂടിക്കെട്ടി, തക്ഷഭിഃ അഭീഷ്ടം കർമ്മ നിർമ്മാപ്യ — പണിക്കാരെക്കൊണ്ട് പീഠം മാറുക ഹസ്തപാദാദിബന്ധനം പ്രാസാദത്തിന്റെ പണി ഇത്യാദി വേണ്ടുന്നതിനെ ഒരു ദിവസംകൊണ്ട് തീർപ്പിക്കാമെങ്കിൽ കാലതാമസത്തിന്ന തക്കവണ്ണം ബാലാലയത്തിങ്കൽ ബാലബിംബത്തോടുകൂടി അധിവസിച്ച് ബാലാലയപ്രതി

ഷ്ഠാനന്തരം ജീവകലശത്തെ അവിടെ ആടും. പണിതുടങ്ങിയാൽ മൂലബിംബത്തിങ്കൽ വിളക്കും നിവേദ്യവും കാട്ടണം. തത്കർമ്മാന്തേ കാരുകരതഃ ഉക്തക്രമാത് പ്രാസാദം പരിഗൃഹ്യ - പണികൾ കഴിഞ്ഞാൽ പറഞ്ഞപോലെ ശില്പിഹസ്തത്തിങ്കൽ നിന്ന് പ്രാസാദബിംബങ്ങളെ പരിഗ്രഹിപ്പൂ.

പുണ്യാഹാവധിഭിർവിശോധ്യ പരികല്പ്യാച്ഛിന്മയം തത്സ്ഥിതം
ബിംബം വാരുണവാരിണാ സലിലവാസേ സ്ഥാപയിത്വാ സുധീഃ
സ്വസ്യാക്തക്രമബദ്ധകൌതുകമിദം സംഭാവ്യ പീഠേച്ഛിതേ
കൃത്വാ ബിംബാലയാഭിഷേകയജനാദ്യം കർമ്മ തത്രൈവ തത്.
[൬൫

പുണ്യാഹാവധിഭിഃ വിശോധ്യ - വാസ്തുപുണ്യാഹാന്തമുള്ള പ്രാസാദശുദ്ധികളും ബിംബത്തിങ്കലേ ശോധനകളും ചെയ്താൽ, തത്സ്ഥിതം ബിംബം അച്ഛിന്മയം പരികല്പ്യ-പ്രാസാദസ്ഥമായിരിക്കുന്ന ബിംബത്തെ ഭൂതസംഹാരശോഷണദഹനങ്ങളെ ചെയ്ത് തേജോമയമായി ധ്യാനിച്ച്, സുധീഃ സലിലവാസേ വാരുണം സ്ഥാപയിത്വാ - സുധിയായിരിക്കുന്ന ഗുരു ജലാധിവാസത്തിങ്കൽ ജലദ്രോണിയിൽ വരുണപൂജാദികളെച്ചെയ്ത് വെള്ളംകൊണ്ട് വരുണ അഭിഷേകത്തെച്ചെയ്‌വൂ. പീഠത്തിന്റെ ജലാധിവാസവും അപ്പോൾ തന്നെ കൂടെച്ചെയ്‌വൂ. സ്വസ്യാക്തക്രമബദ്ധകൌതുകം ഇദം ബിംബം അച്ഛിന്നേ പീഠേ സംഭാവ്യ - പിന്നെ തങ്ങൾക്ക പറഞ്ഞിരിക്കുന്ന പോലെ കൌതുകബന്ധത്തെയും ജലാധിവാസശേഷമായ സ്നാപനാദിഭൂതശുദ്ധിയേയും ചെയ്ത് പീഠം പൂജിച്ച് “ഭദ്രം കുർവ്വന്തു”ഇത്യാദി ജപിച്ച് പീഠസ്ഥാനത്തേയും കല്പിച്ച്, ബിംബാലയാഭിഷേകയജനാദ്യം കർമ്മ കൃത്വാ - പിന്നെ ബിംബശുദ്ധികലശാഭിഷേകവും ഉപഹാരദാനങ്ങളും അവിടെ തന്നെ വച്ചു ചെയ്‌വൂ.

ബിംബേ ഗ്രാഹിതമണ്ഡപേഽധിശയനം ന്യസ്യാഥ ബാലാലയം
നീത്വാ ജീവമതേഽധിവാസ്യ വിധിവന്മൂലാലയാദേവ വാ
ഹൃത്വാ മണ്ഡപ ഏവ ജീവകലശേ ബിംബേ ച സംസ്പൃശ്യ ത-
ത്സമ്പാതം പൃഥഗർച്ചനാദ്യമഖിലം നിവർത്യ പൂർവ്വോക്തവത്.
[൬൬

ബിംബേ - ഗർഭഗൃഹത്തിങ്കലേ ആ ബിംബത്തിങ്കലും, ബാലാലയാത് നീത്വാ - ഇളങ്കോവിൽക്കൊണ്ടിരിക്കുന്ന ബിംബത്തിങ്കൽ നിന്ന് ജീവോദ്വാസനചെയ്ത്, അഗ്രാഹിതമണ്ഡപേ അധി

ശയനം ന്യസ്യ ജീവഘടേ ച – ജീവകലശത്തെ, സംസ്കൃതമണ്ഡപത്തിൽ ശയ്യയിങ്കൽ എഴുന്നള്ളിച്ച് അവിടെയും, വിധിവത് അധിവാസ്യ – വിധിക്ക് തക്കവണ്ണം ധ്യാനാധിവാസത്തെ ചെയ്വൂ. മൂലാലയാത് ഏവ വാ – എന്നിയേ എളംകോവിൽ കൊള്ളാതെയുള്ളിടത്ത് താനേതന്നെ മൂലബിംബത്തിങ്കൽ നിന്ന് ജീവോദ്വാസനയെച്ചെയ്ത് ശയ്യയിങ്കൽ എഴുന്നള്ളിച്ച് ജീവകലശത്തിങ്കലും ബിംബത്തിങ്കലും ധ്യാനാധിവാസത്തെച്ചെയ്ക, മണ്ഡപേ ഏവ ഹുത്വാ – അധിവാസഹോമാദികർമ്മങ്ങളെയും മണ്ഡപത്തിൽ തന്നെ ചെയ്ത്, ജീവകലശേ ബിംബേ ച തത്സമ്പാതം സംസ്പൃശ്യ – ജീവകലശത്തിങ്കലും അകത്തെ ബിംബത്തിങ്കലും സമ്പാതസ്പർശനത്തെച്ചെയ്ത്, പൂർവോക്തവത് അച്ചുനാള്യം അഖിലം പൃഥക് നിർവർത്യ – അധിവാസപൂജാദികളെല്ലാം രണ്ടിടത്തും വെവ്വേറെ ചെയ്ത് തദ്രാത്രിശേഷത്തെ ഇതിഹാസപുരാണാദികളെക്കൊണ്ട് ഘോഷിച്ച് ഉറങ്ങാതെയുമിരിപ്പൂ.

രത്നന്യാസവിധിം വിധായ മനസാ സംപൂജ്യ ഗർഭാലയം
നീത്വാ ജീവഘടാദ്യമത്ര സുവിദധ്യാത്തത് പ്രതിഷ്ഠാപനം
ജീവന്യാസവിധൌ സ്വജീവകലശേനാസിച്യ പൂർവോക്തവത്
കുര്യാത് കർമ്മകലാപമിത്യഭിഹിതാ നിഷ്ക്രാമണപ്രക്രിയാ. ൧൮

രത്നന്യാസവിധിം മനസാ വിധായ സംപൂജ്യ – പിറ്റേ ദിവസം ഗർഭഗൃഹത്തിങ്കലിരുന്ന നാന്ദീമുഖപുണ്യാഹാദികളെച്ചെയ്ത് പീഠം പൂജിച്ച് നപുംസകശിലയെ പൂജിച്ച് രത്നന്യാസത്തെ മാനസികമായിച്ചെയ്ത് പ്രണവംകൊണ്ട് പൂജിച്ച് പീഠപ്രതിഷ്ഠയുടെ ആവാഹനാദി ചെയ്ത്, ജീവഘടാദ്യം ഗർഭാലയം നീത്വാ – ബിംബത്തിങ്കലും ജീവകലശത്തിങ്കലും പൂജിച്ച് വിദ്യേശാദികലശങ്ങളെ പ്രോക്ഷിച്ച് പൂജാവസാനത്തിങ്കൽ തോരണാദികളെ ജീവകലശത്തിങ്കലുപാസിച്ച് എല്ലാമകത്ത് എഴുന്നള്ളിച്ച്, അത്ര ഏതത പ്രതിഷ്ഠാപനം സുവിദധ്യാ – ബിംബത്തിങ്കൽ പരാവാഹനാദി ചെയ്ത് പ്രതിഷ്ഠാമന്ത്രത്തെ തൊട്ടുജപിച്ച് പ്രതിഷ്ഠയെ സങ്കല്പിച്ച് അഷ്ടബന്ധവും ഇട്ട് നിദ്രാകലശാഭിഷേകാന്തം ചെയ്ത്, ജീവന്യാസവിധൌ സ്വജീവകലശേന ആസിച്യ – ജീവാവാഹനകാലത്ത് ജീവകലശത്തെ ആടി പ്രാണന്യാസാദി ചെയ്ത്, പൂർവോക്തവത് കർമ്മകലാപം കുര്യാത – മുമ്പിൽ പറഞ്ഞ പോലെ സ്ഥലാവാഹനാദികളെയും ചെയ്ത് വിളക്കും വച്ച് നടയുമടച്ച്

ഒന്നു ദിവസം നടയിൽ സ്വസ്തികമിട്ടു നിത്യപൂജയും ചെയ്തു് രണ്ടാം ദിവസം ഇന്ദ്രാദിപ്രതിഷ്ഠയും മൂന്നാം ദിവസം പ്രായശ്ചിത്താദിഹോമങ്ങളും കലശപൂജയും നാലാംദിവസം ചതുർസ്ഥാനവും ചെയ്തു ഉത്സവവും ചെയ്യു. ഇതി നിഷ്ക്രാമണപ്രക്രിയാ അഭിഹിതാ – ഇങ്ങനെ നിഷ്ക്രാമണനവീകരണത്തിന്റെ ക്രിയ പറയപ്പെട്ടു.

'നമസ്തേ സർവലോകേശ' ഇത്യാദി പ്രാർത്ഥനകൾ മുമ്പിൽ എഴുതിയിരിക്കുന്നതുതന്നെ.

അനന്തരം സങ്കോചത്തെ പറയുന്നു:—

നിഷ്ക്രാമണൈകവിഹിതം വിധിമത്ര മുക്ത്വാ
ശേഷം വിശേഷവിദിഹ പ്രവിധായ കർമ്മ
സംപ്രാർത്ഥ്യ തത്വകലശേന തഥാഭിഷിച്യ
സങ്കോചമാചരതു വാ ഗൃഹമാത്രജീർണ്ണേ. ൯൪

ഗൃഹമാത്രജീർണ്ണേ – പ്രാസാദമണ്ഡപാദികൾക്കു് തന്നെ ജീർണ്ണതവരികയും ഒരു മാസംകൊണ്ടു് പണികഴിക്കാമെന്നു വരികയും ചെയ്യുമ്പോൾ, വിശേഷവിദ് ഇഹ – വിശേഷജ്ഞനായിരിക്കുന്ന ആചാര്യൻ, നിഷ്ക്രാമണൈകവിഹിതം വിധിം മുക്ത്വാ ഇഹ ശേഷം കർമ്മ പ്രവിധായ – നവീകരണത്തിങ്കൽ പറഞ്ഞ വിശേഷപ്രായശ്ചിത്തങ്ങളും യാത്രാസമ്പാതം രണ്ടും കൂടാതെയും അനന്തജ്ഞാനകലശം തുടങ്ങി സംഹാരതത്വഹോമം കഴിവോളമുള്ള ക്രിയകളെയും ഒക്കെയും ചെയ്തു്, സംപ്രാർത്ഥ്യ തഥാ തത്വകലശേന അഭിഷിച്യ സങ്കോചം ആചരതു വാ – 'ദേവേശ' ഇത്യാദികൊണ്ടു പ്രാർത്ഥിച്ചു് ഉദ്വ്യാപകാദി ചെയ്തു തത്വകലശംകൊണ്ടു് ആടി ഉദ്വ്യാപകാദിധ്യാനസംകോചത്തെ ചെയ്തു ബിംബഹൃദയത്തിങ്കൽ സംകോചിപ്പിക്കുകയുമാം.

"ദേവേശ! പ്രതിമാമൂർത്തേ! മന്ത്രമൂർത്തേ! പരാവര
അത്ര സംകുചിതോ ഭൂത്വാ വാസം കുരു തവാജ്ഞയാ." ൯൫

ഇതു് പ്രാർത്ഥനാമന്ത്രം.

ഭിഷഗ്ജാഗരിതേ വിസൃജ്യ ബഹിരംഗാദന്തരംഗാദപി
സ്വസ്ഥിന്നവ സുയോജിതേ സ്വപിളവോർദ്ധ്വേ ചിദേകാത്മനി
ഊർദ്ധ്വാധഃ ക്രമതോഽത്ര പദ്മയുഗളം ധ്യാത്വാ തദാവാരകം
സ്വച്ഛാശക്തിവിഭാവിതം പൃഥഗതഃ സംഭാവ്യ ചാത്മാ..
[മുദിതാം. ൯൬

വിഷ്വഗ്ജാഗരിതേ സ്വപ്നവിഭവോന്മേഷേ – പുറവും ജാഗ്രദവസ്ഥയോടുകൂടി ഇരിക്കുന്ന പരിവാരങ്ങളെ, ബഹിരംഗാത് അന്തരംഗാത് അപി വികൃഷ്യ സ്വസ്മിൻ ചിദേകാത്മനി ഏവ സ്വതോ ജിതേ – മതില്പുറമുള്ള ബാഹ്യഹാരാദികളിൽ നിന്നും പ്രാസാദാദി ഗർഭഗൃഹാദികളിൽനിന്നും ആകർഷിച്ച് ചൈതന്യമാത്രസ്വരൂപമായിരിക്കുന്ന ബിംബഹൃദയത്തിങ്കൽ യോജിപ്പിച്ചാൽ, അത്ര സ്വച്ഛശക്തിവിഭാവിതം ത്രിധാധാരകം ഊർദ്ധ്വാധഃക്രമതഃ പദ്മയുഗളം ധ്യാത്വാ – ബിംബഹൃദയത്തിങ്കൽ തന്റെ ബുദ്ധിശക്തിക്കൊത്തവണ്ണം ധ്യാനിച്ച് ഉണ്ടായിരിക്കുമാറും ആ ചൈതന്യത്തെ ചുവട്ടിലും മൂടിയിരിക്കുമാറും രണ്ടാമത്തു പൂക്കളെ ധ്യാനിപ്പൂ. അതഃ പൃഥക് ആത്മാത്ഭിദാം സംഭാവ്യ – പിന്നെ താൻ ദേവങ്കൽ നിന്നു വേറെ ആയിരിക്കുമാറും ധ്യാനിപ്പൂ.

തത്രാധാരസരോജമഗ്രഗളിതമധ്യാസ്യോർദ്ധ്വപദ്മോദരാത്
ശ്ച്യോതദ്ഭിഃ പരിതർപ്പ്യ ദേവമുപചാരൈരേഭിശ്ചിത്സ്വൈകാത്മ-
[കൈഃ.
തസ്മാദേവ തദീയമൂർദ്ധ്നി നിപതന്തീമാവികാസം സുധാ–
ധാരാം സാധു വിഭാവ്യ തന്മുകുളിതം കൃത്വാഥ ബഹിസ്ഥോഽംബുജം.
[ന്വ

തത്ര ആധാരസരോജമഗ്രഗളിതം അധ്യാസ്യ – പിന്നെ താൻ അവിടെ ദേവന്റെ മുമ്പിൽ താഴെ കല്പിച്ച താമരപ്പൂവിന്റെ ദലാഗ്രത്തിങ്കൽ ഇരുന്ന്, ഊർദ്ധ്വപദ്മോദരാത് ശ്ച്യോതദ്ഭിഃ ചിത് സ്വൈകാത്മകൈഃ ഉപചാരൈഃ ദേവം സന്തർപ്പ്യ – മുകളിലെ താമരപ്പൂവിൽനിന്ന് തന്നെ പതിച്ചിരിക്കുന്ന ചൈതന്യാമൃതമയമായിരിക്കുന്ന ഉപചാരങ്ങളെക്കൊണ്ടു ദേവനെ പൂജിച്ച്, തസ്മാത് ഏവ ആവികാസം നിപതന്തീം സുധാധാരാം തദീയമൂർദ്ധ്നി സാധു വിഭാവ്യ – ആ മുകളിലെ താമരപ്പൂവിൽ നിന്ന് വിടരുന്നതുവരെയും പതിച്ചിരിക്കുന്ന അമൃതധാരയെ ദേവന്റെ മൂർദ്ധാവിങ്കൽ സ്ഥിരമാകുംവണ്ണം ധ്യാനിച്ച്, ബഹിസ്ഥഃ – താൻ പുറത്തു മാറി ധ്യാനിച്ച്, അംബുജം മുകുളിതം കൃത്വാ – ആ താമരപ്പൂവിനെ മുകുളമായിരിക്കുമാറും കല്പിപ്പൂ.

ഊർദ്ധ്വാംഭോജേന തദംബുജം കബളിതം കൃത്വാഽവതാര്യാഥ തത്
സംവേഷ്ട്യ ത്രിഗുണാത്മകേന മപരേണാരക്ഷ്യ ചാസ്ത്രൗജസാ

സപ്തസ്വിൻ ശോണിതചിത്സിരാപ്രസരവിഭ്രാന്ത്യാ സ്ഥിതോƒച്ഛ്രാം
[വൃതാം
വസ്ത്രാദ്യൈഃ പരിരക്ഷ്യ തക്ഷഭിരിദം വേശ്മാഞ്ജസാ കാരയേത്.
[ൽൻ

ഊർദ്ധ്വാധോബ്ജയുതം അവതാര്യ തത് അംബുജം കബളിതം കൃത്വാ – പിന്നെ മുകളിലത്തെ താമരപ്പൂവിനെക്കൊണ്ട് താഴ്ത്തി താഴത്തെ താമരപ്പൂവിനെ മൂടിയെന്നു കല്പിച്ച്, അഥത്രിഗുണാത്മകേന മപരേണ തത സംവേഷ്ട്യ – സത്വരജസ്തമോമയങ്ങളായ നൂലു കൊണ്ട് പ്രണവംകൊണ്ടു ചുററികെട്ടി, അസ്ത്രതേജസാ അഭിരക്ഷ്യ – അസ്ത്രതേജസ്സുകൊണ്ട് രക്ഷിച്ച്, ശോണിതചിത്സിരാപ്രസര വിഭ്രാന്ത്യാ സപ്തസ്വിൻസ്ഥിതാഃ – തങ്കൽനിന്നും ഉണ്ടായ സുഷുമ്നാ നാഡീമാർഗ്ഗേണ തങ്കൽ ജീവനെ ആക്കിയാൽ, വസ്ത്രാദ്യൈഃ വൃതാം അച്ഛ്രാം പരിരക്ഷ്യ – പിന്നെ വസ്ത്രങ്ങളെക്കൊണ്ട് ബിംബത്തെ മൂടി പുൽക്കയറുകൊണ്ട് കെട്ടി പഞ്ജരവുമുണ്ടാക്കിവെച്ചാൽ, തക്ഷഭിഃ ഇദംവേശ്മ അഞ്ജസാ കാരയേത് – പിന്നെ ആശാരികളെക്കൊണ്ട് ഈ പ്രാസാദാദികളെ വേഗേന പണിയെ ചെയ്യിപ്പൂ. ഈ സംകോചക്രിയ കുറഞ്ഞൊരു കാലമായിട്ട് ചെയ്യുകാണന്നില്ല.

പ്രാസാദം പരിഗൃഹ്യ തദ്വിധിസമാപ്തൌ ശോധയിത്വാƒഥ തത്-
ബിംബം ചോദിതസപ്തശുദ്ധിഹവനസ്നാനാദിനാ ശോധയേത്
ധാരായാമിഹ തത്സരോരുഹവികാസാദ്യം വിധേയം ധിയാ
പ്രാക്സംകോചിതതത്വസൃഷ്ടിഹവനാദ്യൈഃ കർമ്മണാ ചാച-
[രേത്. ൧൦൦

തദ്വിധിസമാപ്തൌ – പ്രാസാദത്തിന്റെ പണികൾ കഴിഞ്ഞാൽ, പ്രാസാദം പരിഗൃഹ്യ ശോധയിത്വാ – പ്രാസാദത്തെ പരിഗ്രഹിച്ച് അടിച്ചുതളിച്ച് നന്നാക്കി പ്രാസാദശുദ്ധി തുടങ്ങി വാസ്തു പുണ്യാഹാന്തം ചെയ്താൽ, തദ്ബിംബം ചോദിതസപ്തശുദ്ധിഹവനസ്നാനാദിനാ ശോധയേത് – ആ ബിംബത്തെ പറഞ്ഞിരിക്കുന്ന ചതുശ്ശുദ്ധ്യാദികളെക്കൊണ്ടും പ്രായശ്ചിത്താദി ഹോമങ്ങളെക്കൊണ്ടും കലശാഭിഷേകംകൊണ്ടും ശുദ്ധികളെച്ചെയ്വൂ. ഇഹ ധാരായാം തത്സരോരുഹവികാസാദ്യം ധിയാ വിധേയം – ഇവിടെ ധാരചെയ്യുമ്പോൾ മുമ്പു സംകോചിച്ചിരുന്ന പത്മങ്ങളെ വിടർത്തുന്നതും മനസ്സുകൊണ്ട് കല്പിക്കണം. പ്രാക്സംകോചിതതത്വസൃഷ്ടിഹവനാദ്യൈഃ കർമ്മണാ ച ആചരേത് – തത്വങ്ങളെ ഹോമി

ച്ചതിൽ അധികസംഖ്യയായിട്ട് ഇവിടെ സ്വസ്ഥിതത്ത്വഹോമങ്ങൾ ചെയ്ത ക്രിയകൊണ്ടും സംകോചിച്ചിരിക്കുന്ന പദ്മങ്ങളുടെ വികാസത്തെ ചെയ്യൂ.

അനന്തരം അഷ്ടബന്ധം മാറി ഇടുന്നതിനെ പറയുന്നു:—

ജീർണ്ണേ സത്യഷ്ടബന്ധേ തദധിഗതചിതിം സ്വാഹസമ്പാതസിക്താം
ദേവേ വ്യാപ്യാദിനാ തന്മലമപി പരിശോധ്യാഭിഷിച്യാർച്ചിതേƒസ്മിൻ
ബീജേനാവാഹ്യ പീഠേ പ്രകൃതിമപി പുമാംസം ച മൂലേന ബിംബേ
സാംഗീകൃത്യോപഹാരാൻ സ്നപനസമവസാനാൻ സമർപ്പ്യോഭയോശ്ച. ൧൦൧

അഷ്ടബന്ധേ ജീർണ്ണേ സതി—അഷ്ടബന്ധം ജീർണ്ണമായിപ്പോയാൽ അതിന് മുഹൂർത്തം കല്പിച്ചു മുളയുമിട്ട് അനുജ്ഞാകലശവും ശ്രീഭൂതബലിയും ചെയ്ത് ദേവനോട് പ്രാർത്ഥിച്ച്, സ്വാഹാസമ്പാതസിക്താം തദധിഗതചിതിം ആദിനാ ദേവേ വ്യാപ്യ—മുഹൂർത്തത്തിന്നാറം കീറിത്തീയിട്ട് അഗ്ന്യാധാനാദി ഹോമവും തുടങ്ങി മൂലാഷ്ടാജ്യാഹുതി കഴിവോളം ചെയ്ത് നവശക്തികൊണ്ട് സംഹാരമായിട്ട് ഓരോ ഉരു ഹോമിച്ചു സമ്പാതമുണ്ടാക്കി വേറെ വച്ചാൽ നവശക്തിമന്ത്രങ്ങൾ വെവ്വേറെ എണ്ണെട്ടു ഉരു ഹോമിച്ച് മൂലംകൊണ്ട് ചതുർദ്രവ്യങ്ങളും ഹോമിച്ച് സ്വിഷ്ടകൃദാദിഹോമം ചെയ്തു സമ്പാതത്തെ വേറെ വയ്പൂ. പിന്നെ ഗർഭഗൃഹത്തിങ്കൽ ചെന്ന് ദേവനോട് പ്രാർത്ഥിച്ചു സംഹാരസമ്പാതം ജീർണ്ണാഷ്ടബന്ധസ്ഥാനത്ത് സമർപ്പിച്ചു പ്രണവംകൊണ്ട് ചൈതന്യത്തെ ദേവങ്കൽ യോജിപ്പിച്ച്, തന്മലം അപി പരിശോധ്യ — ജീർണ്ണാഷ്ടബന്ധത്തെയും നാളത്തിലെ ദോഷമായ വസ്തുക്കളെ(യും) കളഞ്ഞ്, അഭിഷിച്യ—വളരെ വെള്ളംകൊണ്ട് അഭിഷേകത്തെച്ചെയ്ത്, അർച്ചിതേ അസ്മിൻ പീഠേ ബീജേന പ്രകൃതിം – പീഠം പൂജിച്ചു പീഠത്തിങ്കൽ തത്തച്ഛക്തിബീജംകൊണ്ട് പ്രകൃതിയേയും, മൂലേന ബിംബേ പുമാംസം ആവാഹ്യ – മൂലംകൊണ്ട് ബിംബത്തിങ്കൽ പുരുഷനേയും ആവാഹിച്ച്, സാംഗീകൃത്യ. ഉഭയോഃ സ്നപനസമവസാനാൻ ഉപഹാരാൻ സമർപ്പ്യ ച – രണ്ടിടത്തും വ്യാപകാംഗങ്ങളെ ന്യസിച്ച് സ്നാനാവസാനമായ ഉപഹാരങ്ങളെ രണ്ടിടത്തും കൊടുപ്പൂ.

പുണ്യാഹപ്രോക്ഷണാന്തേ ചയമപി വസനാദ്യൈർവിഭൂഷ്യോപ-
[ഹാരൈ-
രിഷ്ട്വാ കൃത്വാഷ്ടബന്ധം വിധിവദുഭയസമ്മേളനം ഭാവയിത്വാ
മൂലേനാവാഹ്യ ദേവം പ്രയജതു സകളീകൃത്യ ഭക്ത്യോക്തരീത്യാ
കല്പ്യാത്തുര്യാഹ്നികോക്തസ്നപനമിഹ തദിജ്യാഹ തദ്ബിംബ
[ഏവ. ൧൦൨

പുണ്യാഹപ്രോക്ഷണാന്തേ - പിന്നെ അഷ്ടബന്ധം കൊണ്ടുവന്നു മുമ്പിൽ വച്ച് അഷ്ടബന്ധദേവതാഃ എന്നു കൂട്ടി ദേവകൾ പുണ്യാഹത്തെത്തളിച്ച്, വസനാദ്യൈഃ ചയം അപി വിഭൂഷ്യ - വസ്ത്രാലങ്കാരാദികൊണ്ട് ബിംബത്തെയും പീഠത്തെയുമലങ്കരിച്ച്, ഉപഹാരൈഃ ഇഷ്ട്വാ - ജലഗന്ധാദികളെക്കൊണ്ട് രണ്ടേടത്തും വെവ്വേറെ പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്ത്, വിധിവത് അഷ്ടബന്ധം കൃത്വാ - നവരത്നസുവർണ്ണങ്ങളെ നാളത്തിൽ ഇട്ട് മണലു കൊണ്ടു നാളം നിറച്ച് അഷ്ടബന്ധത്തിനെ ശോധനാദികളും നവശക്തികൊണ്ട് പൂജയും ചെയ്ത് സമ്പാതം അഷ്ടബന്ധത്തിലും സമർപ്പിച്ച് മന്ത്രം മുഹൂർത്തം ചെയ്ത് നീരാജനത്തെ ഉഴിഞ്ഞ് പ്രണവോപചാരപീഠമന്ത്രവും ശക്തിമൂലപ്രണവങ്ങളും ജപിച്ച് അഷ്ടബന്ധത്തെ നാളത്തിലിട്ട് പിറകിൽ യോജിപ്പിച്ചിട്ട്, ഉഭയസമ്മേളനം ഭാവയിത്വാ - പ്രകൃതിപുരുഷന്മാരുടെ സംയോഗത്തെയും ധ്യാനിച്ച് ധ്രുവസൂക്തവും ജപിച്ചാൽ, മൂലേന ദേവം ആവാഹ്യ സകളീകൃത്യ ഭക്ത്യാ യജതു - മൂലംകൊണ്ട് ദേവനെ ആവാഹിച്ച് ലിപിതത്ത്വാദി ആയുധഭൂഷണാന്തം ന്യസിച്ച് മൂർത്തിപൂജയും ചെയ്ത് പായസം നിവേദിച്ച് പൂജിപ്പൂ. ഉക്തരീത്യാ തുര്യാഹനികോക്തസ്നപനം അപി കല്പ്യാത് - പ്രതിഷ്ഠയിങ്കലെപ്പോലെ മൂന്നാം ദിവസം പ്രായശ്ചിത്താദി, ഹോമങ്ങളെച്ചെയ്വൂ. നാലാം ദിവസം ഹോമകലശങ്ങളെ ആടി ചതുർത്ഥസ്നാനവും ചെയ്ത്, ഇഹ തദിജ്യാ തദ്ബിംബേ ഏവ - ഇവിടെ മൂന്നു ദിവസത്തെ നിത്യപൂജകൾ അഭിഷേകം ചെയ്യാതെ ബിംബത്തിങ്കൽ തന്നെ ചെയ്വൂ. ഇവിടെ അനുജ്ഞാനകലശത്തിന്റെ ബ്രഹ്മകലശമാടുന്നതിനു മുമ്പിൽ സമ്പാതപൂർവ്വം ഇടങ്ങി അഷ്ടബന്ധമിട്ടു പൂജയുടെ സ്നാനകാലത്ത് ബ്രഹ്മകലശത്തെ ആടി പൂജിച്ച് നാലാം ദിവസം പ്രഭാതത്തിൽ ചതുർത്ഥസ്നാനവും ചെയ്യുന്നു ചിലർ. ഈ പക്ഷം തന്നെ അധികം നടപ്പായിട്ടു ചെയ്തുവരുന്നു.

അഷ്ടബന്ധം കൂട്ടുന്ന പ്രകാരത്തെ പറയുന്നു :—

ശംഖഃ ഷഡ്ഗുണിതഃ പയോധിഗുണിതഃ സർജ്ജോ ദ്വിവൃദ്ധാ ഗുളാ
കാർപ്പാസോപലവാലുകാഃ സജതുകാഃ പ്രത്യേകമേകാംശകാഃ
ലാക്ഷാർദ്ധാമലകീസമേതമഖിലം സഞ്ചൂർണ്യ സംയോജിതം
തൈലക്ലിഷ്ടസുപിഷ്ടമാത്തനവശക്ത്യാത്മാഷ്ടബന്ധം വിദുഃ.
[൧൦൩.

ഷഡ്ഗുണിതഃ ശംഖഃ - ആറുഭാഗം ശംഖുപൊടിയും, പയോധിഗുണിതഃ സർജ്ജഃ - നാലുഭാഗം ചെഞ്ചല്യവും, ദ്വിവൃദ്ധാ ഗുളാ - രണ്ടുഭാഗം കടുക്കാത്തൊലിയും, സജതുകാഃ കാർപ്പാസോപലവാലുകാഃ പ്രത്യേകം ഏകാംശകാഃ - കോലരക്കും തൽപഞ്ഞിയും കോഴിപ്പരലും പേരാററിലെ മണലും ഈ നാലു കൂട്ടവും വെവ്വേറെ ഓരോ ഭാഗവും, ലാക്ഷാർദ്ധാമലകീസമേതം - കോലരക്കിൽ പാതി നെല്ലിക്കായും കൂട്ടി, അഖിലം സഞ്ചൂർണ്യ - ഈ എട്ടു കൂട്ടവും വെവ്വേറെ പൊടിച്ചുണ്ടാക്കി പറഞ്ഞ ക്രമേണ, സംയോജിതം തൈലക്ലിഷ്ടസുപിഷ്ടം - എല്ലാം ഒന്നിച്ച് ഒരു ഭാഗത്തോളം എണ്ണയിൽ തിരുമ്മിച്ചേർത്ത് മുപ്പതു ദിവസം രണ്ടു നേരവും ഇടിച്ചാൽ, ആത്തനവശക്ത്യാത്മാഷ്ടബന്ധം വിദുഃ - തങ്ങളുടെ നവശക്തിസ്വരൂപമാകുന്ന അഷ്ടബന്ധം എന്നു വിദ്വാന്മാർ പറയുന്നു.

അനന്തരം ബലിപീഠാദികളുടെ ജീർണ്ണതയെ തന്നെ പറയുന്നു:—

ബലിപീഠമഹാധ്വജാലിജീർണ്ണേ
വിഹിതൈർദ്ദേവവിശുദ്ധ്യവദ്രവ്യൈസ്തത്
സുവിശോധ്യ സമർച്യ ദേവമസ്മൈ
ബലിമാധായ നിബോധയേദ്വിധേയം. ൧൦൪

ബലിപീഠമഹാധ്വജാലിജീർണ്ണേ - വലിയബലിക്കല്ലും വലിയ കൊടിമരവും നിർമ്മാല്യധാരി തുടങ്ങിയുള്ളവയുടെയും ക്ഷേത്രപാലത്തിന്റെയും ജീർണ്ണതയിങ്കലും മിക്കവാറും ഒന്നുപോലെ ചെയ്യുന്ന ക്രിയകളിൽ, വിഹിതൈഃ ദേവവിശുദ്ധ്യവദ്രവ്യൈഃ സുവിശോധ്യ - പറഞ്ഞിരിക്കുന്ന പോലെ ദേവങ്കൽ ശുദ്ധികളും കലശവും ചെയ്ത് തൽപൂർവ്വകംകൊണ്ട് അവദ്രവ്യാവപ്രോക്ഷണത്തെ ചെയ്തു, ദേവം സമർച്യ അസ്മൈ ബലിം ആധായ - ദേവനെ പൂജിച്ച് ശ്രീഭൂതബലിയെയും ചെയ്ത്, വിധേയം നിബോധയേത് - കർത്തവ്യമായ കർമ്മത്തെ ദേവനോട് പ്രാർത്ഥിപ്പൂ.

അഥ തത്പുരതഃ പ്രതിപദ്യത്ര്യാ
ശരതത്ത്വഹവനം വിധായ മന്ത്രീ
അഭിഷിച്യ ച തദ്ഘടേന തസ്മിൻ
സപവിത്ര്യപ്യയമഞ്ജസാ പ്രകല്പ്യ. ൧൦൮

അഥ തത്പുരതഃ പ്രതിപദ്യത്ര്യാ ശരതത്ത്വഹവനം വിധായ — പിന്നെ ബലിപീഠാദികളുടെ മുമ്പിൽ കിഴക്കിരുന്നിട്ട് തത്തദ്ദേവതാനാമം കൂട്ടി അഗ്ന്യാധാനാദി ചെയ്ത് പരിധിക്കു മുമ്പിൽ തെക്ക് കലശത്തെ പൂജിച്ച് പരിധ്യാദി ചെയ്താൽ പഞ്ചതത്ത്വംകൊണ്ട് സൃഷ്ടിക്രമേണ ഹോമിച്ച് തത്സമ്പാതം സ്പർശിച്ച് നാഡീസന്ധാനവും ചെയ്ത് ഉപസംഹരണമായി സംഹാരക്രമേണ എട്ടെട്ട് ഉരു ഹോമിച്ച് കുമുദാദിതത്പരിവാരമന്ത്രം കൊണ്ടും സംഹാരക്രമേണ ഹോമിച്ച് യാത്രാസമ്പാതവും ഉണ്ടാക്കി ഹോമവും മുടിച്ച്, മന്ത്രീ തദ്ഘടേന അഭിഷിച്യ അഞ്ജസാ സപവിത്ര്യപ്യയം പ്രകല്പ്യ — അവിടെ പീഠം പൂജിച്ച് ആവാഹിച്ച് ഉച്ച്യാംഗങ്ങളെച്ചൊല്ലി തത്ത്വകലശത്തെ ആടി ഉച്ച്യാപകം ചെയ്ത് പുഷ്പത്രയണവപുഷ്പാഞ്ജലികളെക്കൊണ്ട് തത്പരിവാരമന്ത്രങ്ങളെ പീഠാധഃപക്ഷത്തോടുകൂടിച്ചെയ്വൂ.

കലശേ പരിപൂരിതേ തദഗ്രേ
ചിതിമാവാഹ്യ സസൂത്രമത്ര സംസ്ഥാം
ഉപനീയ ച ഗർഭധാമ്നി സികതാ
ഗമയേത് തത്സിരയൈവ ദേവമേവ. ൧൦൯

തദഗ്രേ പരിപൂരിതേ കലശേ — അവിടെ മുമ്പിൽ ദ്രവ്യാക്ഷതസപ്തകം ന്യസിച്ചു ജീവകലശത്തെ പൂജിച്ച് തങ്കൽ, അത്ര സംസ്ഥാം ചിതിം സസൂത്രാം ആവാഹ്യ — സൂക്ഷ്മദേഹരൂപങ്ങളെയും തന്മന്ത്രപുടിതപഞ്ചതത്ത്വങ്ങളോടുകൂടി ജീവമന്ത്രം കൊണ്ട് ജീവോദ്വാസനത്തെയും ചെയ്ത് കലശത്തിങ്കൽ തന്മന്ത്രം കൊണ്ട് പൂജിച്ച് നിവേദിച്ച് പ്രസന്നപൂജയും ചെയ്ത്, ഗർഭധാമ്നി ഉപനീയ സികതാ — [illegible] കലശത്തെ എടുത്ത് പ്രദക്ഷിണഗതിയായി ഗർഭഗൃഹത്തിങ്കൽ കൊണ്ടുപോയി നടയടച്ച് ദേവന്റെ മുമ്പിൽ അഭിഷേകത്തെച്ചെയ്ത്, തദാ ഏവ ദേവമേവ ഗമയേത് — തസ്യ സുഷുമ്നാനാഡീമാർഗ്ഗേണ തച്ചൈതന്യത്തെ ദേവനിൽ യോജിപ്പിപ്പൂ. കൊടിമരത്തിന്നും

ഭാഗത്തിനും ഇങ്ങനെ തന്നെ ക്രിയകൾ. ലിംഗത്തിന്റെ ക്രിയകൾ ഒക്കെയും ബിംബവേരന്യാദയെന കണ്ണാടിയിൽ ചെയ്യണം. ജീർണ്ണോദ്ധാരം ചെയ്യാൽ കൊടിമരത്തെ നിർമ്മാല്യധാരിയെ പൂജിച്ച് ഹോമാഗ്നിയിൽ ഉദ്വസിപ്പിക്കണം.

ഗർഭന്യാസപ്രഭൃതിവിധിനാ കാരണാ കാരയിത്വാ
തോയാധിവാസപ്രഭൃതിവിധിഭിഃ ശുദ്ധിഭിഃ സപ്തഭിശ്ച
സംശോധ്യൈതദ്വിധിവദധിവാസ്യ പ്രതിഷ്ഠാദി സർവ്വം
കുർവീതാഥ പ്രഥമവിധിവത്തത്ത്വവാദ്യരക്ഷണാന്തം. ൧൭൭

ഗർഭന്യാസപ്രഭൃതിവിധിനാ - പിന്നെ ബലിപീഠമദ്ധ്യത്തിങ്കൽ മുമ്പു തൽപ്രതിഷ്ഠയിങ്കൽ പറഞ്ഞതുപോലെ ഗർഭന്യാസം ചെയ്ത്, കാരണാ കാരയിത്വാ - പണിക്കാരെക്കൊണ്ട് യഥോക്തലക്ഷണമായി പീഠത്തെ ഉണ്ടാക്കിച്ച്, തോയാധിവാസപ്രഭൃതിവിധിഭിഃ സപ്തഭിഃ ച സംശോധ്യ - ബലിപീഠത്തെ പരിഗ്രഹിച്ച് ശോധനകർമ്മം ഒക്കെയും ജലാധിവാസബിംബശുദ്ധികലശങ്ങളും ചെയ്ത്, ഏതത് വിധിവത് അധിവാസ്യ - തലേദിവസം അധിവാസിച്ച് ബലിയും തൂകി, പ്രതിഷ്ഠാദി തത്ത്വവാദ്യരക്ഷണാന്തം സർവ്വം പ്രഥമവിധിവത് കുർവീത - പിറ്റേദിവസം പ്രതിഷ്ഠിച്ച് മുമ്പിലത്തെപ്പോലെ ചതുസ്സ്ഥാനവും ശ്രീഭൂതബലിയും ചെയ്‌വൂ.

ജീർണ്ണോദ്ധൃതിം സ്ഥാപിതമന്ത്രബിംബ-
ഗൃഹാദിജീർണ്ണൗ സപദീതി കുര്യാത്
ഉദാസ്ഥോഽന്യഥാ ചേദ്വിപദേ തഥാ ചേത്
സ്വസ്ഥോഽത്ര ദേവോ യദി സമ്പദേ സ്യാത്. ൧൭൮

സ്ഥാപിതമന്ത്രബിംബഗൃഹാദിജീർണ്ണൗ - പ്രതിഷ്ഠിച്ചിരിക്കുന്ന മന്ത്രബിംബത്തിന്റെയും തൽപ്രാസാദാദികളുടെയും ജീർണ്ണതയിങ്കൽ, സപദി ഇതി ജീർണ്ണോദ്ധൃതിം കുര്യാത് - വേഗേന ഈ പറഞ്ഞപ്രകാരം ജീർണ്ണോദ്ധാരത്തെ ചെയ്യണം. അന്യഥാ ചേത് ദേവഃ ഉദാസ്ഥഃ വിപദേ സ്യാത് - ഇപ്രകാരം ജീർണ്ണോദ്ധാരത്തെ ചെയ്യാതെ ഇരുന്നാൽ ദേവൻ ഉദാസ്ഥനായിട്ട് തത്കർത്താക്കന്മാർക്ക് ആപത്തുകൾക്കായി ഭവിക്കും. തഥാ ചേത് സ്വസ്ഥഃ അത്ര സമ്പദേ സ്യാത് - ഇപ്രകാരം ചെയ്യാൽ ദേവൻ സ്വസ്ഥനായിട്ട് സമ്പത്തുകളെയും കൊടുക്കുന്നതിനായിട്ട് ഭവിക്കും.

ഇത്യേകബേരവിഷയേ സ്ഥാപനാദ്യം സമീരിതം
ബഹുബേരവിധാനേഽഥ ഭേദോഽത്ര പ്രവർത്ത്യതേ. ൧൭൯

ഏകബേരവിഷയം സ്ഥാപനാദ്യം ഇതി സമീരിതം - ഏകബേരവിധാനമായിട്ടുള്ള പ്രതിഷ്ഠയിങ്കലെ ക്രിയാക്രമങ്ങളും ഇപ്രകാരം പറയപ്പെട്ടു. അഥ ബഹുബേരവിധാനഭേദമാത്രം പ്രദർശ്യതേ- അനന്തരം ബഹുബേരമായിട്ടുള്ള പ്രതിഷ്ഠയിങ്കലെ വിശേഷങ്ങളെ കാട്ടുന്നു.

ശൂലം വാർദ്ധ്യധിവാസ്യ ബിംബകലശൈഃ സിക്ത്വാധിവാസ്യാഗ്രതഃ
പ്രാസാദേ പരിശോധിതേ മണിഗണന്യാസാദി കൃത്വാ ഗുരുഃ
സംസ്ഥാപ്യ സ്വപദേഽഭിഷിച്യ കലശൈരാദ്യാം പ്രദർശ്യ സംരക്ഷ്യ [തത്
തക്ഷ്ണാ ശൂലയുഗേ ബിംബമുപബിംബം ചോപ്പിതം കാരയേത്.
[ഫ ഫ ര

ബഹുബേരവിധാനത്തിങ്കൽ കട്ടശർക്കരയോഗമായ ശൂലം കൊണ്ട് ബിംബം ഉണ്ടാക്കുന്നേടത്ത് മുമ്പിൽ കരിങ്ങാലിയുടെ കാതൽകൊണ്ട് വംശദണ്ഡും വക്ഷോദണ്ഡും കടിദണ്ഡും ഊരുദണ്ഡുകളും ജംഘാദണ്ഡുകളും ഭുജദണ്ഡുകളും പാർശ്വദണ്ഡുകളും ഇങ്ങനെ ബിംബത്തിന്റെ അസ്ഥികൾ പോലെ ഉണ്ടാക്കി യോജിപ്പിച്ച് ചേർത്ത സന്ധുകളിൽ ചെമ്പുതകിടും കെട്ടി ഉറപ്പിച്ചാൽ അതിന് ശൂലമെന്ന് പറയും. വാർദ്ധി അധിവാസ്യ - അങ്ങനെയുള്ള ശൂലദണ്ഡുകളെയും പരിഗ്രഹിച്ച് ശോധനയും ചെയ്ത് ജലത്തിങ്കൽ അധിവസിപ്പിച്ച് ത്രിരാത്രം കഴിഞ്ഞാൽ എടുത്ത് ബിംബകലശൈഃ സിക്ത്വാ - ബിംബശുദ്ധികലശങ്ങളെക്കൊണ്ട് അഭിഷേകത്തെ ചെയ്ത് ഉചിതമായ ഉപഹാരങ്ങളും കൊടുത്ത് പുണ്യാഹവും ചെയ്ക. അഗ്രതഃ അധിവാസ്യ - പിന്നെ സംസ്കൃതമണ്ഡപത്തിൽ ശയ്യയിങ്കൽ വച്ച് ധ്യാനാധിവാസവും നിദ്രാകുംഭശയ്യാശയനകലശമണ്ഡലപൂജകളും അധിവാസഹോമങ്ങളും തത്പൂജയും ചെയ്ത്, പരിശോധിതേ പ്രാസാദേ മണിഗണന്യാസാദി കൃത്വാ - പിന്നെ പ്രാസാദശുദ്ധി തുടങ്ങി വാസ്തുപുണ്യാഹാന്തവും ചെയ്ത് പ്രാസാദപീഠങ്ങളെ അധിവസിപ്പിച്ച് പിറ്റെ ദിവസം നപുംസകശിലയെ പ്രതിഷ്ഠിച്ച് അതിങ്കൽ പറഞ്ഞപോലെ രത്നാദിദ്രവ്യങ്ങളെ കയ്യാ ന്യസിച്ച് സമ്പാതസ്പർശനവും ചെയ്ത് പീഠപ്രതിഷ്ഠയും ചെയ്ത്, ഗുരുഃ സംസ്ഥാപ്യ - മണ്ഡപത്തിൽനിന്ന് കുംഭേശനിദ്രാകലശങ്ങളോടുകൂടി ശൂലത്തെ അകത്ത് എഴുന്നള്ളിച്ച് മുഹൂർത്തസമയത്ത് പ്രതിഷ്ഠാസ്ഥലത്ത് ആ ശൂലത്തെ ബിംബം പോലെ പ്രതിഷ്ഠിച്ച്, കല

ശാസ്ത്രം അറിയുന്ന പ്രാൎത്ഥ്യകന്മാരെന്നിവരാകുന്നവരെക്കൊണ്ടു അഭിഷേകത്തെ ചെയ്തു പൂജയും ചെയ്തു. സാരക്ഷ്യ - പ്രസന്നപൂജാവസാനത്തിങ്കൽ ഭക്ഷിച്ച്, തക്ഷന്മാ ഇഷ്ടിത ദ്വയം മൂലബിംബം ഉപബിംബം എ കാരത്തെ - ശില്പികളെക്കൊണ്ട് ഉത്തമമായിരിക്കുന്ന ബിംബത്തേയും ഉപബിംബത്തേയും യഥാ ലക്ഷണം കണ്ട് ഉണ്ടാക്കിപ്പൂ.

പിന്നെ ഗുളങ്ങളിൽ അഷ്ടബന്ധമുണ്ടാക്കി തേപ്പാൻ തിരുവട്ടപ്പശ നാല ഭാഗം കുന്തുരുക്കം മൂന്ന ഭാഗം ഗുല്ഗുലു അഞ്ച ഭാഗം ശംഖ് ഒരു ഭാഗം ചെഞ്ചല്യം എട്ടുഭാഗം കാവിക്കല്ല് മൂന്ന ഭാഗം ഇവ പൊടിച്ച് എണ്ണയും തേനും സമമായി ഈ രണ്ടുഭാഗം കൂട്ടി കുഴച്ച് ചട്ടിയിൽ അടുപ്പത്ത് വച്ച് കുറഞ്ഞൊന്ന തീകത്തിച്ച് ഉരുക്കി യോഗം വന്നാൽ തേനിന്റെ പാകത്തിൽ വാങ്ങി ഗുളത്തിന്മേൽ എല്ലാടവും തേച്ചാൽ അതിന്റെ മുകളിൽ പശുത്ത തെങ്ങോല്ലകളെക്കൊണ്ട് നാഡികളെ പിരിച്ച് ഉണ്ടാക്കി വയ്ക്കണം. അവിടെ നടുവിൽ സുഷുമ്നയും എടത്തും വലത്തും ഇഡാപിംഗലകളെയും മുപ്പിരിയാറി മൂലാധാരചക്രത്തിങ്കൽ തുടങ്ങി ബ്രഹ്മരന്ധ്രത്തോളം നീളമായി വയ്പൂ. അവിടെനിന്നും ഒന്നായി ശിരസ്സിൽ കൊണ്ടുപോയി എണ്ണതലയാക്കി രണ്ടു പിരിയായി പിരിച്ചാൽ അതിൽ രണ്ടു നാഡികൾ കർണ്ണരന്ധ്രങ്ങളിലും രണ്ടു നാഡികൾ നാസാഗ്രത്തിലും പിന്നെ കീഴ്പ്പോട്ട് നാഭിയിങ്കലോളവും വസ്തിപ്രദേശങ്ങളിലും വയ്പൂ. ഇങ്ങനെ ഏഴ് പ്രധാനനാഡികൾ വച്ചാൽ അതിൽ വേർവിട്ട രണ്ടുകൊണ്ടു മൂലാധാരത്തിങ്കൽ തുടങ്ങി മുറുക്കി മൂററിക്കെട്ടു. പിന്നെ വാതപിത്തകഫാത്മകങ്ങളായ മണ്ണുകളെ അതാതങ്ങളിൽനിന്ന് വെവ്വേറെ മുൻപരിഗ്രഹം ചെയ്തു കൊണ്ടുവന്ന് കഴുകി അരിച്ച് പൊടിക്കല്ലും കളഞ്ഞു ഉണക്കിപ്പൊടിച്ച് കോലരക്കുകഷായത്തിലും നാല്പാമരകഷായത്തിലും കരിങ്ങാലി മരുതു ഈ രണ്ടു കഷായത്തിലും പതുപ്പത്ത് ദിവസം വെവ്വേറെ ഇട്ട് കഷായം മാറ്റണം. പിന്നെ മണ്ണിൽ നാലൊന്നോളവും മണലുംകൂടി ത്രിഫലാകഷായത്തിലിടണം. അപ്പോൾ നാവും കോതമ്പും ഉഴുന്നും കായാവിന്റെ ഇലയും പൊടിച്ച് മണലിൽ പാതി കൂട്ടണം. പിന്നെ ഇളന്നീർ വെള്ളത്തിൽ പത്തുദിവസമിടണം. അപ്പോൾ തിരുവട്ടപ്പശ ഗുല്ഗുലു കുന്തിരിക്കം ചെഞ്ചല്യം ഇവ മണലിന്റെ നാലൊന്ന് കൂട്ടണം. പിന്നെ പശുവിന്റെ നെയ്യിൽ ഏഴ് ദിവസം കിട

കണം. അതിന്ന് ചുക്ക് മുളക് തിപ്പലി മഞ്ഞൾ ഇവ മണലിൽ നൂററി ഒന്ന് കൂട്ടണം. ഗോമയം നെയ്യും പാലും കറന്നതാന്നുകൂട്ടി മണ്ണ് നനച്ച് പ്ലാവശയും കൂവളപ്പശയും മണലിൽ നാലൊന്നോളം കൂട്ടി എണ്ണയും കൂട്ടി കുങ്കുമം ചന്ദനം പൊന്നരിതാരം കർപ്പൂരം അകില് ഗോരോചന ഇവ സമംപൊടിച്ച് മണലിൽ എട്ടൊന്ന കൂട്ടി കാശാവിന്റെ തൈലവും കൂട്ടി പൊന്ന് വെള്ളി ഗംഗാമൃത്തികാ ഗംഗാജലം പുററുമണ്ണ് ഇത്യാദി യഥാലാഭം കൂട്ടി ഉമിച്ചിപ്പിയും ശംഖും പുറം കഷായവും പ്ലാമ്പശയും ചകിരിനാരുകളും മണലിൽ നാലൊന്ന് കൂട്ടി ആ മണ്ണുകൊണ്ട് മുമ്പ്രാവശ്യം നാഡീമനുഷ്യത്തിന്റെ മുകളിൽ മിനുക്കം തേച്ച് ബിംബമുണ്ടാക്കി അവയവങ്ങളെ ഒക്കെയും സൌന്ദര്യവമായിട്ടുണ്ടാക്കിയാൽ പട്ടുകൊണ്ട് മൂടി കല്ക്കമുണ്ടാക്കി തേയ്പൂ.

കല്ക്കമുണ്ടാക്കുവാൻ ആററിൽ മുക്കപ്പോരെ, ഇരിക്കുന്ന കറുത്ത കല്ലും ആററുമണലും ശംഖുപ്പൊടിയും ഇവ മൂന്നും സമമായിപ്പൊടിച്ച് അരച്ച് പ്ലാശിലയിൽ കൂട്ടിത്തേച്ച് അലങ്കാരങ്ങളൊക്കെയും കല്ക്കംകൊണ്ടുതന്നെയുണ്ടാക്കി അവിടെ വേണ്ടുന്ന ചായവും വെയ്പൂ. ദാരുകൊണ്ടുള്ള ബിംബങ്ങളും ചായംവച്ച ശിലാബിംബങ്ങളും മണ്ണുകൊണ്ടുതന്നെ ചുട്ട് ഉണ്ടാക്കി ചായം വച്ച ബിംബവും ഇവ ഒക്കെയും ബാലബേരവിധാനമായി പ്രതിഷ്ഠിക്കണം.

ശേഷത്തിന്റെ ക്രിയകൾ പറയുന്നു—

സപ്രാസാദമിദം പ്രഗൃഹ്യ മന്ത്രബിംബം കർമ്മബിംബം തഥാ
തത് കൃത്യാവസിതൌ പ്രണീയ സലിലേ തത്പ്രാസയേത് കൌതുകം
കൃത്വാ വാസ്തുവിധിം സ്വവസ്ത്രപരിമാർഷ്ട്യാദ്യം ച സംശോധ്യ-
[യേത്
സംഗൃഹ്യാഗ്രഹസ്ഥാപ്യ, മപ്പുണ്യകൃതമൂർത്യാധിവാസ്യാദിവ. ഹ ഹ

തത് കൃത്യാവസിതൌ - ബിംബത്തിന്റെ പണികളൊക്കെയും എത്രയും സാവധാനമായിട്ട് കഴിച്ചാൽ, സപ്രാസാദം ഇദം മന്ത്രബിംബം തഥാ കർമ്മബിംബം ച പ്രഗൃഹ്യ - പ്രാസാദത്തോടുകൂടെ ഈ ലക്ഷ്യബിംബത്തെയും പറഞ്ഞതുപോലെ ഈശകോണിൽ മണ്ഡപത്തിൽ വച്ച് കർമ്മബിംബത്തെയും നേത്രോന്മീലനാദി ചെയ്തു പ്രതിഗ്രഹിച്ച് തദ്യോഗ്യമായ ശോധനകളെയും ചെയ്തു, തത് കൌതുകം സലിലേ പ്രണീയ വാസയേത് - അച്ചനാ ബിംബത്തെ ജലതീർത്ഥങ്ങൾ കൊണ്ടുപോയി ജലാധിവാസത്തെ ചെയ്യ്പൂ. വാസ്തുവിധിം കൃത്വാ സ്വവസ്ത്രപരിമാർഷ്ട്യാ അച്ചാം

ച സംശോധയേത് - പിന്നെ പ്രാസാദശുദ്ധിതുടങ്ങി വാസ്തുബലി കഴിയോളം ചെയ്തു് പുറമായിരിക്കുന്ന വസ്ത്രംകൊണ്ടും മയിൽ പീലികൊണ്ടും ഉഴിച്ച് മൂലബിംബത്തെയും ശോധിച്ച്, അഥ സംഹൃത്യ അമൃതോപസ്ഥ ദർപ്പണകൃതജ്ജ്വായാ അധിവാസ്യാ പാ - പിന്നെ മൂലബിംബത്തിങ്കൽ തത്വസംഹാരം ചെയ്തു് കണ്ണാടിയിൽ പ്രതിഫലിപ്പിച്ച് ഗർഭഗൃഹത്തിൽ ഒരു പാത്രത്തിൽ വെള്ളം നിറച്ച് വരുണനെ പൂജിച്ച് വെള്ളത്തിൽ കണ്ണാടിയെ ജലാധിവാസം ചെയ്യിക്കാം. ധ്യാനംകൊണ്ട് ചെയ്താലും മതി.

നക്തം നക്തംദിനം ച ത്രിനിശമപി ജലേ വാസയേദ്രത്നലോഹാ-
ശ്മോത്ഥാൻ സ്നാത്വോപനീയ സ്നപയതു കലശൈഃ സേപ്യാദികൈസ്തൈഃ
[കർമ്മബിംബം
ബധ്നീയാത് കൌതുകം ച സ്മരജിതി സകളേ ബിംബകേഽന്ത്യാ-
[ന്തേ പ്രാക് -
ന്നേത്രോന്മേഷം ച കൃത്വാതദളിതമഥവാ ചിർല്പക്ഷണേനോദ്ധാരകാലേ.
[ഫ. ഫ. വ.

രത്നലോഹാശ്മോത്ഥാൻ നക്തം നക്തംദിനം ത്രിനിശം അപി ജലേ വാസയേത്-രത്നബിംബങ്ങളെ ഒരു രാത്രിയും ലോഹബിംബങ്ങളെ ഒരു പകലും രാത്രിയും ശിലാബിംബങ്ങളെ മൂന്നു രാത്രിയും ജലാധിവാസത്തെച്ചെയ്തു്, തത ഉപനീയ സേപ്യാദികൈഃ കലശൈഃ കർമ്മബിംബം സ്നപയതു - സ്നാനമണ്ഡപത്തിങ്കൽ എഴുന്നള്ളിച്ച് ബിംബശുദ്ധികലശങ്ങളെക്കൊണ്ട് അഭിഷേകത്തെച്ചെയ്തു് ഉപഹോമാനാദിപുണ്യാഹാന്തം കർമ്മബിംബത്തിങ്കൽ ചെയ്വൂ. സ്മരജിതി സകളേ ബിംബകേ അദ്ധ്യാരാത് കൌതുകം ച ബധ്നീയാത് - ശിവങ്കൽ സകളമായിരിക്കുന്ന മൂലബിംബത്തിങ്കൽ അദ്ധ്യാരാത്തൊക്കൊണ്ട് നേത്രോന്മീലനത്തെയും ചെയ്യണം.

കർമ്മാർച്ചാമധിവാസയേത് സമുപനീയാലംകൃതേ മണ്ഡപേ
മൂലാർച്ചാമഥസന്ധികുഡ്യകലശാർണ്ണകാം ച മൂലാലയേ
മായാവാദ്ധ്യധിവാസനം യദി കൃതം തസ്യാഃ പൃഥക് സാദ്ധ്യതാം
മായാബിംബഗതാഭിഷേകമപി തച് ഛ്രുതെദ്യ പൃഥക് പ്രാച-
[ത്തേ്. ഫ. ഫ. ന.

കർമ്മാർച്ചാം അലംകൃതേ മണ്ഡപേ സമുപനീയ അധിവാസയേത് - കർമ്മബിംബത്തെ സംസ്കൃതമണ്ഡപത്തിൽ ശയ്യയിങ്കൽ എഴുന്നള്ളിച്ച് ധ്യാനാധിവാസത്തെച്ചെയ്വൂ. അഥ സന്ധികുഡ്യകലശാർണ്ണകാം മൂലാർച്ചാം മൂലാലയേ അധിവാസയേത് - ധ്യാനം

കൊണ്ട് ബിംബശുദ്ധികലശാഭിഷേകത്തെ ചെയ്യിരിക്കുന്ന മൂലബിംബത്തെ പ്രാസാദത്തിങ്കൽ സ്വസ്ഥാനത്തു തന്നെ വസ്ത്രം കൊണ്ട് മൂടി ധ്യാനാധിവാസത്തെച്ചെയ്‌വൂ. തസ്യാഃ ജലാദ്യധിവാസനം കൃതം യദി – മൂലബിംബത്തിന്റെ മുമ്പ് കണ്ണാടിയിൽ പ്രതിബിംബിച്ചു ജലാധിവാസത്തെ ചെയ്തു എങ്കിൽ, സാമ്പ്രതം തസ്യാഃ കർത്തവ്യൈ ക്ഷ്മാബിംബശുദ്ധ്യാഭിഷേകം നാപി പൃഥക് പ്രോക്തമത് – ഇപ്പോഴും മൂലബിംബത്തിന്റെ ശുദ്ധിക്കായിക്കൊണ്ട് കണ്ണാടിയിൽ പ്രതിബിംബിപ്പിച്ച് ബിംബശുദ്ധികലശങ്ങളാടി ഉപചാരാദിപുണ്യാഹാന്തങ്ങളൊക്കെയും ചെയ്‌വൂ.

ബിംബം പ്രാസാദസംസ്ഥം വിധിവദഖിലതത്ത്വാപ്ത്യയോത്ഥപ്ര-
[തിമന്ത്രാ-
ത്മന്യാസഷഡധ്വാഖിലമന്ത്രന്യാസനാന്തം യജേന്മാനസൈശ്ചോപ-
[ചാരൈഃ
സംശോധ്യൈതത് ക്രിയാബിംബമപി യജതാം മണ്ഡലേഷ്വാദി-
[യുക്തം
തസ്മിംസ്തത്ത്വാധിവാസാത്പരമിഹ സകലാത്മാവാഹയേച്ച
[പ്രാഗ്വത്

പ്രാസാദസംസ്ഥം ബിംബം – ഗർഭഗൃഹത്തിങ്കൽ ഉണ്ടാക്കിയിരിക്കുന്ന മൂലബിംബത്തെ, അഖിലതത്ത്വാപ്ത്യയോത്ഥപ്രതിമന്ത്രാത്മന്യാസഷഡധ്വാഖിലമന്ത്രന്യാസനാന്തം മാനസൈഃ ഉപചാരൈഃ യജേത് – ധ്യാനാധിവാസത്തിങ്കലെ തത്ത്വസംഹാരവും ശോഷണാദിയും തത്ത്വസൃഷ്ടിയും സംവത്സരാത്മകത്വവും അണ്ഡത്മവും ലിപിപ്രാണായാമലിപിന്യാസവും മന്ത്രാത്മപ്രാണായാമവും പീഠന്യാസവും മൂർത്ത്യാവാഹനവും വിദ്യാമൂർത്ത്യാവാഹനവും തത്ത്വാവാഹനവും തത്ത്വന്യാസവും മൂലാക്ഷരാദിന്യാസവും ചെയ്തു മാനസപൂജയും ചെയ്തു ഉപചാരങ്ങളെക്കൊണ്ട് പൂജിപ്പൂ. ഏതത് ക്രിയാബിംബം അപി സംശോധ്യ – പിന്നെ മണ്ഡപത്തിൽ ശയ്യയിങ്കൽ കിടത്തിയിരിക്കുന്ന അർച്ചനാബിംബത്തെ ഭൂതസംഹാരശോഷണാദിഭൂതസൃഷ്ടിതുടങ്ങി പീഠന്യാസമന്ത്രന്യാസങ്ങളെച്ചെയ്തു മൂർത്ത്യാവാഹനവും പരമതത്ത്വാവാഹനവും മൂലാവാഹനവും ചെയ്തു, മണ്ഡലേഷ്വാദിയുക്തം യജതാം – മണ്ഡലപൂജയോടുംകൂടി പൂജിപ്പൂ. തസ്മിൻ തത്ത്വാധിവാസാത്പരതഃ സകലാത്മാനം ആവാഹയേത് – അർച്ചനാബിംബത്തി

ങ്ങൾ തത്ത്വഹോമാദിസമ്പാതങ്ങളേയും സമ്പ്പിച്ചു. മൂലബിംബ
ങ്ങൾ സമ്പാതസ്പർശനം കഴിച്ചു സ്പർശിച്ചു.

ലേപ്യാദിപ്രതിമാസമേതമഭിതഃ പ്രാസാദമഷ്ടാസു ദി-
ക്ഷ്വാലംബ്യാന്യധിവാസനോക്തഹവനാന്യഗ്നിം പ്രണീയാഗ്നിജേ
ത്രിവൃത്പ്രഭവാ നിശാചരദിശി ശ്രീപർണ്ണികോത്ഥാസ്തഥാ
വായവ്യാം സമിധോഽസ്ത്രമണുരനയോഃ ശേഷഃ ക്രമഃ പൂർവ്വവത്.

[൧൫൭

അഗ്നിജേ – സുബ്രഹ്മണ്യങ്കൽ, ലേപ്യാദിപ്രതിമാസമേതം പ്രാസാദം അഭിതഃ – ലേപ്യാദികളായ മൂലബിംബത്തോടുകൂടിയ ശ്രീകോവിലിന്റെ ചുറ്റും, അഷ്ടാസു ദിക്ഷു അഗ്നിം പ്രണീയ കിഴക്കു തുടങ്ങിയ എട്ടു ദിക്കുകളിലും മണ്ഡപത്തിൽ അതാതു കുണ്ഡങ്ങളിൽ അഗ്നിജനനം ചെയ്ത് ആ തീയിൽ മുമ്പ് അധിവാസങ്ങളിൽ പറഞ്ഞ പോലെ ഹോമമന്ത്രങ്ങളെക്കൊണ്ട് വിഹരിച്ചു; അധിവാസനോക്തഹവനാനി ആലംബ്യാനി – അധിവാസങ്ങങ്കൽ പറഞ്ഞ "സമിത് സർപ്പിർദ്ധിലാജകാംസ്തിലയവാൻ സിദ്ധാർത്ഥകാംശ്ച ക്രമാത്" ഇത് എട്ടു ദ്രവ്യങ്ങളേയും ഹോമിക്കണം. നിശാചരദിശി ത്രിവൃത്പ്രഭവാഃ – അവിടെ നിരൃതികോണിൽ കുണ്ഡത്തിൽ ത്രിവൃൽചമതയും, വായവ്യാം ശ്രീപർണ്ണികോത്ഥാഃ സമിധഃ – വായുകോണിൽ കുമിഴ്ചമതയും ഹോമിക്കണം. ഉഭയോഃ അസ്ത്രം അണുഃ – ഈ രണ്ടു കുണ്ഡങ്ങളിലും ദ്രവ്യങ്ങൾ ഹോമിപ്പാൻ അസ്ത്രമന്ത്രം. ശേഷഃ ക്രമഃ പൂർവ്വവത് – ശേഷം എട്ടു കുണ്ഡങ്ങളിലെ മന്ത്രങ്ങളും ചമതകളും എല്ലാറ്റേയും ഹോമസമ്പ്രദായം മുമ്പ് അധിവാസഹോമപ്രകരണത്തിങ്കൽ പറഞ്ഞപോലെ തന്നെ. ഈ സമ്പാതത്തെ മൂലബിംബങ്ങളിൽ സമ്പ്രോക്ഷിച്ച് പ്രതിബിംബങ്ങളെക്കൊണ്ട് നല്ലവണ്ണം സ്പർശിച്ചു.

നീത്വാഥോ സകലാം പരേദ്യവി ചതുർയാമാദി ഗതായാം സ്ഥിര-
ലഗ്നേ പൂജ്യപദം വിധായ വിധിവദ്വിജ്ഞാപ്യ ദേവം തതഃ
കൃത്വാർച്ചാമപി തത്പുരഃ പുനരിദം സാന്നിധ്യതോ മുക്തിദം
ചിത്സൂത്രേണ മന്ത്രവിഹീനമണികേ സംസ്ഥാപയേത് ...

[പാഠം ൧൫൮

പരേദ്യവി – പിറേറ ദിവസം, സ്ഥിരേ – സ്ഥിരരാശിലഗ്നത്തിൽ പ്രാസാദപ്രതിഷ്ഠ ചെയ്ത് നപുംസകശിലയുടെ പീഠത്തിന്റെ പ്രതിഷ്ഠയെ സങ്കല്പിച്ച് തത്ത്വപൂജകളും ചെയ്ത് അപ്പുറം

ബിംബത്തെ പ്രതിഷ്ഠിക്കുന്നതിന് മൂലബിംബത്തിന്റെ മുമ്പിൽ പീഠപ്രതിഷ്ഠയും ചെയ്ത്, അനന്തരം സകലം നിഷ്പാദ്യ മണ്ഡപത്തിൽവെച്ച അർച്ചനാബിംബങ്ങൾ പൂജിച്ച് എല്ലാം ഉപാസിച്ച് അകത്ത് എഴുന്നള്ളിച്ച് വച്ചാൽ, പാദാവാഹനാദി കൃത്വാ മൂലാർച്ചാന്യസനം വിധിവത് വിധായ— പ്രാണാവാഹനാദികളെയും ചെയ്ത് മൂലബിംബത്തെ പ്രതിഷ്ഠാമന്ത്രം തൊട്ടു ജപിച്ചു പ്രതിഷ്ഠയേ കല്പിച്ച്, തതഃ ദേവം വിജ്ഞാപ്യ – പിന്നെ മൂലബിംബത്തിങ്കൽ പ്രാർത്ഥിച്ച് അർച്ചനാബിംബങ്ങൾ ആവാസ്ഥാവാഹനാദികളെയും ചെയ്ത്, തത്പുരഃ വിഹിതമണികേ [രത്നന്യാസരഹിതേ] സ്വപാദേ – മൂലബിംബത്തിന്റെ മുമ്പിൽ രത്നന്യാസാദി കൂടാതെ പ്രതിഷ്ഠിച്ചിരിക്കുന്ന സ്വപീഠങ്ങളിൽ, ഇയം സാ ദേവതാ മൂർത്തിഃ ഓം ഇതി ഉച്ചാര്യ കർമ്മാർച്ചാം അപി സംസ്ഥാപയേത് – ഈ മന്ത്രത്തെ പ്രാണാവാഹനാദിപ്രതിഷ്ഠാമന്ത്രാന്തങ്ങൾ കൂട്ടി ചൊല്ലി അർച്ചനാബിംബത്തെയും പ്രതിഷ്ഠിപ്പൂ.

ശൈലാദിസ്ഥിരകർമ്മകൗതുകവിധൗ ബോദ്ധ്യോഷ്ടബന്ധോ–
ത്ര തത്–
പ്രാണന്യാസവിയുക്തമുക്തമഖിലം കൃത്വാ നിവേദ്യാന്തിമം
നൃണേന്ദ്രിസ്സലിലൈസ്സമാഹിതചിതിം സംയോജ്യ മൂലേ തതഃ
പ്രാണന്യാസപുരസ്സരം സമുചിതം സർവ്വം പ്രകുർവീത ച. ൧൧൭

ശൈലാദിസ്ഥിരകർമ്മകൗതുകവിധൗ അഷ്ടബന്ധഃ ഇത്യാദി— അർച്ചനാബിംബം ശിലകൊണ്ട് ഇളക്കം കൂടാതെ പ്രതിഷ്ഠിക്കുന്നേടത്ത് അർച്ചനാബിംബത്തിൽ അഷ്ടബന്ധമിടണം. ചലനമാകയും ലോഹമായിരിക്കയും എന്നാൽ അഷ്ടബന്ധം വേണ്ട. അത്ര പ്രാണന്യാസവിയുക്തം ഉക്തം അഖിലം നിവേദ്യാന്തിമം കൃത്വാ – ഈ അർച്ചനാബിംബങ്ങൾക്ക് കുംഭേശകർക്കരീകലശാഭിഷേകം ചെയ്ത് ജീവാവാഹനവും ചെയ്ത് പ്രാണന്യാസംകൂടാതെ വ്യാപകാംഗവും ചെയ്ത് സകലാവാഹനവും മന്ത്രാവാഹനവും തത്പൂജയും ചെയ്താൽ, നിസ്സലിലൈഃ നൃണോഃ തദാഹിതചിതിം മൂലേ സംയോജ്യ – വെള്ളം കൂടാതെ ശംഖിൽ അക്ഷതഗന്ധപുഷ്പങ്ങളെ നിറച്ചു ആ ശംഖുകൊണ്ട് പ്രണവോപചാരമൂലപടിതപഞ്ചതത്വങ്ങളെക്കൊണ്ട് അർച്ചനാബിംബഗതചൈതന്യത്തെ ആവാ

ഹിച്ച് മൂലബിംബത്തോട് യോജിപ്പിച്ച് പ്രണവവ്യാപകാദി ചെയ്ത്, പ്രാണന്യാസപുരസ്സരം സർവം സമുചിതം. പ്രകർവീത- പ്രാണന്യാസം പഞ്ചശുദ്ധകന്യാസം മൂലാക്ഷരാംഗന്യാസം ഇത്രയും ചെയ്ത് മാനസപൂജയേയും ചെയ്‌വൂ.

പീഠേജ്യാദിസമുജ്ജ്വലേ സമ്മിളിതാവാഹ്യാതഃ ക്രിയാബിംബകേ
മന്ത്രന്യാസപുരസ്സരം വിധിവദഭ്യർച്യ ദേവം സ്വയം
നീത്വാ മൂലതനൌ തതഃ സ സകളീകൃത്യോപചാരൈഃ പരൈ-
ർമനം മാനസജൈസ്സമർച്ച്യ പരിജപ്യ പ്രീണയേദ് ഭക്തിതഃ.

പൂ. ഫ. വൃ

പീഠേജ്യാദിസമുജ്ജ്വലേ ക്രിയാബിംബകേ — പിന്നെ നിത്യപൂജാർത്ഥം അർച്ചനാബിംബത്തിങ്കൽ പീഠപൂജയെ ചെയ്ത്, തതഃ സമ്മിളിതാവാഹ്യ — ആ മൂലബിംബത്തിങ്കൽനിന്ന് ശംഖിൽ വെള്ളം നിറച്ചുകൊണ്ട് പ്രണവാദം ചൈതന്യപൂരിതപാത്രങ്ങളെക്കൊണ്ട് ആവാഹിച്ച് അർച്ചനാബിംബത്തിങ്കൽ ശംഖജലത്തെക്കൂടി പ്രണവവ്യാപകാദി ചെയ്ത് സപരിവാരങ്ങളിൽ നിന്ന് ആവാഹിച്ച്, അത്ര മന്ത്രന്യാസപുരസ്സരം വിധിവത് അഭ്യർച്യ — കർമ്മബിംബത്തിങ്കൽ ലിപിതത്വമന്ത്രന്യാസാദിയെ ചെയ്ത് ഉപചാരങ്ങളെയും കൊടുത്ത് സപരിവാരം പൂജിച്ച് നിവേദിച്ച് ബലിയും തൂകി നട തുറന്ന പ്രസന്നപൂജയും ചെയ്താൽ, സ്വയം ദേവം മൂലതനൗ നീത്വാ — ആ ദേവനെത്തന്നെ ശംഖിൽ ഗന്ധപുഷ്പാക്ഷതമിട്ട് വെള്ളംകൂടാതെ പറഞ്ഞ മന്ത്രങ്ങളെക്കൊണ്ട് ആവാഹിച്ച് മൂലബിംബത്തിങ്കൽ യോജിപ്പിച്ച്, തതഃ സ സകളീകൃത്യ- മൂലാക്ഷരാംഗങ്ങളെ ന്യസിച്ച് സകളീകരിച്ച്, ഏനം മാനസജൈഃ ഉപചാരൈഃ സമർച്ച്യ ഭക്തിതഃ പരിജപ്യ പ്രീണയേത് — ഈ ദേവനെ മാനസപൂജയാകുന്ന ഉപചാരങ്ങളെക്കൊണ്ട് പൂജിച്ച് ഭക്തിയോടുകൂടി മന്ത്രങ്ങളെ തൊട്ടുജപിച്ച് പ്രസാദിപ്പിക്കണം. അപ്പോൾതന്നെ ബിംബസമ്മേളനത്തെയും ചെയ്തു നടയും അടച്ചു.

തത്രാത് കർമ്മകൃതേ പ്രണീയ മന്ത്രബിംബാത് കർമ്മബിംബേ/മൂലാ
പശ്ചാത്തത്ത്വിനാദിഷേകനാജനാദ്യം കർമ്മ സർവം സുധീഃ
ബാഹ്യസ്നന്യത്ര തതോ/പി ദേവമുപനീയാന്യത്ര ബിംബേ/മൂലാ
സ്ഥാനാദിനി സമാചരേദിഹ സമിജ്യാ കർമ്മബിംബേ സദാ. ഫ. ഫ. ൻ

തന്ത്രത് കർമ്മകൃതേ — അതാതു ക്രിയകളേ ചെയ്യുന്നേടത്തു ളൊക്കെയും, മണ്ഡലബിംബാത് കർമ്മബിംബേ പൂർണ്ണിയ — മൂലബിംബത്തിങ്കൽ നിന്ന് പറഞ്ഞതുപോലെ ദേവനെ കർമ്മബിംബത്തിങ്കൽ ആവാഹിച്ച്, അനന്തരം ത്രികാലപൂജാഭിഷേകയജനാദ്യം സർവ്വം കർമ്മ ചെയ്യാത് പൂജ അർച്ചനാബിംബംകൊണ്ട് ചതുർത്ഥസ്നാനം തുടങ്ങിയുള്ള കലശാഭിഷേകത്തെ ഒക്കെയും ചെയ്യൂ. സ്നാനസന്ധൌ — അങ്ങ സ്നാനബിംബത്തിന്റെ അടുത്ത് സ്ഥിരമായിരിക്കുന്ന പക്ഷം, തദേതൽ അർച്ചാ ബിംബേ ദേവം ഉദ്ധീയ — ആ അർച്ചനാബിംബത്തിങ്കൽ നിന്ന് സ്നാനകാലത്ത് ദേവനെ സ്നാനബിംബത്തിങ്കൽ ആവാഹിച്ച്, അനന്തരം സ്നാനാദീനി സമാചരേത് — ഈ സ്നാനബിംബത്തെക്കൊണ്ട് കലശാഭിഷേകാദികളെ ചെയ്യണം. ഇവ സന്നിധ്യാഭാവേ കർമ്മബിംബേ ധ്രുവ — ഇവിടെയും കലശങ്ങളെ ആടിയാൽ അർച്ചനാബിംബത്തിങ്കൽ യോജിപ്പിച്ച് നിത്യബലിപൂജയും ചെയ്ത് ഒടുക്കം മൂലബിംബത്തിങ്കൽ യോജിപ്പിപ്പൂ. എല്ലായ്പ്പോഴും അർച്ചന കർമ്മബിംബത്തിങ്കൽ തന്നെ.

ഉത്സവേ ബലികർമ്മ കർമ്മകൃതബിംബേ യോജയിത്വാ [illegible]
അന്തേ ചാപി [illegible] മൂലബിംബേ കർമ്മബിംബേ [illegible]
ഉഭാവേ ജനിതത്ഥ സർപ്പിതാബിംബേ സമർപ്പ്യ [illegible]
[illegible] സ്വഭാവേന വിശേഷം വിലാപ്യ [illegible].
൧൧൧

ഉത്സവേ ബലികർമ്മ കർമ്മകൃതബിംബേ — ഉത്സവങ്കൽ ബലാദിനിത്യപൂജാദികളും അർച്ചനാബിംബത്തിങ്കൽ [illegible] [illegible] മൂലബിംബത്തിങ്കൽ യോജിപ്പിപ്പൂ. [illegible] മൂലബിംബം തത്താപീത്വമായി മൂലബിംബത്തിങ്കൽ യോജിപ്പിച്ച് [illegible] [illegible] ചെയ്ത് കർമ്മബിംബത്തിങ്കൽ ആവാഹിച്ച് [illegible] [illegible] കർമ്മബിംബേ — എന്നിയേ ഉത്സവാദാരാദികളെ [illegible] ബിംബത്തിങ്കൽ തന്നെ ചെയ്യാം. ഉഭാവേ ജനിതത്ഥ സർപ്പി [illegible] ബിംബേ സമർപ്പ്യ — ജീർണ്ണോദ്ധാരത്തിങ്കൽ പൂജാന്തരം [illegible] [illegible] അർച്ചനാബിംബത്തിൽ സമർപ്പിച്ച് [illegible] [illegible] — മൂലബിംബത്തിങ്കൽ യോജിപ്പിച്ച് [illegible]

സ്ഥാനാദിതത്വഹോമത്തെച്ചെയ്തു്, പുരോഗതേ അർച്ച്യ - അർച്ചനാബിംബത്തെകലാക്കി പായസനിവേദ്യാദി ചെയ്തു്, സപഷേ വിശാം വിധായ്യ - മൂലബിംബത്തിങ്കൽ യോജിപ്പിച്ചു് ധ്യാനസംകോചത്തെ ചെയ്തു്, അഗ്രതഃ - അർച്ചനാബിംബത്തെ ആവാഹിച്ചു.

സിക്താ മൂലഗതം പ്രണീയ കലശേ സിക്താദ്യമൂനാ കൂർച്ചികം തസ്മാജ്ജീവമഥേദ സ്വയോജ്യ ലഘ്വാലയസ്ഥബിംബാന്നയേത് കൃത്വാ സർവമിദൈകബേരവിധിനാ സമ്പാദ്യ സർവം തതഃ പ്രത്യാവൃത്തിമപി പ്രസിദ്ധബഹുബേരേഷ്വായതഃ പ്രാചരേത്. ൧൨൧

സിക്താ തത്വകലശത്തെ ആടി, മൂലഗതം കലശേ പ്രണീയ - മൂലബിംബത്തിങ്കൽ യോജിപ്പിച്ചു് ജീവകലശത്തെ പൂജിച്ചു് ജീവാവാഹനാദികം ചെയ്തു്, അമുനാ കൂർച്ചികം സിക്താ - ഈ ജീവകലശം കൊണ്ടു് കർമ്മബിംബത്തെ ആടി അവിടെയും ധ്യാനസങ്കോചത്തെ ചെയ്തു്, തസ്മാജ്ജീവമഥേദ സ്വയോജ്യ - അർച്ചനാബിംബത്തിന്റെ മുമ്പിൽ ജീവകലശത്തെ വെച്ചു പൂജിച്ചു സമ്പാതസ്പർശനാദി ചെയ്തു് സ്ഥലബാഹ്യാസനം തുടങ്ങി ജീവാവാഹനാന്തം ചെയ്തു്, ലഘ്വാലയസ്ഥബിംബാന്നയേത് - ബാലാലയത്തിങ്കലെ ബാലബിംബത്തോടു കൂടി എഴുന്നള്ളിച്ചു. ഇദം ഏകബേരവിധിനാ സർവം കൃത്വാ അപി - ധ്യാനാധിവാസഹോമങ്ങളും ബാലാലയപ്രതിഷ്ഠയും മറ്റും ഏകബേരത്തിങ്കലെപ്പോലെ ചെയ്തു്, തതഃ സർവം സമ്പാദ്യ - പിന്നെ പണികളെല്ലാം ചെയ്യിച്ചു്, പ്രസിദ്ധബഹുബേരേഷ്വായതഃ പ്രത്യാവൃത്തിമപി പ്രാചരേത് - പിന്നെ ബാലാലയത്തിങ്കൽനിന്നു മൂലബിംബത്തിങ്കലേക്കു് യോജിപ്പിക്കേണ്ടതു് ക്രിയകളൊക്കെയും ബഹുബേരത്തിങ്കൽ പറഞ്ഞിരിക്കുന്ന ന്യായം കൊണ്ടു ചെയ്യേണ്ടു.

ഇതി തന്ത്രസമുച്ചയേ ശ്രുതാർച്ചാ-
ക്രമസിദ്ധ്യൈ രവിജന്മനാ പ്രണീതേ
ശർമ്മഃ സുസമാഹിതഃ സമഗ്രകഃ
പടലോ ജീർണസമുദ്ധൃതിക്രിയാഢ്യഃ. ൧൨൨

ശ്രുതാർച്ചാക്രമസിദ്ധ്യൈ രവിജസംരചിതേ തന്ത്രസമുച്ചയേ — ഗുരുമുഖങ്ങളിൽ നിന്ന് കേൾക്കപ്പെട്ടിരിക്കുന്ന പൂജാക്രമത്തെ സാധിപ്പാനായിക്കൊണ്ട് രവിയുടെ പുത്രനായിരിക്കുന്ന നാരായണാചാര്യനാൽ നിർമ്മിതമായിരിക്കുന്ന തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തിങ്കൽ, ജീർണ്ണസമുദ്ധൃതിക്രിയാഢ്യഃ — ജീർണ്ണോദ്ധാരത്തിന്റെ ക്രിയകളോടും ബലിപ്രവേശങ്ങളോടും കൂടിയിരിക്കുന്ന സൈകാദശഃ പടലഃ ഇതി സമാപിതഃ — പതിനൊന്നാമത്തെ പടലം ഇപ്രകാരം സമാപ്തമായി ഭവിച്ചു.

ഇതി തന്ത്രസമുച്ചയഭാഷായാം ഏകാദശപടലം സമാപ്തം.

ദ്വാദശപടലം.

അനന്തരം പന്ത്രണ്ടാമത്തെ പടലംകൊണ്ട്, പറയാത്തതായുള്ള ക്രിയകളെയും പൂജാസാധനങ്ങളുടെ ലക്ഷണങ്ങളെയും പ്രായശ്ചിത്തത്തെയും ആവശ്യമായതിനെ പറയുന്നു:—

അഥാഭിധാസ്യാമി സമുക്തകർമ്മസു
പ്രസക്തതത്സാധനലക്ഷണാദികം
അവശ്യമത്രൌപയികം പരാമൃശ-
ന്നനീരിതാഃ കർമ്മകലാശ്ച കാശ്ചന. ൧

അഥ — അനന്തരം, ഞാനും സമുക്തകർമ്മസു — മേൽ പറഞ്ഞിരിക്കുന്ന ക്രിയകളിൽ, പ്രസക്തതത്സാധനലക്ഷണാദികം — പ്രസക്തങ്ങളായിരിക്കുന്ന തത്സാധനങ്ങളുടെ ലക്ഷണം തുടങ്ങിയുള്ളവറെ, അവശ്യം ഔപയികം പരാമൃശൻ — അറിയേണ്ടതായിട്ടുള്ളവറെയും, അനീരിതാഃ കാശ്ചന കർമ്മകലാഃ ച അഭിധാസ്യാമി — പറയാത്തതായുള്ള ചില ക്രിയകളെയും പറയുന്നേൻ.

ദിക്കുപരിച്ഛേദം അറിയേണ്ടതിനെ പറയുന്നേൻ:—

സാക്ഷാൽ ശങ്കുമിനാംഗുലം സമതലേ കൃത്വാ പൃഥക്കാലജ-
ച്ഛായാഗ്രാങ്കിതവൃത്തബിന്ദുപരിവൃത്ത്യാൽ പാള്ള്യമത്സ്യദ്വയം
തത്തത്സമഷ്ഷ്ടസിരോത്ഥസൂത്രയുഗയോഗാച്ഛങ്കുനാഭ്യന്തരിതം
സൂത്രം ന്യസ്യ സുസാധയേദ്യമധനാശേ തതശ്ചേതരേ. ൨

സാരം – ആദിത്യന് ദക്ഷിണോത്തരഗതിക്ക് സാമ്യമല്ലാതെയുള്ള ദിവസങ്ങളിൽ, സമതലെ ദ്വാദശാംഗുലം ശംകും കൃത്വാ–നിലം സമമാക്കിയെടുത്ത് പന്ത്രണ്ട് അംഗുലം നീളം മുകളിൽ വാശമാറ് ഉരുണ്ട് കൂർത്തിരിക്കുന്ന ശംകുവിനെ നിറുത്തിയാൽ നേരത്തെ മൂന്ന നാഴിക പുലരുമ്പോൾ ആ ശംകുവിന്റെ നിഴൽ പടിഞ്ഞാറ് നാല്പതംഗുലം നീളമായിട്ട് ഉണ്ടായിരിക്കും; പിന്നെ കുറഞ്ഞു കുറഞ്ഞു വരും. പൂർവ്വാപരജ്ഞച്ഛായാഗ്രചിഹ്നത്രിബിന്ദുപരിവൃത്ത്യാ മത്സ്യദ്വയം ഉൽപാദ്യ_ ഛായ കറയുമ്പോൾ ഛായാഗ്രം വരുന്ന ദിക്കു് സമാന്തരങ്ങളായി മൂന്ന് അടയാളങ്ങളെ ഉണ്ടാക്കി മൂന്നിലും വച്ച് ഒരേ ബിന്ദുവോളം വലിപ്പമുണ്ടായി വൃത്തം മൂന്നിലുമുണ്ടാകുമ്പോൾ വൃത്തങ്ങൾ തമ്മിൽ കൂടി വരുന്നേടത്ത് ദക്ഷിണോത്തരരേഖ രണ്ടു മത്സ്യാകൃതി ഉണ്ടാകും. തന്മത്സ്യമുഖപുച്ഛഗസൂത്രയുഗയോഗാൽ ശംകുനാഭ്യന്തികം സൂത്രം ന്യസ്യ – ആ മത്സ്യങ്ങൾ രണ്ടിന്റെയും നടുവെ ഒരു സൂത്രത്തെ പുറത്തോട്ട് നീട്ടിപ്പിടിക്കുമ്പോൾ ഒരു പുറത്ത് അടുത്തു വന്ന രണ്ടും കൂടി വരും. അവിടെ അടയാളമിട്ടാൽ അവിടെ നിന്ന ശംകുമൂലത്തിലോളം ഒരു സൂത്രം പിടിച്ച് രേഖയുണ്ടാക്കു. തന്മധ്യഗതോത്തരദിക് ഇതരേ ച സുസാധയേത് – ആ വരച്ചത് നേരെ തെക്കുവടക്കായി വരും. പിന്നെ ആ രേഖയിങ്കൽ രണ്ടു തലയ്ക്കൽ നിന്നും തുല്യമായിട്ട് തമ്മിൽ പറ്റാതി കൂടി ഇരിക്കുമാറ് രണ്ടു വൃത്തം വരച്ചാൽ വൃത്തയോഗങ്ങളുങ്കൽ കിഴക്കു പടിഞ്ഞാറായിട്ട് ഒരു മത്സ്യമുണ്ടാകും. അതിന്റെ നടുവിലൊരു സൂത്രം വരച്ചു വെച്ചിട്ടാൽ കിഴക്കുപടിഞ്ഞാറു നേരെ വരും. ഈ പരീക്ഷ ഏഴുനാഴിക പുലരുന്നതിന മുമ്പിലും അസ്തമനത്തിന മുമ്പിലും വേണം.

സ്ഫുടോച്ചരാശ്യ ഷഡംശവിസ്തൃതാഷ്ടാംശായികാച്ചോ ഘടഃ
പത്മോഷ്ഠാംശസമുച്ഛ്രയോച്ഛ്രയനവാംശോനപ്രഗ്രീവ്യു
ക്തഃ
അഷ്ടാംശായതബൽച്ചിപാംശരചിതവ്യാസായതാർദ്ധോച്ഛ്രയഃ
കുംഭോ നാശയവാഗ്രതട്ടിഗുണമൂലാ യോഗനാളപ്രൂഥാ. ൩൨

സ്ഫുടോച്ചരാശ്യ. ഷഡംശവിസ്തൃതാഷ്ടാംശായികോച്ചഃ ഘടഃ – ശ്രീകോവിലിന്റെ പുറത്തെ ഭിത്തിയിങ്കലെ കാലിന്റെ

നീളത്തിൽ ആറിലൊരംശംകൊണ്ട് വിസ്താരവും വിസ്താരത്തിൽ എട്ടിലൊരംശം കൂടി നീളവുമായിട്ട് ശിലകൊണ്ട് കലശം വെപ്പാനുള്ള നിധികലശത്തെ ഉണ്ടാക്കണം. *അഷ്ടാംശസമ്പൂർണ്ണ ഉച്ഛ്രയഃ ഉച്ഛ്രയമാനാംശോനപ്രഥഃ അഷ്ടകൂർമ്മഃ പത്മഃ – ഇങ്ങിനെ നീളത്തിന്റെ എട്ടിലൊരംശംകൊണ്ട് പൊക്കവും പൊക്കത്തിലൊന്നു തിലൊന്നു കുറഞ്ഞു വിസ്താരവുമായി അഷ്ടദളത്തോടും കർണ്ണികയോടും കൂടി ശിലാപത്മത്തെ ഉണ്ടാക്കണം. [illegible] പാദമായിതഃ വ്യാസായതാർദ്ധോച്ഛ്രയഃ കൂർമ്മഃ – കാലുനീളത്തിൽ ഏറ്റെത്ത നീളവും നീളത്തിൽ ഏറ്റെത്ത കുറച്ചു വിസ്താരവും നീളത്തിൽ പാതി പൊക്കവും ആയിട്ട് കൂർമ്മാകൃതിയായിട്ട് ശിലാകൂർമ്മത്തെയും ഉണ്ടാക്കണം. [illegible] – [illegible] തലപ്പത്ത് രണ്ടുളം വിസ്താരവും മൂവാട്ടിൽ രണ്ടുളം വിസ്താരവുമായി വൃഷഭത്തോടും കൂടി [illegible] കൊണ്ട് താൻ [illegible] ഉണ്ടാക്കുക.

[illegible]

അഷ്ടാംഗുലിമാത്രാണ്ഡകഃ [illegible] – എട്ട് അംഗുലം കൊണ്ടും പത്ത് അംഗുലംകൊണ്ടും പന്ത്രണ്ട് അംഗുലം കൊണ്ടും [illegible] പ്രകാരത്തിലും, [illegible] ഇഷ്ടകാഃ – നീളത്തിൽ പാതി വീതിയും വീതിയിൽ പാതി കനവുമായിട്ടും ഇഷ്ടികകൾ ഉണ്ടാക്കാം. [illegible] – എന്നിതെ പന്ത്രണ്ട് അംഗുലം നീളവും എട്ടംഗുലം വീതിയും നാലംഗുലം കനവും ആയിട്ടും ഇഷ്ടികകളെ ഉണ്ടാക്കാം. [illegible] – ഇഷ്ടികകൾ മണ്ണുകൊണ്ട് ഉണ്ടാക്കി തീയിൽ വച്ച് വേകിച്ച് [illegible] നിറത്തോടുംകൂടി ഇരിക്കണം. [illegible] – എന്നിവ കല്ലുകൊണ്ടും ഇതിനെപോലെ ഉണ്ടാക്കാം. [illegible] ഇഷ്ടികകൾ എട്ടായിട്ടും നാലായിട്ടും പന്ത്രണ്ടായിട്ടും പ്രാസാദത്തിന്റെ വലിപ്പച്ചെറുപ്പമനുസരിച്ച് ഉണ്ടാക്കിച്ചു.

സ്തംഭായാമഭാഗദശാംശോപപന്ന-
വ്യാസം വ്യാസാർദ്ധോച്ഛ്രയം ഗർഭപാത്രം
ശുല്ബോത്ഥം തച്ഛുല്ബോത്ഥല്ബപ്രക്ലൃപ്തം
സോപാനോധാംഘ്ര്യൂനോച്ഛ്രയോർദ്ധ്വാച്ഛാദ്യം. ൩

സ്തംഭായാമഭാഗദശാംശോപപന്നവ്യാസം - കാലുനീളത്തിന്റെ പത്തുഭാഗത്തിൽ ഒരംശം നീളവും വീതിയും ആയി, വ്യാസാർദ്ധോച്ഛ്രയം - അതിൽ പാതി പൊക്കത്തോടും കൂടി, സോപാനോധാംഘ്ര്യൂനോച്ഛ്രയോർദ്ധ്വാച്ഛാദ്യം - തന്നിൽ മുക്കാൽ പൊക്കമുള്ള അടപ്പുപാത്രത്തോടും കൂടി ശുല്ബോത്ഥല്ബപ്രക്ലൃപ്തം ശുല്ബോത്ഥം ഗർഭപാത്രം സ്യാത് - നല്ല ചെമ്പുകൊണ്ടു കണക്കൊപ്പിച്ച് ചതുരശ്രമായിട്ട് അടപ്പോടും കൂടി ഗർഭപാത്രം ഉണ്ടാക്കണം.

നാഗൈർഭിത്തിതതിം വിഭജ്യ ചതുരോ ബാഹ്യേ വിഹായാംശകാ-
ന്നന്തസ്ത്രീനഖിലേഷു ഗോഭിരജിതേ ഷഡ്‌ ദ്വൌ ച ഷണ്മാതൃകേ
ഭൂതൈസ്ത്രീനപി ചൈകകം വിരചയേദ് ഗർഭം പദാംശേ സ്ഥിതം
വിപ്രസ്യോപരി പാദുകസ്യ ഭുവി രാജ്ഞോഽധഃ ക്രമാദന്യയോഃ. ൪

അഖിലേഷു - എല്ലാ ദേവന്മാരിലും, ഭിത്തിതതിം നാഗൈഃ വിഭജ്യ - ഗർഭഗൃഹത്തിന്റെ ഭിത്തിവണ്ണത്തെ എട്ടായിട്ടു പകുത്ത്, ബാഹ്യേ ചതുരഃ അന്തഃ ത്രീൻ അംശകാൻ വിഹായ - അതിൽ പുറത്തു നാലംശവും അകത്ത് മൂന്നംശവും നീക്കി ശിഷ്ടമുള്ള ഒരംശകസ്ഥാനത്ത് ഗർഭം വയ്ക്കണം. അജിതേ ഗോഭിഃ ഷഡ്‌ ദ്വൌ ച - വിഷ്ണുവിങ്കൽ ഭിത്തിവണ്ണത്തെ ഒമ്പതായി പകുത്തതിൽ പുറത്ത് ആറംശവും അകത്ത് രണ്ടംശവും നീക്കിയും, ഷണ്മാതൃകേ ഭൂതൈഃ ത്രീൻ ഏകകം ച - സുബ്രഹ്മണ്യങ്കൽ അഞ്ചായി പകുത്ത് പുറത്ത് മൂന്നും അകത്ത് ഒന്നും അംശങ്ങളെ നീക്കിയും, പദാംശേ സ്ഥിതം ഗർഭം - ശേഷം നടുവിലൊരംശമുള്ളേടത്തായിട്ട് ഗർഭത്തെ വയ്ക്കണം. വിപ്രസ്യ പാദുകസ്യ ഉപരി രാജ്ഞഃ ഭുവി അന്യയോഃ ക്രമാത് അധഃ - ബ്രാഹ്മണരുടെ ക്ഷേത്രത്തിൽ പാദുകത്തിന്റെ മുകളിലും ക്ഷത്രിയന്റെ പാദുകത്തിന്റെ താഴെ ഭൂമിയിങ്കലും വൈശ്യന്റെ ശൂദ്രന്റെ അല്പം കൂടി താഴത്തായിട്ട് വലതേ കട്ടിളക്കാലിന്റെ താഴെ ഇഷ്ടകാമദ്ധ്യ ഗർഭത്തിങ്കലും ഗർഭന്യാസത്തെ ചെയ്യണം.

അനന്തരം പ്രതിഷ്ഠാസ്ഥാനത്തെ പറയുന്നു:—

കൃത്വാ ഗർഭഗൃഹം കലാഗ്രികൃതികോഷ്ഠാഢ്യം സമന്താത പദേ
ബ്രാഹ്മേ പഞ്ചദശാംശകാൻ വിരചയേത് സൌമ്യാഗ്രസൂത്രൈഃ
[സമം
തത്പൃഷ്ഠസ്ഥിതദൈവമാനുഷപിശാചാവാരകേഷു ക്രമാ-
ദ്വിശ്വാമേശനവാംശകാനപി തതഃ സ്വം സ്വം പദം കല്പയേത്.
[൭)

ഗർഭഗൃഹം സമന്താത് കലാഗ്രികൃതികോഷ്ഠാഢ്യം കൃത്വാ - ഗർഭഗൃഹത്തെ കിഴക്കുപടിഞ്ഞാറായിട്ടും തെക്കുവടക്കായിട്ടും ഏഴേഴായിട്ടു പകുത്ത് നാല്പത്തിയൊമ്പതു പദത്തെ ഉണ്ടാക്കി, ബ്രാഹ്മേ പദേ സൌമ്യാഗ്രസൂത്രൈഃ സമം പഞ്ചദശാംശകാൻ വിരചയേത് - അതിൽ നടുവിലെ ബ്രഹ്മപദത്തിങ്കൽ തെക്കുവടക്കായിട്ടു പതിനഞ്ചു രേഖകളെ ഇട്ട് പതിനഞ്ചായി വിഭജിപ്പൂ. തത്പൃഷ്ഠസ്ഥിതദൈവമാനുഷപിശാചാവാരകേഷു ക്രമാദ് വിശ്വാമേശനവാംശകാൻ അപി - ബ്രഹ്മപദത്തിന്റെ പുറകിലെ ദൈവികാവരണത്തിങ്കലെ പദത്തെ പതിമൂന്നായിട്ടും അതിന്റെ പുറത്തെ മാനുഷാവരണത്തിങ്കലെ പദത്തെ പതിനൊന്നായിട്ടും അതിന്റെ പുറത്തെ പൈശാചാവരണത്തിങ്കലെ പദത്തെ ഒമ്പതായിട്ടും പകുപ്പൂ. അപ്പോൾ ബ്രഹ്മപദം തുടങ്ങി പൈശാചപദംവരെ നാല്പത്തിയേഴ് പദങ്ങൾ വരും. തതഃ സ്വം സ്വം പദം കല്പയേത് - പിന്നെ അവററിൽ തെക്ക തനിക്കു വേണ്ടുന്ന പദത്തെ കല്പിപ്പൂ.

ബ്രാഹ്മേ/ംശേ/ന്തരനന്തരേ മഹതി ചാല്പേ ചേശലിംഗേ ഹരൌ
താർത്തീയേ ദ്രുഹിണാംശമധ്യപദതസ്സൂര്യേ ഉഹേശാച്യുതേ
ഷഷ്ഠേ സ്കംജിതി പ്രതിഷ്ഠിതിപദം ശാർങ്ഗീശപരേ വാ/ഷ്ടമേ
പ്രോക്തം ശാസ്തരി ഷോഡശേ ഗണപതൌ വിംശേ തഥൈ-
[കോത്തരേ. ൮

മഹതി ഈശലിംഗേ ബ്രാഹ്മേ അംശേ അന്തഃ പ്രതിഷ്ഠിതിപദം - വലുതായിരിക്കുന്ന ശിവലിംഗമെങ്കിൽ ബ്രഹ്മപദം പതിനഞ്ചായി പകുത്ത് അതിൽ നടുവിലെ പദത്തിൽ പ്രതിഷ്ഠിപ്പൂ. അല്ലെങ്കിൽ അനന്തരേ - ചെറുതായിരിക്കുന്ന ശിവലിംഗമെങ്കിൽ നടുവിൽ നിന്ന് ഒരുപദം പുറത്ത് മാററി രണ്ടാമത്തെ പദത്തിൽ പ്രതിഷ്ഠിപ്പൂ. ഹരൌ ദ്രുഹിണാംശമധ്യപദതഃ താർത്തീയേ - വിഷ്ണു

വിങ്കൽ ബ്രഹ്മപദമദ്ധ്യത്തുങ്കൽ നിന്നു പുറത്തോട്ട് മൂന്നാമത്തെ പദത്തിലും, ഗുഹേശാച്യുതേ തുര്യേ - സുബ്രഹ്മണ്യങ്കലും ശങ്കരനാരായണങ്കലും നടുവിൽനിന്നു പുറത്തോട്ടു നാലാമത്തെ പദത്തിങ്കലും, സ്വംജിതി ഷഷ്ഠേ – ദുർഗ്ഗയിങ്കൽ നടുവിൽനിന്ന് ആറാമത്തെ പദത്തിലും, ശാർങ്ഗീശപരേ അഷ്ടമേ ച – ശങ്കരനാരായണങ്കൽ എട്ടാമത്തെ പദത്തിലും വികല്പമായിട്ടാം. ശാസ്തരി ഷോഡശേ – ശാസ്താവിങ്കൽ മദ്ധ്യപദത്തുങ്കൽനിന്നു പുറത്ത് പതിനാറാമത്തെ പദത്തിലും, ഗണപതേരേകോനവിംശേ തഥാ പ്രതിഷ്ഠിതിപദം പ്രോക്തം – ഗണപതിയിങ്കൽ നടുവിൽനിന്നു പുറത്തേയ്ക്കു് ഇരുപത്തിയൊന്നാമത്തെ പദത്തിലും അപ്രകാരം പ്രതിഷ്ഠാസ്ഥാനം പറയപ്പെട്ടു.

കൃത്വോദങ്മുഖമത്ര സൂത്രമഥ മദ്ധ്യാദ് ദ്വാരവിസ്താരത-
സ്തുൽകൃത്യാദ്ധ്യശതാംശകം പ്രതിഗമയ്യോദീചി ചൈന്ദ്രാഗ്രഗം
സർവേഷ്വീശഹരീശയോഃ പുനരിദം വാ/ർദ്ധാംശതോ വാ/ഖിലേ
ഷ്വൈശ്യാം ഗമയേദ്ധ്രുവം യവയുഗം വാ/ർദ്ധോദ്ഭവം സന്ധിതഃ.
[൯

അത്ര ഉദങ്മുഖം സൂത്രം കൃത്വാ – ഇപ്രകാരം പറഞ്ഞ പ്രതിഷ്ഠാസ്ഥാനത്തുങ്കലെ പദമദ്ധ്യത്തുങ്കൽ തെക്കുവടക്കായിട്ട് ഒരു രേഖയിട്ടാൽ, ദ്വാരവിസ്താരതഃ ഉൽകൃത്യാദ്ധ്യശതാംശകം മദ്ധ്യാദ് ഉദീചി പ്രതിഗമയ്യ – ഗർഭഗൃഹത്തിന്റെ ദ്വാരവിസ്താരത്തെ നൂററിഇരുപത്തിയൊൻപതായി പകുത്തതിൽ ഒരംശകം പ്രാസാദമദ്ധ്യസൂത്രത്തുങ്കൽനിന്നു വടക്കോട്ടു നീക്കി, സർവേഷു ഐന്ദ്രാഗ്രഗം ച – എല്ലാം ദേവന്മാരിലും വടക്കോട്ടു നീക്കിയിടത്തു കിഴക്കുപടിഞ്ഞാറായി ഒരു സൂത്രത്തെ ഉണ്ടാക്കൂ. ഈശഹരീശയോഃ ഇദം പുനഃ അർദ്ധാംശതഃ വാ - ശിവനും ശങ്കരനാരായണനും ഇവിടെ വടക്കോട്ടു നീക്കുന്നതു ബിംബനീളത്തിന്റെ നൂററിഇരുപത്തിയാറാലൊന്നാകിലും ആം; അഖിലേ സന്ധിതഃ ഐശ്യാം ദിശി അർദ്ധോദ്ഭവം യവം യവയുഗം വാ ഗമയേത് – പിന്നെ എല്ലാ ദേവന്മാരിലും ഈ പൂർവ്വാപരദക്ഷിണോത്തരസൂത്രങ്ങൾ കൂടിയ സന്ധിയിൽനിന്ന് ബിംബത്തുങ്കൽ ഉണ്ടാകുന്ന ഒരു യവത്താലോ യവയുഗത്താലോ ഈശകോണിലേയ്ക്കു നീക്കി പ്രതിഷ്ഠാസ്ഥാനം നിശ്ചയിപ്പൂ.

ബ്രാഹ്മേ കൌതുകമാമരേ ന്യസ്യ മൂലാര്‍ച്ചാം സ്ഥിതാമാസിതാ-
മീഷന്മാനുഷസംയുതേ സമഗ്രദൈവാംശേ ശയാനാമപി
ഗര്‍ഭേ ഷോഡശവര്‍ഗഭേദിനി പദൈര്‍ബ്രാഹ്മം ചതുര്‍വര്‍ഗകൈ-
സ്ത്രിദ്വ്യേകാന്വിതപങ്‌ക്തിഭിഃ സുരനരപൈശാചാന്‍ പ്രകവീ-
[ത വാ. ൧൦

ബ്രാഹ്മേ കൌതുകം - ബാഹ്യബേരപ്രതിഷ്ഠയിങ്കല്‍ ബ്രഹ്മപദത്തിങ്കല്‍ അര്‍ച്ചനാബിംബത്തെയും, ആമരേ സ്ഥിതാം മൂലാര്‍ച്ചാം – ദൈവികപദമദ്ധ്യത്തിങ്കല്‍ നില്പായിരിക്കുന്ന മൂലബിംബത്തെയും, ഈഷന്മാനുഷസംയുതേ ആസിതാം – ദൈവികപദാവസാനത്തിങ്കലും മാനുഷത്തിങ്കലും കൂടി ഇരിപ്പായിരിക്കുന്ന മൂലബിംബത്തെയും, സമഗ്രദൈവാംശേ ശയാനാം അപി ന്യസ്യ-ദൈവികത്തിങ്കലും മാനുഷത്തിങ്കലും പപ്പാതിവരുമാറു് കിടപ്പായിരിക്കുന്ന മൂലബിംബത്തെയും പ്രതിഷ്ഠിപ്പൂ. ഗര്‍ഭേ ഷോഡശവര്‍ഗഭേദിനി – ഇവിടെ ഗര്‍ഭഗൃഹത്തെ പതിനാറായി പകുത്തു ഇരുനൂററിയമ്പത്താറു പദങ്ങളുണ്ടാക്കി, ചതുര്‍വര്‍ഗകൈഃ ബ്രാഹ്മം – അതിന്‍നടുവില്‍ പതിനാറു പദങ്ങളൊന്നാക്കി ബ്രഹ്മപദത്തെയും, ത്രിദ്വ്യേകാന്വിതപങ്‌ക്തിഭിഃ സുരനരപൈശാചാന്‍ പ്രകവീത വാ – ബ്രഹ്മസ്ഥാനത്തിന്റെ പുറത്തു് മൂന്നു വരികളൊന്നാക്കി ദൈവികാവരണത്തെയും അതിനു പുറത്തു് രണ്ടു വരി ഒന്നാക്കി മാനുഷാവരണവും അതിനു പുറത്തു് ഒരുവരി പൈശാചാവരണവും ഉണ്ടാക്കി പ്രതിഷ്ഠാസ്ഥാനത്തെ കല്പിക്കിലുമാം.

ബ്രാഹ്മേ ഷോഡശമംശകം സ്വപുരതോ മദ്ധ്യാദ് ലോദൈര്‍ഘ്യകം
വാമേ ചാപ്യപഹായ വഹ്നിഭവി ബിംബം സ്ഥാപയേത് സ്ഥാ-
[സ്നുകം
ഏവം മാനുഷമദ്ധ്യതോഽഥ ഗമയിത്വാ പൃഷ്ഠതോ വാമത-
ശ്ചാംശേ സ്ഥാപയതു സ്വമൂലമനുബിംബം ബാഹ്യബേരേ
വിധൌ. [൧൧

വഹ്നിഭവി ബാഹ്യബേരേ വിധൌ – സുബ്രഹ്മണ്യങ്കലേ ബാഹ്യബേരപ്രതിഷ്ഠയിങ്കല്‍, ബ്രാഹ്മേ ഷോഡശം അംശകം മദ്ധ്യാത് സ്വപുരതഃ – ബ്രഹ്മപദത്തിങ്കലേ പതിനാറാക്കിയതില്‍ ഒരംശം നടുവില്‍ നിന്നു മുമ്പായിട്ടു നീക്കി, ലോദൈര്‍ഘ്യകം വാമേ ചാപി അപഹായ – ഒന്നര അംശം ഇടത്തു ഭാഗത്തെയും

നീക്കി, സ്ഥാനസന്നകം ബിംബം സ്ഥാപയേത് – നിശ്ചലമായിരിക്കുന്ന അർച്ചനാബിംബത്തെ പ്രതിഷ്ഠിപ്പൂ.

ബാഹ്യബേരവിധാനമൂലബിംബം
സുസമം ദ്വാരസമുച്ഛ്രയേണ കാര്യം
ചരണാംശവിവൃദ്ധമർദ്ധവൃദ്ധം
ചരണോനമപിദ്വ്യംശോനം ച. ൧൨

ബാഹ്യബേരവിധാനമൂലബിംബം ദ്വാരസമുച്ഛ്രയേണ സുസമം – ബാഹ്യവേരപ്രതിഷ്ഠയിങ്കലെ മൂലബിംബം ഗർഭഗൃഹദ്വാരത്തിന്റെ നീളത്തോട് ഇല്യമായിട്ടും, ചരണാംശവിവൃദ്ധം അർദ്ധവൃദ്ധം – അതിൽ നാലൊന്നു കൂടീട്ടും, (രണ്ടൊന്നുകൂടീട്ടും) ചരണോനമപിദ്വ്യംശോനം ച കാര്യം – ദ്വാരത്തിലൊന്നുകാൽ നീളമായിട്ടും ഇരട്ടി നീളമായിട്ടും യോനി ഒത്തിരിക്കുംവണ്ണം ഉണ്ടാക്കാം.

അനന്തരം മുളപ്പാലികകളുണ്ടാക്കുന്നു:—

പാത്രാണി വാപവിഹിതാനി പൃഥക് ത്രിഷഡ്വാ
സ്യുഃ പാലികാശ്ച ഘടികാശ്ച ശരാവകാശ്ച
തത്താരാഷ്ട്രമാനമിഹ പ്രമിതാംഗുലൈഃ സ്യു-
ർദ്വാദശാഷ്ടദശവാസ്ത്യഷ്ടചതുർദശാംഗുലൈഃ*. ൧൩

വാപവിഹിതാനി പാത്രാണി പൃഥക് ത്രിഷഡ് വാ സ്യുഃ – മുളയിടുവാൻ പറഞ്ഞിരിക്കുന്ന പാത്രങ്ങൾ മൂന്നു വകയും വെവ്വേറെ പന്ത്രണ്ടീതായിട്ടും ഭവിക്കും. പാലികാഃ ഘടികാഃ ശരാവകാഃ ച – പാലികകൾ എന്നും ഘടികകളെന്നും ശരാവങ്ങളെന്നും അവററിന്റെ പേരുകൾ. ഇഹ തത്താരാഷ്ട്രമാനമിഃ വാ അഷ്ടിചതുർദശാംഗുലൈഃ വാ പ്രമിതാംഗുലൈഃ ദ്വാദശാഷ്ടദശവാസ്ത്യഷ്ടിഃ – ഇരുപത്തിനാലും പതിനാറും വിരൽ ആയിട്ടു പാലികകളുടെയും പതിനാറും പതിന്നാലും വിരലായിട്ട് ഘടികകൾക്കും പന്ത്രണ്ടു വിരൽ തന്നെയായിട്ട് ശരാവങ്ങൾക്കും ഇവ ഉണ്ടാക്കാം.

തത്താരാംശകോന്നമിതോച്ഛ്രയമത്ര കൃത്വാ
ഷോഢാ വിഭജ്യ വദനേ ക്രമശഃ പരാംശൈഃ
തത്പീഠഖണ്ഡഗളസന്ധിഗളേഷു കുര്യാദ്
ദൈർഘ്യം പുരോവിരഹിതേന ച പീഠസന്ധൗ. ൧൪

അത്ര ഉന്നമിതോച്ഛ്രയം തത്താരാംശകോനം കൃത്വാ – ഇവിടെ പാലികയുടെ പൊക്കത്തെ ഇരുപത്തിനാലാക്കി അ...തിന

* ഇവിടെ ഉത്തരാർദ്ധത്തിന്റെ പാഠം കാണുന്നില്ല.

ശം ചുവട്ടിൽ നീക്കിയാൽ, ഷോഢാ കൃതാ — ശേഷമുള്ള നീളത്തെ ആറാക്കിപ്പകുത്താൽ, വദനേ ദ്വയേന — മുഖത്തുങ്കൽ രണ്ടംശംകൊണ്ടും, തത് പീഠബന്ധഗളസന്ധിഗളേഷു പരാംശകൈഃ ക്രമശഃ ദൈർഘ്യം കുർയ്യാത് — ചുവട്ടിൽ പീഠത്തിന്നും ബന്ധിന്നും ഗളസന്ധിക്കും ഗളത്തിന്നും ശേഷമുള്ള ഓരോ അംശംകൊണ്ടും നീളത്തെ കല്പിപ്പൂ. പുരോവിരഹിതന്ന പീഠസന്ധൗ ച — മുനിൽ നീക്കിയ അംശം പീഠസന്ധിയിങ്കലും കല്പിപ്പൂ.

അംഘ്ര്യൂനമംശമധിപീഠമിഹാധിബന്ധം
ചൈകേ സമുച്ഛ്രയമുശന്ത്യപരേഽർദ്ധവൃത്തം
പീഠാംഘ്രിഹീനമപരത്ര ച ശിഷ്ടയുക്ത്യാ
സന്ധിം ഗളാംശഗതമാസ്യബിലം ച കാര്യം. ൧൧

ഇഹ ഏകേ അധിപീഠം അധിബന്ധം അംഘ്ര്യൂനം അംശം സമുച്ഛ്രയം ഉശന്തി — ഇവിടെ ചിലര് പീഠത്തുങ്കലും ബന്ധുങ്കലും മുക്കാലംശം ഇവരെന്ന പറയുന്നു. അപരേ പീഠേ അർദ്ധവൃത്തം അപരത്ര അംഘ്രിഹീനം ച — മററു ചിലര് പീഠത്തുങ്കൽ ഒന്നര അംശവും ബന്ധുങ്കൽ മുക്കാലംശവും, ശിഷ്ടയുക്ത്യാ സന്ധിം — ഇവിടെ കുറഞ്ഞിട്ടാകുന്നോരം ഗളസന്ധിയിങ്കൽ കൂട്ടൂ; ഏറിയാൽ കുറപ്പൂ. ഗളാംശഗതം ആസ്യബിലം ച കാര്യം— ഗളത്തിങ്കലോളം മുഖത്തിൻെറ കുഴിയും ചെന്നിരിക്കണം.

ബന്ധേ സ്വദൈർഘ്യസമം ത്രിഗുണം സ്വദൈർഘ്യാ-
ദ്വ്യാസം പരേഷു വിയുഗാംശമധശ്ശിരോധഃ
തത്പീഠികാവിതതിബന്ധമിതം ച പീഠ-
സന്ധൗ പ്രകല്പയതു മംഗലപാലികായാഃ. ൧൨

ബന്ധേ സ്വദൈർഘ്യസമം വ്യാസം പരേഷു ത്രിഗുണം — പീഠത്തുങ്കലും മുഖത്തിങ്കലും ഗളത്തിങ്കലും തൻെറ നീളത്തിൽ ഇരട്ടി വീതിയും, ശിരോധഃ അധഃ — ഗളത്തിൻെറ താഴെ, വിയുഗാംശം — മുക്കാൽ വീതിയും, തത് പീഠികാവിതതിബന്ധമിതം ച വ്യാസം പ്രകല്പയതു — പീഠസന്ധിയിൽ പീഠവിസ്താരത്തിൽ പാതി തത്സന്ധിയിലും വിസ്താരത്തെ കല്പിപ്പൂ.

ഘടികകളെ പറയുന്നു:—

ഊർദ്ധ്വാർദ്ധകർണ്ണപൃഥുബുധ്നഘടോത്തരാംഗ
മിഷ്ടോർദ്ധ്വപാതനതാ ഘടികാ ഘടിതേഷുവക്രൈഃ
അഥ വൃത്താംഗുലപ്രതതിഭിസ്സുഗളൈരഥോർദ്ധ്വേ
ത്പാലികാവളിതാംഘ്രിസനാഭിബന്ധാ. ൧൩

ഊർദ്ധ്വാർദ്ധേ കണ്ഠപൃഷ്ഠേ ബുധ്നാദ്യോത്തരാംഗ— പാതിക്ക് മുകളിൽ നാലൊന്നു നീളമായിട്ട് ഒരു കലശാകൃതിയെ ഉണ്ടാക്കിയാൽ അതിന്റെ മുകളിൽ, ദിക്ഷു ഊർദ്ധ്വാന്തഃ മ— നാലു ദിക്കുകളിലും നടുവിലും ആയി, വർണ്ണാംഗുലപ്രമിതിഭിഃ സുഗളൈഃ ഇഷുവക്ത്രൈഃ ഘടിതാ ഘടികാ – നാലുവിരൽ നീളത്തോടും ചുവട്ടിൽ പാതികൊണ്ടു വെള്ളറെയുള്ള ഗളത്തോടും കൂടിയിരിക്കുന്ന അഞ്ചു മുഖങ്ങളോടും കൂടി ഘടികകളുണ്ടാക്കൂ. അധോർദ്ധേ ന്യസ്തപാലികാവത് അംഘ്രിസന്ധിഖണ്ഡാ ഉദിതാ — കീഴെ പാതിയിൽ പീഠവും പീഠസന്ധിയും ഖണ്ഡവും ഈ മൂന്നും പാലികയ്ക്കു പറഞ്ഞതുപോലെയുമുണ്ടാക്കണം.

അബ്ധ്യംഗുലാത് സമധികേ സതി പാലികായാഃ
പീഠോച്ഛ്രയേ തു ഘടികാ ഘടിതാംഘ്രിഖണ്ഡാ
ത്രിദ്വ്യംഗുലോച്ഛ്രയനിജോച്ചസമപ്രതാനൌ
സ്യാതാമിനാംഗുലമിതഃ സകലോച്ഛ്രയോ വാ. ൧൮

പാലികായാഃ പീഠോച്ഛ്രയേ അബ്ധ്യംഗുലാത് സമധികേ സതി — പാലികയുടെ പീഠത്തിന്റെ ഉയരം നാലംഗുലത്തിൽ ഏറിയിരിക്കുമ്പോഴും ഘടികയിങ്കൽ ചേരുകയില്ല. ത്രിദ്വ്യംഗുലോച്ഛ്രയനിജോച്ചസമപ്രതാനൌ ഘടികാ ഘടിതാംഘ്രിഖണ്ഡാ — അവിടെ മൂന്നംഗുലംകൊണ്ടു പീഠത്തിന്റെ ഉയരവും രണ്ടംഗുലംകൊണ്ട് ഖണ്ഡിന്റെ ഉയരവും ഉയരത്തോളം പൊക്കവുമായിട്ട് പീഠത്തോടും ഖണ്ഡിനോടും കൂടീട്ടും ഘടികകൾ ഉണ്ടാക്കാം. സകലോച്ഛ്രയഃ ഇനാംഗുലമിതഃ വാ— ഘടികയ്ക്കു ചുവട്ടിൽ തുടങ്ങി മുഖത്തോളമുള്ള നീളം പന്ത്രണ്ട് അംഗുലമായിട്ടും ഉണ്ടാക്കുകിലുമാം.

ശരാവത്തെ പറയുന്നു:—

വ്യാസേന ദൈർഘ്യസമം ദശാംശഹീനം
വാഽന്യൈ തതോ ഗുണഭവാംശതതം ച പീഠം
കുര്യാച്ഛരാവമപകന്ധരപാലികാവ-
ദൂർദ്ധ്വാർദ്ധമന്യ ഘടികാവദധോർദ്ധകം. ൧൯

ആസ്യേ ദൈർഘ്യസമം ദശാംശഹീനം വാ വ്യാസേന — ശരാവത്തിന് പാതിക്കു മേൽ മുഖമുണ്ടാക്കുന്നതിനു

തന്റെ നീളത്തോളമെങ്കിലും നീളത്തിൽ മൂന്നൊന്നു കറച്ചിട്ട് എങ്കിലും മുഖത്തിങ്കലേ വിസ്താരത്തോടു കൂടി ഇരിപ്പൂ. പീഠം തതഃ ഉത്തവഹാംശത്രം ച-പീഠങ്ങൾ തന്റെ മുഖവീതിയിൽ മൂന്നൊന്നു വിസ്താരവുമുണ്ടായിരിപ്പൂ. അസ്യ ഊർദ്ധ്വാർദ്ധം അപാകന്ധരപാലികാവത് – ഈ ശരാവത്തിന്റെ മേൽപാതി കഴുത്തു മുറിച്ച് പാലികപോലെയും, ഘടികാവത് അധരാർദ്ധം- ചുവട്ടിലെ പാതി ഘടികയുടെ ചുവടു പോലെ പീഠഖണ്ഡ്യകളോടുകൂടീട്ടും, ശരാവം കുര്യാത് – ഇങ്ങനെ ശരാവത്തെയും ഉണ്ടാക്കണം.

പീഠാഗ്രകാർശ്യപരിശേഷിതമൂലകാർശ്യ-
വൃത്തിക്രിയാഭിരചനാ സകലേഷു കാര്യാ
സ്യുസ്താനി ലോഹരചിതാന്യഥ മാർത്തികാനി
പാത്രാണി വിഷ്ണുവിധിധൂർജടിദൈവതാനി. ൨൦

സകലേഷു പാത്രാണി – മൂന്നു വക പാത്രങ്ങളിലും, പീഠാഗ്രകാർശ്യപരിശേഷിതമൂലകാർശ്യവൃത്തിക്രിയാഭിരചനാ കാര്യാ- പീഠത്തിന്റെ മുകളിൽ വിസ്താരം കറഞ്ഞും ഖണ്ഡഗള സന്ധികൾ മുഖം ഈ നാലിലും ചുവട്ടിൽ വിസ്താരം കറഞ്ഞും വൃത്താകാരമായിട്ടും ചില രേഖകളോടുകൂടി ഉണ്ടാക്കണം. താനി ലോഹരചിതാനി അഥ മാർത്തികാനി വിഷ്ണുവിധിധൂർജടി ദൈവതാനി സ്യുഃ – ആ പാത്രപാലികാദികൾ ലോഹംകൊണ്ടു താൻ മണ്ണുകൊണ്ടു താൻ ഉണ്ടാക്കിപ്പൂ. പാലികയ്ക്കു വിഷ്ണുവും ഘടികയ്ക്കു ബ്രഹ്മാവും ശരാവത്തിന്നു പരമേശ്വരനും അധിദൈവതമാകയാൽ മുന്നാംകൂടി മുളയിടുന്നിടത്ത് അതാതു ദേവന്മാരെ പൂജിക്കയും വേണം.

ക്ഷേത്രേ ഷട്കൃതികോഷ്ഠകേ പരിചതുഷ്കേഷ്വന്തർഗതേ പാലികാ ന്യസ്യേദ് ദ്വാദശ ദിക്ഷ്വപി ബഹിഃ കോണത്രികോഷ്ഠേ .
[ഷ.ഥ
അഗ്ന്യാദ്യം ഘടികാഃ പരേഷ്വപി ശരാവാൻ പാലികാദിത്രയം പ്രാക്പ്രത്യങ്മുഖവീഥികാവിനിമയാദ്വാ വഹ്നികോഷ്ഠാദിതഃ.
[വ.ക

ഷട്കൃതികോഷ്ഠകേ ക്ഷേത്രേ – മുപ്പത്താറു പദങ്ങളോടുകൂടി സമചതുരശ്രമായിരിക്കുന്ന പദ്മത്തുങ്കൽ, അന്തർഗതേ പദചതുഷ്ടയേ ബഹിഃ ദിഗ്ഗതികേഷു അപി ദ്വാദശ പാലികാഃ – നടുവിലെ നാലു പദങ്ങളിലും പുറത്തെ വരിയിൽ നാലു ദിക്കുകളിൽ നടുവിലെ ഈരണ്ടു പദങ്ങളിലും ഇങ്ങനെ പന്ത്രണ്ടു പാലികകളെയും, അഥ അഗ്ന്യാദ്യം കോണത്രികോഷ്ഠേഷു ഘടികാഃ – അഗ്നികോണാദിയായിട്ടു നാലു കോണിലും മുമ്മൂന്നു പദങ്ങളിൽ ഘടികകളെയും, പദേഷു ശരാവാൻ അപി ന്യസ്യേത – ശേഷം നടുവിലെ വരിയിൽ പന്ത്രണ്ടു പദങ്ങളിലും ശരാവങ്ങളെയും വായ്പൂ. വഹ്നികോഷ്ഠാദിതഃ പ്രാക് പ്രത്യങ്മുഖവീഥികാവിനിമയാദ് വാ ന്യസ്യേത – എന്നിയേ തെക്കേ വരിയിൽ അഗ്നികോണിൽ തുടങ്ങിയും രണ്ടാംവരിയിൽ പടിഞ്ഞാറു തുടങ്ങി കിഴക്കോട്ടും ഈ രണ്ടു വരിയിലെ പദങ്ങളിൽ പാലികകളെയും പിന്നെ നടുവിലെ വരി രണ്ടിലും ഘടികകളെയും വടക്കെ അററത്തെ വരിയിൽ രണ്ടിലും ശരാവങ്ങളെയും ഇങ്ങനെയും മുപ്പത്താറു പദങ്ങളിൽ ന്യസിക്കാം.

തോരണാനി യുഗഹസ്തമിതാനി
ക്ഷ്മാർദ്ധഗമർദ്ധവിവൃതാനി ഭവന്തി
കേതവഃ സ്വരഗൃഹോത്തരദീർഘാഃ
സോപകർണ്ണസുവിചിത്രപതാകാഃ. ഖ. ഖ.

തോരണാനി ക്ഷ്മാർദ്ധഗം യുഗഹസ്തമിതാനി അർദ്ധവിവൃതാനി ഭവന്തി – മണ്ഡപസംസ്കാരത്തിങ്കലെ തോരണക്കട്ടിളകൾ ഭൂമിയിങ്കൽ മുകളിൽ നാലുകോൽ നീളവും രണ്ടു കോൽ വിസ്താരവുമായി ഭവിക്കുന്നു. കേതവഃ സ്വരഗൃഹോത്തരദീർഘാഃ – കൊടിമരങ്ങൾ പ്രാസാദത്തിന്റെ ഉത്തരത്തോളം നീളത്തോടുകൂടി അഗ്രം കളയാതെയും ഇരിക്കണം. സോപകർണ്ണസുവിചിത്രപതാകാഃ – അതാതു ദിക്പാലവർണ്ണത്തിലുള്ള പതാകകളും കൂടിയിരിക്കണം.

ദ്വാരോച്ഛ്രായത്രിഭാഗാംശശോഭാഢ്യം മൂലേ കൃശാഗ്രം ധ്വജം
ദ്വാരദ്വാദശകാഷ്ഠികം തിഥിഗുണം ക്ഷ്മാർദ്ധഗം തു വാഭ്യു-
[ച്ഛ്രിതം
ദ്വാരദ്വാദശകേ ത്രിപഞ്ചയുഗഷഡ്ദണ്ഡാഗ്രതഃ സ്ഥാപയേത്
പ്രാസാദാന്നിജവാഹഖണ്ഡസഹിതം മായൂരകാല്യഞ്ചലം. ഖ. ഥ.

2D

മൂലേ ദ്വാരോച്ഛ്രാബ്ധിരസാഷ്ടഗാംശബഹളം കൃശാഗ്രം – കൊടിമരത്തിന്റെ ചുവട്ടിൽ ഗർഭഗൃഹത്തിന്റെ ദ്വാരനീളത്തിൽ നാലിലൊന്നു താൻ ആറിലൊന്നു താൻ എട്ടിലൊന്നു താൻ വിസ്താരത്തോടുകൂടിയിരിക്കണം. തലയ്ക്കൽ ചുവട്ടിലേതിൽ അഷ്ടാംശം കുറഞ്ഞും വിസ്താരം വേണം. ക്ഷേത്രാർദ്ധാദ്വാ ദ്വാരദ്വാദശകാഷ്ടദിക്തിഥിഗുണം വാ അത്യുച്ഛ്രിതം – നിലത്തുനിന്നു മേല്പോട്ട് ദ്വാരനീളത്തിൽ പന്ത്രണ്ടും എട്ടും പത്തും പതിനഞ്ചും ഇരട്ടി പൊക്കമായിട്ടും കൊള്ളാം. പ്രാസാദാത് അഗ്രതഃ – പ്രാസാദത്തിങ്കൽ നിന്നു മുമ്പിലത്തെ, ദ്വാരദ്വാദശകേ ത്രിപാദയുഗഷഡ്ഭാഗേ – പന്ത്രണ്ടു ദ്വാരനീളം നീക്കിയും ഉത്തരഭാഗേ മൂന്നുതാൻ നാലുതാൻ അഞ്ചുതാൻ ആറുതാൻ നീക്കിയും, നിജവാഹഖണ്ഡസഹിതം മാസൂരകാദ്യുജ്ജ്വലം ധ്വജം സ്ഥാപയേത് – തന്റെ വാഹനത്തോടും മണിമാല കൊടിക്കൂറ ഇവയോടു കെട്ടിയ ഖണ്ഡിനോടും ചുവട്ടിൽ അധിഷ്ഠാനവേദിക ഇത്യാദിയോടും അഗ്രത്തിങ്കൽ കുടം ഖണ്ഡികാഖണ്ഡം ഇത്യാദി അലങ്കാരങ്ങളോടും കൂടി കൊടിമരത്തെ സ്ഥാപിക്കണം. ഇതു സമുച്ചയത്തിലില്ല; *ശില്പരത്നത്തിൽ കണ്ടതാകുന്നു.

അനന്തരം [illegible] പറയുന്നു:—

പ്രാഗഗ്രം സൂത്രമുർവ്യാമൃജുതരമഭികല്പ്യാസ്യ മൂലാഗ്രഗാഭ്യാം
സൂത്രാഭ്യാം മത്സ്യയുഗ്മം യമശശിഹരിതോഃ കല്പയിത്വാത്ര സൂത്രം
കൃത്വാ ലക്ഷ്യാങ്കയിത്വാ സമമിഹ വിഹിതൈഃ സൂത്രകൈഃ
[കോണമത്സ്യാൻ
കൃത്വാസ്മാല്ലക്ഷ്യേഷു സൂത്രം രചയതു ചതുരശ്രം പുരഃ ക്ഷേത്ര-
[ക്ഷേത്രപ്രൈഃ. വ. ൪

ക്ഷേത്രക്ഷേത്രപ്രൈഃ – സമചതുരശ്രമുണ്ടാക്കുവാൻ, പുരഃ ഉർവ്യാം ഋജുതരം സൂത്രം പ്രാഗഗ്രം അഭികല്പ്യ – മുമ്പിൽ തന്നെ ഭൂമിയിങ്കൽ കിഴക്കുപടിഞ്ഞാറായിട്ട് വളവുകൂടാതെ ചരട് പിടിച്ച് ഒരു രേഖയെ ഉണ്ടാക്കി, അസ്യ മൂലാഗ്രഗാഭ്യാം സൂത്രാഭ്യാം യമശശിഹരിതോഃ മത്സ്യയുഗ്മം കല്പയിത്വാ – ഈ രേഖയുടെ രണ്ടുതലയ്ക്കലുമോരോ ചട്ടവെച്ചു സൂത്രത്തിന്റെ മുക്കാലോളം വ്യാസാർദ്ധമായിട്ട് രണ്ടു വൃത്തം വീശിയാൽ വൃത്തങ്ങൾ രണ്ടും കൂടുന്നേടത്തു നടുവിൽ തെക്കുവടക്കായിട്ട് രണ്ടു മത്സ്യാകൃതി വരും. അത്ര സൂത്രം കൃത്വാ ലക്ഷ്യാങ്കയിത്വാ – അവിടെ തെക്കുവടക്കായിട്ട് ഒരു വര വരച്ച് ലക്ഷി

* ഈ ശ്ലോകം മുദ്രിതശില്പരത്നത്തിൽ പാഠഭേദത്തോടുകൂടി കാണുന്നു.

ണോത്തരരേഖയും വരുത്തി ദിക്കു നാലും അറിഞ്ഞ് അടയാളമിട്ട്, ഇവ സമം വിഹിതൈഃ സൂത്രകൈഃ കോണമത്സ്യാൻ കൃത്വാ - പികണ്ണ നാലുദിക്കിലും അടയാളമുണ്ടാക്കിയേടത്ത് ചരടുപിടിച്ച് തുല്യങ്ങളായി നാലു വൃത്തം വീശിയാൽ നാലുകോണിലും മത്സ്യരേഖകൾ വരുത്തി, ഏഷു സൂത്രം ആസ്ഫാല്യ ചതുരശ്രം ചെയ്യണം- ആ കോണമത്സ്യങ്ങളുടെ മുഖങ്ങൾ രണ്ടിലും തൊട്ട് നാലുരേഖകൾ വരച്ചു ചതുരശ്രത്തെ ഉണ്ടാക്കൂ. പക്ഷേ സർവ്വം ചതുരശ്രമുണ്ടാക്കുവാൻ ഇപ്രകാരം ചെയ്യണം.

ഭൂർമാത്രം പരിസൃത്യ തത്ര ചതുരശ്രം ക്ഷേത്രമക്ഷാംഗുലം
ഖാത്വാ തദ്വിഗുണേന്ദു ചാഥവാതഃ തന്മേഖലാഃ കല്പയേത്
മാർത്താണ്ഡാഹിയുഗാംഗുലോച്ഛ്രയമിതാഃ ഭൂത്യംഗുലവ്യാ- [സിനീ-
സ്തിസ്രോഽന്തഃ ക്രമതോ നിജാവടനിമ്നാ/ദ്യാ/പ്യുച്ഛ്രിതേ പരം. [പ. ഉ

തത്ര ചതുരശ്രം ക്ഷേത്രം ഭൂർമാത്രം പരിസൃത്യ - അവിടെ ചതുരശ്രമായിട്ട് കല്പിച്ച ക്ഷേത്രത്തെ ഒരുകോൽ നീളമായിട്ട് പുറവും വരച്ചാൽ, അക്ഷാംഗുലം വാ തദ്ദ്വിഗുണം വാ ഖാത്വാ - പന്ത്രണ്ട് അംഗുലമായിട്ട് എങ്കിലും അതിൽ ഇരട്ടിയായിട്ട് എങ്കിലും കഴിച്ച്, അവടതടേ അന്തഃ ക്രമതഃ- അതു കഴിച്ചതിന്റെ വകത്ത് അകത്തു തുടങ്ങി ക്രമേണ, മാർത്താണ്ഡാഹിയുഗാംഗുലോച്ഛ്രയമിതാഃ ഭൂത്യംഗുലവ്യാസിനീഃ തന്മേഖലാഃ കല്പയേത്- പന്ത്രണ്ടംഗുലം പൊക്കമായിട്ടും എട്ടംഗുലം പൊക്കമായിട്ടും നാലംഗുലം പൊക്കമായിട്ടും നന്നാലു വിരൽ വിസ്താരമായിട്ട് മൂന്ന് മേഖലകളെയുമുണ്ടാക്കൂ. ആദ്യാ നിജാവടനിമ്നാ പരേ അത്യുച്ഛ്രിതേ - അതിലാഴിലത്തെ മേഖല തന്റെ കുഴിപോലെ വേണം. പുറത്തെ മേഖലകൾ രണ്ടും ചതുരശ്രമായിത്തന്നെ ഇരുന്നാൽ മതി.

യോനിം പശ്ചിമമേഖലോപരി മിതാമക്ഷാംഗുലൈരുച്ഛ്രയാ-
ത്തത്ത്വാഃ സാർദ്ധയുഗാംഗുലൈരപി തലേനൈവാസ്യ വിസ്താരതഃ
അശ്വത്ഥാംഗുലനാളഗാം സസുഷിരാം സ്വാഗ്ര്യാന്തയോന്യാകൃതിം
കുര്യാത് കണ്ഠധരാം സപാർശ്വപരിവൃത്ത്യഗ്രപ്രകൢപ്താളിനാം. ഉന്ന

പശ്ചിമമേഖലോപരി മിതാം യോനിം കുര്യാത് - അ കുണ്ഡത്തിന്റെ പടിഞ്ഞാറെ, മേഖലയുടെ മുകളിൽ പൊക്കം വരുമാറു യോനി ഉണ്ടാക്കൂ. അക്ഷാംഗുലൈഃ ഉച്ഛ്രയായ

കേരള സാഹിത്യ
അക്കാദമി